O32:3M88w K1

KESARIYUTE MUKHAPRASANGANGAL

BALAKRISHNA PILLAI

O32:3M88w
K1

221880
032:3M88
K1

MUL
221880

KA
57/ ...mbakkam High Rd,
MADRAS-24.

# കേസരിയുടെ മുഖപ്രസംഗങ്ങൾ

330

NATIONAL BOOK STALL * BR. KOTTAYAM *
SPCS LTD.

(Malayalam)

# KESARIYUTE MUKHAPRASANGAMGAL

Selected Editorials of 'Kesari'

**By A. BALAKRISHNA PILLAI**

First Published 18th December 1961

Printed at
INDIA PRESS, KOTTAYAM

Price Rs. 2.50

Copyright
Mrs. Gouri Balakrishna Pillai

Publishers:
**Sahitya Pravarthaka Co-operative Society Ltd., Kottayam, Kerala State**

Sales Department:
NATIONAL BOOKSTALL
Kottayam Kerala State India

Published on the occasion of
the first death anniversary of
A. BALAKRISHNA PILLAI
Editor 'Kesari'

# കേസരിയുടെ
# മുഖപ്രസംഗങ്ങൾ

എ. ബാലകൃഷ്ണപിള്ള

UNIVERSITY LIBRARY
27 NOV 1984
MADRAS

പ്രസാധകന്മാർ
**സാഹിത്യപ്രവർത്തക സഹകരണസംഘം**

നാഷനൽ ബുക്ക്സ്റ്റാൾ
കോട്ടയം

വില ക. 2.50

Univ. Grants Commission

## ഏ. ബാലകൃഷ്ണപിള്ളയുടെ

## കൃതികൾ

| | | |
|---|---|---|
| കാമുകൻ | (തർജ്ജമ) | (നോവൽ) |
| കാർമെൻ | ,, | ,, |
| ഒരു സ്ത്രീയുടെ ജീവിതം | ,, | ,, |
| സാന്ധില്യ | | ,, |
| ഓമനകൾ | (തർജ്ജമ) | (നീണ്ടകഥ) |
| ആദം ഉർബാസ് | ,, | ,, |
| ഒമ്പതു ഫ്രഞ്ചുകഥകൾ | ,, | (കഥകൾ) |
| മോപ്പസാങ്ങിന്റെ കഥകൾ | ,, | ,, |
| എട്ടു പാശ്ചാത്യകഥകൾ | ,, | ,, |
| ആപ്പിൾപ്പൂമൊട്ട് | | ,, |
| നാലു ഹാസ്യകഥകൾ | | ,, |
| നവലോകം | | (പ്രബന്ധങ്ങൾ) |
| സാഹിത്യഗവേഷണമാല | | ,, |
| രൂപമഞ്ജരി | | (ലക്ഷണഗ്രന്ഥം) |
| നോവൽപ്രസ്ഥാനങ്ങൾ | | ,, |
| സാഹിത്യവിമർശനങ്ങൾ | | (നിരൂപണം) |
| സാങ്കേതികഗ്രന്ഥനിരൂപണങ്ങൾ | | ,, |
| കുറെക്കൂടി സാങ്കേതിക ഗ്രന്ഥനിരൂപണങ്ങൾ | | ,, |
| പ്രേതങ്ങൾ | (തർജ്ജമ) | (നാടകം) |
| പ്രാചീനകേരള ചരിത്രഗവേഷണം | | (ചരിത്രം) |
| ഹർഷവർദ്ധനൻ | | ,, |
| ഐതിഹ്യദീപിക | | |
| കേസരിയുടെ മുഖപ്രസംഗങ്ങൾ | | |

221880
032:3N88w
K1

S1282 B828 62/61-62 1-1500



കേസരി എ. ബാലകൃഷ്ണപിള്ള.

UNIVERSITY LIBRARY
27 NOV 1984



"കേസരി സദസ്സ്"

ഇരിക്കുന്നവർ:

തകഴി എൻ. എൻ. ഇളയത്, കേസരി, കെ. പി. ശങ്കരമേനോൻ.

നിൽക്കുന്നവർ:

കുട്ടനാട്ടു കെ. രാമകൃഷ്ണപിള്ള, കെ. എ. ദാമോദരമേനോൻ, അപ്പുക്കുട്ടമേനോൻ, എം. എൻ. ഗോവിന്ദൻ നായർ (കോട്ടയം)

(തിരുവനന്തപുരത്ത് പുളിമൂട്ട് ജംഗ്ഷന് പടിഞ്ഞാറുവശത്തു സ്ഥിതിചെയ്തിരുന്ന കേസരി ആഫീസിൽ വച്ച് 1934 ഫെബ്രുവരിയിൽ എടുത്ത ഫോട്ടോ.)

# പ്രസ്താവന

സമദൎശിപത്രാധിപത്യം രാജിവച്ചതിനുശേഷം ശ്രീ എ. ബാലകൃഷ്ണപിള്ള സ്വന്തമായി ഒരു പത്രം നടത്തണമെന്നുള്ള വാശിയോടുകൂടി മൂന്നര വൎഷം തിരുവിതാംകൂർ, മലയ മുതലായ സ്ഥലങ്ങളിൽ സഞ്ചരിച്ചു പണംപിരിച്ചും,—അതിനിടയിൽ പലവിധ കഷ്ടതകളും രോഗങ്ങളും സഹിച്ചും—സ്വന്തമായി ഒരു പ്രസ്സ് സ്ഥാപിച്ചു. അവിടെനിന്നു് ആയിരത്തിത്തൊള്ളായിരത്തിമുപ്പതു് ജൂൺ നാലാംതീയതി പ്രബോധകൻ എന്നൊരു പത്രം തുടങ്ങുകയും ചെയ്തു. മൂന്നുമാസം കഴിഞ്ഞപ്പോൾ തിരുവിതാംകൂർ ഗവൎമ്മെൻറു് അതിൻെറ ലൈസൻസ് റദ്ദുചെയ്തു. ഉടനെതന്നെ, വേറൊരാൾ വാങ്ങിവച്ചിരുന്ന ഒരു ലൈസൻസ് വിലയ്ക്കെടുത്തു് കേസരിപത്രം ആരംഭിച്ചു. അതു് ഒരുവിധത്തിൽ രണ്ടു വൎഷം നടത്തിയപ്പോഴേക്കും, അദ്ദേഹം സാമ്പത്തികമായി വളരെ വിഷമത്തിലായി.

കേസരിപത്രത്തോടു് ഉദ്യോഗസ്ഥന്മാൎക്കു ഭയമായിരുന്നു; ഗവൎമ്മെന്റിനെ ഭയന്നു് അവർ അതു വരുത്തിയിരുന്നുമില്ല. നിവൎത്തനപ്രക്ഷോഭണകാലത്തു്, നിവൎത്തകരെ സഹായിക്കുന്നു എന്ന കാരണത്താൽ മിക്ക നായന്മാരും അതു വരുത്താതെയായി. എങ്കിലും അദ്ദേഹം പത്രപ്രസിദ്ധീകരണം നിറുത്തിയില്ല. മലയായിൽ ജോലിയുണ്ടായിരുന്ന ഒരു സ്നേഹിതൻ ലീവിനു നാട്ടിൽ വന്നപ്പോൾ പ്രസ്സ് അദ്ദേഹത്തിനു് ഈടുവച്ചു് രണ്ടായിരം രൂപ വാങ്ങി പത്രം നടത്തിവന്നു. ഇതിനിടയിൽ അദ്ദേഹത്തെ നാടുകടത്തണമെന്നും, അറസ്റ്റുചെയ്യണമെന്നും മററുമുള്ള ബഹളങ്ങളും മുറയ്ക്കു നടന്നുവന്നിരുന്നു.

അദ്ദേഹത്തിൻെറ പേരിലായിരുന്നു പ്രസ്സ്. ആ പേരിലിരുന്നാൽ ഗവൎമ്മെൻറു കണ്ടുകെട്ടുമെന്നു ഭയന്നു് എൻെറ പേരിലേക്കു മാററാൻ വേണ്ടി, ഞങ്ങളൊന്നിച്ചു് തിരുവനന്തപുരത്തെ ഒരു ബ്രാഹ്മണനായ ഫസ്റ്റ്ക്ലാസ്സ് മജിസ്ട്രേട്ടിൻെറ വസതിയിൽ ചെന്നു. ഞാൻ ആദ്യമായിട്ടാണു് ഇത്തരം ആവശ്യത്തിനു് ഒരു ഉദ്യോഗസ്ഥൻെറ മുമ്പിൽ ചെല്ലുന്നതു്. ആ മാന്യനായ ഉദ്യോഗസ്ഥൻ ഞങ്ങളെ തൻെറ ആഫീസ്സുമുറിയിൽ ക്ഷണിച്ചിരുത്തി. അദ്ദേഹത്തിൻെറ മുമ്പിൽവച്ചു ഞങ്ങൾ ഒപ്പിടുകയും ചെയ്തു. അതിൽ പിന്നീടു്, പുളിമൂട്ടിൽനിന്നും വഞ്ചിയൂൎക്കു പോകുന്ന റോഡിൽ പ്രസ്സു മാററിസ്ഥാപിക്കേണ്ടതിലേക്കു്, അന്നത്തെ ഒരു നായരായ ഫസ്റ്റ്ക്ലാസ്സ് മജിസ്ട്രേട്ടിൻെറ ഭവനത്തിലും ഞങ്ങൾക്കു പോകേണ്ടിവന്നു. ആ മാന്യനാകട്ടേ, ഞങ്ങളെ വരാന്തയിൽത്തന്നെ നിറുത്തി ഒപ്പിട്ടുവാങ്ങുകയാണു ചെയ്തതു്. ആ രംഗം ഇന്നും എൻെറ മനസ്സിൽനിന്നും മാഞ്ഞിട്ടില്ല. ഇങ്ങനെ കുറിക്കാൻ തുടങ്ങിയാൽ ഒരു ഗ്രന്ഥംതന്നെ രൂപമെടുക്കും. അതിനുള്ള ആരോഗ്യവും തഴക്കവും എനിക്കു പോര.

സാമ്പത്തികവിഷമതകൾ വൎദ്ധിച്ചപ്പോൾ അദ്ദേഹത്തിനുതന്നെ പത്രത്തിൻെറ സകല ചുമതലകളും വഹിക്കേണ്ടിവന്നു; പകൽ മുഴുവൻ പത്രത്തിനു മാററർ തയ്യാറാക്കുന്ന ജോലിയും, രാത്രിയിൽ പ്രൂഫ് തിരുത്തുക മുതലായ ജോലികളും! ഇതിനിടയിൽ ആസ്ത്മയുടേയും പ്ളൂരസിയുടേയും ഉപദ്രവംനിമിത്തം കിടപ്പിലാവും. അപ്പോൾ രോഗശയ്യയിൽ കിടന്നുകൊണ്ടാണു് മാററർ ഒരുക്കുക. അക്കാലത്തു ഞങ്ങൾക്കു് ആഹാരത്തിനുപോലും വിഷമമായിരുന്നു. എന്നിരുന്നാലും, അദ്ദേഹം പത്രം മുറയ്ക്കു നടത്തിക്കൊണ്ടിരുന്നു. ഇങ്ങനെ പലവിധത്തിലുമുള്ള ദുരിതങ്ങൾ അനുഭവിച്ചു പത്രം നടത്തിവരവേ ആയിരത്തിത്തൊള്ളായിരത്തിമുപ്പത്തഞ്ചു ജൂൺ പത്തൊമ്പതാംതീയതി ഗവൎമ്മെൻറു് പുതുക്കി പുറത്തിറക്കിയ പത്രറഗുലേഷൻമൂലം കേസരി നിറുത്തേണ്ടിവന്നു. അതിനു ശേഷവും, മരണശയ്യയിൽ കിടക്കുമ്പോഴും, ഒപ്പിടുമ്പോൾ എഡിററർ കേസരി എന്ന പ്രയോഗം ഉപേക്ഷിച്ചിരുന്നില്ല; അത്രമാത്രം അതുമായി താദാത്മ്യം പ്രാപിച്ചുപോയിരുന്നു. പത്രം നടത്തിയവകയിൽ രണ്ടായിരത്തഞ്ഞൂറു രൂപ കടമുണ്ടായിരുന്നു. പ്രസ്സും സാമഗ്രികളും വിററതുകൊണ്ടും മതിയാകാഞ്ഞിട്ടു്, അദ്ദേഹം ചെറുപ്പംമുതൽ ഉപയോഗിച്ചിരുന്ന മേശ, കസേര, അലമാരി തുടങ്ങിയ വസ്തുക്കളും ഉപേക്ഷിക്കേണ്ടിവന്നു, അതു വീട്ടേണ്ടതിലേക്കു്.

ഇത്രയെല്ലാം കഷ്ടതകൾ അനുഭവിച്ചു നടത്തിയിരുന്ന പത്രത്തിലെ മുഖലേഖനങ്ങൾ ഒരു പുസ്തകരൂപത്തിലാക്കണമെന്നു് എനിക്കു് ആഗ്രഹമുണ്ടായിരുന്നു. ഞാൻ ഈ വിവരം കോട്ടയത്തെ സാഹിത്യപ്രവൎത്തക സഹകരണസംഘക്കാരെ അറിയിച്ചപ്പോൾ, അവർ സസന്തോഷം ആ ഭാരിച്ച ചുമതല കയ്യേററു. അങ്ങനെ അവർ കേസരിയുടെ മുഖലേഖനങ്ങൾ അച്ചടിക്കുകയും അതിൽ ഒരു പ്രസ്താവന എഴുതണമെന്നു് എന്നോടു് ആവശ്യപ്പെടുകയും ചെയ്തതിനാലാണു് ഞാൻ ഇത്രയും കുത്തിക്കുറിച്ചതു്. അവരോടു് എനിക്കുള്ള കൃതജ്ഞത പ്രകാശിപ്പിക്കാൻ വാക്കുകൾ കിട്ടുന്നില്ല. പ്രസ്തുത 'കേസരിയുടെ മുഖപ്രസംഗങ്ങൾ' പരേതനായ എൻെറ ഭൎത്താവിൻെറ പാവനസ്മരണയ്ക്കുമുമ്പിൽ സമൎപ്പിച്ചുകൊള്ളുന്നു.

മാടവനപ്പറമ്പു്, പറവൂർ
11—12—1961

മിസ്സിസ് ഗൌരി ബാലകൃഷ്ണപിള്ള

UNIVERSITY LIBRARY
27 NOV 1984
MADRAS

# മുഖവുര

ഏ. ബാലകൃഷ്ണപിള്ളയുടെ പത്രാധിപത്യത്തിലും കുളക്കുന്നത്തു് രാമൻമേനവൻെറ ഉടമസ്ഥതയിലും നടന്നിരുന്ന സമദശി പത്രമാണു് ദിവാൻ വാട്ട്സിൻെറ ഭരണകാലത്തെ കുപ്രസിദ്ധമായ പത്രമാരണനിയമത്തിനു വഴിതെളിച്ചതെന്നു പറയുന്നതിൽ തെററില്ല. സ്വദേശാഭിമാനി രാമകൃഷ്ണപിള്ളയെ നാടുകടത്തിയതൊഴിച്ചാൽ വാട്ട്സിൻെറ പത്രറഗുലേഷൻ നടപ്പിൽ വരുന്നതുവരെ തിരുവിതാംകൂറിൽ, മററേതൊരു സ്വതന്ത്രരാജ്യത്തിലുമെന്നപോലെ പത്രം നടത്തുവാനുള്ള പ്രാഥമിക പൗരാവകാശത്തിൽ, അധികാരസ്ഥാനങ്ങളിൽനിന്നു് യാതൊരു കൈകടത്തലുമുണ്ടായിരുന്നിട്ടില്ല. രാമകൃഷ്ണപിള്ളയെ നാടുകടത്തിയതുപോലും വ്യക്തിസ്വാതന്ത്ര്യത്തിന്റെ ഭീകരമായ ഒരു ലംഘനമെന്ന നിലയിലല്ലാതെ ഒരു നിയമം പ്രഖ്യാപനം ചെയ്തു് രാജ്യത്തെ പൗരസഞ്ചയത്തിന്റെ പ്രാഥമികമായ അവകാശങ്ങളെ ആകമാനം ശ്വാസം മുട്ടിക്കുന്നതിനുതുല്യം ആക്ഷേപാർഹമായിരുന്നില്ല. ഏതൊരു പത്രപ്രവർത്തകനോടും അഞ്ഞൂറുരൂപയിൽ കവിയാത്ത ഒരു തുക കെട്ടിവച്ചു് മദ്യഷാപ്പുടമസ്ഥന്മാരെപ്പോലെ ലൈസൻസ് എടുക്കണമെന്നാവശ്യപ്പെടുന്നതിനും ഏതൊരവസരത്തിലും കോടതിമുഖേനയുള്ള യാതൊരു വിചാരണയുംകൂടാതെ എക്സിക്യൂട്ടീവിൻെറ സ്വേച്ഛാധികാരമുപയോഗിച്ചു് ആ തുക കണ്ടുകെട്ടുന്നതിനുമുള്ള അധികാരം ഈ നിയമംമൂലം ഗവൺമെൻറിനു സിദ്ധിച്ചു.

## സമദർശി

ബാലകൃഷ്ണപിള്ളയുടെ സമദർശിപ്പത്രത്തിലെ രൂക്ഷവും പലപ്പോഴും അധികാരസ്ഥാനങ്ങളെ വേദനിപ്പിക്കുന്നതുമായിരുന്ന നിശിതവിമർശനങ്ങളും തൽഫലമായി ആ പത്രത്തിനു് രാജ്യമൊട്ടുക്കു ലഭിച്ച അനിതരസാധാരണമായ പ്രചാരവും രാജസേവകന്മാരേയും അഴിമതിക്കാരായ ഉദ്യോഗസ്ഥവൃന്ദങ്ങളേയും ഒന്നുപോലെ സംഭ്രാന്തചിത്തരാക്കിത്തീർത്തതിൽ ആശ്ചര്യപ്പെടുവാനൊന്നുമില്ലല്ലോ.

തിരുവനന്തപുരത്തെ പൊതുകാര്യജീവിതത്തിൽ വ്യക്തിപരമായ മാത്സര്യങ്ങളും തത്വപരമായ അഭിപ്രായഭിന്നതകളുംകൊണ്ടു വിഘടിച്ചുനിന്നു് ജനകീയതാല്പര്യങ്ങളെസംബന്ധിച്ചിടത്തോളം വിഭിന്ന ശബ്ദങ്ങൾ പുറപ്പെടുവിച്ചുകൊണ്ടിരുന്ന ചങ്ങനാശ്ശേരി പരമേശ്വരൻപിള്ള, മള്ളൂർ ഗോവിന്ദപ്പിള്ള, പി. കെ. നാരായണപിള്ള, ടി. കെ. വേലുപ്പിള്ള തുടങ്ങിയ മഹാരഥന്മാരെ തൻെറ ധാർമ്മികശക്തികൊണ്ടു സംയോജിപ്പിച്ചു് ഒരു മഹായോഗം വിളിച്ചുകൂട്ടി പത്രമാരണനിയമത്തിനെതിരായി ഏകകണ്ഠമായ പ്രതിഷേധം രേഖപ്പെടുത്തിക്കുവാൻ ഈ ഘട്ടത്തിൽ മി. ബാലകൃഷ്ണപിള്ളയ്ക്കു കഴിഞ്ഞു. അന്നു് മി. മള്ളൂർ ഗോവിന്ദപ്പിള്ള ചെയ്ത പ്രക്ഷോഭജനകമായ പ്രസംഗത്തിൻെറ ഉയർന്നുപൊങ്ങിയ

അലകൾ അധികാരസ്ഥാനങ്ങളിൽ ആഞ്ഞടിച്ചതിൻെറ ഫലമായിട്ടാണ് ഉദ്യോഗസ്ഥന്മാർ മാത്രമല്ല ഗവൺമെൻറിൽനിന്നു് എന്തെങ്കിലും വേതനം പററുന്നവർപോലും രാഷ്ട്രീയപ്രക്ഷോഭണങ്ങളിൽ പങ്കെടുക്കവാൻ പാടില്ലെന്നു് ഒരു നിരോധനാജ്ഞ പുറപ്പെട്ടതു്. മി. മള്ളൂർ അന്നു് ഒരു ലാക്കാളേജ് ലക്ചററായിരുന്നു.

ഇതിനുശേഷം ഭാരിച്ച സംഖ്യകൾ മുടക്കി ലാഭോദ്ദേശത്തോടുകൂടി പത്രവ്യവസായം നടത്തുന്നവരെ ബിമ്മിഷ്ടപ്പെടുത്തുന്നതും നഷ്ടപ്പെടുത്തുന്നതും അനുചിതമായിരിക്കുമെന്നു കരുതി ബാലകൃഷ്ണപിള്ള സമദർശിയുടെ പത്രാധിപത്യം ഒഴിഞ്ഞിറങ്ങിപ്പോന്നു. സമദർശിയുടെ പത്രാധിപത്യമൊഴിയുമ്പോൾ ബാലകൃഷ്ണപിള്ള അത്യുഗ്രമായ രണ്ടു പ്രതിജ്ഞകളെടുത്തിരുന്നു. അവയിലൊന്നു നിത്യദാരിദ്ര്യത്തിനും ഒഴിയാത്ത കഷ്ടപ്പാടുകൾക്കും മാൎഗ്ഗം തുറക്കുന്ന പത്രപ്രവൎത്തനമല്ലാതെ മറെറാരു തൊഴിലും ബാക്കിജീവിതത്തിൽ സ്വീകരിക്കയില്ലെന്നുള്ളതായിരുന്നു. രണ്ടാമത്തേതു് സ്വന്തമുടമസ്ഥതയിലും തൻെറ പൂൎണ്ണമായ നിയന്ത്രണത്തിലും ഉള്ള ഒരു പത്രത്തിൻെറ പത്രാധിപത്യം മാത്രമല്ലാതെ അന്യ പത്രങ്ങളുടെ ആധിപത്യം ഒരിക്കലും ജീവിതത്തിൽ സ്വീകരിക്കയില്ലെന്നുള്ളതായിരുന്നു. ഈ രണ്ടു പ്രതിജ്ഞകളും ജീവാവസാനംവരെ നിറവേറ്റുവാനും അദ്ദേഹത്തിനു കഴിഞ്ഞു. എന്നാൽ അതിലേയ്ക്കുവേണ്ടി അദ്ദേഹത്തിനനുഭവിക്കേണ്ടിവന്നിട്ടുള്ള ഘോരമായ യാതനകളുടേയും ദാരിദ്ര്യത്തിൻേറയും രോഗത്തിൻേറയും തീവ്രമായ മററു കഷ്ടപ്പാടുകളുടേയും നീണ്ട ചരിത്രം ലോകം ഇനിയും അറിയേണ്ടതായിട്ടാണിരിപ്പു്.

## പ്രബോധകൻ

പ്രതീക്ഷിച്ചതുപോലെതന്നെ അല്പകാലത്തിനുള്ളിൽ മി. ബാലകൃഷ്ണപിള്ളയുടെ ഉടമസ്ഥതയിലും പത്രാധിപത്യത്തിലും പ്രബോധകൻ എന്നപേരിൽ ഒരു സ്വതന്ത്രവാരിക പുറത്തുവന്നു: പത്രനിയമമനുശാസിക്കുന്ന ഏററവും വൻപിച്ച തുകതന്നെ അദ്ദേഹത്തിനു ലൈസൻസ്ഫീസായി കൊടുക്കേണ്ടിവന്നു എങ്കിലും ധനനഷ്ടമോ വ്യാവസായിക താല്പൎയ്യങ്ങളോ പരിഗണിക്കാതെയും പുതിയ നിയമഖഡ്ഗത്തിൻെറ ഭീകരത വിഗണിച്ചും അദ്ദേഹം തൻെറ രൂക്ഷവും കൎക്കശവുമായ വിമൎശനങ്ങൾ തുടരുകയാണുണ്ടായതു്. പ്രബോധകൻെറ പഴയ പ്രതികൾ മിക്കവയും നഷ്ടപ്പെട്ടുപോയി എങ്കിലും ആ വാരികയിൽ അദ്ദേഹം അനുകരിച്ച വിമൎശനരീതിയുടെ മാതൃക പ്രദൎശിപ്പിക്കുവാൻ ഒരു ലേഖനം ഈ മുഖപ്രസംഗസമുച്ചയത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ടു്. അതു യാതൊരു നിയമനിയന്ത്രണവുമില്ലാത്ത പത്രസ്വാതന്ത്ര്യമനുഭവിക്കുന്ന ഇന്നത്തെ പത്രാധിപന്മാൎക്കും കൗതുകകരമായിരിക്കുമെന്നു തീൎച്ചയാണു്. എന്നാൽ പത്രസ്വാതന്ത്ര്യത്തിൻെറ കടയ്ക്കൽ കത്തിവയ്ക്കുവാൻ കണ്ണിലെണ്ണയുമൊഴിച്ചു കാത്തിരുന്ന ഒരു ഗവൺമെൻറിനു ബാലകൃഷ്ണപിള്ളയെ നിശ്ശബ്ദനാക്കുവാൻ ഒരു വിഷമവുമുണ്ടായിരുന്നില്ല. കഷ്ടിച്ചു മൂന്നുമാസങ്ങൾക്കുള്ളിൽ പ്രബോധകൻെറ ലൈസൻസ് ഗവൺമെൻറു് റദ്ദുചെയ്തു.

**കേസരി**

ലൈസൻസ് റദ്ദുചെയ്തുകൊണ്ടുള്ള ഈ നടപടി ബാലകൃഷ്ണപിള്ളയെ നിസ്സഹായനാക്കുമെന്നു പ്രതീക്ഷിച്ചിരുന്ന അധികാരിവർഗ്ഗങ്ങളെ അത്ഭുതപരതന്ത്രരാക്കുമാറ് അടുത്ത ആഴ്ചയിൽ അതേദിവസം രൂപത്തിലും കെട്ടിലും മട്ടിലും പ്രബോധകനിൽനിന്നു യാതൊരു വ്യത്യാസവും കൂടാതെ അദ്ദേഹത്തിൻെറ പത്രാധിപത്യത്തിൽതന്നെ 'കേസരി' എന്ന പേരിൽ മറെറാരു വാരിക പുറത്തുവന്നു. ബ്രിട്ടീഷ് ഗവർമ്മെന്റ് നാട്ടുഭാഷാപത്രങ്ങളെ നിയന്ത്രിക്കുവാൻ കർക്കശമായ ഒരു നിയമം നിർമ്മിച്ച് അമൃതബസാർപത്രിക എന്ന ദിനപ്പത്രത്തിന്റെ പ്രസിദ്ധീകരണം നിലപ്പിക്കുവാൻ നടപടികൾ സ്വീകരിച്ചപ്പോൾ അതിൻെറ പത്രാധിപരായിരുന്ന യശഃശരീരനായ മോട്ടിലാൽ ഘോഷ് അടുത്ത പ്രഭാതത്തിൽ അമൃതബസാർപത്രിക ഒരു ഇംഗ്ലീഷ് ദിനപ്പത്രമായി പ്രസിദ്ധപ്പെടുത്തിയ ചരിത്രം സുവിദിതമാണ്. ബാലകൃഷ്ണപിള്ളയുടെ സംരംഭം ഈ സംഭവമാണ് ജനങ്ങളുടെ സ്മരണയിലുണർത്തിയത്. പത്രമർദ്ദനനിയമം നിർമ്മിച്ച ഗവമ്മെൻറിൻെറ നിയമോപദേഷ്ടാക്കൾക്ക് ആ നിയമത്തെ മറികടക്കുവാൻ അതിൽത്തന്നെ ഉണ്ടായിരുന്ന എല്ലാ സുഷിരങ്ങളും അടയ്ക്കുവാൻ കഴിഞ്ഞിരുന്നില്ല. ഏതെങ്കിലും വാരികയുടെ ലൈസൻസിൻെറ ഉടമസ്ഥാവകാശമുള്ളവരുടെ പക്കൽനിന്ന് അതു വിലയ്ക്കു വാങ്ങി സ്വന്തമുടമസ്ഥതയിൽ നടത്തുവാൻ ആർക്കും നിയമപരമായ പ്രതിബന്ധമുണ്ടായിരുന്നില്ല. അതാണ് ബാലകൃഷ്ണപിള്ള ചെയ്തത്. 1935 വരെ കേസരി തുടർന്നു നടത്തിക്കൊണ്ടുപോകുവാൻ അദ്ദേഹത്തിനു കഴിഞ്ഞു. 1935-ൽ വീണ്ടും പത്രനിയമം പുതുക്കി ഗവമ്മെന്റ് അദ്ദേഹത്തിൻെറ പക്ഷങ്ങൾ മുറിച്ചുകളഞ്ഞു. പത്രലൈസൻസുകളുടെ കൈമാററം പുതിയ ഭേദഗതിമൂലം ഗവമ്മെൻറ് നിരോധിക്കയുണ്ടായി.

ഇതുകൊണ്ടും പരാജയം സമ്മതിക്കുവാൻ ബാലകൃഷ്ണപിള്ള തയാറായിരുന്നില്ല. പുതിയ നിയമമനുസരിച്ച് പത്രത്തിൻെറ ലൈസൻസ് ഫീസ് 1000 രൂപയായി ഗവമ്മെൻറ് വദ്ധിപ്പിച്ചു. പോരെങ്കിൽ അന്നു പണംകൊടുത്തു പത്രം വാങ്ങി വായിക്കുന്നവരുടെ സംഖ്യ പരിമിതമായിരുന്നതുകൊണ്ടും പത്രം വാങ്ങുന്നവരിൽതന്നെ യഥാകാലം പണം കൊടുക്കുന്നവരധികമില്ലാതിരുന്നതുകൊണ്ടും പരസ്യവരുമാനം നിശ്ശേഷം കുറവായിരുന്നതുകൊണ്ടും കേസരി നഷ്ടത്തിലാണു നടന്നിരുന്നത്. അതുകൊണ്ട് കുമിഞ്ഞുകൂടിയിരുന്ന കടങ്ങൾ വീട്ടുവാനും പുതിയൊരു പത്രമാരംഭിക്കുന്നതിനുമാവശ്യമായ പണം അനുഭാവമുള്ള പൊതുജനങ്ങളിൽനിന്നു പിരിച്ചെടുക്കുവാനദ്ദേഹം നിശ്ചയിക്കയും അതിലേക്ക് അദ്ദേഹത്തിൻെറ മിത്രങ്ങളുടെ ക്ഷണം സ്വീകരിച്ച് മലയാ, സിംഗപ്പൂർ മുതലായ സ്ഥലങ്ങളിൽ ഒരു പര്യടനം നടത്തുകയും ചെയ്തു. വിദേശങ്ങളിൽ താമസിക്കുന്ന ഈ മലയാളികൾ ഉദാരമായ സംഭാവനകൾ നൽകി അദ്ദേഹത്തെ സഹായിച്ചു എങ്കിലും ഉടനടി ആവശ്യമുള്ള പണം മുഴുവൻ ലഭിക്കയുണ്ടായില്ല. കൂടുതൽ പണമുണ്ടാക്കുവാൻ അദ്ദേഹം യാതൊരു ശ്രമങ്ങളും നടത്തിയതുമില്ല.

## തിരോധാനം

അനന്തരകാലങ്ങളിൽ പ്രത്യക്ഷപ്പെട്ട രാഷ്ട്രീയമായ ഉൽബുദ്ധതയോ സ്വാതന്ത്ര്യകാംക്ഷയോ സേവനപാരമ്പര്യങ്ങളോ ത്യാഗസന്നദ്ധതയുമുള്ള നേതാക്കന്മാരോ അന്നു തിരുവിതാംകൂറിലുണ്ടായിരുന്നില്ല. ഗവമ്മെന്റിന്റെ മർദ്ദനനയങ്ങളെ എതൃക്കുവാനും വേണ്ടിവന്നാൽ ഗവമ്മെൻറിനോട്ട് ഏററുമുട്ടുവാനും വേണ്ട സംഘടിതശക്തിയുള്ള രാഷ്ട്രീയപാർട്ടികളും അന്നുണ്ടായിരുന്നില്ല. വ്യക്തിമത്സരങ്ങളും വർഗ്ഗീയഭിന്നതകളും കൊണ്ടു കലുഷപ്പെട്ട അന്നത്തെ അന്തരീക്ഷത്തിൽ ദേശീയകാര്യങ്ങൾക്കോ സ്വാതന്ത്ര്യത്തിനും ഉത്തരവാദഭരണത്തിനുംവേണ്ടി നിലകൊണ്ടിരുന്ന പത്രങ്ങൾക്കോ വ്യക്തികൾക്കോ യാതൊരു സ്ഥാനവുമില്ലെന്നുള്ള നില വന്നുചേർന്നിരുന്നു. ദേശീയപ്രബുദ്ധതയും സംഘടിതശക്തിയുമുള്ള ജനകീയകക്ഷികളുടെ അഭാവത്തിൽ ഒരു വ്യക്തിക്കോ വാരികക്കോ വലരെയൊന്നും ചെയ്യുവാൻ കഴിയുകയില്ലെന്നും അതുകൊണ്ടു പൊതുജനങ്ങളിൽനിന്നു പണം പിരിച്ചെടുത്തു് അന്നത്തെ പരിതസ്ഥിതിയിൽ ഫലശൂന്യമായ ഒരു സംരംഭത്തിനു ദുർവ്യയം ചെയ്യുന്നതു് അധാർമ്മികമായിരിക്കുമെന്നും ഉള്ള ഒരു നിഗമനത്തിലാണദ്ദേഹമെത്തിച്ചേർന്നതു്. ബാലകൃഷ്ണപിള്ള പണ്ഡിതനായ ഒരു ചിന്തകനെന്നനിലയിലല്ലാതെ ഒരു രാഷ്ട്രീയപ്രവർത്തകനെന്നനിലയിൽ ഒരിക്കലും പ്രശ്നങ്ങളെ സമീപിച്ചിട്ടില്ല. ഒരു രാഷ്ട്രീയപ്രവർത്തകനത്യന്താപേക്ഷിതമായ സംഘടനാനിർമ്മാണപാടവമോ വാഗ്മിതയോ ജനകീയസമ്പർക്കമോ അദ്ദേഹത്തിനുണ്ടായിരുന്നില്ല. അദ്ദേഹത്തിന്റെ ഏറ്റവും മൂർച്ചയേറിയ ആയുധം തൂലികയായിരുന്നു. അതിന്റെ പ്രയോഗസാദ്ധ്യതകളവസാനിപ്പിക്കയാണെങ്കിൽ ബാലകൃഷ്ണപിള്ളയെ നിശ്ശബ്ദനാക്കാൻ കഴിയുമെന്നധികാരികൾക്കറിയാമായിരുന്നു. അവരതു ഫലപ്രദമായി നിർവ്വഹിക്കയും ചെയ്തു. പത്രമാഫീസ് വിട്ടിറങ്ങി ഒരു വിപ്ലവകാരിയായ രാഷ്ട്രീയപ്രവർത്തകനെപ്പോലെ രാജ്യമൊട്ടുക്കു് ഒരു കൊടുങ്കാററിളക്കിവിടുവാനുള്ള കഴിവദ്ദേഹത്തിനുണ്ടായിരുന്നു എങ്കിൽ തിരുവിതാംകൂറിന്റെ ചരിത്രം വ്യത്യസ്തമായിരുന്നേനേ. പ്രകൃത്യാ ലജ്ജാശീലനും മിതഭാഷിയും സംഭാഷണവിരസനും ജനസമൂഹങ്ങളെ നേരിടുവാൻ അശക്തനും നിത്യരോഗിയും ആയിരുന്ന അദ്ദേഹത്തിനു് അതു സാധ്യമല്ലെന്നു സ്വന്തപരിമിതികളെപ്പററി നല്ല വണ്ണമറിയാമായിരുന്ന ബാലകൃഷ്ണപിള്ള മനസ്സിലാക്കുകയും തൽഫലമായി രാഷ്ട്രീയകാര്യങ്ങളിൽനിന്നു് എന്നേയ്ക്കുമായി വിരമിക്കുവാൻ അദ്ദേഹം നിശ്ചയിക്കയും ചെയ്തു.

ഏതെങ്കിലും ഒരു നിശ്ചയത്തിൽനിന്നദ്ദേഹത്തെ അണുമാത്രമെങ്കിലും ചലിപ്പിക്കുവാൻ ലോകത്തിലെ ഒരു ശക്തിക്കും സാദ്ധ്യമായിരുന്നില്ല. ബാലകൃഷ്ണപിള്ള എന്നേയ്ക്കുമായി പത്രപ്രവർത്തനം അവസാനിപ്പിക്കയും രാഷ്ട്രീയകാര്യങ്ങളിൽനിന്നു പിൻവലിയുകയും ചെയ്തു. മലയാ, സിംഗപ്പൂർ മുതലായ സ്ഥലങ്ങളിൽനിന്നു് അദ്ദേഹം പരിച്ചെടുത്തു ബാങ്കിൽ നിക്ഷേപിച്ചിരുന്ന പണത്തിന്റെ അവസാന ദംപിടിവരെ ദാതാക്കൾക്കു നന്ദിപൂർവ്വം തിരിച്ചയച്ചുകൊടുത്തു. ഒരു നിത്യവൈരാഗിയെ

പ്പോലെ ജീവിതസഖാക്കളായി വരിച്ചിരുന്ന ദാരിദ്ര്യം, രോഗം എന്നിവയുടെ അകമ്പടിയോടുകൂടി അദ്ദേഹം പൊതുക്കാര്യജീവിതത്തിൽനിന്നു തിരോധാനം ചെയ്തു.

## ലേഖനങ്ങൾ

കേസരി കേവലം ഒരു രാഷ്ട്രീയവാരികമാത്രമായിരുന്നില്ല. പൗരജീവിതത്തിന്റെ നാനാമുഖമായ വശങ്ങളെ സ്പർശിക്കുന്ന എല്ലാ വിഷയങ്ങളെപ്പററിയും പ്രതിവാരം കേസരി പ്രതിപാദിച്ചിരുന്നതു കൂടാതെ കല, സാഹിത്യം, സംസ്കാരം എന്നിവയെപ്പററി ചർച്ചചെയ്യുന്നതിനും നൂതനമായ ആശയങ്ങളും ചിന്താഗതികളും പ്രതിഫലിപ്പിക്കുന്നതിനും ധാരാളം പംക്തികൾ നീക്കിവച്ചിരുന്നു. ഇംഗ്ലീഷ്സാഹിത്യവും സാഹിത്യകാരന്മാരുമല്ലാതെ വിശ്വവിഖ്യാതരായ നിരവധി കലാകാരന്മാരും ഗ്രന്ഥകർത്താക്കളും ലോകത്തിലുണ്ടെന്നു മലയാളവായനക്കാരെ മനസ്സിലാക്കിയതു ബാലകൃഷ്ണപിള്ളയാണ്. ഇബ്സനും മാപ്പസാങ്ങും സ്റ്റെന്റലും സോളയും ബെൽസാക്കും ഫ്ളാബർട്ടും മലയാളികൾക്കു പരിചയപ്പെട്ടതു് കേസരിയുടെ പുറങ്ങൾവഴിയാണ്. ഒരു വഴിത്തിരിവിലെത്തി അങ്ങുമിങ്ങും തിരിയുവാനുള്ള ഗതിവേഗത നശിച്ച് ഒരു നിശ്ചലജലാശയംപോലെ കെട്ടിക്കിടന്നു ദുഷിച്ചിരുന്ന മലയാളസാഹിത്യത്തിനു മുന്നോട്ടു നീങ്ങുവാൻ നൂതനമായ ഒരു മാർഗ്ഗം വെട്ടിത്തുറന്നുകൊടുത്തതു് ബാലകൃഷ്ണപിള്ളയും അദ്ദേഹത്തിന്റെ കേസരി പത്രവുമായിരുന്നു. കേസരിയിലെ ഗ്രന്ഥനിരൂപണങ്ങൾ ചരിത്രം സൃഷ്ടിച്ചിട്ടുണ്ട്.

നിർഭാഗ്യവശാൽ കേസരിയുടെ പഴയ ലക്കങ്ങൾ മിക്കവയും നഷ്ടപ്പെട്ടുപോയിരിക്കുന്നു. അന്വേഷണത്തിൽ ലഭിച്ച പതിപ്പുകളിൽനിന്നു തിരഞ്ഞെടുത്ത ഏതാനും മുഖപ്രസംഗങ്ങൾ മാത്രമാണ് ഈ ഗ്രന്ഥത്തിലുൾപ്പെടുത്തിയിട്ടുള്ളതു്. അവ പൂർണ്ണമോ, ബാലകൃഷ്ണപിള്ളയുടെ മുഖപ്രസംഗമെഴുത്തിന്റെ വിശിഷ്ട മാതൃകകളോ അല്ല. അദ്ദേഹമെഴുതിയിട്ടുള്ള പ്രക്ഷോഭജനകങ്ങളായിരുന്ന പല മുഖപ്രസംഗങ്ങളും കണ്ടുകിട്ടിയിട്ടില്ല. അന്നത്തെ തലമുറയിൽപ്പെട്ട കേസരിവായനക്കാരിൽ ഇന്നു ജീവിച്ചിരിക്കുന്നവർക്കു തിരിഞ്ഞുനോക്കിയാൽ ആവേശപൂർവ്വം സ്മരിക്കുവാൻ കഴിയുന്ന പല ലേഖനങ്ങളും കണ്ടുകിട്ടാതെ പോയിട്ടുണ്ട്. അവയേതെങ്കിലും കൈവശമുള്ളവർ അയച്ചുതരികയാണെങ്കിൽ മററൊരു പ്രസിദ്ധീകരണത്തിലുൾപ്പെടുത്താവുന്നതേയുള്ളു. അതുപോലെതന്നെ ചെറുകഥകൾ, ഗ്രന്ഥനിരൂപണങ്ങൾ, വിജ്ഞാനപ്രദമായ ലേഖനങ്ങൾ ഇവയൊക്കെ സമാഹരിച്ചു പ്രസിദ്ധപ്പെടുത്തുന്നതും മലയാളസാഹിത്യത്തിനു മുതൽക്കൂട്ടായിരിക്കുന്നതാണ്.

## മുഖപ്രസംഗങ്ങൾ


സാഹിത്യവിഷയങ്ങൾ കൂടാതെ, ഈ പ്രസിദ്ധീകരണത്തിലുൾപ്പെടുത്തിയിട്ടുള്ള മുഖപ്രസംഗങ്ങൾ മിക്കവയും ബാലകൃഷ്ണപിള്ള അതാതു കാലങ്ങളിൽ തിരുവിതാംകൂറിലെ രാഷ്ട്രീയമായ സംഭവവികാസ

ങ്ങളെ അടിസ്ഥാനമാക്കി എഴുതിയിട്ടുള്ളവയാണ്. കൈവശമുള്ള ലേഖനങ്ങൾ അനുക്രമമായി അടുക്കി അന്നത്തെ രാഷ്ട്രീയപശ്ചാത്തലത്തിന്റെ ഒരേകദേശരൂപം വായനക്കാർക്ക് നൽകുവാൻ വിഫലമായിട്ടാണെങ്കിലും ഒരു ശ്രമം ഈ ഗ്രന്ഥനിർമ്മാണത്തിൽ നടത്തിയിട്ടുണ്ട്. ദിവാൻ വി. എസ്സ്. സുബ്രഹ്മണ്യയ്യരുടെ ഭരണകാലം മുതൽ സർ ഹബിബുള്ളയുടെ കാലം വരെയുള്ള സംഭവങ്ങളാണ് ഈ ലേഖനങ്ങളിൽ പ്രതിഫലിക്കുന്നത്. ശ്രീ ജവഹർലാൽ നെഹ്രുവിന്റെ തിരുവിതാംകൂർ സന്ദർശനം, റീജൻസിഭരണകാലം, ശ്രീചിത്തിരതിരുനാൾ മഹാരാജാവിന്റെ മൂപ്പേൽപ്പ്, സർ സി. പി. യുടെ ഉപദേഷ്ടാവായുള്ള നിയമനം, തിരുവനന്തപുരത്തെ പ്രതിഷേധം, മഹാരാജാവിന്റെ ലണ്ടൻസന്ദർശനം, സുപ്രസിദ്ധമായ നിവർത്തനപ്രക്ഷോഭണം, ഹബിബുള്ളയുടെ നിയമനം എന്നിങ്ങനെ തുടർച്ചയായുള്ള ഒട്ടനവധി സംഭവങ്ങളെ ഈ മുഖപ്രസംഗങ്ങളിൽ വിമർശിച്ചിട്ടുണ്ട്. മഹാരാജാ തിരുമനസ്സുകൊണ്ട് എന്നല്ലാതെ മഹാരാജാവ് എന്ന ഏകപദം മാത്രമായി ഉച്ചരിക്കുന്നതുപോലും രാജദ്രോഹമായി പരിഗണിച്ചിരുന്ന ഒരു കാലഘട്ടത്തിൽ ബാലകൃഷ്ണപിള്ള മഹാരാജാവിന്റെ പ്രവർത്തനങ്ങളേയും പ്രഖ്യാപനങ്ങളേയും പ്രസംഗങ്ങളേയും പററി ചെയ്തിട്ടുള്ള നിശിതവിമർശനങ്ങളുടെ പ്രക്ഷോഭജനകമായ സ്വഭാവം ഇന്നത്തെ തലമുറയിലുള്ള ജനങ്ങൾക്ക് സങ്കല്പിക്കുവാൻപോലും സാധ്യമായിരിക്കയില്ല. രാജഭക്തി ഒരു കലയും വ്യവസായവുമായി രൂപാന്തരപ്പെടുത്തി ഒട്ടനവധി രാജഭക്തന്മാരേയും രാജഭക്തസംഘങ്ങളേയും തന്റെ മയക്കുവിദ്യയാകുന്ന മൂശയിൽ വാർത്തെടുത്ത് അതിന്റെ ശോഭയേറിയ തെളിച്ചത്തിൽ രാജാധികാരം പുലർത്തുവാൻ തിരുവിതാംകൂറിൽ വന്നുചേർന്ന സർ സി. പി. യുടെ ഭരണകാലത്തിനുമുൻപു കേസരി പത്രം തിരോധാനം ചെയ്തതു് രാജ്യത്തിനുണ്ടായ ഒരപരിഹാര്യമായ നഷ്ടമായിരുന്നു. മഹാരാജാവ് എന്നല്ലാതെ മഹാരാജാവു തിരുമനസ്സുകൊണ്ടെന്ന് ഒരിക്കലും ബാലകൃഷ്ണപിള്ള എഴുതുക പതിവില്ലായിരുന്നു എന്നുള്ളതാണ് അദ്ദേഹത്തെ രാജദ്രോഹിയായി മുദ്രയടിക്കുവാൻ രാജസേവകന്മാർ എടുത്തുകാട്ടിയിരുന്ന മുഖ്യ തെളിവു പ്രമാണം. ഈ ആരോപണത്തിൽ ബാലകൃഷ്ണപിള്ള അഭിമാനപുളകിതനുമായിരുന്നു.

വളരെ വേഗത്തിലും വേണ്ടിടത്തോളം മാതൃകാലേഖനങ്ങളില്ലാതെയും പ്രസിദ്ധപ്പെടുത്തുന്ന ഈ ഗ്രന്ഥത്തിന് എന്തൊക്കെ കുറവുകളുണ്ടെങ്കിലും മഹാനായ ഒരു പത്രാധിപരുടെ സ്മരണയെ നിലനിർത്തുവാൻ വേണ്ടിയുള്ള ഒരു സംരംഭമെന്ന നിലയിൽ ഈ ഉദ്യമത്തിന് പൊതുജനങ്ങളുടെ അകമഴിഞ്ഞ സ്വീകരണം ലഭിക്കുമെന്നു പ്രത്യാശിക്കട്ടെ.

തിരുവനന്തപുരം
18—12—1961

സി. നാരായണപിള്ള



പ്രബോധകൻ

THE PRABODHAKAN.

വിഷയവിവരം.

പ്രബോധകൻ — വാല്യം ഒന്ന്, ലക്കം ഒന്ന്

Regd. No. 64.
License No. 231 dated April 3 1930.

പത്രാധിപർ എ. ബാലകൃഷ്ണപിള്ള ബി. എ. ബി. എൽ.

# കേസരി

## THE KESARI.

**Published Every Wednesday.**

ബുധനാഴ്ചതോറും പ്രസിദ്ധപ്പെടുത്തുന്നതു.

പരസ്യക്കൂലി

വരിസംഖ്യ

### വിഷയവിവരം

### കറാച്ചി കാൺഗ്രസ്സ്

കേസരി—വാല്യം ഒന്ന്, ലക്കം 26

# എ. ബാലകൃഷ്ണപിള്ള

## ജീവചരിത്രസംഗ്രഹം

കൊല്ലവഷം 1034 മേടം രണ്ടാംതീയതി ഭൂജാതനായി. അച്ഛൻ, പണ്ഡിതനും ഗ്രന്ഥകാരനുമായിരുന്ന അകത്തൂട്ട ദാമോദരൻകത്താവ് ആയിരുന്നു. ദിവാൻ പേഷ്ക്കാർ അയ്യപ്പൻപിള്ളയുടെ ഏക സഹോദരി ആയിരുന്നു, അമ്മ. തമ്പാന്നൂരെ സ്വന്ത തറവാട്ടിലായിരുന്നു ജനനം. ബാലനെ നാലാംവയസ്സിൽത്തന്നെ എഴുത്തിനിരുത്തി. അടുത്ത കൊല്ലം തിരുവനന്തപുരത്തെ മലയാളംസ്കൂളിൽചേൎന്നു. ഒമ്പതാംവയസ്സിൽ ഇംഗ്ലീഷ് പഠിക്കാൻ തുടങ്ങി. 1904-ൽ മട്രിക്കുലേഷനും 1906-ൽ എഫ്. എ. യും 1908-ൽ ബി. എ. യും ജയിച്ചു. തിരുവനന്തപുരം മഹാരാജാസ്കോളേജിൽനിന്നു ബി. എ. ജയിച്ചതു്, ചരിത്രത്തിനും തത്വശാസ്ത്രത്തിനും ഒന്നാംക്ലാസ്സോടുകൂടിയായിരുന്നു. 1909-ൽ ഗേൾസ്കോളേജിൽ ചരിത്രാദ്ധ്യാപകനായി. എട്ടുകൊല്ലം ഈ ജോലി തുടൎന്നു. (ഇടക്കു് ഒരുകൊല്ലം മഹാരാജാസ്കോളേജിലും). ഉദ്യോഗത്തിലിരിക്കുമ്പോൾത്തന്നെ 1913-ൽ ബി. എൽ. പരീക്ഷയിൽ ഒന്നാമനായി ജയിച്ചു. 1917 മുതൽ, 22 വരെ തിരുവനന്തപുരം ഹൈക്കോടതിയിൽ വക്കീലായി പ്രാക്ടീസ്ചെയ്തു. 1917-ൽ, മാടവനപ്പറമ്പിൽ (പറവൂർ) ഗൗരിക്കുട്ടി അമ്മയെ വിവാഹം കഴിച്ചു. അടുത്തകൊല്ലം ഒരു പെൺകുട്ടി ജനിച്ചു. 1926-ൽ ആ കുട്ടി മരിച്ചുപോയി. വക്കീൽപണി ഉപേക്ഷിച്ചശേഷം മൂന്നുകൊല്ലം (1098—1101) സമദർശിയുടെ പത്രാധിപത്യം വഹിച്ചു. അതിനുശേഷം, സ്വന്തമായി ഒരു പ്രസ്സും പത്രവും നടത്തുന്നതിനുവേണ്ട പണം പിരിക്കുന്നതിനായി തിരുവിതാംകൂറിന്റെ വിവിധ ഭാഗങ്ങളിലും മലയാ മുതലായ രാജ്യങ്ങളിലും സഞ്ചരിച്ചു. അങ്ങനെ കിട്ടിയ പണം വിനിയോഗിച്ചു സ്വന്തമായി ഒരു പ്രസ്സ് (ശാരദാപ്രസ്സ്) സ്ഥാപിച്ചു. അവിടെനിന്നു് പ്രബോധകൻ എന്ന വാരികയുടെ ഒന്നാം ലക്കം 1930 ജൂൺ 4-ാംതീയതി പുറത്തുവന്നു. മൂന്നുമാസത്തിനകം പ്രബോധകന്റെ ലൈസൻസ് ഗവമ്മെൻറു റദ്ദുചെയ്തു. ഉടൻതന്നെ മറ്റൊരു ലൈസൻസ്പ്രകാരം 'കേസരി' ആരംഭിച്ചു. കേസരി 5 കൊല്ലത്തോളം നടന്നു. പുതിയ പത്രനിയമപ്രകാരം 'കേസരി'ക്കു് 1000 ക. ലൈസൻസ്ഫീസ് കെട്ടിവയ്ക്കേണ്ടിവന്നതിനാൽ പത്രം നിറുത്തിവച്ചു. ഇതിനിടക്കു്, മൂന്നു രാജദ്രോഹകേസുകളിൽ ബാലകൃഷ്ണപിള്ള പ്രതിയായി. ഒരു കേസിൽ പിഴശിക്ഷയ്ക്കു വിധിക്കപ്പെടുകയും ചെയ്തു.

കേസരി നിറുത്തിയശേഷം രാഷ്ട്രീയകാൎയ്യങ്ങളിൽ എഴുതുകയൊ പ്രവൎത്തിക്കുകയൊ ചെയ്യുകയില്ലെന്നു് അദ്ദേഹം പ്രതിജ്ഞചെയ്തു. അന്നുമുതൽ സാഹിത്യചർച്ചയും ചരിത്രഗവേഷണവും തൊഴിലായി സ്വീകരിച്ചു. 1117-ൽ താമസം, തിരുവനന്തപുരത്തുനിന്നു പറവൂക്കു

മാറ്റി. 1949 ഏപ്രിലിൽ, സുഹൃത്തുക്കളുടെയും ആരാധകന്മാരുടെയും നിർബ്ബന്ധത്തിനു വിധേയനായി, തൻെറ ഷഷ്ടിപൂർത്തിപ്രമാണിച്ചു പറവൂർ വച്ചു നടത്തിയ ആഘോഷങ്ങളിൽ സംബന്ധിച്ചു. പറവൂർ താമസമാക്കിയശേഷം മററൊരു പൊതുരംഗത്തും അദ്ദേഹം പ്രത്യക്ഷപ്പെട്ടിട്ടില്ല. കേരളസാഹിത്യഅക്കാദമി, കേസരിയുടെ ഗവേഷണപ്രവർത്തനങ്ങളിലുള്ള ബഹുമാനം പ്രകടിപ്പിക്കുന്നതിനുവേണ്ടി 5000 ക. അദ്ദേഹത്തിനു നല്കുകയുണ്ടായി.

1960 ഡിസംബർ 18-ാം തീയതി ഞായറാഴ്ച വെളുപ്പിനു് 5 മണിക്കു ശ്രീ ബാലകൃഷ്ണപിള്ള നിര്യാതനായി. സംസ്കാരകർമ്മം പറവൂരെ മാടവനപ്പറമ്പിൽവച്ചു വൈകുന്നേരം 5.45-നു നടത്തപ്പെട്ടു. മരിക്കുമ്പോൾ കോട്ടയത്തു്, തൻെറ പത്നിയുടെ സഹോദരീഭർത്താവായ ശ്രീ കെ. എൻ. കൈമളുടെ വസതിയിൽ ചികിത്സയ്ക്കായി താമസിച്ചുവരികയായിരുന്നു കേസരി.

ബാലകൃഷ്ണപിള്ളയ്ക്കു രണ്ടു സഹോദരന്മാർ മാത്രമാണുണ്ടായിരുന്നതു്. അവരിൽ ഡാ. ഏ. പി. പിള്ള ഇപ്പോൾ ജീവിച്ചിരിക്കുന്നില്ല. മററൊരാൾ, (ശ്രീ ശങ്കരപ്പിള്ള) ഒരു ഗവമെൻറ് ഉദ്യോഗസ്ഥനാണു്. പത്നി, ശ്രീമതി ഗൗരിക്കുട്ടിഅമ്മ, അവരുടെ അമ്മയുമൊരുമിച്ചു മാടവനപ്പറമ്പിൽ താമസിച്ചുവരുന്നു.

കാമുകൻ, ഒരു സ്ത്രീയുടെ ജീവിതം, കാർമെൻ, മോപ്പസാങ്ങിൻെറ കഥകൾ തുടങ്ങിയ തർജ്ജമകളും നോവൽപ്രസ്ഥാനങ്ങൾ, നവലോകം, ഹർഷവർദ്ധനൻ, സാഹിത്യവിമർശനങ്ങൾ, സാഹിത്യഗവേഷണമാല തുടങ്ങിയ സ്വതന്ത്രകൃതികളുമാണു്, കേസരിയുടെ സംഭാവനകളായി കൈരളിക്കു ലഭിച്ചിട്ടുള്ളതു്. അദ്ദേഹത്തിൻെറ വിലപ്പെട്ട ഗവേഷണകൃതികൾ, ഇനിയും പ്രസിദ്ധപ്പെടുത്തേണ്ടതായിട്ടാണിരിക്കുന്നതു്. അദ്ദേഹം എഴുതിയിട്ടുള്ള ഗ്രന്ഥനിരൂപണങ്ങളും അവതാരികകളും, ലേഖനങ്ങളും നൂറുകണക്കിനുണ്ടു്. അവയിൽ വളരെ കുറച്ചുമാത്രമെ പുസ്തകരൂപത്തിൽ വന്നിട്ടുള്ളു.

# ഉള്ളടക്കം

## രാഷ്ട്രീയകാര്യങ്ങൾ


1 രാജ്യദ്രോഹത്തിനു പുറമെ രാജദ്രോഹവും 19
2 തിരുവിതാംകൂറിൻെറ ദുരവസ്ഥ 21
3 തീരാക്കളങ്കം 25
4 ദിവാൻജിയെ പിരിച്ചയയ്ക്കണം 28
5 മഹാരാജാവിനോട് 31
6 മൂപ്പേൽപ്പ് 34
7 മൂപ്പേൽപ്പുപ്രസംഗം 37
8 സർ സി. പി. യുടെ നിയമനപ്രതിഷേധമഹായോഗം 40
9 തിരുവനന്തപുരത്തെ പിക്കററിങ്ങ് 43
10 പ്രതീക്ഷകൾ തെററാണോ? 45
11 പ്രസംഗവും പ്രവൃത്തിയും 49
12 ഈററുകുളിക്കാൻപോയവൾ ഇരട്ടപെററു 51
13 ഒരു കൊല്ലത്തെ ഭരണം 54
14 ഉള്ള കഞ്ഞിയിൽക്കൂടി പാററയെ പിടിച്ചിട്ടു 57
15 ഭരണപരിഷ്കാരവും പൊതുജനപ്രാതിനിധ്യവും 62
16 ഭരണപരിഷ്കാരപദ്ധതിയുടെ പരാജയം 66
17 ഭരണപരിഷ്കാര പ്രതിഷേധപ്രക്ഷോഭം 69
18 ഭരണപരിഷ്കാര പ്രതിഷേധഗതി 74
19 മർദ്ദനനയം 75
20 നിവത്തനവും നിയമസഭാതിരഞ്ഞെടുപ്പും 79
21 തിരുവിതാംകൂറിനെപ്പററിയുള്ള ലണ്ടൻ പ്രസംഗങ്ങൾ 82
22 തിരഞ്ഞെടുപ്പ് 84
23 മംഗളപത്രങ്ങളും മറുപടികളും 88
24 ദിവാൻജിയുടെ മാററം 92
25 നിവത്തനപ്രസ്ഥാനം 96
26 കൊച്ചിയിലും പത്രനിയമം 99
27 പുതിയ ദിവാൻജിയും തിരുവിതാംകൂറും 101
28 പുതിയ ദിവാൻജിയുടെ പ്രസംഗങ്ങൾ 104
29 രണ്ടു പ്രഖ്യാപനങ്ങൾ 106
30 ഒരു ഇരട്ടത്തലയൻ നയം 109


## സാമൂഹ്യപ്രശ്നങ്ങൾ


31 ഗുരുവായൂർ സത്യാഗ്രഹം 115
32 ക്ഷേത്രപ്രവേശനം 117

33 തിരുവിതാംകൂറിലെ ജനസംഖ്യപ്രശ്നം 120
34 നായർസമ്മേളനം 126
35 പ്രസവത്തിനു ലൈസൻസ് 130
36 എസ്. എൻ. ഡി. പി. യോഗം 133
37 നായർ റഗുലേഷൻ ഭേദഗതിബിൽ 137
38 വധശിക്ഷ 140

## സാഹിത്യചിന്തകൾ

39 കേരളസാഹിത്യപരിഷത്തു് 145
40 കലങ്ങിമറിഞ്ഞ കൈരളി 149
41 സാഹിത്യപരിഷത്തു് 152
42 സാഹിത്യപരിഷത്തു് 157
43 സാഹിത്യപരിഷത്തു് 159
44 യുവജനസാഹിത്യസമ്മേളനം 167
45 സമസ്തകേരള സാഹിത്യപരിഷത്തു് 170
46 നാടകനിർമ്മാണപരീക്ഷ 174
47 ലൈബ്രറിപ്രസ്ഥാനവും തിരുവിതാംകൂർ ഗവമ്മെണ്ടും 175
48 സമസ്തകേരള പുസ്തകാലയസമിതി 177

## പത്രപ്രവർത്തനം

49 പ്രബോധകൻ (പ്രസ്താവന, അറിയിപ്പ്) 181
50 പത്രപ്രവത്തനസ്വാതന്ത്ര്യം 185
51 ദിവാൻജിയും പത്രപ്രവത്തകരും 188
52 പുതിയ പത്രറഗുലേഷൻ 191

## അനുബന്ധം

പ്രബോധകൻെറ ലൈസൻസ് റദ്ദുചെയ്ത
ഗവമ്മെണ്ടു് ഉത്തരവു് 197
പ്രസാധകൻെറ അപേക്ഷ 203

# രാഷ്ട്രീയകാര്യങ്ങൾ

UNIVERSITY LIBRARY
27 NOV 1964
MADRAS

# രാജ്യദ്രോഹത്തിനുപുറമേ രാജദ്രോഹവും

[ഇൻഡ്യൻ ഭരണപരിഷ്കാരത്തെപ്പററി ആലോചിക്കുവാൻ സാമ്രാജ്യഗവമ്മെൻറ് ലണ്ടനിൽ വിളിച്ചുകൂട്ടിയ ചരിത്രപ്രസിദ്ധമായ വട്ടമേശസമ്മേളനത്തിൽ പങ്കെടുക്കുവാൻ തിരുവിതാംകൂറിനു പ്രത്യേകപ്രാതിനിധ്യമനുവദിക്കാമെന്നു വൈസ്രായി സമ്മതിച്ചെങ്കിലും കടൽ കടന്ന് അശുദ്ധപ്പെടേണ്ടിവരുമെന്ന ഭീതികൊണ്ട് ഒരു യാഥാസ്ഥിതികനായിരുന്ന അന്നത്തെ ദിവാൻജി വി. എസ്. സുബ്രഹ്മണ്യയ്യർ ആ അവകാശം ഉപേക്ഷിക്കയുണ്ടായത്രേ. ഈ വിഷയത്തെപ്പററി ബാലകൃഷ്ണപിള്ള 1930 ആഗസ്റ്റ് 13-ാം തീയതിയിലെ പ്രബോധകനിലെഴുതിയ മുഖപ്രസംഗം. ഒരു ദിവാൻജിയെ രാജ്യദ്രോഹിയെന്നും രാജദ്രോഹിയെന്നുംമററും വിശേഷിപ്പിക്കുന്നത് ഇന്നത്തെ വായനക്കാക്കും രസകരമായിരിക്കുമെന്നു തീർച്ചയാണ്. അക്കാലത്ത് പ്രബോധകനിലെഴുതാറുണ്ടായിരുന്ന മുഖപ്രസംഗത്തിൻെറ ഒരു മാതൃകയെന്ന നിലയിലാണ് ഈ ലേഖനം ഇതിലെടുത്തുചേക്കുന്നത്.]

പബ്ലിക് അഡ്മിനിസ്ട്രേഷൻ എന്ന പത്രത്തിൽ ഭരണത്തെപ്പറ്റിയുള്ള ചില ചിന്തകൾ എന്ന ഒരു ലേഖനത്തിൽ മി. സി. എച്ച്. ഗാർലണ്ട്, ഐ. എസ്. ഒ. ഇങ്ങനെ പറഞ്ഞിരിക്കുന്നു: "ബുദ്ധിപൂർവ്വമായി ഭരണം നടത്തുന്ന എല്ലാ രാജ്യങ്ങളിലും ഭരണാധികാരിക്കു ഭരണീയരോടുള്ള ബന്ധം ഒരു കലാനിപുണൻേറതായിരിക്കണം. ഒരു കലാനിപുണനും അയാളുടെ വിഷയത്തിനുംതമ്മിൽ പരസ്പരപ്രേരകമായ ഒരു ബന്ധം ഉണ്ടാകുന്നതാണ്. ഈ പ്രേരകശക്തിമൂലം ഇരുവരിലും ഒരു പരിവത്തനം ഉണ്ടാകുകയും ചെയ്യുന്നു. അതുകൊണ്ട് ഒരാളെ ഭരണമേല്പിക്കുമ്പോൾ ഈ പരസ്പരപ്രേരണയിൽനിന്നുണ്ടായേക്കാവുന്ന പരിവർത്തനത്തെ പരിഗണിക്കേണ്ടതാണ്. ഒരു ഭരണാധികാരിയുടെ സംസ്കാരപരവും സാമുദായികവും സാമ്മാർഗ്ഗികവുമായ ഗുണങ്ങൾക്ക് അയാളുടെ ജ്ഞാനം, പരിചയം, സർവ്വീസിലുള്ള പഴക്കം, ഒരു ഭരണാ

ധികാരിക്കു വേണമെന്നു വച്ചിട്ടുള്ള ഈ തരഗുണങ്ങൾ എന്നിവയോടു തുല്യമായ പ്രാധാന്യമുണ്ടു്.'' ഈ തത്വങ്ങളെ തിരുവിതാംകൂർ ദിവാൻജി മി. സുബ്രഹ്മണ്യയ്യരിൽ പ്രയോഗിച്ചുനോക്കിയാൽ ആ മഹാനു് പരിജ്ഞാനമോ, പരിചയമോ സർവ്വീസിലുള്ള പഴക്കമോ, സംസ്കാരമോ മററു ഗുണങ്ങളോ ഉണ്ടെന്നു സൂക്ഷ്മദൃക്കുകൾ പറയുകയില്ല. ഒരു നല്ല വക്കീലായിരുന്ന ഒരാൾ സാമാന്യമായ ശേഷിയുള്ള ഒരു ഭരണാധികാരിയായിത്തീരണമെന്നില്ല. ഇതരവക്കീലന്മാരെപ്പോലെ മി. സുബ്രഹ്മണ്യയ്യർ വക്കീലായിരുന്നപ്പോൾ മററുകാൎയ്യങ്ങളിൽ ഏർപ്പെട്ടു വിസ്തൃതമായ ലോകപരിചയം സമ്പാദിച്ചിരുന്നുമില്ല. ഇതാണു് മി. സുബ്രഹ്മണ്യയ്യരുടെ സ്ഥിതി. മേല്പറഞ്ഞ ഗുണങ്ങൾ ഒന്നുംതന്നെ അദ്ദേഹത്തിനില്ലെന്നു മാത്രമല്ല, ദുർബ്ബലന്മാൎക്കു സഹജമായ ദുശ്ശാഠ്യസഹിതം അദ്ദേഹം തിരുവിതാംകൂറിൽ പൈശാചികമായ മൎദ്ദനനയം പ്രയോഗിക്കുകയും പൊതുജനാവകാശങ്ങളെ പാടെ നശിപ്പിക്കുകയും രാജ്യത്തെ തന്റെ കടുത്ത യാഥാസ്ഥിതികമനഃസ്ഥിതിക്കു് അനുസരണമായി അനേകതലമുറ പുറകോട്ടു കൊണ്ടുപോകുവാൻ ശ്രമിക്കുകയുംമററും ചെയ്യുന്നു. ഇപ്പോൾ കൂടിയിരിക്കുന്ന നിയമസഭയിൽവച്ചു് മെ. പട്ടം താണുപിള്ള, കെ. പി. നീലകണ്ഠപ്പിള്ള, ഡാക്ടർ മാധവൻപിള്ള, കുഞ്ഞിത്തൊമ്മൻ, ദാമോദരനാശാൻ, കരുണാകരൻ മുതലായവർ ചെയ്ത ബഡ്ജററു് നിരൂപണപ്രസംഗങ്ങൾ വായിക്കുകയും നിയമസഭാദ്ധ്യക്ഷന്റെ നിലയിൽ അദ്ദേഹം അനുദ്യോഗസ്ഥരോടു പെരുമാറിവരുന്ന അതികുത്സിതമായ പെരുമാററം കാണുകയുംചെയ്യുന്ന ഏവനും ഇത്രമാത്രം സ്വേച്ഛാപ്രഭുവും, ഇത്രമാത്രം കൊള്ളരുതാത്തവനും, ഇത്രമാത്രം രാജ്യദ്രോഹിയും, ഇത്രമാത്രം ദുർബ്ബലനും ആയ ഒരു ദിവാൻജി ഏതൽപൎയ്യന്തം തിരുവിതാംകൂറിലെ മന്ത്രിപീഠത്തെ ദുഷിപ്പിച്ചിട്ടില്ലെന്നു തല കുലുക്കി സമ്മതിക്കുകതന്നെ ചെയ്യും. ഇങ്ങനെ രാജ്യദ്രോഹിയായിത്തീൎന്നതിനുപുറമേ അദ്ദേഹം ഒരു രാജദ്രോഹിയായിട്ടും തീൎന്നിട്ടുണ്ടെന്നു ഞങ്ങൾക്കു് ഇപ്പോൾ അറിവു കിട്ടിയിരിക്കുന്നു. റൌണ്ടു് ടേബിൾ കാൺഫറൻസിൽ തിരുവിതാംകൂറിനു പ്രത്യേകപ്രാതിനിദ്ധ്യം അനുവദിക്കാമെന്നു വൈസ്രായി പറഞ്ഞുവെന്നും തിരുവിതാംകൂർ ദിവാൻജി അതു വേണ്ടെന്നു പറഞ്ഞുപേക്ഷിച്ചു എന്നും ഞങ്ങൾ അറിയുന്നു. നാട്ടുരാജ്യപ്രജകൾക്കു പ്രാതിനിധ്യം കിട്ടാതിരിക്കുന്നിടത്തോളംകാലം റൌണ്ടു് ടേബിൾ കാൺഫറൻസിൽ നാട്ടുരാജ്യപ്രജകൾ പങ്കെടുക്കരുതെന്നുള്ള പക്ഷക്കാരാണു ഞങ്ങൾ. അതിന്റെ ഘടനയെപ്പററി വിമൎശിക്കുന്നതു പ്രായേണ അതിൽ പങ്കെടുക്കുന്നതിനു തുല്യമായ ഒരു പ്രവൃത്തിയാണെന്നുമാണു ഞങ്ങളുടെ അഭിപ്രായവും. എന്നാൽ ഇപ്പോൾ ഞങ്ങൾ അതിന്റെ ഘടനയെപ്പററി പറയുന്നതു നാട്ടുരാജ്യപ്രജകളുടെ ഒരു പ്രതിനിധി എന്ന നിലയിലല്ല, ഒരു നിസ്സഹായിയായ ബാലനായ തിരുവിതാംകൂർ മഹാരാജാവിനുവേണ്ടി മാത്രമാണു്. ദീർഘമായ സമുദ്രതീരവും, പാശ്ചാത്യരും പൌരസ്ത്യരുംതമ്മിലുള്ള കച്ചവടമാൎഗ്ഗങ്ങളുടെ മദ്ധ്യത്തിലുള്ള ഒരു സ്ഥിതിയും തിരുവിതാംകൂറിനുള്ളതിനാൽ അതിനു മററു നാട്ടുരാജ്യങ്ങൾക്കുള്ള രാഷ്ട്രീയസാമ്പത്തികപ്രശ്ന

ങ്ങൾക്കുപുറമേ, കടൽചുങ്കം ആദിയായ സംഗതികളെപ്പററി ചില പ്രത്യേകപ്രശ്നങ്ങളുമുണ്ട്. അതിനാൽ അതിനു റൗണ്ട് ടേബിൾ കാൺഫറൻസിൽ പ്രത്യേക പ്രാതിനിധ്യം വേണമെന്നു പ്രത്യക്ഷമാകുന്നുണ്ടല്ലോ. ഈ പ്രത്യേകപ്രശ്നങ്ങളുമായി പരിചയമില്ലാത്ത മൈസൂർദിവാൻജിയെ തിരുവിതാംകൂറിനെ പ്രതിനിധീകരിക്കുവാൻ നിയമിക്കുന്നതു തൃപ്തികരമായി, തിരുവിതാംകൂറിലെ യുവമഹാരാജാവു് അദ്ദേഹത്തിനു കർത്തവ്യബോധമുണ്ടെങ്കിൽ, വിചാരിക്കുകയില്ല. തൻെറ യാഥാസ്ഥിതികത്വം നിമിത്തം തനിക്കു കപ്പൽകയറി അശുദ്ധിയേററു് ഇംഗ്ലണ്ടിൽ പോയി മ്ലേച്ഛന്മാരുടെ റൗണ്ട് ടേബിൾ കോൺഫറൻസിൽ പങ്കുകൊള്ളുവാൻ മനസ്സില്ലെങ്കിൽ അതിനു മറ്റുവല്ലവരേയും നിയോഗിക്കുകയോ, തൻെറ ഉദ്യോഗം ഇംഗ്ലണ്ടിൽ പോകുന്നതിനു വിരോധമില്ലാത്ത ഒരുത്തനു് ഒഴിഞ്ഞുകൊടുക്കുകയോ ആയിരുന്നു മി. സുബ്രഹ്മണ്യയ്യർ അദ്ദേഹത്തിനു രാജാവിനോടു് ഉത്തരവാദിത്വബോധമുണ്ടെങ്കിൽ ചെയ്യേണ്ടിയിരുന്നതു്. ഇങ്ങനെ ചെയ്യാതെ തിരുവിതാംകൂർ മഹാരാജാവിനു ലഭിച്ച ഒരു നല്ല അവസരം പാഴായിക്കളഞ്ഞ ഒരു ദിവാൻജി തന്നെ നിയമിച്ച രാജപദത്തെ ദ്രോഹിക്കുകയാണു ചെയ്യുന്നതു്. ഇങ്ങനെ രാജ്യദ്രോഹവും രാജദ്രോഹവും ഒരേസമയത്തുതന്നെ ചെയ്തിട്ടുള്ള ദിവാൻജിമാർ ഒരിക്കലും തിരുവിതാംകൂറിൽ ഉണ്ടായിട്ടില്ലെന്നു ഖണ്ഡിച്ചു പറയാവുന്നതാണു്. രാജ്യദ്രോഹികളായ ദിവാൻജികൾ ധാരാളം ഉണ്ടായിട്ടുണ്ടു്. പക്ഷേ, അവരെല്ലാം രാജാവിനെ സേവിക്കുകയാണു ചെയ്തിട്ടുള്ളതും. ഇപ്പോൾ തിരുവിതാംകൂറിൽ ഇങ്ങനെ ഒരു പുതിയതരം ദിവാൻജി ആവിർഭവിച്ചിരിക്കുന്നു. ഇങ്ങനെയുള്ള ഒരാളെ ഉദ്യോഗത്തിൽനിന്നു പിരിച്ചുവിട്ടാൽമാത്രമേ ഈ രാജ്യത്തിലെ പ്രജകൾക്കും മഹാരാജാവിനും ഒന്നുപോലെ ഗുണംപിടിക്കുകയുള്ളു.

പ്രബോധകൻ, 1930 ആഗസ്റ്റ് 13

# തിരുവിതാംകൂറിൻെറ ദുരവസ്ഥ

[1931-ൽ മഹാത്മാഗാന്ധിയുടെ അറസ്റ്റിനെ പ്രതിഷേധിക്കുവാൻ തിരുവിതാംകൂറിലെ പല പട്ടണങ്ങളിലും പ്രതിഷേധയോഗങ്ങൾ കൂടുവാൻ കാൺഗ്രസ്സ് കമ്മിററികൾ നിശ്ചയിച്ചിരുന്നു എങ്കിലും വി. എസ്സ്. സുബ്രഹ്മണ്യയ്യരുടെ ഗവമ്മെൻറു് നിരോധനാജ്ഞകൾ പുറപ്പെടുവിച്ചു് യോഗങ്ങൾ, പിക്കററിംഗ് മുതലായവ തടഞ്ഞു. കാൺഗ്രസ്സ് കമ്മിററികൾ നാട്ടുരാജ്യങ്ങളിൽ നിയമനിഷേധം ആരംഭിക്കേണ്ടതില്ലെന്നുള്ള കാൺഗ്രസ്സിൻെറ നിർദ്ദേശമനുസരിച്ചു് യോഗങ്ങൾ കൂടിയില്ലെങ്കിലും തിരുവനന്ത

പുരത്തെ ചില പ്രവത്ത്കന്മാർ സ്വന്തനിലയിൽ നിയമം ലംഘിച്ചു് അറസ്റ്റ് വരിച്ചു. ഗവമ്മെൻറിൻെറ നടപടിയേയും പോലീസിൻെറ മർദ്ദനങ്ങളേയുംപററി ബാലകൃഷ്ണപിള്ള 1931 ജനുവരി 13-ാം തീയതി എഴുതിയ മുഖപ്രസംഗമാണിതു്.]

അഹിംസാതത്വത്തിൻെറ പ്രചാരകനും ലോകൈകവന്ദ്യനുമായ മഹാത്മജിയുടെ അറസ്ററു സംബന്ധിച്ചിവിടെയുണ്ടായ സംഭവങ്ങൾ തിരുവിതാംകൂർ ഗവമ്മെൻറിനും തിരുവനന്തപുരത്തെ പൗരാവലിക്കും പൗരപ്രമാണികൾക്കും ഒട്ടുംതന്നെ അഭിമാനകരമല്ല. തിരുവിതാംകൂറിൻെറ പല കുഗ്രാമങ്ങളിലും, നാഗർകോവിൽ, ആലപ്പുഴ മുതലായ പല നഗരങ്ങളിലും അതിനെ സംബന്ധിച്ചു് സമാധാനപരമായ പ്രതിഷേധയോഗങ്ങൾ നടക്കുകയുണ്ടായി. നാഗർകോവിലിൽ നിരോധനാജ്ഞ ഉണ്ടായിരുന്നിട്ടും യോഗം സമാധാനപരമായി നടന്നു എന്നാണു കേൾക്കുന്നതു്. ആലപ്പുഴ മുതലായ ഏതാനും സ്ഥലങ്ങളിൽ യോഗങ്ങൾക്കു ശേഷമാണു് നിരോധനാജ്ഞ പുറപ്പെട്ടതു്. തിരുവനന്തപുരത്താകട്ടെ, യോഗത്തിനുമുമ്പു നിരോധനാജ്ഞ പുറപ്പെടുകയും യോഗം നടക്കാതിരിക്കയും ചെയ്തു. ഈ നിരോധനാജ്ഞയ്ക്കു ന്യായമായ യാതൊരു കാരണവും ഞങ്ങൾ കാണുന്നില്ലെങ്കിലും ദിവാൻ മി. വി. എസ്സ്. സുബ്രഹ്മണ്യയ്യരുടെ ഭരണകാലത്തു് ഇതുണ്ടായതുകൊണ്ടു് ഞങ്ങൾക്കു ലേശവും ആശ്ചയ്യം തോന്നുന്നില്ല. മറെറാരു സംഗതി ഓക്കുമ്പോൾ ഈ നിരോധനാജ്ഞകൾകണ്ടു് ഞങ്ങൾ ആശ്ചയ്യപ്പെടുന്നു. റീജൻസികാലത്തു മഹാറാണി റീജൻറിനെ ഉപദേശിക്കുവാൻ ഒന്നിനും കൊള്ളരുതാത്ത ദൃഷ്പ്രഭു മി. വി. എസ്സ്. മാത്രമേ ഉണ്ടായിരുന്നുള്ളു. ഇന്നാകട്ടെ ഇദ്ദേഹത്തിനു പുറമേ മഹാരാജാവിനെ ഉപദേശിക്കുവാൻ പ്രസിദ്ധനായ സർ സി. പി. രാമസ്വാമി അയ്യരും ഉണ്ടു്. മഹാരാജാവിൻെറ ഭരണാരംഭത്തിൽത്തന്നെ അദ്ദേഹത്തിൻെറ ഭരണത്തിനു തീരാക്കളങ്കമുണ്ടാക്കിയ പ്രസ്തുത നിരോധനാജ്ഞയും ദേശാഭിമാനികളായ യുവജനങ്ങളുടെ കൂട്ടഅറസ്ററും മൃഗീയമായ പോലീസ്രാജ്ജം മററും മഹാരാജാവിനു രാജ്യഭാരം നേരത്തേ വാങ്ങിച്ചുകൊടുക്കുവാൻ ഭഗീരഥപ്രയത്നം ചെയ്ത ദേഹവും മഹാരാജാവിന്റെ വിശ്വസ്തമിത്രവുമായ സർ സി. പി. തലസ്ഥാനനഗരത്തിൽ ഉള്ളപ്പോൾ നടന്നതു കണ്ടാണു് ഞങ്ങൾക്കു് ആശ്ചയ്യം തോന്നുന്നതു്. ഈ സംഭവങ്ങൾ മഹാരാജാവിൻെറ സർ സി. പി. ഉൾപ്പെട്ട ഉപദേഷ്ടാക്കളുടെ കൊള്ളരുതായ്മയാണു് പ്രത്യക്ഷപ്പെടുത്തുന്നതു്. തൻെറ സ്വതേയുള്ള കൊള്ളരുതായ്മയ്ക്കു പുറമേ താൻ ഉദ്യോഗമൊഴിഞ്ഞു പോകുന്നു എന്നുള്ള ബോധം മഹാരാജാവിൻെറ നല്ല പേരിനെ ഇങ്ങനെ കെടുക്കുന്നതിനു മി. വി. എസ്സിനെ പ്രേരിപ്പിച്ചിരുന്നിരിക്കാം. പക്ഷേ, സർ സി. പി. ഇനിയും കുറേക്കാലം കൂടിയും മഹാരാജാവിൻെറ ഉപദേഷ്ടാവായിരിക്കുവാൻ പോകുന്ന ദേഹമാണു്. ആഭ്യന്തരകാര്യത്തിൽ അദ്ദേഹം കയ്യുകടത്തുകയില്ലെന്നുള്ള വാദം മഹാ

രാജാവിൻെറ ഭരണത്തിൻെറ നല്ലപേരു കെടുക്കുന്ന ഒരു കാര്യത്തിൽ ചെല്ലത്തക്കതല്ല. തിരുവിതാംകൂർ ഗവമ്മെൻറു സ്വയമേവ ഇങ്ങനെ ചെയ്തതല്ലെന്നും ഇന്ത്യാഗവമ്മെൻറിൻെറ ഉപദേശമനുസരിച്ചാണ് അവർ പ്രവൎത്തിച്ചതെന്നും ചിലർ പറയുന്നതു വിശ്വസിക്കുവാൻ കാരണങ്ങൾ കാണുന്നില്ല. ഇന്ത്യാഗവമ്മെൻറ് ഇതു് ഒരു നയമായി സ്വീകരിച്ചിട്ടുണ്ടെങ്കിൽ ഇത്തരം നിരോധനാജ്ഞകൾ കൊച്ചിയിലും മററു പല നാട്ടുരാജ്യങ്ങളിലും എന്തുകൊണ്ടാണു് ഉണ്ടാകാതെയിരുന്നതു്? അതിനാൽ ഈ മർദ്ദനനയത്തിൻെറ ഉത്തരവാദിത്വം തിരുവിതാംകൂർ ഗവമ്മെൻറിൽത്തന്നെ ചുമത്തേണ്ടിയിരിക്കുന്നു. സർ സി. പി. യുടെ നിയമനത്തെപ്പററി പ്രതിഷേധിച്ചവരുടെ നില ഈ സംഭവങ്ങൾ സാധൂകരിക്കുന്നുണ്ടെന്നും ഇവിടെ പറഞ്ഞുകൊള്ളട്ടെ.

നിരോധനാജ്ഞയ്ക്കു ശേഷമുണ്ടായ സംഭവങ്ങൾ ഈ നാട്ടിലെ പൊതുജനനായകന്മാരിലും ഗവമ്മെൻറിലും ഒന്നുപോലെ ഓരോ മൗലികമായ ദൂഷ്യം ഉണ്ടെന്നു കാണിക്കുന്നു. ആദ്യത്തെ കക്ഷിയുടെ അടിമത്വവും സ്വാൎത്ഥബുദ്ധിയും നിറഞ്ഞ മനസ്ഥിതിയും ഗവമ്മെൻറിൻെറ ദുരധികാരപ്രമത്തതയും ഉത്തരവാദിത്വബോധമില്ലായ്മയും നിറഞ്ഞ അപരിഷ്കൃതമനോഭാവവും ആണു് പ്രസ്തുത ദൂഷ്യങ്ങൾ. പ്രാഥമിക പൗരാവകാശങ്ങളിൽ അതിപ്രധാനമായ പ്രസംഗസ്വാതന്ത്ര്യം പ്രസ്തുത നിരോധനാജ്ഞ തടഞ്ഞിരിക്കുന്നു. ഈ അവകാശങ്ങൾ സ്ഥാപിച്ചുകിട്ടണമെന്നു മുറവിളി കൂട്ടുന്ന ഇവിടത്തെ പൗരാവലിക്കു് തങ്ങളുടെ മുറവിളിയുടെ ആത്മാൎത്ഥത തെളിയിക്കുവാൻ രണ്ടു മാൎഗ്ഗങ്ങളേ ഞങ്ങൾ കാണുന്നുള്ളു. ഒന്നു് ഈ ആജ്ഞകളെ ലംഘിച്ചു ജയിലിൽ പോകുന്നതാണു്. രണ്ടാമത്തേതു് ഈ ആജ്ഞകളേയും അനന്തരസംഭവങ്ങളേയുംപററി പ്രതിഷേധിക്കുവാൻ യോഗങ്ങൾ കൂട്ടുന്നതാണു്. ആദ്യത്തെ മാൎഗ്ഗം ഇവിടത്തെ ദേശാഭിമാനികളായ ചില യുവജനങ്ങൾ വരിച്ചു. ഇതിനു് അവരെ ഞങ്ങൾ സൎവ്വാത്മനാ അഭിനന്ദിക്കുന്നു. രണ്ടാമത്തേതു് ഇവിടെ ആരും ഇതേവരെ ചെയ്തിട്ടില്ല. മഹാത്മജിയുടെ അറസ്റ്റിനെ സംബന്ധിച്ചുള്ള നിരോധനാജ്ഞ ലംഘിക്കുന്നതിൻെറ അനൗചിത്യത്തെപ്പററി ആലപ്പുഴയിലേയും തിരുവനന്തപുരത്തേയും കോൺഗ്രസ്സ് കമ്മിററികൾ ഒന്നുപോലെ തീരുമാനിച്ചു. തിരുവനന്തപുരം സിറ്റി കോൺഗ്രസ്സ് കമ്മിററിയും ആലപ്പുഴയിലെ തിരുവിതാംകൂർ ജില്ലാ കോൺഗ്രസ്സ് കമ്മിററിയും ഒന്നുപോലെ കോൺഗ്രസ്സിൻെറ അനുവാദമില്ലാതെ കോൺഗ്രസ്സ് അംഗങ്ങളെന്ന നിലയിൽ ഇതിനെ ലംഘിക്കുന്നതു കോൺഗ്രസ്സ് നാട്ടുരാജ്യങ്ങളോടു സ്വീകരിച്ചിട്ടുള്ള നയത്തിനു വിരുദ്ധമാണെന്നു തീരുമാനിക്കുകയുണ്ടായി. പ്രതിഷേധമീററിംഗ് കഴിഞ്ഞതിനുശേഷമേ ആലപ്പുഴയിൽ നിരോധനാജ്ഞ വന്നുള്ളു എന്നൊരു കാൎയ്യവും ഇവിടെ വിസ്മരിക്കരുതു്. കോൺഗ്രസ്സിന്റെ ഈ നില ഭേദപ്പെടുത്തേണ്ടതാണെന്നുള്ള പക്ഷക്കാരാണു ഞങ്ങൾ എന്നു് ഈ പങ്ക്തികളിൽ പലതവണയും ചൂണ്ടിക്കാണിച്ചിരുന്നല്ലൊ. കോൺഗ്രസ്സ് കമ്മിററികളെന്ന നിലയിൽ തിരുവനന്തപുരത്തേയും ആലപ്പുഴയിലേയും കമ്മിററികൾ ചെയ്ത

നിശ്ചയം ശരിയാണെന്നാണ് ഞങ്ങൾ വിചാരിക്കുന്നതു്. പിക്കറ്റിങ്ങിനെ നിരോധിച്ചാൽ മാത്രമേ നിയമലംഘനം പാടുള്ളു എന്നു് ആലപ്പുഴ കമ്മിററി നിശ്ചയിക്കുകയുണ്ടായി. തിരുവനന്തപുരത്താകട്ടെ പിക്കററിംഗ് തുടൎന്നുകൊണ്ടു പോകണമെന്നു കമ്മിററി നിശ്ചയിച്ചു എങ്കിലും അതിനെ തടയുന്ന നിരോധനാജ്ഞ ലംഘിക്കണമെന്നു നിശ്ചയം ഉണ്ടായിരുന്നില്ല. പ്രസ്തുത നിശ്ചയങ്ങൾ കണ്ടു് തിരുവനന്തപുരത്തെ വാളണ്ടിയറന്മാർ സ്വയമേവ പിക്കററിംഗ് നിറുത്തി കമ്മിററിയിൽ അവിശ്വാസം രേഖപ്പെടുത്തി വ്യക്തിപരമായ നിലയിൽ നിരോധനാജ്ഞ ലംഘിച്ചു കാരാഗൃഹം വരിക്കുകയുമാണു ചെയ്തതു്. തിരുവനന്തപുരത്തു് പിക്കററിംഗ് നിറുത്തിയതു് കഷ്ടമായിപ്പോയി എന്നു ഞങ്ങൾ വിചാരിക്കുന്നു.

കുറേദിവസമായി തിരുവനന്തപുരം നഗരത്തിൽ നടന്നുകൊണ്ടിരിക്കുന്ന പോലീസ്‌രാജിനെപ്പററി രണ്ടു വാക്കു് ഇവിടെ പറയേണ്ടതായിരിക്കുന്നു. തിരുവനന്തപുരം നഗരത്തെ ലാത്തിധാരികളായ പോലീസുകാരുടെ അനിയന്ത്രിതമായ ഭരണത്തിനു കുറേ ദിവസങ്ങളിലേക്കു ഗവൺമെൻറു വിട്ടുകൊടുത്തതിൻെറ ഫലമായി അവർ പല അക്രമങ്ങളും ചെയ്തു എന്നു ഞങ്ങൾ കേൾക്കുകയുണ്ടായി. ഇവയിൽ അത്യന്തം ഭയങ്കരവും സൎവ്വവ്യാപിയുമായ കേൾവി തിരുവനന്തപുരം ഏ. എസ്. പി. മി. ടി. ആർ. രാമൻപിള്ള, മി. ശേഖർ എന്ന നിരോധനാജ്ഞാലംഘനക്കാരൻെറ ചെകിട്ടത്തു പഴവങ്ങാടി റയിൽവേപാലത്തിനു സമീപം വച്ചു രണ്ടു കൈകൊണ്ടും പരസ്യമായി അടിച്ചു എന്നുള്ളതും അന്നു തന്നെപ്പററി എന്തോ പറഞ്ഞതിനു് അദ്ദേഹം അന്നു് അറസ്‌റുചെയ്ത വാളണ്ടിയർമാരിൽ ഒരു ചെറുബാലനെ ഒഴിച്ചു മററെല്ലാവരേയും മൃഗീയമായ വിധത്തിൽ പോലീസുകാരെക്കൊണ്ടു സ്റ്റേഷനിൽവച്ചു മർദ്ദിപ്പിച്ചു എന്നതും, ഈ മർദ്ദനമേററ മി. ഗോപാലൻ എന്ന വാളണ്ടിയർ ചോര തുപ്പുന്നു എന്നും അദ്ദേഹത്തിനു ചുമയ്ക്കും മററും ജയിലാസ്പത്രിയിൽനിന്നു മരുന്നു കൊടുത്തുവരുന്നു എന്നും ഉള്ളതാണു്. ഈ കേൾവി വാസ്തവമാണെങ്കിൽ ഇതിനെപ്പററി തിരുവനന്തപുരത്തെ പൊതുജനങ്ങൾക്കും പ്രത്യേകിച്ചു തിരുവനന്തപുരം എം. എൽ. സി. ആയ മി. പട്ടം താണുപിള്ളയ്ക്കും ഒരു പ്രത്യേക കൎത്തവ്യമുണ്ടു്. ഈ വാൎത്ത വാസ്തവമാണോ എന്നു ശരിയായ തെളിവെടുത്തു് അന്വേഷിച്ചു റിപ്പോർട്ടു ചെയ്തു്, വാസ്തവമാണെങ്കിൽ ഈ ഉദ്യോഗസ്ഥനെ സർവീസിൽനിന്നു് ഉടനടി പിരിച്ചുവിടണമെന്നു ഗവൺമെൻറിനെ നിർബ്ബന്ധിക്കുന്നതാകുന്നു പ്രസ്തുത കൎത്തവ്യം. മി. ബിഷപ്പിൻെറ ഭരണത്തിൻകീഴിൽ നാൾക്കുനാൾ അധഃപതിച്ചുവരുന്ന തിരുവിതാംകൂറിലെ പോലീസുവകുപ്പിലെ ഉദ്യോഗസ്ഥന്മാർ ഇതിലും കടന്ന അക്രമങ്ങൾ ചെയ്തു എന്നു കേട്ടാലും ഞങ്ങൾക്കു് ആശ്ചൎയ്യം തോന്നുകയില്ല. തിരുവിതാംകൂർ നിയമസഭയിലെ കൎത്തവ്യബോധമുള്ള ഇതര അനുദ്യോഗസ്ഥ നിയമസഭാംഗങ്ങൾക്കും ഈ അന്വേഷണം നടത്തണമെന്നു ഗവൺമെൻറിനോടു് ആവശ്യപ്പെടേണ്ട ഒരു കടമയുണ്ടെന്നു ഞങ്ങൾ അവരെ ധരിപ്പിച്ചുകൊള്ളുന്നു.

നിരോധനാജ്ഞ ലംഘിച്ച ജയിലിൽ കിടക്കുന്നവരോടു ജയിലധികാരികൾ ശരിയായ രീതിയിൽ പെരുമാറുന്നില്ലെന്നു കേൾക്കുന്നതിൻെറ വാസ്തവം അന്വേഷിക്കേണ്ട കടമയും നിയമസഭാംഗങ്ങൾക്കുണ്ടു്.

തിരുവിതാംകൂറിലെ ഈ ലജ്ജാകരവും ദയനീയവുമായ പരിതസ്ഥിതിയിൽ പൊതുജനങ്ങൾ പ്രവൎത്തിക്കേണ്ടതെന്തെന്നു കാണിച്ചു് ശ്രീമാൻ എ. കെ. പിള്ള അവർകൾ എഴുതിയിട്ടുള്ള ശ്രദ്ധേയമായ ഒരു പൗരനാദലേഖനം ഞങ്ങൾ അന്യത്ര ചേൎത്തിട്ടുള്ളതിലേക്കു് പൊതുജനങ്ങളുടെ സവിശേഷമായ ശ്രദ്ധയെ ഞങ്ങൾ ക്ഷണിച്ചുകൊള്ളുന്നു. അദ്ദേഹം നിർദ്ദേശിച്ചിട്ടുള്ള തൽക്കാലപ്രതിവിധിയായ പ്രസ്തുത പ്രതിഷേധയോഗങ്ങൾ കൂട്ടുന്നതിനേയും നിരോധിക്കുന്നതിനു വേണ്ട ബുദ്ധിശൂന്യത ഗവൎമ്മെൻറിനുണ്ടാകുകയാണെങ്കിൽ അതിൽ പങ്കുകൊള്ളുന്നവൎക്കു് അതു ലംഘിക്കേണ്ട കൎത്തവ്യമുണ്ടെന്നും പ്രത്യേകം പറയേണ്ടതില്ലല്ലോ. തങ്ങളുടെ പുരോഗതിയെ പുരസ്കരിച്ചു് പൊതുജനങ്ങളും അവരുടെ നായകന്മാരും മി. എ. കെ. പിള്ളയുടെ നിർദ്ദേശത്തെപ്പററി ആലോചിച്ചു് അതു് അനുസരിച്ചു പ്രവൎത്തിക്കുമെന്നു വിശ്വസിക്കുന്നു.

കേസരി, 1931, ജനുവരി 13

# തീരാക്കളങ്കം

[1931-ൽ പണ്ഡിററ് ജവഹർലാൽനെഹ്രു ഇദംപ്രഥമമായി തിരുവനന്തപുരം സന്ദൎശിച്ചപ്പോൾ അദ്ദേഹം കടൽ കടന്നു് അശുദ്ധപ്പെട്ടിട്ടുണ്ടെന്നുള്ള കാരണം പറഞ്ഞു് പത്മനാഭസ്വാമിക്ഷേത്രത്തിലേക്കുള്ള കോട്ടയുടെ പ്രവേശനദ്വാരത്തിൽ വി. എസ്. സുബ്രഹ്മണ്യയ്യരുടെ ഗവൎമ്മെണ്ടിൻെറ ആയുധധാരികളായ പട്ടാളക്കാരെനിൎത്തി ഇന്നത്തെ ഇൻഡ്യൻപ്രധാനമന്ത്രിക്കു പ്രവേശം നിരോധിച്ചു. ബാലകൃഷ്ണപിള്ള ഈ സംഭവത്തെപ്പററി 1931 മേ മാസം 27-ാംതീയതി എഴുതിയ മുഖപ്രസംഗമാണിതു്.]

നൂററിമുപ്പത്തിരണ്ടു വർഷങ്ങൾക്കുമുമ്പു് ഒരു ജനനായകൻ ഒട്ടധികം ജനങ്ങളോടുകൂടി നാഞ്ചിനാട്ടുനിന്നു് തിരുവനന്തപുരം കോട്ടയ്ക്കുമുമ്പിൽവന്നു പാളയമടിച്ചയുടനെ അതിനകത്തുണ്ടായിരുന്ന മഹാരാജാവു് കോട്ടവാതിൽക്കൽ ആയുധപാണികളായ പട്ടാളക്കാരെക്കൊണ്ടു് അവരുടെ ഗതി തടയുവാൻ ശ്രമിക്കാതെ അവൎക്കു കീഴടങ്ങുകയുണ്ടായി. മിനിഞ്ഞാന്നു് ഒരു ജനനായകൻ കിള്ളിപ്പാലത്തിൽനിന്നു് ഒരു വലിയ ജനസംഘത്തിൻെറ അകമ്പടിയോടുകൂടി തിരുവനന്തപുരം കോട്ടയ്ക്കുമുമ്പിൽ വന്നപ്പോൾ അദ്ദേഹത്തിൻെറ മുമ്പോട്ടുള്ള ഗതി തടയുവാൻ അനവധി ആയുധപാണികളായ പട്ടാളക്കാർ എല്ലാ കോട്ടവാതില്ക്കലും

കാത്തുനില്പുണ്ടായിരുന്നു. അന്നത്തെ ഭരണവും ഇന്നത്തെ ഭരണവും തമ്മിൽ മൗലികവ്യത്യാസമുണ്ടെന്നു ഞങ്ങൾ വിചാരിക്കുന്നില്ല. അന്നും ഇന്നും രാജവല്ലഭരുടെ ഭരണമാണു് ഇവിടെ നടക്കുന്നതു്. അന്നു ജനങ്ങളെ കായികമായി പീഡിപ്പിച്ചു് ഗവമ്മെൻറു വളരെ പണം പിടുങ്ങിയിരുന്നു. ഇന്നാകട്ടെ ക്ഷാമം ജനിപ്പിച്ച അശക്തികൊണ്ടുണ്ടായ കരത്തിൻെറ തവണ അടസ്സലിൻെറ ഭംഗത്താൽ ജനങ്ങളുടെ വസ്തുക്കളെ ലേലത്തിൽ വില്പിച്ചു് അവരെ പീഡിപ്പിക്കുകയാണു ഗവമ്മെൻറു ചെയ്യുന്നതു്. അന്നു ഭരിച്ചിരുന്ന നമ്പൂതിരിദളവായുടെ മഹത്വത്തിനോടുകിടനില്ക്കുന്ന മഹത്വമുള്ള ദേഹമാണു് ഇന്നത്തെ ദിവാൻജിയും. പിന്നെ, അന്നത്തേയും ഇന്നത്തേയും ഗവമ്മെൻറിൻെറ പ്രവൃത്തികൾ തമ്മിൽ വ്യത്യാസമുണ്ടാകുവാൻ കാരണമെന്തു്? ഇന്നത്തെ ജനങ്ങളുടെ ഭീമമായ കൊള്ളരുതായ്മയും നികൃഷ്ടമായ അടിമമനസ്ഥിതിയും മാത്രമേ ഇതിനു കാരണമായി ഞങ്ങൾ കാണുന്നുള്ളു. അന്നു കിഴക്കേക്കോട്ടവാതില്ക്കൽ ജനങ്ങളുടെ അകമ്പടിയോടുകൂടിവന്ന വേലുത്തമ്പി ഒരു തിരുവിതാംകൂർകാരനാണു്. മിനിഞ്ഞാന്നാകട്ടെ, ഭാരതീയനായകന്മാരുടെ നടുനായകമായ ജവഹരലാലാണു് ഇവിടത്തെ ജനനേതാക്കന്മാരുടേയും പൗരാവലിയുടേയും അകമ്പടിസഹിതം കോട്ടവാതില്ക്കൽവന്നതു്. ദിഗന്തപര്യന്തം വ്യാപിച്ചുകിടക്കുന്ന ബ്രിട്ടീഷ്സാമ്രാജ്യത്തെ ചുവടേകുലുക്കിയ ഇൻഡ്യൻകോൺഗ്രസ്സിൻെറ കഴിഞ്ഞ ആണ്ടിലെ അദ്ധ്യക്ഷനും അതിൻെറ ഭരണനിവ്വഹണസമിതിയിലെ ഒരംഗവുമായ ഒരു നായകനെയാണു് ആ ബ്രിട്ടീഷ്സാമ്രാജ്യത്തിൻെറ ഒരു ഉദ്യോഗസ്ഥൻ മേലധികാരിയായുള്ള ഒരു രാജ്യത്തിലെ ഗവമ്മെൻറു മിനിഞ്ഞാന്നുരാത്രി അപമാനിച്ചതു്. സവ്വലോകവന്ദ്യനായ മഹാത്മജിയുടെ വലത്തുകൈയ്യേയാണു് ഇങ്ങനെ അപമാനിച്ചതു്. ഭാരതത്തിലെ യുവജനങ്ങളുടെ ആരാധനാമൂത്തിയായ ഒരു നായകനിലാണു് ഈ അപമാനം ചൊരിഞ്ഞതു്. ഇന്ത്യൻ തൊഴിലാളികളുടേയും സാധു കൃഷിക്കാരുടേയും ഉററബന്ധുവിലാണു് ഈ അപമാനം വർഷിച്ചതു്. തിരുവിതാംകൂറിലെ പൊതുജനങ്ങളുടെ അതിഥിയായി വന്ന വന്ദ്യനായകനാണു് ഈ അപമാനത്തിനു പാത്രീഭവിച്ചതു്. ഇതു തിരുവിതാംകൂർകാർക്കു കല്പാന്തകാലംവരെ ഒരു തീരാക്കളങ്കമായിത്തീരുന്നതാണു്. ആത്മാഭിമാനവും ദേശാഭിമാനവുമുള്ള സകല തിരുവിതാംകൂർകാരേയും ജാതിമതലിംഗവയോഭേദമെന്യേ ലജ്ജകൊണ്ടു തലകുനിപ്പിക്കുന്ന ഈ അതിനീചമായ സംഭവത്തിൻെറ വിവരങ്ങളിൽ ചിലതു ഞങ്ങൾക്കു് അറിവുകിട്ടിയതു ലോകരുടെ മുമ്പാകെ സമപ്പിച്ചുകൊള്ളട്ടെ. ബ്രിട്ടീഷ്ചക്രവത്തിക്കുപോലും ഒരു അതിഥിയായി സ്വീകരിക്കുവാൻവേണ്ട യോഗ്യതയുള്ള ഈ നായകനെ ഒരു സ്റ്റേററു് അതിഥിയായി സ്വീകരിക്കുവാൻ ഗവമ്മെൻറിനു മനസ്സുണ്ടോ എന്നു തിരുവനന്തപുരത്തെ പൗരാവലി നിയമിച്ച സ്വീകരണസംഘത്തിലെ ഭാരവാഹികൾ തിരുവിതാംകൂർ ഗവമ്മെൻറിനോടു് എഴുതി ചോദിക്കുകയുണ്ടായി. ഇതിനു് ഒരു മറുപടിപോലും അയയ്ക്കുവാൻവേണ്ട മയ്യാദ ഗവമ്മെൻറിനുണ്ടായില്ല. ജവഹരിലാൽജിയെ തടയുവാൻ മുൻകൂട്ടിത്ത

യ്യാറാക്കിയിരുന്ന പട്ടാളക്കാർ അണിനിരന്നു് അദ്ദേഹത്തെ തടഞ്ഞപ്പോൾ, മൂന്നോ നാലോ അനുചരന്മാരോടുകൂടിമാത്രം തന്നെ കോട്ടയ്ക്കുള്ളുകൂടി കടന്നുപോകുവാൻ അനുവദിക്കണമെന്നു് അദ്ദേഹം പട്ടാള ഉദ്യോഗസ്ഥനോട്ട് അപേക്ഷിക്കുകയുണ്ടായി. ഈ അപേക്ഷയേയും അയാൾ സ്വീകരിച്ചില്ല. കോട്ട പിടിച്ചടക്കുവാൻവന്ന ഒരു ശത്രുസൈന്യനായകനെ ചെറുക്കുവാനെന്നപോലെ ഇത്രയധികം പട്ടാളക്കാരെ ആയുധപാണികളാക്കിനിറുത്തേണ്ട ആവശ്യമില്ലായിരുന്നു എന്നും, ഒരു പട്ടാളക്കാരൻമാത്രം ആ വഴിക്കു കടക്കുവാൻ പാടില്ലെന്നു പറഞ്ഞിരുന്നാൽപോലും താൻ ആ നിരോധത്തെ ലംഘിക്കുമായിരുന്നില്ലെന്നും അതിലെ കടക്കുവാൻ പാടില്ലെന്നുള്ള കാൎയ്യം തന്നെ മുൻകൂട്ടി അറിയിക്കാമായിരുന്നു എന്നും ജവഹരിലാൽജി ഇവിടത്തെ ഒരു ഉയൎന്ന പോലീസുദ്യോഗസ്ഥനോടു പറഞ്ഞതായും ഞങ്ങൾ അറിയുന്നു. തന്റെ ഈ അനുഭവം തിരുവിതാംകൂറിലെ ഭരണരീതിക്കു കോട്ടമുണ്ടെന്നു കാണിക്കുന്നു എന്നു തിരുവനന്തപുരം മുൻസിപ്പാലിററി സമർപ്പിച്ച മംഗളപത്രത്തിനു മറുപടിപ്രസംഗത്തിൽ അദ്ദേഹം പരസ്യമായി പറയുകയും ചെയ്തു. അദ്ദേഹത്തിന്റെ മനസ്സിൽ ഈ നീചനീചമായ അപമാനം നല്ലപോലെ പതിഞ്ഞിട്ടുണ്ടെന്നു മേൽപറഞ്ഞ അദ്ദേഹത്തിന്റെ വാക്കുകൾ സുവ്യക്തമാക്കുന്നുണ്ടല്ലോ. ഇന്നത്തെ തിരുവിതാംകൂർഗവമ്മെൻറിന്റെ ആതിഥ്യം സ്വീകരിക്കുന്നതായാൽ ജവഹരലാലിനു മാലിന്യംവന്നുപോകുമെന്നു് വിചാരിക്കുന്നവരാണു ഞങ്ങൾ. അതിനാൽ അദ്ദേഹത്തെ സ്റ്റേററ് അതിഥിയായി ഗവമ്മെൻറു സ്വീകരിക്കാത്തതു നന്നായി. മി. വി. എസ്. സുബ്രഹ്മണ്യയ്യരുടെ ഗവമ്മെൻറിനു നല്ലപോലെ ചേരുന്ന പ്രവൃത്തിയും തന്നെ ഈ അപമാനം. തിരുവനന്തപുരം കോട്ടയ്ക്കകം സ്വേച്ഛാധികാരത്തിന്റേയും യാഥാസ്ഥിതികത്വത്തിന്റെയും ഒരു ചിഹ്നമായി വിചാരിക്കാവുന്നതാണു്. ഈ രണ്ടിന്റെയും ഇരിപ്പിടമായ മി. വി. എസ്സിന്റെ ഗവമ്മെൻറു് ഈ നിരോധനംചെയ്തതിൽ അത്ഭുതപ്പെടുവാനൊന്നുമില്ല. ഇന്ത്യൻനാഷണൽകോൺഗ്രസ്സിനേയും, ബ്രിട്ടീഷ്ഇൻഡ്യൻ ജനാവലിയേയും, ഭാരതത്തിലെ യുവജനങ്ങളേയും, ഭാരതീയകൎഷകരേയും തൊഴിലാളികളേയും, തിരുവിതാംകൂർ പൌരാവലിയേയും ഇങ്ങനെ അവമാനിക്കുവാൻ തോന്നിയ ഒരു ഗവമ്മെന്റിനെ അവർ ഒരു പാഠം പഠിപ്പിക്കേണ്ടതാണു്. ഈ കൎത്തവ്യം നിൎവ്വഹിക്കേണ്ട പ്രത്യേക ചുമതല തിരുവിതാംകൂറിലെ പൊതുജനങ്ങൾക്കാണുള്ളതു്. തങ്ങൾക്കു് ഈ തീരാക്കളങ്കം ഉണ്ടാക്കിവച്ച ഗവമ്മെൻറിന്റെ സ്വേച്ഛാഭരണം നിറുത്തി ഉത്തരവാദഭരണം സ്ഥാപിക്കുവാൻ ഇന്നുമുതൽ സൎവ്വശക്തിയും ഉപയോഗിച്ചു ശ്രമിക്കുമെന്നു് ഓരോ തിരുവിതാംകൂർകാരനും, അവനോ അവൾക്കോ അഭിമാനത്തിന്റെ കണികപോലുമുണ്ടെങ്കിൽ, അവനോ അവളോ, തങ്ങളുടെ പൂൎവ്വികരുടെ യഥാൎത്ഥസന്താനങ്ങളാണെങ്കിൽ, ശപഥംചെയ്യുക തന്നെ ചെയ്യും. തിരുവിതാംകൂറിലെ യുവജനങ്ങൾക്കു ലേശം യുവചൈതന്യമെങ്കിലും ഉണ്ടെങ്കിൽ അവരും ഈ ശപഥംതന്നെ ചെയ്യുന്നതാണു്. തങ്ങൾക്കു് ഈ തീരാക്കളങ്കമുണ്ടാക്കിവച്ച മി. വി. എസ്സിന്റെ ഗവർ

മെൻറിൻെറ ഈ കുത്സിതമായ പ്രവൃത്തിയെപ്പററി പ്രതിഷേധിക്കുവാനായി തിരുവിതാംകൂർ ജനതതി മഹാജനയോഗങ്ങൾ കൂടേണ്ടതാണെന്നും ആ യോഗങ്ങളിൽവച്ചു മേൽപറഞ്ഞ രീതിയിലുള്ള ശപഥങ്ങൾ അവർ ചെയ്തു് അതിനുവേണ്ട സഹനസമരം നടത്തുവാൻ ഒരു അഖില തിരുവിതാംകൂർ സ്ഥാപനവും മററും സ്ഥാപിക്കേണ്ടതാണെന്നും ഞങ്ങൾ അഭിപ്രായപ്പെടുന്നു.

കേസരി, 1931 മേയ് 27

# ദിവാൻജിയെ പിരിച്ചയയ്ക്കണം

[ചേർത്തല തിരഞ്ഞെടുപ്പിൽ ദിവാൻ വി. എസ്സ്. സുബ്രഹ്മണ്യയ്യർ അനധികൃതമായി ഇടപെട്ടതിനെ പ്രതിഷേധിക്കുവാൻ ചേർത്തലയിലെ പൗരന്മാർ ഒരു പൊതുസമ്മേളനം വിളിച്ചുകൂട്ടി ദിവാൻജിയെ പിരിച്ചയയ്ക്കണമെന്നു് ഒരു പ്രമേയം പാസാക്കുകയുണ്ടായി. പ്രസ്തുത പ്രമേയത്തെ അടിസ്ഥാനമാക്കി ബാലകൃഷ്ണപിള്ള എഴുതിയ പ്രക്ഷോഭജനകമായ മുഖപ്രസംഗം.]

ചേർത്തല കേരളചരിത്രത്തിൻെറ പല പ്രധാനഘട്ടങ്ങളിലും ഒരു മുഖ്യമായ പാർട്ട് അഭിനയിച്ചിട്ടുണ്ടു്. ഡച്ചുകാർ മലയാളക്കരയിൽ അധികാരം സ്ഥാപിക്കുവാൻ തുടങ്ങിയ കാലത്തും മാർത്താണ്ഡവർമ്മയുടെ കാലത്തും ബാലരാമവർമ്മയുടെ ഭരണാരംഭകാലത്തും നടന്ന സംഭവങ്ങൾ ഇതിനു് ഉദാഹരണങ്ങളാണു്. നമ്പൂതിരിദളവായുടെ അധഃപതനത്തിനു കാരണമാക്കിയ ജനവിപ്ലവത്തിനു കാലിട്ടതു് ആ രാജസേവകൻ ചേർത്തലയെ (കരപ്പുറത്തെ) കൊച്ചിക്കു തിരിച്ചുകൊടുക്കുവാൻ ബാലരാമവർമ്മയെക്കൊണ്ടു സമ്മതിപ്പിച്ചതുമുതൽക്കാണു്. ദിവാൻ മി. വി. എസ്സ്. സുബ്രഹ്മണ്യയ്യരുടെ അധഃപതനത്തിനും ഇതാ ഇപ്പോൾ ചേർത്തലക്കാർതന്നെ കാലിട്ടിരിക്കുന്നു. ചേർത്തലയിലെ ഒരു നിയമസഭാസ്ഥാനാർത്ഥിയായ മി. ഗോപാലകൃഷ്ണൻെറ തിരഞ്ഞെടുപ്പിൽ ദിവാൻ മി. വി. എസ്സ്. സുബ്രഹ്മണ്യയ്യർ നിയമവിരുദ്ധമായും അക്രമമായും തലയിട്ടതിനെപ്പററി പ്രതിഷേധിക്കുവാനായി ചേർത്തല കടക്കരപ്പള്ളിയിൽവച്ചു കൂടിയ വമ്പിച്ച പൊതുജനയോഗത്തിൽ പാസാക്കിയ ദിവാൻജിയെ ഉദ്യോഗത്തിൽനിന്നു പിരിച്ചയയ്ക്കണമെന്നുള്ള നിശ്ചയംകൊണ്ടാണു് അവർ അതിനു കാലിട്ടിരിക്കുന്നതു്. ചരിത്രപ്രാധാന്യമുള്ള ഈ യോഗത്തിൻെറ ഒരു ചുരുക്കിയ റിപ്പോർട്ട് അന്യത്ര ചേർത്തിട്ടുണ്ടു്. വേലുത്തമ്പിയുടെ നായകത്വത്തിൻകീഴിൽ നാഞ്ചിനാട്ടുനിന്നു തിരുവനന്തപുരത്തു വന്നു കിഴക്കേ കോട്ടവാതിൽക്കൽ പാളയമടിച്ച പൗരാവലി നമ്പൂതിരിദളവായെ ഉടനടി ജോലിയിൽനിന്നു ഡിസ്മിസ്സ് ചെയ്തു നാടുകടത്തണമെന്നു് അന്നത്തെ മഹാരാജാവിനോടു് ആവശ്യപ്പെടുകയു

ണ്ടായി. ദിവാൻ മി. വി. എസ്സിനെ ഉദ്യോഗത്തിൽനിന്നു പിരിച്ചുവിടണമെന്നുള്ള നിശ്ചയത്തെ അനുകൂലിച്ചു പ്രസംഗിച്ച മി. മന്നത്തു പത്മനാഭപിള്ള അദ്ദേഹത്തെ നാടുകടത്തണമെന്നുകൂടി പറഞ്ഞതായി കാണുന്നു. വേലുത്തമ്പിയും അനുചരന്മാരും ആവശ്യപ്പെട്ടതു് അന്നത്തെ മഹാരാജാവു് ഉടനടി അനുവദിച്ചുകൊടുക്കുകയും ചെയ്തു. ചേർത്തലയിലെ പൗരാവലി നിശ്ചയിച്ചതിനെ ഇന്നത്തെ അധികാരികളെക്കൊണ്ടു് അനുവദിപ്പിക്കുവാൻ ഒരു സംഘത്തെ യോഗത്തിൽ വച്ചു നിശ്ചയിച്ചിട്ടുണ്ടു്. ഇവരുടെ യത്നം സഫലമാകുമോ എന്നു കണ്ടുതന്നെ അറിയേണ്ടതായിരിക്കുന്നു. ദൃഢനിശ്ചയവും അതിനനുസരണമായ പ്രവൃത്തിയുംകൊണ്ടു സാധിക്കാതെ വരുന്ന കാര്യങ്ങൾ വളരെ അപൂർവ്വമാണു്. ഈ നിശ്ചയത്തെ ഇവിടത്തെ പരമാധികാരികളായ ഇന്ത്യാഗവർമ്മെൻറിനെക്കൊണ്ടു് സ്വീകരിപ്പിച്ചു് അതനുസരിച്ചു് അവരെക്കൊണ്ടു പ്രവർത്തിപ്പിക്കുവാൻ അവർ പഠിച്ചപണി പതിനെട്ടും പ്രയോഗിക്കേണ്ടതാണു്. ഈ നിശ്ചയത്തെ നടപ്പിൽ കൊണ്ടുവരേണ്ടതിന്റെ അത്യാവശ്യകതയെപ്പററി ഞങ്ങൾ പലപ്പോഴും ഈ പങ്ക്തികളിൽ ചൂണ്ടിക്കാണിച്ചിട്ടുണ്ടല്ലോ. മി. വി. എസ്. സുബ്രഹ്മണ്യയ്യർ ചെയ്തിട്ടുള്ള ജനദ്രോഹത്തിനു കൈയ്യുംകണക്കുമില്ല. പൗരാവലിയുടെ പ്രാഥമിക പൗരാവകാശങ്ങളെ അദ്ദേഹം ഭഞ്ജിച്ചിരിക്കുന്നു. ചേർത്തലയിലെ നരനായാട്ടുകൊണ്ടു് ശരീരരക്ഷ എന്ന അവകാശം ഇല്ലായ്മചെയ്തു. വർത്തമാനപ്പത്രാഗുലേഷൻഖഡ്ഗം വീശിയും പത്രങ്ങളുടെപേരിൽ കേസെടുത്തും അഭിപ്രായസ്വാതന്ത്ര്യം അദ്ദേഹം നശിപ്പിച്ചു. ത്രൂചീന്ദ്രത്തുവച്ചുള്ള പ്രവൃത്തിമൂലം സഞ്ചാരസ്വാതന്ത്ര്യം അദ്ദേഹം തടഞ്ഞു. ഭാരതീയരുടെ പ്രേമഭാജനവും നായകവര്യനുമായ പണ്ഡിതജവഹരിലാൽജിയെ അപമാനിച്ചു് തിരുവിതാംകൂറിനു് അദ്ദേഹം തീരാക്കളങ്കം ഉണ്ടാക്കിവച്ചു. അദ്ദേഹത്തിൻെറ ഭരണകാലത്തിൽ നടക്കുന്നതുപോലെ അഴിമതികൾ മറ്റൊരു ദിവാൻജിയുടെ ഭരണകാലത്തും ഉണ്ടായിട്ടില്ല. സ്വന്തം ആളുകൾക്കും ആശ്രിതക്കും ഉദ്യോഗങ്ങളും അന്യായമായ ഉദ്യോഗക്കയറ്റങ്ങളും കൊടുത്തു് അദ്ദേഹം പബ്ലിക്ക്സർവ്വീസിലുള്ളവരിൽ അഭൂതപൂർവ്വമായവിധം അതൃപ്തി ജനിപ്പിച്ചു. അദ്ദേഹത്തിൻെറ ഭീമമായ അപ്രാപ്തികൊണ്ടു് രാജ്യകാര്യമൊന്നും ശരിയായവിധം നടക്കുന്നില്ലെന്നുമാത്രമല്ല, അദ്ദേഹം തൻെറ സ്വന്തം കീഴുദ്യോഗസ്ഥന്മാരുടെ പരിഹാസത്തിനുംകൂടി പാത്രീഭവിച്ചിരിക്കുന്നു. ക്ഷാമത്താൽ കരംകൊടുക്കാൻ സാധിക്കാതെ വന്നിട്ടുള്ള പൗരരുടെ വസ്തുക്കളെ റവന്യൂഉദ്യോഗസ്ഥന്മാർ ലേലം ചെയ്യിപ്പിച്ചു് അവരെ കൊല്ലാതെ കൊല്ലിക്കുന്നതു താൻ കാണുന്നില്ലെന്നു് അദ്ദേഹം നടിക്കുന്നു. ഇതൊന്നും പോരാഞ്ഞിട്ടു് നിയമസഭയുടെ അധികാരങ്ങളിലും തിരഞ്ഞെടുപ്പിലും അദ്ദേഹം കയ്യുവയ്ക്കുവാനും തുടങ്ങി. തിരഞ്ഞെടുപ്പു നടത്തേണ്ടവരായ സർക്കാരുദ്യോഗസ്ഥന്മാരെ കക്ഷിപിടിച്ചു പക്ഷപാതപൂർവ്വമായി പ്രവർത്തിക്കുവാൻ അദ്ദേഹം അനുവദിച്ചു എന്നു തന്റെ അനുഭവംകൊണ്ടും മറ്റും മി. ഈ. വി. കൃഷ്ണപിള്ള എം. എൽ. സി. പ്രസ്തുതയോഗത്തിൽവച്ചു പ്രസംഗിച്ചതു് ഇവിടെ

പ്രത്യേകംസ്മരണീയമാണ്. ഓരോ ഒഴികഴിവു പറഞ്ഞു് തന്റെ ഭരണത്തിനു പരമശത്രുക്കളായിത്തീരുന്ന നിയമസഭാസ്ഥാനാർത്ഥികളെ തരം കിട്ടുമ്പോഴെല്ലാം അദ്ദേഹം നിയമസഭയിൽനിന്നു് നിയമവിരുദ്ധമായി അകററിനിറുത്തി. ഇതു മി. കോട്ടൂർ കുഞ്ഞുകൃഷ്ണപിള്ള പ്രസ്തുത യോഗത്തിൽവച്ചു ചെയ്ത അതിശ്രദ്ധേയമായ പ്രസംഗത്തിൽ ചൂണ്ടിക്കാണിച്ചതുപോലെ അദ്ദേഹത്തിന്റെ കുപ്രസിദ്ധമായ ഭീരുത്വംമൂലം അദ്ദേഹം ചെയ്തതാണ്. ഇതിനുമുമ്പുതന്നെ കഴിഞ്ഞ ബഡ്ജററിലെ ചില വകുപ്പുകളിലേക്കുള്ള ചെലവിനങ്ങളെ നിയമസഭയുടെ വോട്ടിനിടാതെ നിയമവിരുദ്ധമായി അദ്ദേഹം തന്റെ സ്വന്തം അധികാരം പ്രയോഗിച്ചു പാസാക്കിയതായി പ്രഖ്യാപനം ചെയ്തതും ഇവിടെ സ്മരണീയമാണ്. വഴിതെറ്റിപ്പോലും ഒരു നല്ലകാര്യം ചെയ്യാതെയിരുന്നിട്ടുള്ള ഒരു ദിവാൻജി മി. വി. എസ്. മാത്രമാണ്. ഇത്തരം പ്രവൃത്തികൾ ചെയ്ത ഒരു ദിവാൻജിയെ ഉദ്യോഗത്തിൽനിന്നു പിരിച്ചുവിടണമെന്നു നിശ്ചയം പാസാക്കുവാൻ അടിമകളിൽ അടിമകളായ ഈ നാട്ടാർക്കു് ഇപ്പോഴെങ്കിലും തോന്നിയതു വഞ്ചിനാട്ടിന്റെ ഭാഗ്യമെന്നേ പറയേണ്ടു. ചേർത്തലയിലെ മഹായോഗത്തിൽ പാസാക്കിയ നിശ്ചയങ്ങൾ നടപ്പിൽ വരുത്തിക്കുവാനുള്ള ചില മാർഗ്ഗങ്ങളേക്കൂടി ഞങ്ങൾ നിർദ്ദേശിച്ചുകൊള്ളട്ടെ. ചേർത്തലയോഗം നിയമിച്ച നിവേദകസംഘം മററുള്ള താലൂക്കുകളിലും ഇത്തരം യോഗങ്ങൾ വിളിച്ചുകൂട്ടുവാൻ ശ്രമിക്കണം. എന്നിട്ടു് ഒരു അഖിലതിരുവിതാംകൂർ ഡെപ്യൂട്ടേഷൻ പൊളിററിക്കൽ ഏജന്റുമുഖേന ഇന്ത്യാഗവമ്മെൻറിനെ തങ്ങൾ ആവശ്യപ്പെടുന്നതു ധരിപ്പിക്കണം. ഗവമ്മെൻറിന്റെപേരിൽ ചേർത്തലതിരഞ്ഞെടുപ്പു സംബന്ധിച്ചു് ഒരു നഷ്ടവ്യവഹാരം കൊടുക്കുവാൻ മി. ഗോപാലകൃഷ്ണനെ വഞ്ചിവാസികൾ സകലരും പണംകൊണ്ടു സഹായിക്കണം. നിയമസഭയുടെ ആദ്യത്തെ യോഗത്തിൽതന്നെ ചേർത്തല തിരഞ്ഞെടുപ്പിനെ സംബന്ധിച്ചു് അടിയന്തിരപ്രമേയങ്ങൾ അനുദ്യോഗസ്ഥസഭാംഗങ്ങൾ കൊണ്ടുവരണം. അതു വല്ല സാങ്കേതികതടസ്സം പറഞ്ഞു തള്ളിക്കളയട്ടെ. എന്നാലും അതു കൊണ്ടുവരുന്നതുകൊണ്ടു് ജനങ്ങളുടെ മനസ്ഥിതി അധികാരികളെ മനസ്സിലാക്കിപ്പിക്കാവുന്നതാണ്. ബഡ്ജറ്റിലെ ചെലവു് ഒന്നുംതന്നെ നിയമസഭാപ്രാതിനിധ്യസ്വാതന്ത്ര്യത്തിന്റെ ഈ ഭഞ്ജനം നിലനില്ക്കുന്നിടത്തോളം കാലം അനുദ്യോഗസ്ഥന്മാർ അനുവദിച്ചുകൊടുക്കരുതു്. ഗവമ്മെൻറു നിയമിച്ച മെംബർമാരുടേയും സക്കാർമച്ചവികളായ അനുദ്യോഗസ്ഥസഭാംഗങ്ങളുടേയും സഹായത്തോടെ ബഡ്ജററ് പാസാക്കിക്കൊള്ളട്ടെ. കഴിയുന്നതും വേഗത്തിൽ മേൽപറഞ്ഞ മാർഗ്ഗങ്ങളെല്ലാം പരീക്ഷിച്ചുനോക്കിയതിനുശേഷം കടശിക്കയ്യായി പ്രസ്തുത യോഗത്തിലെ അദ്ധ്യക്ഷനായ മി. പത്മനാഭമേനോൻ ചൂണ്ടിക്കാണിച്ചതു് അനുസരിച്ചു് ബ്രിട്ടീഷ്ഇൻഡ്യയിൽ നടന്നതുപോലെ സഹനസമരം തുടങ്ങുവാൻ ചേർത്തലക്കാർ സന്നദ്ധരാകുകയും വേണം.

കേസരി, 1931 ജൂൺ 10

# മഹാരാജാവിനോട്

[ഭരണഭാരമേല്ക്കുമ്പോൾ ഒരു ബാലനായിരുന്ന ചിത്തിരതിരുനാൾ മഹാരാജാവിന്ന് പക്വമതിയും സംസ്കാരസമ്പന്നനുമായ ഒരു രാജ്യതന്ത്രജ്ഞനെപ്പോലെ ബാലകൃഷ്ണപിള്ള 1931 ഒക്ടോബർ 14-ാം തീയതിയിലെ ഒരു മുഖപ്രസംഗംവഴി നല്കിയ ഉപദേശങ്ങളാണ് താഴെച്ചേർക്കുന്നതു്.]

പ്ലേറേറായുടെ കാലംമുതൽക്കു രാജാക്കന്മാരുടെ സ്വഭാവത്രുപവൽക്കരണത്തിനും അവരെ ഉപദേശിച്ചു നന്നാക്കുവാനും തത്വജ്ഞാനികളും മററും പ്രയത്നിച്ചിട്ടുണ്ടെങ്കിലും അവ പ്രായേണ നിഷ്ഫലമായിട്ടാണു കലാശിച്ചിട്ടുള്ളതു്. ഈ മഹാന്മാരുടെ ഉദ്യമങ്ങൾ പ്രയോജനശൂന്യമായി പരിണമിച്ചിട്ടും ഉപദേശംകൊണ്ടു പുറപ്പെടുന്നതിന്നു് അല്പപ്രജ്ഞരായ ഞങ്ങൾ മുതിരുന്നതു് അതിയായ ധാർഷ്ട്യമാണെന്നു തോന്നുമെങ്കിലും അതിനുദ്യമിക്കാതെയിരിക്കുവാൻ ഞങ്ങളുടെ പൊതുജനങ്ങളോടുള്ള കർത്തവ്യവും പ്രസാദാത്മകത്വവും ഞങ്ങളെ അനുവദിക്കുന്നില്ല. ചിത്തിരതിരുനാൾ മഹാരാജാവിൽനിന്നു പലതും പൊതുജനങ്ങൾ പ്രതീക്ഷിക്കുന്നുണ്ടു്. അവ അദ്ദേഹം അറിഞ്ഞിരിക്കേണ്ടതുമാണു്. ഉത്തരവാദഭരണസ്ഥാപനം, പൗരരുടെ മൗലികാവകാശസംരക്ഷണപ്രഖ്യാപനം, കുപ്രസിദ്ധമായ വർത്തമാനപ്പത്രറഗുലേഷനെ റദ്ദ്ചെയ്യുക, സാമുദായിക അസമത്വങ്ങളുടെ ഉച്ചാടനം, പൗരാവകാശസമത്വസ്ഥാപനം, വർഗ്ഗീയമായ സമവീക്ഷണം, മിതവ്യയം, രാജസേവകരിൽനിന്നു് അകൽച്ച, ജനങ്ങളുടെ ആത്മാഭിമാനത്തിനു് ഇടിവുണ്ടാക്കുന്ന ആചാരങ്ങളുടെ പരിത്യാഗം, പൊതുജനാഭിപ്രായഗതി സദാ മനസ്സിലാക്കുക, സാമാന്യമായി ജനങ്ങളുടെ ഐശ്വര്യപോഷണത്തിൽ ഏകതാനത എന്നിവയാണു് ചിത്തിരതിരുനാൾ മഹാരാജാവിൽനിന്നു മുഖ്യമായി പ്രതീക്ഷിക്കുന്നതു്. എത്ര നല്ലതായ സ്വേചരാഭരണവും ഇന്നത്തെ മനുഷ്യരുടെ മനസ്ഥിതിക്കു ചേരുന്നതല്ലാത്തതിനാലും രാജാധികാരം വർദ്ധമാനമായി നിലംപതിച്ചുകൊണ്ടിരിക്കുന്നതിനാലും പൊതുജനഹിതത്തെയും ആത്മരക്ഷയേയും പുരസ്കരിച്ചു മഹാരാജാവു് കഴിയുന്നതും വേഗത്തിൽ ഉത്തരവാദഭരണം തിരുവിതാംകൂറിൽ സ്ഥാപിക്കേണ്ടതാണു്. പത്രറഗുലേഷൻ സ്ഥാനാരോഹണത്തോടുതന്നെ റദ്ദുചെയ്യില്ലെങ്കിൽ റീജൻസിക്കു പററിയ ഭീമമായ പരാജയം മഹാരാജാവിനും സംഭവിക്കുകതന്നെ ചെയ്യും. സാമുദായികസമത്വസ്ഥാപനത്തിൽ അയിത്തോച്ചാടനവും, സഞ്ചാരസ്വാതന്ത്ര്യവും ക്ഷേത്രപ്രവേശനവും ഉൾപ്പെടും. പ്രാചീന യവനരാജാവായ ഫിലിപ്പ് ഒരിക്കൽ ഒരു നല്ല സ്ഥാനത്തു യാത്രാമദ്ധ്യേ പാളയം അടിക്കുവാൻ ഭാവിച്ചപ്പോൾ, ആ സ്ഥലത്തു് ചുമട്ടുകഴുതകൾക്കു തിന്നുവാൻ പുല്ലില്ലാസ്സയാൽ

അവിടെ പാളയം അടിക്കുന്നതു നന്നല്ലെന്നു മന്ത്രിമാർ അറിയിക്കുകയും, ഇതുകേട്ടു കുപിതനായി, "എന്റെ ദൈവമേ! നമ്മുടെ കഴുതകളുടെ സൗകര്യത്തെ ലാക്കാക്കി നാം ജീവിക്കണമെന്നു വരുന്നെങ്കിൽ, പിന്നെ നമ്മുടെ ജീവിതംകൊണ്ടു പ്രയോജനമെന്തു്?" എന്നു ഫിലിപ്പ് പറഞ്ഞതായും പ്ലൂട്ടാർക്ക് പറയുന്നുണ്ടു്. ഫിലിപ്പിന്റെ മനസ്ഥിതി വെച്ചുകൊണ്ടിരുന്നാൽ മഹാരാജാവിന്റെ ഭരണം നിശ്ചയമായും ഇന്നത്തെ സ്ഥിതിക്കു ഭീമമായ പരാജയത്തിൽ കലാശിക്കും. തന്റെ കഴുതകളുടെ തന്റെ ഏററവും നികൃഷ്ടനായ പ്രജയുടെ സൗകര്യത്തെ പുലർത്തത്തക്ക ജീവിതമാണു മഹാരാജാവു നയിക്കേണ്ടതു്. ഈയിടെ ചിത്തിരതിരുനാൾ മഹാരാജാവു് പുലയനേതാക്കന്മാരിൽ ഒരാളായ മി. അയ്യൻകാളിയെ കവിടിയാർകുന്നുകൊട്ടാരത്തിൽ ചെന്നു തന്നെ സന്ദർശിക്കുന്നതിനു് അനുവദിച്ചു എന്നു് ഒരു ശ്രുതി ഞങ്ങൾ കേൾക്കുകയുണ്ടായി. ഇതു വാസ്തവമാണെങ്കിൽ പരിഷ്കൃത മനസ്ഥിതിയാണു് ഈ സംഭവം സൂചിപ്പിക്കുന്നതു്. ഇതു വിസ്തൃതമാക്കി അയിത്തം താൻതന്നെ പരിത്യജിച്ചും അയിത്തം ആചരിക്കുന്നവരെ മഹാത്മാഗാന്ധി വട്ടമേശസമ്മേളനത്തിൽവച്ചു് ആവശ്യപ്പെട്ടതുപോലെ, ക്രിമിനലായി ശിക്ഷിക്കുന്ന നിയമം ഉണ്ടാക്കിപ്പിച്ചും ക്ഷേത്രപ്രവേശന സ്വാതന്ത്ര്യവിളംബരം പ്രസിദ്ധപ്പെടുത്തിയും മററും മഹാരാജാവു തന്റെ ഏററവും എളിയ പ്രജകളുടെ ക്ഷേമത്തേയും ആത്മാഭിമാനത്തേയും പുലർത്തേണ്ടതാണു്. പൗരാവകാശ സമത്വസ്ഥാപനനയം പ്രഖ്യാപനം ചെയ്താൽ പോരാ, അതു വേഗത്തിൽ പ്രായോഗികമാക്കുവാൻ വേണ്ട ഏർപ്പാടുകളുംകൂടി ചെയ്തേ തീരൂ. മതപക്ഷപാതമോ, ചാർച്ചയും വേഴ്ചയുംകൊണ്ടുള്ള പക്ഷപാതമോ മഹാരാജാവിനെ തീണ്ടിക്കൂടാ. കഴിയുന്നിടത്തോളം ആഡംബരരഹിതമായ ജീവിതം നയിച്ചു് താൻ ചെലവാക്കുന്ന പണം പൊതുജനങ്ങൾ കഷ്ടപ്പെട്ടുണ്ടാക്കുന്നതാണെന്നു തനിക്കു ബോധമുണ്ടെന്നു് അവരെ ധരിപ്പിക്കണം. രാജഭരണത്തിനോടുള്ള ഇന്നത്തെ വൈപരീത്യത്തിനു് ഒരു കാരണം ജനങ്ങളുടെ ആത്മാഭിമാനത്തിനു ക്ഷതമുണ്ടാക്കുന്ന "അടിയൻ" മൂളലുകളും "തിരുമനസ്സു" വിളികളും പഞ്ചപുഛമടക്കി നിൽക്കലുകളും വലിച്ചുകീറിത്തൊഴുകലുകളുമടങ്ങിയ പഴയ ആചാരങ്ങളെ ജനങ്ങളിൽനിന്നു് ആവശ്യപ്പെടുന്നതാണു്. ഈയിടെ ചിത്തിരതിരുനാൾ മഹാരാജാവു് തിരുവനന്തപുരത്തുള്ള ചില സർക്കാർസ്ഥാപനങ്ങൾ സന്ദർശിച്ചപ്പോൾ അവയുടെ മേലധികാരികളായ ചില ഉദ്യോഗസ്ഥന്മാർ മൂക്കിൽ വിരലും തള്ളി പഞ്ചപുഛമടക്കി കിടുകിടാ വിറയ്ക്കുന്ന ഭാവവും ഗദ്ഗദവും നടിച്ചു തറയോളം കുനിഞ്ഞു മഹാരാജാവിന്റെ പിന്നാലെ പോയിയെന്നു ഞങ്ങൾ അറിയുന്നു. മനുഷ്യരുടെ ആത്മാഭിമാനത്തെ ഹനിക്കുന്നതും കാപട്യം നിറഞ്ഞതുമായ ഇത്തരം ബഹുമാനപ്രദർശനങ്ങളോടു തനിക്കു വെറുപ്പാണു തോന്നുന്നതെന്നു മഹാരാജാവു പ്രത്യക്ഷപ്പെടുത്തേണ്ടതാണു്. അതുപോലെതന്നെ ഞങ്ങൾ അന്യത്ര ചേർത്തിട്ടുള്ള ഒരു പൗരനാദം ലേഖനത്തിൽ വിവരിച്ചിട്ടുള്ളതുപോലെ ചിത്രോത്സവം കേമമായി നടത്തി സേവപിടിക്കാൻ ശ്രമിക്കുന്ന ക്യൂറേട്ടരെപ്പോലെയുള്ള ഉദ്യോഗസ്ഥ

ന്മാരെ മഹാരാജാവു് ഒരു പാഠം പഠിപ്പിക്കുകയാണു വേണ്ടതു്. രാജസേവകരാണു രാജാധികാരത്തോടുള്ള വെറുപ്പിനു മറെറാരു കാരണം. കൊട്ടാരങ്ങളെ നാററിക്കുന്ന സേവകർ ബന്ധുക്കളായാലും ശരി, അന്യരായാലും ശരി അവരെ അകററിനിറുത്തുകതന്നെ വേണം. ഹിതഭാഷണവും സ്തുതിപാഠകത്വവുംകൊണ്ടു് അടുത്തുകൂടുന്നവരെ പരിത്യജിച്ചു് ഉള്ളതുതുറന്നു മുഖംനോക്കാതെ പറയുന്നവരുടെ വാക്കുകളാണു് മഹാരാജാവു ശ്രവിക്കേണ്ടതു്. പൊതുജനാഭിപ്രായഗതി മനസ്സിലാക്കുന്നതിനു വിദേശപത്രങ്ങൾ വായിച്ചാൽ പോരാ, നാടൻപത്രങ്ങളെല്ലാംതന്നെ വായിച്ചാലേ മതിയാവൂ. ഗവമ്മെൻറിനെ എതിർക്കുന്ന പത്രങ്ങളിൽ മഹാരാജാവു പ്രത്യേകം ശ്രദ്ധപതിപ്പിച്ചു് അവയുടെ ആക്ഷേപങ്ങൾ മനസ്സിലാക്കി അവ ന്യായമാണെന്നു സ്വതന്ത്രചിന്തയിൽ തോന്നുന്നു എങ്കിൽ അവ പരിഹരിക്കുവാൻ നോക്കണം. ശത്രുവിൻെറ ദൃഷ്ടിയിൽക്കൂടി മാത്രമേ മനുഷ്യക്കു തങ്ങളുടെ കുററങ്ങളും കുറവുകളും മനസ്സിലാക്കുവാൻ കഴിയുകയുള്ളു എന്ന പരമാത്ഥം മഹാരാജാവു സദാ ഓമ്മിക്കണം. വെള്ളത്തൊലിക്കാരെ തൻെറ സമന്മാരായിട്ടും കറുത്ത നാട്ടുകാരെ തന്നെക്കാൾ താഴ്ന്നവരായിട്ടും മഹാരാജാവു് ഒരിക്കലും കരുതരുതു്. നിറമേതായാലും, വർഗ്ഗമേതായാലും, മതമേതായാലും, തൊഴിലേതായാലും എല്ലാവരും തന്റെ സമന്മാരാണെന്നേ താൻ വിചാരിക്കുന്നുള്ളു എന്നു മഹാരാജാവു വ്യക്തമായി പ്രത്യക്ഷപ്പെടുത്തണം. ഇതിനും തന്നോടു കപടബഹുമാനം കാണിക്കുന്നവരെ ഒരു പാഠം പഠിപ്പിക്കുവാനും ഉപകരിക്കുന്ന ഫലിതരസം ചിത്തിരതിരുനാൾ മഹാരാജാവിനു് ഉണ്ടോ എന്നു് ഞങ്ങൾക്കു് അറിയുവാൻ പാടില്ല. ഇംഗ്ലണ്ടിലെ എഡ്വേർഡ് ഏഴാമൻ തൻെറ ഇരിപ്പുമുറിയിൽ അതിയായ ഭക്തിബഹുമാനങ്ങൾ പ്രദർശിപ്പിച്ചുകൊണ്ടു മന്ദംമന്ദം പ്രവേശിച്ച ഒരാളോടു് വലിയ ഭക്തിബഹുമാനം സ്ഫുരിക്കുന്ന സ്വരത്തിൽ “ആ കസേര കണ്ടോ? അതിലാണു് ജാൺ ബേൺസ് (ഒരു തൊഴിലാളിനേതാവു്) ഇരുന്നിരുന്നതു്” എന്നു പറഞ്ഞതായി ഒരു കഥയുണ്ടു്. ഇതുപോലെ പഞ്ചപുഛമടക്കി തൻെറ മുമ്പിൽ പ്രവേശിക്കുന്ന ആഢ്യന്മാരോടു് “നോക്കൂ, ആ കസേര കണ്ടോ? അതിലാണു് പുലയനേതാവായ മി. അയ്യൻകാളി ഇരുന്നിരുന്നതു്!” എന്നുംമററും ചിത്തിരതിരുനാളിനു പറയുവാൻ സാധിച്ചിരുന്നെങ്കിൽ മേൽപ്പറഞ്ഞ നികൃഷ്ടമായ ആചാരങ്ങൾ വേഗത്തിൽ നശിക്കുമായിരുന്നു. സ്വഭാവത്തെ ചീത്തയാക്കുന്ന പരിതസ്ഥിതികളുള്ളതും അടിമകളും സ്തുതിപാഠകരും സ്വാത്ഥികളും നിറഞ്ഞതുമായ കൊട്ടാരംജീവിതത്തിൻെറ പിടിയിൽനിന്നു രക്ഷപ്പെടുവാൻ വളരെ അധികം പ്രയാസമാണെന്നുള്ള പരമാത്ഥം ഞങ്ങൾക്കു നല്ലപോലെ അറിയാവുന്നതാണു്. പ്രയാസപ്പെട്ടെങ്കിലും അതിൻെറ പിടിയിൽനിന്നു രക്ഷപ്രാപിക്കുവാൻ മഹാരാജാവു ഭഗീരഥപ്രയത്നം ചെയ്യണമെന്നാണു് ഞങ്ങളുടെ അപേക്ഷ.

കേസരി, 1931 ഒക്ടോബർ 14

# മൂപ്പേൽപ്പ്

[ശ്രീചിത്തിരതിരുനാൾ മഹാരാജാവ് സിംഹാസനാരോഹണം ചെയ്യുമ്പോൾ ഭരണാധികാരി എന്ന നിലയിൽ അദ്ദേഹം സ്വീകരിച്ച ആദ്യനടപടികളെ ബാലകൃഷ്ണപിള്ള മിതസ്വരത്തിൽ വിമർശിക്കുന്നു.]

ഒരാളെപ്പററി മനുഷ്യക്ക് തോന്നുന്ന പ്രഥമാഭിപ്രായം എളുപ്പത്തിൽ മാഞ്ഞുപോകുന്നതല്ല. ഈ അഭിപ്രായത്തെ ഖണ്ഡിക്കുവാൻ പര്യാപ്തമായ കാരണങ്ങൾ പിന്നീട് ഉണ്ടാകുന്നു എന്നുവന്നാലും ആദ്യത്തെ അഭിപ്രായം മനുഷ്യരുടെ ഉപബോധമനസ്സിൽ (sub conscious mind) ഒളിച്ചുകിടന്നു് അതു് അവരുടെ വീക്ഷണകോണിനെ തന്നത്താനറിയാതെകണ്ടു്, യുക്തിയേയും വിഗണിപ്പിച്ചു് ഭേദപ്പെടുത്തുകതന്നെ ചെയ്യും. ഈ മാനസികതത്വം അറിയാവുന്നവക്ക് മൂപ്പേൽക്കുവാൻപോകുന്ന ചിത്തിരതിരുനാൾ മഹാരാജാവിന്റെ പ്രഥമപ്രവൃത്തികളുടെ സവ്വപ്രാധാന്യം അനായാസേന ഗ്രഹിക്കുവാൻ കഴിയുന്നതാണു്. മഹാരാജാവിന്റെ പ്രഥമരാജകീയപ്രവൃത്തി മൂപ്പേൽപ്പുദർബാറിൽവച്ചു ചെയ്യുന്ന പ്രസംഗമാണല്ലോ. ഈ പ്രസംഗത്തിൽ താൻ തന്റെ പ്രജകൾക്കു നൽകുന്നതോ, താമസംവിനാ നൽകുവാൻ നിശ്ചയിച്ചിരിക്കുന്നതോ ആയ അനുഗ്രഹങ്ങളും താൻ സ്വീകരിക്കുവാൻ നിശ്ചയിച്ചിട്ടുള്ള നയവും രാജാക്കന്മാർ പ്രഖ്യാപനം ചെയ്യുന്നതു് പതിവാണല്ലോ. ഈ അവസരത്തിൽ ജനങ്ങളുടെ ഹൃദയങ്ങളേയും ഭാവനാശക്തിയേയും ഒന്നുപോലെ ഇളക്കുന്ന അനുഗ്രഹങ്ങൾ പ്രജകൾക്കു ദാനംചെയ്താൽ ആദ്യമേതന്നെ മഹാരാജാവിനു് ജനങ്ങളുടെ അനുകൂലമായ അഭിപ്രായം നേടാവുന്നതാണു്. ഈ പ്രഥമ അനുകൂലഅഭിപ്രായം തന്റെ ഭരണത്തിന്റെ വിജയത്തിനു് അത്യധികം സഹായമായിത്തീരുകയും ചെയ്യും. തടവുകാരെ വിലങ്ങുവെട്ടി വിട്ടയയ്ക്കുക മുതലായ ചടങ്ങ് അനുഗ്രഹങ്ങൾകൊണ്ടു് ഇന്നത്തെ സ്ഥിതിക്കു പ്രസ്തുത അനുകൂലഅഭിപ്രായം നേടുവാൻ സാധിക്കുകയില്ല. ഇപ്പോൾ കേൾക്കുന്ന കേൾവികൾപ്രകാരം പട്ടാളത്തിൽ സകലജാതിമതസ്ഥരേയും ചേക്കുന്നതും ഇംഗ്ലണ്ടിൽപോയി തിരിച്ചുവന്നവക്കു ക്ഷേത്രപ്രവേശനമനുവദിക്കുന്നതും മൂപ്പേൽപ്പനുഗ്രഹങ്ങളിൽ ഉൾപ്പെടുന്നുണ്ടു്. മററന്തെല്ലാമുണ്ടെന്നു് ആ പ്രസംഗം കഴിഞ്ഞേ അറിയാവൂ. ഈ അനുഗ്രഹങ്ങൾ ഒട്ടുംതന്നെ മേൽപറഞ്ഞ അനുകൂലാഭിപ്രായം ജനിപ്പിക്കുന്നതിനു മതിയാകുന്നതല്ല. ഇന്നത്തെ സജീവപ്രശ്നങ്ങളിൽ പ്രധാനമായവയ്ക്കു പരിഹാരമോ കാലവിളംബമെന്യേ പരിഹാരമുണ്ടാക്കാമെന്നു പ്രതിജ്ഞകളോ മൂപ്പേൽപ്പുപ്രസംഗത്തിൽ ഉണ്ടായിരിക്കേണ്ടതാണു്. ഉത്തരവാദിത്വഭരണസ്ഥാപനം, സാമുദായികസമത്വസ്ഥാപനം, ക്ഷേത്രപ്രവേശനം, വഗ്ഗീയകലഹശമനം, പത്ര

പ്രവത്തനസ്വാതന്ത്ര്യം, സാമ്പത്തികോന്നമനം മുതലായവ ഈ പ്രധാന സജീവപ്രവത്തനങ്ങളിൽ ഉൾപ്പെട്ടന്നതാണ്. മൂപ്പേല്പാഘോഷം സംബന്ധിച്ചുള്ള ഒരുക്കങ്ങളും നിയമനങ്ങളും മററും കണ്ടിട്ട് ഇന്നത്തെ സ്ഥിതിക്ക് അനുയോജ്യമായ മനസ്ഥിതിയല്ല മഹാരാജാവിൻെറ ഉപദേശകക്കുള്ളതെന്ന് ഞങ്ങൾക്ക തോന്നുന്നു. ആഡംബരവും അധികച്ചെലവും കൊണ്ടല്ല, ലഘുജീവിതംകൊണ്ടാണ് ഇന്നത്തെ സ്ഥിതിക്ക ജനങ്ങളുടെ ഭാവനാശക്തിയെ ഇളക്കുവാൻ സാധിക്കുന്നതു്. അതാണ് ഇന്ന് അവക്ക രുചിക്കുന്നതും. ഒട്ടധികം എയിഡ്ഡികാങ്ങുകളെ ഈയ്യിടെ നിയമിച്ചതായിക്കാണുന്നു. ഇതും മറ്റു ചില സംഗതികളും ഉത്തരഇൻഡ്യയിലെ പഴയ രീതിയിലുള്ള വിപുലമായ രാജകീയ ആഡംബരങ്ങളെ അനുകരിക്കുന്ന മനസ്ഥിതിയാണു സൂചിപ്പിക്കുന്നതു്. കൂടുതൽ എയിഡ്ഡികാങ്ങുകളെ നിയമിച്ചേ തീരൂ എന്നുണ്ടെങ്കിൽത്തന്നെ വഗ്ഗീയ സമത്വസ്ഥാപനത്തിനു മാതൃകയായിത്തീരത്തക്കവണ്ണം ഒരു ക്രിസ്ത്യാനിയേയും ഒരു ഈഴവനേയും ഒരു മുസ്ലിമിങ്ങിടനേയും മററും പുതിയ എയിഡ്ഡികാങ്ങുകളായി നിയമിക്കാമായിരുന്നു. നേരേമറിച്ച് ഇപ്പോഴത്തെ പുതിയ നിയമനങ്ങളും മുമ്പുള്ളവരെപ്പോലെ സവണ്ണഹിന്ദുക്കളിൽനിന്നാകുന്നു. ഒരു സുവണ്ണാവസരം ഇങ്ങനെ പാഴാക്കിക്കളയുവാൻ ഉപദേശിച്ചവക്ക് ഭരണവിജയത്തിന് അപരിത്യാജ്യമായ ഭാവനാശക്തിയുടെ കണികപോലുമില്ലെന്നു പറയാതെ ഗത്യന്തരമില്ല. അഭൂതപൂവ്വമായ ക്ഷാമംനിമിത്തം കരംകൊടുക്കുവാൻപോലും നിവൃത്തിയില്ലെന്നു പറയുകയും തൽസമയത്തുതന്നെ മൂപ്പേല്പാഘോഷം സംബന്ധിച്ച് അനാവശ്യമായി ധാരാളം പണം ചെലവാക്കാൻ സന്നദ്ധരാകുകയും ചെയ്യുന്ന ഈ നാട്ടിലെ പൗരാവലിയുടെ പരസ്പരവിരുദ്ധമായ വാക്കും പ്രവൃത്തിയും കണ്ടു് മൂപ്പേൽക്കുന്ന അവസരത്തിൽ കരമിളവു ചെയ്തുകൊടുക്കുവാൻ മഹാരാജാവു് തയ്യാറില്ലെങ്കിൽ അതിന് അദ്ദേഹത്തെ ന്യായമായി പഴിക്കുവാൻ പാടില്ല. എന്നാലും ജനങ്ങളുടെ ഈ ബാലിശമായ ചാപല്യങ്ങളെ വിസ്മരിച്ച് കരമിളവും മററു സാമ്പത്തിക അനുഗ്രഹങ്ങളും ചെയ്തുകൊടുത്തു് ചിത്തിരതിരുനാൾ മഹാരാജാവിന് താൻ ബാലനാണെങ്കിലും തനിക്ക ബാലിശത്വമില്ലെന്നു പ്രജകളെ മനസ്സിലാക്കാവുന്നതാണ്. യഥാത്ഥത്തിൽ ക്ഷാമബാധിതരായ പൗരാവലിക്ക് ഇതു് ഒരു വലിയ അനുഗ്രഹമായും തീരും. പൊതുമരാമത്തുവകുപ്പിന് അനുവദിച്ചിട്ടുള്ള പതിവിൽ കുറച്ചുള്ള തുകയിൽപ്പോലും ആറുലക്ഷം ക. കുറച്ചു മൂപ്പേല്പാഘോഷവും മററും കൊണ്ടാടുവാൻ നിശ്ചയിച്ചിരിക്കുന്ന ഗവമ്മെൻറുനയത്തെ ഞങ്ങൾ സവ്വശക്തികളും ഉപയോഗിച്ച് ആക്ഷേപിക്കുകയാണു ചെയ്യുന്നതെന്നും ഇവിടെ പറഞ്ഞുകൊള്ളട്ടെ. മറെറാരു കാര്യത്തിലും ചിത്തിരതിരുനാൾ മഹാരാജാവിന് ഒരു നവീനമനസ്ഥിതി കാണിക്കുവാൻ മൂപ്പേൽപ്പു ഡർബാർ അവസരം നൽകുന്നതാണ്. പുതിയ വൈസ്രായിയുടെ ഖ്യാതിയെ സംബന്ധിച്ച് ഈയ്യിടെ നടന്ന ഡർബാറിൽവച്ച് തങ്ങളെ കയ്യില്ലാത്ത കസേരകളിൽ ഉദ്യോഗസ്ഥവൃന്ദത്തിൻെറ പുറകിലിരുത്തി അപമാനിച്ചു എന്നും മററും അനുദ്യോഗ

സ്ഥനിയമസഭാംഗങ്ങൾ ഗവൎമ്മെന്റിന് എഴുതിയിരുന്നതായി ഞങ്ങൾ ഈ പംക്തികളിൽ പ്രസ്താവിച്ചിരുന്നല്ലോ. ഈ എഴുത്തിനു മറുപടി ഗവൎമ്മെന്റ് ഇതേവരെ കൊടുത്തിട്ടില്ലെന്നും ഇതുകൊണ്ടു് ആ പ്രതിഷേധക്കത്തെഴുതിയവരിൽ ചിലർ ധൎമ്മസങ്കടത്തിലായിരിക്കുന്നു എന്നും ഒരു കേൾവിയുണ്ടു്. തങ്ങളുടെ പ്രതിഷേധംനിമിത്തം ഇതിനു് അനുകൂലമായ മറുപടി ലഭിച്ചില്ലെങ്കിൽ അവൎക്ക് മൂപ്പേൽപ്പുഡർബാറിന് ആത്മാഭിമാനപൂൎവ്വം പോകുവാൻ പാടില്ല. അതിനു പോകാതെയിരുന്നാൽ മൂപ്പേൽപ്പുഡർബാറിനെ അമംഗളമാക്കുമെന്നും അവർ ഭയപ്പെടുന്നു. ഇവിടെ ധൎമ്മസങ്കടത്തിന് അവകാശമില്ലെന്നാണ് ഞങ്ങൾക്കു തോന്നുന്നതു്. പൊതുജനങ്ങളുടെ അംഗീകൃതരായ പ്രതിനിധികളെന്നനിലയിൽ ഇവർ ചെയ്ത ന്യായമായ പ്രതിഷേധത്തിന് അനുകൂലമായ മറുപടി ലഭിച്ചില്ലെങ്കിൽ പൊതുജനങ്ങളോടുള്ള ഇവരുടെ കൎത്തവ്യം മൂപ്പേൽപ്പുഡർബാറിനെ ബായ്ക്കാട്ടു ചെയ്യുന്നതാകുന്നു. ഇതു് ഇവരിൽ ചിലർ ചെയ്യാൻ നിശ്ചയിച്ചിരിക്കുന്നതായറിഞ്ഞു് അവരെ അഭിനന്ദിക്കുന്നു. ഇതു് ഉദ്യോഗസ്ഥന്മാരും അനുദ്യോഗസ്ഥന്മാരും തമ്മിൽ ഉള്ള ഒരു മല്ലുപിടിത്തമാകയാൽ മഹാരാജാവിന്റെനേൎക്ക് വ്യക്തിപരമായുള്ള ഒരു പ്രവൃത്തിയായി ഇതിനെ ആരും പരിഗണിക്കുകയില്ല. പിന്നെയും പൊതുജനപ്രതിനിധികളെന്ന നിലയിൽ ഇവൎക്ക് പൊതുജനങ്ങളുടെ അഭിമാനം സംരക്ഷിക്കേണ്ട കൎത്തവ്യം മറെറല്ലാ കടമകളിലും ഉപരിയായി നിൽക്കുന്നുണ്ടു്. ചിത്തിരതിരുനാൾ മഹാരാജാവിന് ഇവരുടെ പ്രതിഷേധത്തിന് അനുകൂലമായ മറുപടി നൽകി അസുഖത്തിന് ഇടകൊടുക്കാതെ മൂപ്പേൽപ്പുഡർബാർസന്ദർഭത്തിൽ തന്റെ നവീനമനസ്ഥിതി പ്രത്യക്ഷപ്പെടുത്താവുന്നതാണ്. തിരുവനന്തപുരത്തെ ചിത്രോത്സവക്കാർ മഹാരാജാവിനു മൂപ്പേൽക്കുമ്പോൾ പൊതുജനങ്ങളുടെ വകയെന്ന ഭാവത്തിൽ ഒരു മംഗളപത്രം സമൎപ്പിക്കുവാൻ പോകുന്നുണ്ടെന്നു് അറിയുന്നു. ഇതിൽ ഇന്നത്തെ മേൽപറഞ്ഞ പ്രധാന പ്രശ്നങ്ങൾക്കു് പരിഹാരം ഉണ്ടാക്കിത്തരണമെന്നു് മഹാരാജാവിനോടു് അപേക്ഷിക്കേണ്ടതാണ്. കേവലം മുഖസ്തുതികൊണ്ടാണു് മംഗളപത്രം നിറയ്ക്കുവാൻ ഇവർ നിശ്ചയിച്ചിരിക്കുന്നതെങ്കിൽ അതിൽ യോജിക്കാത്തവർ ഈ നാട്ടിൽ പലരും ഉണ്ടായിരിക്കുമെന്നും അവർ പ്രതിഷേധം പുറപ്പെടുവിക്കുവാൻ ഇടയുണ്ടെന്നും ഇവർ കാലേകൂട്ടി അറിഞ്ഞിരുന്നാൽക്കൊള്ളാം.

**കേസരി, 1931 നവംബർ 4**

# മൂപ്പേൽപ്പ്രസംഗം

[ശ്രീചിത്തിരതിരുനാൾ മഹാരാജാവു പ്രായപൂർത്തിയെത്തി ഭരണാധികാരം ഏറ്റെടുക്കുമ്പോൾ തിരുവിതാംകൂറിലെ ജനങ്ങൾക്കു ചില ഭരണപരിഷ്കാരങ്ങൾ വാഗ്ദാനം ചെയ്യുകയും, സർ സി. പി. രാമസ്വാമിഅയ്യരെ നിയമോപദേഷ്ടാവായി നിയമിച്ചിരിക്കുന്നതായി പ്രഖ്യാപിക്കയും ഉണ്ടായി. ''Our trusted friend and ally'' എന്ന പദങ്ങൾകൊണ്ടാണ് മഹാരാജാവ് സർ സി. പി. യെ വിശേഷിപ്പിച്ചിരുന്നത്. ഈ പ്രസംഗത്തേയും സർ സി. പി. യുടെ നിയമനത്തേയും പററി 1931 നവമ്പർ 11-ാം തീയതി കേസരി പ്രസിദ്ധപ്പെടുത്തിയ മുഖപ്രസംഗം.]

ശ്രീചിത്തിരതിരുനാൾ മഹാരാജാവിൻെറ മൂപ്പേൽപ്പ്രസംഗം തൃപ്തികരമാണെന്നു ഞങ്ങൾ വിചാരിക്കുന്നില്ല. ഇന്നത്തെ സ്ഥിതിക്കു യോജിച്ച മനസ്ഥിതി അതിൽ ഞങ്ങൾ ഏറിയകൂറും കാണുന്നില്ല. പ്രഥമദൃഷ്ടിയിൽ നേരേ മറിച്ചു തോന്നിക്കുമെങ്കിലും പ്രസംഗം സൂക്ഷ്മമായി അപഗ്രഥിച്ചുപഠിക്കുമ്പോൾ പ്രഥമാഭിപ്രായം ശരിയല്ലെന്നു സുവ്യക്തമാകുന്നതാണ്. ഒരു സ്വേച്ഛാധികാരിയുടെ സദ്ഭരണമല്ല, സ്വയംഭരണമാണ് ഇന്ന് അതിപ്രധാനമായി തിരുവിതാംകൂറുകാരും മററുള്ള നാട്ടുരാജ്യപ്രജകളും ആവശ്യപ്പെടുന്നത്. ഇതു മഹാരാജാവ് നല്ലപോലെ മനസ്സിലാക്കിയിട്ടില്ലെന്നു പ്രസ്തുത പ്രസംഗം വിളിച്ചുപറയുന്നു. താൻ നല്ല രീതിയിൽ ഭരിക്കുവാൻ ശ്രമിക്കാമെന്നല്ലാതെ ഭരണചുമതല പ്രജകൾക്ക് ഉടനടിയോ ക്രമേണയോ വിട്ടുകൊടുക്കാമെന്നു വാച്യമായോ, വ്യംഗ്യമായോ, പ്രസംഗത്തിൽ സൂചിപ്പിച്ചുകാണുന്നില്ല. സർ സി. പി. രാമസ്വാമിഅയ്യരുടെ നിയമനത്തെ ന്യായീകരിക്കുവാൻ വേണ്ടതു പറയുന്ന ഭാഗത്തിലും പ്രജാസഭാപരിഷ്കാരത്തെപ്പററി പറയുന്ന ഭാഗത്തിലും, മാത്രമേ ഭരണപരിഷ്കാരങ്ങളെപ്പററി സൂചിപ്പിച്ചിട്ടുള്ളൂ. ആദ്യം പറഞ്ഞ ഭാഗത്ത് ഫെഡറേഷനിൽ തിരുവിതാംകൂറിനു ലഭിക്കേണ്ട സ്ഥാനത്തെപ്പററിയും ഫെഡറൽ ഗവമ്മെൻറും തിരുവിതാംകൂറുമായുള്ള ഭരണബന്ധത്തെപ്പററിയും മാത്രമേ വിവക്ഷിച്ചിട്ടുള്ളൂ എന്നാണു ഞങ്ങൾ മനസ്സിലാക്കുന്നത്. ആഭ്യന്തരമായ ഭരണപരിഷ്കാരസൂചന ഇതിൽ ഉണ്ടെന്നുതന്നെ വിചാരിക്കുക. എന്നാൽപ്പോലും അതിനു തന്നെ ഉപദേശിക്കുവാനായി നിയമിച്ചിരിക്കുന്ന മാന്യൻെറ പൂർവ്വചരിത്രം അറിയാവുന്നവർ അദ്ദേഹത്തിൻെറ ഉപദേശപ്രകാരം തിരുവിതാംകൂർകാർക്ക് ഉത്തരവാദഭരണം കിട്ടുമോ എന്നു സംശയിക്കുകതന്നെ ചെയ്യും. ആഭ്യന്തരമായി ഉത്തരവാദഭരണം, പത്രപ്രവർത്തനസ്വാതന്ത്ര്യം ഉൾപ്പെട്ട മൗലികാവകാശപ്രഖ്യാപനം, അയിത്തോച്ചാടനം, ക്ഷേത്രപ്രവേശനസ്വാതന്ത്ര്യം മുതലായവ ഉൾപ്പെട്ട സാമുദായികസമത്വസ്ഥാപനം, കുടിയാന്മാരുടേയും

തൊഴിലാളികളുടേയും സംരക്ഷണം, വ്യയനിയന്ത്രണം, പബ്ലിക്‌സർവ്വീസിൽ യഥാൎത്ഥമായ പൗരസമത്വസ്ഥാപനം എന്നിവയും, ബാഹ്യമായി ഫെഡറൽ ഭരണഘടനയിൽ തിരുവിതാംകൂർ പ്രജകളുടെ പ്രതിനിധികൾക്ക് അവർ അർഹിക്കുന്ന സ്ഥാനലബ്ധി മുതലായവയും അവർ ആശിക്കുന്ന രാഷ്ട്രീയകാൎയ്യങ്ങളാകുന്നു. മലബാർ കുടിയാൻബില്ലിനു മദ്രാസ് ഗവൎണ്ണരുടെ അനുമതി കൊടുക്കുവാൻ സമ്മതിക്കാത്ത ദേഹവും, കുപ്രസിദ്ധമായ ഇന്നത്തെ ഇൻഡ്യൻപ്രസ്സ് ആക്ടിനെ തന്റെ അല്പകാലത്തേക്കുണ്ടായിരുന്ന ഇന്ത്യാഗവൎമ്മെന്റ ലാമെംബർ ഉദ്യോഗത്തിനിടയ്ക്കു പിന്താങ്ങിയ ഉദ്യോഗസ്ഥനും, കല്പാത്തി അഗ്രഹാരപ്രവേശനകാലത്തു് അവൎണ്ണൎക്കു പ്രതികൂലമായി പ്രവൎത്തിച്ച പരിഷ്കാരിയും, കൗൺസിൽ ഓഫ് സ്റ്റേററ് തെരഞ്ഞെടുപ്പിനു നിന്നപ്പോൾ ശാരദാ ആക്ടിനെ റദ്ദ് ചെയ്യിക്കാൻ ശ്രമിക്കാമെന്നു യാഥാസ്ഥിതികരായ സമ്മതിദായകരോടു പ്രതിജ്ഞചെയ്ത ഉല്പതിഷ്ണുവും, ഇൻഡ്യൻഭരണപരിഷ്കാരത്തെ സംബന്ധിച്ച് പ്രവിശ്യാഗവൎമ്മെന്റുകൾ എഴുതിയ മിനിട്ടുകളിൽവച്ച് യാഥാസ്ഥിതികത്വത്തിനു കുപ്രസിദ്ധിനേടിയ മദ്രാസ് ഗവൎമ്മെന്റിന്റെ മിനിട്ടു നിൎമ്മാണത്തിൽ ഉത്തരവാദിത്വമുള്ള ഭരണഘടനവിദഗ്ദ്ധനുമായ സർ സി. പി. രാമസ്വാമിഅയ്യരുടെ കൈയിൽ തിരുവിതാംകൂർകാരുടെ പ്രസ്തുത ആഭ്യന്തര രാഷ്ട്രീയമോഹങ്ങളെ നിറവേററിക്കൊടുക്കേണ്ട ഭാരം ഉത്തരവാദിത്വം ഇല്ലാതെ ഏല്പിക്കുകയാണെങ്കിൽ, അതു കോഴിയെ വളൎത്താൻ കുറുക്കനെ ഏല്പിക്കുന്നതുപോലെ പരിണമിക്കുവാനിടവന്നേക്കും. തിരുവിതാംകൂറിനു് അതു് അർഹിക്കുന്ന സ്ഥാനം ഫെഡറൽ ഇന്ത്യയിൽ നേടിക്കൊടുക്കുവാൻ സർ സി. പി. ക്ക് ഇന്നത്തെ സ്ഥിതിക്കു കഴിഞ്ഞേക്കുമെങ്കിലും ആ കൃത്യം അദ്ദേഹത്തിനു കൊടുക്കുവാൻ നിശ്ചയിച്ചിരിക്കുന്ന ശമ്പളത്തിൽ പത്തിലൊന്നു ശമ്പളമുള്ള ഒരു ശേഷിമാനായ ദിവാൻജിക്കും സാധിച്ചേക്കും. മഹാരാജാവിന്റെ പ്രതാപം വൎദ്ധിപ്പിക്കുന്നതല്ലാതെ തിരുവിതാംകൂർ പ്രജകൾക്കു ഫെഡറൽ ഭരണസ്ഥാപനങ്ങളിൽ അവർ അർഹിക്കുന്ന സ്ഥാനം സർ സി. പി. നേടിക്കൊടുക്കുമോ എന്നുള്ളതു സംശയകരമാണ്. പിന്നെയും സർ സി. പി. രാമസ്വാമിഅയ്യരുടെ അധികാരവും തിരുവിതാംകൂർ ദിവാൻജിയുടെ അധികാരവും തമ്മിലുള്ള ബന്ധമെന്താണെന്നു വ്യക്തമാക്കാത്തതിനാൽ അതിൽനിന്നു പല രാഷ്ട്രീയകുഴപ്പങ്ങളും കലഹങ്ങളും ഉണ്ടാകുവാനിടയുണ്ടു്. അനിശ്ചിതവും ഉത്തരവാദിത്വരഹിതവുമായി അദ്ദേഹത്തിനു നല്കിയിരിക്കുന്ന അധികാരം ദുരുപയോഗം ചെയ്യാനും ഇടയുണ്ടു്. കൂടാതെ സർ സി. പി. രാമസ്വാമിഅയ്യൎക്ക് ആണ്ടിൽ ശമ്പളവും സഞ്ചാരപ്പടിയും ഉൾപ്പെടെ ഒരുലക്ഷം രൂപാ കൊടുക്കുവാൻ പോകുന്നു എന്നു് ഒരു ശ്രുതിയുണ്ടു്. ഏതായാലും അരലക്ഷത്തിൽ കുറയാതെ അദ്ദേഹത്തിനു ശമ്പളം കൊടുക്കേണ്ടതായിവരും. ഈ ക്ഷാമകാലത്തു തിരുവിതാംകൂറിലെ കോശസ്ഥിതിക്കു് ഈ നിയമനം ഒട്ടുംതന്നെ യോജിക്കുന്നതല്ല. മഹാരാജാവു ചെലവു ചുരുക്കുന്നതാണെന്നു പ്രസംഗത്തിന്റെ ഒരുഭാഗത്തു പറഞ്ഞിട്ടുണ്ടെങ്കിലും അദ്ദേഹം സർ സി. പി. രാമസ്വാമിഅയ്യരുടെ

നിയമനത്തിൽ ചെയ്തിരിക്കുന്ന പ്രവൃത്തി തന്റെ പ്രഖ്യാപനത്തിനു വിപരീതമായിട്ടുള്ളതാണു്. സർ സി. പി. രാമസ്വാമിഅയ്യർ മഹാരാജാവിനു നിശ്ചയിച്ചിരുന്നതിലും നേരത്തെ രാജ്യഭരണാധികാരം കിട്ടുന്നതിൽ അത്യധികം സഹായിച്ചിട്ടുണ്ടെന്നുള്ള കാര്യം ഞങ്ങൾ വിസ്മരിക്കുന്നില്ല. ഇതിനു പ്രതിഫലമായി മഹാരാജാവിനു ചെല്ലംവക പണത്തിൽനിന്നും അദ്ദേഹത്തിനു് ഒരു നല്ല ഫീസ് കൊടുക്കാമായിരുന്നു. കൂടാതെ ഓരോ നിയമപ്രശ്നങ്ങളും ഭരണവ്യവസ്ഥ പ്രശ്നങ്ങളും ഉണ്ടാകുമ്പോൾ അവയെ സംബന്ധിച്ചുമാത്രം ഒരു വക്കീലിന്റെ നിലയിൽ അദ്ദേഹത്തെ ഏൾപ്പെടുത്താമായിരുന്നു. ഇങ്ങനെ ചെയ്യാതെ, കാലനിർണ്ണയമില്ലാതെ, അനിശ്ചിതഅധികാരവും ഭീമമായ ശമ്പളവും കൊടുത്തു് അദ്ദേഹത്തെ ഉപദേഷ്ടാവായി നിയമിച്ചതിനെ ആക്ഷേപിക്കാതെ ഗത്യന്തരമില്ല. സർ സി. പി. യെ എന്തു് ഉദ്യോഗപ്പേരിലെങ്കിലും തിരുവിതാംകൂറിന്റെ ഭരണത്തിന്റെ ഉത്തരവാദിത്വം മുഴുവനും ഏല്പിച്ചിരുന്നെങ്കിൽ ആ നിയമനം ഒരുവിധത്തിൽ ന്യായീകരിക്കാമായിരുന്നു. ഉത്തരവാദിത്വമില്ലാതെയുള്ള അധികാരം ദുരുപയോഗപ്പെടുത്തിയാൽ അങ്ങനെ ചെയ്യുന്ന ആളിൽ ഉത്തരവാദിത്വം ചുമത്തുവാനും തന്മൂലം മേലാലുള്ള ദുരുപയോഗം ചെറുക്കുവാനും സാധിക്കുകയില്ല. സർ സി. പി. ആഭ്യന്തരകാര്യങ്ങളിൽ ഉപദേശിക്കുകയില്ലെന്നു് ഇതെഴുതിയതിനു ശേഷം ഒരു അസോസിയേറഡ്പ്രസ്സ്‌വാർത്ത കാണുകയുണ്ടായി. സർ സി. പി. യുടെ നിലയും സ്വാധീനശക്തിയുമുള്ള ഒരാളുടെ ഉപദേശം ഏതു കാര്യത്തിലും സ്വീകരിക്കാതെയിരിക്കുവാൻ മഹാരാജാവിനു സാധിക്കുന്നതല്ല. സർ സി. പി. ദിവാൻജിയോടു വ്യയനിയന്ത്രണത്തെപ്പറ്റി ചില നിർദ്ദേശങ്ങൾ ചെയ്തു എന്നും വർഗ്ഗീയസന്ധിപദ്ധതി തയ്യാറാക്കുന്നു എന്നും അന്യത്ര ചേർത്തിട്ടുള്ള വാർത്തകൾ വാസ്തവമാണെങ്കിൽ ആഭ്യന്തരകാര്യത്തിൽ അദ്ദേഹം ഇടപെടുകയില്ലെന്നുള്ള വാർത്ത വിശ്വാസയോഗ്യമല്ല. പിന്നെയും ഉത്തരവാദഭരണസ്ഥാപനം മുതലായ ചില കാര്യങ്ങൾക്കു് ആഭ്യന്തരവും ബാഹ്യവുമായ വശങ്ങളുള്ളതിനാൽ ഈ വേർതിരിപ്പു് എല്ലായ്പോഴും പ്രയോഗത്തിൽ വരുന്നതല്ല. ഇങ്ങനെയുള്ള ഉപദേശങ്ങൾ ഉത്തരവാദിത്വമില്ലാതെ നല്കുന്നതിനിടകൊടുക്കുമെന്നുള്ളതാണു് ഈ നിയമനത്തിന്റെ മൗലികമായ ദൂഷ്യം. ഈ നിയമനത്തെ പ്രതിഷേധിച്ചു നാട്ടിന്റെ നാനാഭാഗങ്ങളിലും പൊതുജനയോഗങ്ങൾ കൂടേണ്ടതാണു്. പ്രജാസഭാപരിഷ്കാരം ഉണ്ടാകുമെന്നുകണ്ടു് ഞങ്ങൾ തെല്ലും സന്തോഷിക്കുന്നില്ല. തിരുവിതാംകൂറിന്റെ സ്ഥിതിക്കു് ഇവിടെ രണ്ടു സഭകൾ ഉണ്ടായിരിക്കേണ്ട ആവശ്യമില്ല. നിയമസഭയ്ക്കു് അതിവിപുലങ്ങളായ അധികാരം കൊടുക്കുകയും അതിന്റെ സമ്മതിദായകത്വം പ്രായപൂർത്തിവന്ന സകല പൗരക്കും മഹാരാജാവു നല്കുകയുമായിരുന്നു ചെയ്യേണ്ടതായിരുന്നതു്. പ്രജാസഭയ്ക്കു് അല്പസ്വല്പം വല്ല അധികാരവും കൊടുത്തതുകൊണ്ടു് ഉത്തരവാദഭരണമെന്ന കടവിൽ തിരുവിതാംകൂർ ജനത അടുത്തകാലത്തു ചെന്നടുക്കുകയുമില്ല. എന്നുമാത്രമല്ല ഇങ്ങനെ ചില്ലറ പരിഷ്കാരം ഉണ്ടാകുന്നതു് ആ കടവിലടുക്കുന്നതു താമസിപ്പിക്കു

കയും ചെയ്യും. എല്ലാ വർഗ്ഗക്കാരേയും ഒന്നുപോലെ പരിഗണിക്കാമെന്നു സൂചിപ്പിച്ചിട്ടുള്ളതിനും, ഭൂസ്വത്തുബാങ്കിനും അശരണമന്ദിരത്തിനുമായി ഒന്നരലക്ഷം രൂപാ നല്കിയതിനും, തനിക്ക് ഒരു അഖിലേന്ത്യാ വീക്ഷണ കോണം ഉണ്ടെന്നു സൂചിപ്പിച്ചതിനും, ഞങ്ങൾ മഹാരാജാവിനെ ഹൃദയംഗമമായി അഭിനന്ദിച്ചുകൊള്ളുന്നു. സർ സി. പി. യുടെ നിയമനം യഥാർത്ഥത്തിൽ ഈ നാട്ടാരിൽ സർവ്വത്ര അതൃപ്തി ജനിപ്പിച്ചിട്ടുണ്ടെന്നുള്ള വസ്തുത മഹാരാജാവു് അറിഞ്ഞിരിക്കേണ്ടതാണെന്നും, ഈ പ്രഥമപ്രവൃത്തി ഞങ്ങൾ കഴിഞ്ഞ ലക്കത്തിൽ ചൂണ്ടിക്കാണിച്ചിരുന്നതുപോലെ ജനങ്ങളുടെ വീക്ഷണകോണിൽ ഒരു പ്രതികൂലഭാവമുണ്ടാക്കിയിരിക്കുന്നതു ഭഗീരഥപ്രയത്നം ചെയ്തു നീക്കുവാൻ മഹാരാജാവു ശ്രമിച്ചില്ലെങ്കിൽ അതു തന്റെ ഭരണവിജയത്തിനു തടസ്സമായിത്തീരുമെന്നും ഞങ്ങൾ അദ്ദേഹത്തെ ധരിപ്പിക്കുകയും ചെയ്തുകൊള്ളുന്നു.

കേസരി, 1931 നവംബർ 11

# സർ സി. പി.യുടെ നിയമനപ്രതിഷേധമഹായോഗം

[സർ. സി. പി. രാമസ്വാമി അയ്യരെ ചിത്തിരതിരുനാൾ മഹാരാജാവിന്റെ നിയമോപദേഷ്ടാവായി നിയമിച്ചതിനെ പ്രതിഷേധിക്കുവാൻ തിരുവനന്തപുരത്തു പുത്തൻകച്ചേരിമൈതാനത്തു പരേതനായ എ. കെ. പിള്ളയുടെ അദ്ധ്യക്ഷതയിൽ ഒരു മഹായോഗം കൂടുകയുണ്ടായി. മലബാർ ജന്മികുടിയാൻ റഗുലേഷൻ സംബന്ധിച്ചു് അന്നു മദ്രാസുഗവമ്മെൻറിന്റെ എക്സിക്യൂട്ടീവ് കൗൺസിലറായിരുന്ന സർ. സി. പി. യുമായി പലപ്പോഴും ഏറ്റുമുട്ടിയിട്ടുള്ള മി. ജി. ശങ്കരൻനായരാണു് ഇങ്ങനെയൊരു യോഗം സംഘടിപ്പിക്കുവാൻ മലബാറിൽനിന്നു് തിരുവനന്തപുരത്തു വന്നു് ശ്രമം നടത്തിയതു്. അന്നു തിരുവനന്തപുരത്തെ പ്രശസ്തരായ പല നേതാക്കന്മാരുടേയും പടികൾ അദ്ദേഹം കയറി ഇറങ്ങിയെങ്കിലും ഒടുവിൽ എ. കെ. പിള്ള മാത്രമാണു് ആ യോഗത്തിൽ സന്ധിക്കാമെന്നു സമ്മതിച്ചതു്. അന്നുവരെ ഗവമ്മെന്റിന്റെ ചെയ്തികളെ കർക്കശമായി വിമർശിച്ചിരുന്ന പല പൊതുക്കാര്യപ്രസക്തന്മാരും സർ. സി. പി. യുടെ നിയമനത്തെ അനുകൂലിക്കുവാൻ യോഗത്തിൽ പ്രത്യക്ഷപ്പെട്ടു. ഇവരുടെ പ്രസംഗങ്ങൾ കൂക്കുവിളിച്ചും മണ്ണുവാരിയെറിഞ്ഞും വിളക്കു തല്ലിക്കെടു

ത്തിയും ജനങ്ങൾ തടഞ്ഞു. ഈ യോഗത്തിലാദ്ധ്യക്ഷം വഹിച്ചതിനുശേഷമാണ് എ. കെ. പിള്ള എന്നേയ്ക്കുമായി തിരുവിതാംകൂർവിട്ടു പോയതു്. പ്രസ്തുത യോഗത്തെപ്പററി 1931 നവംബർ 18-ാംതീയതി ബാലകൃഷ്ണപിള്ള എഴുതിയ കുറിപ്പാണിതു്.]

ഒരു ശിശുവിൻെറയും ഒരു കാട്ടുജാതിക്കാരൻെറയുംപോലെ വളരെ അപരിഷ്കൃതമായ മനസ്ഥിതിയാണു് കൂട്ടംകൂടിയ ഒരു ജനസമൂഹത്തിനുള്ളതെന്നു മനശ്ശാസ്ത്രജ്ഞന്മാർ അഭിപ്രായപ്പെട്ടിട്ടുണ്ടു്. ഈ കൂട്ടത്തിൽ പരിഷ്കൃതമനസ്കന്മാരുണ്ടായിരുന്നാലും ഈ വ്യക്തികളുടെ പ്രത്യേകബോധങ്ങൾ (Consciousness) പരനിർദ്ദേശ (Suggestions) ങ്ങളാൽ പ്രസിദ്ധമനശ്ശാസ്ത്രജ്ഞനായ വുണ്ട് ചൂണ്ടിക്കാണിച്ചിട്ടുള്ളതുപോലെ സങ്കുചിതമാക്കപ്പെട്ടു് ഒരേ കോടിയിലേക്കു നയിക്കപ്പെടുന്നതിനാൽ, അതിൻെറ അംഗങ്ങളായ വ്യക്തികളുടെ നിശ്ചയങ്ങളിൽനിന്നു വ്യത്യസ്തമായ ഒരു പൊതുവായ ബോധം അതിനു ജനിക്കുന്നു. അതിലുള്ള ചിലരുടെ മുഖഭാവങ്ങളും ആംഗ്യങ്ങളും, വിളികളും മററുള്ളവർ അനുകരിക്കുകയും അതു് അവരുടെ മനസ്സിൽ പരിവർത്തനം ഉണ്ടാക്കുകയും ചെയ്യുന്നു. "ഈ സാധാരണമനസ്ഥിതികളുടെ സമ്മേളനമാണു് ഒരു ജനക്കൂട്ടത്തിനു് നല്ല ബുദ്ധിശക്തിയുടെ പ്രയോഗങ്ങൾ വേണ്ടിവരുന്ന തീരുമാനങ്ങൾ ചെയ്യുവാൻ പ്രായേണ സാദ്ധ്യമല്ലാതാക്കിത്തീർക്കുന്നതു്. പല തുറകളിലും വൈദഗ്ദ്ധ്യം നേടിയിട്ടുള്ളവർ കൂട്ടംകൂടി ചെയ്യുന്ന തീരുമാനങ്ങൾ മടയന്മാർ ഒന്നിച്ചുകൂടി ചെയ്യുന്ന തീരുമാനങ്ങളെക്കാൾ ശ്രേഷ്ഠമായിരിക്കുകയില്ല. പ്രസ്തുത വിദഗ്ദ്ധന്മാക്കു പൊതുവേയുള്ള സാധാരണ ഗുണങ്ങളെ മാത്രമെ അവക്കു കൂട്ടത്തിനു പ്രദാനംചെയ്യുവാൻ സാധിക്കുകയുള്ളു" എന്നാണു് ജനക്കൂട്ടങ്ങളുടെ മനശ്ശാസ്ത്രത്തെപ്പററി ഒരു പ്രസിദ്ധ ഗ്രന്ഥമെഴുതിയിട്ടുള്ള ലെബോണ്ട് ചൂണ്ടിക്കാണിച്ചിരിക്കുന്നതും.

ജനക്കൂട്ടങ്ങളുടെ ഈ മനസ്ഥിതി അറിയാവുന്നവർ സർ. സി. പി. രാമസ്വാമി അയ്യരുടെ നിയമനത്തെപ്പററി പ്രതിഷേധിക്കുവാൻ തിരുവനന്തപുരത്തു പുത്തൻകച്ചേരിമൈതാനത്തു് കഴിഞ്ഞ ശനിയാഴ്ച എ. കെ. പിള്ള അവർകളുടെ അദ്ധ്യക്ഷതയിൽ കൂടിയ പൊതുജനമഹായോഗത്തിൽ നടന്ന സംഭവങ്ങളെ അറിഞ്ഞു് അത്ഭുതപ്പെടുകയോ, വിലപിക്കുകയോ ചെയ്യുകയില്ല. എന്നാലും അതിൽ നടന്ന ബഹളങ്ങൾക്കു കാരണഭൂതന്മാരാണെന്നറിയുന്ന സുപ്രസിദ്ധ പൊതുക്കാര്യപ്രസക്തൻ മി. എ. നാരായണപിള്ളയുടേയും അതിൽ അദ്ദേഹത്തെ സഹായിച്ച മറെറാരു പ്രസിദ്ധ പൊതുക്കാര്യപ്രസക്തൻ മി. കെ. പി. നീലകണ്ഠപ്പിള്ളയുടേയും മററും അനാശാസ്യമായ പ്രവൃത്തികളേ ആക്ഷേപിക്കാതെ ഗത്യന്തരമില്ല. നാടാസകലം കൃത്രിമമായ അതിരാജഭക്തിപ്രദർശനങ്ങൾക്കു കാരണമാക്കിയ ചിത്രോത്സവത്തിൻെറ ജീവനാഡിയായ മി. എ. നാരായണപിള്ളയും അതിലും അദ്ദേഹത്തെ സഹായിച്ച

മി. കെ. പി. നീലകണ്ഠപ്പിള്ളയും ആ ആഘോഷത്തിൽ കിടന്നു മടച്ചു ക്ഷീണിച്ചു മയങ്ങി മതിമറന്നുപോയതുകൊണ്ടായിരിക്കാം മേൽ ചൂണ്ടിക്കാണിച്ചവിധം അടിതെററി പ്രവർത്തിച്ചതു്. അതുപോലെതന്നെ അനുദ്യോഗസ്ഥപക്ഷത്തിന്റെ ആത്മാഭിമാനത്തെ പുരസ്കരിച്ചു് ചിത്തിര തിരുനാൾ മഹാരാജാവിൻെറ മൂപ്പേല്ല ദർബാറിൽ പങ്കുകൊള്ളാതെ അതിനെ അലങ്കോലപ്പെടുത്തുവാൻ തയാറായതിനാൽ താൻ രാജസേവ കാംക്ഷിക്കുന്നവനല്ലെന്നു പ്രത്യക്ഷമാക്കിയ സ്വതന്ത്രബുദ്ധിയായ മി. കോട്ടൂർ കുഞ്ഞുകൃഷ്ണപിള്ളയെ തൻെറ എതിരഭിപ്രായങ്ങളെ പറയാൻ അനുവദിക്കാതെയിരുന്നതും മററും പൊതുജനസമൂഹത്തിൻെറ ന്യായബോധമില്ലാത്ത മനസ്ഥിതിയേയും അതു മേൽ ചൂണ്ടിക്കാണിച്ച വിധം സ്വാഭാവികമാണെങ്കിലും ഞങ്ങൾ കഠിനമായി ആക്ഷേപിക്കുകയാണു ചെയ്യുന്നതു്. എല്ലാ പ്രശ്നങ്ങൾക്കും രണ്ടു വശം കാണും. സത്യം ഒരു കക്ഷിയുടെ കുത്തകയായിരിക്കാനിടയില്ല. അതിനാൽ ഒരു പ്രശ്നത്തിൻെറ മറുവശം കേൾക്കേണ്ടതു കേവലം പ്രകൃതിനീതി മാത്രമാണു്. പ്രതിഷേധപ്രതികൂലകക്ഷിക്കാരുടെ ഇടയിൽ തിരുവായ്ക്കെതിർവായില്ലെന്നുള്ള മനസ്ഥിതിയുള്ള മൂഢരാജഭക്തന്മാർക്കു പുറമേ സർ സി. പി. യുടെ നിയമനംകൊണ്ടു തിരുവിതാംകൂറിൻെറ പുറമേയുള്ള നിലയ്ക്കും കോശത്തിനും പല ഗുണങ്ങളും ഉണ്ടായേക്കാമെന്നും അതിനാൽ അതുണ്ടാകുമോ എന്നു കാണുന്നതുവരെ അടങ്ങിയിരിക്കണമെന്നും മററും അഭിപ്രായമുള്ള പല ദേശാഭിമാനികളും ഉൾപ്പെട്ടിട്ടുണ്ടു്. പെരിയാർപദ്ധതി, അതിരമ്പള്ളി പദ്ധതി, കൊച്ചിത്തുറമുഖം മുതലായവയെ സംബന്ധിച്ചു തിരുവിതാംകൂറിനു കിട്ടേണ്ടതായ അവകാശങ്ങളേയും പണത്തേയും സംബന്ധിച്ചു വാദിക്കുവാനായി സർ. സി. പി. അവയെ സംബന്ധിച്ചുള്ള ഫയലുകൾ ആവശ്യപ്പെട്ടിരിക്കുന്നു എന്നുള്ള വാർത്തയും ഇന്നത്തെ ഇന്ത്യാഗവമ്മെൻറിൽ സർ. സി. പി.ക്കുള്ള സ്വാധീനശക്തിയും അറിയാവുന്നവർ ഈ വാദത്തെ പുച്ഛരസത്തോടെ തള്ളിക്കളയുകയില്ല. പ്രതിഷേധകക്ഷിക്കാർ സർ. സി. പി. യുടെ ഭീമമായ ശമ്പളം ഉളവാക്കുന്ന അധികച്ചെലവിനേയും, മി. ജി. ശങ്കരൻനായർ പ്രക്ഷോഭകരവും പ്രത്യയജനകവുമായ വിധത്തിൽ പ്രത്യക്ഷപ്പെടുത്തിയ അദ്ദേഹത്തിൻെറ പൂർവ്വരാഷ്ട്രീയജീവിതത്തിൻെറ പോക്കിനേ ആസ്പദമാക്കി അദ്ദേഹത്തിൽനിന്നു് ഉത്തരവാദഭരണസ്ഥാപനത്തിനു് അനുകൂലമായ ഉപദേശം ഉണ്ടാകുവാൻ ഇടയില്ലെന്നുള്ള ശങ്കയേയും, അദ്ദേഹത്തിന്റെ നിലയുടെ ഉത്തരവാദിത്വമില്ലായ്മയേയും അധികാരങ്ങളുടെ അനിശ്ചിതസ്വഭാവത്തേയും മററും ആധാരമാക്കിയാണു് പ്രതിഷേധം പുറപ്പെടുവിച്ചിരിക്കുന്നതു്. ഇതിൻെറ ന്യായങ്ങൾ എതിർകക്ഷിക്കാരും മനസ്സുകൊണ്ടു സമ്മതിക്കുന്നതാണു്. ഇങ്ങനെ രണ്ടുവശങ്ങൾ ഈ നിയമനത്തിനുണ്ടു്. ഇരുകക്ഷികൾക്കും ഒന്നുപോലെ ഈ നിയമനത്തെപററി അനുകൂലാഭിപ്രായം ഇല്ലെങ്കിലും മററുള്ള ചില പ്രധാന സംഗതികളെ ആസ്പദമാക്കിയാണു് അവർ രണ്ടു കക്ഷികളായി തിരിഞ്ഞിരിക്കുന്നതെന്നാണു് ഞങ്ങളുടെ അറിവു്. പ്രതിഷേധകക്ഷികളും എതിർകക്ഷികളും

ഒന്നുപോലെ മൈതാനയോഗത്തിൽ തങ്ങൾക്കാണു ഭൂരിപക്ഷം ഉണ്ടായിരുന്നതെന്നു വാദിക്കുന്നുണ്ടെങ്കിലും, അവിടെ നടത്തിയ വോട്ടെടുക്കലിൽനിന്നു്—അതിനു സാന്മാൎഗ്ഗികവും സാങ്കേതികവുമായ എന്തു കുററങ്ങളും കുറവുകളും ഉണ്ടായിരുന്നാലും ശരി—പ്രതിഷേധകക്ഷിക്കാക്കാണു ഭൂരിപക്ഷം ഉണ്ടായിരുന്നതെന്നു തെളിയുന്നുണ്ടു്. എതിർപക്ഷക്കാരുടെ വാദങ്ങൾ കേട്ടതിനുശേഷം വോട്ടെടുത്തു തീരുമാനിച്ചിരുന്നു എങ്കിൽ ആ തീരുമാനത്തിനു് ഇപ്പോഴുള്ളതിനെക്കാൾ ശക്തിയുണ്ടാകുമായിരുന്നു. ഏതായാലും അഭൂതപൂൎവ്വമായ വിധത്തിലുള്ള ഒരു ജനക്കൂട്ടം പങ്കെടുത്തു ബഹളംകൂട്ടിയ ഈ പൊതുയോഗം തിരുവിതാംകൂർകാരുടെ തീക്ഷ്ണമായ രാഷ്ട്രീയപ്രബുദ്ധതയെ കാണിക്കുന്നതിനാൽ നിഷ്പക്ഷപാതികളായവർ ഇതുകണ്ടു് അവരെ അനുമോദിക്കുകതന്നെ ചെയ്യും. രാഷ്ട്രീയകാൎയ്യങ്ങളിൽ ഉദാസീനമനസ്ഥിതിയാണു് ഒരു ജനതയുടെ പുരോഗതിക്കു നാശകരമായിരിക്കുന്നതു്. ഇങ്ങനെ എല്ലാ രാഷ്ട്രീയകാൎയ്യങ്ങളിലും ഈ നാട്ടിലെ പൗരാവലി പ്രബുദ്ധരായി പെരുമാറുകയാണെങ്കിൽ തിരുവിതാംകൂറിന്റെ ഭാവിയെപ്പററി ശങ്കിക്കയേ വേണ്ടാ. ചിത്രോത്സവപ്രവൎത്തകർ ജനിപ്പിച്ച അതിയായ രാജഭക്തിക്കു് ഒരു മറുമരുന്നു് രാജ്യഭക്തിയെ പുരസ്കരിച്ചു് അത്യാവശ്യമായിരുന്നു. ഇതു് ഈ പ്രതിഷേധയോഗം നൽകിയിട്ടുണ്ടു്. റീജൻസിഭരണാരംഭത്തിൽ സ്തുതിഗീതങ്ങളും രാജഭക്തിപ്രദർശനങ്ങളും നടത്തിയതിന്റെ ദൂഷ്യഫലങ്ങൾ താമസിയാതെ അനുഭവപ്പെട്ട ഈ നാട്ടാർ ഇങ്ങനെയുള്ള വ്യത്യസ്തമാൎഗ്ഗങ്ങൾകൊണ്ടെങ്കിലും ഗുണമുണ്ടാകുമോ എന്നു പരീക്ഷിച്ചുനോക്കുന്നതു നന്നാണെന്നാണു ഞങ്ങൾക്കു തോന്നുന്നതു്.

കേസരി, 1931 നവംബർ 18

# തിരുവനന്തപുരത്തെ പിക്കററിങ്ങ്

[1931-ൽ ഗാന്ധി—ഇർവിൻ സന്ധിക്കുശേഷം പിക്കററിംഗിനു നിയമസാധുത്വം ലഭിക്കയും വിദേശവസ്ത്രബഹിഷ്കരണശ്രമങ്ങൾ ഇൻഡ്യയൊട്ടുക്കു് തീവ്രമായാരംഭിക്കയും ചെയ്തപ്പോൾ തിരുവനന്തപുരത്തെ ഏതാനും പൊതുകാൎയ്യപ്രവൎത്തകന്മാർ സിററി കാൺഗ്രസ്സ്കമ്മററിയുടെ ആഭിമുഖ്യത്തിൽ ചാലയിലുള്ള വിദേശവസ്ത്രഷാപ്പുകൾ പിക്കററുചെയ്യുകയുണ്ടായി. രാജസേവകന്മാരും സൎക്കാർമച്ചമ്പികളും അവരെ അനുസ്യൂതം അനുകൂലിച്ചുകൊണ്ടിരുന്ന പത്രങ്ങളും ഈ സംരംഭങ്ങളെ കൎക്കശമായി വിമൎശിച്ചുകൊണ്ടിരിക്കുമ്പോൾ ശ്രീ ബാലകൃഷ്ണപിള്ള പിക്കററിങ്ങിനെ അഭിനന്ദിച്ചുകൊണ്ടു് 1931 നവംബർ 25-ാംതീയതി എഴുതിയ കുറിപ്പാണു് ചുവടെ ചേൎത്തിട്ടുള്ളതു്.]

ഇന്നു് തിരുവനന്തപുരം നഗരചരിത്രത്തിൽ ഒരു പുതിയ അദ്ധ്യായം തുടങ്ങുന്നതായി ഞങ്ങൾ വിചാരിക്കുന്നു. ഇന്നു് തിരുവനന്തപുരം സിററി കോൺഗ്രസ് കമ്മിററിയുടെ ആഭിമുഖ്യത്തിൽ ചാലയിലെ മൂന്നു വിദേശഷാപ്പുകളുടെ മുമ്പിൽ തുടങ്ങിയിരിക്കുന്ന പിക്കററിങ്ങുകൊണ്ടാണു് ഈ അദ്ധ്യായം ആരംഭിക്കുന്നതു്. തങ്ങളുടെ സാമ്പത്തികമോക്ഷത്തിനു ഗവമ്മെൻറിനെ ആശ്രയിക്കാതെ സ്വയം പ്രവൎത്തിക്കുന്നതിനു് ഉദ്യമിക്കുന്ന മനസ്ഥിതി കാണിക്കുന്നതുകൊണ്ടാണു് ഇന്നത്തെ ദിനത്തിനു മേൽപറഞ്ഞ ചരിത്രപ്രാധാന്യം സിദ്ധിക്കുന്നതു്. മറെറല്ലാ സ്ഥലങ്ങളിലും വിദേശവസ്തുവ്യാപാരത്തിനു വൎദ്ധിച്ചുവരുന്ന ദേശീയബോധത്താൽ അല്പമെങ്കിലും ഇടിവുപററിയിരിക്കുന്ന ഈ സന്ദൎഭത്തിൽ തിരുവനന്തപുരത്തെ വിദേശവസ്തുവ്യാപാരികൾ മാത്രം ചുററും നടക്കുന്നതൊന്നും കാണാത്ത ഭാവത്തിൽ നാട്ടിനു് അത്യന്തം ദോഷകരമായ ഒരു വ്യാപാരം മുറയ്ക്കു നടത്തുകയായിരുന്നു ചെയ്തുവന്നതു്. തലസ്ഥാനവും ഉദ്യോഗസ്ഥന്മാരുടെ സ്വാധീനം മികച്ചിട്ടുള്ളതുമായ ഈ നഗരത്തിൽ ഇങ്ങനെ ഒരു പ്രസ്ഥാനം ഉണ്ടാകുമെന്നും വിദേശവസ്തുബഹിഷ്കരണകമ്മററിക്കാർ അല്പം മുമ്പു നടത്തിയ വിജയകരമായ പണപ്പിരിവു പ്രത്യക്ഷപ്പെടുത്തിയ പൗരസഹായം പിക്കററിങ്ങ് പ്രസ്ഥാനത്തിനു് ഉണ്ടാകുമെന്നും പ്രസ്തുത കമ്മിററിയുടെ നോട്ടീസു കിട്ടിയിട്ടും ഈ വ്യാപാരികൾ സ്വപ്നേപി വിചാരിച്ചിരുന്നില്ലെന്നു വേണം വിചാരിക്കേണ്ടതു്. ഇവരുടെ ഈ സ്വപ്നാവസ്ഥയിൽനിന്നു് ഇന്നുമുതല്ക്കു് ഇവൎക്കു് ഉണരേണ്ടിവന്നിരിക്കുന്നു. ഈ പിക്കററിങ്ങിൽ ആദ്യമായി പങ്കുകൊണ്ട ദേശാഭിമാനികളായ പൊതുകാൎയ്യപ്രസക്തന്മാരുടെ പേരുകൾ അന്യത്ര കൊടുത്തിട്ടുള്ള റിപ്പോർട്ടിൽനിന്നു കാണാവുന്നതാണു്. ഇവരെ ഞങ്ങൾ സവ്വാത്മനാ അഭിനന്ദിച്ചുകൊള്ളുന്നു. കുറെ മാസങ്ങളായി ഊണും ഉറക്കവുമുപേക്ഷിച്ചു് ഇന്നു പിക്കററിങ്ങ് തുടങ്ങുവാൻ സാധിപ്പിച്ച വിദേശവസ്തുബഹിഷ്കരണകമ്മിററി സെക്രട്ടറി മി. ടി. എസ്. കൊച്ചുകൃഷ്ണപിള്ളയോടു ദേശാഭിമാനികളായ ഈ നഗരവാസികൾക്കുള്ള കൃതജ്ഞതയും ഇവിടെ ഞങ്ങൾ രേഖപ്പെടുത്തിക്കൊള്ളുന്നു. തിരുവനന്തപുരം നഗരത്തിലെ മാന്യവനിതകളും തങ്ങളുടെ സഹോദരരായ മാന്യപുരുഷന്മാരെപ്പോലെ ഈ പിക്കററിങ്ങ് പ്രസ്ഥാനത്തിൽ പങ്കുകൊള്ളുന്നതായാൽ അതിനു വിജയം ശീഘ്രം സിദ്ധിക്കുമെന്നു് അന്യസ്ഥലങ്ങളിലെ അനുഭവത്തിൽനിന്നു ഞങ്ങൾ വിചാരിക്കുന്നു. പിക്കറ്റിങ്ങിനു് ഇറങ്ങുവാൻ വേണ്ട ദേശാഭിമാനവും ധൈൎയ്യവും തിരുവനന്തപുരത്തെ ഒരു വനിതയ്ക്കും ഇല്ലെന്നുവരുമോ? അങ്ങനെയാണെങ്കിൽ അതു് ഈ നഗരത്തിനു് അത്യധികമായ അഭിമാനക്ഷയം ഉണ്ടാക്കുകതന്നെ ചെയ്യും. തിരുവനന്തപുരത്തെ വിദേശവസ്തുക്കച്ചവടക്കാർ തങ്ങളുടെ സ്വാൎത്ഥത്തെ പുലൎത്തുവാനെങ്കിലും ഗാഢമായ ആലോചനകഴിച്ചു് ഗംഗാപ്രവാഹംപോലെ ശക്തിയായി മുമ്പോട്ടുവരുന്ന സ്വദേശിവസ്തുപ്രചാരത്തെ പ്രോത്സാഹിപ്പിക്കുവാൻ വേണ്ട തലച്ചോറുണ്ടായിരിക്കുമെന്നാണു ഞങ്ങളുടെ വിശ്വാസം. ഈ മഹത്തായ പ്രസ്ഥാനത്തെ വിജയംവരെ ശക്തിപൂൎവ്വം നട

ത്തിക്കൊണ്ടുപോകുന്നതിനുള്ള ചുമതല ഈ നഗരത്തിലെ ദേശാഭിമാനികളായ പൗരന്മാരിലാണു സ്ഥിതിചെയ്യുന്നതെന്നു ഞങ്ങൾ അവരെ പ്രത്യേകം ഓർമ്മിപ്പിക്കേണ്ടതില്ലല്ലോ. ഈ പിക്കററിങ്ങിൽ നേരിട്ടു പങ്കെടുത്തോ, അതിനു ധനസഹായം ചെയ്തോ, അതിനെ മറേറതെങ്കിലും വിധത്തിൽ സഹായിച്ചോ അവർ അതിനെ വിജയത്തിൽ കലാശിപ്പിക്കുമെന്നു ഞങ്ങൾ വിശ്വസിക്കുന്നു. ഗവമ്മെൻറിനോടും രണ്ടുവാക്കു പറഞ്ഞുകൊള്ളട്ടെ. പിക്കററിങ്ങ് ഒരു രാജ്യത്തെ സാമ്പത്തികസ്ഥിതി നന്നാക്കാനുള്ള ഒരു സമാധാനപരമായ പ്രസ്ഥാനമാണ്. അതിൽ ഒരു പക്ഷത്തും ചേന്നു നിരാധന ഉത്തരവുകൾ പുറപ്പെടുവിക്കുന്നതും പോലീസുകാരെ ആയുധങ്ങളാക്കി മദ്ദനനയം തുടങ്ങുന്നതും പരിഷ്കൃതമനസ്ഥിതിയും കത്തവ്യബോധവും ജനങ്ങളുടെ സാമ്പത്തികാവസ്ഥ നന്നാക്കണമെന്നു വിചാരവും ഉള്ള ഒരു ഗവമ്മെൻറും ചെയ്യുന്നതല്ല. ചിത്തിരതിരുനാൾ മഹാരാജാവ് ഈ നാട്ടുകാരുടെ സാമ്പത്തികോന്നമനത്തിന് അത്യാവശ്യമായിത്തീന്നിട്ടുള്ള ഒരു ഭൂസ്വത്തുജാമ്യബാങ്കിനെ സ്വന്തം പണം കൊടുത്തു സ്ഥാപിക്കുവാൻ നിശ്ചയിച്ചിട്ടുണ്ടല്ലോ. ഇങ്ങനെ ജനങ്ങളുടെ സാമ്പത്തികദുരിതങ്ങൾക്കുള്ള പരിഹാരമാഗ്ഗങ്ങൾ അറിഞ്ഞു പ്രവത്തിക്കുവാൻ തുടങ്ങിയിട്ടുള്ള ഒരു മഹാരാജാവിൻെറ ഗവമ്മെൻറ് അദ്ദേഹം തുടങ്ങിയിട്ടുള്ള പരിഹാരമാഗ്ഗത്തിൻെറ ഫലപ്രാപ്തിക്ക് അത്യധികം സഹായിക്കുന്ന സ്വദേശിവസ്ത്രപ്രചരണത്തിനുള്ള മുഖ്യമാഗ്ഗമാകുന്ന പിക്കററിങ്ങിനെ പ്രത്യക്ഷമായോ പരോക്ഷമായോ നശിപ്പിക്കുവാൻ ശ്രമിക്കുകയില്ലെന്നു ഞങ്ങൾ വിശ്വസിക്കുന്നു. ഇങ്ങനെ പിക്കറ്റിങ്ങ്പ്രസ്ഥാനത്തെ തടസ്ഥപ്പെടുത്തുവാൻ ഗവമ്മെൻറു ശ്രമിക്കുന്നതായാൽ മഹാരാജാവിൻെറ ഡർബാർപ്രസംഗത്തിലെ പ്രസ്തുത വിഷയത്തെപ്പററിയുള്ള പ്രഖ്യാപനങ്ങളുടെ ആത്മാർത്ഥതയിൽ പൊതുജനങ്ങൾക്കു വിശ്വാസമില്ലാതാകുമെന്നും ഇവിടെ ചൂണ്ടിക്കാണിച്ചുകൊള്ളട്ടെ. പിക്കററിങ്ങ്പ്രസ്ഥാനം എളിയരീതിയിലും ദീഘകാലം നിലനില്ക്കത്തക്കവണ്ണവും തുടങ്ങിയിരിക്കുന്നതു ബുദ്ധിപൂവ്വമായ പ്രവൃത്തിയാണെന്നാണ് ഞങ്ങളുടെ അഭിപ്രായം.

കേസരി, 1931 നവംബർ 25

# പ്രതീക്ഷകൾ തെററാണോ?

[ചിത്തിരതിരുനാൾ മഹാരാജാവ് ഭരണഭാരമേററ് മൂന്നുമാസം കഴിഞ്ഞപ്പോൾ അന്നുവരെയുള്ള ഭരണം ജനങ്ങളിലുണ്ടാക്കിയ പ്രത്യാഘാതങ്ങളെ അല്പംകൂടി രൂക്ഷസ്വരത്തിൽ ബാലകൃഷ്ണപിള്ള വിമർശിക്കുന്നു. അദ്ദേഹത്തിന്റെ അസംതൃപ്തി പടിപടിയായി ഉയരുന്നതു് രസകരമാണ്.]

ശ്രീ ചിത്തിരതിരുനാൾ മഹാരാജാവിൻെറ മൂപ്പേല്പോടുകൂടി തിരുവിതാംകൂറിൽ ഉത്തരവാദഭരണത്തിനുള്ള പ്രാരംഭപ്രവൃത്തികളെങ്കിലും തുടങ്ങുമെന്നു് ഈ നാട്ടാർ പ്രതീക്ഷിച്ചിരുന്ന വിവരം ഞങ്ങൾ ഈ പംക്തികളിൽ ചൂണ്ടിക്കാണിച്ചിരുന്നെല്ലോ. മൂപ്പേററിട്ടു് ഇപ്പോൾ മൂന്നു മാസത്തോളം കഴിഞ്ഞിരിക്കുന്നു. ഈ കാലത്തിനിടയ്ക്കു് ഈയിടെ ആററിങ്ങൽ നഗരസഭക്കാരുടെ മംഗളപത്രത്തിനു മറുപടിയായി ചെയ്ത പ്രസംഗംപോലെ മഹാരാജാവു് ചെയ്തിട്ടുള്ള ചില പ്രസംഗങ്ങളിൽ അവ്യക്തമായും അതിസാമാന്യമായും അദ്ദേഹം ചെയ്തിട്ടുള്ള ചില സൂചനകൾ കൊണ്ടല്ലാതെ, ഗവമ്മെൻറിൻെറ പ്രവൃത്തികൾകൊണ്ടു പ്രസ്തുത പ്രതീക്ഷയ്ക്കു യാതൊരു പിന്താങ്ങും ഉണ്ടായിട്ടില്ല. ഇതുകൊണ്ടും ഈയിടെ ഉണ്ടായിട്ടുള്ള നിരോധനാജ്ഞകൾ പണ്ടത്തെ സ്വേച്ഛാഭരണരീതി ഇവിടെ പൂർവ്വാധികം വേരുറച്ചിട്ടുണ്ടെന്നു കാണിക്കുന്നതുകൊണ്ടും തങ്ങളുടെ പ്രതീക്ഷകൾ തെററാണെന്നും വരുമോ എന്നു ജനങ്ങളിൽ പലരും അന്യോന്യം ചോദിക്കുവാൻ തുടങ്ങിയിരിക്കുന്നു. ഒരു മൂന്നുമാസംകൊണ്ടു പ്രധാനമായ പരിഷ്കാരങ്ങൾ വരുത്തുന്നതു പ്രയാസമാണെന്നുള്ള പ്രസ്തുത ആററിങ്ങൽ പ്രസംഗത്തിൽ മഹാരാജാവു് പറഞ്ഞിട്ടുള്ളതു സമ്മതിക്കുന്നപക്ഷവും അതിനുള്ള മനസ്ഥിതി തങ്ങൾക്കുണ്ടെന്നു പ്രവൃത്തികളുടെ പോക്കുകൊണ്ടു കാണിച്ചു മേല്പറഞ്ഞ സംശയം ജനിപ്പിക്കാതെ ഇന്നത്തെ ഗവമ്മെൻറിനു കഴിക്കാമായിരുന്നു. ഇതുപോലും അവർ ഇതേവരെ ചെയ്തിട്ടില്ല. ശ്രീമൂലംപ്രജാസഭാപരിഷ്കാരം ഉണ്ടാകുമെന്നുള്ള പ്രഖ്യാപനമല്ലാതെ അതു പ്രവൃത്തിയിൽ കൊണ്ടുവരുന്നതിനുള്ള പ്രാരംഭചടങ്ങുകളൊന്നും ഇതുവരെ തുടങ്ങിയതായി അറിവില്ല. ഈ പരിഷ്കാരം—അതായതു് രണ്ടുസഭകൾ ഇവിടെ വെച്ചുകൊണ്ടിരിക്കുന്നതു്—അനാവശ്യമാണെന്നു ഞങ്ങൾ ഇതിനുമുമ്പു ചൂണ്ടിക്കാണിച്ചിരുന്നെല്ലോ. പ്രജാസഭ വെച്ചുകൊണ്ടിരിക്കണമെന്നു് അഭിപ്രായമുള്ള അനുദ്യോഗസ്ഥർതന്നെ നിയമസഭയ്ക്കു് ഇല്ലാത്തതായ ചില അധികാരങ്ങളും അവകാശങ്ങളും അതിനുള്ളതുകൊണ്ടാണു് പ്രധാനമായി അങ്ങനെ ഒരു നില സ്വീകരിച്ചിരിക്കുന്നതു്. ഈ ഇരട്ടിപ്പിനു പകരം ഇപ്പോഴത്തെ സഭയെ പരിഷ്കരിച്ചു പ്രജാസഭയ്ക്കുള്ള അധികാരങ്ങളും കൂടുതൽ അധികാരങ്ങളും അതിനു നല്കുന്നതായിരിക്കും ബുദ്ധിപൂർവ്വകമായ പ്രവൃത്തി. നിയമസഭയുടെ സമ്മതിദായകത്വം അതിവിസ്തൃതമാക്കേണ്ടതിൻെറയും, അതിലെ അംഗങ്ങൾക്കു പ്രതിപാദിക്കാവുന്ന വിഷയങ്ങളുടെ വ്യാപ്തി വലുതാക്കേണ്ടതിൻെറയും അതിലെ അംഗങ്ങൾ അവിടെ വച്ചു പ്രസ്താവിക്കുന്ന ആരോപണങ്ങൾക്കു് അവർ കോടതി കയറാതിരിക്കുവാൻ വേണ്ട വ്യവസ്ഥകൾ ചെയ്യേണ്ടതിൻെറയും അതിനു് തിരഞ്ഞെടുക്കപ്പെട്ട അദ്ധ്യക്ഷനും ഉപാദ്ധ്യക്ഷനും ഉണ്ടായിരിക്കേണ്ടതിൻെറയും ആവശ്യം പുതിയ ഗവമ്മെൻറ് മനസ്സിലാക്കിയിട്ടുണ്ടെന്നു വിചാരിക്കുവാൻ യാതൊരു ലക്ഷ്യങ്ങളും ഞങ്ങൾ കാണുന്നില്ല. പരേതനായ ഡെപ്യൂട്ടിപ്രസിഡൻറ് മി. കൃഷ്ണയ്യങ്കാരുടെ ഒഴിവിനെ അടിസ്ഥാനപ്പെടുത്തി കൊച്ചിയിൽ നടപ്പിൽവരുത്തിയിട്ടുള്ള ഒരു അല്പ

പരിഷ്കാരം—അതായതു ഡെപ്യൂട്ടി പ്രസിഡൻറിനെ നിയമസഭാംഗങ്ങൾതന്നെ തിരഞ്ഞെടുക്കുകയെന്നുള്ളതു്—നടപ്പിൽവരുത്തി ഗവമ്മെൻറിനു തങ്ങൾക്കു് ജനങ്ങളുടെ പ്രതീക്ഷയ്ക്കനുകൂലമായവിധം പ്രവത്തിക്കുന്നതിനു മോഹമുണ്ടെന്നെങ്കിലും ജനങ്ങളെ ധരിപ്പിക്കാൻ ഇപ്പോൾ ഒരു അവസരം കിട്ടിയിരിക്കുന്നു. ജനങ്ങളുടെ ഭരണപരിഷ്കാരപ്രതീക്ഷകളുടെ നേക്കു പുതിയ ഗവമ്മെൻറിനുള്ള മനോഭാവത്തിൻെറ മാറ്റുരച്ചു നോക്കുവാനുള്ള ഒരു ചാണക്കല്ലായിരിക്കും ഈ കാര്യം. ഉത്തരവാദഭരണസ്ഥാപനത്തിനു പുറമേ പ്രജകളുടെ മൗലികാവകാശപ്രഖ്യാപനമാണു് അവർ ചിത്തിരതിരുനാൾ മഹാരാജാവിൻെറ ഭരണത്തിൽനിന്നു പ്രതീക്ഷിക്കുന്നതു്. ഇതിനു നേരെ വിപരീതമായിട്ടാണു പുതിയ ഗവമ്മെൻറു് തങ്ങളുടെ നിരോധനാജ്ഞകൾമൂലം ഇതുവരെ പ്രവത്തിച്ചിട്ടുള്ളതു്. മഹാരാജാവിൻെറ മൂപ്പേല്പോടുകൂടി റീജൻസി ഭരണകാലത്തു നടന്ന ചേത്തലയിലെ നരനായാട്ടുപോലെയുള്ള സംഭവങ്ങൾ തിരുവിതാംകൂറിൽ ഉണ്ടാകുകയില്ലെന്നു ജനങ്ങൾ പ്രതീക്ഷിച്ചിരുന്നു. എന്നാൽ ചേത്തലയിലെ സംഭവങ്ങളെ അതിശയിക്കുന്നവിധത്തിലാണു രാജ്യത്തിൻെറ തലസ്ഥാനമായ തിരുവനന്തപുരത്തു് ഈയിടെ പോലീസുകാർ നരനായാട്ടു് നടത്തിയതും തടവുകാരോടു ലോക്കപ്പിൽവച്ചു പെരുമാറിയതും. ഈ പെരുമാററത്തെ സൂചിപ്പിക്കുന്നതും തിരുവനന്തപുരം പിക്കററിങ്ങ് ക്യാമ്പ് വാളണ്ടിയർ ക്യാപ്ററൻ മി. രാഘവനും ക്യാമ്പ് മാനേജർ മി. കൊച്ചുകൃഷ്ണപിള്ളയുംകൂടി ഞങ്ങൾക്കു് അയച്ചുതന്നിട്ടുള്ളതുമായ ഒരു സ്റ്റേററുമെൻറ് അന്യത്ര ചേത്തിട്ടുണ്ടു്. ഇതിലേക്കു പൊതുജനങ്ങളുടെയും നിയമസഭയിലെ അനുദ്യോഗസ്ഥ അംഗങ്ങളുടേയും പ്രത്യേകിച്ചു ചേർത്തല നരനായാട്ടിനെപ്പററി അനൗദ്യോഗികമായി അന്വേഷണം നടത്തിയ കമ്മിററിയുടെ അദ്ധ്യക്ഷനും ഈ സംഭവങ്ങൾ നടന്ന നഗരത്തിലെ നിയമസഭാപ്രതിനിധിയുമായ മി. പട്ടം താണുപിള്ളയുടേയും ശ്രദ്ധയെ ഞങ്ങൾ ക്ഷണിച്ചുകൊള്ളുന്നു. ഇതിനെപ്പററി വേണ്ട അന്വേഷണങ്ങൾ നടത്തിയും കുററക്കാരാണെന്നു തെളിയുന്ന ഉദ്യോഗസ്ഥന്മാക്കു മാതൃകാശിക്ഷകൾ നല്കിയും ഗവമ്മെൻറിനു ജനങ്ങളുടെ മനസ്സിൽനിന്നു മേല്പറഞ്ഞ സംശയങ്ങളെ അകററാൻ കഴിയുന്നതാണു്. പിന്നെയും റീജൻസിഭരണകാലത്തു സക്കാർസവ്വീസിനെ ബാധിച്ചിരുന്ന അഴിമതിയും അലസതയും അമാന്തവും ഇതുവരെ മാറിയിട്ടുള്ളതായി കാണുന്നില്ല. തമ്പാനൂർ റെയിൽവേപണിയിലുള്ള കുപ്രസിദ്ധമായ കുഴപ്പങ്ങളെപ്പററി പുതിയ ഗവമ്മെൻറും ഇതുവരെ ഒന്നും ചെയ്യാതിരിക്കുന്നതു് ഇതിനു് ഒരു ഉത്തമദൃഷ്ടാന്തമാണു്. ബാഹ്യകാര്യങ്ങളെപ്പറ്റി പറയുകയാണെങ്കിൽ, തിരുവിതാംകൂറിനു് അതർഹിക്കുന്ന സ്ഥാനം ഇൻഡ്യയിൽ നേടിക്കൊടുക്കുവാൻ ശ്രമിക്കുന്നതാണെന്നുള്ള സാമാന്യവും അവ്യക്തവുമായ വാഗ്ദാനമല്ലാതെ ഫെഡറൽ ഭരണസഭകളിൽ ഒന്നിലെങ്കിലും ജനങ്ങൾ തിരഞ്ഞെടുത്തിട്ടുള്ള പ്രതിനിധികളെ അയയ്ക്കുന്നതിനു തങ്ങൾ അനുകൂലികളാണെന്നു് ഇന്നത്തെ ഗവമ്മെൻറ് ഇതേവരെ സൂചിപ്പിച്ചിട്ടില്ല. കുംഭം 1-ാം തീയതി തിരുവിതാം

ക്കൂർ സന്ദർശിക്കുന്ന പുതിയ നാട്ടുരാജ്യക്കമ്മിററി തിരുവിതാംകൂറും ഭാവിയിലെ ഇന്ത്യൻ ഫെഡറൽഗവമ്മെൻറുമായുള്ള ധനസംബന്ധമായ ബന്ധങ്ങളെപ്പററി ഗവമ്മെൻറുമായി പ്രതിപാദിക്കുവാനാണല്ലോ ഇവിടെ വരുന്നതു്. ഈ സന്ദർഭത്തിൽ ഈ പ്രധാനകാര്യത്തിൽ പൊതുജനങ്ങൾക്കു് ഇതിനെപ്പററി പറയാനുള്ളതു് അറിയുവാനായി, ഒരു നവീനമനസ്ഥിതിയുള്ള ഗവമ്മെൻറാണു് ഇവിടെ ഉള്ളതെങ്കിൽ, അവർ ഒരു പൊതുജനയോഗമോ, രാഷ്ട്രീയപ്രവത്തകയോഗമോ വിളിച്ചുകൂട്ടുവാൻ മടിക്കുകയില്ല. ഇതു് ഇന്നത്തെ ഗവമ്മെൻറ് ചെയ്യുമെന്നു തോന്നുന്നില്ല.

മുകളിൽ ചൂണ്ടിക്കാണിച്ചിട്ടുള്ള പ്രവൃത്തികളിൽനിന്നും അപ്രവൃത്തികളിൽനിന്നും ഈ നാട്ടാക്കു് ഇന്നത്തെ ഗവമ്മെൻറിൻെറ മനോഗതിയെപ്പററി സംശയം ജനിക്കുന്നതു് അത്ഭുതകരമാണോ? ഒരിക്കൽ സംശയം ജനിച്ചുപോയാൽ അതു ജനിപ്പിക്കുന്ന വക്രദൃഷ്ടിയോടുകൂടിയാണു് മനുഷ്യർ പിന്നീടുള്ള പ്രത്യക്ഷത്തിൽ നല്ലതായ പ്രവൃത്തികളെക്കൂടി വീക്ഷിക്കുന്നതെന്നു ഗവമ്മെൻറ് അറിയാത്തതു കഷ്ടംതന്നെ. അതിനാൽ യുവാവായ മഹാരാജാവിൻെറ ഭരണം വിജയത്തിൽ കലാശിപ്പിക്കണമെന്നു യഥാത്ഥമായ മോഹമുള്ള ഉപദേഷ്ടാക്കൾ അദ്ദേഹത്തിൻെറ ചുററുമുണ്ടെങ്കിൽ അവർ ഇതുവരെ തങ്ങളുടെ സ്വാർത്ഥം നിറഞ്ഞ ഉപദേശംമൂലം സംഭവിച്ചുപോയ തെററുകളെ ഉടനടി കഴിയുന്നിടത്തോളം പരിഹരിച്ചു മേലാൽ അങ്ങനെ സംഭവിക്കാതെയിരിക്കുവാൻ പ്രത്യേകം സൂക്ഷിച്ചു പ്രവർത്തിക്കുകതന്നെ ചെയ്യും. പ്രസംഗം കൊണ്ടുമാത്രം ജനങ്ങൾ തൃപ്തിപ്പെടുന്നതല്ലെന്നും പ്രസംഗത്തിനനുരൂപമായ പ്രവൃത്തി ചെയ്യെങ്കിൽമാത്രമേ ജനങ്ങളുടെ സംശയങ്ങൾ നീങ്ങുകയുള്ളുവെന്നും ഇവർ അറിയേണ്ടതാണു്. ഇവിടത്തെ ജനങ്ങൾ പുറമേയുള്ള രാഷ്ട്രീയബഹളങ്ങളിൽപ്പെട്ടു് ഇളകാതെ ശാന്തരായിരിക്കേണ്ട ആവശ്യകത മനസ്സിലാക്കിയതിൽ താൻ സന്തോഷിക്കുന്നു എന്നു മഹാരാജാവു് പ്രസ്തുത ആററിങ്ങൽ പ്രസംഗത്തിൽവച്ചു പറയുകയുണ്ടായി. പക്ഷേ, ഗവമ്മെൻറ് ഇപ്പോഴത്തെപ്പോലെ കേവലം പ്രസംഗങ്ങൾ കൊണ്ടു ഭരണപരിഷ്കാരത്തെ അനുകൂലിച്ചും പ്രവൃത്തികൊണ്ടു് അതിന്റെ മൗലികതത്ത്വങ്ങളെ ലംഘിച്ചുംകൊണ്ടിരുന്നാൽ ഇന്നത്തെ കാലഗതിക്കു് അവരുടെ അതിരുകവിഞ്ഞ ക്ഷമപോലും അധികകാലം നീണ്ടുനില്ക്കുമോ എന്നു സംശയിക്കേണ്ടിയിരിക്കുന്നു.

**കേസരി, 1932 ജനുവരി 27**

# പ്രസംഗവും പ്രവൃത്തിയും

[പുരോഗമനപരമായ പ്രസംഗങ്ങൾ ചെയ്യുകയും പിൻതിരിപ്പൻ നടപടികൾ സ്വീകരിക്കയും ചെയ്യുന്ന മഹാരാജാവിൻെറ നടപടികളെ വീണ്ടും ബാലകൃഷ്ണപിള്ള അപലപിക്കുന്നു ]

ചിത്തിരതിരുനാൾമഹാരാജാവു് ഈയ്യിടെ ചെയ്തിട്ടുള്ള പല പ്രസംഗങ്ങളിലും ഇന്നത്തെ ഒരു ഭരണാധികാരിക്കുണ്ടായിരിക്കേണ്ടതായ നവീനആശയങ്ങൾ കാണുന്നുണ്ടു്. പക്ഷേ തിരുവിതാംകൂർഗവമ്മെൻറിൻെറ പ്രവൃത്തികൾ മഹാരാജാവിൻെറ പ്രസംഗങ്ങൾക്കു നേരേ വിരുദ്ധമായിട്ടുള്ളതുമാണു്. ചില ഉദാഹരണങ്ങൾ എടുക്കാം. ഹൈക്കോടതിയുടെ ജൂബിലി ആഘോഷാവസരത്തിൽ മഹാരാജാവയച്ച സന്ദേശത്തിൽ തിരുവിതാംകൂർമഹാരാജാക്കന്മാർ നീതിപരിപാലനം നിർഭയവും നിഷ്പക്ഷപാതമായും നടത്തിക്കാണണമെന്നും എക്സിക്യൂട്ടീവ് അധികാരികൾ ജൂഡിഷ്യൽ വകുപ്പിൽ തലയിടാതിരിക്കണമെന്നും നിഷ്ഠയുണ്ടെന്നു പറഞ്ഞിരിക്കുന്നു. ഹൈക്കോടതിജഡ്ജിമാരെ ദിവാൻജിമാരും മററുമാക്കുന്ന പ്രവൃത്തി എക്സിക്യൂട്ടീവ് ജൂഡിഷ്യറിയെ തങ്ങളുടെ സ്വാധീനത്തിൽ കൊണ്ടുവരുന്നതിനു തുല്യമല്ലേ? ഇപ്പോൾത്തന്നെ ഒരു മൂന്നു ദിവസത്തിനുമുമ്പു് ഗവമ്മെൻറ് ഒരു സെഷൻസ്ജഡ്ജിയുടെ ഒഴിവിൽ ഹൈക്കോടതി നിർദ്ദേശിച്ച നിയമനങ്ങളെ പാടേ തിരസ്കരിച്ചു് അവർതന്നെ നേരിട്ടു നിയമനം നടത്തിയിരിക്കുന്നു! ഇതു് എക്സിക്യൂട്ടീവിൽനിന്നു ജൂഡിഷ്യറിക്കുള്ള സ്വാതന്ത്ര്യമാണോ കാണിക്കുന്നതു്? നിഷ്പക്ഷമായാണോ ഇവിടത്തെ ന്യായംനടത്തൽ! എങ്കിൽ ഉയന്ന പോലീസുദ്യോഗസ്ഥന്മാരുടെ പേക്കു ജനങ്ങൾ കൊണ്ടുവരുന്ന പല ക്രിമിനൽ കേസുകൾക്കും ഗവർമ്മെൻറു് അനുമതി നല്കുമായിരുന്നു. ഇങ്ങനെ അവർ ചെയ്യാറില്ല. നിഷ്പക്ഷമായ നീതിനടത്തൽ ഇവിടെ ഉണ്ടെന്നു വിചാരമുണ്ടെങ്കിൽ അന്യത്ര ചേർത്തിട്ടുള്ള തിരുവനന്തപുരം പിക്കററിങ്ങു്ധമ്മഭടർ എഴുതിയിട്ടുള്ള ദയനീയമായ ലേഖനത്തിൽ വിവരിച്ചിട്ടുള്ളതുപോലെ പോലീസുകാർ പെരുമാറുമായിരുന്നോ? ഈയ്യിടെ തിരുവിതാംകൂർ സന്ദർശിച്ച സ്റ്റേററ്സ് കമ്മിററിക്കാക്കു് കനകക്കുന്നിൽവച്ചു വിരുന്നുകൊടുത്തപ്പോൾ മഹാരാജാവു ചെയ്ത പ്രസംഗം തിരുവിതാംകൂറിൻെറ സ്വർഗ്ഗതുല്യതയെപ്പററിയുള്ള ഒരു സ്തുതിഗീതമായിരുന്നു. തിരുവിതാംകൂറിൽ വലിയ അനുദ്യോഗസ്ഥഭൂരിപക്ഷമുള്ള ഒരു നിയമസഭയുണ്ടെന്നും അതിനു വളരെ വിശാലമായ അധികാരങ്ങൾ ഉണ്ടെന്നും അതിൽ പറഞ്ഞുകാണുന്നു. ഇതു വാസ്തവത്തിനു വിരുദ്ധമാണെന്നു പ്രത്യേകം പറയേണ്ടതില്ലല്ലോ? ഇതു് യാഥാർത്ഥ്യമാക്കാൻ മഹാരാജാവു ശ്രമിച്ചാൽ മാത്രമേ അദ്ദേഹത്തിൻെറ പ്രസംഗത്തിനും ഗവമ്മെൻറിൻെറ പ്രവൃത്തിക്കും തമ്മിൽ പൊരുത്തമുണ്ടാകുകയുള്ളു. ഇവിടത്തെ ജനങ്ങളുടെ വിദ്യാഭ്യാസസ്ഥിതിയെപ്പററി പ്രസംഗത്തിൽ പ്രശംസിച്ചിരി

ക്കുന്ന തൊഴിലില്ലാത്തവരേയും അടിമകളേയും വർദ്ധിപ്പിക്കുന്നതിനു പര്യാപ്തമായ ഈ വിദ്യാഭ്യാസം ഈ സ്തുതിയല്ല അർഹിക്കുന്നതു്. പൊതുജനാഭിപ്രായരൂപവൽക്കരണത്തിനുള്ള മാർഗ്ഗങ്ങൾ ഇവിടെ നല്ലപോലെ അഭിവൃദ്ധിപ്രാപിച്ചിട്ടുണ്ടെന്നും നൂറിലധികം പത്രങ്ങൾ ഇവിടെ ഉണ്ടെന്നും അഭിമാനപൂർവ്വം മഹാരാജാവു പറഞ്ഞിരിക്കുന്നു. പക്ഷേ, ഇന്നത്തെ ഗവമ്മെൻറ് ഈ പൊതുജനാഭിപ്രായത്തെ തൃണവൽഗണിച്ചു പ്രവത്തിക്കുകയാണു ചെയ്യുന്നതു്. ഈയ്യിടെ ഉണ്ടായിട്ടുള്ള അനേകം നിരോധനാജ്ഞകൾ ഇതിനു് ഉത്തമദൃഷ്ടാന്തങ്ങളായി പരിഗണിക്കാവുന്നതാണു്. വത്തമാനപ്പത്രറഗുലേഷൻ മുഖേന വായ്മൂടിക്കെട്ടിയിട്ടുള്ളവയാണു് ഇവിടത്തെ നൂറിലധികം പത്രങ്ങളുമെന്നതു മഹാരാജാവു വിസ്മരിച്ചുപോയി. ഇങ്ങനെ പല കാര്യങ്ങളിലും എടുത്തുനോക്കുമ്പോൾ ഇവിടത്തെ ഗവമ്മെൻറു മഹാരാജാവിൻെറ പ്രസംഗങ്ങളിൽ ഉള്ള തത്വമനുസരിച്ചല്ല പ്രവത്തിച്ചുവരുന്നതെന്നു കാണാവുന്നതാണു്. ഈയ്യിടെ ഉണ്ടായിട്ടുള്ള കൊട്ടാരം ഉദ്യോഗസ്ഥന്മാരുടെ മാററങ്ങളിൽനിന്നു് സവ്വീസിലെ അക്രമങ്ങളെയും അഴിമതികളെയും കുറയ്ക്കണമെന്നു് മഹാരാജാവിനു വിചാരമുള്ളതുപോലെ തോന്നുന്നു. പക്ഷേ പോലീസുദ്യോഗസ്ഥന്മാരെ മാത്രം ഈ നയത്തിൽനിന്നു് ഒഴിവാക്കിയിട്ടുള്ളതുപോലെ വിചാരിക്കേണ്ടതായിയിരിക്കുന്നു. ഇല്ലെങ്കിൽ ഞങ്ങൾ അന്യത്ര ചേത്തിട്ടുള്ള പിക്കററിങ്ങ്ധമ്മഭടരുടെ ലേഖനത്തിൽ പറഞ്ഞിട്ടുള്ള സംഗതികൾക്കു് ഒരു അന്വേഷണം നടത്തണമെന്നു ഞങ്ങൾ മുമ്പുതന്നെ ചൂണ്ടിക്കാണിച്ചിരുന്നതിൽ ഗവമ്മെൻറു് ശ്രദ്ധപതിപ്പിക്കുമായിരുന്നു. പിന്നെയും മഹാരാജാവിൻെറ ഇതുവരെയുള്ള പ്രസംഗങ്ങളിൽനിന്നു് തിരുവിതാംകൂറിന്റെ പുറമെയുള്ള നില നന്നാക്കണമെന്നും തിരുവിതാംകൂറിൽ ഭരണം കളങ്കരഹിതമായി നടത്തണമെന്നും മാത്രമേ പ്രധാനമായി അദ്ദേഹത്തിനു വിചാരമുള്ളതുപോലെ തോന്നുന്നുള്ളു. ഇതു വേണ്ടതുതന്നെ. പക്ഷേ, ഇതിനോടു തുല്യമോ ഇതിലധികമോ പ്രാധാന്യമുള്ള കാര്യം ഭരണാധികാരം ജനങ്ങൾക്കു കൊടുക്കുക എന്നുള്ളതാണു്. കാര്യക്ഷമതയുള്ളതും ലോകരുടെ ദൃഷ്ടിയിൽ ഒരു സ്ഥാനമുള്ളതുമായ ഒരു ഗവമ്മെൻറു സ്ഥാപിക്കുന്നതുമാത്രം പഴയ ഒരു സ്വേഛാധികാരിയുടെ ആദർശമാണു്. ഇവയോടുകൂടി ജനങ്ങൾക്കു പൂർണ്ണഭരണാധികാരം വിട്ടുകൊടുക്കണമെന്നുള്ള ആദർശവും അതു് ഉടനടി നടപ്പിൽവരുത്തുന്നതിനുള്ള സന്നദ്ധതയുമാണു് ഇന്നത്തെ ഒരു രാജാവിനുവേണ്ടതു്. രാജ്യദ്രോഹിയും കാശിനുകൊള്ളരുതാത്തവനുമായ മി വി. എസ്സ്. സുബ്രഹ്മണ്യയ്യർ ഇതാ പോകുവാൻ പോകുന്നു. ഇനി വരുന്ന ദിവാൻ മി. ആസ്റ്റിനെങ്കിലും മഹാരാജാവിന്റെ പ്രസംഗങ്ങൾക്കും ഗവമ്മെൻറിൻെറ പ്രവൃത്തികൾക്കും തമ്മിൽ പൊരുത്തമുണ്ടാക്കുവാൻ ശ്രമിക്കുകയും ഇന്നത്തെ കാലത്തിനനുസരിച്ച സ്വയംഭരണപരിഷ്കാരങ്ങൾ ഇവിടെ വരുത്തുകയും ചെയ്യുമെന്നു വിശ്വസിക്കുന്നു.

കേസരി, 1932 ഫെബ്രുവരി 17

# ഈററുകുളിക്കാൻ പോയവൾ ഇരട്ടപെററു

[സ്റ്റേററ് കത്തോലിക്കാകോൺഗ്രസ്സ് ഉദ്യോഗകാര്യങ്ങളിലും മററും വർഗ്ഗസമത്വം അനുവദിക്കണമെന്നപേക്ഷിച്ചുകൊണ്ടും ഉത്തരവാദഭരണം തല്ക്കാലമനുവദിക്കേണ്ടതില്ലെന്നഭിപ്രായപ്പെട്ടുകൊണ്ടും ചിത്തിരതിരുനാൾ മഹാരാജാവിനു സമർപ്പിച്ച മെമ്മോറിയലിനെപ്പററി ബാലകൃഷ്ണപിള്ള 1932 ഒക്ടോബർ 19-ാം തീയതി എഴുതിയ മുഖപ്രസംഗം.]

ഈററുകുളിക്കാൻ പോയവൾ ഇരട്ടപെററ കഥയാണു് ഭരണപരിഷ്കാരത്തെ സംബന്ധിച്ചു് തിരുവിതാംകൂർ സ്റ്റേററ് കത്തോലിക്കാകോൺഗ്രസ്സ് ചിത്തിരതിരുനാൾ മഹാരാജാവിനു് സമർപ്പിച്ച മെമ്മോറിയൽ വായിച്ചപ്പോൾ ഞങ്ങളുടെ സ്മരണയിൽ വന്നതു്. ഭരണത്തിൽ ചില വർഗ്ഗക്കാർക്കുള്ള അമിതമായ സ്വാധീനശക്തി കുറച്ചു് അതു് എല്ലാവർഗ്ഗക്കാർക്കും അവർ അർഹിക്കുന്നവിധത്തിൽ വീതിച്ചുകൊടുക്കണമെന്നാണു് കോൺഗ്രസ്സിൻെറ ഉദ്ദേശം. ഇതു് ആശാസ്യമായ ഒരു ഉദ്ദേശമാണെന്നേ നിഷ്പക്ഷപാതികൾ പറയുകയുള്ളു. ഇതേവരെ ഭരണപരിഷ്കാരത്തെ സംബന്ധിച്ചു് ഉണ്ടായിട്ടുള്ള നിർദ്ദേശങ്ങളിലും പദ്ധതികളിലുംവച്ചു് അത്യധികം പ്രായോഗികവും, യാഥാർത്ഥ്യഗ്രാഹിയും, നിർമ്മാണപരവും, സുനിശ്ചിതവുമായ നിർദ്ദേശങ്ങളാണു് പ്രസ്തുത മെമ്മോറിയലിൽ അടങ്ങിയിരിക്കുന്നതും. പക്ഷേ, കത്തോലിക്കാകോൺഗ്രസ്സിൻെറ ഉദ്ദേശസാദ്ധ്യത്തിനുതന്നെ അപരിത്യാജ്യവും മററു നിർദ്ദേശങ്ങൾക്കെല്ലാം ജീവൻ കൊടുക്കുന്നതുമായ ഉത്തരവാദഭരണസ്ഥാപനംമാത്രം തൽക്കാലം പാടില്ലെന്നാണു് മെമ്മോറിയലിൽ പറഞ്ഞിരിക്കുന്നതു്. കോൺഗ്രസ്സിനു് ഒരു കത്തോലിക്കനെങ്കിലുമുള്ള ഒരു എക്സിക്യൂട്ടീവ് കൗൺസിൽമാത്രം മതി. ഈ ഒററനിർദ്ദേശം ഇതരസംഗതികളാൽ മററു പല കക്ഷികളുടേയും പദ്ധതികളെ അപേക്ഷിച്ചു് ഈ പദ്ധതിക്കുള്ള മേന്മയെ പാടേ നശിപ്പിച്ചു് ഇതു രാജ്യത്തിന്നാകപ്പാടെ അത്യധികം ദോഷം ചെയ്യുകയാണു ചെയ്യുന്നതു്. ഈ നാട്ടിലെ ഇതരകക്ഷികൾ ആസകലം ഉടനടിയുള്ള ഉത്തരവാദഭരണസ്ഥാപനത്തിനു മുറവിളികൂട്ടുമ്പോൾ, ലോകമെങ്ങും ഉത്തരവാദഭരണകാഹളം മുഴങ്ങുമ്പോൾ ജനസംഖ്യാബലംകൊണ്ടും തങ്ങളുടെ അന്യായമായ അസമത്വങ്ങളുടേയും അവശതകളുടേയും പാരമ്യംകൊണ്ടും ഈ ഒച്ചപ്പാടിൽ മുമ്പിട്ടുനിൽക്കേണ്ടവരായ തിരുവിതാംകൂറിലെ കത്തോലിക്കർ മാത്രം ഈ അപസ്വരം പുറപ്പെടുവിച്ചതു് വളരെ കഷ്ടമായിപ്പോയിയെന്നു പറയാതെ ഗത്യന്തരമില്ല. അച്ഛൻ ഇച്ഛിച്ചതും വൈദ്യൻ കല്പിച്ചതും പാൽ എന്നതുപോലെയാണു് തിരുവിതാംകൂർ ഗവൺമെൻറിനെ സംബന്ധിച്ചു് പ്രസ്തുത

നിർദ്ദേശം ഫലിക്കുന്നതു്. ആകാശം ഇടിഞ്ഞുവീണാലും തങ്ങൾ അടുത്ത കാലത്തെങ്ങും യഥാർത്ഥമായ ഉത്തരവാദഭരണം മാത്രം, മററന്നു് അനുവദിച്ചുകൊടുത്താലും ശരി, അനുവദിക്കുകയില്ലെന്നാണു് തിരുവിതാംകൂർഗവമെൻറിൻെറ നില. തങ്ങളുടെ ഈ മക്കടമുഷ്ടിക്കു് ഇപ്പോൾ ഇതാ ഈ നാട്ടിലെ ഒരു പ്രധാനവർഗ്ഗത്തിൻെറ പിന്തുണ ഉണ്ടായിരിക്കുന്നു! വാസ്തവത്തിൽ കോൺഗ്രസ്സിൻെറ പ്രസ്തുത നിർദ്ദേശം രാജ്യത്തിനു പൊതുവെ അത്യന്തം ദോഷകരമാണെന്നു മാത്രമല്ല, കത്തോലിക്കാസമുദായത്തിനും അതു് വളരെ ദോഷം ചെയ്യുന്നതാണെന്നു് അല്പം ആലോചിച്ചാൽ മനസ്സിലാക്കാവുന്നതാണു്. നിയമസഭയെ മെമ്മോറിയലിൽ നിർദ്ദേശിച്ചപ്രകാരം പരിഷ്കരിക്കുകയും ഉത്തരവാദഭരണം ഇല്ലാതെയിരിക്കുകയും ചെയ്താൽ ഗവമെൻറിനു് പൂർവ്വാധികം ലോകരുടെ കണ്ണിൽ മണ്ണിട്ടുകൊണ്ടു് കത്തോലിക്കരെപ്പോലെയുള്ള അവശതകൾ അനുഭവിക്കുന്ന സമുദായങ്ങൾക്കു് സങ്കടപരിഹാരം ചെയ്യാതെയിരിക്കുവാൻ സാധിക്കും. നിയമസഭയിൽ മെമ്മോറിയലിൽ നിർദ്ദേശിച്ച 16 സ്ഥാനങ്ങളും എക്സിക്യൂട്ടീവ്കൗൺസിലിൽ ഒരു സ്ഥാനവും കത്തോലിക്കർക്കു കിട്ടി എന്നു വിചാരിക്കുക. ഇതുകൊണ്ടു് കത്തോലിക്കരുടെ അവശതകൾ മാറുമോ? ഒരിക്കലുമില്ല. എക്സിക്യൂട്ടീവിനെ മാററുവാനും നിയമിക്കുവാനും നിയമസഭയ്ക്കു് അവിശ്വാസപ്രമേയംമൂലമുള്ള അധികാരം ഉണ്ടായാൽ മാത്രമേ ഈ പതിനാറു മെംബറന്മാർക്കും ഗവമെൻറിൻെറ നയം തങ്ങൾക്കു ഗുണകരമായ വിധത്തിൽ രൂപവൽക്കരിക്കുവാൻ സാധിക്കുകയുള്ളൂ. ഇതില്ലെങ്കിൽ ഇന്നത്തെ കത്തോലിക്കാനിയമസഭാമെംബറന്മാരുടെ നിർദ്ദേശങ്ങൾപോലെ അവ കേവലം വനരോദനങ്ങളായി മാത്രമേ പരിണമിക്കുകയുള്ളൂ. ഒരു കത്തോലിക്കൻ എക്സിക്യൂട്ടീവ്കൗൺസിലർ ഉണ്ടായിരിക്കുമെങ്കിലും, അദ്ദേഹത്തിനു നിയമസഭയോടു് ഉത്തരവാദിത്വമില്ലായ്കയാലും മഹാരാജാവിനോടുമാത്രം അതുള്ളതുകൊണ്ടും, അദ്ദേഹം എത്രമാത്രം വലിയ സമുദായസ്നേഹിയായിരുന്നാലും ശരി തൻെറ സമുദായം ന്യായമായി അർഹിക്കുന്നതുപോലും അദ്ദേഹത്തെക്കൊണ്ടു ചെയ്യിക്കുവാൻ ഗവമെൻറിൻെറ ആനുകൂല്യമില്ലെങ്കിൽ, കത്തോലിക്കാനിയമസഭാംഗങ്ങൾക്കു സാധിക്കുകയില്ല. ഗവമെൻറുമാത്രം നിയമിക്കുന്ന ഉദ്യോഗസ്ഥനാണെങ്കിൽ അയാൾ ആത്മരക്ഷയെ കരുതി പലപ്പോഴും തൻെറ വർഗ്ഗം മറന്നു താൻ ഉദ്യോഗസ്ഥരെന്ന പ്രത്യേകം ഒരു വർഗ്ഗക്കാരനാണെന്നു വിചാരിക്കുവാനാണു് അധികം ഇട. ഇവിടത്തെ മഹാരാജാക്കന്മാർ എത്രമാത്രം കർത്തവ്യബോധത്തോടും നിഷ്പക്ഷപാതത്തോടും പ്രവർത്തിക്കുവാൻ ശ്രമിച്ചാലും അവർക്കു ചാർച്ചയും വേഴ്ചയും അടുപ്പവുമുള്ള സവർണ്ണരുടെ പ്രേരകശക്തിയിൽനിന്നു പൂർണ്ണമായ മോചനം ലഭിക്കുവാൻ സാധിക്കുകയില്ല. അതിനാൽ സവർണ്ണരുടെ ഭരണത്തിലുള്ള അമിതമായ സ്വാധീനശക്തി മാററണമെങ്കിൽ അതിനുള്ള ഏകമാർഗ്ഗം എക്സിക്യൂട്ടീവ് അധികാരം ഒരുത്തരോടും ഉത്തരവാദിത്വമില്ലാത്തവരായ മഹാരാജാക്കന്മാരിൽനിന്നെടുത്തു് സവർണ്ണരല്ലാത്ത ഭൂരിപക്ഷം നാട്ടാർക്കു, ഭൂരിപക്ഷമുള്ളതും ഏററക്കുറെ കത്തോലിക്കാകോൺഗ്രസ്സ്തന്നെ നിർദ്ദേ

ശിച്ചിട്ടുള്ളപ്രകാരം സർവ്വജനപ്രാതിനിദ്ധ്യപൂർണ്ണവുമായ നിയമസഭയോടു് ഉത്തരവാദിത്വമുള്ള ഒരു മന്ത്രിസഭയിൽ സമർപ്പിക്കുന്നതാകുന്നു. അതായതു് ഉത്തരവാദഭരണം സ്ഥാപിക്കുന്നതാണു് പ്രസ്തുത മാർഗ്ഗം. ഈ മാർഗ്ഗത്തെയാണു് കത്തോലിക്കാകോൺഗ്രസ്സിന്റെ മെമ്മോറിയലിൽ തിരസ്കരിച്ചിരിക്കുന്നതും! കോൺഗ്രസ്സ് നിർദ്ദേശിച്ചിട്ടുള്ള ഉത്തരവാദഭരണരഹിതമായ ഭരണപരിഷ്കാരം ഗവൺമെന്റിനു് ഇന്നത്തെ വർഗ്ഗീയ അവശതകൾ വെച്ചുകൊണ്ടിരിക്കുവാൻ പൂർവ്വാധികം സൗകര്യങ്ങൾ നൽകുകമാത്രമേ ചെയ്യുകയുള്ളു. ഇന്നു തിരുവിതാംകൂർഗവൺമെന്റു നഗ്നമായ സ്വേച്ഛാഭരണമാണു് ഇവിടെ നടത്തുന്നതു്. ഈ നഗ്നതകൊണ്ടു് അവശസമുദായങ്ങളുടെ മുറവിളി ന്യായമാണെന്നു ലോകർ വിചാരിക്കുകയും ഈ ലോകാഭിപ്രായഗതി അതിനു ക്രമേണ പരിഹാരമുണ്ടാകുവാൻ സഹായിക്കുകയും ചെയ്യും. കോൺഗ്രസ്സ് നിർദ്ദേശിച്ചിട്ടുള്ള പദ്ധതിമാത്രം നടപ്പിൽ വരുത്തിയാൽ ഇപ്പോഴത്തെ നഗ്നമായ സ്വേച്ഛാഭരണം പൊതിഞ്ഞ സ്വേച്ഛാഭരണമായിത്തീരുകയും തന്മൂലം ലോകർ അതിന്റെ യഥാർത്ഥസ്വഭാവത്തെപ്പററി വഞ്ചിതരായി അവശസമുദായങ്ങളുടെ അവശത നീക്കുന്നതിൽ ഉദാസീനരായിത്തീരുകയും ചെയ്യും. ഇതുകൊണ്ടാണു് ഈററുകുളിക്കാൻ പോയവൾ ഇരട്ടപെററു എന്നു ഞങ്ങൾ ഈ പദ്ധതിയെക്കുറിച്ചു പറഞ്ഞതും. ആലോചിച്ചുനോക്കിയാൽ ഒരു വിചിത്രമായ സ്ഥിതിഗതി ഇവിടെ കാണാം. അധികൃതന്മാരുടെ സവർണ്ണപാച്ചിയും വേഴ്ചയും ഹേതുവായി അവരുടെ സ്വേച്ഛാധികാരം വച്ചുപുലർത്തിക്കൊണ്ടുപോകണമെന്നു വാദിക്കേണ്ടവർ സവർണ്ണരും ആ സ്വേച്ഛാഭരണത്തെ മാററി ഉത്തരവാദഭരണം സ്ഥാപിക്കണമെന്നു് ഉച്ചത്തിൽ മുറവിളി കൂട്ടേണ്ടവർ സവർണ്ണേതരരായ വർഗ്ഗക്കാരുമാണു്. യഥാർത്ഥത്തിൽ, പ്രായേണ നേരേമറിച്ചാണു് ഇവിടത്തെ ഭരണപരിഷ്കാരപ്രക്ഷോഭഗതി. ഇതിനു കാരണമെന്തു്? ഉത്തരവാദഭരണം സ്ഥാപിച്ചാലും തങ്ങളുടെ അമിതമായ അധികാരം വച്ചുപുലർത്തിക്കൊണ്ടുപോകുവാൻ സാധിക്കുമെന്നുള്ള സവർണ്ണരുടെ ബോധംകൊണ്ടാണു് അവർ ഭരണപരിഷ്കാരപ്രശ്നത്തിൽ മുന്നിട്ടുനില്ക്കുന്നതെന്നു് ഇതരവർഗ്ഗക്കാരിൽ ചിലർ ഒരു വാദം പുറപ്പെടുവിക്കാറുണ്ടു്. ഇതിൽ കുറെ വാസ്തവം ഇല്ലാതില്ലെങ്കിലും കത്തോലിക്കാകോൺഗ്രസ്സ് രൂപവൽക്കരിച്ചിരിക്കുന്ന രീതിയിൽ തിരഞ്ഞെടുത്തതും പരമാധികാരമുള്ളതുമായ ഒരു നിയമസഭ ഉണ്ടെങ്കിൽ ഇതു സാധ്യമാകുന്നതല്ല. അതിൽ ആകെ ഉള്ള 88 സഭാംഗങ്ങളിൽ 19 പേർ മാത്രമേ സവർണ്ണരായിട്ടുള്ളു. ഈ 19 പേർക്കു് ഇതരരുടെ സഹായമില്ലെങ്കിൽ സഭയിൽ ഒന്നും ചെയ്യുവാൻ സാധിക്കുകയില്ല. അതുകൊണ്ടു് ഇങ്ങനെയുള്ള ഒരു സഭയോടുപോലും ഉത്തരവാദിത്വമുള്ള മന്ത്രിസഭ പാടില്ലെന്നു മേൽപറഞ്ഞ ശങ്കയാൽമാത്രം വാദിക്കുന്നതു ശരിയാണോ എന്നു കത്തോലിക്കാകോൺഗ്രസ്സ് നല്ലപോലെ ആലോചിച്ചുനോക്കേണ്ടതായിരുന്നു. സവർണ്ണരുടേയും സവർണ്ണേതരരുടേയും പ്രകൃതിവിരുദ്ധമായ മേൽപറഞ്ഞ നിലയെ സംബന്ധിച്ചു് സവർണ്ണേതരരുടെ നിലയ്ക്കു് സവർണ്ണരിൽ ചിലർ പറയാറുള്ള കാരണങ്ങൾ

അവക്ക വിശാലമായ പരിഷ്കാരങ്ങളുടെ അസംഭവ്യതയിലുള്ള വിശ്വാസത്താൽ തല്ക്കാലലാഭങ്ങൾമാത്രം മതിയെന്നുള്ള ഹ്രസ്വദൃഷ്ടി ഉള്ളതും ഭരണപരിഷ്കാരത്തിനു സ്വാഭാവികമായി സ്വാൎത്ഥതകൊണ്ടു് വിരോധികളാകുന്ന ഉദ്യോഗസ്ഥവൃന്ദത്തിന്റെ വലയിൽ അവർ അകപ്പെട്ടുന്നതുമാണെന്നുമാണു്. ഇതിലും കുറെ വാസ്തവമില്ലാതില്ല. ഇന്നത്തെ ലോകഗതിക്കു് അന്യായമായ അവകാശങ്ങളും കുത്തകകളും ആക്കും അധികം നാൾ വെച്ചുകൊണ്ടിരിക്കുവാൻ സാധിക്കുകയില്ലെന്നു് സവൎണ്ണരും, ഈ സമത്വസ്ഥാപനത്തെ ത്വരിതപ്പെടുത്തുന്നതിനു പ്രസ്തുത കുത്തകക്കാരുമായി ഏകോപിച്ചു പ്രവൎത്തിക്കുകയാണു വേണ്ടതെന്നു് സവൎണ്ണേതരരും അറിയേണ്ട കാലം വൈകിയിരിക്കുന്നു. കത്തോലിക്കാകോൺഗ്രസ്സിന്റെ മെമ്മോറിയലിൽ ദേശീയത്വത്തിന്മേൽ അടിസ്ഥാനപ്പെടുത്തിയിട്ടുള്ള ഒരു ഭരണഘടന തിരുവിതാംകൂറിനു ചേരുന്നതല്ലെന്നു ബ്രിട്ടീഷ് ഇൻഡ്യയെ സംബന്ധിച്ച സൈമൺ കമ്മീഷൺ പറഞ്ഞിട്ടുള്ള വാദങ്ങളെ ഉദ്ധരിച്ചുകൊണ്ടു പറഞ്ഞിരിക്കുന്നു. പക്ഷേ, സൈമൺ കമ്മീഷൻ പോലും ബ്രിട്ടീഷ് ഇൻഡ്യൻപ്രവിശ്യകളിൽ ഉത്തരവാദഭരണം സ്ഥാപിക്കണമെന്നു പറഞ്ഞിട്ടുണ്ടെന്നും പ്രവിശ്യകളുടെ നിലമാത്രമേ നാട്ടുരാജ്യങ്ങൾക്കുള്ളു എന്നും പ്രസ്തുത മെമ്മോറിയൽ എഴുതിയവർ ഓക്കുന്നുണ്ടെന്നു തോന്നുന്നില്ല. ഈ മെമ്മോറിയലിലെ പ്രായോഗികവും ചില ഭേദഗതികളോടു് ഏറെക്കുറെ തൽക്കാലം സ്വീകാൎയ്യയോഗ്യവുമായ നിയമസഭാപ്രാതിനിധ്യപദ്ധതി ഒരു നിശ്ചിതകാലംവരെ മാത്രമേ സ്വീകരിക്കേണ്ടതുള്ളു എന്നു് അതിന്റെ നിൎമ്മാതാക്കൾ പറയേണ്ടതായിരുന്നു. നിയമസഭാപരിഷ്കാരത്തെപ്പറ്റി ഇദംപ്രഥമമായി ഒരു പ്രായോഗികവും സുനിശ്ചിതവുമായ പദ്ധതി നിൎമ്മിച്ചതിനു മാത്രം കത്തോലിക്കാകോൺഗ്രസ്സിനെ ഞങ്ങൾ അഭിനന്ദിക്കുന്നു.

കേസരി, 1932 ഒക്ടോബർ 19

# ഒരു കൊല്ലത്തെ ഭരണം

[വീണ്ടും ചിത്തിരതിരുനാൾ മഹാരാജാവിന്റെ ഭരണമാരംഭിച്ചു് ഒരു വൎഷം കഴിഞ്ഞപ്പോൾ അദ്ദേഹത്തിന്റെ ഗവണ്മെൻറിന്റെ അന്നുവരെയുള്ള നടപടികളെ ബാലകൃഷ്ണപിള്ള വിമൎശിക്കുന്നു.]

ചിത്തിരതിരുനാൾ മഹാരാജാവു് ഭരണം കൈയേററിട്ടു് ഒരു കൊല്ലം തികയുവാൻ ഇനി പത്തുദിവസത്തോളമേയുള്ളു. അതിനാൽ ഈ കാലഘട്ടത്തിൽ പുതിയ മഹാരാജാവിന്റെ ഗവൎമ്മെൻറു് എന്തെല്ലാം ചെയ്തിട്ടുണ്ടെന്നു പരിശോധിക്കുന്നതു് ഉചിതമായിരിക്കുമല്ലോ. പ്രത്യേകിച്ചു തിരുനാൾസംബന്ധിച്ചു ചില അനുഗ്രഹങ്ങളെല്ലാം ഉണ്ടാകുമെ

ന്നുള്ള ശ്രുതി വാസ്തവമാണെങ്കിൽ അവയെ രൂപവല്കരിക്കുന്നതിനും ഈ നിരൂപണം സഹായിച്ചേക്കാവുന്നതാണ്. തിരുവിതാംകൂറിലെ പൊതുജനങ്ങൾ ചിത്തിരതിരുനാൾ മഹാരാജാവിൻെറ സ്ഥാനാരോഹണത്തോടുകൂടി കാലോചിതവും പ്രായേണ വിപ്ലവകരങ്ങളുമായ നാനാവിധ പരിഷ്കാരങ്ങൾ ഇവിടെ ഉണ്ടാകുമെന്നു പ്രതീക്ഷിച്ചിരുന്നു. പ്രായപൂത്തി വന്നവക്കെല്ലാം വോട്ടവകാശത്തോടുകൂടി ഉത്തരവാദഭരണം ഇവിടെ സ്ഥാപിക്കും. രാജസേവകന്മാരും രാജബന്ധുക്കളും രാജ്യകാൎയ്യങ്ങളിൽ തലയിടുകയില്ല. അഭിപ്രായസ്വാതന്ത്ര്യവും സദ്ഭരണത്തിന്റെ നാരായവേരായ പത്രപ്രവത്തനസ്വാതന്ത്ര്യവും കുപ്രസിദ്ധമായ വത്തമാനപ്പത്ര റഗുലേഷൻ റദ്ദുചെയ്യു് ഇവിടെ സ്ഥാപിക്കും. കഷകരുടെ ശാശ്വതവും സഹിക്കവയ്യാത്തതുമായ ഋണഭാരവും ഇന്നത്തെ സാമ്പത്തിക വൈഷമ്യവും കുറയ്ക്കുവാൻ വേണ്ട ശ്രമങ്ങൾ ഉണ്ടാകും. കാലത്തിനനുസരിച്ച രൗദ്രമായ മിതവ്യയം നടപ്പിൽവരുത്തും. ഇൻററർപോട്ടൽ കൺവെൻഷൺ, പെരിയാറുടമ്പടി മുതലായ കരാറുകൾ സംബന്ധിച്ച തിരുവിതാംകൂറിനുണ്ടായിട്ടുള്ള ഭീമമായ നഷ്ടങ്ങൾക്കു ന്യായമായ പരിഹാരം ലഭിക്കും. സാമുദായികമായും രാഷ്ട്രീയമായും ചില വൎഗ്ഗക്കാർ അനുഭവിക്കുന്ന അന്യായമായ അസമത്വങ്ങളെ ഉടനടി ഇല്ലായ്മചെയ്യും. വൎഗ്ഗീയമത്സരത്തിനു് ഉപശാന്തി ഉണ്ടാക്കും. പബ്ലിക്ക്സർവ്വീസ് കാൎയ്യക്ഷമതയുള്ളതും കറയററതുമാക്കിത്തീക്കും. കാലോചിതമായ വിദ്യാഭ്യാസ പരിഷ്കാരം നടപ്പിൽവരുത്തും. ഇതെല്ലാമായിരുന്നു ജനങ്ങളുടെ പ്രതീക്ഷ. ഇതൊന്നുംതന്നെ ഗവമ്മെൻറു് ഇതേവരെ നിറവേററിക്കൊടുത്തിട്ടില്ല. ഇവയിൽ മിക്കതും നിറവേററിക്കൊടുക്കുവാൻ അവർ യഥാത്ഥമായി ശ്രമിക്കുന്നു എന്നു വിചാരിക്കുവാനും കാരണങ്ങൾ ഞങ്ങൾ കാണുന്നില്ല. പ്രായപൂത്തിവന്നവക്കെല്ലാം ഗവമ്മെൻറു വോട്ടുകൊടുക്കുവാൻ വിചാരിക്കുന്നില്ലെന്നാണു ബലമായ ശ്രുതി. ആസന്നമായ ഭരണപരിഷ്കാരപ്രഖ്യാപനത്തിൽ ഉത്തരവാദഭരണസ്ഥാപനം ഇല്ലെന്നുമാണു കേൾവി. നിയമസഭയുടെ ഉപരിമണ്ഡലം സ്ഥിതിഗതികളെ ഇന്നത്തേക്കാൾ അധികം വഷളാക്കുവാനും ഇടയുണ്ടു്. ഉത്തരവാദമില്ലാത്തവരുടെ തലയിടൽ രാജ്യകാര്യങ്ങളിൽ അധികം കുറഞ്ഞിട്ടുമില്ല. പ്രസ്സ് റഗുലേഷൻ അതേപടിതന്നെയിരിക്കുന്നു. അതിൻെറ ദംഷ്ട്രങ്ങളുടെ പ്രയോഗവും കുറഞ്ഞിട്ടില്ല. വാത്താവിതരണത്തെ പാക്കററിലാക്കി പ്രസ്സിനെ പൂവ്വാധികം അടിമപ്പെടുത്തുന്നതിനു ഗവമ്മെൻറു പുതുതായി ഒരു ഉദ്യമം തുടങ്ങിയിട്ടുമുണ്ടു്. ഭൂസ്വത്തു ജാമ്യബാംകു സ്ഥാപിച്ചതല്ലാതെ സാമ്പത്തികവൈഷമ്യപരിഹാരത്തിനായി പുതിയ ഗവമ്മെൻറു സാരമായ ഒന്നുംതന്നെ ചെയ്തിട്ടില്ല. സാമ്പത്തികവൈഷമ്യപരിഹാരത്തിൽ റീജൻസി ഗവമ്മെൻറു ജനസങ്കടങ്ങളിൽ കുറെക്കൂടി ദയകാണിച്ചു എന്നാണു പൊതുജനങ്ങളുടെ ധാരണ. മിതവ്യയത്തിനുപകരം അതിവ്യയമാണു് ഇന്നത്തെ പതിവു്. ഇൻററർപോർട്ടൽ കൺവെൻഷൺ മുതലായവയെ സംബന്ധിച്ചു ഗവമ്മെൻറു മനഃപൂവ്വം പ്രവത്തിക്കുന്നുണ്ടെങ്കിലും ഫലം ഇതുവരെ ഉണ്ടായിട്ടില്ല. ചില സാമുദായികവും രാഷ്ട്രീയവുമായ

അവശതകളുടെ പരിഹാരത്തിനു് മി. കേളപ്പന്റെ ഉപവാസക്കാലത്തു സുവൎണ്ണാവസരം ഉണ്ടായെങ്കിലും അപ്പോഴും ഗവൎമ്മെന്റു് ഒന്നും ചെയ്തിട്ടില്ല. പബ്ലിക്ക്സർവീസ് റീജൻസിക്കാലത്തെപ്പോലെതന്നെ അധഃപതിച്ചിരിക്കുന്നു. വൎഗ്ഗീയമത്സരത്തിനു ശമനമുണ്ടായിട്ടുമില്ല. ഇതെല്ലാം ഒരുകൊല്ലംകൊണ്ടു് സാദ്ധ്യമല്ലെങ്കിലും ഇതു ചെയ്യുവാൻ തങ്ങൾക്കു മനസ്സുണ്ടെന്നു വാക്കാലല്ല, പ്രവൃത്തിമൂലം ഗവൎമ്മെന്റു കാണിച്ചിരുന്നെങ്കിൽ ജനങ്ങളുടെ ക്ഷമയറുകയില്ലായിരുന്നു. വാസ്തവത്തിൽ ഇങ്ങനെ ജനങ്ങൾ അത്യാവശ്യമായി കരുതുന്ന കാൎയ്യങ്ങളിലല്ല പുതിയ ഗവൎമ്മെന്റു് കഴിഞ്ഞ ഒരു കൊല്ലത്തിൽ ശ്രദ്ധ പ്രധാനമായി പതിപ്പിച്ചിരുന്നതു്. തിരുവിതാംകൂറിനു് ഇൻഡ്യാഗവൎമ്മെന്റിന്റെ മേൽനോട്ടത്തിൽനിന്നു മോചനം നേടിക്കൊടുക്കുവാനുള്ള മാൎഗ്ഗങ്ങളിലും തിരുവിതാംകൂറിനു പുറമേ പ്രസിദ്ധി ഉണ്ടാക്കിക്കൊടുക്കുന്നതിലുമാണു് ഗവൎമ്മെന്റു ശ്രദ്ധകേന്ദ്രീകരിച്ചിരുന്നതു്. ഇവരണ്ടും ഇവിടത്തെ അധികാരികൾക്കു കൂടുതൽ പ്രതാപം ഉണ്ടാക്കിക്കൊടുക്കുന്നതും പ്രജകൾക്കു നേരിട്ടു ഗുണകരമല്ലാത്തതും മേൽക്കോയ്മയുടെ മേൽനോട്ടം കുറയ്ക്കുന്നതിനെ സംബന്ധിച്ചിടത്തോളം അവൎക്കു ദോഷകരമായിട്ടുള്ളതുമാണു്. തങ്ങളുടെ പ്രതാപം വൎദ്ധിപ്പിക്കണം. പ്രജകളുടെ മുറവിളികൾകേട്ടു പരിഹാരമുണ്ടാക്കുന്നതിനു ബദ്ധപ്പാടൊന്നുമില്ല. ഇതാണെന്നുതോന്നുന്നു പുതിയ ഗവൎമ്മെന്റിന്റെ നില. വാൎത്താവിതരണ കമ്പനിക്കാൎക്കു ധനസഹായംചെയ്തും മറ്റും തിരുവിതാംകൂർ ഇന്നത്തെ അധഃപതിച്ചനിലയ്ക്കു് അർഹിക്കാത്തതായ ഖ്യാതി അതിനു നേടിക്കൊടുക്കുവാൻ പണിപ്പെടുന്നതിനു പകരം നാട്ടിൽ കാലോചിതവും വിപ്ലവകരങ്ങളുമായ പരിഷ്കാരങ്ങൾനടത്തി അതിനെ യഥാൎത്ഥമായി ഖ്യാതി അർഹിക്കുന്നതാക്കി അകൃത്രിമമായ പ്രസിദ്ധി നേടിക്കൊടുക്കുന്നതാണു നല്ലതെന്നു ഗവൎമ്മെന്റു് അറിയാത്തതു കഷ്ടംതന്നെ. സ്ഥാനമാനദാനവും തിരുവിതാംകൂറിന്റെ കീൎത്തിസ്ഥാപനാൎത്ഥമുള്ള തങ്ങളുടെ മഹൽപ്രവൃത്തികളെക്കുറിച്ചുള്ള വമ്പുപറച്ചിലുംകൊണ്ടു പ്രധാനകാൎയ്യങ്ങളിൽനിന്നു ഗവൎമ്മെന്റു ജനതതിയുടെ ശ്രദ്ധയെ തിരിക്കാൻ വൃഥാ യത്നിക്കേണ്ട ആവശ്യമില്ല. പേറ്റന്റു് ഔഷധവില്പനക്കാരുടെ നയം ഇങ്ങനെ അനുകരിച്ചുവരുന്നതുകൊണ്ടു ചിത്തിരതിരുനാൾമഹാരാജാവിന്റെ ഉപദേഷ്ടാക്കൾക്കു ഭാവനാശക്തിയുടെ കണികപോലുമുണ്ടെന്നു ഞങ്ങൾക്കു തോന്നുന്നില്ല. ഭാവനാശക്തിയിലാണു് ഒരു രാജ്യതന്ത്രജ്ഞന്റെ വിജയം സ്ഥിതിചെയ്യുന്നതെന്നു നെപ്പോളിയൻ ചക്രവൎത്തിയെപ്പോലെയുള്ള പല വിദഗ്ദ്ധന്മാരും അഭിപ്രായപ്പെട്ടിട്ടുമുണ്ടു്. ഈ തെറ്റായ നയം പരിത്യജിച്ചു പുതിയ ഒന്നു സ്വീകരിക്കുവാൻ ഇനിയും കാലം വൈകിയിട്ടില്ല.

കേസരി, 1932 ഒക്ടോബർ 26

# ഉള്ള കഞ്ഞിയിൽക്കൂടി പാററയെ പിടിച്ചിട്ടു

[സർ സി. പി. യുടെ ഉപദേശമനുസരിച്ച് ചിത്തിരതിരുനാൾ മഹാരാജാവു് പ്രഖ്യാപിച്ച ഭരണപരിഷ്കാരത്തെപ്പററി 1932 നവംബർ 2-ാം തീയതിയിലെ കേസരിയിൽ ബാലകൃഷ്ണപിള്ള എഴുതിയ മുഖപ്രസംഗം.]

ശ്രീചിത്തിരതിരുനാൾ മഹാരാജാവിൻെറ മുപ്പേൽപ്പു പ്രസംഗത്തെപ്പററി ഞങ്ങൾ കഴിഞ്ഞ ആണ്ടിൽ ഈ പംക്തികളിൽ വിമർശിച്ചപ്പോൾ ആഭ്യന്തരഭരണപരിഷ്കാരത്തെപ്പററി മഹാരാജാവിനെ "ഉപദേശിക്കുവാനായി നിയമിച്ചിരിക്കുന്ന മാന്യൻെറ പൂർവ്വചരിത്രം അറിയാവുന്നവർ അദ്ദേഹത്തിൻെറ ഉപദേശപ്രകാരം തിരുവിതാംകൂർകാക്കു് ഉത്തരവാദഭരണം കിട്ടുമോ എന്നു സംശയിക്കുകതന്നെ ചെയ്യും....മലബാർ കുടിയാൻബില്ലിനു് മദ്രാസ്ഗവർണ്ണരുടെ അനുമതി കൊടുക്കുവാൻ സമ്മതിക്കാത്ത ദേഹവും, കുപ്രസിദ്ധമായ ഇന്നത്തെ ഇൻഡ്യൻപ്രസ്സു് ആക്ടിനെ തൻെറ അല്പകാലത്തേക്കുണ്ടായിരുന്ന ഇന്ത്യാഗവമ്മെൻറു് ലാ മെംബർ ഉദ്യോഗത്തിനിടയ്ക്കു പിന്താങ്ങിയ ഉദ്യോഗസ്ഥനും, കൽപാത്തി അഗ്രഹാരപ്രവേശനകാലത്തു് അവർണ്ണക്കു പ്രതികൂലമായി പ്രവത്തിച്ച പരിഷ്കാരിയും, കൗൺസിൽ ഓഫ് സ്റ്റേററ് തിരഞ്ഞെടുപ്പിനു നിന്നപ്പോൾ ശാരദാ ആക്ടിനെ റദ്ദുചെയ്യിക്കാൻ ശ്രമിക്കാമെന്നു യാഥാസ്ഥിതികരായ സമ്മതിദായകരോടു പ്രതിജ്ഞചെയ്തു ഉൽപതിഷ്ണുവും, ഇൻഡ്യൻ ഭരണപരിഷ്കാരത്തെ സംബന്ധിച്ചു പ്രവിശ്യാഗവമ്മെൻറുകൾ എഴുതിയ മിന്നിട്ടുകളിൽവച്ചു യാഥാസ്ഥിതികത്വത്തിനു കുപ്രസിദ്ധി നേടിയ മദ്രാസ് ഗവമ്മെൻറിൻെറ മിന്നിട്ടുനിർമ്മാണത്തിൽ ഉത്തരവാദിത്വമുള്ള ഭരണഘടനാവിദഗ്ദ്ധനുമായ സർ സി. പി. രാമസ്വാമി അയ്യരുടെ കൈയിൽ തിരുവിതാംകൂർകാരുടെ പ്രസ്തുത ആഭ്യന്തര രാഷ്ട്രീയമോഹങ്ങളെ നിറവേററിക്കൊടുക്കേണ്ട ഭാരം ഉത്തരവാദിത്വമില്ലാതെ ഏല്പിക്കുകയാണെങ്കിൽ അതു കോഴിയെ വളത്താൻ കുറുക്കനെ ഏല്പിക്കുന്നതുപോലെ പരിണമിക്കുവാനിടവന്നേക്കും" എന്നു് ഞങ്ങൾ ചൂണ്ടിക്കാണിച്ചിരുന്നല്ലോ. ഞങ്ങളുടെ ഈ പ്രവചനം ഇപ്പോൾ അക്ഷരംപ്രതി ശരിയായിത്തീൎന്നിട്ടുണ്ടെന്നു മാത്രമല്ല, തിരുവിതാംകൂർകാക്കു് ഇപ്പോഴുള്ള കഞ്ഞിയിൽക്കൂടി ആ മഹാൻ ഈ തിരുനാൾ ദിവസം പുറപ്പെട്ട ഭരണപരിഷ്കാരവിളംബരം മുഖേന പാററയെ പിടിച്ചിട്ടുകയുംകൂടി ചെയ്തിരിക്കുന്നു. ഭരണാധികാരപ്പട്ടിണിയാൽ ഉഴലുന്ന ഇന്നത്തെ തിരുവിതാംകൂറിലെ പൊതുജനങ്ങൾക്കു്, വർഗ്ഗീയക്കുത്തകകളാകുന്ന കല്ലും നെല്ലും നിറഞ്ഞതാണെങ്കിലും രാഷ്ട്രീയപ്രാണൻ നിന്നുപോകാതെയിരിക്കുവാനുപകരിക്കുന്ന നിയമസഭയെന്ന നേത്ത കഞ്ഞിയുണ്ടാ

യിരുന്നു. ഈ കഞ്ഞിയുടെ സാമഗ്രികളെ മാററാതെകണ്ടു്, അതിനു് അല്പം കൊഴുപ്പുകൂട്ടി ശ്രീമൂലംസഭയെന്ന പുതിയ പേരുമിട്ടു് ആകർഷണീയമാക്കി. അതിൽ യാഥാസ്ഥിതികത്വമെന്നും പൊതുജനപ്രാതിനിധ്യശൂന്യതയെന്നുമുള്ള കാകോളങ്ങൾ സദാ വമിച്ചുകൊണ്ടിരിക്കുന്നതും അറപ്പു ജനിപ്പിക്കുന്നതുമായ ശ്രീചിത്ര സ്റ്റേററ് കൗൺസിൽ എന്ന പാററയെ സർ സി. പി. പിടിച്ചിട്ടിരിക്കുന്നു. തെളിച്ചു പറയുന്നതായാൽ പ്രായപൂർത്തി വന്നവരെല്ലാവരാലും തിരഞ്ഞെടുക്കപ്പെട്ട ഒരു പ്രതിനിധിസ്ഥാപനത്തോടു് ഉത്തരവാദമുള്ള ഒരു ഭരണരീതി സ്ഥാപിക്കുകയും പൗരാവലിയുടെ മൗലികാവകാശപ്രഖ്യാപനം ചെയ്യുകയും ചെയ്യണമെന്നു ജനങ്ങൾ മുറവിളി കൂട്ടിക്കൊണ്ടിരിക്കുന്നതിനെ തൃണവൽഗണിച്ചു് ഇപ്പോഴുള്ള ഏകപ്രതിനിധിസ്ഥാപനമായ നിയമസഭയ്ക്കുള്ള യഥാത്ഥമായ അധികാരംപോലും, ഗവമ്മെൻറിൻെറ കൊട്ടിനുമാത്രം തുള്ളുന്നതും കട്ടത്ത യാഥാസ്ഥിതികത്വത്തിൻെറ ഇരിപ്പിടവുമായ ഒരു സ്റ്റേറ്റു് കൗൺസിൽ നിമ്മിച്ചു് അതിനു പഴയ നിയമസഭയ്ക്കു് (അതായതു പുതിയ ശ്രീമൂലം സഭയ്ക്കു്) തുല്യമായ അധികാരം കൊടുത്തു്, നശിപ്പിക്കുകയാണു ചെയ്തിരിക്കുന്നതു്. നിയമസഭയുടെ പേരുമാററി, പ്രജാധിപത്യതത്വങ്ങൾക്കു വിരുദ്ധമായി അതിൻെറ കാലാവധി മൂന്നുവർഷത്തിൽനിന്നു നാലാക്കി നീട്ടി, അതിൻെറ അംഗങ്ങളുടെ സംഖ്യ വദ്ധിപ്പിച്ചു്, അതിൻെറ ഘടനയിൽ പണ്ടത്തെ വഗ്ഗീയ കുത്തകകളേയും അസമത്വങ്ങളേയും സുരക്ഷിതമാക്കിവച്ചു്, അതിനു കൂടുതൽ അധികാരങ്ങൾ കൊടുത്തു് ഈ അധികാരങ്ങളെ തുല്യ അധികാരമുള്ളതും വലിയ ഭൂസ്വത്തുടമസ്ഥന്മാരുടെയും പ്രായാധിക്യത്താൽ യാഥാസ്ഥിതികരായി തീർന്നിട്ടുള്ളവരുടേയും പെൻഷൻഡു് ഉദ്യോഗസ്ഥന്മാരുടേയും പ്രതിനിധികളടങ്ങിയ ഒരു ഉപരിമണ്ഡലസഭകൊണ്ടു നിഷ്പ്രയോജനങ്ങളാക്കിത്തീക്കുകയാണു് പുതിയ പരിഷ്കാരം നിമിത്തം ഗവമ്മെൻറു ചെയ്തിരിക്കുന്നതു്. കൂടുതൽ അധികാരങ്ങൾ തരാൻ മനസ്സില്ലെങ്കിൽ ഗവമ്മെൻറിനു് ഉള്ളതിനെയെങ്കിലും അതേ രീതിയിൽ വച്ചുകൊണ്ടു പോകാമായിരുന്നു. അതിനും അവർ തയ്യാറില്ല. ഇങ്ങനെ മുന്നോട്ടു പോകുന്നതിനു പകരം പിന്നോട്ടു പോകുന്നു എന്നുള്ള ദൃഷ്യംമാത്രമല്ല ഞങ്ങൾ ഈ ഭരണപരിഷ്കാരപദ്ധതിയിൽ കാണുന്നതു്. പ്രജാധിപത്യഭരണത്തിനു കാലു നാട്ടുന്നതിനുപകരം അതു് അതിൻെറ ശവക്കുഴി തോണ്ടുകയാണു ചെയ്തിരിക്കുന്നതു്. വഗ്ഗീയമത്സരത്തെയും വഗ്ഗീയകക്ഷികളേയും കുറയ്ക്കുന്നതിനു പകരം അതു് അതിനെ ശാശ്വതമാക്കുക മാത്രമേ ചെയ്യുന്നുള്ളു. അസമത്വങ്ങളെ ഇല്ലായ്മ ചെയ്യുന്നതിനു പകരം അതു് അവയെ മുമ്പിലത്തെപ്പോലെ വച്ചുകൊണ്ടിരിക്കുകയാണു ചെയ്യുന്നതു്. ജന്മിമാക്കു ശ്രീമൂലം സഭയിൽ രണ്ടു മെമ്പർമാരെ അനുവദിച്ചു് ഈ പദ്ധതിയുടെ സൃഷ്ടികത്താവായ സർ സി. പി. യുടെ കുപ്രസിദ്ധമായ പക്ഷപാതങ്ങളെ ഇവിടെ വലിച്ചുകൊണ്ടുവന്നതു് ഈ നാട്ടിലെ സ്ഥിതിഗതികളെപ്പററി അദ്ദേഹത്തിനുള്ള അഗാധമായ അജ്ഞതയെ വെളിപ്പെടുത്തുന്നുണ്ടു്. തൊഴിലാളികൾക്കും അധഃകൃതക്കും നിയമസംരക്ഷിതങ്ങളായ സ്ഥാന

ങ്ങൾ നൽകാത്തതിനാലും മററും കാലത്തിനു വളരെ പിന്നിൽ നിൽക്കു
ന്നു എന്നൊരു മഹാദൂഷ്യവും ഇതിനുണ്ട്. നിയമസഭയുടെ രണ്ടു മണ്ഡ
ലങ്ങൾക്കും (ഇതിൽ ഉപരിമണ്ഡലം യാഥാസ്ഥിതികത്വത്തിൻെറ ഇരി
പ്പിടമാണെന്നോക്കണം.) തുല്യാധികാരവും (കോശകാര്യങ്ങളിൽക്കൂടി
വാസ്തവത്തിൽ ഇതുണ്ടെന്നു പറഞ്ഞുകൊള്ളട്ടെ) അഭിപ്രായവ്യത്യാസം
വരുമ്പോൾ രണ്ടിൽനിന്നും തുല്യസംഖ്യ പ്രതിനിധികളടങ്ങിയ കമ്മി
ററിക്ക് തക്കം അവസാനമായി തീക്കുവാനുള്ള അധികാരവും ശ്രീമൂലം
സഭയെന്ന ഏറെക്കുറെ യഥാത്ഥമായ ജനപ്രാതിനിധ്യമുള്ള സഭ വെട്ടി
ക്കുറച്ച ഒരു ബഡ്ജററ് ഇനത്തെ ഗവമ്മെൻറിനു സ്വാധീനമുള്ള സ്റ്റേററ്
കൗൺസിലിൻെറ അംഗങ്ങൾക്കൂടി അടങ്ങിയ ജോയിൻററ് കമ്മിററി
മുഖേന വീണ്ടും ബഡ്ജററിൽ ചേക്കാനുള്ള ഉപായവും പ്രജാധിപത്യ
ത്തിൻെറ കണികപോലുമുള്ള ലോകത്തെ മറെറാരു രാജ്യത്തെ ഫെഡ
റൽ അല്ലാത്തതായ (Unitary) ഭരണഘടനയിലും കാണുകയില്ല. ഈ
പരിഷ്കാരം അല്പം ഉൽപതിഷ്ണുത്വമുള്ളവരുടെ നിയമസഭാപ്രാബല്യ
ത്തെ അവസാനിപ്പിച്ചു കടുത്ത യാഥാസ്ഥിതികക്ക് അതു നൽകുകയാ
ണു ചെയ്യുന്നതു്. പൊതുജനങ്ങൾ ഏകകണ്ഠ്യമായി ആവശ്യപ്പെട്ടിരുന്ന
പ്രകാരം അവരോടുകൂടി ആലോചിച്ചുകൊണ്ടല്ല ഈ പദ്ധതി നിമ്മി
ച്ചിട്ടുള്ളതു്. വഗ്ഗീയനിയോജകമണ്ഡലങ്ങൾ അനുവദിക്കാതെകണ്ട്
അവയെക്കാൾ ഭയങ്കരമായ വഗ്ഗീയമത്സരങ്ങളെ ജനിപ്പിക്കുവാൻ പയ്യാ
പ്തമായ ഒരു പദ്ധതിയാണു് ഇപ്പോൾ ഉണ്ടാക്കിയിട്ടുള്ളതു്. ഇന്നത്തെ
നിയമസഭക്കു ഭരണപരിഷ്കാരത്തെപ്പററി ഒന്നും മിണ്ടുവാൻ അധികാര
മില്ലല്ലോ. ഇതുതന്നെ പുതിയ ദ്വിമണ്ഡലസഭയുടെ സ്ഥിതിയും. ഗവ
മ്മെൻറിനു തോന്നുമ്പോൾ തരുന്ന ഭരണപരിഷ്കാരം താണുകുമ്പിട്ടു ജന
പ്രതിനിധികൾ വാങ്ങിക്കൊള്ളണം. അതു നിയമസമിതികൾ മുഖേന
പൊതുജനങ്ങൾ ആവശ്യപ്പെട്ടുപോകരുതു്. ഇത്യാദി ദൂഷ്യങ്ങളേയും
അന്യത്ര ചേത്തിട്ടുള്ള പ്രസ്സ്കമ്മ്യൂണിക്കിൽ പറഞ്ഞിട്ടുള്ള ഗവമ്മെൻറി
ൻെറ മുടന്തൻ സമാധാനങ്ങളേയും എടുത്തു ഞങ്ങൾ അടുത്ത ലക്കങ്ങ
ളിൽ സവിസ്തരം പ്രതിപാദിക്കുന്നതാണു്. പ്രാരംഭമായുള്ള ഈ സാമാ
ന്യനിരൂപണം അവസാനിപ്പിക്കുന്നതിനുമുമ്പ് ഈ പദ്ധതിയോടും ഇ
തിൻെറ കത്താവായ സർ സി. പി. യോടും പൊതുജനങ്ങൾ സ്വീകരി
ക്കേണ്ട നിലയെപ്പററി അല്പം പറഞ്ഞുകൊള്ളട്ടെ.

ജനങ്ങൾക്ക് ഇപ്പോൾ ഉള്ള അവകാശങ്ങൾപോലും നശിപ്പി
ക്കുന്ന ഒരു പദ്ധതിയാകയാൽ ഇതിനോടു നിസ്സഹകരണനയം തുടന്ന്
ഇതനുസരിച്ചുള്ള തെരഞ്ഞെടുപ്പുകളിൽ പങ്കുകൊള്ളാതെയിരിക്കുന്നതാ
ണ് ഉത്തമമായ മാഗ്ഗം. ഇതിനു വേണ്ട കരുത്തും പുരുഷത്വവും ഈ നാ
ട്ടാക്കുണ്ടെന്നു തോന്നുന്നില്ല. അതിനാൽ ഈ ഭരണപരിഷ്കാരത്തെ ശക്തി
പൂവ്വം പ്രതിഷേധിച്ചും വേണ്ട പരിഷ്കാരപദ്ധതി നിർദ്ദേശിച്ചും പൊ
തുജനയോഗങ്ങൾ കൂട്ടുന്നതായിരിക്കും ഇന്നത്തെ [illegible]
കമായ മാഗ്ഗം. ഇതോടുകൂടിത്തന്നെ ഇതു ന[illegible] സി.
പി. യിൽ പൊതുജനങ്ങൾക്കു വിശ്വാസമ[illegible]ിടെ

MUL
221880
221880

മഹാരാജാവിൻെറ ഉപദേഷ്ടാവായിരിക്കുന്നതു് രാജ്യത്തിനു് അത്യന്തം ദോഷകരമാണെന്നും, അതിനാൽ അദ്ദേഹത്തെ ആ ജോലിയിൽനിന്നും വിടുർത്തി ഇവിടെനിന്നും പറഞ്ഞയയ്ക്കണമെന്നും പൊതുജനങ്ങൾ മുറവിളി കൂട്ടണം. തിരുവിതാംകൂറിൻെറ വിദേശബന്ധകാര്യങ്ങളിൽ സർ സി. പി. മലമറിച്ചിട്ടുണ്ടോ എന്നുള്ളതുതന്നെ സംശയമാണു്. അങ്ങനെ ചെയ്തിരുന്നാൽത്തന്നെയും അതിലും യഥാർത്ഥത്തിൽ പ്രാധാന്യമേറിയ ആഭ്യന്തരകാര്യങ്ങളിൽ അദ്ദേഹത്തിൻെറ ഇടപെടൽ അത്യന്തം ജനദ്രോഹകരമായിരിക്കുന്നതിനാൽ പൊതുജനനന്മയെ പുരസ്കരിച്ചു് അദ്ദേഹത്തെ ഈ നാട്ടിൽനിന്നു ബഹിഷ്കരിപ്പിക്കേണ്ടതായി വന്നിട്ടുണ്ടു്. ഭരണപരിഷ്കാരത്തിനു പുറമെ ഇന്നു പൊന്തിച്ചുനിൽക്കുന്ന ഒരു വമ്പിച്ച പ്രശ്നം അയിത്തോച്ചാടനവും ക്ഷേത്രപ്രവേശനവുമാണു്. കല്പാത്തി അഗ്രഹാരപ്രവേശനബഹളക്കാലത്തു സർ സി. പി. ചെയ്തിട്ടുള്ള പരാക്രമങ്ങൾ നിമിത്തം ഈ മഹാപ്രശ്നത്തിനു പരിഹാരമുണ്ടാക്കുവാൻ അദ്ദേഹം അശക്തനായിരിക്കുമെന്നുകൂടി ഈ നാട്ടാർ ഈ സന്ദർഭത്തിൽ അറിയേണ്ടതാണു്. കട്ടത്ത യാഥാസ്ഥിതികരും ക്ഷേത്രപ്രവേശനത്തെ പരസ്യമായി പ്രതികൂലിച്ചു് അഭിപ്രായം പുറപ്പെടുവിച്ചിട്ടുള്ളവരുമായ ഉദ്യോഗസ്ഥവൃന്ദത്തിനു് ഭൂരിപക്ഷമുള്ള ഒരു കമ്മീഷനെ ക്ഷേത്രപ്രവേശനപ്രശ്നപരിഹാരാർത്ഥം താമസിയാതെ നിയമിക്കുന്നതാണെന്നുള്ള കിംവദന്തി ശരിയാണെങ്കിൽ സർ സി. പി. യുടെ സാന്നിദ്ധ്യം ഈ നാട്ടിനു്, എത്രമാത്രം ദോഷകരമാണെന്നുള്ളതിനു് അതും ഒരു പുതിയ ഉദാഹരണമാകുന്നതാണു്. യുവാവും ലോകപരിചയമില്ലാത്ത ദേഹവും വേണ്ടതു പ്രവർത്തിക്കണമെന്നു മോഹമുള്ള അധികാരിയുമായ ശ്രീചിത്തിര തിരുനാൾ മഹാരാജാവിൻെറ നല്ല പേരിനെ ഇല്ലായ്മചെയ്തു് അദ്ദേഹത്തിനു് 'പ്രജാവകാശധ്വംസക'നെന്നും 'അസമത്വപരിപാലകൻ' എന്നുമുള്ള ഇരട്ടപ്പേരുകൾ നേടിക്കൊടുക്കുവാൻ പര്യാപ്തമായ ഈ വിഷം നിറഞ്ഞ പദ്ധതി നിർമ്മിച്ച ആൾ എത്ര കൊലകൊമ്പനായിരുന്നാലും അദ്ദേഹത്തെ നാട്ടിൽനിന്നു പറഞ്ഞയപ്പിക്കുന്നതു രാജഭക്തിയുള്ള ഏതൊരു പൗരൻേറയും കർത്തവ്യമാണു്. ഈ നാട്ടാർ നട്ടെല്ലു വിയർപ്പിച്ചുണ്ടാക്കുന്ന പണത്തിൻെറ നല്ലൊരുഭാഗം ശമ്പളവും പടിയുമായി വാങ്ങിക്കൊണ്ടു് അവരുടെ കഴുത്തിൽ കത്തിവയ്ക്കുവാൻ തുടങ്ങുന്ന സർ സി. പി.യെ ഇവിടെനിന്നും തുരത്തുവാൻ പണിപ്പെടേണ്ടതു് ദേശാഭിമാനത്തിൻെറ കണികപോലുമുള്ള ഏതൊരു വഞ്ചിവാസിയുടേയും കർത്തവ്യമാണു്. പൊതുജനങ്ങൾ ആവശ്യപ്പെട്ട വിപുലങ്ങളായ പരിഷ്കാരങ്ങൾക്കു് സമാധാനമായി ഗവൺമെൻറു് പ്രസ്സ്കമ്മ്യൂണിക്കിൽ അവ പ്രായോഗികമല്ലെന്നുള്ള പല്ലവി പാടിക്കാണുന്നു. ഇതു കേവലം അതിശയോക്തിയും മനസ്സില്ലായ്മയ്ക്കു സഹജമായ ഒരു ഒഴികഴിവും മാത്രമാണു്. പ്രായോഗികതടസ്സങ്ങൾ ഉണ്ടെങ്കിൽത്തന്നെയും മനസ്സുചെലുത്തി വേണ്ട സമയം ചെലവുചെയ്താൽ ഏതു പ്രായോഗികപ്രതിബന്ധങ്ങളേയും സർ സി. പി. യെപ്പോലെ ബുദ്ധിശക്തിയുള്ള ഒരു മഹാനു നീക്കുവാൻ സാധിക്കുന്നതാണു്. പക്ഷേ, അതിനു് അദ്ദേഹത്തിനു സമയവും മനസ്സു

മില്ല. ഇന്ത്യാഗവമ്മെൻറിൻെറ കീഴിൽ ഉയന്ന ഉദ്യോഗങ്ങൾക്കു തക്കം നോക്കിക്കൊണ്ടു മുട്ടുശാന്തിയായി തിരുവിതാംകൂറിലെ ഉപദേഷ്ടാവിന്റെ ഉദ്യോഗം വഹിക്കുന്ന ഒരാൾക്ക് എങ്ങനെയാണ് ഇവിടത്തെ പ്രശ്നങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിക്കുവാൻ സാധിക്കുന്നതു്? ഇതും അദ്ദേഹത്തെ ഇവിടത്തെ ഉദ്യോഗത്തിൽനിന്നു പിരിച്ചയയ്ക്കുവാൻ ഒരു കാരണമായിത്തീന്നിട്ടുണ്ടു്. ശ്രീചിത്തിരതിരുനാൾ മഹാരാജാവിൻെറ മൂപ്പേൽപ്പിനു ശേഷം തിരുവിതാംകൂറിലെ രാഷ്ട്രീയാന്തരീക്ഷം സേവകവൃന്ദത്തിൻെറ സർവ്വവ്യാപകത്വത്താൽ അത്യധികം ദുഷിച്ചുപോയിട്ടുള്ള സംഗതി ഓക്കുമ്പോൾ ഞങ്ങൾ നിർദ്ദേശിച്ച പ്രക്ഷോഭം തുടങ്ങുവാൻ ഇവിടെ വളരെ പ്രയാസമുണ്ടായിരിക്കുമെന്നുള്ള സംഗതി ഞങ്ങൾ അറിയാതെയിരിക്കുന്നില്ല. എന്നാലും ദേശാഭിമാനമുള്ള അല്പം ആളുകളെങ്കിലും ഇവിടെ കാണാതിരിക്കുകയില്ലെന്നാണു ഞങ്ങളുടെ വിശ്വാസം. ഈ ആപൽസന്ധിയിൽ വർഗ്ഗീയമത്സരങ്ങളും പൗരാവലിയുടെ ഐകമത്യം വിചാരിച്ചുള്ള പ്രക്ഷോഭത്തിനു തടസ്സമായിത്തീന്നുകൂടാത്തതാകുന്നു. ഇപ്പോൾ അവശതകൾ അനുഭവിച്ചുകൊണ്ടിരിക്കുന്ന വർഗ്ഗങ്ങൾക്കു് ഇതു പ്രത്യക്ഷത്തിൽത്തന്നെ ദോഷകരമായിരിക്കുന്നതിനാൽ അവർ ഇതിനെപ്പററി അന്യരുടെ പ്രേരണകൂടാതെതന്നെ അതിശക്തിപൂർവ്വം പ്രതിഷേധിക്കുമെന്നു വിശ്വസിക്കുന്നു. പുതിയ പരിഷ്കാരം പ്രഥമദൃഷ്ടിയിൽ ഇപ്പോൾ നിയമസഭയിൽ പ്രാബല്യമുള്ള വർഗ്ഗക്കാർക്ക് ഗുണകരമായി തോന്നുമെന്നുള്ളതിനാൽ അതിനെ അനുകൂലിക്കുന്നവർ അവരുടെ ഇടയിൽ ഒട്ടധികം കണ്ടേക്കുമെങ്കിലും ശ്രീചിത്രസ്റ്റേററുകൗൺസിലിൻെറ ഘടനയാലും തുല്യാധികാരത്താലും തങ്ങളുടേയും പ്രാബല്യത്തിനു് ഇതു കണ്ടകോടാലിയായിത്തീരുമെന്നേ അവരിലും സൂക്ഷ്മദൃക്കുകൾ വിചാരിക്കുകയുള്ളു. വാസ്തവത്തിൽ എല്ലാ വർഗ്ഗങ്ങളിലേയും കട്ടത്ത യാഥാസ്ഥിതികക്കും പെൻഷൺഡ് ഉദ്യോഗസ്ഥന്മാക്കുമാണ് ഈ പദ്ധതിമുഖേന നിയന്ത്രണാധികാരം ലഭിക്കുന്നതു്. അതിനാൽ എല്ലാ വർഗ്ഗത്തിൽപ്പെട്ട സാധാരണക്കാക്കും താഴ്ന്ന നിലയിലുള്ളവക്കും ഉല്പതിഷ്ണുക്കൾക്കും ഒന്നുപോലെ ദോഷം ചെയ്യുന്ന ഈ പദ്ധതിയെ എതിക്കുവാൻ സകലവർഗ്ഗക്കാരും ഒത്തുചേരുകയാണു വേണ്ടതു്. ഈ പ്രക്ഷോഭം തുടങ്ങുന്നതിനും ഒട്ടും കാലതാമസം പാടില്ല. കാര്യമെല്ലാം മുൻകൂട്ടി കണ്ടു് തനിക്കനുകൂലമായ ലോകപ്രചരണവേല നടത്തുവാനുദ്ദേശിച്ച് എന്നു തോന്നുമാറു് സർ സി. പി. ഇവിടെ ഏ. പി. ഐ. യുടെ ഒരു ശാഖ ഗവമ്മെൻറിൻെറ ധനസഹായത്തോടെ സ്ഥാപിച്ചുകഴിഞ്ഞിരിക്കുന്നു. ഈ സ്ഥാപനം ഇപ്പോൾ തങ്ങൾ ലോകമെങ്ങും തിരുവിതാംകൂറിലെ പുതിയ ഭരണപരിഷ്കാരത്തെപ്പററിയും സർ സി. പി. യെപ്പററിയും സ്തുതിഗീതങ്ങൾ പരത്തിക്കഴിഞ്ഞിട്ടുമുണ്ടു്. ഈ പ്രചരണവേലയാൽ ലോകർ വഞ്ചിതരാകാതെയിരിക്കുവാനായി ഇവിടെ ഒരു നിമിഷത്തെ താമസവും കൂടാതെ കണ്ടു പ്രതിഷേധപ്രക്ഷോഭവും അതിനനുസരണമായുള്ള പ്രചരണവേലയും തുടങ്ങേണ്ടിയിരിക്കുന്നു. ഉത്തിഷ്ഠത! ജാഗ്രത!

കേസരി, 1932 നവംബർ 2.

# ഭരണപരിഷ്കാരവും പൊതുജനപ്രാതിനിധ്യവും

[പുതിയ ഭരണപരിഷ്കാരത്തിൻെറ ഫലമായി തിരുവിതാംകൂറിലെ വിഭിന്നജാതി മതവർഗ്ഗങ്ങൾക്കു ലഭിക്കാവുന്ന പ്രാതിനിധ്യത്തിലുള്ള അസമത്വങ്ങളേയും അനന്തരഘട്ടത്തിൽ നിവർത്തനപ്രക്ഷോഭണത്തിനു വഴിതെളിച്ച കാരണങ്ങളേയും ബാലകൃഷ്ണപിള്ള 1932 നവംബർ 9-ാം തീയതിയിലെ മുഖപ്രസംഗത്തിൽ വിശകലനം ചെയ്യുന്നു ]

തിരുവിതാംകൂറിലെ ഇന്നത്തെ ഭരണരീതി പരിശോധിക്കുന്നതായാൽ ഇവിടെ ഉത്തരവാദഭരണമില്ലെന്നു മാത്രമല്ല, ജനപ്രതിനിധിസഭപ്പോലും യഥാർത്ഥമായ പൊതുജനപ്രാതിനിധ്യമില്ലെന്നുംകൂടി കാണാവുന്നതാണ്. പുതിയ സെൻസസ് അനുസരിച്ച് 50 ലക്ഷം ജനസംഖ്യയുള്ള തിരുവിതാംകൂറിൽ ഇപ്പോൾ ഒന്നരലക്ഷം പേർക്കു മാത്രമേ വോട്ടവകാശമുള്ളു. പ്രായപൂർത്തിവന്നവർ 24 ലക്ഷം വരും. ഇങ്ങനെ പ്രായപൂർത്തിവന്നവരിൽ ആറു ശതമാനത്തിനേ വോട്ടുള്ളു. ഈ വോട്ടുള്ളവരുടെ വീതിപ്പുനോക്കിയാൽ അതും വിചിത്രമായിട്ടുണ്ട്. 106-ലെ നിയമസഭ തെരഞ്ഞെടുപ്പിൽ എട്ടരലക്ഷം വരുന്ന നായന്മാർക്ക് അമ്പത്തീരായിരം വോട്ടുകളും എട്ടരലക്ഷം വരുന്ന ഈഴവർക്ക് പന്തീരായിരം വോട്ടുകളും പത്തുലക്ഷത്തോളം വരുന്ന അധഃകൃതർക്കും പിന്നിൽ നില്ക്കുന്ന വർഗ്ഗക്കാർക്കുംകൂടി ഒമ്പതിനായിരം വോട്ടുകളും മൂന്നരലക്ഷം വരുന്ന മുസ്ലിമീങ്ങൾക്ക് എണ്ണായിരം വോട്ടുകളും എട്ടുലക്ഷം വരുന്ന കത്തോലിക്കാ ക്രിസ്ത്യാനികൾക്ക് ഇരുപതിനായിരത്തോളം വോട്ടുകളും ഏഴരലക്ഷം വരുന്ന അകത്തോലിക്കാ ക്രിസ്ത്യാനികൾക്ക് ഇരുപതിനായിരത്തോളം വോട്ടുകളും ഉണ്ടായിരുന്നതായി ഒരു കണക്കിൽ കാണുന്നു. 106-ലെ തിരഞ്ഞെടുപ്പിൽ പൊതുനിയോജകമണ്ഡലങ്ങളിൽനിന്ന് അമ്പത്തീരായിരം വോട്ടുള്ള നായന്മാർ 14 മെമ്പർമാരെയും ഇരുപതിനായിരത്തോളം വോട്ടുള്ള കത്തോലിക്കർ രണ്ടു മെമ്പർമാരെയും ഇരുപതിനായിരം വോട്ടുള്ള അകത്തോലിക്ക ക്രിസ്ത്യാനികൾ രണ്ടു മെമ്പർമാരെയുമാണു തിരഞ്ഞെടുത്തത്. ഈഴവർ, മുസ്ലിമീങ്ങൾ മുതലായ പ്രബല സമുദായങ്ങൾക്ക് സാമാന്യനിയോജകമണ്ഡലങ്ങളിൽനിന്ന് ഒരു മെമ്പർ പോലും ലഭിച്ചതുമില്ല. സമ്മതിദായകത്വത്തിൻെറ സങ്കുചിതത്വവും ഏകാംഗനിയോജകമണ്ഡലപദ്ധതിയുമാണ് അന്യായവും അപരിഷ്കൃതവും രാഷ്ട്രീയപുരോഗതിക്കു ഹാനികരവുമായ ഈ പരിണാമത്തിനു മുഖ്യകാരണങ്ങൾ. ഇതു്, ഈ നാട്ടാർ മനസ്സിലാക്കി ഇവിടെ പ്രായപൂർത്തി വന്നവർക്കെല്ലാം വോട്ടവകാശവും എല്ലാവർക്കും ഒരുവിധം ന്യായമായ പ്രാതിനിധ്യം ലഭിക്കുന്നതിനുതകുന്ന ബഹുഅംഗനിയോജകമണ്ഡല

ങ്ങളും അവയിൽ സ്ഥാനങ്ങളുടെ നീക്കിവയ്പും ആവശ്യപ്പെട്ടിരുന്നു.
ഇതു രണ്ടും തിരുവിതാംകൂർ ഗവമ്മെന്റു പുതിയ പരിഷ്കാരം നിമിത്തം
ചെയ്തിട്ടില്ല. പ്രായപൂർത്തിവന്നവക്കു വോട്ടവകാശം കൊടുക്കുന്നതിനു
ബ്രി. ഇൻഡ്യയെ സംബന്ധിച്ച് ലോത്തിയൻകമ്മിററി ചൂണ്ടിക്കാണി
ച്ചിട്ടുള്ള മിക്ക തടസ്സങ്ങളും ഇവിടെയും ഉണ്ടെന്നും, പ്രായപൂർത്തിവന്നവ
ക്കെല്ലാം വോട്ടു കൊടുക്കാതെകണ്ടു ബഹ്വംഗനിയോജകമണ്ഡലങ്ങളിൽ
സ്ഥാനങ്ങൾ നീക്കിവയ്ക്കുന്നതുകൊണ്ട് ഇന്നത്തെ അസമത്വങ്ങൾക്കു
പരിഹാരമുണ്ടാകുകയില്ലെന്നും ചില താലൂക്കുകളെ രണ്ടു നിയോജക
മണ്ഡലങ്ങളായി പിരിക്കുന്നതുകൊണ്ടു തിരഞ്ഞെടുപ്പിൽ പരമസങ്കട
മനുഭവിക്കാറുള്ള ഈഴവക്കു കുറെയെങ്കിലും പ്രതിനിധികൾ ലഭിക്കു
മെന്നും ഇതര അല്പപക്ഷക്കാക്ക് ഗവമ്മേന്റുനിയമനംകൊണ്ടു പ്രാതിനി
ധ്യം കിട്ടുമെന്നുമാണ് ഗവമ്മേന്റു ഭരണപരിഷ്കാരപ്രസ്സ് കമ്മ്യൂണിക്കിൽ
സമാധാനപരമായി പറഞ്ഞിരിക്കുന്നതു്. രാഷ്ട്രീയകക്ഷികളുടെ അഭാവ
മൊഴിച്ചു ലോത്തിയൻകമ്മിററി ചൂണ്ടിക്കാണിച്ചിട്ടുള്ള യാതൊരു തട
സ്സവും ഇവിടെ ഇല്ലെന്നു് ഞങ്ങൾ മുമ്പ് ഈ പംക്തികളിൽ കാരണ
സഹിതം ചൂണ്ടിക്കാണിച്ചിരുന്നല്ലോ. രാഷ്ട്രീയകക്ഷികൾ വർഗ്ഗീയമത്സര
ത്തിനു പരിഹാരം വരുമ്പോൾ ഉണ്ടായിക്കൊള്ളും. വർഗ്ഗീയമത്സരം ശമി
ക്കണമെങ്കിൽ തിരഞ്ഞെടുപ്പിൽ ജനങ്ങൾ ആവശ്യപ്പെട്ട മേല്പറഞ്ഞ
തിരഞ്ഞെടുപ്പുപദ്ധതി നടപ്പിൽ വരുത്തുകയും വേണം. രാഷ്ട്രീയകക്ഷി
കൾ ഉണ്ടായാൽ മാത്രമേ പ്രായപൂർത്തിവന്നവക്കു വോട്ടുള്ള ബഹ്വംഗ
നിയോജകമണ്ഡലങ്ങളും അനുവദിക്കുകയുള്ളു എന്നു ഗവമ്മെന്റു ശഠിക്കു
ന്നതായാൽ കല്പാന്തകാലംവരെ ഇവിടെ അതുണ്ടാകുകയില്ല. പുതിയ
ഭരണപരിഷ്കാരത്താൽ മുൻസിപ്പാലിറ്റികളിലെ വോട്ടർമാരുടെ സംഖ്യ
കൂടുമെങ്കിലും അതു് ഒരു കാൽലക്ഷത്തിലധികം വോട്ടർമാരെ പുതുതായി
വോട്ടേഴ്സ് ലിസ്റ്റിൽ ചേക്കുമെന്നു തോന്നുന്നില്ല. 24 ലക്ഷം പേരിൽ
ഒന്നരലക്ഷത്തിൽനിന്നു് രണ്ടുലക്ഷത്തോളം പേക്കുമാത്രം വോട്ടുകൊടുക്കു
ന്നതു് ഒരു പരിഷ്കാരമെന്ന നാമത്തെ അർഹിക്കുകയില്ല. മുൻസിപ്പൽ
പട്ടണങ്ങളിലെ ജനസംഖ്യവീതിപ്പു നോക്കുന്നതായാൽ ഒരുപക്ഷേ,
കോട്ടയമൊഴിച്ചു മറെറല്ലാററിലും ഇപ്പോൾതന്നെ കൂടുതലായ വോട്ടുള്ള
വർഗ്ഗക്കാക്കു മാത്രമേ പുതിയ വോട്ടുകളിൽ ഭൂരിഭാഗവും കിട്ടുകയുള്ളു എന്നു
കാണാവുന്നതാണു്. താലൂക്കുകളെ രണ്ടു് ഏകാംഗനിയോജകമണ്ഡല
ങ്ങളായി വീതിക്കുന്നതുകൊണ്ടു് ഈഴവാദികളായ സമുദായങ്ങൾക്കു
പൊതുനിയോജകമണ്ഡലങ്ങളിൽനിന്നു പ്രതിനിധികളെ തിരഞ്ഞെടു
ക്കുവാൻ സാധിക്കുന്നതല്ലെന്നാണു ഞങ്ങളുടെ ദൃഢമായ വിശ്വാസം. ഈ
ഴവർ അധികമുള്ള ചേർത്തല, അമ്പലപ്പുഴ, ചിറയിൻകീഴ്, കരുനാഗ
പ്പള്ളി എന്നീ താലൂക്കുകളിൽ അവക്കു സ്ഥാനങ്ങൾ നീക്കിവയ്ക്കുന്നതാ
യാൽ അതിൻെറ ഗുണം തിരുവിതാംകൂറിലെ ഈഴവരിൽ മൂന്നിലൊരു
ഭാഗം മാത്രമേ അനുഭവിക്കുകയുള്ളു എന്നു പറഞ്ഞു സ്ഥാനം നീക്കി
വയ്പിനെ തള്ളിക്കളഞ്ഞു നിയമനപദ്ധതി സ്വീകരിച്ചിരിക്കുന്നതിൽ
അന്തർഭവിച്ചിരിക്കുന്ന യുക്തിക്കും സംസ്കൃതമനസ്ഥിതിക്കും നീതിബോ

ധത്തിനും സർ സി. പി. യെ ഈഴവർ പൂവിട്ടു വാഴ്ത്താതെയിരിക്കുകയി ല്ല, നിശ്ചയംതന്നെ. സർ സി. പി.ക്കു മാത്രമേ ബുദ്ധിയുടെ കുത്തകയുള്ളു എന്നാണു് അദ്ദേഹം വിശ്വസിക്കുന്നതെന്നു് ഇതിൽനിന്നു തോന്നിപ്പോകുന്നു. പട്ടിണികിടക്കുന്നവനു മൃഷ്ടാന്നം കിട്ടിയില്ലെങ്കിൽ ഒന്നുംതന്നെ കഴിക്കുന്നതു നന്നല്ലെന്നു പറയുന്നതുപോലെയാണു് സർ സി. പി. ഇവിടെ പറഞ്ഞിരിക്കുന്നതു്. ബഹുഅംഗനിയോജകമണ്ഡലങ്ങളും പ്രായപൂർത്തി വന്നവർക്കു വോട്ടവകാശവും ഉണ്ടാക്കിയിരുന്നെങ്കിൽ നിശ്ചയമായും ഈഴവർക്കു് ഒരു നല്ല സംഖ്യ മെമ്പറന്മാരെ തിരഞ്ഞെടുക്കുവാൻ സാധിക്കുമായിരുന്നു. ഇഴവിന്നു വന്നവൾ താലി പറിച്ചതുപോലെയാണു് സർ സി. പി.യുടെ പരിഷ്കാരം പരിണമിക്കുവാൻ പോകുന്നതു്. ഇപ്പോൾ കുത്തകകിട്ടിയിട്ടുള്ള വർഗ്ഗക്കാർക്കു പുതിയ പരിഷ്കാരംകൊണ്ടു് അതു വർദ്ധിപ്പിക്കുവാൻ കൂടുതൽ സൗകര്യം മാത്രം ഉണ്ടാകുന്നതാണു്. ഇതു് ഇവർക്കുതന്നെ അന്ത്യത്തിൽ ദോഷകരമായി ഭവിക്കുന്നതാണു്. 23 സാമാന്യനിയോജകമണ്ഡലങ്ങളിൽനിന്നു് 14 നിയമസഭാംഗങ്ങളെ തിരഞ്ഞെടുക്കുവാൻ സാധിച്ചിട്ടുള്ള നായന്മാർക്കും നാലു ക്രിസ്ത്യാനികളെ തിരഞ്ഞെടുക്കുവാൻ സാധിച്ചിട്ടുള്ള ക്രിസ്ത്യാനികൾക്കും 43 സാമാന്യനിയോജകമണ്ഡലങ്ങളുള്ള പുതിയ ശ്രീമൂലം സഭയിൽ യഥാക്രമം ഉദ്ദേശം 26-ം, 13-ം മെമ്പർമാരെ വീതം തിരഞ്ഞെടുക്കാൻ സാധിക്കുമെന്നാണു ഞങ്ങൾക്കു തോന്നുന്നതു്. ഈഴവർക്കു് ഒരു ഒററ മെമ്പറെപ്പോലും തിരഞ്ഞെടുക്കുവാൻ സാധിക്കുകയില്ലെന്നാണു ഞങ്ങൾക്കു തോന്നുന്നതു്. ഇതുപോലെതന്നെ മുസ്ലിമീങ്ങളുടെ കാര്യവും. ഈഴവരുടെ സംഘങ്ങൾ തിരഞ്ഞെടുക്കുന്ന പ്രതിനിധികൾക്കോ ഗവമ്മെൻറു നിയമിക്കുന്നവർക്കോ ഈഴവസമുദായത്തിന്റേയോ പൊതുജനങ്ങളുടേയോ യഥാർത്ഥമായ പ്രാതിനിധ്യം ഉണ്ടായിരിക്കുകയില്ല. ഇതിനേക്കാൾ ഭേദം ഈഴവരെപ്പോലെയുള്ള അവശത അനുഭവിക്കുന്ന സമുദായങ്ങൾക്കു വർഗ്ഗീയനിയോജകമണ്ഡലങ്ങൾ അനുവദിച്ചു കൊടുക്കുന്നതായിരിക്കും. വർഗ്ഗീയസംഘങ്ങൾ മുഖേന തെരഞ്ഞെടുപ്പു നടത്തുന്ന പദ്ധതി അതിതുച്ഛമായ ജനസംഖ്യയുള്ളവരുടെ കാര്യത്തിൽ ഒരുവിധം ന്യായീകരിക്കാമെങ്കിലും ഈഴവരെപ്പോലെ ജനസംഖ്യയിൽ പ്രാബല്യമുള്ള ഒരു സമുദായത്തെ സംബന്ധിച്ചു് ഒരിക്കലും ന്യായീകരിക്കാവുന്നതല്ല. ഈഴവർക്കു് നാലും മുസ്ലിമീങ്ങൾക്കു് രണ്ടും സ്ത്രീകൾക്കു് രണ്ടും പോയാൽ ഇതര അല്പപക്ഷക്കാർക്കു പ്രാതിനിധ്യം കൊടുക്കാൻ നാലു സ്ഥാനങ്ങൾ മാത്രമേ ഗവമ്മെൻറിനു ശ്രീമൂലംസഭയിൽ ശേഷിക്കുന്നുള്ളു. ഇതിൽ ഒന്നു തമിഴ്ബ്രാഹ്മണർക്കു പോകുമ്പോൾ പന്ത്രണ്ടുലക്ഷത്തോളം വരുന്ന ഇതര അല്പപക്ഷങ്ങൾക്കു് മൂന്നുപേരെ മാത്രമേ നിയമിക്കുവാൻ ഗവമ്മെൻറിനു സാധിക്കുകയുള്ളു. വാസ്തവം പറയുകയാണെങ്കിൽ പുതിയ ഭരണപരിഷ്കാരപദ്ധതി ഇന്നത്തെ അസമത്വങ്ങളെ പർവ്വതീകരിച്ചു വർഗ്ഗീയവൈരത്തിനു് ഇവിടെ പൂർവ്വാധികം വളംവച്ചുകൊടുക്കുകമാത്രമേ ചെയ്യുകയുള്ളു.

ശ്രീ ചിത്ര സ്റ്റേററുകൗൺസിലിൻെറ സമ്മതിദായകത്വത്തെപ്പററി ഒന്നും പറയാതിരിക്കുകയാണു നല്ലതു്. പണ്ടത്തെ ശ്രീമൂലം പ്രജാസഭ

യുടെ സമ്മതിദായകത്വമായ അമ്പതു രൂപ ഭൂനികുതി കൊടുക്കൽ ഇരുപത്തഞ്ചു രൂപയാക്കുകയും പെൻഷൺഡ് ഉദ്യോഗസ്ഥന്മാർക്കുകൂടി വോട്ടു കൊടുക്കുകയും ചെയ്തിട്ടുണ്ട്. പുതിയ ശ്രീമൂലം സഭയുടെ സമ്മതിദായകത്വത്തിൽനിന്നു വ്യത്യസ്തമായ ഒന്നായിരിക്കണം സ്റ്റേറ്റുകൗൺസിലിൻേറതു് എന്നു കരുതിയാണ് ഇങ്ങനെ നിർദ്ദേശിച്ചിട്ടുള്ളതെന്നും പ്രസ്സ് കമ്മ്യൂണിക്കിൽ പറഞ്ഞിരിക്കുന്നു. യാഥാസ്ഥിതികത്വത്തിനു കേൾവി കേട്ടിട്ടുള്ള വലിയ ജന്മിമാരെയും പെൻഷൻഡ് ഉദ്യോഗസ്ഥന്മാരേയും ആയുധമാക്കി പുതിയ ശ്രീമൂലം സഭയ്ക്കു കൊടുത്തിരിക്കുന്ന അധികാരങ്ങളെ ഇല്ലായ്മചെയ്യുവാൻ ഇതു വളരെ സഹായിക്കുന്നതാണ്. ഇതിന്നു് പതിനാറു പൊതുനിയോജകമണ്ഡലങ്ങൾ മാത്രമേ അനുവദിച്ചിട്ടുള്ളു. അതിനാൽ ഇതിൽ ഉല്പതിഷ്ണുത്വം പ്രവേശിക്കാതെയിരിക്കുവാൻ സർ സി. പി. പണിപ്പെട്ടിട്ടുണ്ട്. ഇതു് അദ്ദേഹത്തിൻെറ കീർത്തിയെ ദിഗന്തവിശ്രാന്തം പരത്തുന്നതിനുതകുമെന്നുള്ളതിനു യാതൊരു സംശയവുമില്ല. ഇതു നിർമ്മിച്ചതിന്നു് തിരുവിതാംകൂർകാരിൽനിന്നു് അദ്ദേഹം തൻെറ പ്രതിമസ്ഥാപനമോ കുറഞ്ഞപക്ഷം ഒരു മംഗളപത്രമോ പ്രതീക്ഷിക്കുന്നുണ്ടായിരിക്കാം. അവർ അദ്ദേഹത്തിൻെറ പ്രതിമതന്നെ സ്ഥാപിക്കുമെന്നു വിശ്വസിക്കുന്നു. പ്രായപൂർത്തിവന്നവർക്കെല്ലാം വോട്ടുകൊടുത്തു് ബഹ്വംഗനിയോജകമണ്ഡലങ്ങളിൽ ചില പ്രാബല്യം കുറഞ്ഞ വർഗ്ഗക്കാർക്കു സ്ഥാനങ്ങൾ നീക്കിവയ്ക്കുകയോ, ഞങ്ങൾ കഴിഞ്ഞതിനു മുമ്പിലത്തെ ലക്കത്തിൽ ചേർത്തിരുന്ന ദിവാൻ ബഹദൂർ രാമചന്ദ്രറാവുവിന്റെ അതിശ്രദ്ധേയമായ ലേഖനത്തിൽ അദ്ദേഹം നിർദ്ദേശിച്ചിരിക്കുന്ന പരിമിത വോട്ടുരീതി (Limited vote) യോ ഇവിടെ സ്ഥാപിച്ചു പ്രതിനിധിസഭയ്ക്കു ശരിയായ പൊതുജനപ്രാതിനിധ്യം നല്കുന്നതിനു കുറെ അധികം പണച്ചെലവും അതു നിർമ്മിക്കുന്നവർക്കു കുറെ അധികം ബുദ്ധിമുട്ടി വേലചെയ്യേണ്ടതായി വരുന്നതും മാത്രമേ ഞങ്ങൾ തടസ്സങ്ങളായി കാണുന്നുള്ളു. അതിൻെറ അധികച്ചെലവു് അതിൽനിന്നുണ്ടാകുന്ന ഗുണത്തെ പുരസ്കരിച്ചു പൊതുജനങ്ങൾ സസന്തോഷം സഹിക്കുന്നതാണ്. പല അന്യജോലികളിൽ ഏർപ്പെട്ടിരിക്കുന്നതിനിടയ്ക്കു് ഇവിടെ തിരുമുമ്പിൽ വേലചെയ്യുവാൻ മാത്രം ശമ്പളവും പടിയുമായി ആണ്ടിൽ ലക്ഷം ക. യോളം കെട്ടിവാങ്ങിക്കുന്ന സർ സി. പി. രാമസ്വാമി അയ്യർക്ക് ഇങ്ങനെ ബുദ്ധിമുട്ടാൻ സാധിക്കുകയില്ലെന്നു ഞങ്ങൾക്കറിയാം. രാജ്യത്തിൽ യഥാർത്ഥമായ സമാധാനവും പുരോഗതിയും വേണമെന്നു മഹാരാജാവിനു മോഹമുണ്ടെന്നു വിചാരിക്കുവാൻ കാരണങ്ങൾ കാണുന്നസ്ഥിതിക്കു് അദ്ദേഹം ആദ്യമായി ചെയ്യേണ്ടതു് സർ സി. പി. യെ പോലെയുള്ള തിരുമുമ്പിൽവേലക്കാരെ പറഞ്ഞയച്ചു വാങ്ങിക്കുന്ന ശമ്പളത്തിനനുസരിച്ചും രാജ്യാഭിമാനത്തോടും ബുദ്ധിമുട്ടി വേലചെയ്യുവാൻ തയ്യാറുള്ള ഒരു ഉപദേഷ്ടാവിനെ നിയമിക്കുന്നതാകുന്നു.

കേസരി, 1932 നവംബർ 9

# ഭരണപരിഷ്കാരപദ്ധതിയുടെ പരാജയം

[ഭരണപരിഷ്കാരംമൂലം അവശത അനുഭവപ്പെടുന്ന സമുദായങ്ങൾ ഒന്നിച്ചുചേൎന്ന് നിസ്സഹകരണമാരംഭിക്കുവാൻ പോകുന്നതായുണ്ടായിക്കൊണ്ടിരുന്ന കിംവദന്തികളെപ്പററിയുള്ള കേസരിയിലെ മുഖപ്രസംഗം തിരുവിതാംകൂറിലെ ഒരു പ്രബലസമുദായമായ നായന്മാരും ഗവൎമ്മെൻറും ഒരുവശത്തും മററു സമുദായങ്ങൾ സംഘടിച്ച് മറുവശത്തും നിന്നുകൊണ്ട് നടത്തിയ രാഷ്ട്രീയസമരത്തിൽ ബാലകൃഷ്ണപിള്ള അനീതിയും അസമത്വവുമെതിർത്തുകൊണ്ട് നിവൎത്തനസമുദായങ്ങളുടെ പക്ഷത്തു നിലയുറപ്പിച്ചതുമൂലം അദ്ദേഹത്തിനു നേരിടേണ്ടിവന്ന എതിർപ്പുകളും ദോഷാരോപണങ്ങളും അപവാദങ്ങളും സുപ്രസിദ്ധമാണ്.]

ക്രിസ്ത്യാനികൾ, ഈഴവർ, മുസ്ലിമീങ്ങൾ എന്നിവർ യോജിച്ച് തിരുവിതാംകൂർ ഭരണപരിഷ്കാരത്തെ സംബന്ധിച്ച് നടത്തിവരുന്ന പ്രക്ഷോഭണഫലമായി മൂന്നു പ്രധാന സംഭവങ്ങൾ ഉണ്ടായതായോ ഉണ്ടാകുവാൻ ഇടയുള്ളതായോ അറിയുന്നു. ഇവിടത്തെ പ്രധാന വർഗ്ഗങ്ങളിൽനിന്നും ഈരണ്ടു പ്രതിനിധികളെവീതം ക്ഷണിച്ച് നിയോജകമണ്ഡലങ്ങളുടെ പുനർഘടനയെ സംബന്ധിച്ചുമാത്രം ഒരു കൂടിയാലോചന നടത്തുവാൻ ഗവൎമ്മെൻറ് ആലോചിച്ചതും അതിനായി ക്ഷണക്കത്തുകൾ അയച്ചതും ക്ഷണിക്കപ്പെട്ട ഈ പ്രതിനിധികളിൽ മി. ഈ. ജെ. ജോണിനെപോലെ നിലയും വിലയുമുള്ള ചിലർ, കേവലം നിയോജകമണ്ഡലപുനർഘടനയ്ക്കായി മാത്രം കൂടുന്ന ഈ വട്ടമേശസമ്മേളനംകൊണ്ടു പ്രസ്തുത വർഗ്ഗക്കാരുടെ സംയുക്ത ഡപ്യൂട്ടേഷൻ ഗവൎമ്മെൻറിനു സമർപ്പിച്ച മെമ്മോറിയലിൽ പറഞ്ഞിട്ടുള്ളതുപോലെ പ്രാതിനിദ്ധ്യവിഷയകമായ അസമത്വങ്ങൾ നീക്കാവുന്നതല്ലെന്നുള്ളതിനാൽ, തങ്ങൾക്ക് അതിൽ പങ്കുകൊള്ളുവാൻ മനസ്സില്ലെന്നു പറഞ്ഞു ക്ഷണം നിരസിച്ചതുമാണു നടന്നതായി കേൾക്കുന്ന പ്രസ്തുത സംഭവങ്ങളിൽ ഒന്ന്. പ്രസ്തുത പ്രക്ഷോഭംകൊണ്ട് ഭരണപരിഷ്കാരപദ്ധതിയുടെ ചില ഭാഗങ്ങളിൽ വന്നേക്കാവുന്ന മാററങ്ങളെ സംബന്ധിച്ചും മററും പ്രസ്തുത പ്രക്ഷോഭത്തിൽ ചേരാതെ നിൽക്കുന്ന നായർസമുദായം എന്തു നയമാണു സ്വീകരിക്കേണ്ടതു് എന്നാലോചിക്കുവാനായി ഡാക്ടർ മാധവൻപിള്ള അവർകളുടെ അദ്ധ്യക്ഷതയിൽ ഇന്നു തിരുവനന്തപുരത്തുവച്ച് കൂടുവാൻ നിശ്ചയിച്ചിരിക്കുന്ന നായന്മാരുടെ രാഷ്ട്രീയയോഗമാണ് മറ്റൊരു സംഭവം. ഒടുവിലത്തെ കേൾവി പ്രസ്തുത വട്ടമേശസമ്മേളനാലോചന അതിനു ക്ഷണിക്കപ്പെട്ട ചിലരുടെ നിസ്സഹകരണനയംനിമിത്തം

പരാജയപ്പെട്ടവാൻ ഇടയുള്ളതുകൊണ്ടു പുതിയ ഭരണപരിഷ്കാരപദ്ധതി മുഴുവനുംതന്നെ വേണ്ടെന്നുവച്ചു പഴയ നിയമസഭയെ തുടൎന്നുകൊണ്ടുപോകുവാൻ ഗവൺമെന്റ് ആലോചിക്കുന്നു എന്നുള്ളതാണു്. ഈ ഒടുവിലത്തെ കേൾവി വാസ്തവമാണെങ്കിൽ ഞങ്ങൾ അതിൽ ആഹ്ലാദിക്കുകതന്നെ ചെയ്യും. പുതിയ ഭരണപരിഷ്കാരപദ്ധതി പിന്നോക്കം പോകുന്ന ഒന്നാകയാൽ അതു വേണ്ടെന്നുവയ്ക്കുകയാണു് സ്വീകാൎയ്യമായ നയമെന്നു ഞങ്ങൾ വിചാരിക്കുന്നു. വിപ്ലവകരവും സൎവസമ്മതവുമായ ഒരു വിശാലപരിഷ്കാരപദ്ധതി ഗവൺമെന്റിനു താമസിയാതെ അനുവദിച്ചുതരാതെ ഗത്യന്തരമില്ലെന്നുള്ള സ്ഥിതി വരുത്തണമെങ്കിൽ ഈ വിപുലപരിഷ്കാരത്തിന്റെ പരമശത്രുവും അതിന്റെ സ്ഥാപനത്തെ നീട്ടിക്കൊണ്ടുപോകുവാൻ സഹായിക്കുന്നതുമായ ഇന്നത്തെ അല്പപരിഷ്കാരം പിൻവലിക്കപ്പെടുകതന്നെ വേണം. വട്ടമേശസമ്മേളനത്തിനു ക്ഷണിക്കപ്പെട്ട ചിലർ ക്ഷണം നിരസിച്ചു എന്നു കേട്ടതു വാസ്തവമാണെങ്കിൽ—അതിനു് അവരെ പ്രേരിപ്പിച്ചതു് പ്രായപൂൎത്തിവന്നവരുടെ വോട്ടിന്മേൽ അടിസ്ഥാനപ്പെടുത്തിയിട്ടുള്ള ഉത്തരവാദഭരണസ്ഥാപനത്തെപ്പറ്റി പ്രതിപാദിക്കുവാൻ സൗകൎയ്യമില്ലെന്നുള്ള വിശാലവും സൎവസമ്മതവുമായ സംഗതിയല്ല, പ്രസ്തുത മെമ്മോറിയലിൽ വിവരിച്ചിട്ടുള്ളതും പുതിയ ഭരണപരിഷ്കാരപദ്ധതി നിൎമ്മിച്ചിട്ടുള്ള അസംബ്ളിയിലേക്കും കൗൺസിലിലേക്കും ജനസംഖ്യയനുസരിച്ചു പൊതുവായ ബഹ്വംഗനിയോജകമണ്ഡലങ്ങളിൽ എല്ലാവൎഗ്ഗങ്ങൾക്കും സ്ഥാനങ്ങൾ നീക്കിവയ്ക്കുന്നതുമായ പദ്ധതിയുടെ ആലോചനയ്ക്കു സൗകൎയ്യമില്ലാത്തതാണെന്നുള്ള സങ്കുചിതവും ഭിന്നാഭിപ്രായത്തിനിടയുള്ളതുമായ സംഗതിയാണെങ്കിലും—അവരെ ഞങ്ങൾ അഭിനന്ദിക്കുകയാണു ചെയ്യുന്നതു്. പുതിയ ഭരണപരിഷ്കരണപദ്ധതിയോടു നിസ്സഹകരണമാണു്—സൎവവൎഗ്ഗങ്ങളും ഒത്തുചേൎന്നുള്ള നിസ്സഹകരണമാണു്—അനുഷ്ഠിക്കേണ്ടതെന്നു് ഞങ്ങൾ അതു പ്രസിദ്ധപ്പെടുത്തിയയുടനെ അഭിപ്രായപ്പെട്ടിരുന്നല്ലോ. ഈ പദ്ധതിയോടു മുഴുവനല്ലെങ്കിലും അതിന്റെ പ്രാതിനിധ്യസമ്പ്രദായക്കുറവെന്ന ഒരു വശത്തോടു്, എല്ലാ സമുദായക്കാരും കൂടിച്ചേൎന്നില്ലെങ്കിലും മൂന്നു പ്രധാന സമുദായങ്ങൾ കൂടിച്ചേൎന്നു നിസ്സഹരിക്കുവാൻ തുടങ്ങുകയാണു് പ്രസ്തുത ക്ഷണം ഈ സമുദായപ്രമാണികളിൽ ചിലർ നിരസിച്ചപ്പോൾ അവർ ചെയ്തതു്. ഇതേവരെ ഈ സമുദായങ്ങൾ അങ്ങനെ ചെയ്യുമെന്നു് വാക്കാൽ പറഞ്ഞിരുന്നതേയുള്ളു. ഇപ്പോൾ അതു ചിലരെങ്കിലും പ്രവൃത്തിയിൽ കൊണ്ടുവരികയും ചെയ്തു. ഇത്തരം ഒരു സഹകരണത്യാഗം തിരുവിതാംകൂറിലെ രാഷ്ട്രീയപ്രവൎത്തനത്തിൽ ഇദംപ്രഥമമായിട്ടാണുണ്ടായിട്ടുള്ളതെന്നു തോന്നുന്നു. എല്ലാ സമുദായങ്ങളും ഒന്നിച്ചുചേൎന്നു് ഭരണപരിഷ്കാരപദ്ധതിയുടെ എല്ലാ വശങ്ങളോടും നിസ്സഹകരണം അനുഷ്ഠിക്കുന്ന ആ ആശാസ്യമായ പ്രവൃത്തിക്കു് ഇവരുടെ പ്രവൃത്തി കാലുനാട്ടുകയും അതിനു പ്രേരകവും മാതൃകയുമായിത്തീരുകയും ചെയ്യുന്നതുകൊണ്ടും, പ്രസ്തുത ഒടുവിലത്തെ കേൾവി ശരിയാണെങ്കിൽ ഇവരുടെ ഈ പ്രവൃത്തി ഈ ഭരണപ-

രിഷ്കാരപദ്ധതിയെ ഗവൺമെൻറിനെക്കൊണ്ടു് പിൻവലിപ്പിക്കുവാൻ സഹായിച്ചതുകൊണ്ടുമാണു് ഞങ്ങൾ ഇവരെ അഭിനന്ദിക്കുന്നതു്. ഇന്നത്തെ പരിഷ്കാരം നിർമ്മിച്ച സങ്കുചിത അധികാരമുള്ളതും ഭൂസ്വത്തുടമസ്ഥന്മാരെ മാത്രം പ്രതിനിധീകരിക്കുന്നതുമായ നിയമസമിതികൾക്കകത്തു നിന്നുകൊണ്ടു സമുദായപ്രാതിനിധ്യസമത്വതത്വം സ്ഥാപിക്കുവാൻ ശ്രമിക്കുന്നതാണു് പ്രസ്തുത വർഗ്ഗക്കാർ യോജിച്ചു ഗവൺമെൻറിൽ സമർപ്പിച്ചിട്ടുള്ള മെമ്മോറിയലിൽ ഞങ്ങൾ കാണുന്ന ഒരു മൗലികദൂഷ്യമെന്നും ഇവിടെ പറഞ്ഞുകൊള്ളട്ടെ. അധഃകൃതർക്കും മുസ്ലിമീങ്ങൾക്കും ലത്തീൻകത്തോലിക്കർക്കും കമ്മാളർക്കും ബ്രാഹ്മണർക്കും മാത്രം സ്ഥാനങ്ങൾ നീക്കിവെച്ചുകൊണ്ടു് പ്രായപൂർത്തിവന്നിട്ടുള്ള സകലർക്കും വോട്ടവകാശത്തോടുകൂടി പൊതുവായ ബഹ്വംഗനിയോജകമണ്ഡലങ്ങളിൽ ജപ്പാനിൽ സ്വീകരിച്ചിട്ടുള്ള പരിമിതവോട്ടു (Limitd vote) രീതി അനുസരിച്ചു തിരഞ്ഞെടുപ്പു നടത്തുന്നതായാൽ ശേഷിച്ച പ്രധാന സമുദായങ്ങൾക്കു് അവരുടെ ജനസംഖ്യയോടടുപ്പിച്ച സ്ഥാനങ്ങൾ നിയമസഭകളിൽ കിട്ടുമെന്നാണു ഞങ്ങൾ വിചാരിക്കുന്നതു്. ഈ പദ്ധതി പ്രസ്തുത സമുദായക്കാരിൽ ഭൂരിപക്ഷത്തിനു സമ്മതമില്ലെങ്കിൽ ഒരു ക്ലിപ്തകാലത്തേക്കു—പത്തുവർഷത്തേക്കു് എന്നിരിക്കട്ടെ—എല്ലാ സമുദായക്കാർക്കും ജനസംഖ്യ അനുസരിച്ചു പൊതുനിയോജകമണ്ഡലങ്ങളിൽ സീററു റിസർവ്വുചെയ്യുന്നതിനും ഞങ്ങൾക്കു വിരോധമില്ല. വർഗ്ഗീയനിയോജകമണ്ഡലങ്ങളുടെ ദൂഷ്യഫലം പൊതുനിയോജകമണ്ഡലങ്ങളിലുള്ള സാർവ്വത്രികമായ റിസർവേഷൻ രീതി അധികമായി കുറയ്ക്കുകയില്ലെന്നുള്ളതാണു് അതിനെ ബലമായി പിന്താങ്ങുവാൻ ഞങ്ങളെ വിമുഖരാക്കുന്നതു്. ഡാക്ടർ മാധവൻപിള്ളയുടെ അദ്ധ്യക്ഷതയിൽ കൂടുവാൻപോകുന്ന മേൽപറഞ്ഞ നായർയോഗത്തെപ്പററി ഞങ്ങൾക്കു പറയുവാനുള്ളതു് ആ യോഗത്തെ അവർ ഭരണപരിഷ്കാരപദ്ധതിയുമായി നിസ്സഹകരിക്കുവാൻ തുടങ്ങിയിരിക്കുന്ന ഇതരപ്രധാനവർഗ്ഗക്കാരുമായി സഹകരിക്കുവാനുള്ള മാർഗ്ഗങ്ങൾ കണ്ടുപിടിക്കുവാനും ഈ രണ്ടു കൂട്ടർക്കും തമ്മിൽ ഇപ്പോൾ ഉണ്ടായിട്ടുള്ള തെററിദ്ധാരണകളെ നീക്കുവാനും ഉപയോഗപ്പെടുത്തണമെന്നാണു്. അടുത്ത ബുധനാഴ്ച കൂടുന്ന ഈഴവ ക്രിസ്തീയ മുസ്ലിം സംയുക്തരാഷ്ട്രീയയോഗവും, ഈ രഞ്ജിപ്പിപ്പിനുള്ള മാർഗ്ഗങ്ങളെപ്പററി ആലോചിച്ചാൽ കൊള്ളാം. പൂനാസന്ധി അലഹബാദ്സന്ധിയോഗത്തിനു പ്രേരകമായിത്തീർന്നതുപോലെ ക്രിസ്ത്യാനി ഈഴവ മുസ്ലിം യോജിപ്പു സർവ്വസമുദായയോജിപ്പിനു പ്രേരകമായിത്തീരുമാറാകട്ടെ. നായന്മാർ പ്രായപൂർത്തിവന്നവർക്കു വോട്ടവകാശവും ഉത്തരവാദഭരണവും ഇതരവർഗ്ഗക്കാരെക്കാൾ അധികം ഉച്ചത്തിൽ ആവശ്യപ്പെട്ടിരുന്നു. അവർക്കു കൂടുതൽ സ്ഥാനങ്ങൾ കൊടുക്കുവാൻ പര്യാപ്തമായ ഒരു ഭരണപരിഷ്കാരപദ്ധതി ഗവൺമെൻറുണ്ടാക്കിയെങ്കിൽ അതിനു നായന്മാരെ കുററപ്പെടുത്തുന്നതു് എറിഞ്ഞവനെ വിട്ടുവെച്ചു കല്ലിനോടു കലഹിക്കുന്നതിനു തുല്യമായിരിക്കും. നായർ സമുദായത്തിലും ഇതരസമുദായങ്ങളിലും ചിന്താശക്തിയും ദീർഘദൃഷ്ടിയുമുള്ളവരെല്ലാം തന്നെ തമ്മിൽ തമ്മിൽ

കലഹിക്കാതെ ഒത്തൊരുമിച്ചു ഗവമ്മെൻറിനോടു വിശാലമായ ഒരു ഭരണപരിഷ്കാരപദ്ധതി ആവശ്യപ്പെട്ടവാൻ വേണ്ട പ്രവൃത്തികൾ ചെയ്തു തുടങ്ങേണ്ടതാണു്. ന്യായബോധമുള്ള ഏതു നായരും ക്രിസ്ത്യാനികൾ മുതലായ വർഗ്ഗക്കാരുടെ പ്രക്ഷോഭണത്തിന്റെ അടിസ്ഥാനമായ പ്രാതിനിദ്ധ്യഅസമത്വം ന്യായമായ ഒരു സങ്കടമാണെന്നുതന്നെ, അതിനു് അവർ നിർദ്ദേശിക്കുന്ന പ്രതിവിധി തനിക്കു സ്വീകാര്യമായി തോന്നിയില്ലെങ്കിലും, അഭിപ്രായപ്പെട്ടുന്നതാണു്. അതുപോലെ ക്രിസ്ത്യാനികൾ തുടങ്ങിയ വർഗ്ഗക്കാരിൽ ദേശാഭിമാനവും ദീർഘദൃഷ്ടിയുമുള്ള ഏവനും ഉത്തരവാദഭരണം വേണമെന്നു നായന്മാർ മുറവിളികൂട്ടുന്നതു് അവരുടെ സ്വാർത്ഥലാഭത്തിനുമാത്രമല്ല പൊതുഗുണത്തിനുംകൂടിയാണെന്നും സമ്മതിക്കുന്നതാണു്. പിന്നെ ഇവർ തമ്മിൽ തല്ലുന്നതിനു കാരണം ഞങ്ങൾ കാണുന്നില്ല. അവസാനമായി ഞങ്ങൾക്കു പറയുവാനുള്ളതു് ഈ പരാജയത്തിൽ കലാശിച്ച ഭരണപരിഷ്കാരപദ്ധതിയുടെ സ്രഷ്ടാവായ സർ സി. പി. രാമസ്വാമി അയ്യരെപ്പററിയാണു്. ഇദ്ദേഹം മഹാരാജാവിന്റെ ഉപദേഷ്ടാവായിരിക്കുവാൻ കൊള്ളുകയില്ലെന്നു് ഈ നാട്ടുകാരും, (അദ്ദേഹം സ്ഥാപിച്ച തിരുവനന്തപുരത്തെ എ. പി. ഐ. ശാഖ ഇവിടത്തെ രാഷ്ട്രീയബഹളങ്ങളെ എത്രമാത്രം ഒളിച്ചുവച്ചാലും) അന്യനാട്ടുകാരും ഇപ്പോൾ മനസ്സിലാക്കിത്തുടങ്ങിയിരിക്കുന്നു. ഈ സംഗതി നേരത്തെതന്നെ ഞങ്ങൾ ചൂണ്ടിക്കാണിച്ചിരുന്നല്ലൊ. വിദേശകാര്യങ്ങളെപ്പററിയുള്ള ഇദ്ദേഹത്തിൻെറ ഉപദേശവും ഈ നാട്ടാക്കു സാരമായ ഗുണങ്ങൾ നേടിക്കൊടുത്തതായി ഞങ്ങൾ അറിയുന്നില്ല. ഇങ്ങനെയുള്ള ഒരു ഭരണതന്ത്രകുശലനെ വമ്പിച്ച ശമ്പളവും കൊടുത്തു് ഉപദേഷ്ടാവായി വച്ചുകൊണ്ടിരിക്കുന്നതിൻെറ അനൗചിത്യത്തെപ്പററി ഇനിയെങ്കിലും മഹാരാജാവു് ആലോചിക്കേണ്ടതാണു്.

കേസരി, 1933 ജനുവരി 18

# ഭരണപരിഷ്കാരപ്രതിഷേധ പ്രക്ഷോഭം

[സർ. സി. പി. യുടെ ഭരണപരിഷ്കാരത്തിൻെറ ഫലമായി തിരുവിതാംകൂറിലാരംഭിച്ച പ്രക്ഷോഭണങ്ങളും അസമത്വമനുഭവിക്കുന്ന സമുദായങ്ങൾ ചേർന്നു സംഘടിപ്പിച്ച നിവർത്തനപ്രസ്ഥാനവും ആരംഭിക്കുമ്പോൾ എല്ലാ കക്ഷികളുടേയും വാദങ്ങൾ വിശകലനം ചെയ്തുകൊണ്ടു് ബാലകൃഷ്ണപിള്ള 1933 ഫെബ്രുവരി 1-ാംതീയതി എഴുതിയ വസ്തുനിഷ്ഠമായ മുഖപ്രസംഗമാണിതു്.]

കഴിഞ്ഞ ലക്കത്തിൽ ഞങ്ങൾ ചൂണ്ടിക്കാണിച്ചിരുന്ന തിരുവിതാംകൂറിലെ ഭരണപരിഷ്കാരത്തിന്റെ പരാജയലക്ഷണങ്ങൾ ഇപ്പോൾ പൂർവ്വാ

ധികം തെളിഞ്ഞുതുടങ്ങിയിരിക്കുന്നു. തിരുവനന്തപുരത്തു എൽ. എം. എസ്. ഹാളിൽവച്ചുകൂടിയ ക്രൈസ്തവ ഈഴവ മുസ്ലീം സംയുക്തയോഗം പുതിയ സഭകളുമായി നിസ്സഹകരണം അനുഷ്ഠിക്കുവാൻ നിശ്ചയിച്ചിരിക്കുന്നു. ജനസംഖ്യയനുസരിച്ചു സീററു റിസർവ്വ് ചെയ്യുന്നതിനു തങ്ങൾ തയ്യാറില്ലെന്നു ഗവമ്മെൻറു പ്രസ്തുത വൎഗ്ഗക്കാരുടെ സംയുക്തഡെപ്യൂട്ടേഷൻ സമൎപ്പിച്ച നിവേദനത്തിനു മറുപടിയായി പ്രസിദ്ധീകരിച്ച അന്യത്ര ചേൎത്തിട്ടുള്ള പ്രസ്സ്നോട്ടിൽ ഖണ്ഡിച്ചു പറഞ്ഞിരിക്കുന്നു. വട്ടമേശസമ്മേളന ആലോചനയും ഗവമ്മെൻറ് ഇപ്പോൾ ഉപേക്ഷിച്ചിരിക്കുന്നു. തിരുവനന്തപുരത്തും തിരുവല്ലായിലും നെയ്യാററിങ്കരയിലുംവച്ചുകൂടിയ നായർ യോഗങ്ങൾ ഗവമ്മെൻറിനെ, ഭരണപരിഷ്ക്കാരത്തെസംബന്ധിച്ചു പ്രായേണ പിന്താങ്ങുകയും ചെയ്തിരിക്കുന്നു. ഭരണപരിഷ്ക്കാര വിളംബരവും മററും പ്രസിദ്ധപ്പെട്ടുത്തിയയുടനെ അതിനെപ്പററി നിരൂപണം ചെയ്തപ്പോൾ സംഭവങ്ങൾ മേൽപ്പറഞ്ഞതുപോലെ കലാശിച്ചേക്കുമെന്നു് ഞങ്ങൾ ചൂണ്ടിക്കാണിച്ചിരുന്നല്ലൊ. ഭരണപരിഷ്ക്കാരത്തിൻെറ രണ്ടു മൗലികമായ ദൂഷ്യങ്ങൾ പ്രാതിനിധ്യരീതിയിലുള്ള അസമത്വവും, വിശാലമായ അധികാരങ്ങൾ നല്കുന്നതിനുപകരം ഇപ്പോഴുള്ള അധികാരത്തെപ്പോലും കുറയ്ക്കുന്നതും ആണെന്നു ഞങ്ങൾ ചൂണ്ടിക്കാണിച്ചിരുന്നു. ഈ രണ്ടു മൗലികദൂഷ്യങ്ങളിൽവച്ചു് ആദ്യത്തേതിനെ പരിഹരിക്കുവാൻ മാത്രമാണു ക്രൈസ്തവ ഈഴവ മുസ്ലീം സമുദായങ്ങൾ ഒത്തൊരുമിച്ചു പ്രക്ഷോഭം തുടങ്ങിയതു്. പ്രസ്തുത രണ്ടു ദൂഷ്യങ്ങളേയും ഒത്തൊരുമിച്ചു പരിഹരിക്കണമെന്നു ഭരണപരിഷ്ക്കാരം പുറപ്പെട്ടയുടനെ നായന്മാർ അഭിപ്രായപ്പെട്ടുവെങ്കിലും ഈ അഭിപ്രായം അനുസരിച്ചുള്ള പ്രവൃത്തിപരമായ പ്രക്ഷോഭത്തിനു് അവർ ഇറങ്ങുകയോ, ക്രൈസ്തവ ഈഴവ മുസ്ലീം സമുദായങ്ങളുടെ സങ്കുചിതവും എന്നാൽ പ്രവൃത്തിപരവുമായ പ്രക്ഷോഭത്തിൽ പങ്കുകൊള്ളുകയോ ചെയ്തില്ല. മാത്രമല്ല ഇപ്പോൾ അവർ അവരുടെ പ്രസ്തുത യോഗങ്ങൾമൂലം മററവരുടെ സംയുക്തപ്രക്ഷോഭത്തിനു വിരുദ്ധമായ നില സ്വീകരിച്ചിരിക്കുകയും ചെയ്യുന്നു. ഇതു നായന്മാർ ഇതുവരെ സ്വീകരിച്ചിരുന്ന രാഷ്ട്രീയനയത്തിനു വിരുദ്ധമായ ഒരു നയവുമാണു്. ഭരണപരിഷ്ക്കാരംമൂലം ഉണ്ടാകുന്ന വർഗ്ഗീയ കുത്തകകളുടെ ഗുണം നായന്മാൎക്കാകയാൽ അവരുടെ ആദ്യത്തെ അപ്രവൃത്തിനയവും ഒടുവിലത്തെ ഗവമ്മെൻറിനെ പിന്താങ്ങുന്ന നയവും ക്രൈസ്തവഈഴവ മുസ്ലീം വൎഗ്ഗങ്ങളിൽ അവരോടു നീരസം ജനിപ്പിച്ചിട്ടുണ്ടു്. സങ്കുചിതമായ കാൎയ്യത്തിനായിട്ടാണു് ഇതരസമുദായക്കാർ പ്രക്ഷോഭം നടത്തുന്നതെന്നു നായന്മാർ പറയുന്നതിൽ വാസ്തവമുണ്ടെന്നു നിഷ്പക്ഷപാതികൾ സമ്മതിക്കുമെങ്കിലും ഭരണപരിഷ്ക്കാരം സംരക്ഷിച്ചുകൊണ്ടുപോകുന്ന അവരുടെ കുത്തകനിമിത്തം അവരുടെ നിലയിൽ ഉത്തമവിശ്വാസമുള്ളതായി ഇതരസമുദായക്കാർ സമ്മതിക്കുവാൻ സംശയിക്കുന്നു. വിശാലമായ കാൎയ്യങ്ങൾക്കായി എന്നു പറഞ്ഞുകൊണ്ടെങ്കിലും നായന്മാർ പ്രവൃത്തിപരമായ പ്രക്ഷോഭത്തിനു് ഇറങ്ങാത്തതിനാൽ ഈ സംശയം നിഷ്പക്ഷപാതികളിലും ജനിക്കാതിരിക്കുന്നില്ല. ഇങ്ങനെ നായന്മാരും അനാ

യന്മാരുമായുള്ള അകൽച്ച ഇപ്പോൾ ദിവസംപ്രതി വളൎന്നുവളൎന്നു വരുന്നു. ഈ അകൽച്ച നിലനിൽക്കുന്നിടത്തോളംകാലം ഗവമ്മെൻറു വേണ്ട വിധത്തിലുള്ള ഭരണപരിഷ്കാരം ഇവിടെ സ്ഥാപിക്കുവാൻ നിർബന്ധിതരായിത്തീരുകയുമില്ല. ഗവമ്മെൻറിൻെറ നില പരിശോധിച്ചുനോക്കാം. ഭരണപരിഷ്കാരത്തിൻെറ രണ്ടു ദൂഷ്യങ്ങളായ പ്രാതിനിദ്ധ്യസംബന്ധമായ അസമത്വം, അധികാരംകുറവുള്ളൽ എന്നീ ദൂഷ്യങ്ങളിൽ ഒടുവിലത്തേതിനെ സംബന്ധിച്ചാണു പരിഹാരമുണ്ടാക്കുവാൻ ഗവമ്മെൻറിന് അധികം വൈമുഖ്യം തോന്നുവാനിടയുള്ളതു്. തങ്ങളുടെ അധികാരം കൈവെടിയുവാൻ ഗവമ്മെൻറു വിമുഖരായിരിക്കുന്നതു സ്വാഭാവികമാണല്ലൊ. ഇതു കിട്ടുവാനാണു് പൊതുജനങ്ങൾക്കു് അതിനാൽ അധികം ബുദ്ധിമുട്ടേണ്ടതും. നേരേമറിച്ചു് പ്രാതിനിധ്യസമത്വസ്ഥാപനത്തെ സംബന്ധിച്ചു ഗവമ്മെൻറിനു സ്വാഭാവികമായി മക്കടമുഷ്ടിക്കു കാരണമില്ല. അതു പൊതുജനങ്ങളുടെ യോജിപ്പിനു കാരണമാകുകയും തന്മൂലം തങ്ങൾക്കു് അധികാരം വച്ചൊഴിയേണ്ടിവരികയും ചെയ്യുമെന്നു ഭയപ്പെട്ടുമാത്രമേ അവർ അതിനെ പ്രതികൂലിക്കുകയുള്ളു. കൂടാതെ പ്രാതിനിധ്യസമത്വസ്ഥാപനത്തിൽ സമുദായങ്ങൾ ഒത്തൊരുമിച്ചാൽ തങ്ങളുടെ പ്രാതികൂല്യത്തെ വിഗണിച്ചും അവൎക്കു് അതു സ്വയമേ നടപ്പിൽവരുത്താൻ സാധിക്കുമെന്നും ഗവമ്മെൻറിന്നു് അറിയാവുന്നതാണു്. ഓരോ വർഗ്ഗവും തങ്ങൾക്കു് ഇത്ര ഇത്ര സ്ഥാനങ്ങൾ മതി എന്നു തീരുമാനിച്ചു് അതനുസരിച്ചുള്ള സ്ഥാനാൎത്ഥികളെ തിരഞ്ഞെടുത്താൽ ഗവമ്മെൻറിന്റെ തലയിടലുമീതെയും അവൎക്കു പ്രാതിനിദ്ധ്യസമത്വം സ്ഥാപിക്കാമല്ലൊ. വിശാലമായ അധികാരം കരസ്ഥമാക്കുന്നതു് ഇതുപോലെ ഒത്തൊരുമിച്ചാലും ഇന്നത്തെ സ്ഥിതിക്കു് ഉടനടി സാധിക്കുകയില്ല. ഒത്തൊരുമിച്ചു നിസ്സഹകരിച്ചു് അതിനായി ഇവൎക്കു കുറെക്കാലം പ്രവൎത്തിക്കേണ്ടതായി വരും. ഈ തത്വങ്ങൾ മനസ്സിലായിട്ടുള്ളവർ സമത്വസ്ഥാപനത്തിൽ ഗവമ്മെൻറിനെ ആശ്രയിക്കേണ്ടതില്ലെന്നും സമുദായങ്ങൾതമ്മിൽ സന്ധിയാണു വേണ്ടതെന്നും മാത്രമെ അഭിപ്രായപ്പെടുകയുള്ളു. ഞങ്ങൾ ഇതു ചൂണ്ടിക്കാണിച്ചിരുന്നു. എന്നിട്ടും ക്രൈസ്തവ ഈഴവ മുസ്ലിമീങ്ങൾ ഇതിനുവേണ്ടി മനഃപൂൎവ്വം പ്രയത്നിക്കാതെ ഗവമ്മെൻറിനെ ആശ്രയിക്കുവാൻ പോയി. അതിൽ അവൎക്കു പ്രസ്തുത പ്രസ്സ്നോട്ടുകൊണ്ടു സംപൂൎണ്ണമായ പരാജയം പററുകയും ചെയ്തു. ഈ അനുഭവത്തിൽനിന്നു് ഒരു പാഠം പഠിച്ചു് അവർ ഭരണപരിഷ്കാരത്തെ ബോയ്ക്കോട്ടുചെയ്യുവാൻ, അതായതു ഗവമ്മെൻറിനോടു് ഈ വിഷയത്തിൽ സഹകരണത്യാഗം അനുഷ്ഠിക്കുവാൻ നിശ്ചയിച്ചു. ഇതു് ആദ്യമേ ചെയ്യാമായിരുന്നു. ഇപ്പോഴെങ്കിലും ഇതു ചെയ്തതിനു് ഇവരെ ഞങ്ങൾ സൎവ്വാത്മനാ അഭിനന്ദിക്കുന്നു. ഇനി ഇവർ സമത്വസ്ഥാപനത്തിനുവേണ്ടി നായന്മാരോടു് ഒരു സന്ധി ഉണ്ടാക്കുവാൻ ഒരുങ്ങുകയാണു വേണ്ടതു്. ഗവമ്മെൻറുമായി സഹകരണത്യാഗത്തിനു തീരുമാനിച്ചതിനാൽ നായന്മാരുടെയും ശേഷിച്ച വൎഗ്ഗങ്ങളുടേയും സഹായമില്ലെങ്കിൽ സമത്വം സ്ഥാപിതമാകുവാൻ കാലവിളംബമുണ്ടാകും. നായന്മാർ അല്പപക്ഷക്കാരാണെങ്കിലും അവരുടെ

കൈവശത്തു് നിയമസഭകളിലെ ഭൂരിപക്ഷം സീററുകളും ഇരിക്കുന്നതുകൊണ്ടും മററും ഗവമ്മെൻറുമായി സഹകരണത്യാഗം അനുഷ്ഠിക്കുന്ന ഭൂരിപക്ഷക്കാർ അവരുമായി ചതുരുപായങ്ങളും പ്രയോഗിച്ചു രഞ്ജിക്കുവാൻ ശ്രമിക്കുകതന്നെ വേണം. തിരുവിതാംകൂർ ഗവമ്മെൻറിനോടും നായന്മാരോടും ഒന്നുപോലെ സഹകരണത്യാഗം തുടങ്ങിയാലും മേൽക്കോയ്മയോടുള്ള അപേക്ഷകളും മററുംകൊണ്ടു സമത്വം സ്ഥാപിക്കാമെന്നു് ഇവർ വിശ്വസിക്കുന്നുണ്ടെങ്കിൽ അതു് അസ്ഥാനത്തിലാണെന്നു് അവക്കു താമസിയാതെ ബോധംവരും. ഇത്തരം ആഭ്യന്തരകാൎയ്യങ്ങളിൽ മേൽക്കോയ്മ ഇന്നത്തെ അവരുടെ നയമനുസരിച്ചു കൈകടത്തുന്നതല്ല. കാശ്മീരത്തിലെയും ആൾവാരിലേയും സംഭവങ്ങൾ സൂക്ഷ്മമായി അപഗ്രഥിച്ചുനോക്കിയാൽ അതിൽനിന്നും മേൽക്കോയ്മയുടെ ഇടപെടൽ ഈ പ്രാതിനിധ്യസമത്വക്കാൎയ്യത്തിൽ പ്രതീക്ഷിക്കുവാൻ പാടില്ലെന്നു മനസ്സിലാക്കാവുന്നതാണു്. നായന്മാരുമായുള്ള രഞ്ജിപ്പു് അസാദ്ധ്യമെന്നു വിചാരിച്ചിട്ടാവശ്യമില്ല. നിർവികാരരായി നായന്മാരും അനായന്മാരും ആലോചിച്ചുനോക്കുമ്പോൾ രാജ്യത്തിൻെറ ശ്രേയസ്സിനും ഇരുകക്ഷികളുടേയും പ്രത്യേകഗുണത്തിനും അതു കൂടിയേ മതിയാവൂ എന്നു് അവക്കു കാണാൻ കഴിയും. ലോകത്തു് ഒരു കാൎയ്യവും ശരിയായ രീതിയിൽ പ്രവൎത്തിച്ചാൽ അസാദ്ധ്യവുമല്ല. നിയമസഭയിൽ മാത്രമേ തങ്ങൾക്കു ഭൂരിപക്ഷമുള്ളു എന്നുള്ള വാസ്തവവും കുത്തകകൾ വച്ചുകൊണ്ടിരിക്കുവാൻ ഏറെക്കാലം ഇന്നത്തെ സ്ഥിതി അനുവദിക്കുന്നതല്ലെന്നും അതു് ആപത്തിൽ കലാശിക്കുമെന്നുമുള്ള കാൎയ്യവും വിശാലമായ ഭരണപരിഷ്കാരം ലഭിക്കുന്നതിനു സൎവ്വസമുദായങ്ങളുടേയും യോജിച്ചുള്ള പ്രവൃത്തി അപരിത്യാജ്യമാണെന്നുള്ള വസ്തുതയും മററും മനസ്സിലാക്കി നായന്മാർ അവസാനത്തിൽ സന്ധിക്കു തയ്യാറാകുമെന്നാണു ഞങ്ങൾ വിശ്വസിക്കുന്നതു്. ഈ സന്ധിക്കു പ്രാരംഭമായി വേണ്ട ഗവമ്മെൻറുമായുള്ള സഹകരണത്യാഗം നായരേതരവൎഗ്ഗക്കാർ ഇപ്പോൾ അനുഷ്ഠിക്കുവാൻ തുടങ്ങിയിട്ടുമുണ്ടു്. സംയുക്തഡെപ്യൂട്ടേഷനു മറുപടിയായി ഗവമ്മെൻറു പ്രസിദ്ധീകരിച്ച പ്രസ്സ്നോട്ടിൽ പണ്ടത്തെ പ്രക്ഷോഭത്തലവന്മാരായ നായന്മാക്കും ഇന്നത്തെ പ്രക്ഷോഭത്തലവന്മാരായ ക്രിസ്ത്യാനികൾക്കുംകൂടി ഭൂരിപക്ഷം സീററുകളും വീതിച്ചുകൊടുക്കുന്നതായാൽ ഈ പ്രക്ഷോഭമെല്ലാം നശിച്ചുപോകുമെന്നു ഗവമ്മെൻറു വിചാരിക്കുന്നുണ്ടെന്നു പ്രത്യക്ഷപ്പെട്ടിട്ടുണ്ടു്. ഈഴവരും മുസ്ലിമീങ്ങളും മിണ്ടാപ്രാണികളായ അധഃകൃതരും—അതായതു് അസമത്വത്തിൻെറ ഭാരം മുഴുവനും അനുഭവിക്കുന്നവർ—മററുള്ളവരുടെ നായകത്വമില്ലെങ്കിൽ ഗവമ്മെൻറു് എറിഞ്ഞുകൊടുക്കുന്ന പ്രാതിനിധ്യക്കഷണങ്ങൾ സ്വീകരിച്ചു് പ്രക്ഷോഭം മതിയാക്കുമെന്നും ഗവമ്മെൻറു വിശ്വസിക്കുന്നുണ്ടെന്നും പ്രസ്തുത പ്രസ്സ്നോട്ടിൽനിന്നു കാണാവുന്നതാണു്. ഈ വിശ്വാസം അസ്ഥാനത്തിലാണെന്നു കാണിക്കുവാൻ എൽ. എം. എസ്. ഹാളിലെ ബായ്ക്കാട്ടു് നിശ്ചയം സംബന്ധിച്ചു് ഇവർ കാണിച്ച ഉത്സാഹം മതിയായ തെളിവാണു്. പ്രസ്തുത നായർയോഗങ്ങളിലും ക്രിസ്ത്യാനികളാണു മറ്റു് ഈഴവരേയും മുസ്ലിമീങ്ങളേയും

ഇളക്കിവിടുന്നതെന്നും ഒരു ധാരണയുള്ളതായി അവരുടെ നിശ്ചയങ്ങളിൽനിന്നു കാണുന്നു. ന്യായമായ സങ്കടമുള്ളപ്പോൾ സങ്കടമുള്ള സമുദായങ്ങൾ അന്യരുടെ സഹായമില്ലെങ്കിലും ഇന്നത്തെ സ്ഥിതിക്കു് അവരുടെ പ്രക്ഷോഭം തുടൎന്നുകൊണ്ടു പോകുകതന്നെ ചെയ്യും. അയിത്തോച്ചാടനത്തിൽ നായന്മാരും അവൎണ്ണഹിന്ദുക്കളും ഒത്തൊരുമിച്ചു പ്രവൎത്തിക്കുന്നതുകൊണ്ടു രാഷ്ട്രീയസമത്വസ്ഥാപനത്തിലും അവർ അങ്ങനെതന്നെ ചെയ്യണമെന്നു വാദിക്കുന്നതു അന്യായമാണു്. അയിത്തോച്ചാടനംസംബന്ധിച്ചു് അവൎണ്ണൎക്കു പ്രതിബന്ധമായി ഏററിയകൂറും നിൽക്കുന്നതു തമിഴ്ബ്രാഹ്മണരാണു്. രാഷ്ട്രീയസമത്വസ്ഥാപനത്തിനു വിഘാതമായ നിയമസഭയിലെ വൎഗ്ഗീയകുത്തക വച്ചുകൊണ്ടിരിക്കുന്നതു നായന്മാരുമാണു്. അതിനാൽ ഈഴവരാദിയായ അവൎണ്ണർ ഒന്നിൽ നായന്മാരോടു സഹകരിച്ചു പ്രവൎത്തിക്കുകയും മറേറതിൽ അവരിൽനിന്നു വേർപെട്ടു നിൽക്കുകയും ചെയ്യുന്നതിൽ യാതൊരു പരിഭവത്തിനും അവകാശമില്ല. രാഷ്ട്രീയകാൎയ്യങ്ങളിൽ ഈഴവർ ക്രിസ്ത്യാനികളോടു് ഇപ്പോൾ ചേൎന്നു നില്ക്കുന്നതിനാൽ ക്ഷേത്രപ്രവേശനപ്രസ്ഥാനത്തിൽ ഇതുവരെ അവരുമായി ചെയ്തു സഹകരണം പിൻവലിച്ചു ക്ഷേത്രപ്രവേശനത്തെ പ്രതികൂലിക്കുവാൻ നായന്മാരിൽ ആരെങ്കിലും ആലോചിക്കുന്നുണ്ടെങ്കിൽ ആ വ്യക്തികളുടെ അയിത്തോച്ചാടനത്തിലുള്ള ആത്മാൎത്ഥതയുടെ അഭാവവും അൽപത്വവുംമാത്രമേ അതു കാണിക്കുകയുള്ളു. ആ നയം ഒടുവിൽ അവൎക്കുതന്നെ ആപത്തുണ്ടാക്കിത്തീൎക്കുന്നതുമാണു്. ഈ മൂഢപ്രവൃത്തി നായന്മാരിൽ ചിന്താശീലമുള്ളവർ ചെയ്യുകയില്ലെന്നാണു ഞങ്ങൾ വിചാരിക്കുന്നതു്. ഒരു ഒററവൎഗ്ഗത്തിനുപോലും ന്യായമായ സങ്കടമുള്ളപ്പോൾ മററെല്ലാ വൎഗ്ഗക്കാരും അവരോടു സഹകരിച്ചു് അതിനു പരിഹാരമുണ്ടാക്കിക്കൊടുക്കുവാൻ ശ്രമിച്ചാൽ മാത്രമേ രാഷ്ട്രശരീരത്തിനു് ആരോഗ്യമുണ്ടാകുകയുള്ളു. മുമ്പു് നായന്മാർ സ്വീകരിച്ചിരുന്ന ഈ തത്വം ഇപ്പോൾ ക്രിസ്ത്യാനികളുംകൂടി സ്വീകരിച്ചു പ്രവൎത്തിക്കുന്നതു കണ്ടു നായന്മാർ സന്തോഷിക്കുകയും അവരുടെ പ്രയത്നത്തിൽ അവരോടു ഹൃദയംഗമമായി സഹകരിക്കുകയുമാണു വേണ്ടതു്. ഈ ലാക്കുവച്ചു നായന്മാരിലും ഇതരസമുദായങ്ങളിലുമുള്ള ചെറുപ്പക്കാർ മുന്നോട്ടുവന്നു പ്രവൎത്തിക്കേണ്ടതു് ഉടനടി ചെയ്യേണ്ട ഒരു കാര്യമാണു്. തിരുവിതാംകൂർ പബ്ലിക്കു് സൎവ്വീസിൽ മുമ്പു ബ്രാഹ്മണൎക്കു കുത്തകയുണ്ടായിരുന്നപ്പോൾ നായന്മാരുടെ നായകത്വത്തിൻകീഴിൽ ഒരു അബ്രാഹ്മണസംയുക്തപ്രസ്ഥാനം തുടങ്ങി അതു കുറയ്ക്കുകയുണ്ടായി. അതുപോലെ നായന്മാരുടെ നിയമസഭാകുത്തകയെ ഇല്ലായ്മചെയ്യുവാനായി അനായർസമുദായങ്ങളിൽ ഭൂരിപക്ഷവും ഒത്തൊരുമിച്ചു ക്രിസ്ത്യാനികളുടെ നായകത്വത്തിൻകീഴിൽ ഇപ്പോൾ പ്രവൎത്തിക്കുന്നതുകണ്ടു നായന്മാർ പരിഭവിച്ചിട്ടു കാൎയ്യമില്ല. ഭാവിയിൽ ഈഴവരുടെ നായകത്വത്തിൻകീഴിൽ അധഃകൃതർ മററു സമുദായക്കാരുടെ രാഷ്ട്രീയകുത്തക ഇല്ലായ്മചെയ്യുവാൻ പ്രക്ഷോഭിക്കുന്നതും രണ്ടുമൂന്നു തലമുറയ്ക്കകത്തു തിരുവിതാംകൂർകാർ ഒരുപക്ഷേ കണ്ടേക്കാം. കാലചക്രഭ്രമം ഉണ്ടാക്കുന്ന സ്വാഭാവികവും ആശാസ്യവും ന്യായവുമായ ഈ പരി

വർത്തനങ്ങൾകണ്ടു തത്വജ്ഞാനികളെപ്പോലെ നിർവ്വികാരരായി അതിനു വഴിപ്പെട്ടുകയാണു്, അതിനെ നിഷ്പ്രയോജനമായി ചെറുക്കാൻ ശ്രമിക്കുകയോ അതുകണ്ടു കോപിക്കുകയോ, വിലപിക്കുകയോ അല്ല, ബുദ്ധിയുള്ളവർ ചെയ്യേണ്ടതു്.

കേസരി, 1933 ഫെബ്രുവരി 1

# ഭരണപരിഷ്കാരപ്രതിഷേധഗതി

[വീണ്ടും ഭരണപരിഷ്കാരത്തിനെതിരേയുള്ള നിവർത്തനസമുദായങ്ങളുടെ നില ബാലകൃഷ്ണപിള്ള നീതീകരിക്കുന്നു.]

ക്രൈസ്തവഈഴവ മുസ്ലിങ്ങളുടെ സംയോജിച്ചുള്ള പ്രക്ഷോഭം ഗവർമ്മെൻറുദ്യോഗസ്ഥന്മാരുടെ ഭയപ്പെടുത്തലുകളും കൃത്രിമങ്ങളും വിഗണിച്ചു ശക്തിയേറിയതായി വരുന്നതുകണ്ടു് ഞങ്ങൾ സന്തോഷിക്കുന്നു. ആലപ്പുഴവെച്ചു നടന്ന എസ്. എൻ. ഡി. പി. യോഗത്തിൻെറ ഡയറക്ടർമാരുടെ മീററിങ്ങിലെയും തിരുവല്ലാ, കോട്ടയം മുതലായ സ്ഥലങ്ങളിൽ വച്ചുനടന്ന വമ്പിച്ച യോഗങ്ങളുടെ നിശ്ചയങ്ങളും മററും ഇതിനു സാക്ഷ്യംവഹിക്കുന്നുണ്ടു്. നാട്ടിൻെറ നാനാഭാഗങ്ങളിലും ഇതിനെത്തുടർന്നു വമ്പിച്ച യോഗങ്ങളും നിവർത്തനനയത്തെ പിന്താങ്ങുവാൻ കൂട്ടുന്നതാണെന്നും കാണുന്നുണ്ടു്. ഇത്തരം സമാധാനപരമായ പ്രക്ഷോഭണങ്ങളെ ഗവർമ്മെൻറ് സമദൃഷ്ടിയോടെ വീക്ഷിക്കുകയില്ലെന്നും തൻെറ പരിഷ്കാരപദ്ധതി ഉത്തമമാണെന്നും അതു പരീക്ഷിച്ചുനോക്കണമെന്നും മററും സർ സി. പി. രാമസ്വാമിഅയ്യർ അഭിപ്രായപ്പെട്ടുവെങ്കിലും അതു് അദ്ദേഹത്തിനു ഭരണപരിഷ്കാരപദ്ധതിയിലും ആഭ്യന്തര നിത്യഭരണത്തിലും കൈകാര്യകർതൃത്വമുണ്ടെന്നുള്ള ഒരു തുറന്ന സമ്മതമായിത്തീർന്നതല്ലാതെ അതിലെ ഭയപ്പെടുത്തലുകൾക്കും ഉപദേശങ്ങൾക്കും പ്രസ്തുത പ്രക്ഷോഭകരെ അതിൽനിന്നു വിരമിപ്പിക്കുവാൻ കഴിഞ്ഞിട്ടില്ല. നേരേമറിച്ചു് അവർ തിരുവല്ലായിലും കോട്ടയത്തുംവച്ചു് സർ സി. പിയെ പറഞ്ഞയയ്ക്കണമെന്നും അദ്ദേഹം ഭരണപരിഷ്കാരത്തിൻെറ സ്തുതിഗീതികൾ പ്രചരിപ്പിക്കുവാൻ തിരുവനന്തപുരത്തു സ്ഥാപിച്ച ഏ. പി. ഐ.-ക്കു് ഗവർമ്മെൻറ് ധനസഹായം ചെയ്യരുതെന്നുംകൂടി നിശ്ചയം പാസാക്കുകകൂടി ചെയ്തിരിക്കുന്നു. ഞങ്ങൾ ഭരണപരിഷ്കാരം പ്രഖ്യാപനംചെയ്ത ഉടനെതന്നെ സർ. സി. പി –യെ പറഞ്ഞയയ്ക്കണമെന്നു പൊതുജനങ്ങൾ നിശ്ചയം പാസാക്കണമെന്നു ചൂണ്ടിക്കാണിച്ചിരുന്നല്ലോ. ഇപ്പോഴെങ്കിലും തിരുവിതാംകൂർകാരിൽ ചില സമുദായങ്ങളെങ്കിലും ഇതിൻെറ ആവശ്യം മനസ്സിലാക്കിയതു് ഈ നാട്ടിൻെറ ഭാഗ്യംകൊണ്ടാണെന്നേ പറയേണ്ടു. ഈ പ്രക്ഷോഭം ത്യാജ്യകോടിയിൽ തള്ളാമെന്നു ഗവർമ്മെൻറിൻെറ പാർശ്വവർത്തികളും നിവർത്തനനിശ്ചയം സ്വീകരിച്ച സമുദായങ്ങ

ളിലെ ചില വ്യക്തികളും അവരെ ധരിപ്പിച്ചിട്ടുള്ളതു തെററാണെന്നു തിരുവല്ലായിലേയും കോട്ടയത്തേയും യോഗങ്ങളിൽനിന്നും അവർ മനസ്സിലാക്കേണ്ടതാണ്. എല്ലാ വൎഗ്ഗങ്ങളിലും ഉൾപ്പെട്ട ചില നിയമസഭാംഗങ്ങളെ കൂടിയാലോചനയ്ക്കായി ഗവൺമെണ്ടു വിളിച്ചുകൂട്ടാൻ വീണ്ടും ആലോചിക്കുന്നു എന്നു കേൾക്കുന്നതു വാസ്തവമാണെങ്കിൽ അവർ ഇതു മനസ്സിലാക്കുവാൻ തുടങ്ങിയിട്ടുണ്ടെന്ന് അതു സൂചിപ്പിക്കുന്നു. സാൎവ്വത്രികമായ വോട്ടവകാശമോ ഉത്തരവാദഭരണത്തിനുള്ള മാൎഗ്ഗങ്ങളോ പുതിയ ഭരണപരിഷ്കാരപദ്ധതിയിൽ കാണായ്കയാൽ ശ്രീമാൻ കെ. കെ. കുരുവിളയുടെ അദ്ധ്യക്ഷതയിൽ കൂടിയ തിരുവിതാംകൂർ ലിബറൽ ക്രിസ്ത്യൻ ഫെഡറേഷൻ നിയമസഭകളെ ബോയ്ക്കോട്ടുചെയ്യുവാൻ നിശ്ചയിച്ചതു് ഇവിടെ പ്രത്യേകം സ്മരണീയമാണ്. ഈ നിശ്ചയം തിരുവിതാംകൂർകാർ സാൎവ്വത്രികമായി സ്വീകരിക്കുമാറാകട്ടെ. ഭരണപരിഷ്കാരത്തിന്റെ എല്ലാ വശങ്ങളേയുംപററി എല്ലാ വൎഗ്ഗക്കാരുടെയും പ്രതിനിധികളെ വിളിച്ചുകൂട്ടി ആലോചിച്ചു തിരുവിതാംകൂർകാർ അർഹിക്കുന്ന വിപുലവും സമത്വപൂൎണ്ണവുമായ ഭരണപരിഷ്കാരം നടപ്പിൽ വരുത്തിയാൽ മാത്രമേ ഇവിടെ ശാശ്വതമായ സമാധാനം ഉണ്ടാകുകയുള്ളു എന്നു ഗവൺമെൻറ് മനസ്സിലാക്കേണ്ടതാണ്. ഈ ഭരണപരിഷ്കാരപ്രക്ഷോഭണബഹളം ഇവിടെ കഠിനമായ വൎഗ്ഗീയവൈരത്തിനു കാരണമായിത്തീൎന്നിരിക്കുന്നതു് അത്യന്തം ശോചനീയംതന്നെ. കുത്തകകൾ വച്ചുകൊണ്ടിരിക്കുന്നവരും അതു പങ്കിട്ടെടുക്കുവാൻ തുടങ്ങുന്നവരും പരിഷ്കൃതരും സംസ്കൃതചിത്തരുമായ പോരാളികളെപ്പോലെ അന്യോന്യം ചീത്തപറയാതെ പോരുവേണമെങ്കിൽ പോരാടുകയാണു വേണ്ടതു്. ഈ വൈരം കൊണ്ടു രണ്ടു കക്ഷികൾക്കും ഒന്നുപോലെ ദോഷമുണ്ടാകുമെന്നും ഗവൺമെൻറിനു മാത്രമേ ഇതിൽനിന്നു ഗുണമുണ്ടാകുകയുള്ളു എന്നും ഇവർ ഓൎത്താൽകൊള്ളാം. വട്ടമേശസമ്മേളനത്തിലെ അനുഭവത്തിൽനിന്നു വൎഗ്ഗീയകലഹങ്ങളുടെ ദൂഷ്യങ്ങൾ മി. ശ്രീനിവാസശാസ്ത്രി തിരുവനന്തപുരത്തുവച്ചു ചെയ്ത പ്രസംഗങ്ങളിൽ ചൂണ്ടിക്കാണിച്ചതിൽ തിരുവിതാംകൂർകാർ പ്രത്യേകമായി ശ്രദ്ധപതിപ്പിച്ചു് അതില്ലാതാക്കുവാൻ ശ്രമിക്കേണ്ടതാണ്.

കേസരി, 1933 മാൎച്ച് 1

# മർദ്ദനനയം

[നിവൎത്തനസമുദായങ്ങൾക്കെതിരേ ഗവൺമെൻറ് സ്വീകരിച്ച മർദ്ദനനയത്തേയും പരിപാടികളേയും ബാലകൃഷ്ണപിള്ള രൂക്ഷമായി വിമൎശിക്കുന്നു.]

നിവൎത്തനനയക്കാരെ ഇപ്പോൾ മൎദ്ദനനയംമൂലം അമൎച്ചചെയ്യുവാൻ തിരുവിതാംകൂർ ഗവൺമെൻറ് നിശ്ചയിച്ചിരിക്കുന്നു എന്നു കോട്ടയം

കൊല്ലം എന്നീ ഡിവിഷൻകളിലെ നിരോധനാജ്ഞകളും മിനിഞ്ഞാന്ന ത്തെ അന്യത്ര ചേർത്തിട്ടുള്ള പ്രസ്സ്നോട്ടും സുവ്യക്തമാക്കുന്നുണ്ടു്. ഈ നാലാമത്തെ ഉപായം പ്രയോഗിക്കുന്നതുകൊണ്ടു നിവർത്തനനയത്തിനു ശക്തികൂട്ടുകമാത്രമേ ചെയ്യുകയുള്ളു എന്നു് ആലോചനാശക്തിയുള്ളവ ക്കെല്ലാം കാണാവുന്നതാണു്. ശാന്തമായി സമാധാനലംഘനത്തിനു് ഇടകൊടുക്കാതെ പ്രത്യേകം സൂക്ഷിച്ചു നിവർത്തനനയക്കാർ നടത്തിവ ന്നിരുന്ന പ്രക്ഷോഭത്തെ കാരണമാക്കി നിരോധനാജ്ഞ നല്കിയുംമററും പൗരാവലിയുടെ ഒരു പ്രാഥമികപൗരാവകാശത്തെ ബലികഴിക്കുന്നതു പരിഷ്കൃതരെന്നഭിമാനിക്കുന്ന ഒരു ഗവമെൻറിനു് ഒട്ടുംതന്നെ യോജിച്ച തല്ല. ഇതുമൂലം നിവർത്തനനയത്തെ പ്രതികൂലിക്കുന്നവക്കുപോലും അവ രോടു് അനുകമ്പ തോന്നുകയേയുള്ളു. നിവർത്തനനയക്കാർ നാട്ടിലും പുറ മേയും നടത്തുവാൻ നിശ്ചയിച്ചിരിക്കുന്ന പ്രചരണമാർഗ്ഗങ്ങളെപ്പററി സർ സി. പി. രാമസ്വാമി അയ്യർ അസോസിയേററഡ് പ്രസ്സുകാരോടു പറഞ്ഞിട്ടുള്ളതും അതിനെ വിസ്തരിച്ചു് ആവർത്തിച്ചു് ഇപ്പോൾ പ്രസി ദ്ധപ്പെടുത്തിയിട്ടുള്ള പ്രസ്സ്നോട്ടും പ്രസ്താവിച്ചിട്ടുള്ളതും ഇന്നത്തെ ഗവ മെൻറിൽനിന്നും അവരുടെ ഉപദേഷ്ടാവിൽനിന്നും പുറപ്പെട്ടതു ബഹു വിചിത്രമായിരിക്കുന്നു. റീജൻസി ഭരണകാലത്തു വൈസ്രായിക്കുംമററും അനേകം മെമ്മോറിയലുകളും ഹർജികളും പരസ്യമായും രഹസ്യമായും അതിൻെറ ഭരണദൂഷ്യങ്ങളെ ചൂണ്ടിക്കാണിച്ചുംമററും പോയിട്ടുണ്ടായി രുന്നു. റീജൻസിഭരണം ആദ്യം നിശ്ചയിച്ചതിലും നേരത്തെ അവസാ നിപ്പിക്കുന്നതിനു് ഇവ സഹായിച്ചിട്ടുണ്ടു്. ഇവയെ സർ സി. പി.തന്നെ റീജൻസിഭരണം അവസാനിപ്പിക്കുവാൻ വൈസ്രായിയുടെ മുമ്പിൽ നട ത്തിയ വാദങ്ങളിൽ തൻെറ കക്ഷിക്കു് അനുകൂലവാദമായി ഉപയോഗ പ്പെടുത്തിയിരുന്നതായും വിചാരിക്കാവുന്നതാണു്. ഇങ്ങനെ അധികാരം ലഭിച്ച ഒരു ഗവമെൻറാണു് ഈ മാർഗ്ഗങ്ങളെ നിരോധിക്കുവാൻ തുട ങ്ങുന്നതു്! മേൽക്കോയ്മയോടു സങ്കടഹർജികൾ ബോധിപ്പിക്കുന്നതു് ഇന്നു നാട്ടുരാജ്യപ്രജകൾക്കുള്ള ഒരു പ്രാഥമിക പൗരാവകാശമാണു്. നാട്ടുരാജ്യകാര്യങ്ങളിൽ ഭരണരീതി മാറേറണ്ടതാണെന്നു സാർവത്രിക മായ പ്രക്ഷോഭം ഉണ്ടെന്നു ബോധപ്പെടുന്നുണ്ടെങ്കിൽ മേൽക്കോയ്മയ്ക്കു് അതിനായി ആഭ്യന്തരകാര്യങ്ങളിൽ പ്രവേശിച്ചു നാട്ടുരാജ്യഗവമെൻറു കളെ ഉപദേശിക്കുവാൻ അധികാരമുണ്ടെന്നു ബട്ട്ലർ കമ്മിററി അഭി പ്രായപ്പെട്ടിട്ടുണ്ടു്. നാട്ടുരാജ്യഭരണരീതിയിൽ ഫെഡറൽ ഗവമെൻറ് തലയിടരുതെന്നു് അന്യത്ര ചേർത്തിട്ടുള്ളതും നാട്ടുരാജാക്കന്മാർ ഫെഡ റേഷനിൽ ചേരുന്നതിനു പ്രാരംഭമായി ആവശ്യപ്പെടുന്ന സംരക്ഷണ വ്യവസ്ഥകളിൽ ഉൾപ്പെടുത്തിയിട്ടുള്ളതുമായ സംരക്ഷണവകുപ്പു് ഫെ ഡറൽ ഗവമെൻറിനെ സംബന്ധിച്ചുമാത്രമുള്ളതാണു്. മേൽക്കോയ്മയ്ക്കു നാട്ടുരാജ്യപ്രജകളുടെ സങ്കടം കേട്ടു പരിഹരിക്കുവാനുള്ള അവകാശവും നാട്ടുരാജ്യപ്രജകൾക്കു് ഈ സങ്കടങ്ങളെ മേൽക്കോയ്മയെ ധരിപ്പിക്കുവാ നുള്ള അവകാശവും മേൽക്കോയ്മയുടെ അധികാരത്തിൽനിന്നു് ഒരിക്കലും വേർതിരിക്കുവാൻ പാടുള്ളതല്ല. ഈ അവകാശമില്ലെങ്കിൽ നാട്ടുരാജ്യ

പ്രജകൾക്കു പിന്നെ ഒരു രക്ഷാമാർഗ്ഗവുമില്ല. അവർ ആഭ്യന്തരയുദ്ധത്തിനു പുറപ്പെടുന്നതിനെ തടയുന്നതു മേൽക്കോയ്മയാണെന്നുള്ള സംഗതി ഓർക്കുമ്പോൾ മേൽക്കോയ്മയോടു സങ്കടം ബോധിപ്പിക്കാനുള്ള അവകാശത്തിന്റെ അപരിത്യാജ്യസ്വഭാവം എളുപ്പത്തിൽ മനസ്സിലാക്കാവുന്നതാണ്. കൂടാതെ, നിയമദൃഷ്ട്യാ ഈ അവകാശം ഇല്ലായ്മ ചെയ്യുവാൻ തിരുവിതാംകൂർ ഗവർമ്മെൻറിന് അധികാരമില്ലെന്നുമാണു ഞങ്ങൾ വിചാരിക്കുന്നതു്. പാർലമെൻറ് മെമ്പർമാർക്കും ഇൻഡ്യയിലെ നിയമസഭകൾക്കും വിദേശപത്രങ്ങൾക്കും നിവർത്തനം സംബന്ധിച്ചുള്ള ലേഖകൾ അയയ്ക്കുന്നതിനെ തിരുവിതാംകൂർ ഗവർമ്മെന്റിനു തടയുവാൻ ഒരുപക്ഷേ അധികാരമുണ്ടായിരിക്കാം. പക്ഷേ, ഇങ്ങനെ തടയുന്നതു മറെറാരു പരിഷ്കൃതരാജ്യങ്ങളും ചെയ്യാത്തതായ ഒരു പ്രവൃത്തിയാണു്. കൂടാതെ ഇതു തടയുന്നതുകൊണ്ടുതന്നെ പലവിധ പ്രചരണമാർഗ്ഗങ്ങൾ ഉള്ള ഇന്നു് അതിനാൽ ഉദ്ദേശിക്കപ്പെട്ടിട്ടുള്ള ഫലങ്ങൾ എല്ലാംതന്നെ ഉണ്ടാകുന്നതാണു്. മേൽക്കോയ്മയ്ക്കു സങ്കടഹർജികൾ അയയ്ക്കാനുള്ള അവകാശവും അതുപ്രകാരം അവർ ഈ കാര്യത്തിൽ പ്രവർത്തിക്കുമോ എന്നുള്ള പ്രശ്നവും രണ്ടും രണ്ടാണു്. സാർവ്വജനീനമായ പ്രക്ഷോഭണം ഉണ്ടായാൽമാത്രമേ അതിനു് ഉടനടി ഫലമുണ്ടാകുകയുള്ളൂ എന്നുവേണം വിചാരിക്കേണ്ടതു്. ഇതിനായിട്ടാണു് ഇതരസമുദായങ്ങളെക്കൂടി തങ്ങളുടെ പക്ഷത്തു ചേർക്കുവാൻ നിവർത്തനക്കാർ ശ്രമിക്കണമെന്നു ഞങ്ങൾ ആവർത്തിച്ചു പറഞ്ഞുകൊണ്ടിരിക്കുന്നതു്. ഇതിനായി ഇവർക്കു് ഇവരുടെ ഉദ്ദേശം വിസ്തൃതമാക്കേണ്ടതായിവരും. വിശാലമായ അധികാരങ്ങൾ നേടുന്നതിനും സമത്വം സ്ഥാപിക്കുന്നതിനും ഒന്നുപോലെ എല്ലാ വർഗ്ഗങ്ങളും പരസ്പരം ത്യാഗങ്ങൾ ചെയ്തു് ഒത്തൊരുമിച്ചു മേൽക്കോയ്മയോടു് അപേക്ഷിക്കുവാൻ ശ്രമിക്കുന്നതിനു വേണ്ട ദേശാഭിമാനം ഇരുകക്ഷികൾക്കും ഉണ്ടായിക്കാണ്മാൻ ഞങ്ങൾ ആഗ്രഹിക്കുന്നു. ഉടനടി ഫലമില്ലെങ്കിലും വൈസ്രായിക്കുമററും നിവർത്തനക്കാർമാത്രം ചേർന്നു മെമ്മോറിയൽ അയയ്ക്കുന്നതുകൊണ്ടു ദോഷമൊന്നുമുണ്ടാകുന്നതല്ലെന്നാണു ഞങ്ങൾക്കു തോന്നുന്നതു്. മേൽക്കോയ്മയ്ക്കു ഹർജി കൊടുക്കുവാനുള്ള ഈ നൈയ്യാമികമായ അവകാശത്തെ തിരുവിതാംകൂർ ഗവർമ്മെൻറ് നിരോധിക്കുകയാണെങ്കിൽ ആ അവകാശം സ്ഥാപിക്കുവാൻ നിവർത്തനക്കാർ കോടതിയെ അഭയംപ്രാപിക്കേണ്ടതാണെന്നും ഞങ്ങൾ അവരോടു് ഉപദേശിച്ചുകൊള്ളുന്നു. ഗവർമ്മെന്റിന്റെ പുതിയ പ്രസ്സ്നോട്ടു കണ്ടപ്പോൾ ഉത്തര ഇൻഡ്യയിലെ നാട്ടുരാജ്യഗവർമ്മെൻറുകളുടെ കല്പനകൾ ഞങ്ങളുടെ സ്മരണയിൽ വന്നു. മററു പല കാര്യങ്ങളിലും ഗവർമ്മെൻറിന്റെ ഈയിടെയുള്ള പ്രവൃത്തികൾ ഈ സാദൃശ്യബോധം ഞങ്ങളിൽ ഉളവാക്കിയിട്ടുമുണ്ടു്. തിരഞ്ഞെടുപ്പു് അടുത്തുവരുന്ന ഈ സന്ദർഭത്തിൽ ഈ നിരോധന ആജ്ഞകളുംമററും പുറപ്പെടുവിച്ചുകൊണ്ടിരുന്നാൽ പുതിയ ഭരണപരിഷ്കാരത്തെ വാളുവീശി ജനങ്ങളെക്കൊണ്ടു സ്വീകരിപ്പിക്കയാണു ഗവർമ്മെൻറ് ചെയ്യുന്നതെന്നേ ലോകർ വിചാരിക്കുകയുള്ളൂ. ഈ മർദ്ദനനയമില്ലെങ്കിൽ പുതിയ ഭരണപരിഷ്കാരം ലോകരുടെ ഇടയ്ക്കു്

അത്ര അധികം ചീഞ്ഞുനാറാതെയിരിക്കുവാൻ വേണ്ട പണി ചെയ്യുവാൻ ഗവർമ്മെൻറിനു സാധിക്കുമായിരുന്നു. അതിനാൽ സ്വാർത്ഥത്തെ പുരസ്കരിച്ചുമാത്രം ഗവർമ്മെന്റ് ആലോചിച്ചുനോക്കിയാലും ഈ മർദ്ദനനയം നന്നല്ലെന്നു് അവർക്കു മനസ്സിലാക്കാവുന്നതാണു്. നിവർത്തനനയത്തിൽ പങ്കുകൊള്ളുന്ന അനുദ്യോഗസ്ഥന്മാരുടെ പെൻഷൻ നിറുത്തുമെന്നുംമററും പറഞ്ഞു് അവരെ അതിൽനിന്നു പിൻതിരിപ്പിക്കുവാൻ ഗവർമ്മെന്റ് വിചാരിക്കുന്നുണ്ടെങ്കിൽ അതും നിവർത്തനനയത്തിൻെറ ശക്തിയെ ഉടയ്ക്കുന്നതല്ലെന്നും അവർ അറിഞ്ഞിരിക്കേണ്ടതാണു്. നിവർത്തനനയം ക്രിസ്ത്യൻഈഴവമുസ്ലീംസമുദായക്കാരിൽ വലിയ ഒരു ഭൂരിപക്ഷം സ്വീകരിച്ചിട്ടുണ്ടെന്നുള്ള വാസ്തവം ഗവർമ്മെൻറ് ധരിച്ചിട്ടുണ്ടെങ്കിൽ ഈ പെൻഷൺഡ് ഉദ്യോഗസ്ഥന്മാർ പിന്മാറിയാലും നായകത്വം വഹിക്കുവാൻ മററുള്ളവർ ഉണ്ടാകുമെന്നു ഗവർമ്മെൻറിനെ പ്രത്യേകം പറഞ്ഞു മനസ്സിലാക്കേണ്ടതില്ല. റീജൻസിഭരണകാലത്തു് ഇതുപോലെ മെമ്മോറിയൽക്കാരെ രഹസ്യമായി സഹായിച്ച ചില പെൻഷൺഡ് ഉദ്യോഗസ്ഥന്മാരുടെ അടുത്തൂൺ പിടിക്കുമെന്നുംമററും ദിവാൻ മി. വാട്ട്സ് പേടിപ്പെടുത്തി അവരെ പിൻതിരിച്ചിട്ടും മെമ്മോറിയൽകാർ അവരുടെ നയം മാററിയിരുന്നില്ല. ഇതിനുമുമ്പു തിരുവിതാംകൂറിൽ ഭരണപരിഷ്കാരപ്രതിഷേധപ്രക്ഷോഭങ്ങൾ ഉണ്ടായിട്ടുണ്ടു്. അന്നത്തെ ഗവർമ്മെൻറുകൾക്കു് അവയെ തടയാനുള്ള ബുദ്ധിശൂന്യതയുണ്ടായിട്ടില്ല. അതുകൊണ്ടു് ആ പ്രക്ഷോഭങ്ങളുടെ തീക്ഷ്ണത വേഗത്തിൽ ശമിക്കുകയുണ്ടായി. ഇന്നു് ഈ മർദ്ദനനയത്തിനു പുതുതായി ഒരു കാരണവും ഞങ്ങൾ കാണുന്നില്ല. നിവർത്തനനയക്കാർ തിരഞ്ഞെടുപ്പിൽ പങ്കുകൊള്ളുന്നില്ലെന്നല്ലാതെ മറെറാരുവിധത്തിലും ഗവർമ്മെൻറിനോടു നിസ്സഹകരിക്കുന്നില്ല. തങ്ങൾ വിപ്ലവകരമല്ലാത്ത രാഷ്ട്രീയപ്രക്ഷോഭണത്തെ തടയുവാൻ വിചാരിക്കുന്നില്ലെന്നും നിവർത്തനം അങ്ങനെയുള്ള പ്രക്ഷോഭമല്ലെന്നും ഗവർമ്മെൻറ് പ്രസ്സ്നോട്ടിൽ പറഞ്ഞിരിക്കുന്നു. നിവർത്തനനയം തിരുവിതാംകൂറിൽ പുതിയ ഒരു നയമാണെന്നുള്ളതല്ലാതെ അതു വിപ്ലവകരമാകുന്നതെങ്ങനെയെന്നു ഞങ്ങൾക്കു മനസ്സിലാകുന്നില്ല. തങ്ങൾ വോട്ടുചെയ്യാനോ സ്ഥാനാർത്ഥികളായി നില്ക്കാനോ ശ്രമിക്കുന്നതല്ലെന്നു പറയുന്നതു് എങ്ങനെ വിപ്ലവകരമാകും? തിരഞ്ഞെടുപ്പിനു നില്ക്കുന്ന മററുള്ളവരെ ബലം പ്രയോഗിച്ചു തടസ്സപ്പെടുത്തിയാൽമാത്രമേ സമാധാനലംഘനം ഉണ്ടാകുകയും തന്മൂലം നിരോധനാജ്ഞകളുംമററും ആവശ്യമായി വരികയുമുള്ളു. നിവർത്തനനയക്കാർ സമാധാനലംഘനത്തിനു് ഇടം കൊടുക്കുകയില്ലെന്നു് ഇതുവരെയും കാണിച്ചിട്ടുണ്ടു് ഇന്നും കാണിക്കുന്നുമുണ്ടു്. മേലാലും അവർ ഈ നയംതന്നെ സ്വീകരിക്കണമെന്നാണു ഞങ്ങൾ അവരോടു് ഉപദേശിക്കുന്നതു്. മർദ്ദനനയംകൊണ്ടു മനസ്സില്ലാത്തവരെ തിരഞ്ഞെടുപ്പിൽ ഭാഗഭാക്കുകളാക്കുവാൻ ഗവർമ്മെൻറിനു് ഒരിക്കലും സാധിക്കുകയില്ല. അവരുടെ പരസ്യമായ പ്രചരണവേലമാത്രം അവർക്കു തടയുവാൻ സാധിക്കും. പക്ഷേ, അവർക്കു രഹസ്യമായി പ്രചരണവേല നടത്താവുന്നതാണു്. അതു കുറേക്കൂടി ഫലവത്താ

ക്കുകയും ചെയ്യും. ഈ വസ്തുതയും ഇങ്ങനെ ഗവമ്മെൻറ് തങ്ങളോടു പെരുമാറുവാൻ തുടങ്ങിയിരിക്കുന്നതു തങ്ങളുടെ നയത്തിൻെറ ശക്തി ഗവമ്മെൻറും മനസ്സിലാക്കിത്തുടങ്ങിയതുകൊണ്ടാണെന്നുള്ള പരമാത്ഥവും അറിഞ്ഞു നിവർത്തനനയക്കാർ സന്തോഷിക്കുകയേയുള്ളൂ എന്നാണു ഞങ്ങൾ വിചാരിക്കുന്നതു്.

കേസരി, 1933 ഏപ്രിൽ 5

# നിവത്ത്നവും നിയമസഭാ തിരഞ്ഞെടുപ്പും

[നിവത്ത്നസമുദായങ്ങളുടെ തിരഞ്ഞെടുപ്പുബഹിഷ്കരണത്തിൻെറ ഫലമായി ഭരണപരിഷ്കാരത്തിനുശേഷമുള്ള 1933-ലെ തിരഞ്ഞെടുപ്പിൽ ആകെയുള്ള 48 നിയോജകമണ്ഡലങ്ങളിൽ 29-ലും എതിർസ്ഥാനാത്ഥികളില്ലായ്കയാൽ തിരഞ്ഞെടുപ്പിൻെറ ആവശ്യമുണ്ടായില്ല. അതുകൊണ്ടു തിരഞ്ഞെടുപ്പിന്റെ കൃത്രിമസ്വഭാവത്തേയും ജനപ്രാതിനിധ്യമില്ലായ്മയേയും പരാമർശിച്ച് ബാലകൃഷ്ണപിള്ള എഴുതിയ മുഖപ്രസംഗം.]

ശ്രീമൂലം അസംബ്ലിയിലേയും ശ്രീചിത്ര സ്റ്റേറ്റ് കൗൺസിലിലേയും സ്ഥാനാത്ഥികളായി നാമിനേഷൻപേപ്പർ സാധുവായി സമപ്പിച്ചിട്ടുള്ളവരുടെ പട്ടിക അന്യത്ര ചേത്തിട്ടുണ്ടു്. അസംബ്ലിയിൽ 48 തിരഞ്ഞെടുക്കപ്പെടുന്ന അംഗങ്ങളുള്ള നിയോജകമണ്ഡലങ്ങളുള്ളതിൽ 29-ലും ഒന്നിലധികം സ്ഥാനാർത്ഥികളില്ലായ്കയാൽ തിരഞ്ഞെടുപ്പു കഴിഞ്ഞിരിക്കുന്നു. ഇങ്ങനെ 60 ശതമാനം നിയോജകമണ്ഡലങ്ങളിലും തിരഞ്ഞെടുപ്പു നടക്കാതെയിരുന്നതു് പുതിയ ഭരണപരിഷ്കാരത്തോടു പൊതുജനങ്ങൾക്കുള്ള അലസതയാണു പ്രത്യക്ഷപ്പെടുത്തുന്നതു്. ഈ സംഗതി തന്നെ ഇത്തവണത്തെ തിരഞ്ഞെടുപ്പിൻെറ സ്വാഭാവികത്വത്തെ നശിപ്പിച്ച് അതിനു് ഒരു കൃത്രിമത്വം നല്കുന്നുണ്ടു്. തിരുവിതാംകൂറിൽ ജനപ്രതിനിധിസ്ഥാപനങ്ങൾ സ്ഥാപിച്ചിട്ട് ഏറെ വഷങ്ങളായി. ഇപ്പോഴല്ലാതെ ഇതുവരെയും ഇത്ര അധികം മത്സരമില്ലായ്മ തിരഞ്ഞെടുപ്പുകാലങ്ങളിൽ ഉണ്ടായിട്ടില്ല. ഇതു പൊതുജനങ്ങളുടെ ഭരണപരിഷ്കാരത്തോടുള്ള അലസതയല്ലാതെ മറെറന്താണു കാണിക്കുന്നതു്? ഈ വിചിത്രമായ സ്ഥിതിക്കു് നാടാസകലമുള്ള ജനങ്ങളുടെ വായ്മൂടിക്കെട്ടുന്ന നിരോധനാജ്ഞകളും ഉദ്യോഗസ്ഥന്മാരുടെ തിരഞ്ഞെടുപ്പുസംബന്ധിച്ചുള്ള വിക്രിയകളും അത്യധികം സഹായിച്ചിട്ടുണ്ടു്. ഈ നിരോധനാജ്ഞകൾക്കും മററും കാരണം നിവത്ത്നപ്രസ്ഥാനമാകയാൽ ഇത്തവണത്തെ തിരഞ്ഞെടുപ്പിൻെറ പരാജയത്തിനു കാരണക്കാർ നിവത്ത്നനയക്കാർ

തന്നെ. പുതിയ ഭരണപരിഷ്ക്കാരംമൂലമുണ്ടാകുന്ന നിയമസഭകൾക്കു നാട്ടാരുടെ ശരിയായ പ്രാതിനിദ്ധ്യമില്ലെന്നു കാണിക്കുവാനാണല്ലോ നിവർത്തനക്കാർ ഉദ്ദേശിക്കുന്നതു്. നിയോജകമണ്ഡലങ്ങളിൽ വ്യത്യസ്തപ്പെട്ട രാഷ്ട്രീയപദ്ധതികളോടു് ഒന്നിലധികം സ്ഥാനാർത്ഥികൾ നില്ക്കുകയും ഇവരുടെയും ഇവരുടെ പദ്ധതികളുടെയും ഗുണദോഷങ്ങളെ പൊതുജനയോഗങ്ങൾമുഖേന നിരൂപണംചെയ്തു് ഒരാളെ തിരഞ്ഞെടുക്കുകയും ചെയ്യുമ്പോൾ മാത്രമേ അയാളെ ആ നിയോജകമണ്ഡലത്തിന്റെ യഥാർത്ഥ പ്രതിനിധിയായി പ്രജാധിപത്യഭരണതത്വമനുസരിച്ചു പരിഗണിക്കുവാൻ പാടുള്ളൂ. അതിനാൽ ഈ തവണത്തെ അസംബ്ലിയിലെ 60 ശതമാനം അംഗങ്ങളേയും യഥാർത്ഥമായി പൊതുജനപ്രതിനിധികളാണെന്നു വിളിക്കുവാൻ പാടില്ല. ഇതുകൊണ്ടു് ശ്രീമൂലം അസംബ്ലിക്കു യഥാർത്ഥ പൊതുജനപ്രാതിനിധ്യം ഉണ്ടാകാതെയിരിക്കണമെന്നുള്ള നിവർത്തനക്കാരുടെ ഉദ്ദേശം തിരഞ്ഞെടുപ്പു മുഴുവൻ കഴിയുന്നതിനു മുമ്പുതന്നെ സഫലമായിരിക്കുന്നു. സ്റ്റേറ്റ് കൗൺസിലിന്റേയും കഥ ഇതുതന്നെ. അതിലുള്ള 22 തിരഞ്ഞെടുക്കപ്പെടേണ്ടതായ അംഗങ്ങളിൽ 13 അതായതു് 60 ശതമാനം പേർ എതിരില്ലായ്കയാൽ അംഗങ്ങളായിത്തീർന്നിരിക്കുന്നു. പുതിയ ഭരണപരിഷ്ക്കാരം നിമിത്തം എല്ലാ സമുദായക്കാർക്കും അവരുടെ ജനസംഖ്യ അനുസരിച്ചു് ഒരുവിധം ന്യായമായ പ്രാതിനിദ്ധ്യം സഭകളിൽ ലഭിക്കുന്നതല്ലെന്നും നായന്മാർക്കാണു് ഇവയിൽ ഭൂരിപക്ഷം സ്ഥാനങ്ങളും ലഭിക്കുവാനിടയുള്ളതെന്നുമുള്ള നിവർത്തനക്കാരുടെ വാദവും ശരിയാണെന്നു് ഇപ്പോൾതന്നെ പ്രത്യക്ഷപ്പെട്ടിരിക്കുന്നു. എതിരില്ലായ്കയാൽ തിരഞ്ഞെടുത്തതായി പരിഗണിക്കപ്പെടുന്ന അസംബ്ലിയിലെ 29 അംഗങ്ങളിൽ 13 നായന്മാരും 8 ക്രിസ്ത്യാനികളും 3 വെള്ളാളരും 2 ഈഴവരും 1 മുസ്ലീമും ഒരു ഗൗഡസാരസ്വതബ്രാഹ്മണനും ഒരു യൂറോപ്യനും ഉണ്ടു്. മത്സരമുള്ള ചില നിയോജകമണ്ഡലങ്ങളിൽനിന്നുതന്നെ മത്സരിക്കുന്ന സ്ഥാനാർത്ഥികൾ നായന്മാരാകയാൽ എട്ടു നായന്മാർകൂടി അംഗങ്ങളായിത്തീരുന്നതാണു്. ഇങ്ങനെ അസംബ്ലിയിൽ നിശ്ചയമായും നായന്മാർക്കു കുറഞ്ഞപക്ഷം 21 സ്ഥാനങ്ങൾ ലഭിക്കുകതന്നെ ചെയ്യും. കൂടാതെ ഇതരവർഗ്ഗത്തിൽപ്പെട്ട സ്ഥാനാർത്ഥികളോടു നായന്മാർ മത്സരിക്കുന്ന നിയോജകമണ്ഡലങ്ങൾ ഇനി 6 ശേഷിച്ചിട്ടുണ്ടു്. ഇങ്ങനെ കുറഞ്ഞപക്ഷം 21 സ്ഥാനങ്ങളും കൂടിയപക്ഷം 27 സ്ഥാനങ്ങളും ഈ തിരഞ്ഞെടുപ്പിൽ അസംബ്ലിയിൽ നായന്മാർക്കു ലഭിക്കുന്നതാണു്. ക്രിസ്ത്യാനികൾക്കു് ഇപ്പോൾ കൃത്രിമമായ എതിരില്ലായ്മനിമിത്തം ലഭിച്ചിട്ടുള്ള 8 സ്ഥാനങ്ങൾക്കു പുറമേ 6 നിയോജകമണ്ഡലങ്ങളിൽക്കൂടി അവർ മത്സരിക്കുന്നതിനാൽ കൂടിയപക്ഷം 14 സ്ഥാനങ്ങൾ അവർക്കു് അസംബ്ലിയിൽ ലഭിക്കുന്നതാണു്. ഇങ്ങനെ അസംബ്ലിയിൽ കൂടിയപക്ഷം ക്രിസ്ത്യാനികൾക്കു് 14 സ്ഥാനങ്ങളും കുറഞ്ഞപക്ഷം 8 സ്ഥാനങ്ങളും മാത്രമേ ലഭിക്കുവാൻ ഇടയുള്ളൂ. ഈഴവർക്കു രണ്ടു സ്ഥാനങ്ങൾ ലഭിച്ചതിനു പുറമെ തിരഞ്ഞെടുപ്പുകൊണ്ടു് ഇനി ഒരു സ്ഥാനംകൂടി കിട്ടിയേക്കാം. മുസ്ലീമീങ്ങൾക്കു് ഇപ്പോൾ ലഭിച്ച ഒന്നിൽ കൂടുതൽ കിട്ടുവാനുമിടയില്ല. ഇങ്ങനെ

അസംബ്ലിയിൽ ആകെ തിരഞ്ഞെടുപ്പിനു വിധേയമായ 48 സ്ഥാനങ്ങളിൽ തിരഞ്ഞെടുപ്പുമുഖേന നായന്മാക്ക് 21 മുതൽ 27 സ്ഥാനങ്ങളും, ക്രിസ്ത്യാനികൾക്കു് 8 മുതൽ 14 സ്ഥാനങ്ങളും, ഈഴവക്ക് 2 മുതൽ 3 സ്ഥാനങ്ങളും മുസ്ലിമീങ്ങൾക്കു് ഒരു സ്ഥാനവും ലഭിക്കുന്നതാണു്. സ്റ്റേറ്റ് കൗൺസിലിലെ അംഗങ്ങളുടെ സാമുദായികവീതിപ്പും ഏറക്കുറെ ഇതുപോലെതന്നെയാണു്. മത്സരമില്ലായ്കയാൽ തിരഞ്ഞെടുത്തതായി പരിഗണിക്കപ്പെടുന്ന 13 കൗൺസിൽ അംഗങ്ങളിൽ 6 നായന്മാരും ഒരു ക്രിസ്ത്യാനിയും ഒരു മുസ്ലീമും ഒരു തമിഴ് ബ്രാഹ്മണനും ഒരു നമ്പൂതിരിയും ഒരു ക്ഷത്രിയനും ഒരു വെള്ളാളനും ഒരു യൂറോപ്യനുമുണ്ടു്. തിരഞ്ഞെടുപ്പു നടത്താനുള്ള ഒരു നിയോജകമണ്ഡലത്തിൽ രണ്ടു സ്ഥാനാർത്ഥികളും നായന്മാരാകയാൽ ഒരു സ്ഥാനംകൂടി നായന്മാക്കു നിശ്ചയമായി കിട്ടുന്നതാണു്. ശേഷിച്ച നിയോജകമണ്ഡലങ്ങളിൽ എട്ടെണ്ണത്തിൽ നായർസ്ഥാനാർത്ഥികളുള്ളതിനാൽ കൂടിയപക്ഷം ആകെ 15 സ്ഥാനങ്ങൾ തിരഞ്ഞെടുക്കപ്പെടുന്ന 22 അംഗങ്ങളുള്ള കൗൺസിലിൽ നായന്മാക്കു കിട്ടുന്നതാണു്. ക്രിസ്ത്യാനികൾക്കു് ആകെ മൂന്നു സ്ഥാനങ്ങളും മുസ്ലിമീങ്ങൾക്കു കൂടിയപക്ഷം 2 സ്ഥാനങ്ങളും കൗൺസിലിൽ ലഭിക്കുന്നതാണു്. ഈഴവക്കു തിരഞ്ഞെടുപ്പുകൊണ്ടു് ഒരു സ്ഥാനംപോലും കൗൺസിലിൽ കിട്ടുകയില്ല. നിവൎത്തനക്കാർ സമുദായങ്ങൾക്കു ലഭിക്കുവാൻ ഇടയുള്ള പ്രാതിനിദ്ധ്യത്തിൻെറ കണക്കുകൾ ചൂണ്ടിക്കാണിച്ചിരുന്നതു് ഇതിനോടു് ഏറക്കുറെ സമീപിക്കുന്നുണ്ടു്. അതിനാൽ നിവൎത്തനക്കാരുടെ പരാതിക്കു ശരിയായ അടിസ്ഥാനമുണ്ടെന്നു മേൽപറഞ്ഞ കണക്കുകൾ കാണിക്കുന്നു. ഈ വശത്തിലും അതിനാൽ നിവൎത്തനം യഥാർത്ഥത്തിൽ പരാജയപ്പെട്ടിട്ടില്ലെന്നു സുവ്യക്തമാകുന്നല്ലൊ. നിവൎത്തനസമുദായക്കാരിൽനിന്നു പല താലൂക്കുകളിലും സ്ഥാനാർത്ഥികൾ തിരഞ്ഞെടുപ്പിനു നിന്നതുകൊണ്ടു നിവൎത്തനം പരാജയപ്പെട്ടു എന്നു വിചാരിക്കുന്നതു ശരിയല്ലെന്നാണു ഞങ്ങൾ വിചാരിക്കുന്നതു്. ഏകകണ്ഠമായ അഭിപ്രായം ഒരു സമുദായത്തിലും ഒരിക്കലും ഉണ്ടാകുന്നതല്ല. നിവൎത്തനമില്ലായിരുന്നുവെങ്കിൽ അതിൻെറ തലവന്മാരായ ക്രിസ്ത്യൻസമുദായത്തിനു സ്വാധീനശക്തിയുള്ള കോട്ടയം ദേവികുളം എന്നീ രണ്ടു ഡിവിഷനിലുമുള്ള 16 അസംബ്ലി നിയോജകമണ്ഡലങ്ങളിൽ ഇപ്പോൾ അവരിൽ ചിലർ നില്ക്കുന്ന 10—ൽ അധികം നിയോജകമണ്ഡലങ്ങളിലും കൗൺസിലിലെ ഏഴു വടക്കൻനിയോജകമണ്ഡലങ്ങളിൽ ഇപ്പോൾ അവരിൽ ചിലർ നില്ക്കുന്ന മൂന്നിൽ അധികം നിയോജകമണ്ഡലങ്ങളിലും അവർ നില്ക്കുമായിരുന്നു. ഗവമ്മെൻറുദ്യോഗസ്ഥന്മാരുടെ സൎവ്വശക്തികളും നിവൎത്തനസമുദായങ്ങളിലെ അംഗങ്ങളെ സ്ഥാനാർത്ഥികളായി നിറുത്തുന്നതിൽ ഉപയോഗപ്പെടുത്തിയിട്ടുണ്ടെന്നും നിവൎത്തനസമുദായങ്ങളിൽപ്പെട്ട സ്ഥാനാൎത്ഥികളിൽ പലരും നോമിനേഷൻപേപ്പർ സമൎപ്പണത്തിനു മുമ്പും പിമ്പും ആത്മരക്ഷയ്ക്കു പോലീസുകാരുടെ സഹായത്തിനപേക്ഷിച്ചിരുന്നു എന്നും ആണു കേൾവി. ഈ ശക്തിയായ പ്രേരണയ്ക്കു് എതിരായി ഇത്രയെങ്കിലും സാധിച്ചതു നിവൎത്തനത്തിൻെറ പരാജയമല്ല സൂചിപ്പിക്കു

ന്നതു്. നിവൎത്തനസമുദായങ്ങളിൽനിന്നുള്ള സ്ഥാനാൎത്ഥികളിൽ ഭൂരിഭാഗത്തിനും അവരവരുടെ സമുദായങ്ങളിൽ വിലയും നിലയും ഉള്ളതായി കാണുന്നില്ല. ഇതും നിവൎത്തനവിജയം സ്പഷ്ടമാക്കുന്നു. ഇങ്ങനെയുള്ള സ്ഥിതിയിൽ ഞങ്ങൾ മുമ്പൊരു ലക്കത്തിൽ ചൂണ്ടിക്കാണിച്ചിരുന്നതുപോലെ ഇപ്പോൾ തിരഞ്ഞെടുക്കുന്ന അസംബ്ലിയുടെ നാലുവൎഷത്തെ കാലാവധി കഴിയുന്നതിനു മുമ്പുതന്നെ ഒരു ന്യായമായ നിയോജകമണ്ഡലപദ്ധതി ആസ്പദമാക്കിയും അല്പം വിസ്തൃതമായ സമ്മതിദായകത്വത്തിന്മേലും രണ്ടാമതൊരു തിരഞ്ഞെടുപ്പുണ്ടാകുവാൻ വളരെ അധികം ഇടയുണ്ട്. ഈ പുതിയ തിരഞ്ഞെടുപ്പിനെ കുറേക്കൂടി ത്വരിതപ്പെടുത്തണമെന്നു വിചാരമുണ്ടെങ്കിൽ നിവൎത്തനനയക്കാർ ഇനി തിരഞ്ഞെടുപ്പു നടക്കുവാനുള്ള നിയോജകമണ്ഡലങ്ങളിൽ നിവൎത്തനത്തിൽ പങ്കുകൊള്ളാത്ത സമുദായങ്ങളിലെ സ്ഥാനാർത്ഥികൾക്കു വിജയം നേടിക്കൊടുക്കുവാൻ പഠിച്ച പണി പതിനെട്ടും പ്രയോഗിക്കുകതന്നെ ചെയ്യും.

കേസരി, 1933 ജൂൺ 7

# തിരുവിതാംകൂറിനെപ്പററിയുള്ള ലണ്ടൻപ്രസംഗങ്ങൾ

[പ്രാചീനതിരുവിതാംകൂർ രാജകുടുംബയാഥാസ്ഥിതികപാരമ്പര്യങ്ങളെ ലംഘിച്ചു് സർ സി.പി.യുടെ ഉപദേശാനുസരണം ചിത്തിരതിരുനാൾമഹാരാജാവു് 1933-ൽ ലണ്ടൻ സന്ദൎശിക്കയുണ്ടായി. അന്നു് ഇംഗ്ലീഷ് പാർലമെന്റിലെ ജായിന്റ്കമ്മിററിഅംഗങ്ങൾക്കു് ക്ലാറിഡ്ജ്ഹോട്ടലിൽവച്ചു് അദ്ദേഹം നല്കിയ ഒരു വിരുന്നിൽ പ്രസംഗിച്ചുകൊണ്ടു് മഹാരാജാവു് തിരുവിതാംകൂറിന്റെ ഭരണപരവും സാംസ്കാരികവുമായ ഔന്നത്യത്തെപ്പററി വീരവാദം പറയുകയുണ്ടായി. അന്നു് ഇൻഡ്യാസിക്രട്ടറിയായിരുന്ന സർ സാമുവൽഹോർ അതൊക്കെ ശരിവയ്ക്കുകയും ചെയ്തു. ഈ പ്രസംഗങ്ങളെപ്പററി ബാലകൃഷ്ണപിള്ള എഴുതിയ മുഖപ്രസംഗം.]

ലണ്ടനിലെ ക്ലാറിഡ്ജ്ഹോട്ടലിൽവച്ചു് ചിത്തിരതിരുനാൾമഹാരാജാവു് പാർലമെൻറിലെ ജോയിന്റുകമ്മിററിഅംഗങ്ങൾക്കും മററും കൊടുത്ത വിരുന്നിൽ അദ്ദേഹവും ഇന്ത്യാസെക്രട്ടറി സർ സാമുവൽ ഹോറും ചെയ്ത പ്രസംഗങ്ങളുടെ പോക്കു് റായിട്ടർ കമ്പിയടിച്ചിട്ടുള്ളതു് അന്യത്ര ചേൎത്തിട്ടുണ്ടു്. സാഹിത്യത്തിലും വൈദ്യത്തിലും സ്ത്രീകളുടെ നിലയിലും തിരുവിതാംകൂർ ഭാരതത്തിന്റെ ഇതരഭാഗങ്ങളുടെ മുമ്പിൽ നില്ക്കുന്നു എന്നു മഹാരാജാവു പറഞ്ഞതായി കാണുന്നു. ഇതിൽ

സാഹിത്യം (literature) എന്നു കാണുന്നതു് സാക്ഷരത്വം (literacy) എന്നുള്ളതിനു പകരം തെററായി കമ്പിആപ്പീസുകാർ എഴുതിയിരിക്കുമെന്നു ഞങ്ങൾ ശങ്കിക്കുന്നു. എന്തെന്നാൽ മററു പല ഭാരതീയഭാഷകളെ അപേക്ഷിച്ചു മലയാളം സാഹിത്യവിഷയത്തിൽ പിന്നോക്കമാണു നിൽക്കുന്നതു്. ടാഗോർ, ഇക്ക്ബാൽ മുതലായവരെപ്പോലെ വിശ്വസാഹിത്യത്തിൽ ഒരു സ്ഥാനം അർഹിക്കുന്ന ഒരു ഒററ മഹാസാഹിത്യകാരനെ—അതായതു മഹാകവി കുമാരനാശാനെ—മാത്രമേ ആധുനിക തിരുവിതാംകൂറിനു, പോരാ, ആധുനികകേരളത്തിനു സൃഷ്ടിക്കുവാൻ കഴിഞ്ഞിട്ടുള്ളു. ഈ ഒറ്റ ഉദാഹരണം വച്ചുകൊണ്ടു തിരുവിതാംകൂർസാഹിത്യത്തിൻെറ മെച്ചത്തെപ്പററി പ്രശംസിക്കുന്നതു ന്യായമല്ലല്ലൊ. നേരേമറിച്ചു സാക്ഷരത്വം എന്നാണു മഹാരാജാവു പറഞ്ഞിരുന്നതെങ്കിൽ അതു വാസ്തവമായിരുന്നേനെ. അഷ്ടവൈദ്യന്മാരുടെ നാടായതിനാൽ തിരുവിതാംകൂർ (കേരളം) മഹാരാജാവിൻെറ പ്രശംസ പുരാതനവസ്തുശാസ്ത്രദൃഷ്ട്യാ ഒരുപക്ഷെ അർഹിച്ചേക്കാം. പക്ഷെ, സാക്ഷരത്വംകൊണ്ടു് തിരുവിതാംകൂർകാർക്കു മനഃസംസ്കാരം വന്നിട്ടില്ലാത്തതുപോലെ, പാരമ്പര്യവൈദ്യന്മാരുടെ പെരുപ്പംകൊണ്ടും നവീനപാശ്ചാത്യവൈദ്യസ്ഥാപനങ്ങളുടെ ബാഹുല്യംകൊണ്ടും തിരുവിതാംകൂർജനതയ്ക്കു പല മഹാരോഗങ്ങളിൽനിന്നുമുള്ള മോചനവും സിദ്ധിച്ചിട്ടില്ല. അതുകൊണ്ടു് ഇവയെ ആസ്പദമാക്കി തിരുവിതാംകൂർ പ്രശംസയെ അർഹിക്കുന്നുണ്ടെന്നു ഞങ്ങൾ വിചാരിക്കുന്നില്ല. മരുമക്കത്തായദായക്രമം അനുസരിക്കുന്ന പല കാട്ടുജാതിക്കാരുടെ ഇടയിലും സ്ത്രീക്കു് ഒരു ഉയന്ന സ്ഥാനം സമുദായത്തിലുണ്ടു്. പ്രായേണ അതുപോലെയല്ലാതെ ഇവിടത്തെ സ്ത്രീകൾക്കു് എന്തു പ്രത്യേകസ്ഥാനമാണു് തിരുവിതാംകൂർകാർ അനുവദിച്ചുകൊടുത്തിട്ടുള്ളതെന്നു ഞങ്ങൾക്കു മനസ്സിലാകുന്നില്ല. പുരുഷന്മാർക്കു തുല്യം സ്ത്രീകൾക്കു സ്വത്തവകാശം അനുവദിച്ചുകൊടുക്കാത്ത പല സമുദായങ്ങളും തിരുവിതാംകൂറിലുണ്ടു്. സ്ത്രീകൾ പുരുഷന്മാരോടൊപ്പം ഉദ്യോഗങ്ങളിൽ ഏപ്പെടുന്നതുകണ്ടു് ആക്ഷേപങ്ങൾ പുറപ്പെടുവിക്കുന്നവരും ഇന്നു തിരുവിതാംകൂറിൽ ധാരാളമുണ്ടു്. സ്ത്രീകൾ തങ്ങളുടെ നൈസർഗ്ഗികസ്വാതന്ത്ര്യം പ്രയോഗിച്ചു രക്ഷാകർത്താക്കന്മാരെ ധിക്കരിച്ചു് ഒരു വരനെ തിരഞ്ഞെടുത്താൽ ഉടനെ സമുദായത്തിലെ തലവന്മാരും മററും കൊഞ്ഞനംകാണിക്കുന്ന പതിവു് ഇന്നും തിരുവിതാംകൂറിൽനിന്നു നീങ്ങിയിട്ടില്ല. ഏവംവിധങ്ങളായ സംഗതികളാൽ സ്ത്രീകളുടെ നിലയെ സംബന്ധിച്ചും മഹാരാജാവു ചെയ്ത പ്രശംസ തിരുവിതാംകൂർ അർഹിക്കുന്നില്ല. ഈ മൂന്നു കാര്യങ്ങളും മഹാരാജാവു ചൂണ്ടിക്കാണിച്ചതായ മറെറാരു കാര്യവും—അതായതു് തിരുവിതാംകൂറിനു മററു ഭൂരിപക്ഷം നാട്ടുരാജ്യങ്ങളെ അപേക്ഷിച്ചു് കുറെ അധികം കടലോരം ഉണ്ടെന്നുള്ള സംഗതി—വാസ്തവമാണെന്നു സമ്മതിച്ചുകൊടുത്താലും ഇവ മാത്രംകൊണ്ടു് തിരുവിതാംകൂറിനു് ഒരു വിശേഷമായ സ്ഥാനം സിദ്ധിക്കുമെന്നു പറയുന്നതു ശരിയല്ല. അങ്ങനെ ഒരു സ്ഥാനം വേണമെങ്കിൽ ഇവയെല്ലാററിനെക്കാളും അധികം അതിൻെറ സാമ്പത്തികവും രാഷ്ട്രീയവുമായ

സ്ഥിതി മെച്ചമായിരിക്കേണ്ടതാണു്. ഇവ രണ്ടും ഇവിടെ ഇല്ലെന്നു സൂക്ഷ്മദൃക്കുകൾ സമ്മതിക്കുകതന്നെ ചെയ്യും. തിരുവിതാംകൂറിന്റെ സാമ്പത്തികസ്ഥിതിയെപ്പററി പറയാതെയിരിക്കുകയാണു ഭേദം. രാഷ്ട്രീയസ്ഥിതിയുടെ മെച്ചം നിവർത്തനപ്രസ്ഥാനം പ്രസ്പഷ്ടമാക്കിയിട്ടുമുണ്ടല്ലോ. ഇവിടത്തെ സ്ഥിതിഗതികൾ ഇങ്ങനെയിരിക്കുമ്പോൾ മറുപടിപ്രസംഗത്തിൽ സർ സാമുവൽ ഹോർ ചെയ്ത പ്രസ്താവങ്ങൾ നിരൂപണത്തെ പ്രത്യേകമായി ക്ഷണിക്കുകതന്നെ ചെയ്യും. തിരുവിതാംകൂറിൽ ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്ന ഭരണപരിഷ്കാരപരീക്ഷണങ്ങളിൽ തനിക്കു കൗതുകമുണ്ടെന്നു് അദ്ദേഹം പറയുന്നു. ഒരു കാര്യത്തിൽ ഒരാൾക്കു കൗതുകം തോന്നുന്നതു് അതിന്റെ വിശേഷഗുണങ്ങൾകൊണ്ടോ, വിശേഷദോഷങ്ങൾകൊണ്ടോ ആവാം. യാഥാസ്ഥിതികനായ സർ സാമുവലിനു തിരുവിതാംകൂറിലെ ഇന്നത്തെ ഭരണ പരിഷ്കാരത്തിൽ താൽപര്യം തോന്നുന്നതു് അതിൽ പൊന്തിച്ചുനിൽക്കുന്ന പിൻഗതി കൊണ്ടു മാത്രമാണെന്നേ വിചാരിക്കാവൂ. ഭരണപരിഷ്കാരത്തെസംബന്ധിച്ചുള്ള വാദപ്രതിവാദങ്ങളിൽ തിരുവിതാംകൂറിലേതു് ഉദാഹരണമായി ഉദ്ധരിക്കാവുന്നതുകൊണ്ടു് അതിനു പ്രാധാന്യം കൂടുംപോലും. ശരിതന്നെ. നാട്ടുരാജ്യങ്ങളുടെ മുന്നണിയിൽ നിൽക്കുന്നു എന്നു കൊട്ടിഘോഷിച്ചുകൊണ്ടിരിക്കുന്നവയിൽപോലും ഭരണപരിഷ്‌കാരപദ്ധതികൾ ജനങ്ങൾക്കു് എത്രമാത്രം അതൃപ്തികരമായിരിക്കുമെന്നു ചൂണ്ടിക്കാണിക്കുവാൻ തിരുവിതാംകൂറിലെ പരിഷ്കാരത്തെ ഉദാഹരണമായി ഉദ്ധരിക്കാവുന്നതാണു്. ഈ മഹത്തായ ഭരണപരിഷ്കാരസ്ഥാപനത്തോടുകൂടി മഹാരാജാവു് യഥാർത്ഥരാജത്വത്തിന്റെ ആദർശം വച്ചുപുലർത്തിക്കൊണ്ടു പോകുമെന്നു താൻ വിശ്വസിക്കുന്നു എന്നു പറഞ്ഞാണു് സർ സാമുവൽ തന്റെ പ്രസംഗത്തെ അവസാനിപ്പിച്ചിരിക്കുന്നതു്. ഈ ഭരണപരിഷ്കാരത്തിന്റെ മഹത്വം അതു ജനിപ്പിച്ച ഭീമമായ അതൃപ്തിയിലല്ലാതെ മറെറാന്നിലും ഞങ്ങൾ കാണുന്നില്ല. ഇന്നത്തെ ഭരണപരിഷ്കാരത്തെ എത്ര വലിയ ആളുകളെക്കൊണ്ടു പ്രശംസിക്കുവാൻ മഹാരാജാവിന്റെ ഉപദേഷ്ടാവു ശ്രമിച്ചാലും അതുകൊണ്ടു് ഈ നാട്ടാർ മയങ്ങിപ്പോകുകയില്ലെന്നു് അദ്ദേഹം ധരിച്ചാൽ കൊള്ളാം.

കേസരി, 1933 ജൂൺ 21

# തിരഞ്ഞെടുപ്പ്

[1933-ലെ തിരഞ്ഞെടുപ്പുഫലങ്ങളെ ബാലകൃഷ്ണപിള്ള വിശകലനം ചെയ്യുന്നു.]

പുതിയ ഭരണപരിഷ്കാരപദ്ധതി അനുസരിച്ചുള്ള തിരുവിതാംകൂറിലെ തിരഞ്ഞെടുപ്പുകളുടെ ഫലം ഇപ്പോൾ മുഴുവനും വെളിക്കായിരി

ക്കുന്നു. ശ്രീമൂലം അസംബ്ലിയിൽ തിരഞ്ഞെടുക്കപ്പെടുന്ന 48 സ്ഥാനങ്ങളുള്ളതിൽ 29-ം മത്സരമില്ലായ്കയാൽ നോമിനേഷൻപേപ്പർ കൊടുത്ത ഉടനെതന്നെ നിറയുകയുണ്ടായി ശേഷിച്ച 19 സ്ഥാനങ്ങൾക്കുവേണ്ടിയായിരുന്നു ഇത്തവണത്തെ അസംബ്ലി തിരഞ്ഞെടുപ്പു നടത്തിയതു്. ഇത്ര കുറഞ്ഞ സ്ഥാനങ്ങൾക്കുമാത്രം മത്സരം വന്നിട്ടുള്ളതിന്റെ അർത്ഥം പൊതുജനങ്ങൾക്കു പുതിയ ഭരണപരിഷ്കാരപദ്ധതിയോടുള്ള ഉദാസീനതയാണെന്നു ഞങ്ങൾ മുമ്പു് ചൂണ്ടിക്കാണിച്ചിരുന്നല്ലൊ. ഇങ്ങനെ മത്സരിക്കാതെയും മത്സരിച്ചും അസംബ്ലിയിൽ വന്നിട്ടുള്ള 48 പേരിൽ 25 നായന്മാരും, 8 ക്രിസ്ത്യാനികളും, 4 വെള്ളാളരും, 3 ഈഴവരും, 2 നമ്പൂതിരിമാരും, ഒരു മുസ്ലീമും, ഒരു തമിൾബ്രാഹ്മണനും, ഒരു ഗൌഡസാരസ്വതനും ഒരു നാടാരും ഒരു കൃഷ്ണൻവകക്കാരനും ഒരു യൂറോപ്യനും ഉണ്ടു്. സ്റ്റേററ്കൗൺസിലിൽ 22 തിരഞ്ഞെടുക്കപ്പെടുന്ന സ്ഥാനങ്ങളുള്ളതിൽ 13 എണ്ണത്തിനു് ഒററ സ്ഥാനാർത്ഥിമാത്രമുണ്ടായിരുന്നതിനാൽ അവയ്ക്കു് തിരഞ്ഞെടുപ്പു് നടത്തേണ്ടിവന്നിരുന്നില്ല. ശേഷിച്ച 9 സ്ഥാനങ്ങൾക്കുവേണ്ടിയാണു് കൗൺസിൽ തിരഞ്ഞെടുപ്പു് ഇത്തവണ നടന്നതു്. കൗൺസിലിലെ 22 സ്ഥാനങ്ങളിൽ 10 നായന്മാരും 4 വെള്ളാളരും, 2 ക്രിസ്ത്യാനികളും, 2 മുസ്ലിമീങ്ങളും, ഒരു തമിഴ്ബ്രാഹ്മണനും, ഒരു നമ്പൂതിരിയും ഒരു ക്ഷത്രിയനും ഒരു യൂറോപ്യനും കരസ്ഥമാക്കിയിരിക്കുന്നു. അസംബ്ലിയിലെ 25 നായർ അംഗങ്ങളിൽ 13 പേർ എതിരില്ലായ്കയാൽ തിരഞ്ഞെടുപ്പു കൂടാതെ സ്ഥാനങ്ങൾ കരസ്ഥമാക്കിയവരാണു്. ശേഷിച്ച 12 നായന്മാരിൽ 8 പേർ ഇതര നായർസ്ഥാനാർത്ഥികളെയും 4 പേർ നായരേതരരായ സ്ഥാനാർത്ഥികളേയും തോല്പിച്ചാണു വിജയം നേടിയതു്. കൗൺസിലിലെ 10 നായന്മാരിൽ അഞ്ചുപേർ എതിരില്ലായ്കയാൽ തിരഞ്ഞെടുപ്പുകൂടാതെ സ്ഥാനം കരസ്ഥമാക്കിയിട്ടുള്ളവരാണു്. ശേഷിച്ച 5 പേരിൽ 4 പേക്കും നായരേതരരായ സ്ഥാനാർത്ഥികളോടാണു പൊരുതു ജയിക്കേണ്ടിവന്നതു്. അസംബ്ലി തിരഞ്ഞെടുപ്പിൽ നായർസ്ഥാനാർത്ഥികൾ നായരേതര സ്ഥാനാർത്ഥികളോടു മത്സരിച്ചു നിന്നിരുന്ന ഒരു നിയോജകമണ്ഡലത്തിലും നായർസ്ഥാനാർത്ഥികൾക്കു പരാജയം പററിയിട്ടില്ല; കൗൺസിൽ തിരഞ്ഞെടുപ്പിൽ നായർസ്ഥാനാർത്ഥികൾ നായരേതര സ്ഥാനാർത്ഥികളോടു മത്സരിച്ചുനിന്ന 6 നിയോജകമണ്ഡലങ്ങളിൽ മൂന്നെണ്ണത്തിൽ മാത്രമേ നായർസ്ഥാനാർത്ഥികൾക്കു പരാജയം പററിയിട്ടുള്ളു. അസംബ്ലിയിലുള്ള 8 ക്രിസ്ത്യാനികളിൽ എല്ലാവരും മത്സരമില്ലാതെ കേവലം നാമിനേഷൻപേപ്പർ സമർപ്പണംകൊണ്ടു് അസംബ്ലി അംഗങ്ങളായിത്തീർന്നിട്ടുള്ളവരത്രെ. ക്രിസ്ത്യാനികൾ അന്യവർഗ്ഗക്കാരോടു മത്സരിച്ചു നിന്നിരുന്ന അസംബ്ലിയിലെ 6 നിയോജകമണ്ഡങ്ങളിലും അവക്കു പരാജയമാണു ലഭിച്ചിട്ടുള്ളതു്. ഇത്തവണ ഒരു ക്രിസ്ത്യാനിക്കും നായർസ്ഥാനാർത്ഥികളെ തോല്പിക്കുവാൻ കഴിഞ്ഞിട്ടില്ല. നായർസ്ഥാനാർത്ഥികൾക്കു കൗൺസിൽ തിരഞ്ഞെടുപ്പിൽ ഉണ്ടായിട്ടുള്ള മൂന്നു തോൽവികളിൽ ഒന്നു് ഒരു മുസ്ലീം സ്ഥാനാർത്ഥിയിൽനിന്നും മററു രണ്ടും വെള്ളാള സ്ഥാനാർത്ഥികളിൽ

നിന്നും ലഭിച്ചിട്ടുള്ളതായിരുന്നു. മേൽ വിവരിച്ച കണക്കുകളെല്ലാം പുതിയ പരിഷ്ക്കാരപദ്ധതി അനുസരിച്ചും നായന്മാക്കു സിദ്ധിച്ചിട്ടുള്ള അത്യധികമായ രാഷ്ട്രീയസ്വാധീനതയേയും ശക്തിയേയും നല്ലപോലെ തെളിയിക്കുന്നുണ്ടു്. നിവൎത്തനക്കാരുടെ വിക്രിയകളല്ല ഈ പ്രാബല്യത്തെ ഇത്ര അധികം പൊന്തിച്ചുകാണിക്കുന്നതു്. നിവൎത്തനമില്ലായിരുന്നു എങ്കിലും ഈ പ്രാബല്യം പൊന്തിച്ചുനില്ക്കുകതന്നെ ചെയ്യും. ഇങ്ങനെ ജനസംഖ്യയിൽ ഒരു അല്പപക്ഷമായതും ധനശക്തിയിൽ (ഭൂസ്വത്തൊഴിച്ചുള്ള ധനശക്തിയിൽ) പിന്നോക്കം നിൽക്കുന്നതുമായ ഒരു സമുദായത്തിനു പണ്ടുണ്ടായിരുന്ന ശക്തി മുഴുവനും ഭൂരിപക്ഷക്കാരായ അന്യരുടെ ന്യായമായ അവകാശങ്ങൾക്കു ഹാനികരമാകുംവണ്ണം വച്ചുകൊണ്ടിരിക്കുവാൻ അനുവദിക്കുന്ന ഒരു ഭരണപരിഷ്ക്കാരപദ്ധതി ഭൂരിപക്ഷക്കാരായ സമുദായങ്ങളിൽ അതൃപ്തിജനിപ്പിക്കുന്നതുകണ്ടു് ഇക്കാലത്തെ മനസ്ഥിതി ഓക്കുവാനും നിവൎത്തനനയം സ്വീകരിച്ചിട്ടുള്ള സമുദായക്കാരനാണു് താൻ എന്നു മനസാ വിചാരിച്ചു് അവരുടെ വീക്ഷണകോണിൽ നിന്നു് ഈ പ്രാബല്യത്തെപ്പററി ചിന്തിക്കുവാനും കഴിയുന്ന ന്യായബോധമുള്ള ഏതു നായരും ആശ്ചൎയ്യപ്പെടുകയോ അവരോടു പരിഭവിക്കുകയോ ചെയ്യുകയില്ല. നേരേമറിച്ചു് ഇങ്ങനെയുള്ള ഒരു നായർ കൊടുത്താൽ കിട്ടും എന്ന ചൊല്ലിൽ അന്തർഭവിച്ചിട്ടുള്ള തത്വം ഓത്തു് ഈ രാഷ്ട്രീയപ്രാബല്യത്തെ നിവൃത്തിയുള്ളിടത്തോളം മനസ്സോടെ ഉപേക്ഷിച്ചു സഹോദരസമുദായങ്ങളോടു ന്യായംചെയ്തു രാജ്യത്തിൻെറ പൊതുനന്മയെ പുലത്തുകതന്നെ ചെയ്യും.

നിവൎത്തനപ്രസ്ഥാനത്തെ ഇത്തവണത്തെ തിരഞ്ഞെടുപ്പിൻെറ ഫലം ന്യായീകരിക്കുന്നുണ്ടെന്നേ നിഷ്പക്ഷപാതികൾ അഭിപ്രായപ്പെടുകയുള്ളു. നിവൎത്തനക്കാരെ തൃപ്തിപ്പെടുത്തുവാനായി നിയോജകമണ്ഡലങ്ങളിൽ ഗവമ്മെൻറു വരുത്തിയിട്ടുള്ള പല ഭേദഗതികൾകൊണ്ടും സമുദായങ്ങൾക്കു തമ്മിൽ ഒരുവിധം ന്യായമായ രാഷ്ട്രീയസമത്വം സ്ഥാപിക്കുവാൻ സാധിച്ചിട്ടില്ലെന്നും നിയോജകമണ്ഡലപദ്ധതിയേയും തിരഞ്ഞെടുപ്പുരീതിയേയും പാടെ ഉടച്ചുവാക്കാതെ വർഗ്ഗീയസമത്വം സ്ഥാപിക്കുവാൻ സാധിക്കുകയില്ലെന്നും ഈ തിരഞ്ഞെടുപ്പിൻെറ ഫലം സുവ്യക്തമാക്കുന്നുണ്ടു്. നിവൎത്തനത്തിൻെറ വിജയവും അതു സ്വീകരിച്ചിട്ടുള്ള സമുദായങ്ങളിൽ അതിനുള്ള സർവജനീനമായ പ്രചാരവും തിരഞ്ഞെടുപ്പുഫലം സുവ്യക്തമാക്കുന്നുണ്ടെന്നേ നിഷ്പക്ഷപാതികൾ അഭിപ്രായപ്പെടുകയുള്ളു. കോട്ടയം 1-ം, ചങ്ങനാശ്ശേരി 1-ം, 2-ം പറവൂർ 1 എന്നീ നാലു നിയോജകമണ്ഡലങ്ങളിലും കോട്ടയത്തെ കൗൺസിൽ നിയോജകമണ്ഡലത്തിലും ക്രിസ്ത്യൻ ഭൂരിപക്ഷമുണ്ടെങ്കിലും അവയിൽ നിന്നു ക്രിസ്ത്യൻസ്ഥാനാൎത്ഥികൾക്കു് നിവൎത്തനപ്രതികൂലികളുടേയും ഗവമ്മെൻറുദ്യോഗസ്ഥന്മാരുടേയും ശക്തിയേറിയ സഹായമുണ്ടായിരുന്നിട്ടും പരാജയം പററിയതു ക്രിസ്ത്യൻസമുദായത്തിൽ നിവൎത്തനനയം എത്ര അഗാധമായി പ്രവേശിച്ചിട്ടുണ്ടെന്നു നല്ലപോലെ തെളിയിക്കുന്നുണ്ടു്. നിവൎത്തനം അതനുസരിച്ചിട്ടുള്ള മൂന്നു വർഗ്ഗങ്ങളിലും ഭൂരിപക്ഷ

ക്കാർ സ്വീകരിച്ചിട്ടില്ലെന്നു് ഇനി ഒരുത്തൎക്കും ന്യായമായി പറയുവാൻ സാധിക്കുകയില്ല. ഇങ്ങനെ സൎവജനീനമായ ഒരു പ്രസ്ഥാനത്തെ എത്ര ശക്തിയേറിയ ഗവൎമ്മെൻറിനും വകവയ്ക്കേണ്ടതായി വരുന്നതാണു്. നിവൎത്തനക്കാർ ഇതരസമുദായക്കാൎക്കുവേണ്ടി വോട്ടുചെയ്തതു് തത്വദൃഷ്ട്യാ അതിൻെറ തത്വത്തിൽനിന്നുള്ള ഒരു വ്യതിയാനമായി ചിലർ കരുതിയേക്കാമെങ്കിലും അതിൻെറ സൎവജനീനത്വത്തേയും ശക്തിയേയും ഗവൎമ്മെൻറിനെ മനസ്സിലാക്കുന്നതിനാണു് അവർ അങ്ങനെ ചെയ്തതെന്നു ഗ്രഹിക്കുവാൻ കഴിയുന്ന പ്രായോഗികരാഷ്ട്രീയപ്രവൎത്തകർ അതു് ഒരു പരാജയലക്ഷണമായി പരിഗണിക്കുകയില്ല. പ്രായോഗികരാഷ്ട്രീയ പ്രവൎത്തനത്തിൽ മാറിമാറിവരുന്ന പരിതസ്ഥിതികൾക്കനുസരിച്ചു നയത്തിൽ പരിവൎത്തനവും ഉണ്ടാക്കിക്കൊണ്ടിരിക്കേണ്ടിവരും. കേവലം തത്വത്തെമാത്രം മുറുകെ പിടിച്ചുകൊണ്ടിരുന്നാൽ ഉദ്ദേശസിദ്ധി നീണ്ടുനീണ്ടുപോയേക്കും.

കൗൺസിൽ തിരഞ്ഞെടുപ്പു തീൎന്നതോടുകൂടി നിവൎത്തനക്കാർ സ്വസ്ഥമായിരിക്കണമെന്നു ഞങ്ങൾക്കഭിപ്രായമില്ല. നിവൎത്തനം ഒരു സങ്കടനിവാരണത്തിനുള്ള ഒരു മാൎഗ്ഗംമാത്രമാണു്. ആ മാൎഗ്ഗം ഫലവത്താകുവാൻ ഇനിയും പല ജോലികളും അവൎക്കു ചെയ്യേണ്ടതുണ്ടു്. തിരഞ്ഞെടുപ്പിനെപ്പററിയുള്ള പൂൎണ്ണവിവരങ്ങൾ ഈ നാട്ടാരെയും ലോകരേയും ധരിപ്പിക്കേണ്ട ചുമതല അവൎക്കുണ്ടു്. അതിനായി അവർ തങ്ങളുടെ ഇടയിൽനിന്നു് ഒരു കമ്മിററിയെ നിയമിച്ചു് അതുമുഖേന ഒരു പരസ്യമായ അന്വേഷണം തിരഞ്ഞെടുപ്പുകാൎയ്യത്തെപ്പററി നടത്തി റിപ്പോൎട്ടു പ്രസിദ്ധപ്പെടുത്തേണ്ടതാണു്. രണ്ടാമതായി എതിരില്ലായ്കയാൽ സഭാംഗങ്ങളായിത്തീൎന്നിരിക്കുന്ന ക്രിസ്ത്യൻമെംബർമാരെക്കൊണ്ടെങ്കിലും തങ്ങളുടെ സ്ഥാനങ്ങൾ രാജിവയ്പിക്കുവാൻ അവർ സമാധാനപരമായി ശ്രമിക്കണം. ഈ സഭകളിൽ ഒരു ക്രിസ്ത്യാനിയും ഉണ്ടായിരിക്കുവാൻ പാടില്ലെന്നുള്ള സ്ഥിതി അവർ ചമയ്ക്കണം. ഒരു ക്രിസ്ത്യാനിയും നാമിനേഷൻ സ്വീകരിക്കുകയുമരുതു്. നിവൎത്തനത്തിനു് അടിസ്ഥാനമായ സങ്കടം പരിഹരിക്കപ്പെടാതിരിക്കുന്നിടത്തോളം കാലം നിവൎത്തനക്കാർ സദാ സമാധാനപരമായ പ്രക്ഷോഭം തുടൎന്നുകൊണ്ടുതന്നെ പോകണം. നിവൎത്തനപ്രതികൂലികളിൽ ഒരു ഭാഗത്തിൽനിന്നെങ്കിലും ഉടനടിയുള്ള പിന്താങ്ങു ലഭിക്കുന്നതിനായി നിവൎത്തനക്കാർ വിശാലമായ രാഷ്ട്രീയപരിഷ്കാരത്തിനുകൂടി പ്രക്ഷോഭം തുടങ്ങിയാൽ കൊള്ളാം. നിവൎത്തനപ്രതികൂലികൾ ഇതേവരെ കരസ്ഥമാക്കിയിരുന്ന രാഷ്ട്രീയപ്രക്ഷോഭനായകസ്ഥാനം നിവൎത്തനക്കാർ ഇപ്പോൾ ഏറെറടുത്താലും നന്നായിരിക്കും. ഗവൎമ്മെൻറിനോടും ഞങ്ങൾക്കു രണ്ടുവാക്കു പറയാനുണ്ടു്. ഗവൎമ്മെൻറിൻെറ ഒടുവിലത്തെ കമ്മ്യൂണിക്കേയിൽ പറഞ്ഞിരിക്കുന്ന പ്രത്യക്ഷമായ അസമത്വം ഈ തിരഞ്ഞെടുപ്പു നല്ലപോലെ ഉണ്ടാക്കിയിരിക്കുന്നു. നിവൎത്തനക്കാരുടെ തടസ്സമില്ലായിരുന്നു എങ്കിലും ഈ അസമത്വം പൊന്തിച്ചുനില്ക്കുമായിരുന്നു എന്നു ഗവൎമ്മെൻറിനിപ്പോൾ സമ്മതിക്കാതെ തരമില്ല. അതിനാൽ നിയോജകമണ്ഡലപദ്ധതിയേയും തിരഞ്ഞെടുപ്പു

രീതിയേയും പാടെ മാററി തങ്ങളുടെ വാഗ്ദാനം നിറവേറേറണ്ട കത്തവ്യം ഗവമ്മെൻറിനുണ്ട്. കൂടാതെ അവക്ക ന്യായബോധവും കത്തവ്യബോധവും ഉണ്ടെങ്കിൽ തിരഞ്ഞെടുപ്പിൻെറ ഫലം മനസ്സിലാക്കി തങ്ങളുടെ ഭരണപരിഷ്ക്കാരപദ്ധതി ഭീമമായ പരാജയത്തിൽ കലാശിച്ചിരിക്കുന്നു എന്ന് അവർ സമ്മതിക്കുകതന്നെ ചെയ്യും. ഇവിടെ അന്തസ്സുനോക്കിയിട്ട കാര്യമില്ല. ജനങ്ങളുടെ തൃപ്തിനേടുന്നതിലാണ് തങ്ങൾ പിടിച്ച മുയലിനു മൂന്നു കൊമ്പുണ്ടെന്നു ശഠിച്ചുകൊണ്ടിരിക്കുന്നതിലല്ല യഥാത്ഥമായി ഒരു ഗവമ്മെൻറിൻെറ അന്തസ്സും വിജയവും സ്ഥിതിചെയ്യുന്നതു്. ഈ പരാജയം സമ്മതിച്ചു് അതിനു കാരണക്കാരായ ഉദ്യോഗസ്ഥന്മാരെ ഉദ്യോഗത്തിൽനിന്നു പിരിച്ചയച്ച് അതിവിശാലമായ സമ്മതിദായകതത്വത്തോടും ബഹുസംഗനിയോജകമണ്ഡലങ്ങളോടും ഉത്തരവാദഭരണത്തോടുംകൂടിയ ഒരു ഭരണപരിഷ്ക്കാരപദ്ധതി കാലതാമസംവിനാ സ്ഥാപിക്കുകയാണു ഗവമ്മെന്റു ചെയ്യേണ്ടതു്.

കേസരി, 1933 ജൂൺ 28

# മംഗളപത്രങ്ങളും മറുപടികളും

[മഹാരാജാവിൻെറ ലണ്ടൻ സന്ദർശനത്തേയും അതിനുശേഷം തിരിച്ചെത്തിയപ്പോൾ അദ്ദേഹത്തിനു മദ്രാസിലും മററും ലഭിച്ച മംഗളപത്രങ്ങൾക്കു മറുപടിയായി അദ്ദേഹം ചെയ്ത പ്രസംഗങ്ങളേയുംപററി ബാലകൃഷ്ണപിള്ള എഴുതിയ മുഖപ്രസംഗം ]

ശരിയായ രീതിയിലുള്ള വിദേശസഞ്ചാരത്തെപ്പോലെ മനസ്സിനെ വികസിപ്പിക്കുന്നതു മറെറാന്നുമില്ലെന്നുതന്നെ പറയാം. ഒരു സവ്വകലാശാലയ്ക്കും വിദേശസഞ്ചാരത്തിനു നൽകുവാൻ കഴിയുന്നിടത്തോളം മനോവികാസം ഉണ്ടാക്കുവാൻ സാധിക്കുന്നതല്ല. രാജാവായാലും ശരി, പ്രജയായാലും ശരി, സകല മനുഷ്യക്കും ചേരുന്ന ഒരു തത്വമത്രെ ഇതു്. എന്നാൽ ഒരു രാജാവിൻേറയും ഒരു പ്രജയുടേയും വിദേശസഞ്ചാരങ്ങൾക്കു തമ്മിൽ ഒരു വ്യത്യാസമുണ്ട്. ഒരു സാധാരണ പ്രജയുടെ സഞ്ചാരത്തെ അയാളുടെ പരിമിതമായ ധനം നിയന്ത്രിക്കുന്നുണ്ട്. ഒരു സ്വേച്ഛാധികാരിയായ രാജാവിൻേറതിനാകട്ടെ ഈ സംഗതി നിയന്ത്രിക്കാറില്ല. ഖജനാവിലെ പണം ശാശ്വതവും അപരിമിതവുമാകയാൽ ഒരു രാജാവിനു് എന്നും തൻെറ സഞ്ചാരഭ്രമം നടപ്പിൽ വരുത്തുവാൻ സാധിക്കുന്നതാണ്. ഇൻഡ്യയിലെ നാട്ടുരാജാക്കന്മാരിൽ ഒരു വലിയ ഭാഗത്തെ സംബന്ധിച്ചിടത്തോളം ഒരിക്കൽ അവർ വിദേശസഞ്ചാരത്തിൻെറ ആനന്ദം അനുഭവിച്ചാൽ, പിന്നെ അതിനു തക്കതായ ആവശ്യമില്ലെങ്കിലും കേവലം സുഖാനുഭവാത്ഥം അതിനെ അവർ ആവത്തിച്ചുകൊണ്ടിരിക്കു

കയാണു പതിവ്. ഇതു നിമിത്തം വമ്പിച്ച പണച്ചെലവും രാജ്യകാൎയ്യനിൎവ്വഹണത്തിൽ കുഴപ്പവും ഉണ്ടാകാറുണ്ട്. ഈ സഞ്ചാരഭ്രമത്തിനു കേൾവി കേട്ടിട്ടുള്ളവരിൽ അധികവും ഉത്തരേന്ത്യയിലെ കറയററ സ്വേച്ഛാധികാരികളായ നാട്ടുരാജാക്കന്മാരാകുന്നു. തിരുവിതാംകൂറിനെ സംബന്ധിച്ചിടത്തോളം സ്ഥിതിഗതികൾ നേരേ മറിച്ചായിരുന്നു. ഉത്തരേന്ത്യയിലെ നാട്ടുരാജാക്കന്മാരുടെ വിദേശസഞ്ചാരഭ്രമം എങ്ങനെ അവരുടെ രാജ്യങ്ങൾക്കു ദോഷകരമായിത്തീൎന്നിരുന്നുവോ അതുപോലെ തിരുവിതാംകൂർ മഹാരാജാക്കന്മാരുടെ നാടിനു പുറത്തിറങ്ങാനുള്ള വൈമനസ്യം യാഥാസ്ഥിതികത്വം മുതലായ ചില ദോഷങ്ങൾ തിരുവിതാംകൂറിനും ഉണ്ടാക്കിത്തീൎത്തിരുന്നു. ഈ മാമൂലിനെ ഇദംപ്രഥമമായി ലംഘിച്ച തിരുവിതാംകൂറിലെ നാട്ടുവാഴി ശ്രീചിത്തിരതിരുനാൾ മഹാരാജാവാണ്. ഇതിനു മനസ്സംസ്കാരവും വിശാലവീക്ഷണവുമുള്ള ഏവരും ശ്രീചിത്തിരതിരുനാൾ മഹാരാജാവിനെ അഭിനന്ദിക്കാതെയിരിക്കുകയില്ല, നിശ്ചയംതന്നെ. പ്രത്യേകിച്ച്, ഒരു പുതിയ ലോകം മൂശയിൽ കിടക്കുന്ന ഇന്ന് അതിനെ പുതുതായി വാക്കുന്നതിൽ സഹായിക്കുവാൻ ശക്തിയുള്ളവരായ രാജാക്കന്മാർ വിദേശസഞ്ചാരംകൊണ്ടു ലോകഗതി എങ്ങോട്ടേക്കാണെന്നു നേരിട്ടു കണ്ടുപഠിക്കേണ്ടതു് ഒരു അപരിത്യാജ്യമായ കൎത്തവ്യമാണെന്നും പറഞ്ഞേതീരൂ. പ്രചാരവേല ജീവിക്കണമെങ്കിൽ ഒഴിച്ചുകൂടാത്തതായിത്തീൎന്നിരിക്കുന്ന ഇന്നു തിരുവിതാംകൂറിനെ പററിയുള്ള പ്രചാരവേലയ്ക്കും മഹാരാജാവിൻെറ വിദേശസഞ്ചാരം ഒരുവിധത്തിൽ ഉപകരിക്കുന്നതാണ്. മുമ്പു ചൂണ്ടിക്കാണിച്ചിട്ടുള്ള വിദേശസഞ്ചാരഭ്രമം ശ്രീചിത്തിരതിരുനാൾ മഹാരാജാവിനേയും പിടികൂടാതെയിരുന്നാൽ മാത്രമേ ഈ പ്രഥമ വിദേശയാത്രകൊണ്ടു ദോഷമില്ലാതെയിരിക്കുകയുള്ളു. മേൽപ്പറഞ്ഞ മാമൂൽലംഘനവും ലോകപരിജ്ഞാനസൗകൎയ്യവും മുൻനിറുത്തി നോക്കിയാററെ ചിത്തിരതിരുനാൾ മഹാരാജാവിനു മദ്രാസിൽവച്ചും തിരുവിതാംകൂറിൽവച്ചും ലഭിച്ച അനവധി മംഗളപത്രങ്ങളെ കണ്ട്—മംഗളപത്രസമൎപ്പണപ്രസ്ഥാനത്തോടു ഞങ്ങൾക്കു് തീരെ അനുഭാവമില്ലെങ്കിലും—ഞങ്ങൾക്കു് അത്ഭുതം തോന്നുന്നില്ല. ഈ മംഗളപത്രങ്ങൾ വാസ്തവത്തിൽ മഹാരാജാവിനു് ഇതുവരെ ചെയ്യുവാൻ സാധിച്ചിട്ടുള്ളതിനെ സംബന്ധിച്ചല്ല, യുവാവും സദുദ്ദേശമുള്ള ദേഹവുമായ അദ്ദേഹത്തിൽനിന്നു നാട്ടാരും ലോകരും പ്രതീക്ഷിക്കുന്ന മഹാപരിഷ്കാരങ്ങളെ സംബന്ധിച്ചാണ് ഉണ്ടായിട്ടുള്ളതു്. അതിനാൽ ഈ വൻപ്രതീക്ഷകളെ നിറവേററുവാനുള്ള ഭാരമേറിയ കൎത്തവ്യം മഹാരാജാവിനുണ്ട്. ഈ ഭാരമേറിയ കാൎയ്യം നിൎവ്വഹിക്കുന്നതിനു വേണ്ട ചില കരുക്കൾ തൻെറ വിദേശസഞ്ചാരംകൊണ്ട് മഹാരാജാവിനു ലഭിക്കുവാൻ സാധിച്ചിട്ടുണ്ടെന്നു് മംഗളപത്രങ്ങൾക്കു് അദ്ദേഹം നൽകിയ മറുപടികളിൽനിന്നു തെളിയുന്നുണ്ട്. കാലത്തിനനുസരിച്ച് കോലംകെട്ടണമെന്നു മദ്രാസിലെ നമ്പൂതിരി യോഗക്ഷേമസഭക്കാരോടും തൊഴിലാളികൾക്കു നല്ല ഭവനങ്ങൾ ഉണ്ടാക്കിക്കൊടുക്കുന്നതുൾപ്പെടെ എല്ലാത്തരക്കാൎക്കും ജീവിതസൗകൎയ്യങ്ങൾ വൎദ്ധി

പ്പിക്കേണ്ട ആവശ്യത്തെപ്പററി മദ്രാസ് കോർപ്പറേഷൻകാരോടും മഹാരാജാവു പറഞ്ഞിട്ടുള്ളതു് പ്രസ്തുത കരുക്കൾക്കു് ഉദാഹരണമായി എടുക്കാവുന്നതാണു്. ഇന്നത്തെ ലോകത്തിൽ തൊഴിലാളികളുടെ സർവ്വപ്രാധാന്യം ഗ്രഹിക്കുവാൻ കഴിയുന്ന ഒരാൾക്കുമാത്രമേ അധികാരസ്ഥാനത്തു് ഇരിക്കുവാൻ അർഹതയുള്ളു. ഇതു മഹാരാജാവു് ഏറെക്കുറെ മനസ്സിലാക്കിയിട്ടുണ്ടെന്നു കാണുന്നതിൽ ഞങ്ങൾക്കു് അനല്പമായ സന്തോഷമുണ്ടു്. ഇതു കേവലം ഭംഗിവാക്കാക്കാതെയിരിക്കുവാൻ ശ്രമിക്കണമെന്നാണു ഞങ്ങൾ മഹാരാജാവിനോടു് ഉപദേശിക്കുന്നതു്. പക്ഷേ, മദ്രാസിലെ നിവാസികളായ കേരളീയർ നൽകിയ മംഗളപത്രത്തിനു മഹാരാജാവു നൽകിയ മറുപടിയിൽ അങ്ങനെ മറുപടി നൽകുവാൻ ഉപദേശിച്ച ഉപദേഷ്ടാവിൻെറ അക്ഷന്തവ്യമായ ഉപേക്ഷയോ മനഃപൂർവ്വമായ സ്വാർത്ഥതയോകൊണ്ടു് മഹാരാജാവിനു് അതിഗൗരവതരവും ഭീമവുമായ ഒരു പ്രമാദം പററിപ്പോയി എന്നു ചൂണ്ടിക്കാണിക്കാതെ ഗത്യന്തരമില്ല. ഈ കാര്യത്തിനു സാംഗത്യമുള്ള ആ മറുപടിയുടെ ഭാഗങ്ങൾ ചുവടേ ചേർക്കുന്നു:—"കോശസംബന്ധമായും നിയമനിർമ്മാണസംബന്ധമായുമുള്ള കാര്യങ്ങളിൽ ജനങ്ങളുമായി പൂർവ്വാധികം ഫലവത്തായ സമ്പർക്കമുണ്ടാക്കുന്നതിനായി എൻെറ ഗവൺമെൻറു നടത്തിയിട്ടുള്ള നിയമസഭാപരിഷ്ക്കാരത്തെ സംബന്ധിച്ചു നിങ്ങൾ പറഞ്ഞ അഭിനന്ദനവചനങ്ങൾക്കു് ഞാൻ നിങ്ങളോടു കൃതജ്ഞനായിരിക്കുന്നു. ഇപ്പോൾ ഇക്കാര്യത്തിൽ പുരോഗതി ഉണ്ടായിട്ടുണ്ടെങ്കിലും കൂടുതൽ പരിഷ്ക്കാരവും പുരോഗതിയും ഉണ്ടാക്കേണ്ടതു് അത്യാവശ്യമായിത്തീർന്നിട്ടുള്ള പല കാര്യങ്ങളും ശേഷിച്ചിട്ടുണ്ടു്. ഭാവിയിലെ ഈ പ്രശ്നങ്ങളെ നേരിടുമ്പോൾ കേരളത്തിലെ ജനങ്ങളുടെ സഹായവും സഹകരണവും എനിക്കു സദാ ഉണ്ടായിരിക്കുമെന്നുള്ള അറിവു് എനിക്കു പ്രോത്സാഹകരമായിത്തീരുന്നതാണു്. പ്രസ്തുത ഭരണപരിഷ്ക്കാരം ബഹുമാനപ്പെട്ട സെക്രട്ടറി ഓഫ് സ്റ്റേററിൻെറ അഭിനന്ദനത്തിനു പാത്രീഭവിച്ചിട്ടുണ്ടെന്നുള്ള സംഗതിയും എൻെറ മേലാലുള്ള പ്രവൃത്തികളെ പ്രോത്സാഹിപ്പിക്കുന്നതാണു്. പക്ഷേ, പരസ്പരവിശ്വാസവും വർഗ്ഗീയതാല്പര്യങ്ങളെ അതിക്രമിച്ചുള്ള ദേശാഭിമാനവും പ്രകടിതമാകാതെയിരുന്നാൽ രാഷ്ട്രീയമായതോ മററുതരത്തിലുള്ളതോ ആയ യാതൊരു പരിഷ്ക്കാരവും വിജയത്തിൽ കലാശിക്കുകയോ യഥാർത്ഥമായ പുരോഗതിക്കു സഹായകമായിത്തീരുകയോ ചെയ്യുന്നതല്ല. ഉന്നതവിദ്യാഭ്യാസവും കൂർമ്മബുദ്ധിയുമുള്ള കേരളീയർ ഈ ആശയം മനസ്സിലാക്കി അതനുസരിച്ചു പ്രവർത്തിക്കുമെന്നാണു ഞാൻ ആശിക്കുന്നതും ആഗ്രഹിക്കുന്നതും." ഉഗ്രമായ തർക്കങ്ങൾക്കും അതിവൈരത്തോടു പോരാടുന്ന ഭിന്നകക്ഷികളുടെ ഉത്ഭവത്തിനും കാരണമായിത്തീർന്നിരിക്കുന്ന ഈ ഭരണപരിഷ്ക്കാരവിഷയത്തെപ്പററി ഒരു കക്ഷിയുടെ ഭാഗം പിടിച്ചുകൊണ്ടു പ്രസംഗിക്കുവാൻ ഉപദേശിച്ചു, കക്ഷിമത്സരങ്ങളിൽനിന്നു് അകന്നുനിൽക്കേണ്ട ദേഹമായ മഹാരാജാവിനെ ഒരു കക്ഷിയുടെ പ്രചാരകനാക്കി അദ്ദേഹത്തെ എതിർകക്ഷിയുടെ ആക്ഷേപത്തിനു പാത്രമാക്കിയ ഉപദേഷ്ടാവിനെ എത്രമാത്രം ആക്ഷേപ

ച്ചാലും അതു മതിയാകുന്നതല്ല. മഹാരാജാവു തൻെറ മറുപടിയിൽ പ്രസ്താവിച്ചിട്ടുള്ള സർ സാമുവൽ ഹോറിൻെറ ലണ്ടൻപ്രസംഗത്തെപ്പറ്റിയുള്ള ഒരു വാചകം തിരുവനന്തപുരത്തെ പൗരരുടെ മംഗളപത്രത്തിൽ ഉൾപ്പെടുത്തുന്നതിനെപ്പററി നിവർത്തനനയം സ്വീകരിച്ചിരുന്ന സമുദായങ്ങൾ ശക്തിയേറിയ പ്രതിഷേധസ്വരം പുറപ്പെടുവിച്ചിട്ടുള്ളതും നാട്ടിൻെറ നാനാഭാഗങ്ങളിൽനിന്നും തിരഞ്ഞെടുപ്പിലെ ഉദ്യോഗസ്ഥന്മാരുടെ അഴിമതികളെപ്പററി മഹാരാജാവിനു കമ്പികൾ കിട്ടിയിട്ടുള്ളതും അറിഞ്ഞുകൊണ്ടു് ഭരണപരിഷ്ക്കാരത്തെപ്പററി മേല്പറഞ്ഞ പ്രകാരം പ്രസംഗിക്കുവാൻ മഹാരാജാവിനെ ഉപദേശിച്ച ഉപദേഷ്ടാവു് മഹാരാജാവിനെ ദ്രോഹിക്കുകയാണു ചെയ്തിട്ടുള്ളതു്. ഇതിനുപദേശിച്ച ഉപദേഷ്ടാവിൻെറ ബാലിശത്വവും ഇതു പ്രത്യക്ഷമാക്കുന്നുണ്ടു്. ഒരു ഭരണപരിഷ്ക്കാരപദ്ധതിയുടെ ഗുണദോഷങ്ങളെ, അതു് ആർക്കു നൽകപ്പെടുന്നുവോ അവരിൽ ഭൂരിപക്ഷത്തിൻെറ സ്വീകരണരീതി കണ്ടുവേണം നിർണ്ണയിക്കേണ്ടതു്. ഒരു നാട്ടുരാജ്യത്തിലെ യാതൊരു ഭരണപരിഷ്ക്കാരവും മേൽക്കോയ്മയുടെ മുൻകൂട്ടിയുള്ള അനുവാദവും അനുഗ്രഹവും കൂടാതെ അതിൽ നടപ്പുവരുത്താവുന്നതല്ലായ്കയാൽ ആ മേൽക്കോയ്മയുടെ ഒരു അംഗമായ ഇൻഡ്യാസെക്രട്ടറിയുടെ ആ പരിഷ്ക്കാരത്തെപ്പററിയുള്ള പ്രശംസ അതിൻെറ മഹത്വത്തിനു ലക്ഷ്യമായിത്തീരുമെന്നു ബുദ്ധിയുള്ളവരാരുംതന്നെ വിചാരിക്കുകയില്ല. എന്നിട്ടും ഈ പ്രശംസയെയാണു് ഉപദേഷ്ടാവു് തൻെറ പൊളിഞ്ഞ പദ്ധതിക്കു താങ്ങായി ഉദ്ധരിക്കുവാൻ വിചാരിച്ചതും. നോക്കണേ, തിരുവിതാംകൂറിലെ പൊതുജനങ്ങളുടെ ബുദ്ധിശക്തിയെപ്പററി മഹാരാജാവിൻെറ ഉപദേഷ്ടാവിനുള്ള പുച്ഛം! വാസ്തവത്തിൽ ആടിനെ പട്ടിയാക്കിയ പഞ്ചതന്ത്രത്തിലെ കഥയിലെ കൗശലമാണു് ഈ ഉപദേഷ്ടാവു് തൻെറ സൃഷ്ടിയായ ഭരണപരിഷ്ക്കാരപദ്ധതിയെപ്പററി അനുകരിച്ചുവരുന്നതു്. പരസ്പരവിശ്വാസവും വർഗ്ഗീയമനസ്ഥിതിയും സഹകരണവും ഈ ഉപദേഷ്ടാവു് മഹാരാജാവു മുഖേന ആവശ്യപ്പെട്ടിരിക്കുന്നു. പ്രസ്തുത ദേശീയമനസ്ഥിതി പ്രഥമദൃഷ്ടിയിൽ വിശാലവീക്ഷണത്തിൻെറ പ്രതിഫലനമാണെന്നു തോന്നുമെങ്കിലും തിരുവിതാംകൂറിൽ ഇന്നുള്ള രാഷ്ട്രീയ അസമത്വങ്ങൾ നിലനിൽക്കുന്നിടത്തോളംകാലം അതു ഫലത്തിൽ പ്രബലസമുദായക്കാരുടെ അധികാരം വച്ചുപുലർത്തിക്കൊണ്ടുപോകണമെന്നു പറയുന്നതിനു തുല്യമായിരിക്കുന്നതാണു്. വർഗ്ഗങ്ങൾ തമ്മിലുള്ള അസമത്വങ്ങൾ നശിക്കുകയോ വർഗ്ഗങ്ങൾതന്നെ ഇല്ലാതാകുകയോ ചെയ്താൽ മാത്രമേ മഹാരാജാവു് ആവശ്യപ്പെടുന്ന പരസ്പരവിശ്വാസവും യഥാർത്ഥ ദേശീയമനസ്ഥിതിയും ജനിക്കുകയുള്ളു. വർഗ്ഗങ്ങളെ ഇല്ലായ്മ ചെയ്യുന്നതിനു് ഉടനടി സാധിക്കുകയില്ല. വർഗ്ഗീയ അസമത്വങ്ങളാകട്ടെ മനസ്സുവച്ചാൽ വേഗത്തിൽ പരിഹരിക്കപ്പെടാവുന്ന കാര്യങ്ങളുമാണു്. ഇതിനാണു നിവർത്തനക്കാർ ശ്രമിക്കുന്നതും. അതിഫലവത്തായ ഹോമിയോപ്പതി തത്വമനുസരിച്ചു് ഇവർ വർഗ്ഗീയമനസ്ഥിതി ഇല്ലായ്മ ചെയ്യുവാനായി വർഗ്ഗീയമാകുന്ന ഔഷധം കുത്തിവയ്ക്കുവാനാണു ശ്രമിക്കുന്നതു്. ഇവരുടെ എതിർകക്ഷികളും

ഗവമ്മെൻറുമാകട്ടെ അല്ലോപ്പതിസമ്പ്രദായമാണ സ്വീകരിച്ചിരിക്കുന്നതും. ഇനിയെങ്കിലും യാഥാർത്ഥ്യങ്ങളെ നിർഭയം അഭിമുഖീകരിക്കുവാൻ ഉപദേശിക്കുന്നവരെ ഉപദേഷ്ടാക്കളാക്കി വയ്ക്കുവാൻ മഹാരാജാവു ശ്രമിക്കണമെന്നാണ ഞങ്ങൾ അപേക്ഷിക്കുന്നതു്.

കേസരി, 1933 ആഗസ്റ്റ് 30

# ദിവാൻജിയുടെ മാററം

[ഉത്തരവാദിത്വമില്ലാതെ അധികാരം കയ്യടക്കി വച്ചുകൊണ്ടിരിക്കുന്ന ഒരുപദേഷ്ടാവും (സർ സി. പി.) പ്രത്യക്ഷത്തിൽ അധികാരവും ചുമതലകളും ഉണ്ടെങ്കിലും ഇവ രണ്ടും യഥാർത്ഥത്തിലില്ലാത്ത ഒരു ദിവാൻജിയും ഒരേസമയത്തു ഭരണം നടത്തുന്നതുകൊണ്ടാണു് തിരുവിതാംകൂറിന്നു് അനാഥത്വം നേരിട്ടിരിക്കുന്നതെന്നു വിവരിച്ചുകൊണ്ടുള്ള കേസരിയുടെ മുഖപ്രസംഗം.]

ദിവാൻ മി. ആസ്റ്റിൻ 1934 ഫെബ്രുവരിമാസത്തിൽ ദിവാൻ ഉദ്യോഗം ഒഴിയുന്നതാണെന്നും അദ്ദേഹത്തിനുപകരം വൈസ്രായിയുടെ എക്സിക്യൂട്ടീവ്കൗൺസിലിലെ അംഗമായിരുന്ന സർ മഹമ്മദ്ഹബിബുള്ളസാഹിബിനെ തിരുവിതാംകൂറിലെ ദിവാൻജിയായി നിയമിക്കുന്നതാണെന്നും അസോസിയേററഡ്പ്രസ്സുകാർ അറിയുന്നു. ഒരു മുസ്ലീമിനെ ഇദംപ്രഥമമായി ഇവിടത്തെ ദിവാൻജിയായി തിരഞ്ഞെടുത്തതിൽ അധികാരികൾ അഭിനന്ദനാർഹരാണു്. ഒരു പ്ലീഡറായി ജീവിതം തുടങ്ങി മുൻസിപ്പൽകൗൺസിൽ ചെയർമാനായും താലൂക്കുബോർഡ് ഡിസ്റ്റിക്ട്ബോർഡ് എന്നീ സ്ഥാപനങ്ങളുടെ പ്രസിഡൻറായും മദ്രാസ് കോപ്പറേഷൻ കമ്മീഷണറായും മദ്രാസ് ഗവർണ്ണരുടെ എക്സിക്യൂട്ടീവ് കൗൺസിൽ വൈസ്രായിയുടെ എക്സിക്യൂട്ടീവ് കൗൺസിൽ എന്നിവയിലെ അംഗമായും 1926-ൽ തെക്കേ ആഫ്രിക്കയിലേക്കുപോയ ഭാരതീയപ്രതിനിധിസംഘത്തിൻേറയും 1929-ൽ ജെനീവയിലെ സർവ്വരാജ്യസഭയിലേക്കുപോയ ഭാരതീയപ്രതിനിധിസംഘത്തിൻേറയും നായകനായും ഇൻഡ്യയ്ക്കകത്തും പുറത്തും സ്വയംഭരണസ്ഥാപനങ്ങളിലും ഗവമ്മെൻറു ഭരണകൂടങ്ങളിലും രാഷ്ട്രീയപ്രശ്നങ്ങളുമായി അടുത്തുപരിചയിച്ചിട്ടുള്ള ഒരു മാന്യനാണു് സർ മഹമ്മദ്ഹബിബുള്ള. ചുമതലയേറിയ ഉദ്യോഗങ്ങൾ വഹിച്ച ഈ മാന്യനെ പരിഹാരരഹിതമെന്നു പ്രഥമദൃഷ്ടിയിൽ തോന്നിക്കുന്ന രാഷ്ട്രീയവും സാമ്പത്തികവുമായ പ്രശ്നങ്ങൾ തിരുവിതാംകൂർഭരണാധികാരികളെ അഭിമുഖീകരിക്കുന്ന ഇന്നു് തിരുവിതാംകൂറിലെ ഭരണരഥത്തിൻെറ സാരഥ്യം വഹിക്കാൻ നിയമിച്ചതുകൊണ്ടുമാത്രം ഇവിടെ എല്ലാ കുഴപ്പവും തീൎന്നുപോകുമെന്നു് ഉപരിപ്ലവ

ബുദ്ധികൾ വിചാരിച്ചേക്കാം. പക്ഷേ, ഞങ്ങൾക്കു് ഈ പ്രസാദാത്മകമായ മനസ്ഥിതി തോന്നുന്നില്ല. അതിനുവേണ്ട കാരണങ്ങളും ഞങ്ങൾക്കുണ്ടു്. മി. ആസ്റ്റിൻെറ ഭരണം അതിഭീമമായ പരാജയത്തിൽ കലാശിച്ചതിനു് അദ്ദേഹത്തിൻെറ വ്യക്തിപരമായ ഭരണപാടവക്കുറവും തൻേറടക്കുറവും ഒരു നിസ്സാരകാരണമേ ആകുന്നുള്ളു. അതിനുള്ള പ്രധാനകാരണങ്ങൾ യഥാർത്ഥമായ സർവ്വാധികാരവും ഉത്തരവാദിത്വമില്ലായ്മയും ഉള്ള ഒരു സൂക്ഷ്മബുദ്ധിയായ ഉപദേഷ്ടാവിൻെറ സാന്നിദ്ധ്യവും, അത്യധികം കേന്ദ്രീകരിച്ചിട്ടുള്ളതും ഉത്തരവാദിത്വശൂന്യവുമായ ഒരു ഭരണരീതിയുമാകുന്നു. ഈ രണ്ടു പ്രധാനകാരണങ്ങളും നിലനില്ക്കുന്നിടത്തോളം കാലം മി. ആസ്റ്റിനെക്കാൾ ആയിരം മടങ്ങു ഭരണപാടവമുള്ള ആൾ വന്നാലും ശരി അദ്ദേഹത്തിൻെറ ഭരണവും പരാജയത്തിൽ മാത്രമേ കലാശിക്കുകയുള്ളു. ഇപ്പോഴത്തെ തിരുവിതാംകൂറിലെ ഭരണരീതി ബഹുവിചിത്രമായിട്ടുള്ളതാണു്. നിയമദൃഷ്ട്യാ സകല ഭരണകാര്യങ്ങൾക്കും ഉത്തരവാദിത്വവും അതു ചെയ്യാനുള്ള അധികാരവും ദിവാൻജിയിലാണു സ്ഥിതിചെയ്യുന്നതു്. എന്നാൽ യഥാർത്ഥത്തിൽ ദിവാൻജി ഉത്തരവാദിത്വം വഹിക്കുന്നുണ്ടെങ്കിലും പ്രായോഗികമായി യാതൊരു സാരമായ അധികാരവും ദിവാൻജിക്കില്ല. വാസ്തവത്തിൽ ഉത്തരവാദിത്വം ദിവാൻജിയുടെ തലയിലും അധികാരം ഉപദേഷ്ടാവിൻെറ കൈയിലുമാണു് ഇന്നു വന്നിരിക്കുന്നതു്. യഥാർത്ഥ അധികാരമില്ലാത്തവൻെറ ചുമലിൽ ഉത്തരവാദിത്വം കയററിയിരിക്കുന്നതു കാര്യനടപ്പിനു യോജിച്ച ഒരു പ്രവൃത്തിയല്ല യഥാർത്ഥ അധികാരമുള്ള ആളിൽ ഉത്തരവാദം ചുമത്താത്തതിനാൽ ആ ആൾ വേണ്ടതു പ്രവർത്തിക്കുവാൻ നിർബന്ധിതനാകുന്നുമില്ല. സർ സി. പി. യെ മഹാരാജാവിന്റെ ഉപദേഷ്ടാവായി നിയമിച്ച ഉടനെതന്നെ ഈ ദൂഷ്യത്തെ ഞങ്ങൾ ചൂണ്ടിക്കാണിച്ചിട്ടുണ്ടായിരുന്നു. ദിവാൻ മി. ആസ്റ്റിന്റെ ഭീമമായ പരാജയം വാസ്തവത്തിൽ സർ സി. പി.യുടെ പരാജയമായി വേണം കരുതേണ്ടതു്. ഇവിടത്തെ കേന്ദ്രീകരിച്ച ഭരണം താങ്ങുവാൻ ഒരു ആൾക്കുതന്നെ അയാൾ എത്ര സമർത്ഥനായാലും സാധിക്കുന്നതല്ല. പ്രദേശികസ്വയംഭരണസ്ഥാപനങ്ങളായ താലൂക്കു ബോർഡുകളുടേയും ഡിവിഷൻ ബോർഡുകളുടേയും സ്ഥാപനവും വിശാലമായ സമ്മതിദായകയോഗ്യതയിന്മേൽ, സകല വർഗ്ഗങ്ങൾക്കും യഥാർത്ഥ സമത്വത്തോടും കൃഷികർക്കും തൊഴിലാളികൾക്കും പ്രാധാന്യത്തോടുംകൂടി സ്ഥാപിതമായിട്ടുള്ള ജനപ്രതിനിധിസഭകളിൽനിന്നു തിരഞ്ഞെടുക്കപ്പെട്ട മന്ത്രിമാരുടെ നിയമനവും കൂടാതെകണ്ടു മിടുമിടുക്കന്മാരായ ദിവാൻജിമാരുടെ നിയമനംകൊണ്ടുമാത്രം ഇവിടത്തെ പ്രധാന പ്രശ്നങ്ങളെ പരിഹരിക്കാമെന്നു വിചാരിക്കുന്നവർക്കു് ഇച്ഛാഭംഗമേ വരുകയുള്ളു എന്നാണു ഞങ്ങൾ വിചാരിക്കുന്നതു്. സർ ഹബിബുള്ള മേൽവിവരിച്ച യഥാർത്ഥ സ്ഥിതിഗതികളെ മനസ്സിലാക്കി അവയ്ക്കുവേണ്ട പ്രതിവിധി ചെയ്യുവാൻ ശ്രമിക്കുമെന്നു വിശ്വസിക്കുന്നു.

സർ ഹബിബുള്ളയുടെ നിയമനത്തിന്റെ പ്രാധാന്യത്തേയും അതു് ഇടംകൊടുക്കുന്ന ഊഹങ്ങളേയുംപററി അല്പം പറയേണ്ടിയിരിക്കുന്നു.

ഫെഡറേഷൻ മുതലായ അഖിലേന്ത്യാപ്രശ്നങ്ങളെ അഭിമുഖീകരിച്ച് അതിലും മററു കാര്യങ്ങളിലും തിരുവിതാംകൂർ അർഹിക്കുന്ന നിലയും മററും നേടിക്കൊടുക്കുവാൻ സർ സി. പി.യുടെ നിലയും കെല്പും, പരിചയവും, സ്വാധീനശക്തിയും ഉള്ള ഒരാളെ നിയമിക്കേണ്ട ആവശ്യമുണ്ടെന്നാണ് സർ സി. പി.യെ മഹാരാജാവിൻെറ ഉപദേഷ്ടാവായി നിയമിക്കുവാൻ അതിൻെറ അനുകൂലികൾ കൊണ്ടുവന്നിട്ടുള്ള വാദം. വൈസ്രായിയുടെ സ്ഥിരം എക്സിക്യൂട്ടീവ് കൗൺസിലറായി കുറേവർഷം ഇരുന്നതുകൊണ്ട് സർ സി. പി.യേക്കാൾ ഉയന്നതോ കുറഞ്ഞപക്ഷം അദ്ദേഹത്തിനു തുല്യമോ ആയ നിലയും മററുമുള്ള ദേഹവും പ്രവിശ്യപ്രശ്നങ്ങളും അഖിലേന്ത്യാപ്രശ്നങ്ങളും സർവ്വരാജ്യപ്രശ്നങ്ങളും സർ സി. പി.യെക്കാൾ അധികംകാലം അഭിമുഖീകരിച്ച് അവയിൽ തഴക്കവും പഴക്കവും വന്നിട്ടുള്ള ഒരു മാന്യനുമായ സർ ഹബിബുള്ളായെ ദിവാനായി നിയമിച്ചിരിക്കുമ്പോൾ സർ സി. പി. ഉപദേഷ്ടാവായിരിക്കേണ്ട ആവശ്യം ഉണ്ടാകുന്നതല്ല. ഇതു് അധികാരികൾ അറിഞ്ഞിരിക്കാൻ ഇടയുള്ളതിനാൽ സർ സി. പി. ഇവിടത്തെ സ്ഥിരം ഉപദേഷ്ടാവുദ്യോഗത്തിൽനിന്നു മാറുവാൻ പോകുന്നതിൻെറ നാന്ദിയാണു പുതിയ ദിവാൻജിയുടെ നിയമനം എന്നു് ഊഹിക്കാവുന്നതാണ്. കൂടാതെ സർ ഹബിബുള്ളായുടെ നിലയുള്ള ഒരാൾ മി. ആസ്റ്റിനെപ്പോലെ സർ സി. പി.യുടെ ഗുപ്ത അധികാരത്തിൻകീഴിൽ ദിവാൻജിയായിരിക്കുവാൻ സമ്മതിക്കുമെന്നും വിചാരിക്കാവുന്നതല്ല. ഈ ഊഹം ശരിയാണെങ്കിൽ ഒരു ഉത്തരവാദമില്ലാത്തവനും സർവ്വാധികാരം ഗുപ്തമായി ചെലുത്തുന്നവനുമായ ഒരു ഉപദേഷ്ടാവും സകല ഉത്തരവാദിത്വവും പ്രായോഗികമായ അധികാരം കൂടാതെ വഹിക്കുന്നവനുമായ ദിവാൻജിയും ഒരേസമയത്തു് ഉണ്ടായിരിക്കുന്നതിൽനിന്നുണ്ടാകുന്ന മുകളിൽ ചൂണ്ടിക്കാണിച്ച ദൂഷ്യങ്ങളെ പുരസ്കരിച്ച് ഈ നിയമനത്തെ ഈ കാരണവശാലും അഭിനന്ദിക്കേണ്ടിവരുന്നു. ഈ ഊഹം ശരിയാണെങ്കിൽ ഉപദേഷ്ടാവിൻേറയും ദിവാൻജിയുടേയും ജോലികൾ ഒന്നിച്ചു ചെയ്യുന്നതിനു പുതിയ ദിവാൻജിക്കു സൗകര്യ്യവും സമയവും ഉണ്ടാക്കിക്കൊടുക്കുവാനായി ഇവിടത്തെ അത്യധികമായി കേന്ദ്രീകരിച്ച ഭരണരീതിയെ ശിഥിലീകരിക്കുകയും നിത്യഭരണനിർവ്വഹണത്തിൽ ദിവാൻജിയെ സഹായിക്കാനായി ശരിയായ പൊതുജനപ്രാതിനിധ്യമുള്ള നിയമസഭയോട് ഉത്തരവാദിത്വമുള്ള ഉപമന്ത്രിമാരെ നിയമിക്കുകയും ചെയ്യുന്നതിനുവേണ്ട പദ്ധതികൾ അധികാരികൾ രൂപവൽക്കരിക്കേണ്ടതാണെന്നും ഞങ്ങൾ അവരെ ഉപദേശിച്ചുകൊള്ളുന്നു. ഇന്നു് തിരുവിതാംകൂറിൽ സർവ്വപ്രധാനമായിത്തീന്നിരിക്കുന്ന രാഷ്ട്രീയസമത്വസ്ഥാപനപ്രശ്നത്തെ, അഥവാ, നിവത്തനപ്രശ്നത്തെ സംബന്ധിച്ചും സർ ഹബിബുള്ളായുടെ നിയമനത്തിനു പ്രാധാന്യം ഞങ്ങൾ കാണുന്നുണ്ട്. ഇന്നു നിവത്തനപ്രസ്ഥാനത്തിൽ ഏർപ്പെട്ടിരിക്കുന്ന സമുദായത്രയത്തിൽ ഒന്നിൽപ്പെട്ട മാന്യനാണു പുതിയ ദിവാൻജി. വർഗ്ഗീയമനസ്ഥിതി തീരെയില്ലാത്ത ദേഹമാണ് സർ ഹബിബുള്ള എന്നാണു കേൾവി. എങ്കിലും രാഷ്ട്രീയ അവശതകൾ അനുഭവിക്കുന്ന ഒരു

സമുദായത്തിൽപ്പെട്ട മാന്യന്ന് അദ്ദേഹത്തിന്ന് എത്രമാത്രം "ദേശീയ" മനസ്ഥിതി ഉണ്ടായിരുന്നാലും ശരി, തന്റെ സമുദായത്തിൽപ്പെട്ടവരുടെ മനസ്ഥിതിയും ന്യായമായ സങ്കടങ്ങളും മററുള്ള സമുദായക്കാരേക്കാൾ അധികം വേഗത്തിൽ അനുഭാവപൂർവ്വം ഗ്രഹിക്കുവാൻ കഴിയുന്നതാണ്. നിവർത്തനപ്രശ്നത്തെപ്പററി സർ സി. പി.യുടെ ദുർവ്വാശിയോടെ "ഞാൻ പിടിച്ച മുയലിന്ന് മൂന്നുകൊമ്പ്" എന്ന നില സ്വീകരിക്കേണ്ടതായി നിവർത്തനത്തിനു കാരണമായ ഭരണപരിഷ്കാരപദ്ധതി, തൻേറതല്ലായ്കയാൽ സർ ഹബിബുള്ളായ്ക്കു തോന്നുവാനും കാരണമില്ല. അതിനാൽ സർ ഹബിബുള്ളായുടെ നിയമനവും അതിൽനിന്ന് ഊഹ്യമായ സർ സി. പി.യുടെ പോക്കും നിവർത്തനപ്രശ്നത്തിൻെറ ഒരുവിധം തൃപ്തികരമായ പരിഹാരം ആസന്നമായിരിക്കുന്നു എന്നു സൂചിപ്പിക്കുന്നു എന്നും വിചാരിക്കാവുന്നതാണ്. സർ ഹബിബുള്ളായുടെ നിയമനം നിവർത്തനക്കൂട്ടുകെട്ടിൽനിന്ന് മുസ്ലിമീങ്ങളെ പിൻവലിപ്പിക്കുവാനുള്ള ഒരു ഉപായമായും വിചാരിക്കാമെന്നുള്ള സംഗതിയും ഇവിടെ ചൂണ്ടിക്കാണിക്കപ്പെട്ടിരിക്കുന്നു. പക്ഷേ, ഇതിൽ ഞങ്ങൾ വിശ്വസിക്കുന്നില്ല. ഇതു വാസ്തവമാണെങ്കിൽത്തന്നെയും ഈ കെണിയിൽ വീഴത്തക്കവണ്ണം ബുദ്ധിശൂന്യത ഇവിടത്തെ മുസ്ലീം സമുദായത്തിനുണ്ടെന്നു ഞങ്ങൾ വിചാരിക്കുന്നില്ല. നിവർത്തനപ്രശ്നത്തിൻെറ അനുഭാവപൂർവ്വമായ തീരുമാനത്തെ പുതിയ ദിവാൻജിയുടെ നിയമനം സൂചിപ്പിക്കുന്നു എന്നുള്ള അനുമാനത്തിനു വിരുദ്ധമായ ഒരു സംഗതി നിവർത്തനനായകന്മാരായ വ്യക്തികളോടും നിവർത്തനനായകത്വം വഹിക്കുന്ന മലയാളമനോരമയോടും ഗവർമ്മെൻറ് ഇപ്പോൾ സ്വീകരിച്ചിരിക്കുന്ന ഉഗ്രമായ മർദ്ദനനയമാകുന്നു. ഇന്നത്തെ ഭരണാധികാരികളുടെ മർദ്ദനനയം പുതിയ ദിവാൻജി നിറുത്തി നിവർത്തനപ്രശ്നത്തെ മർദ്ദനരഹിതമായ നയത്താൽ പരിഹരിച്ചു തങ്ങളുടെ മുഖത്തു കരിതേയ്ക്കുമെന്ന ബോധം അവരിൽ ഉളവാക്കിയ നൈരാശ്യത്തിൻെറ ഫലമായുണ്ടായ "ഒരു അവസാനക്കയ്യുംകൂടി നോക്കിക്കളയാം" എന്നുള്ള മനസ്ഥിതിയിൽനിന്നും, വൈസ്രായി ഇവിടെ വരുമ്പോൾ നിവർത്തനപ്രസ്ഥാനം നിലനില്ക്കുന്നതു വൈസ്രായിയുടെ മുമ്പിൽ തങ്ങളുടെ ഭരണനയത്തിൻെറ ഭീമമായ പരാജയം സമ്മതിക്കുന്നതിനു തുല്യമായി വരുമെന്നുള്ള ഭീതിയിൽനിന്നുമാണ് ഇന്നത്തെ താല്കാലികമായ ഉഗ്രമർദ്ദനനയം ജനിച്ചതെന്നു വിചാരിക്കുവാനാണു ഞങ്ങൾ ന്യായം കാണുന്നതു്. പുതിയ ദിവാൻജിയുടെ നിയമനത്തിനുള്ള അധികാരികളുടെ ഉദ്ദേശം എന്തായിരുന്നാലും ശരി, ഇടുങ്ങിയ വീക്ഷണകോണവും സങ്കുചിതമായ ഭരണകാര്യപരിചയവുമുള്ള കളക്ടർമാരെ ദിവാൻജിമാരായി നിയമിക്കുന്ന പതിവിൽനിന്നു സർ ഹബിബുള്ളായുടെ നിയമനം ഒരു മുന്നോട്ടുള്ള പരിഷ്കാരമാണെന്നു സമ്മതിച്ചേ തീരൂ.

കേസരി, 1933 നവംബർ 15

# നിവർത്തനപ്രസ്ഥാനം

[നിവർത്തനപ്രസ്ഥാനക്കാർ മഹാരാജാവിനു സമർപ്പിച്ച മെമ്മോറിയലിനു് അദ്ദേഹം നൽകിയ മറുപടിയെ പരാമർശിച്ചുള്ള മുഖപ്രസംഗം.]

നിവർത്തനപ്രസ്ഥാനത്തിൻെറ നായകന്മാർ ചേൎന്നു് മഹാരാജാവിനെ സന്ദർശിച്ചു് ഒരു മെമ്മോറിയൽ സമർപ്പിച്ചതിൻെറ ചുരുക്കവും അതിനു മഹാരാജാവു നൽകിയ മറുപടിയും അന്യത്ര ചേൎത്തിട്ടുണ്ടു്. ഇവർ സമർപ്പിച്ച മെമ്മോറിയലിൽ നിയമസഭകളിൽ ഗണനീയമായ സമുദായങ്ങൾക്കു് ജനസംഖ്യാനുപാതികമായ പ്രാതിനിധ്യം, ഈ തത്വമാസ്പദമാക്കി ക്രിസ്ത്യാനികളുടെ ഇടയ്ക്കുള്ള പ്രധാനവിഭാഗക്കാൎക്കും പ്രാതിനിധ്യം അനുവദിക്കുക, ഗവൺമെൻറു നാമിനേഷനുപകരം തിരഞ്ഞെടുപ്പുതത്വം നിയമസഭകളിൽ സാൎവ്വത്രികമാക്കുക, നിവർത്തനപ്രസ്ഥാനം സംബന്ധിച്ച വ്യക്തികളുടേയും സ്ഥാപനങ്ങളുടേയും പത്രങ്ങളുടേയും നേൎക്കു ഗവൺമെൻറു് എടുത്തിട്ടുള്ള നടപടികൾ റദ്ദുചെയ്യുക, പബ്ലിക്കു സൎവ്വീസിൽ കുത്തകപിടിച്ചിട്ടുള്ള ചില സമുദായങ്ങളുടെ ശക്തികുറച്ചു് അതിലും സമത്വം സ്ഥാപിക്കുക, പട്ടാളവകുപ്പു് നാനാജാതിമതസ്ഥൎക്കും പ്രവേശിക്കാവുന്ന ഒന്നാക്കുക എന്നീ ആറു് അപേക്ഷകളാണു് അടങ്ങിയിരുന്നതു്. ഇവയിൽ സൎവ്വപ്രധാനമായതു് നിയമസഭയെ സംബന്ധിച്ചുള്ള ആദ്യത്തെ രണ്ടുമാണെന്നു പറയേണ്ടതില്ലല്ലോ. എന്നാൽ മഹാരാജാവിൻെറ മറുപടിയിൽ ഈ രണ്ടു് അപേക്ഷകളേയുമാണു് ഇപ്പോഴത്തെ നിയമസഭകളുടെ കാലാവധി കഴിഞ്ഞുമാത്രമേ അതായതു് ഇനി മൂന്നുകൊല്ലം കഴിഞ്ഞുമാത്രമേ അവസാനമായി പരിഗണിക്കുവാൻ സാധിക്കുകയുള്ളു എന്നു പറഞ്ഞിരിക്കുന്നതു്. മററുള്ളവ എല്ലാം കാലവിളംബമെന്യേ പരിഗണിക്കപ്പെടുമെന്നും പറഞ്ഞിട്ടുണ്ടു്. ഇങ്ങനെ നിവർത്തനനായകന്മാരുടെ അതിപ്രധാനമായ അപേക്ഷകളുടെ തീരുമാനം മൂന്നുവർഷക്കാലത്തേക്കു നീട്ടിവച്ചതിനാൽ ഈ മറുപടി തൃപ്തികരമല്ലെന്നാണു ഞങ്ങൾ വിചാരിക്കുന്നതു്. നിവർത്തനത്തിൽ ഏൎപ്പെട്ടിരിക്കുന്ന മൂന്നു വമ്പിച്ച ജനസമുദായങ്ങളിൽ ഭൂരിപക്ഷത്തിനും ഈ മറുപടി കടുത്ത നൈരാശ്യമേ ഉളവാക്കുകയുള്ളു. ഈ മറുപടി മഹാരാജാവിനു രചിച്ചുകൊടുത്ത ഉപദേഷ്ടാവിനു് രാജ്യതന്ത്രജ്ഞാനം തുലോം കുറയുമെന്നു പറഞ്ഞേ തീരൂ. ഈ മറുപടിയിൽ ആകപ്പാടെ പൊന്തിച്ചുനിൽക്കുന്ന എന്തുവന്നാലും ഗവൺമെൻറിൻെറ അന്തസ്സു പരിപാലിക്കണമെന്നുള്ള മനസ്ഥിതി രാജ്യതന്ത്രത്തിന്റെ ഒരു മൗലികഘടകമായ ഭാവനാശക്തി പ്രസ്തുത ഉപദേഷ്ടാവിനു തുലോം കുറയുമെന്നു സുവ്യക്തമാക്കുന്നുണ്ടു്. പ്രാതിനിധ്യം ഇന്നുകിട്ടും ഇന്നുകിട്ടും എന്നു പ്രതീക്ഷിച്ചിരിക്കുന്ന ജനസമൂഹങ്ങളോടു് ഇനി മൂന്നുകൊല്ലം കഴിഞ്ഞാൽ മാത്രമേ അതിനു് ഏതെങ്കിലും പരിഹാരമുണ്ടാക്കുകയുള്ളു എന്നു പറഞ്ഞു് അവ

രുടെ സകല ആശകളേയും അധഃപതിപ്പിക്കുവാൻ ഭാവനാശക്തിയുള്ള ഒരു മന്ത്രിക്കു തോന്നുന്നതല്ല. മൂന്നുവർഷം കഴിഞ്ഞു് പരിഹാരമുണ്ടാക്കാമെന്നു പറഞ്ഞിരിക്കുന്നതിൽനിന്നു് പരിഹാരമുണ്ടാക്കേണ്ടതായ സങ്കടങ്ങൾ ഉണ്ടെന്നു് ഗവമ്മെൻറു സമ്മതിച്ചിരിക്കുന്നതായി വരുന്നു. അതുകൊണ്ടു് ഉടനടി പരിഹാരമുണ്ടാക്കുകയായിരുന്നു യുക്തിയുക്തം പ്രവൎത്തിക്കുകയാണെങ്കിൽ ഗവമ്മെൻറു ചെയ്യേണ്ടിയിരുന്നതു്. അതു ചെയ്യാതെ മൂന്നുവർഷം നീട്ടിക്കൊണ്ടു പോകുന്നതു് പ്രക്ഷോഭകൎക്കു് ഉടനടി കീഴടങ്ങി തങ്ങളുടെ അന്തസ്സിനു് ഇടിവു സംഭവിപ്പിക്കരുതെന്നു വിചാരിച്ചു മാത്രമാണെന്നേ വിചാരിക്കാവൂ. നിവൎത്തനത്തെപ്പററി മറുപടിയിൽ പറഞ്ഞിരിക്കുന്ന ഭാഗവും ഈ അന്തസ്സു പരിപാലിക്കണമെന്ന മനസ്ഥിതി സുവ്യക്തമാക്കുന്നുണ്ടു്. നിവൎത്തനമെന്ന പദത്തെ രണ്ടൎത്ഥത്തിൽ ഉപയോഗിച്ചുവരുന്നുണ്ടു്. അതിൻെറ സങ്കുചിതമായ അൎത്ഥത്തിൽ അതു് ഇക്കഴിഞ്ഞ തിരഞ്ഞെടുപ്പിൽ പങ്കുകൊള്ളാതിരുന്നതിനെ മാത്രമേ സൂചിപ്പിക്കുന്നുള്ളു. ഇതു കേവലം ഒരു തൽക്കാലമാൎഗ്ഗമാണു്. അവശസമുദായസമത്വസ്ഥാപനപ്രസ്ഥാനത്തിനും പൊതുവേ ഈ പേരു നൽകുന്നുണ്ടു്. ഈ രണ്ടൎത്ഥങ്ങൾ തമ്മിലുള്ള വ്യത്യാസം മനസ്സിലാക്കാതെയാണു് നിവൎത്തനം പൊളിഞ്ഞു എന്നും നിവൎത്തനം ഉപേക്ഷിച്ചു എന്നും മററും നിവൎത്തനവിരോധികൾ പറഞ്ഞുവരുന്നതു്. അതിൻെറ വിപുലമായ അൎത്ഥത്തിൽ സമത്വം സ്ഥാപിതമാകുന്നതുവരെ നിവൎത്തനം നശിക്കുകയില്ല, നിവൎത്തനത്തെ അതു സ്വീകരിക്കുന്നവർ പരിത്യജിക്കുകയുമില്ല. സങ്കുചിതമായ അൎത്ഥത്തിൽ നിയമസഭാതിരഞ്ഞെടുപ്പു് അവസാനിച്ചതോടുകൂടി നിവൎത്തനം തുടൎന്നുകൊണ്ടുപോകുന്നതു് സാദ്ധ്യമല്ലാത്ത ഒരു കാൎയ്യവുമാണു്. അതിനാൽ നിവൎത്തനത്തെ ഉപേക്ഷിച്ചിരിക്കുന്നതുകണ്ടു് സന്തോഷിക്കുന്നു എന്നു മറുപടിയിൽ പറഞ്ഞിരിക്കുന്നതു് അൎത്ഥശൂന്യമായ വാചകമാണു്. അതു ചേൎത്തതു് ഗവമ്മെൻറിൻെറ അന്തസ്സു പരിപാലിക്കുവാൻ മാത്രമെന്നേ വിചാരിക്കാവൂ. ഇങ്ങനെ ഈ സന്ധിപ്രസ്ഥാനം യഥാൎത്ഥമായ പരാജയത്തിൽ കലാശിച്ചതുകൊണ്ടു് അതിനു തുനിഞ്ഞ നായകന്മാരെ പഴിക്കുന്നതു ന്യായമല്ലെന്നാണു ഞങ്ങൾ വിചാരിക്കുന്നതു്. തങ്ങളുടെ പ്രസ്ഥാനം വ്യവസ്ഥാപിതമായ ഒന്നാണെന്നു കൊട്ടിഘോഷിച്ചുകൊണ്ടിരുന്ന ഈ നായകന്മാൎക്കു് യഥാൎത്ഥവും ശാശ്വതവുമായ സന്ധിക്കുള്ള ഏതു് ആലോചനയും യുക്തിപൂൎവ്വം തിരസ്കരിക്കുവാൻ പാടില്ല. പക്ഷേ, ഗവമ്മെൻറിനു് യഥാൎത്ഥവും ശാശ്വതവുമായ സന്ധിക്കു മോഹമുണ്ടെന്നു് തക്കതായ കാരണംവിനാ വിശ്വസിച്ചതിൽ നായകന്മാർ ബുദ്ധിമോശം കാണിച്ചു എന്നും അവരെ ഗവമ്മെൻറുപക്ഷക്കാർ ഒന്നു പററിച്ചു എന്നും പറയാതെ ഗത്യന്തരമില്ല. വൈസ്രോയിയുടെ വരവുകാലത്തു് ഇവിടെ ബഹളമൊന്നുമുണ്ടാകരുതെന്നുള്ള വിചാരം മാത്രമേ ഗവമ്മെൻറുപക്ഷക്കാൎക്കുണ്ടായിരുന്നുള്ളു എന്നുവേണം കണ്ടിടത്തോളം വിചാരിക്കേണ്ടതു്. മറെറാരുവിധത്തിലും ഈ മറുപടി നിവൎത്തനസമുദായങ്ങൾക്കു കഠിനമായ ഇച്ഛാഭംഗം ഉളവാക്കുന്നതാണു്. സർ ഹബിബുള്ളയെ ദിവാനാ

യി നിയമിച്ച വാർത്ത അറിഞ്ഞപ്പോൾ, അദ്ദേഹം നിവൎത്തനപ്രശ്നത്തെ അനുഭാവപൂൎവ്വം വീക്ഷിച്ചു് അതിനു് ഉടനടി ഒരു പരിഹാരമുണ്ടാക്കുമെന്നു് അവശസമുദായങ്ങൾ വിചാരിച്ചിരുന്നു. എന്നാൽ പ്രസ്തുത മറുപടിയിൽ ഇനി മൂന്നുവർഷം കഴിഞ്ഞേ നിയമസഭാപ്രാതിനിധ്യപ്രശ്നത്തിനു പരിഹാരമുണ്ടാക്കുകയുള്ളു എന്നു പറഞ്ഞിരിക്കുന്നതിനാൽ സർ ഹബിബുള്ളായുടെ കൈയും ഈ മറുപടി മുൻകൂട്ടി ബന്ധിച്ചിരിക്കുന്നു എന്നു വരുന്നു. പിന്നെയും, നിവൎത്തനസമുദായങ്ങൾ നിയമസഭകളിൽ സമത്വസ്ഥാപനത്തിനായി മൂന്നുവർഷംകൂടി ക്ഷമിച്ചിരിക്കുവാൻ നിശ്ചയിക്കുന്നു എന്നു വിചാരിക്കുക. എന്നാലും അവസാനത്തിൽ അവൎക്കു സമ്പൂൎണ്ണസമത്വം കിട്ടുമെന്നു ഖണ്ഡിതമായ ഉറപ്പുകിട്ടിയിട്ടില്ല. എന്തെന്നാൽ മഹാരാജാവിൻെറ മറുപടിയിൽനിന്നു് ഇങ്ങനെ ഒടുക്കം സമ്പൂൎണ്ണസമത്വം കിട്ടുമെന്നു് പ്രസാദാത്മകൎക്കു് ഊഹിക്കാമെങ്കിലും മഹാരാജാവിൻെറയും വൈസ്രോയിയുടേയും ഈയിടെയുണ്ടായ ബാൻകാററ് പ്രസംഗങ്ങളിലെ ചില ഭാഗങ്ങൾ ഈ ഊഹത്തെ ദുർബലപ്പെടുത്തുകയാണു ചെയ്തിരിക്കുന്നതു്. പഴയ അസമത്വങ്ങൾ ഒരു പേനാത്തുമ്പിൻെറ ഒററ എഴുത്തുകൊണ്ടു മാററാവുന്നവയല്ലെന്നു മഹാരാജാവും രാഷ്ട്രീയവും സാമുദായികവുമായ അഭിവൃദ്ധി ക്രമേണ മാത്രമേ ഉണ്ടാകുകയുള്ളു എന്നു നിവൎത്തനക്കാരോടു് നേരിട്ടു വൈസ്രോയിയും പറഞ്ഞിട്ടുള്ള ഭാഗങ്ങളത്രെ മേൽപറഞ്ഞവ. പത്തുപന്ത്രണ്ടുകൊല്ലത്തിനുമുമ്പു് വെല്ലിങ്ങ്ഡൺപ്രഭു അവർകൾ ഇവിടെ വന്നപ്പോൾ അദ്ദേഹം അവശസമുദായക്കാൎക്കു് രാഷ്ട്രീയസമത്വം കൊടുക്കേണ്ടതാണെന്നു് അന്നത്തെ ബാൻകാററ് പ്രസംഗത്തിൽ നിർദ്ദേശിച്ചിരുന്നു. ഇന്നും അതു ലഭിച്ചിട്ടില്ലാത്ത സ്ഥിതിക്കു് പ്രഭു അവർകൾതന്നെ—പ്രത്യേകിച്ചു് ഇത്തവണത്തെ ബാൻകാററ് പ്രസംഗത്തിലും നിവൎത്തനത്തിൻെറ കാരണം നല്ലപോലെ അനുഭാവപൂൎവ്വം മനസ്സിലാക്കിയിട്ടുണ്ടെന്നു പ്രസ്പഷ്ടമാക്കിയ പ്രഭുതന്നെ—അവശസമുദായക്കാരോടു ക്ഷമ ഉപദേശിച്ചതും നിവൎത്തനപ്രസ്ഥാനത്തിനു് Ill-advised (ആലോചനാരഹിതമായ പ്രവൃത്തി) എന്നുള്ള വിശേഷണം നൽകിയതും ഉചിതമാണോ എന്നു് അദ്ദേഹം തന്നെ ഒന്നു് ആലോചിച്ചുനോക്കേണ്ടതാണു്. നിവൎത്തനംമൂലം ഇന്നല്ലെങ്കിൽ മൂന്നുവർഷം കഴിഞ്ഞിട്ടു് അവശസമുദായങ്ങളുടെ രാഷ്ട്രീയസങ്കടങ്ങൾക്കു് ഏതെങ്കിലും പരിഹാരമുണ്ടാക്കാമെന്നു് അധികാരികൾക്കു സമ്മതിക്കേണ്ടിവന്നതിനാൽ വൈസ്രോയി അതിഥിമൎയ്യാദയെ പുരസ്കരിച്ചു് എന്തുതന്നെ പറഞ്ഞാലും നിഷ്പക്ഷപാതികളായ ലോകർ നിവൎത്തനത്തെ ആലോചനാശൂന്യമായ പ്രവൃത്തിയെന്നു പഴിക്കുമെന്നു തോന്നുന്നില്ല. ഏതായാലും മഹാരാജാവിൻെറ മറുപടിയെപ്പററിയും അനന്തരകരണീയത്തെപ്പററിയും നിവൎത്തനനായകന്മാരുടെ പ്രഖ്യാപനം ഞങ്ങൾ സകൗതുകം കാത്തിരിക്കുകയാണു ചെയ്യുന്നതു്. ഒരു കാൎയ്യം കൂടി പറഞ്ഞുകൊള്ളട്ടെ. സങ്കടപരിഹാരാൎത്ഥം മേൽക്കോയ്മയോടു നാട്ടുരാജ്യപ്രജകൾക്കുള്ള അപ്പീലവകാശം തങ്ങൾ ഉപേക്ഷിച്ചിരിക്കുന്നു എന്നു മഹാരാജാവിനെ സന്ദൎശിച്ച നിവൎത്തനനായകന്മാർ സമ്മതി

ച്ചതു് അനാശാസ്യമാണെന്നു ഞങ്ങൾ വിചാരിക്കുന്നു എന്നുള്ളതാണു് ഈ കാര്യം. ഇതിനുള്ള കാരണങ്ങൾ ഞങ്ങൾ പലവുരു ഈ പംക്തികളിൽ ചൂണ്ടിക്കാണിച്ചിട്ടുള്ളതിനാൽ അവയെ ഇപ്പോൾ ആവർത്തിക്കുന്നില്ല.

കേസരി, 1933 ഡിസംബർ 13

# കൊച്ചിയിലും പത്രനിയമം

[കൊച്ചിയിൽ 1934-ൽ പുറപ്പെടുവിച്ച പത്രനിയമത്തെപ്പററിയാണു് ഈ മുഖപ്രസംഗം.]

ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്ന കൊച്ചീനിയമസഭായോഗത്തിൽ വച്ചു് ജനങ്ങളുടെ ഒരു മൗലികാവകാശമായ അഭിപ്രായപ്രകടനസ്വാതന്ത്ര്യത്തിൻെറ കഴുത്തിൽ കത്തിവയ്ക്കുവാൻ ഗവമെൻറു മുതിർന്നിരിക്കുന്നു. കൊച്ചീ പ്രസ്സും പുസ്തകരജിസ്ട്രേഷനും റഗുലേഷൻ ഭേദഗതിബിൽ, ക്രിമിനൽനടപടിനിയമഭേദഗതിബിൽ, പീനൽക്കോഡു് ഭേദഗതിബിൽ എന്നീ പുതിയ നിയമങ്ങൾ സഭയെക്കൊണ്ടു പാസ്സാക്കിപ്പിച്ചാണു് അവർ ഇതു ചെയ്യുവാൻ നിശ്ചയിച്ചിരിക്കുന്നതു്. ആദ്യത്തെ ബില്ലിൽ പത്രങ്ങളിൽ പത്രാധിപന്മാരുടെ പേരുകൾ കാണിച്ചിരിക്കണമെന്നും, ഉള്ളിലോ കവറിലോ, നിർമ്മര്യാദമോ, അസഭ്യമോ, രാജദ്രോഹകരമോ, ആഭാസമോ, ഭീഷണികരമോ, തീരെ വെറുപ്പുണ്ടാക്കുന്നതോ ആയ തരത്തിലുള്ള ഏതെങ്കിലും വാക്കുകളോ ചിഹ്നങ്ങളോ ചിത്രങ്ങളോ ഉള്ള പുസ്തകമോ പത്രമോ ആരെങ്കിലും അഞ്ചൽവഴി അയയ്ക്കുന്നതായാൽ ആയിരം രൂപയിൽ കവിയാത്ത പിഴയോ ആറുമാസത്തിൽ കവിയാത്ത വെറുംതടവോ അതു രണ്ടുംകൂടിയോ ശിക്ഷ നല്കാവുന്നതാണെന്നും പറഞ്ഞിരിക്കുന്നു. ഏതെങ്കിലും പത്രത്തിലോ പുസ്തകത്തിലോ രേഖയിലോ രാജദ്രോഹകരമോ, സമുദായങ്ങൾ തമ്മിൽ വിരോധമുണ്ടാക്കുന്നതോ, മനഃപൂർവ്വം ദുഷ്ടബുദ്ധിയോടുകൂടി ഏതെങ്കിലും സമുദായത്തിൻ്റെ മതത്തെയോ മതവിശ്വാസത്തെയോ നിന്ദിക്കുന്നതോ ആയ സംഗതി ഉണ്ടെന്നു ഗവമെൻറിനു ബോദ്ധ്യപ്പെട്ടാൽ അവക്കു് അതിനെ ഗസററിലെ പരസ്യംമൂലം കണ്ടുകെട്ടാമെന്നും ഇതിനെ സംബന്ധിച്ചുള്ള ഒരു മജിസ്ട്രേട്ടിൻെറ തീർപ്പിന്മേൽ ചീഫ്കോടതിയിൽ അപ്പീൽ കൊടുക്കാമെന്നുമാണു രണ്ടാമത്തെ ബില്ലിലെ പ്രധാന വ്യവസ്ഥകൾ. പീനൽക്കോഡു് ഭേദഗതിബില്ലിൽ രണ്ടു വ്യവസ്ഥകളുണ്ടു്. ഇതരരാജ്യങ്ങളിലെ രാജാക്കന്മാക്കോ ഗവമെൻറുകൾക്കോ എതിരായിട്ടുള്ള പ്രചരണവേല കൊച്ചിയിൽ നടത്തുവാൻ പാടില്ലെന്നാണു് ഈ വ്യവസ്ഥകളിൽ ഒന്നു്. മറേറതു് ഏതെങ്കിലും സമുദായത്തിൻെറ മതഭാവനകളെ മനഃപൂർവ്വം ദുഷ്ടവിചാരത്തോടു് ആക്ഷേപിക്കുന്നതിനെ ശിക്ഷാർഹമാക്കുന്നതുമാണു്. പ്രസ്സ്നിയമങ്ങളുടെ അഭാവംകൊണ്ടു തിരുവിതാംകൂറിനും

ബ്രി. ഇൻഡ്യയ്ക്കും മാതൃകയായിരുന്നിരുന്ന കൊച്ചീക്ക് ഈ അധഃപതനം, പ്രത്യേകിച്ചു ദിവാൻ മി. ഹെർബർട്ടിൻെറ കാലത്തു്, ഉണ്ടാകുമെന്നു ഞങ്ങൾ സ്വപ്നേപി വിചാരിച്ചിരുന്നില്ല. ഇതുനിമിത്തം തിരുവിതാംകൂറിലെ കുപ്രസിദ്ധമായ പഞ്ചമറഗുലേഷന്റെ കത്താവായ ദിവാൻ മി. വാട്ട്സിന്റെ നിലയാണു് കൊച്ചീചരിത്രത്തിൽ ദിവാൻ മി. ഹെർബർട്ടിനു് ഉണ്ടാകുവാൻ പോകുന്നതു്. സ്വേച്ഛാഭരണം നത്തനം ചെയ്യുന്ന നാട്ടരാജ്യങ്ങളിൽ പ്രജകൾക്കുള്ള ഏകരക്ഷാമാർഗ്ഗം പത്രങ്ങളുടെ സ്വാതന്ത്ര്യമാണു്. ഇതിനെ യഥേഷ്ടം നിയന്ത്രിക്കുവാൻ ആ ഗവമ്മെന്റുകൾതന്നെ കോടതികളെ വിഗണിച്ചു് അധികാരം കൈക്കലാക്കുമ്പോൾ ആ രാജ്യങ്ങളിലെ ജനങ്ങളുടെ രാഷ്ട്രീയപുരോഗതി നിന്നുപോകുകയും ചെയ്യും, ഉത്തരവാദഭരണകാഹളം ലോകമെങ്ങും മുഴങ്ങിക്കൊണ്ടിരിക്കുന്ന ഇന്നു് ഇതു് എത്രമാത്രം ദോഷകരമാണെന്നു പ്രത്യേകം പറയേണ്ടതില്ലല്ലോ. അതുപോലെതന്നെ മതങ്ങളുടേയും സദാചാരങ്ങളുടേയും അടിത്തട്ടു പൊളിഞ്ഞുതുടങ്ങിയിരിക്കുന്ന ഇന്നു് ഇങ്ങനെ ഒരു നിയന്ത്രണാധികാരം ഗവമ്മെൻറു നേരിട്ടു കൈയേറെറടുക്കുന്നതു ജനങ്ങളുടെ മാനസികമായ പുരോഗതിക്കും കണ്ടകോടാലിയായിത്തീരുന്നതാണു്. ഗവമ്മെൻറിൻെറ തീരുമാനത്തിന്മേൽ ചീഫ്കോടതിയിലേക്കു് അപ്പീൽ പോകാമെന്നുള്ള വ്യവസ്ഥ നിഷ്പ്രയോജനവും ലോകരുടെ കണ്ണിൽ മണ്ണിടാൻമാത്രം പര്യാപ്തവുമായ ഒന്നാകുന്നു. ഗവമ്മെൻറിൻെറ ഈ പുതിയ നിയമങ്ങളുടെ ഫലം -വാദിതന്നെ വിധിപറയുന്നതുപോലെയാണു്. ഇപ്പോൾ പീനൽക്കോഡിലുള്ള വ്യവസ്ഥകൾകൊണ്ടുതന്നെ വേണമെങ്കിൽ അപഥത്തിൽ ചരിക്കുന്ന പത്രങ്ങളെ നിയന്ത്രിക്കാവുന്നതാണു്. പക്ഷേ, അതിനു കോടതിയെ അഭയം പ്രാപിക്കേണ്ടിവരുന്നതിനാൽ ഗവമ്മെന്റിനു് യഥേഷ്ടം പ്രവത്തിക്കുവാൻ സാധിക്കാതെവരുന്നു. ഇതു് അവരുടെ ഉത്തമവിശ്വാസമില്ലായ്മയെ കാണിക്കുകയാണു ചെയ്യുന്നതു്. ഇന്നു ഫ്രാൻസ്, ഇംഗ്ലണ്ടു്, യുണൈറ്റഡ് സ്റ്റേറ്റ്സ് തുടങ്ങിയ പാശ്ചാത്യരാജ്യങ്ങളിൽ പത്രങ്ങളുടെ വായ്മൂടിക്കെട്ടുന്ന നിയമങ്ങൾ ഇല്ലാതെയിരുന്നിട്ടും അവിടെ കലാപമൊന്നുമുണ്ടാകുന്നില്ല—ഈയ്യിടെ ഫ്രാൻസിൽ നടന്ന സ്റ്റവിസ്കിയുടെ കള്ളമുൻസിപ്പൽ ബാണ്ടുനിമ്മാണകാൎയ്യത്തെസംബന്ധിച്ചു ഫ്രഞ്ച്യപത്രങ്ങൾ ഇന്നത്തെ ഫ്രഞ്ച്യഗവമ്മെന്റിനെ ചീത്തപറഞ്ഞതു് കൊച്ചീഗവമ്മെൻേറാ തിരുവിതാംകൂർ ഗവമ്മെന്റോ വായിച്ചിരുന്നു എങ്കിൽ അവക്കു ഭ്രാന്തുപിടിക്കുമായിരുന്നു. എന്നിട്ടും ഫ്രഞ്ച്യഗവമ്മെൻറ് അവിടെ ഒരു പത്രനിയമം ഉണ്ടാക്കുവാൻ ആലോചിക്കുന്നില്ല. അന്യ ഗവമ്മെൻറുകളെ രക്ഷിക്കാനുള്ള വകുപ്പിൽനിന്നു് ഈ നിയമനിമ്മാണത്തിനു പരപ്രേരണയുമുണ്ടായിട്ടുണ്ടെന്നുവേണം വിചാരിക്കേണ്ടതു്. അവരുടെ "എന്നെപ്പോലെ വാ നീയും" എന്ന അനുഗ്രഹത്തിൻെറ അത്ഥം മനസ്സിലാക്കാതെ അവരുടെ വലയിൽ അകപ്പെടാൻ കൊച്ചീഗവമ്മെന്റു മുതിൎന്നതു വിചിത്രംതന്നെ. ദിവാൻ മി. ഹെർബർട്ടു് കൊച്ചിയുടെ കണ്ണില്ലാത്തതൊക്കെ പൊന്നാക്കിയാലും ഈ ഒററ ഭയങ്കരവും അതിനിന്ദ്യവുമായ മദ്ദനനിയമംകൊണ്ടു തൻെറ ഭരണത്തെ

ശപിക്കപ്പെട്ടതാണെന്നു ഭാവിചരിത്രകാരന്മാരെക്കൊണ്ടു പറയിക്കുവാൻ ഇടവരുത്തുന്നതാണ്. അഭിപ്രായസ്വാതന്ത്ര്യത്തെപ്പോലെ വിലയേറിയ മറെറാരു പൗരാവകാശവും ഒരു ജനതതിക്കില്ല. മററു പൗരാവകാശങ്ങൾ പോയാലും അതു സഹിക്കാവുന്നതാണ്. എന്നാൽ മനസ്സിനെ ശ്വാസംമുട്ടിച്ചു കൊല്ലുന്ന ഈ പൗരാവകാശം പോയാൽ ആ ജനതതി ആത്മഹത്യ ചെയ്യുന്നതുതന്നെ നല്ലതു്. കൊച്ചിയിലെ അനുദ്യോഗസ്ഥനിയമസഭാംഗങ്ങൾ ഈ അക്രമമായ മർദ്ദനനിയമങ്ങളെ ഏകോപിച്ചു സർവ്വശക്തിയുമുപയോഗിച്ചു തള്ളിക്കളഞ്ഞില്ലെങ്കിൽ അവർ ജനദ്രോഹികളിൽ അഗ്രഗണ്യരായിത്തീരുന്നതാണ്. കൊച്ചിയിലെ പൊതുജനങ്ങളും ഈ ആപൽഘട്ടത്തിൽ ഉണർന്നു പ്രവർത്തിക്കേണ്ടിയിരിക്കുന്നു. തങ്ങളെ മൃഗതുല്യരാക്കുന്ന ഈ കുത്സിതമായ നിയമനിർമ്മാണത്തെ നാടിൻെറ നാനാഭാഗങ്ങളിലും പൊതുയോഗങ്ങൾ കൂടി അവർ പ്രതിഷേധിക്കേണ്ടതാണ്. കർഷകപ്രക്ഷോഭണത്തിൽ നാട്ടുരാജ്യപ്രജകൾക്കു മാതൃകയായിത്തീർന്ന ത്യാഗിവീരന്മാരുടെ ജന്മഭൂമിയായ കൊച്ചിരാജ്യത്തിലെ ജനങ്ങൾ ശാരീരികമായ ആവശ്യങ്ങളെക്കാൾ അത്യാവശ്യമായ മാനസിക ആവശ്യങ്ങളുടെ സംരക്ഷണത്തിനായി എന്തു ത്യാഗവും കഷ്ടതകളും അനുഭവിക്കുവാൻ സന്നദ്ധമാകുമെന്നാണു ഞങ്ങളുടെ ദൃഢമായ വിശ്വാസം.

കേസരി, 1934 ജനുവരി 24

# പുതിയ ദിവാൻജിയും തിരുവിതാംകൂറും

[സർ മഹമ്മദ് ഹബിബുള്ളയെ തിരുവിതാംകൂർ ദിവാൻജിയായി നിയമിച്ചപ്പോൾ അദ്ദേഹത്തിനു് മദ്രാസിലെ ചില മിത്രങ്ങൾ ഒരു വിരുന്നു നൽകുകയുണ്ടായി. അന്നത്തെ ആശംസകൾക്കു മറുപടി പറഞ്ഞുകൊണ്ടു് സർ മഹമ്മദ് ചെയ്ത പ്രസംഗമാണു് ഈ മുഖപ്രസംഗത്തിലെ പ്രതിപാദ്യം.]

മദ്രാസ് കോർപ്പറേഷനിലെ ഒരു അംഗമായ മി. ലാൽദാസ് ഗോവിന്ദാസ് തിരുവിതാംകൂറിലെ പുതിയ ദിവാൻജിയായ സർ മഹമ്മദ് ഹബിബുള്ളക്കു മദ്രാസിൽവച്ച് ഇക്കഴിഞ്ഞ ശനിയാഴ്ച നൽകിയ ഒരു വിരുന്നുസൽക്കാരവേളയിൽ അദ്ദേഹം തൻെറ പുതിയ ഉദ്യോഗത്തെപ്പററി പ്രസംഗിച്ചതിൻെറ ചുരുക്കം ചുവടെ ചേർക്കുന്നു: "ഞാൻ ഇതിനു മുമ്പു സന്ദർശിച്ചിട്ടില്ലാത്തതായ ഒരു രാജ്യത്തിലേക്കു ഞാൻ ഇതിനുമുമ്പു ചെയ്തിട്ടില്ലാത്തതായ ഒരു ജോലി ചെയ്യുവാൻ പോകുന്നു. എൻെറ നാല്പതുകൊല്ലത്തെ പൊതുക്കാര്യപ്രവർത്തനം ബ്രി. ഇൻഡ്യയിലായി

രുന്നു. അതിൽ എനിക്കു് എത്രമാത്രം വിജയമുണ്ടായിട്ടുണ്ടെന്നു് എനിക്കു് അറിഞ്ഞുകൂടാ. തിരുവിതാംകൂറിലെ എൻെറ ജോലി വിജയത്തിൽ കലാശിക്കുമെന്നു് ഇപ്പോൾ പറയാൻ നിവൃത്തിയില്ല. പക്ഷെ, ഒരുകാര്യം ഉറപ്പോടും ഉത്തമവിശ്വാസത്തോടും എനിക്കു പറയാവുന്നതാണു്. ഞാൻ ഇപ്പോഴും ഒരു അംഗമായിരിക്കുന്ന അനുദ്യോഗസ്ഥലോകത്തിനു കുറച്ചിൽ ഉണ്ടാകാതെ ഇരിക്കുവാനായി ഞാൻ എന്നാൽ കഴിയുന്നിടത്തോളം ശ്രമിക്കുന്നതാണു്. തിരുവിതാംകൂറിലെ നാടുവാഴിചെറുപ്പക്കാരനും തൻെറ രാജ്യത്തെ അഭിവൃദ്ധിപ്പെടുത്തുന്നതിനു് ഉത്സാഹിയുമാകുന്നു. അദ്ദേഹം സംസ്കൃതചിത്തനും വിശാലഹൃദയനുമാണു്. ഈയിടെയുണ്ടായ യൂറോപ്പുപര്യടനത്തിനുശേഷം പുതിയ ആശയങ്ങളെ നടപ്പിൽ വരുത്തണമെന്നു് അദ്ദേഹത്തിനു മോഹമുണ്ടു്. ബ്രി. ഇൻഡ്യയിൽനിന്നു ലഭിച്ച പരിചയത്തോടുകൂടിയ ഒരാളെ അദ്ദേഹത്തിനു സഹായമായി ആവശ്യമുണ്ടു്. എനിക്കു ലഭിച്ചിട്ടുള്ള പരിചയം പ്രയോജനകരമായിത്തീരുമെങ്കിൽ അതു മഹാരാജാവിനു സമർപ്പിക്കുവാൻ ഞാൻ സന്നദ്ധനാണെന്നു് അദ്ദേഹത്തെ അറിയിച്ചുകൊള്ളുന്നു.'' താൻ ഭരിക്കുവാൻ പോകുന്ന രാജ്യത്തോടും താൻ കയ്യേൽക്കുവാൻ പോകുന്ന ജോലിയോടുമുള്ള പരിചയക്കുറവുകൊണ്ടു് ഒരു ഭരണാധികാരിക്കു ചില ഗുണങ്ങളും ചില ദോഷങ്ങളും ഉണ്ടായേക്കാം. ഈ പുതുമ ഒരു പക്ഷപാതരഹിതമായ മനസ്സു് പുതിയ ഉദ്യോഗത്തിൽ തന്നെ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളുടെ പരിഹാരശ്രമത്തിൽ കൊണ്ടുവരാൻ അദ്ദേഹത്തെ സഹായിച്ചേക്കും. എന്നാൽ താൻ ഭരണം കൈയേൽക്കുന്ന രാജ്യത്തിൻെറ സ്ഥിതിഗതികൾ നേരിട്ടു് അറിയാതെയിരിക്കുന്നതു്, പ്രത്യേകിച്ചും തന്നെ സഹായിക്കാൻ ചുമതലയുള്ള ഉപമന്ത്രിമാർ ഇല്ലാതെയിരിക്കുന്നിടത്തു വിജയത്തിനു തടസ്സമായി നിന്നേക്കാവുന്നതാണു്. ബ്രി. ഇൻഡ്യയിലെ ഭരണപരിചയം ഒരുവിധത്തിൽ സർ ഹബിബുള്ളായ്ക്കു സഹായമായിത്തീരുമെങ്കിലും തിരുവിതാംകൂറിൻേറയും ബ്രി. ഇൻഡ്യയുടേയും സ്ഥിതികൾക്കു തമ്മിൽ സാരമായ വ്യത്യാസമുള്ളതിനാൽ അതുകൊണ്ടുമാത്രം വിജയം കരസ്ഥമാകുന്നതല്ല. സർ ഹബിബുള്ളായുടെ ബ്രിട്ടീഷ് ഇൻഡ്യയിലേ രാഷ്ട്രീയപ്രവത്തനക്കാലത്തു ബ്രി. ഇൻഡ്യാക്കാർക്കു സ്വേച്ഛാഭരണത്തിൽനിന്നു ദ്വിഭരണരൂപത്തിലുള്ള ഒരു ഭരണഘടന ലഭിക്കുകയുണ്ടായി. ഈ പരിവത്തനം ക്രമേണയാണു് ബ്രി. ഇൻഡ്യയിൽ ഉണ്ടായതു്. പ്രജാധിപത്യഭരണത്തിൻെറ വിജയത്തിനു് അപരിത്യാജ്യമായ സാർവത്രികമായ വിദ്യാഭ്യാസം ഇല്ലാത്തതായ ഒരു ജനതക്കാണു് ബ്രി. ഗവമ്മെൻറു് ഈ ഭരണപരിഷ്കാരങ്ങൾ നൽകിയതും. ബ്രി. ഇൻഡ്യയിലെ തൻെറ പരിചയത്തെ ആധാരമാക്കി തിരുവിതാംകൂറിലും ക്രമേണ മാത്രമേ ഭരണപരിഷ്കാരങ്ങൾ ഉണ്ടാക്കാവൂ എന്നു് സർ ഹബിബുള്ള വിചാരിച്ചേക്കാൻ ഇടയുണ്ടു്. തിരുവിതാംകൂറിലെ വിദ്യാഭ്യാസസ്ഥിതിയേയും ഇന്നത്തെ ജനങ്ങളുടെ ബദ്ധപ്പാടുള്ള മനസ്ഥിതിയേയും വിഗണിച്ചു് സർ ഹബിബുള്ള ഇങ്ങനെ ഭരണപരിഷ്കാരം ക്രമേണ മാത്രമേ നടപ്പിൽ വരുത്തുവാൻ നിശ്ചയിച്ചിട്ടുള്ളു

എങ്കിൽ അദ്ദേഹത്തിൻെറ ഭരണം ഭീമമായ പരാജയത്തിൽ കലാശിക്കുമെന്നു സധൈര്യം പ്രവചിക്കാവുന്നതാണു്. ദിവാൻജിക്കു പുറമേ സർവ്വശക്തനായ ഒരു ഉപദേഷ്ടാവു് തിരുവിതാംകൂറിനുള്ളതും സർ ഹബിബ്ബുള്ളായുടെ കരങ്ങളെ ബന്ധിക്കുന്നതാണു്. മദ്രാസ് ഗവർണ്ണരുടെ എക്സിക്യൂട്ടീവ്കൗൺസിൽ മെമ്പറായിരിക്കുമ്പോൾ സർ ഹബിബുള്ളയ്ക്കു് അബ്രാഹ്മണരും ബ്രാഹ്മണരും തമ്മിലുള്ള മത്സരവും ഇന്ത്യാഗവൺമെൻറിൽ ജോലിനോക്കുമ്പോൾ ഹിന്ദുക്കളും മുസ്ലിമീങ്ങളും തമ്മിലുള്ള മത്സരവും സുപരിചിതമാണു്. എന്നാൽ ഇവ രണ്ടും കൂട്ടിച്ചേർത്തതുപോലെയുള്ള ഒരു സങ്കീർണ്ണ വർഗ്ഗീയപ്രശ്നമാണു് ഇന്നു തിരുവിതാംകൂറിൽ കാണുന്നതു്. ഈ പ്രശ്നത്തെ കുറേക്കൂടി വിഷമതരമാക്കുന്നതു് ഇവിടത്തെ പരമാധികാരികൾക്കു മത്സരകക്ഷികളിൽ ഒന്നിനോടു ചാർച്ചയും വേഴ്ചയുമുള്ളതാണു്. ഈ സ്ഥിതിഗതി ബ്രിട്ടീഷ്ഇൻഡ്യയിലില്ല. അതിനാൽ ഈ വിഷയത്തിലും ബ്രി. ഇൻഡ്യയിലെ പരിചയം ഈ കുഴങ്ങിയ പ്രശ്നത്തിൻെറ പരിഹാരത്തിനു വലിയ സഹായമായി തീരുമോ എന്നു സംശയമാണു്. മറെറാരു അബദ്ധത്തിലും ബ്രി. ഇൻഡ്യയിൽ നിന്നു വരുന്ന രാഷ്ട്രീയപ്രവർത്തകർ ചാടാനിടയുണ്ടു്. നാട്ടുരാജ്യപ്രജകളുടെ അത്യധികമായ രാജഭക്തിനിമിത്തം അവർ സമ്പൂർണ്ണമായ ഉത്തരവാദഭരണത്തെ കാംക്ഷിക്കുന്നില്ലെന്നും പൊതുജനഹിതത്തെ ഏറെക്കുറെ അനുസരിച്ചു പ്രവർത്തിക്കുന്ന ഒരു ഭരണപരിഷ്കാരംകൊണ്ടു് അവർ സംതൃപ്തരായിക്കൊള്ളുമെന്നുമുള്ള തെറ്റിദ്ധാരണയാണിതു്. ഈ രാഷ്ട്രീയപ്രശ്നങ്ങൾക്കു പുറമേ തിരുവിതാംകൂറിൻെറ ഇന്നത്തെ ഒരു ഭരണാധികാരിക്കു നേരിടേണ്ടതായി വരുന്ന സാമ്പത്തികപ്രശ്നങ്ങൾ വളരെ പ്രയാസമേറിയവയാണു്. ലോകമൊട്ടുക്കു കാണാവുന്ന സാമ്പത്തികകുഴപ്പത്തിനു പുറമേ, ഇവിടെ നാളികേരപ്രശ്നം, ഇൻടർപോർട്ടൽകൺവെൻഷൻ പ്രശ്നം ഒഴിഞ്ഞ ഭണ്ഡാഗാരപ്രശ്നം മുതലായ പ്രത്യേക പ്രശ്നങ്ങളുമുണ്ടു്. ഇവയെ എല്ലാം പരിഹരിക്കുന്നതിനു് ദീർഘകാലത്തെ ഭരണപരിചയം മാത്രം പോരാ, ഒരു നവീനവും വിപ്ലവകരവുമായ വീക്ഷണകോണവും അതനുസരിച്ചു പ്രവർത്തിക്കാനുള്ള ധൈര്യവും തൻേറടവുംകൂടി വേണ്ടതാണു്. താൻ അനുദ്യോഗസ്ഥലോകത്തിനു് അപമാനം വരുത്തിവയ്ക്കാതിരിക്കാൻ ശ്രമിക്കുമെന്നു സർ ഹബിബുള്ള ഉറപ്പുപറയുന്നു. അനുദ്യോഗസ്ഥന്മാരായ സർ. എം. കൃഷ്ണൻനായരുടെ ഭരണത്തിൻേറയും സർ സി. പി. രാമസ്വാമി അയ്യരുടെ ഭരണത്തിൻേറയും പരാജയം ഓക്കുമ്പോൾ ഈ ഉറപ്പുകൊണ്ടുമാത്രം തിരുവിതാംകൂറിലെ ജനങ്ങൾ തൃപ്തിപ്പെടുമെന്നു തോന്നുന്നില്ല. സർ ഹബിബുള്ളയ്ക്കു് ഉടനടി പരിഹരിക്കേണ്ടതായി വരുന്ന രണ്ടു പ്രശ്നങ്ങൾ നിവർത്തനം, അഥവാ, പൗരസമത്വപ്രസ്ഥാനവും, നാളികേരപ്രശ്നവുമാണു്. ഇവ രണ്ടും ഉടനടി തൃപ്തികരമായ വിധത്തിൽ അദ്ദേഹത്തിനു പരിഹരിക്കാൻ സാധിച്ചാൽ അദ്ദേഹത്തിൻെറ ഭരണം ഏറെക്കുറെ വിജയത്തിൽ കലാശിക്കുവാനിടയുണ്ടു്.

കേസരി, 1934 ഫെബ്രുവരി 28

# പുതിയ ദിവാൻജിയുടെ പ്രസംഗങ്ങൾ

[സർ മഹമ്മദ് ഹബിബുള്ള തിരുവിതാംകൂറിൽ വന്നതിനുശേഷം ചെയ്ത ചില പ്രസംഗങ്ങളെപ്പററി.]

പുതിയ ദിവാൻജിയായ സർ മഹമ്മദ് ഹബിബുള്ള സെക്രട്ടേറിയററിലെ ഉദ്യോഗസ്ഥന്മാരോടായും തലസ്ഥാനത്തെ പൗരരുടെ മംഗളപത്രത്തിനു മറുപടിയായും പറഞ്ഞിട്ടുള്ള ചില കാര്യങ്ങളെപ്പറ്റിയാണു ഞങ്ങൾ അല്പം പറയാൻ പോകുന്നതു്. ഈ പ്രസംഗങ്ങളുടെ ചുരുക്കം അന്യത്ര ചേർത്തിട്ടുണ്ടു്. ഈ പ്രസംഗങ്ങൾ പുതിയ ദിവാൻജിയുടെ സുപ്രസിദ്ധമായ നയശീലത്തെ ഉദാഹരിക്കുന്നുണ്ടെങ്കിലും അദ്ദേഹത്തിനു തിരുവിതാംകൂറിനെപ്പററി ചില തെററിദ്ധാരണകൾ ഉണ്ടായിട്ടുണ്ടെന്നുംകൂടി അതു പ്രസ്പഷ്ടമാക്കുന്നു എന്നു ഞങ്ങൾ വിചാരിക്കുന്നു. മംഗളപത്രത്തിനു നല്കിയ മറുപടിയിൽ തിരുവിതാംകൂറിലെ ഭരണാധികാരികൾ സംസ്കൃതചിത്തരാണെന്നും ഇവിടത്തെ ഭരണവ്യവസ്ഥ ഏററവും അഭിനവമാണെന്നും പ്രജാപ്രഭുത്വഭരണതത്ത്വത്തിനു് ഉചിതമായ സ്ഥാപനങ്ങൾ അത്യധികമായ സംസ്കാരാഭിവൃദ്ധി, സുപ്രതിഷ്ഠിതമായ രാജഭക്തി എന്നിവയെല്ലാം ഇവിടെ ഉണ്ടെന്നു് അദ്ദേഹം വിശ്വസിക്കുന്നതായി പറഞ്ഞിരിക്കുന്നു. പ്രവൃത്തി കണ്ടു മനസ്സിന്റെ സംസ്കാരത്തെപ്പററി തീരുമാനിക്കുകയാണെങ്കിൽ അയിത്തം മുതലായ സാമുദായിക അസമത്വങ്ങൾ, പത്രനിയമങ്ങൾ, രാഷ്ട്രീയ അസമത്വങ്ങൾ എന്നിവയെ ഇതുവരെ അകററുവാൻ ആ ഭരണാധികാരികൾക്കു സാധിക്കാത്തതിനാൽ അവരുടെ സംസ്കൃതചിത്തതയെപ്പററി നിഷ്പക്ഷരായ നിരൂപകർക്കു സംശയം ജനിക്കുകതന്നെ ചെയ്യും. ഇവിടത്തെ ഭരണവ്യവസ്ഥ വാസ്തവത്തിൽ അഭിനവമല്ല; അതു മാണ്ട്ഫോർഡ് ഭരണപരിഷ്കാരത്തിനു മുമ്പുള്ള ഇൻഡ്യാഭരണത്തോടു് ഏറെക്കുറെ സാമ്യമുള്ള ഒരു അതിപഴഞ്ചൻ വ്യവസ്ഥയാണു്. ഇവിടെ നിയമസഭകളുടെ പൊതുജനപ്രാതിനിധ്യസംബന്ധമായ കുറവുകളും ഉയർന്ന വോട്ടവകാശയോഗ്യതകളും സകല വർഗ്ഗക്കാർക്കും അവർ അർഹിക്കുന്ന പ്രാതിനിധ്യം നല്കാത്തതായ നിയോജകമണ്ഡലഘടനയും നാമമാത്രമായ അധികാരങ്ങളും അറിയാവുന്നവർ ഈ സ്ഥാപനങ്ങൾ പ്രജാപ്രഭുത്വഭരണത്തിനു് ഉചിതമായിട്ടുള്ളവയാണെന്നു പറയുന്നതല്ല. വിദ്യാഭ്യാസവും സംസ്കാരവും ഒന്നാണെന്നു തെററിദ്ധരിക്കുന്നവർമാത്രമേ ഇവിടത്തെ ജനങ്ങൾക്കു് അതിയായ സംസ്കാരമുണ്ടെന്നു പറയുകയുള്ളു. നിവർത്തനപ്രസ്ഥാനം ശക്തിമത്തായിരിക്കുമ്പോൾ നടന്നിട്ടുള്ള പല സംഭവങ്ങളും രചിക്കപ്പെട്ടിട്ടുള്ള പല ലേഖനങ്ങളും യഥാർത്ഥ സംസ്കാരത്തിന്റെ കുറവു് ഈ നാട്ടാർക്കു ധാരാളമായി ഉണ്ടെന്നും തെളിയിക്കുന്നുണ്ടു്. സ്വാതന്ത്ര്യത്തെയോ രാജ്യഭക്തിയേയോ വിഗണിച്ചുള്ള രാജഭക്തി ഇവിടെ അധികം

പേക്ഷണ്ടോ എന്നു ഞങ്ങൾക്കു ബലമായ സംശയമുണ്ട്. ഇവ കേവലം ഭംഗിവാക്കുകളല്ല, പുതിയ ദിവാൻജിയുടെ വിശ്വാസങ്ങളാണെന്നു വേണം വിചാരിക്കേണ്ടതു്. താൻ ഭരിക്കുവാൻപോകുന്ന ഒരു രാജ്യത്തിനെപ്പററി ഇത്രമാത്രം മൗലികമായ തെററിദ്ധാരണകൾവെച്ചുകൊണ്ടു ഭരണം തുടങ്ങുന്നതു വിജയത്തിനു തടസ്സമായിത്തീരുന്നതാണെന്നു ഞങ്ങൾ സർ മഹമ്മദിനെ സ്നേഹബുദ്ധ്യാ അറിയിച്ചുകൊള്ളുന്നു. സർ സി. പി.യുമായി തനിക്കുള്ള അടുപ്പത്തെ പൊതുജനങ്ങളിൽ ഭൂരിപക്ഷത്തിനും അദ്ദേഹത്തെപ്പറ്റിയുള്ള അഭിപ്രായമെന്തെന്നു് അറിയാതെ ഒരു പൊതുജനമംഗളപത്രത്തിനുള്ള മറുപടിയിൽ സർ മഹമ്മദ് എടുത്തു ചൂണ്ടിക്കാണിച്ചതു് ആലോചനയില്ലാത്ത ഒരു പ്രവൃത്തിയായിപ്പോയില്ലേ എന്നു ഞങ്ങൾ സംശയിക്കുന്നു. ആരോഗ്യകരമായ പൊതുജനാഭിപ്രായത്തെ ബഹുമാനിക്കുമെന്നുള്ള അദ്ദേഹത്തിൻെറ വാഗ്ദാനം സന്തോഷകരമാണു്. ജാതിയും മതവും വർഗ്ഗവും നോക്കാതെ ഭരിക്കുമെന്നു പറഞ്ഞതും അഭിനന്ദനീയംതന്നെ. പക്ഷേ, ഇവിടത്തെ പരിതസ്ഥിതിയിൽ ഈ വാഗ്ദാനങ്ങളനുസരിച്ചു ഭരിക്കുവാൻ വളരെ പ്രയാസമാണെന്നു് അദ്ദേഹം അറിഞ്ഞിരിക്കുന്നതു നന്നായിരിക്കും. പൗരസമത്വപ്രസ്ഥാനത്തിനു കാരണമായ യഥാർത്ഥ സങ്കടങ്ങളെ പരിഹരിക്കുന്നതിൽ സർ മഹമ്മദ് ദൃഷ്ടി പതിപ്പിക്കുമ്പോൾ അദ്ദേഹത്തിൻെറ ഈ വാഗ്ദാനങ്ങളുടെ മാററുരച്ചുനോക്കുവാൻ പൊതുജനങ്ങൾക്കു് ഒരവസരം ലഭിക്കുന്നതാണു്. അതുപോലെതന്നെ നാളികേരപ്രശ്നപരിഹാരശ്രമത്തിലും സാമ്പത്തികവൈഷമ്യംകൊണ്ടു വലയുന്ന കർഷകരുടെ ഭാരങ്ങൾ കുറയ്ക്കുന്നതിലും അദ്ദേഹം ശ്രദ്ധ പതിപ്പിക്കുമ്പോൾ അദ്ദേഹത്തിന്റെ പൊതുജനാഭിപ്രായബഹുമാനം എത്രമാത്രമുണ്ടെന്നു് ഈ നാട്ടുകാർക്കു മനസ്സിലാക്കുവാൻ കഴിയും. സ്ഥാനാരോഹണദർബാർപ്രസംഗത്തെ ഉദ്ധരിച്ചുകൊണ്ടു മാതൃഭൂമിയുടെ സേവനത്തിനു് എല്ലാവരും ഒത്തൊരുമിച്ചു ശ്രമിക്കണമെന്നു് അദ്ദേഹം അപേക്ഷിക്കുന്നു. മാതൃഭൂമിയോടു സ്നേഹവിചാരം വരണമെങ്കിൽ അതിലുള്ള വർക്കെല്ലാവർക്കും ഒന്നുപോലെ അവകാശങ്ങൾ ഉണ്ടായിരിക്കണം. അതിപ്പോഴില്ല. ഉണ്ടായിരുന്നു എങ്കിൽ നിവർത്തനപ്രസ്ഥാനം ജനിക്കുകയില്ലായിരുന്നു. ഈ സമത്വം ഇവിടെ ആദ്യമായി വരുത്തിയിട്ടു് അദ്ദേഹം ഏകോപിച്ച മാതൃഭൂമിസേവനം ആവശ്യപ്പെട്ടിരുന്നുവെങ്കിൽ അതു കൂടുതൽ ഫലവത്തായിത്തീരുമായിരുന്നു. സെക്രട്ടേറിയററ്പ്രസംഗത്തിലും സർ മഹമ്മദിനു ചില തെററിദ്ധാരണകൾ വന്നിട്ടുള്ളതായി ഞങ്ങൾ വിചാരിക്കുന്നു. ഇവിടത്തെ സെക്രട്ടേറിയററിൻെറ കാര്യക്ഷമതയെപ്പററി അദ്ദേഹം പറഞ്ഞിട്ടുള്ളതു് അതിശയോക്തിയാണെന്നാണു ഞങ്ങൾ വിചാരിക്കുന്നതു്. മൗഢ്യം ദൈവദത്തവും കാപട്യം മനുഷ്യപ്രകൃതവുമാകയാൽ താൻ ആദ്യത്തേതു പൊറുക്കുമെന്നും ഒടുവിലത്തേതു പൊറുക്കുകയില്ലെന്നും സർ മഹമ്മദ് സെക്രട്ടേറിയററുകാരോടു പറയുകയുണ്ടായി. ഞങ്ങളുടെ അഭിപ്രായത്തിൽ സർക്കാരുദ്യോഗസ്ഥന്മാരെ സംബന്ധിച്ചിടത്തോളം ഒരു ഭരണാധികാരി രണ്ടിനേയും ഒന്നുപോലെ വീക്ഷിക്കേണ്ടതാണു്. പൊതുജന

ങ്ങൾക്കും രാജ്യത്തിനും അത്യന്തം ദോഷകരമായ ഒരു പ്രവൃത്തി ഒരു ഉദ്യോഗസ്ഥൻ തൻെറ മൗഢ്യംകൊണ്ടു ചെയ്യുവെന്നു വരാം. അയാൾ അഴിമതി ചെയ്താൽ എങ്ങനെ ശിക്ഷയ്ക്കു് അർഹനാകുമോ അതുപോലെ പ്രസ്തുത മൂഢപ്രവൃത്തിക്കും അയാൾ ശിക്ഷയെ അർഹിക്കുന്നതാണു്. സത്യസന്ധതയും ശേഷിയുമുള്ള ഉദ്യോഗസ്ഥന്മാർ തിരുവിതാംകൂർ സർവ്വീസിൽ വളരെ കുറവാണെന്നാണു ഞങ്ങൾ വിചാരിക്കുന്നതു്. ഈ രണ്ടുഗുണങ്ങളും ഒന്നുപോലെ തികഞ്ഞ ഉദ്യോഗസ്ഥന്മാരെ കിട്ടുന്നതു പ്രയാസമാണെന്നു ഞങ്ങൾക്കു് അറിയാവുന്നതാണു്. എന്നാലും അതിനായിട്ടുവേണം സർ മഹമ്മദ് ശ്രമിക്കേണ്ടതു്. സർ മഹമ്മദിൻെറ പ്രസ്തുത പ്രസംഗങ്ങളിൽ മേൽ ചൂണ്ടിക്കാണിച്ച കുററങ്ങളും കുറവുകളും ഉണ്ടെങ്കിലും സാമാന്യമായി പറയുകയാണെങ്കിൽ പൊതുജനങ്ങളിൽ അവ അദ്ദേഹത്തെപ്പററി ഒരു അനുകൂലമായ മനസ്ഥിതിയാണു ജനിപ്പിച്ചിട്ടുള്ളതെന്നു പറഞ്ഞേതീരൂ. ഈ പ്രഥമമായ നല്ല അഭിപ്രായത്തെ അദ്ദേഹം തൻെറ പ്രവൃത്തികൾകൊണ്ടു ബലപ്പെടുത്തുമെന്നു വിശ്വസിക്കുന്നു.

കേസരി, 1934 മാർച്ച് 7

# രണ്ടു പ്രഖ്യാപനങ്ങൾ

[തിരുവിതാംകൂറിലെ വർഗ്ഗീയപ്രശ്നത്തിനു് പരിഹാരമുണ്ടാക്കുവാൻ ഒരവശസമുദായാംഗമായ സർ മഹമ്മദ് ഹബിബുള്ളയ്ക്കാഗ്രഹമുണ്ടെങ്കിലും സർ സി. പി. യാണു് അതിനു പ്രതിബന്ധമായിനിൽക്കുന്നതെന്നു് ചില കിംവദന്തികൾ പ്രചരിക്കുവാൻ തുടങ്ങി. സർ സി. പി പരോക്ഷമായിട്ടെങ്കിലും ഈ കിംവദന്തികളെ നിഷേധിച്ചുകൊണ്ടും തൻെറ നിർദ്ദോഷത പ്രഖ്യാപിച്ചുകൊണ്ടും ഒരു പ്രസംഗം ചെയ്തു. തിരുവിതാംകൂർ ഗവമ്മെൻറും അവ്യക്തമായിട്ടാണെങ്കിലും ഒരു പ്രഖ്യാപനംവഴി ഈ കിംവദന്തികൾ നിഷേധിച്ചു. ഈ രണ്ടു പ്രഖ്യാപനങ്ങളേയും പരാമർശിച്ചു് ബാലകൃഷ്ണപിള്ള എഴുതിയ മുഖപ്രസംഗം.]

ഇന്നു തിരുവിതാംകൂറിൽ പൊന്തിച്ചുനിൽക്കുന്ന വർഗ്ഗീയപ്രശ്നത്തെപ്പററി ഈയിടെ സർ സി. പി. രാമസ്വാമിഅയ്യരും ഗവമ്മെൻറും പുറപ്പെടുവിച്ചിട്ടുള്ള രണ്ടു പ്രഖ്യാപനങ്ങളുടെ വിവരങ്ങൾ അന്യത്ര ചേൎത്തിട്ടുണ്ടു്. ഇവയിൽ സർ സി. പി. യുടെ പ്രഖ്യാപനം അദ്ദേഹം മുമ്പു പ്രസിദ്ധപ്പെടുത്തിയിട്ടുള്ള പല പ്രഖ്യാപനങ്ങളെപ്പോലെ തക്കസംഗതിയുടെ കേന്ദ്രത്തെ സ്പർശിക്കാതെ അതിൻെറ നിസ്സാരമായ വശത്തെ

മാത്രം സ്പർശിക്കുകമാത്രമാണു ചെയ്യുന്നതു്. വിവാദകാര്യത്തിന്റെ കേന്ദ്രം വർഗ്ഗീയപ്രശ്നത്തിനു ഗവമ്മെൻറു് ഇതേവരെ ഒരു പരിഹാരവും ഉണ്ടാക്കാതെയിരിക്കുന്നതാണു്. ആപൽക്കരമായ ഈ അമാന്തം കണ്ടു് അതിനുള്ള കാരണങ്ങൾ അഭ്യൂഹിക്കുവാൻ അവശസമുദായങ്ങൾ ശ്രമിക്കുന്നതിൽ അത്ഭുതപ്പെടാനൊന്നുമില്ല. ഈ ശ്രമത്തിൻെറ ഫലമായി അവർ ഗവമ്മെൻറിന്റെ ഉപദേഷ്ടാക്കൾ തമ്മിലുള്ള വടംവലിയാണു് ഇതിനു കാരണമെന്നു് ഊഹിച്ചു എങ്കിൽ (സർ സി. പി. പറയുന്നതുപോലെയുള്ള ഒരു പ്രസ്താവന കോഴഞ്ചേരിയിൽവച്ചുണ്ടായോ എന്നു ഞങ്ങൾ സംശയിക്കുന്നു എന്നും ഇടയ്ക്കു പറഞ്ഞുകൊള്ളട്ടെ.) അതിനു പ്രഥമദൃഷ്ടിയിൽ വിശ്വാസയോഗ്യമായ കാരണങ്ങളുമുണ്ടു്. വർഗ്ഗീയ അസമത്വങ്ങളെ വച്ചു പരിപാലിച്ചുകൊണ്ടുപോകുന്ന ഭരണപരിഷ്കാരപദ്ധതിയുടെ സ്രഷ്ടാവു് സർ സി. പി. യാണു്. താൻ നിർമ്മിച്ച ഭരണഘടനയെ ഉടനടി മാററുവാൻ ഒരാൾക്കു സമ്മതമുണ്ടാകുമെന്നു മനുഷ്യസ്വഭാവം അറിയുന്നവർ വിചാരിക്കുകയില്ല. ഇപ്പോഴത്തെ നിയമസഭകളുടെ കാലാവധി അവസാനിച്ചിട്ടുമാത്രമേ അവയിൽ വർഗ്ഗീയസമത്വം സ്ഥാപിക്കുന്നതിനെപ്പററി ആലോചിക്കുകയുള്ളു എന്ന ഗവമ്മെൻറിൻെറ മുമ്പിലത്തെ പ്രഖ്യാപനത്തിൽ സർ സി. പി. യുടെ കൈയ്യ് അവശസമുദായക്കാർ കാണുന്നു. അതിനാൽ സർ സി. പി. ഈ പ്രശ്നത്തിൻെറ പരിഹാരത്തിനു പ്രധാനതടസ്സമായി നിൽക്കുന്നുണ്ടെന്നു് അവർ അനുമാനിച്ചാൽത്തന്നെ അതിനു് അവരെ പഴിച്ചിട്ടാവശ്യമില്ല. നേരേമറിച്ചു് സർ മഹമ്മദ് ഹബിബുള്ള അവശത അനുഭവിക്കുന്ന വർഗ്ഗങ്ങളിൽ ഒന്നിൽപ്പെട്ട ഒരു ദേഹമാണു്. ദിവാൻ ഉദ്യോഗം സ്വീകരിക്കുന്നതിനു മുമ്പ് അദ്ദേഹം പൗരസമത്വ(അന്നത്തെ നിവർത്തന)പ്രസ്ഥാനക്കാരോടു് അനുഭാവം പ്രദർശിപ്പിച്ചിട്ടുണ്ടായിരുന്നു. ദിവാൻജി ആയതിനുശേഷം അദ്ദേഹം താൻ ഈ പ്രശ്നത്തിനു് ഒരു പരിഹാരമുണ്ടാക്കുന്നതാണെന്നു പരസ്യമായി പ്രസംഗിച്ചിട്ടുമുണ്ടു്. ഈ സംഗതികളിൽനിന്നു് സർ മഹമ്മദിനു പ്രസ്തുതപ്രശ്നം തൃപ്തികരമായ വിധത്തിൽ പരിഹരിക്കണമെന്നു വിചാരമുണ്ടെന്നും സർ സി. പി. യാണു് അതിനു തടസ്സമായി നിൽക്കുന്നതെന്നും അവശസമുദായക്കാർ ഊഹിച്ചു എങ്കിൽ അതിൽ അത്ഭുതപ്പെടാനില്ല. സർ സി. പി. യുടെ ഇപ്പോഴത്തെ പ്രഖ്യാപനം ഈ അമാന്തത്തിനു കാരണം എന്താണെന്നും ആ കാരണം എന്നു നീങ്ങുമെന്നും പറയാതെ ആ കാരണം താനും സർ മഹമ്മദും തമ്മിലുള്ള പിണക്കമല്ലെന്നുമാത്രം പറയുന്നു. ഇതിൽനിന്നുള്ള ധ്വനി ഈ അമാന്തത്തിനു് തന്നെ പഴിക്കുകയാണെങ്കിൽ സർ മഹമ്മദിനെയുംകൂടി പഴിക്കുന്നതേ ന്യായമായിരിക്കുകയുള്ളു എന്നാണു്. മറെറാരു ധ്വനി തനിക്കു ഭരണകാര്യത്തിൽ പ്രായേണ നിയമസാധുത്വമുള്ള ഒരു നില ഇല്ലായ്കയാലും സർ മഹമ്മദിനു് അതുള്ളതിനാലും തന്നെ പഴിക്കുന്നതിനെക്കാൾ ന്യായമായിട്ടുള്ളതു് സർ മഹമ്മദിനെ പഴിക്കുന്നതാണു് എന്നത്രെ. ഈ ധ്വനി മനസ്സിലാക്കിയിട്ടാണെന്നു തോന്നുന്നു ഗവമ്മെൻറു് തങ്ങൾ ഈ കാര്യത്തിൻെറ പരിഹാരത്തിനുള്ള പദ്ധതി രൂപവല്ക്കരിക്കുന്നതിൽ

ഏപ്പെട്ടിരിക്കുന്ന എന്നും മററുമുള്ള പ്രസ്സ് കമ്മ്യൂണിക്കേ പുറപ്പെട്ടുവിച്ചിരിക്കുന്നതു്. ഈ അമാന്തത്തിനു ദിവാൻജിയേയും പഴിക്കാൻ പാടില്ലെന്നാണു് പ്രസ്തുത പ്രസ്സ്കമ്മ്യൂണിക്കേയിലെ ധ്വനി. വല്ലവരേയും പഴിക്കണമെന്നുണ്ടെങ്കിൽ ചരിത്രത്തെ പഴിച്ചാൽമതി എന്നാണു് പ്രസ്സ് കമ്മ്യൂണിക്കേയിലെ മറെറാരു ധ്വനി. ഈ പ്രശ്നത്തിൻെറ പ്രാധാന്യത്തെ സംബന്ധിച്ചോ അതു പരിഹരിക്കേണ്ടതിൻെറ അത്യാവശ്യത്തെ സംബന്ധിച്ചോ തനിക്കും സർ മഹമ്മദിനും തമ്മിൽ അഭിപ്രായവ്യത്യാസമില്ലെന്നു സർ സി. പി. പറയുന്നു. ഇതു സർ സി. പി. പറയാതെ തന്നെ എല്ലാവക്കും അറിയാവുന്നതാണു്. തിരുവിതാംകൂറിലുള്ള എല്ലാപേക്കുംതന്നെ, സർ സി. പി. ക്കും സർ മഹമ്മദിനും മാത്രമല്ല, ഈ പ്രശ്നത്തിൻെറ പ്രാധാന്യവും അതു പരിഹരിക്കേണ്ടതിൻെറ അത്യാവശ്യവും അറിയാവുന്നതാണു്. അതു പരിഹരിക്കുന്ന മാർഗ്ഗങ്ങളെപ്പററി മാത്രമേ തിരുവിതാംകൂറിൽ ജനവിഭാഗങ്ങൾക്കുതമ്മിൽ അഭിപ്രായവ്യത്യാസമുള്ളു. സർ സി. പി. ക്കും സർ മഹമ്മദിനും തമ്മിൽ ഈ മാർഗ്ഗങ്ങളെപ്പററി അഭിപ്രായവ്യത്യാസമുണ്ടോ എന്നാണു് തിരുവിതാംകൂർ ജനതക്കു് അറിയേണ്ടിയിരുന്നതു്. ഇതിനെ ഒഴിഞ്ഞുകളഞ്ഞുകൊണ്ടാണു് സർ സി. പി. തൻെറ വിജ്ഞാപനം പ്രസിദ്ധപ്പെടുത്തിയിരിക്കുന്നതു്. എന്നാലും ഈ മാർഗ്ഗങ്ങളെപ്പററി ഇവക്കുതമ്മിൽ അഭിപ്രായവ്യത്യാസം കണ്ടേക്കുമെന്നു് അതിൽ ഒരു അവ്യക്തമായ ധ്വനിയുണ്ടെന്നു് ഊഹിച്ചാൽ അതു തീരെ അടിസ്ഥാനരഹിതമാണെന്നു പറയുവാൻ പാടില്ലെന്നാണു് ഞങ്ങൾക്കു തോന്നുന്നതു്. ഈ പ്രശ്നത്തിൻെറ പരിഹാരത്തിനുള്ള അമാന്തത്തിനു് ഒരു കാരണം 1933-ൽ ഗവമ്മെൻറു പ്രസിദ്ധപ്പെടുത്തിയ പ്രസ്സ്കമ്മ്യൂണിക്കേയാണെന്നു് ഇപ്പോഴത്തെ പ്രസ്സ്കമ്മ്യൂണിക്കേയിൽ ഗവമ്മെൻറു പറഞ്ഞിരിക്കുന്നതിൽനിന്നും സർ മഹമ്മദിനെ ഈ അമാന്തത്തിനു പഴിക്കാൻ പാടില്ലെന്നു ഗവമ്മെൻറു ധ്വനിപ്പിച്ചിരിക്കുന്നു. 1933-ലും 1935-ലും സർ സി. പി. ഉപദേഷ്ടാവായിരുന്നതിനാൽ വ്യക്തികളെ പഴിക്കണമെങ്കിൽ സർ സി. പി. യെയാണു് പഴിക്കേണ്ടതെന്നും ഇതിൽനിന്നു് ഒരു ധ്വനി ഉണ്ടാകുന്നു. ഇങ്ങനെ ചുഴിഞ്ഞുനോക്കുകയാണെങ്കിൽ ഈയിടെ പുറപ്പെട്ട രണ്ടു വിജ്ഞാപനങ്ങളിലും സർ സി. പി. യും സർ മഹമ്മദും ഈ അമാന്തത്തെ സംബന്ധിച്ചു പരസ്പരം വ്യംഗ്യമായി കുററപ്പെടുത്തുകയാണു ചെയ്യുന്നതെന്നു് ഊഹിക്കാവുന്നതാണു്. ആരുവച്ച തീയായാലും വീടു വെന്തു എന്നാണു വന്നിരിക്കുന്നതു്. വീടു വെന്തതിനു് ഉടനടി പൂണ്ണപരിഹാരമുണ്ടാക്കുന്നതാണു് അടിയന്തിരമായ കാര്യം. ഇതിനു ഗവമ്മെൻറു തയ്യാറുണ്ടെന്നു് പ്രസ്സ്കമ്മ്യൂണിക്കേയിൽനിന്നു കാണുന്നില്ല. പ്രായപൂത്തി വന്നവക്കു വോട്ടവകാശം, വർഗ്ഗങ്ങൾക്കു തമ്മിൽ സമ്പൂണ്ണമായ സമത്വം മുതലായവയാൽ മാത്രമേ ഈ പ്രശ്നത്തെ തൃപ്തികരമായ വിധത്തിൽ പരിഹരിക്കാവൂ. ഇതിനൊന്നും തങ്ങൾ തയ്യാറില്ലെന്നു പ്രസ്തുത പ്രസ്സ്കമ്മ്യൂണിക്കേയിൽ ഗവമ്മെൻറു വ്യക്തമായി പറഞ്ഞിട്ടുണ്ടു്. ഇവയില്ലാത്ത പരിഹാരം അവശസമുദായക്കാരെ തൃപ്തിപ്പെടുത്തുന്നതല്ല. തന്മൂലം ഗവമ്മെൻറു

ത്രുപവല്ക്കരിച്ചുവരുന്നതായ മൃതസഞ്ജീവിനി ഫലിക്കാതെ പോകുമെന്നു് ഇപ്പോൾത്തന്നെ സധൈര്യം പ്രവചിക്കാവുന്നതാണു്. കൂടാതെ, കോഴഞ്ചേരിയിൽവച്ചു പ്രസംഗിച്ച അവശസമുദായങ്ങളിലെ തലവരുടെ നേക്കു മർദ്ദനപരമായ ചില നടപടികൾ തുടങ്ങുവാൻ ഗവമ്മെൻറു് ആലോചിക്കുന്നു എന്നുള്ള കേൾവി വാസ്തവമാണെങ്കിൽ പ്രസ്തുത മൃതസഞ്ജീവിനി കൂടുതൽ പരാജയത്തിലാണു കലാശിക്കാൻ പോകുന്നതെന്നും ഞങ്ങൾ വിചാരിക്കുന്നു. സങ്കടങ്ങൾ മാററാതെകണ്ടു സങ്കടം ശക്തിയായി പറയുന്നവരെ മർദ്ദിച്ചതുകൊണ്ടു യാതൊരു ഗുണവും ഉണ്ടാകുന്നതല്ല. ഞങ്ങൾ ഇക്കാര്യത്തെ സംബന്ധിച്ചു പൗരസമത്വപ്രസ്ഥാനക്കാരോടു് ഉപദേശിക്കുന്നതു് വില്ലിങ്ങ്ഡൺപ്രഭു തിരുവിതാംകൂർ സന്ദർശിച്ച സന്ദർഭത്തിൽ അവർ പാറിയ കബളിപ്പു വീണ്ടും പാറാതെ അവർ സൂക്ഷിച്ചുകൊള്ളണമെന്നാണു്. ഗവമ്മെൻറിന്റെ പ്രസ്സ്കമ്മ്യൂണിക്കേകളും വാക്കുകൊണ്ടുള്ള ചെപ്പടിവിദ്യകളും കണ്ടു വഞ്ചിതരാകാതെ അവർ തങ്ങളുടെ ഉദ്ദേശസിദ്ധിവരുന്നതുവരെ തങ്ങൾ സ്വീകരിച്ചിട്ടുള്ള വ്യവസ്ഥിതമാർഗ്ഗങ്ങളിൽക്കൂടി ഇടവിടാതെ പ്രക്ഷോഭണം നടത്തിക്കൊണ്ടുപോകുകതന്നെ വേണം. ഈ വ്യവസ്ഥിതമാർഗ്ഗങ്ങളിൽ മേൽക്കോയ്മക്കുള്ള മെമ്മോറിയലുകളും പാർലമെൻറിൽക്കൂടിയുള്ള പ്രക്ഷോഭണവും ഉൾപ്പെടുന്നതാണെന്നാണു് ഞങ്ങൾ വിചാരിക്കുന്നതു്.

കേസരി, 1935 മേയ് 29

# ഒരു ഇരട്ടത്തലയൻനയം

[ഭരണപരിഷ്കാരത്തിൽ വന്നുപോയിട്ടുള്ള പാകപ്പിഴകളെ സമ്മതിക്കയും അവ തിരുത്തുന്നതാണെന്നു പ്രഖ്യാപിക്കയും ചെയ്ത ഗവമ്മെൻറുതന്നെ ആ ഭരണപരിഷ്കാരത്തിനെതിരേ നടത്തുന്ന പ്രക്ഷോഭണങ്ങളെ മട്ടിച്ചൊതുക്കുവാൻ ശ്രമിക്കുന്നതിലുള്ള പൂർവ്വാപരവൈരുദ്ധ്യത്തെ ഈ ലേഖനം വെളിപ്പെടുത്തുന്നു.]

നിയമസഭാപരിഷ്കാരത്തെപ്പററി ഗവമ്മെൻറു് ഈയിടെ പുറപ്പെടുവിച്ച പ്രസ്സ് കമ്മ്യൂണിക്കേയെപ്പറ്റി സാമാന്യമായി നിരൂപണംചെയ്തപ്പോൾ ഇന്നത്തെ പൗരസമത്വപ്രസ്ഥാനത്തിനു കാരണമായ അസമത്വങ്ങളെ പൂർണ്ണമായി പരിഹരിക്കുന്നതിനു് ഗവമ്മെൻറു തയ്യാറുണ്ടെന്നു് പ്രസ്തുത പ്രസ്സ് കമ്മ്യൂണിക്കേയിൽനിന്നു കാണുന്നില്ല എന്നും തന്മൂലം ഗവമ്മെൻറു രൂപവൽക്കരിച്ചുവരുന്ന പരിഷ്കാരപദ്ധതി പരാജയത്തിൽ കലാശിക്കുമെന്നു പ്രവചിക്കാമെന്നും, ഈ പ്രവചനത്തെ ബലപ്പെടുത്തുന്ന മറെറാരു സംഗതി കോഴഞ്ചേരിയിൽവച്ചു പ്രസംഗിച്ച ചില പൗരസമത്വപ്രസ്ഥാനത്തലവരുടെനേക്കു മർദ്ദനനടപടികൾ തുടങ്ങുവാൻ

UNIVERSITY LIBRARY

ഗവമ്മെൻറു ഭാവിക്കുന്നു എന്നുള്ള കേൾവിയാണെന്നും ഗവമ്മെൻറിൻെറ പ്രസ്സ് കമ്മ്യൂണിക്കേകളും ഭംഗിവാക്കുകളും കണ്ടുംകേട്ടും വഞ്ചിതരാകാതെ അവശസമുദായങ്ങൾ മുമ്പിലത്തെപ്പോലെ വ്യവസ്ഥിതമാൎഗ്ഗങ്ങളിലൂടെ ഉദ്ദേശസിദ്ധിവരെ പ്രക്ഷോഭണം തുടൎന്നുകൊണ്ടു പോകണമെന്നും ഞങ്ങൾ ചൂണ്ടിക്കാണിച്ചിരുന്നല്ലോ. ഇപ്പോൾ മി. സി. കേശവനുംമററും നിരോധനാജ്ഞ നൽകിയിരിക്കുന്നു. മി. സി. കേശവൻെറ പേരിൽ കേസെടുക്കാൻ ആലോചിക്കുന്നതായും ബലമായ കേൾവിയുണ്ടു്. ഈ സംഭവങ്ങളിൽനിന്നു പ്രത്യക്ഷമാകുന്നതു് കോൺഗ്രസ്സിനെ അമൎത്തുവാൻ വില്ലിംഗ്ടൺപ്രഭു ബ്രി. ഇൻഡ്യയിൽ സ്വീകരിച്ചതായ ഇരട്ടമുഖനയം അദ്ദേഹത്തിൻെറ ശിഷ്യനായ സർ മുഹമ്മദ് ഹബിബുള്ളാ തിരുവിതാംകൂറിലും സ്വീകരിച്ചിരിക്കുന്നു എന്നതാണു്. ഒരു കൈയിൽ പേരിനു മാത്രമുള്ള ഭരണപരിഷ്കാരം, മറേറ കൈയിൽ മൎദ്ദനഖഡ്ഗം; ഇതാണു പ്രസ്തുത ദ്വിമുഖനയം. വില്ലിംഗ്ടൺ പ്രഭുവിനു് ഈ നയംകൊണ്ടു തൽക്കാലത്തേക്കെങ്കിലും പ്രത്യക്ഷമായ വിജയം സിദ്ധിക്കുകയും ചെയ്തു. എന്നാൽ പരിതസ്ഥിതികൾ വ്യത്യസ്തമായിരിക്കുന്നതിനാൽ വില്ലിംഗ്ടൺപ്രഭുവിനെപ്പോലെ സർ മുഹമ്മദിനു് ഈ ദ്വിമുഖനയംകൊണ്ടു വിജയമുണ്ടാകുകയില്ലെന്നാണു ഞങ്ങൾ വിചാരിക്കുന്നതു്. ഇൻഡ്യൻ കോൺഗ്രസ്സിൻെറ ഉദ്ദേശങ്ങൾക്കും മാൎഗ്ഗങ്ങൾക്കും, പൗരസമത്വപ്രസ്ഥാനക്കാരുടെ ഉദ്ദേശങ്ങൾക്കും മാൎഗ്ഗങ്ങൾക്കും തമ്മിൽ വിപുലമായ വ്യത്യാസങ്ങളുണ്ടു്. പൂൎണ്ണമായ സ്വയംഭരണത്തിനാണു് ഒരു വിദേശകോയ്മയോടു കോൺഗ്രസ്സുകാർ ഗാന്ധിജിയുടെ നേതൃത്വത്തിൻകീഴിൽ പൊരുതതു്. അവർ ഈ ഉദ്ദേശസാദ്ധ്യത്തിനായി സ്വീകരിച്ച മാൎഗ്ഗം വിപ്ലവകരവുമായിരുന്നു. ഒരു വിദേശകോയ്മ നിവൃത്തിയുണ്ടെങ്കിൽ തങ്ങളുടെ അധികാരത്തെ വിട്ടുകൊടുക്കുന്നതല്ല. വിപ്ലവകരമായ മാൎഗ്ഗംഹേതുവാൽ അതു് അരാജകത്വതുല്യമാണെന്നുള്ള ഒഴികഴിവുപറഞ്ഞു് അവൎക്കു ലോകരുടെ ശക്തിയായ പ്രാതികൂല്യംകൂടാതെ അതിനെ അമൎത്തുവാൻ സാധിച്ചു. ഇതൊന്നുമല്ല, ഇവിടത്തെ സ്ഥിതി. ഒരു ആദൎശത്തിൻെറ സ്ഥാപനാൎത്ഥം വിപ്ലവകരമായ മാൎഗ്ഗങ്ങളിൽക്കൂടി കോൺഗ്രസ്സ് പ്രവൎത്തിച്ചിരുന്നു. അനുവദിച്ചുകൊടുത്തിട്ടുള്ള ഒരു സങ്കുചിതമായ ഭരണപരിഷ്കാരപദ്ധതിയെ സ്വീകരിച്ചു് അതിനകത്തുനിന്നുകൊണ്ടു് അതിലുള്ള കുറവുകൾ മാററണമെന്നു് ആവശ്യപ്പെട്ടു് അതിനായി ഏററവും വ്യവസ്ഥിതമായ മാൎഗ്ഗങ്ങളിൽക്കൂടി പ്രവൎത്തിക്കുക മാത്രമേ ഇവിടത്തെ പൗരസമത്വക്കാർ ചെയ്യുന്നുള്ളു. ഒരു സ്വദേശിഗവമ്മെൻറിനോടു സകല വൎഗ്ഗക്കാൎക്കും പബ്ലിക്ക്സൎവ്വീസിലും നിയമസഭയിലും സമത്വം വേണമെന്നേ പൗരസമത്വപ്രസ്ഥാനക്കാർ ആവശ്യപ്പെടുന്നുള്ളു. സ്വയംഭരണം അഥവാ, ഉത്തരവാദഭരണം പൗരസമത്വപ്രസ്ഥാനക്കാർ ഒരു അന്തിമ ആദൎശമായി മാത്രമേ കരുതിയിട്ടുള്ളു. അവൎക്കു് ഇപ്പോൾ വേണ്ടതു് ഏതു ഗവമ്മെൻറിനും തങ്ങളുടെ അധികാരം കൈവിട്ടുപോകുമെന്നു ഭയപ്പെടാതെ നൽകാവുന്ന കേവലം രാഷ്ട്രീയസമത്വമാകുന്നു. ബ്രി. ഇൻഡ്യയിൽ ഈ സമത്വം വൎഗ്ഗങ്ങൾക്കു്

അനുവദിച്ചുകൊടുക്കുവാൻ ഗവമ്മെൻറു് സന്നദ്ധരായിരുന്നു. സ്ഥിതിഗതികൾ ഇങ്ങനെയായിരിക്കുമ്പോൾ നിഷ്പക്ഷരായ ലോകർ പൗരസമത്വക്കാരുടെ സങ്കടങ്ങളെ പൂണ്ണമായി പരിഹരിക്കുന്നതിനു ഗവമ്മെൻറു തയ്യാറാകാത്തതു കണ്ടു് അത്ഭുതപ്പെടുകതന്നെ ചെയ്യും. അവരുടെ വ്യവസ്ഥിതമായ പ്രക്ഷോഭണങ്ങളെ മർദ്ദനനയംകൊണ്ടമർത്തുന്നതു ലോകർ കഠിനമായി ആക്ഷേപിക്കുന്നതുമാണു്. പൊതുയോഗങ്ങൾ മുഖേനയും പബ്ലിക്കു പ്രസംഗങ്ങൾ മുഖേനയുമാണു പ്രധാനമായി വ്യവസ്ഥിതമായ രീതിയിൽ പ്രക്ഷോഭണങ്ങൾ നടത്തുന്നതു്. അതിനാൽ അവയെ തടയുന്നതും മററും ഒരു പ്രാഥമിക പൗരാവകാശത്തിൻെറ ലംഘനമാണു്. അനാശാസ്യമായ പ്രവൃത്തികളിൽക്കൂടി സങ്കടങ്ങൾ ബഹിർഗ്ഗമിക്കാതെയിരിക്കുന്നതിനുള്ള ഒരു ഉത്തമമാർഗ്ഗം പ്രസംഗങ്ങളിൽക്കൂടി അവയെ ബഹിർഗ്ഗമിപ്പിക്കുന്നതാണു്. ഈ സങ്കടങ്ങൾ പ്രായേണ സവ്വസമ്മതവും ഏറെക്കുറെ ന്യായമെന്നു ഗവമ്മെൻറുതന്നെ സമ്മതിച്ചിട്ടുള്ളതുമാണെന്നു് ഓക്കുമ്പോൾ അവയെ പരിഹരിച്ചു കിട്ടുവാൻ ചെയ്യുന്ന പ്രസംഗങ്ങൾ എത്ര ശക്തിമത്തായിരുന്നാലുംശരി എങ്ങനെ സമാധാനലംഘനകരമാകുമെന്നു നിഷ്പക്ഷപാതികൾക്കു മനസ്സിലാക്കുവാൻ വയ്യാ. കോഴഞ്ചേരി പ്രസംഗങ്ങളെപ്പററി പൗരധമ്മത്തിൻെറ ബോധം ലവലേശം പോലുമില്ലാത്ത ചില അസംബ്ലിഅംഗങ്ങൾ അടിയന്തിരപ്രമേയം കൊണ്ടുവന്നതും ദിവാൻപ്രസിഡൻറു ഗവമ്മെൻറിനു തങ്ങളുടെ കാൎയ്യം നോക്കിക്കൊള്ളാൻ ശക്തിയുണ്ടെന്നു പറഞ്ഞു് അതിനെ തിരസ്കരിച്ചതും ഇവിടെ സ്മരണീയമാണു്. പൗരന്മാക്കു് ഗവമ്മെന്റിന്റെ കാൎയ്യം അന്വേഷിക്കാൻ അവകാശമില്ലെന്നു പറഞ്ഞതു് അത്യന്തം ആക്ഷേപാർഹമാണെങ്കിലും പൗരമർദ്ദനത്തിനും അഭിപ്രായസ്വാതന്ത്ര്യനിരോധനത്തിനും താൻ തയ്യാറില്ലെന്നു സർ മുഹമ്മദ് സ്ഫുരിപ്പിച്ചതു് അഭിനന്ദനീയമായിരുന്നു. എന്നാൽ വാസ്തവത്തിൽ ഇതു വെറും ഭംഗിവാക്കു മാത്രമായിരുന്നു. ഇതനുസരിച്ചല്ല, അദ്ദേഹം ഇപ്പോൾ പ്രവത്തിക്കുന്നതു്. ഇപ്പോഴത്തെ മർദ്ദനനയത്തിനു മേൽ ചൂണ്ടിക്കാണിച്ചവിധം ശ്രീമൂലം അസംബ്ലിയിലെ ചില അംഗങ്ങൾക്കുംകൂടി ഉത്തരവാദിത്വമുണ്ടെന്നു പറഞ്ഞേതീരൂ. തങ്ങളുടെ വർഗ്ഗക്കാക്കും പക്ഷക്കാക്കും ഒരുകാലത്തു് അനിഷ്ടഅനുഭവം ഉണ്ടാക്കുന്നതും പ്രാഥമികപൗരാവകാശധ്വംസകവുമായ ഒരു കായംകുളം വാളാണു് തങ്ങളുടെ അടിയന്തിരപ്രമേയമെന്നു് ഈ കുരുടന്മാർ ഓർക്കാതിരുന്നതു കഷ്ടംതന്നെ. ഇങ്ങനെ ഇരുന്നാലും ഈ മർദ്ദനനയത്തിൻെറ പ്രധാന ഉത്തരവാദിത്വം ഗവർമ്മെൻറിനാണുള്ളതു്. അതു നാട്ടിൽ സമാധാനമുണ്ടാക്കണമെന്നുള്ള ഗവമ്മെൻറിൻെറ ഉദ്ദേശത്തെ പരാജയപ്പെടുത്തുന്നതാണു്. ജനസംഖ്യാനുപാതികമായ പ്രാതിനിധ്യതത്വം തങ്ങൾ ഇപ്പോൾ തുടങ്ങിയിരിക്കുന്ന നിയമസഭാപരിഷ്കാരപദ്ധതിക്കു് അടിസ്ഥാനമായി സ്വീകരിച്ചിട്ടുണ്ടെന്നു ഗവമ്മെൻറു് അവരുടെ പ്രസ്സ്കമ്മ്യൂണിക്കേയിൽ പറഞ്ഞിട്ടില്ല. ഇതിനാണല്ലോ പൗരസമത്വപ്രസ്ഥാനക്കാർ പ്രക്ഷോഭണം നടത്തുന്നതും. അതിനാൽ ഗവമ്മെൻറിൻെറ പദ്ധതി അവശസമുദായ

ങ്ങൾക്കു് ആദ്യമേതന്നെ സ്വീകാര്യമായിരിക്കുകയില്ല. ഈ നിലയിൽനിന്നു് അവരെക്കൊണ്ടു വല്ല വിട്ടുവീഴ്ചകളും ചെയ്യിക്കാമെന്നു ഗവർമ്മെൻറു വിചാരിക്കുന്നുണ്ടെന്നു് അവരുടെ പ്രസ്സ്കമ്മ്യൂണിക്കേതന്നെ തെളിയിക്കുന്നുണ്ടു്. ഈ വിട്ടുവീഴ്ചകൾ ചെയ്യുവാൻ അവരെ അനുവദിക്കുന്ന മനസ്ഥിതിയല്ല ഗവമ്മെൻറു തങ്ങളുടെ മർദ്ദനനയംകൊണ്ടു് അവരിൽ ജനിപ്പിച്ചിരിക്കുന്നതും. ഇത്ര വിവേകരഹിതമായ നയം നയകോവിദനെന്നു പേരെടുത്തിട്ടുള്ള സർ മുഹമ്മദ് സ്വീകരിച്ചതു വിചിത്രംതന്നെ. ഈ ഭാവങ്ങളെല്ലാം മനസ്സിലാക്കി ഗവമ്മെൻറു തങ്ങളുടെ ഇന്നത്തെ നയം മാറേറണ്ടതാണെന്നു് ഞങ്ങൾ അവരെ ഉൽബോധിപ്പിച്ചുകൊള്ളുന്നു.

**കേസരി, 1935 ജൂൺ 5**

# സാമൂഹ്യപ്രശ്നങ്ങൾ

# ഗുരുവായൂർ സത്യാഗ്രഹം

[ഇന്ത്യയിലെ ക്ഷേത്രപ്രവേശനപ്രക്ഷോഭണത്തിലെ ഏററവും പ്രധാനപ്പെട്ട ഒരു ഘട്ടത്തെയാണു് ഗുരുവായൂർ ക്ഷേത്രസന്നിധിയിൽ ശ്രീ കേളപ്പൻ നടത്തിയ ഉപവാസം കുറിക്കുന്നതു്. കോഴിക്കോട്ടുസാമൂതിരിയടക്കമുള്ള സവർണ്ണരുടെ നിലപാടിനെയും അവരെ അനുകൂലിച്ചുകൊണ്ടിരുന്ന ഗവണ്മെൻറുകളുടെ യാഥാസ്ഥിതികമനഃസ്ഥിതിയെയും രൂക്ഷമായി വിമർശിച്ചുകൊണ്ടു് കേസരി എഴുതിയ മുഖപ്രസംഗമാണിതു്. കൊല്ലിനും കൊലയ്ക്കും അധികാരമുള്ള ഒരു മഹാരാജാവിനെക്കുറിച്ചു് പരാമർശിക്കുമ്പോഴും 'തിരുമനസ്സു്' എന്ന പദം അദ്ദേഹം ഉപയോഗിച്ചിട്ടില്ല. യാഥാസ്ഥിതികത്വത്തോടുള്ള അമർഷവും അഭിപ്രായം തുറന്നുപറയാനുള്ള നിർഭയത്വവും സർവ്വോപരി യുവതലമുറയെ ഇളക്കുന്ന യുക്തിപൂർവ്വമായ വാചാലതയും ഈ മുഖപ്രസംഗത്തിൽ കാണാം. ശ്രീ കേളപ്പന്റെ നിരാഹാരവ്രതക്കാലത്തെഴുതിയതു്.]

ത്യാഗിവര്യനായ ശ്രീ കേളപ്പൻെറ ജീവനെ രക്ഷിക്കേണ്ട കേരളീയരുടെ പ്രധാനകർത്തവ്യത്തെപ്പററി ഞങ്ങൾ കഴിഞ്ഞലക്കത്തിൽ ചൂണ്ടിക്കാണിച്ചിരുന്നല്ലോ. അതു നിർവ്വഹിക്കുന്നതിനു് ഒരു മാർഗ്ഗമായ സാമൂതിരിയോടുള്ള നിവേദനം അവർ ചെയ്യുകയും അതു് നിഷ്പ്രയോജനമായിത്തീരുകയും ചെയ്തിരിക്കുന്നു. ഇന്നത്തെ സാമൂതിരിയെപ്പോലെ ഹൃദയമെന്ന അവയവമില്ലാത്തവരും തങ്ങളുടെ കുലത്തിനും സ്ഥാനത്തിനും മതത്തിനും തങ്ങൾക്കു് ഉന്നതവിദ്യാഭ്യാസം നല്കിയ സർവ്വകലാശാലയ്ക്കും തങ്ങൾ ജനിച്ച നാടിനും ഭാരതഭൂമിക്കു് ആസകലവും മനുഷ്യവർഗ്ഗത്തിനും കൂടി തീരാക്കളങ്കമുണ്ടാക്കിവയ്ക്കുന്നവരുമായ മുരട്ടു യാഥാസ്ഥിതികർ ഇൻഡ്യയിലെ വായുവിനെ മലിനപ്പെടുത്തുന്നിടത്തോളംകാലം മഹാത്മജിയെപ്പോലെയും ശ്രീ കേളപ്പനെപ്പോലെയും ഉള്ള ഹിന്ദുനേതാക്കന്മാർക്കു പട്ടിണികിടന്നു ചാവേണ്ടതായിത്തന്നെ വരുമെന്നു് സാമൂതിരിയെ സമീപിച്ച നിവേദകസംഘത്തോടു് ആ മനുഷ്യൻ പറഞ്ഞ ലജ്ജാകരമായ, മൃഗീയമായ മറുപടി സുവ്യക്തമാക്കിയിരിക്കുന്നു. നിന്ദ്യമായ ഭീരുത്വമാണു്, ഒരു ഭീരുവിൻെറ ഒഴികഴിവാണു് അതിൽ പൊന്തിച്ചുനില്ക്കു

ന്നതു്. കേരളത്തിലെ ഹിന്ദുയുവചൈതന്യത്തിൻെറ മൂർത്തീകരണമായ ശ്രീ കേളപ്പൻെറ ജീവനു് അപായം വരുന്നെങ്കിൽ അതിനുള്ള ഉത്തരവാദിത്വം പ്രഥമമായി വഹിക്കേണ്ട തന്നിൽനിന്നും അതു തിരുവിതാംകൂറിലേയും കൊച്ചിയിലേയും മഹാരാജാക്കന്മാരുടെ തലയിൽ കേററുവാനാണു് സാമൂതിരി തിരിഞ്ഞിരിക്കുന്നതു്. ക്ഷേത്രങ്ങൾ അധഃകൃതക്കു തുറന്നുകൊടുക്കാതിരിക്കുന്നതിൻെറ ഉത്തരവാദിത്വം ഈ രാജാക്കന്മാക്കും ഇല്ലെന്നല്ല ഞങ്ങൾ പറയുന്നതു്. ഗുരുവായൂരെ ക്ഷേത്രത്തെ സംബന്ധിച്ചിടത്തോളം പ്രാഥമികഉത്തരവാദിത്വം സാമൂതിരിക്കുമാത്രമാണെന്നേ ഞങ്ങൾ പറയുന്നുള്ളൂ. ക്ഷേത്രം തുറന്നുകൊടുക്കുവാൻപോലുമല്ല, ഒരു സവണ്ണയോഗം വിളിച്ചുകൂട്ടുവാൻമാത്രമാണു് നിവേദകസംഘം സാമൂതിരിയോടു് ആവശ്യപ്പെട്ടതു്. അതിനുപോലും ആ മനുഷ്യനു മനസ്സില്ലാതെവന്നതു് സ്ഥാനികളുടേയും ക്ഷേത്രാധികാരികളുടേയും നാശത്തിന്റെ സാന്നിദ്ധ്യത്തെയാണു കാണിക്കുന്നതു്. ഒരു കേളപ്പന്റെ ചിതയിൽ നിന്നു് അനേകലക്ഷം കേളപ്പന്മാർ ഉണ്ടായി തന്നെപ്പോലെയുള്ള യാഥാസ്ഥിതലോകത്തെ പാടേ ഭസ്മീകരിക്കുമെന്നും കുഴിക്കു കാലുംനീട്ടിയിരിക്കുന്ന ഈ സാമൂതിരി അറിഞ്ഞില്ലെങ്കിൽ ആ സ്ഥിതിയിലെത്തിയിട്ടില്ലാത്ത യാഥാസ്ഥിതികസവണ്ണർ ഉടനടി അദ്ദേഹത്തെ അതു് അറിയിക്കേണ്ടതാണു്. കേരളത്തിലെ ഹിന്ദുയുവജനങ്ങൾക്കു യഥാൎത്ഥപുരുഷത്വമുണ്ടെങ്കിൽ അവരുടെ അഹിംസാപരമായ തീവ്രപ്രയത്നംകൊണ്ടു് ഈ സാമൂതിരിയെയല്ല ഈ മനുഷ്യനിലും കടന്ന യാഥാസ്ഥിതികന്മാരെയും തങ്ങളുടെ ചൊല്പടിയിൽ അവർ കൊണ്ടുവന്നു തങ്ങളുടെ നായകവര്യനെ രക്ഷിക്കുകതന്നെ ചെയ്യും. യുവജനങ്ങൾ ഇതിലും അധികം പ്രയാസമേറിയ കാര്യങ്ങൾ സാധിച്ചിരിക്കുന്നു. കേരളത്തിലെ ഹിന്ദുയുവജനങ്ങൾക്കു് ഇതുപോലെ ശക്തിയില്ലെന്നു ലോകരെക്കൊണ്ടു പറയിപ്പിക്കുന്നതു് ഒരു തീരാക്കളങ്കമായിരിക്കും. ഈ സന്ദർഭത്തിൽ നാളെ ഗുരുവായൂർവച്ചു കൂട്ടുന്ന സവണ്ണയോഗത്തിൽ പങ്കുകൊണ്ടു് യോഗനിശ്ചയങ്ങൾ നടപ്പിൽ വരുത്തുവാൻ തുനിയുന്നതിനും ഇതരപ്രചാരവേല ചെയ്യുന്നതിനുംപുറമേ ശ്രീ കേളപ്പൻെറ ജീവനെ രക്ഷിക്കാനുള്ള ഒരു മാർഗ്ഗം സാമൂതിരികുടുംബത്തോടു് ഉടനടി സാമുദായികനിസ്സഹകരണം തുടങ്ങുന്നതായിരിക്കും. ഉണ്ണിനമ്പൂതിരിമാർ ഇതിനെപ്പററി ആലോചിക്കുന്നു എന്നു കാണുന്നതിൽ ഞങ്ങൾ അവരെ അഭിനന്ദിക്കുന്നു. ഇതിനു് ഇനി ഒരുനിമിഷവും വൈകരുതു്. തങ്ങളുടെ സ്വാധീനത്തിലുള്ള ക്ഷേത്രങ്ങൾ കേരളത്തിലെ ഇതരക്ഷേത്രാധികാരികൾ ഉടനടി തുറന്നുകൊടുത്തു സാമൂതിരിയിൽ മതകർത്തവ്യബോധം കുത്തിവയ്ക്കുകയും വേണം. ഇങ്ങനെ ചെയ്തിട്ടുള്ള കേരളീയരെ എത്രമാത്രം അഭിനന്ദിച്ചാലും മതിയാകുകയില്ല. തിരുവിതാംകൂറിലേക്കു ശ്രീ കേളപ്പനയച്ച അന്യത്ര ചേർത്തിട്ടുള്ള ഒരു സന്ദേശത്തിലേക്കു ഞങ്ങൾ വഞ്ചിവാസികളായ ഹിന്ദുക്കളുടെ ശ്രദ്ധയെ ക്ഷണിച്ചുകൊള്ളുന്നു. തിരുവിതാംകൂറിലേയും കൊച്ചിയിലേയും മഹാരാജാക്കന്മാരും ഈ സന്ദർഭത്തിൽ ഉടനടി ക്ഷേത്രപ്രവേശനം അനുവദിക്കുന്ന വിളംബരങ്ങൾ പ്രസിദ്ധപ്പെടുത്തേണ്ടതാണു്.

കൊച്ചിയിലെ മഹാരാജാവു വൃദ്ധനായതുകൊണ്ട് അദ്ദേഹത്തിനു് ഇതിനുവേണ്ട പ്രേരകശക്തി നൽകേണ്ട ഭാരം യുവാവായ തിരുവിതാംകൂർ മഹാരാജാവിലാണു വീഴുന്നതു്. മിശ്രവിവാഹം നടത്തിയ ഒരു പൊതുവാൾസ്യരെയും ഒരു നായരേയും കൊച്ചീമഹാരാജാവു് ക്ഷേത്രവിരോധശിക്ഷ ഈയ്യിടെ അനുഭവിപ്പിച്ചിരിക്കുന്നു എന്നു് അന്യത്ര പ്രഭാതത്തിൽനിന്നു് എടുത്തിട്ടുള്ള വാർത്ത വാസ്തവമാണെങ്കിൽ കൊച്ചീമഹാരാജാവു് ശക്തിയേറിയ അന്യപ്രേരണയില്ലെങ്കിൽ ക്ഷേത്രപ്രവേശനകാര്യത്തിൽ ഒന്നും ചെയ്യുകയില്ലെന്നു വിചാരിക്കേണ്ടിയിരിക്കുന്നു. പലവിധത്തിലും ഉൽപതിഷ്ണുത്വം കാണിച്ചിട്ടുള്ള തിരുവിതാംകൂറിലെ യുവമഹാരാജാവു് തിരുവിതാംകൂറിനു ലോകത്തിൽ കീർത്തിനേടിക്കൊടുക്കുവാൻ പണിപ്പെട്ടുകയാണല്ലോ. ഈ കീർത്തി ഉടനടി ശാശ്വതമായി ലോകമെങ്ങും നേടുന്നതിനു് ഒരു സുവർണ്ണാവസരം ഇതാ വന്നിരിക്കുന്നു. അദ്ദേഹത്തിൻെറ യഥാർത്ഥമായ മേന്മയെ കാംക്ഷിക്കുന്ന ഉപദേഷ്ടാക്കളുണ്ടെങ്കിൽ അവർ ഈ സുവർണ്ണാവസരത്തെ പാഴാക്കിക്കളയുകയില്ല. തന്നെപ്പോലെയുള്ള കേരളീയഹിന്ദുയുവജനങ്ങളുടെ നവചൈതന്യത്തിൻെറ മൂർത്തീകരണമായ ഒരു ത്യാഗിവര്യൻെറ ജീവനെ രക്ഷിക്കുവാൻ വേണ്ടവേഗത്തിൽ ഇതിൽ വേണ്ടവിധം പ്രവർത്തിച്ചാൽമാത്രമേ തിരുവിതാംകൂർ മഹാരാജാവിൻെറ കീർത്തി അത്യധികം വർദ്ധിക്കുകയുള്ളു. ഇങ്ങനെ ചെയ്യില്ലെങ്കിൽ പഴയ വൈക്കം സത്യാഗ്രഹച്ചെയ്തികൾ ജനിപ്പിച്ചതും ഇപ്പോൾ അമുങ്ങിക്കിടക്കുന്നതുമായ ദുസ്സഹദുർഗ്ഗന്ധങ്ങൾ വീണ്ടും പൊങ്ങി അവ തിരുവിതാംകൂറിൻെറ കീർത്തിക്കുള്ള മഹാരാജാവിന്റെ ശ്രമങ്ങളെ പാടേ നിഷ്പ്രയോജനങ്ങളാക്കുകതന്നെ ചെയ്യും.

കേസരി, 1932 സെപ്ടംബർ 28

# ക്ഷേത്രപ്രവേശനം

[മഹാത്മാഗാന്ധിയുടെ ഉപദേശമനുസരിച്ചു് ശ്രീ കേളപ്പൻ ഗുരുവായൂർ ക്ഷേത്രസന്നിധിയിൽവച്ചു നടത്തിയ ഉപവാസം അവസാനിപ്പിച്ചു. ക്ഷേത്രപ്രവേശനപ്രക്ഷോഭണപരിപാടിയിൽ പിന്നീടു സ്വീകരിക്കേണ്ട നയത്തെയും പ്രവർത്തനപരിപാടികളെയുംകുറിച്ചു വിശകലനംചെയ്തുകൊണ്ടെഴുതിയ മുഖപ്രസംഗമാണിതു്.]

മഹാത്മജിയുടെ ഉപദേശം അനുസരിച്ചു ശ്രീമാൻ കേളപ്പൻ തന്റെ ഉപവാസം അവസാനിപ്പിക്കുകയും ഗുരുവായൂർ സത്യാഗ്രഹം മൂന്നുമാസത്തേക്കു നിറുത്തിവയ്ക്കുകയും ചെയ്തിരിക്കുകയാണല്ലോ. മഹാത്മജിയുടെ സത്യാഗ്രഹമാർഗ്ഗം കേവലം ശക്തിയേറിയ പ്രചാരമാർഗ്ഗമേ ആകുന്നുള്ളു എന്നുള്ള അദ്ദേഹത്തിൻെറ ശരിയായ ബോധംകൊണ്ടാണു് അദ്ദേഹം

ശ്രീ കേളപ്പനോട്ട് ഉപവാസം അവസാനിപ്പിക്കുവാൻ ഉപദേശിച്ചതു്. മി. കേളപ്പൻെറ ഉപവാസം ക്ഷേത്രപ്രവേശനത്തിനു കേരളത്തിൽ ശക്തിയേറിയ പ്രചാരവേല ചെയ്തുകഴിഞ്ഞു. മി. കേളപ്പനെപ്പോലെയുള്ള യഥാൎത്ഥത്യാഗികളുടെ ജീവൻ രാജ്യത്തിന്റെ മേൽഗതിക്കു് അപരിത്യാജ്യമാകയാൽ ഉപവാസം നിറുത്തിപ്പിച്ചതു ബുദ്ധിപൂൎവ്വമായ പ്രവൃത്തിയാണെന്നു ഞങ്ങൾ വിചാരിക്കുന്നു. അടുത്തതായി വേണ്ടതു് മി. നമ്പ്യാർ മദ്രാസ് നിയമസഭയിൽ ഹാജരാക്കുവാൻ അനുവാദം ചോദിച്ചിട്ടുള്ള ക്ഷേത്രപ്രവേശനസ്വാതന്ത്ര്യവുംമററും നല്കുന്ന ബില്ലുപോലെയുള്ള നിയമങ്ങളുടേയൊ തിരുവെഴുത്തുവിളംബരങ്ങളുടേയൊ പുറപ്പാടാണു്. മൂന്നുമാസംകൊണ്ടോ, മുന്നൂറുവർഷംകൊണ്ടോ കടുത്ത യാഥാസ്ഥിതികരായ സവൎണ്ണാല്പപക്ഷത്തിനു ശിക്ഷയേല്പിക്കുന്ന നിയമങ്ങളില്ലെങ്കിൽ മാനസാന്തരം ഉണ്ടാകുമെന്നു ഞങ്ങൾ വിചാരിക്കുന്നില്ല. ഭൂരിപക്ഷം സവൎണ്ണരുടേയും മനസ്ഥിതിയിൽ ശ്രീമാൻ കേളപ്പൻേറയും മഹാത്മജിയുടേയും ഉപവാസങ്ങൾ ക്ഷേത്രപ്രവേശനത്തിനു് അനുകൂലമായ പരിവൎത്തനം വരുത്തിയിട്ടുള്ളതിനാൽ പ്രജാധിപത്യഭരണത്തിലെ മൗലികതത്വമായ ഭൂരിപക്ഷാഭിപ്രായത്തിന്റെ നിയമസാധുത്വത്തെ ആസ്പദമാക്കി പ്രസ്തുതനിയമനിൎമ്മാണം ബ്രി. ഇൻഡ്യയിലെ പ്രവിശ്യഗവൎമ്മെന്റുകൾക്കും നാട്ടുരാജാക്കന്മാൎക്കും ചെയ്യാവുന്നതാണു്. കടുത്ത യാഥാസ്ഥിതികരായ സവൎണ്ണാല്പപക്ഷത്തിന്റേയും സമ്മതം കിട്ടിയാൽമാത്രമേ ക്ഷേത്രപ്രവേശനം അനുവദിക്കുവാൻ നിവൃത്തിയുള്ളു എന്നു സാമൂതിരിയും കൊച്ചിയിലേയും തിരുവിതാംകൂറിലേയും മഹാരാജാക്കന്മാരും ശഠിച്ചുകൊണ്ടിരുന്നാൽ, ശ്രീ കേളപ്പൻെറ ഉപവാസം അദ്ദേഹം വീണ്ടും തുടങ്ങുകയും ഒട്ടധികം യുവജനങ്ങൾ അദ്ദേഹത്തെ അനുകരിക്കുകയും ചെയ്യുമെന്നു സൂക്ഷ്മമായ അറിവിൽനിന്നു ഞങ്ങൾ കേരളത്തിലെ ക്ഷേത്രാധികാരികളേയും മഹാരാജാക്കന്മാരെയും ധരിപ്പിച്ചുകൊള്ളുന്നു. ഇങ്ങനെ ഗുരുവായൂർമാത്രമല്ല കേരളമൊട്ടുക്കു് പടൎന്നുപിടിക്കുന്ന ക്ഷേത്രപ്രവേശന ഉപവാസത്തിൻെറ ഭയങ്കരങ്ങളായ ഫലങ്ങൾ ഞങ്ങൾ പ്രത്യേകം ചൂണ്ടിക്കാണിക്കേണ്ട ആവശ്യമില്ല. മഹാത്മജിയും പുരുഷോത്തമദാസ് ഠാക്കൂർദാസും തിരുവിതാംകൂറിലേയും കൊച്ചിയിലേയും മഹാരാജാക്കന്മാൎക്കയച്ച കമ്പികൾക്കു തിരുവിതാംകൂർഗവൎമ്മെന്റയച്ച മറുപടിയേയും കൊച്ചീഗവൎമ്മെണ്ടിന്റെ മൗനത്തെക്കുറിച്ചുള്ള കേൾവിയേയുംപററി ഈ സന്ദർഭത്തിൽ രണ്ടുവാക്കു പറയേണ്ടിയിരിക്കുന്നു. തിരുവിതാംകൂർഗവൎമ്മെൻറു് മഹാത്മജിക്കു നേരിട്ടു മറുപടി നല്കാതെയിരുന്നതു മൎയ്യാദകേടാണെന്നാണു ഞങ്ങൾ വിചാരിക്കുന്നതു്. ഇതു കേവലം മൎയ്യാദകേടുമാത്രമല്ല, ഒരു വലിയ അപരാധവുംകൂടിയാണെന്നുംകൂടി പറയേണ്ടിയിരിക്കുന്നു. നാട്ടുരാജാക്കന്മാരോട്ടു മഹാത്മജിക്കുള്ള കുപ്രസിദ്ധമായ പക്ഷപാതംകൊണ്ടാണു് കൊച്ചിയിലും തിരുവിതാംകൂറിലും ക്ഷേത്രപ്രവേശനസത്യാഗ്രഹം തുടങ്ങാതെ മദ്രാസ്ഗവൎമ്മെൻറിന്റെ കീഴിലുള്ള ഗുരുവായൂരിൽ അതു തുടങ്ങിയതു്. ഈ ഒററക്കാൎയ്യം പരിഗണിച്ചെങ്കിലും തിരുവിതാംകൂറിലേയും കൊച്ചിയിലേയും ഗവൎമ്മെൻറുകൾ

മഹാത്മജിക്കു നേരിട്ടു മറുപടി കൊടുക്കേണ്ടതായിരുന്നു. കേവലം സാമുദായികകാര്യമാകയാൽ മഹാത്മജിക്കു മറുപടി നല്കുന്നതിൽ തിരുവിതാംകൂർഗവമ്മെന്റ് ഭയപ്പെടേണ്ട ആവശ്യമുണ്ടായിരുന്നില്ല. ഗുരുവായൂരിൽ തിരുവിതാംകൂർമഹാരാജാവിനു് അധികാരമില്ലെന്നു മഹാത്മജിക്കും സർ ഥാക്കൂർദാസിനും നല്ലപോലെ അറിയാം. അതിനെപ്പററി തിരുവിതാംകൂർ ഗവമ്മെൻറ് തങ്ങളുടെ മറുപടിയിൽ ആശ്ചര്യപ്പെടേണ്ടിയിരുന്നില്ല. തങ്ങളുടെ സ്വാധീനശക്തിയും സ്വന്തം നാട്ടിലുള്ള ക്ഷേത്രങ്ങളെ സംബന്ധിച്ചുള്ള പ്രവൃത്തിയുംകൊണ്ടു ഗുരുവായൂർ ക്ഷേത്രപ്രവേശനത്തെ സഹായിക്കണമെന്നേ മഹാത്മജി ആവശ്യപ്പെട്ടിരുന്നുള്ളു. ഈ പ്രശ്നത്തിൽ ഗാഢമായ ആലോചനകൂടാതെ ഒന്നും പ്രവർത്തിക്കുവാൻ സാധിക്കുകയില്ലപോലും! ക്ഷേത്രപ്രവേശനവാദം തിരുവിതാംകൂറിൽ ഒരു സജീവപ്രശ്നമായിട്ടു് വർഷങ്ങൾ പലതു കഴിഞ്ഞിരിക്കുന്നു. ഇനിയും ഇതിനെപ്പററി ഗാഢാലോചന വേണമെന്നു പറയുന്നതു കേവലം ഒരു ഒഴികഴിവല്ലാതെ മറെറാന്നുമല്ലെന്നേ ജനങ്ങൾ വിചാരിക്കുന്നുള്ളു. ഈ മറുപടി ആകപ്പാടെ കടുത്ത ഇച്ഛാഭംഗത്തെയാണു ജനിപ്പിച്ചിരിക്കുന്നതു്. ഈ പ്രശ്നത്തിനു് ഉടനടി പരിഹാരമുണ്ടാക്കിയില്ലെങ്കിൽ തിരുവിതാംകൂറിനു കീർത്തി നേടുവാനുള്ള മഹാരാജാവിൻെറ ശ്രമങ്ങൾ പാടേ നിഷ്പ്രയോജനങ്ങളാകുമെന്നു കഴിഞ്ഞ ലക്കത്തിൽ ഞങ്ങൾ ചൂണ്ടിക്കാണിച്ചിരുന്നല്ലോ. ഉപവാസം വീണ്ടും തുടങ്ങുകയാണെങ്കിൽ നാട്ടാരുടെ ക്ഷോഭത്തിൽനിന്നു പല അനിഷ്ടസംഭവങ്ങളും ഉണ്ടായേക്കുവാനും ഇടയുണ്ടു്. മഹാത്മജി കൊച്ചീമഹാരാജാവിനും തിരുവിതാംകൂർ മഹാരാജാവിനയച്ചതുപോലെ കമ്പി അയച്ചിരുന്നു എന്നും അതിനു മറുപടി കൊടുത്തില്ലെന്നും കേൾക്കുന്നതു വാസ്തവമാണെങ്കിൽ കൊച്ചീ ഗവമ്മെൻറിൻേറയും നിലയെ ആക്ഷേപിക്കതന്നെ ഞങ്ങൾ ചെയ്യുന്നു. അനാവശ്യമായ ക്ഷോഭങ്ങളൊന്നുമുണ്ടാക്കാതെ കൊച്ചിയിലേയും തിരുവിതാംകൂറിലേയും അധികാരികൾ കൊൽഹാപ്പൂർ ഡർബാർ പ്രവർത്തിച്ചതുപോലെ ഈ കാര്യത്തിൽ വേണ്ട വിളംബരങ്ങൾ ഉടനടി പ്രസിദ്ധപ്പെടുത്തുമെന്നു വിശ്വസിക്കുന്നു. ഗുരുവായൂരെ സംബന്ധിച്ചു മദ്രാസ് നിയമസഭയും സാമൂതിരിയും ഉടനടി വേണ്ടതു ചെയ്യേണ്ടതുമാണു്. ഇതിനു പ്രേരകശക്തിയായി മി. യൂ. ഗോപാലമേനവൻെറ അദ്ധ്യക്ഷതയിൽ ഗുരുവായൂരിൽവച്ചു് ഈയിടെ രൂപവല്ക്കരിച്ച പ്രവർത്തകസംഘത്തോടു കേരളത്തിൻെറ നാനാഭാഗങ്ങളിലും സ്ഥാപിച്ചിട്ടുള്ള ക്ഷേത്രപ്രവേശനകമ്മററികളും അയിത്തോച്ചാടനകമ്മിററികളും ഹാർദ്ദമായി സഹകരിക്കുകയും വേണം.

കേസരി, 1932 ഒക്ടോബർ 12

# തിരുവിതാംകൂറിലെ ജനസംഖ്യപ്രശ്നം

[തിരുവിതാംകൂറിലെ 1930-ലെ സെൻസസ് റിപ്പോർട്ടിന്റെ വെളിച്ചത്തിൽ ജനസംഖ്യാപ്രശ്നത്തെക്കുറിച്ചു ശാസ്ത്രീയമായി വിശകലനം ചെയ്തുകൊണ്ടു് കേസരി എഴുതിയ മുഖപ്രസംഗമാണിതു്. ഇന്നത്തെ ഫാമിലി പ്ലാനിംഗിന്റെ ഉപജ്ഞാതാക്കൾ ഈ ലേഖനം വായിക്കുന്നതു നന്നായിരിക്കും. ഇത്രമേൽ ശാസ്ത്രീയവും പുരോഗമനപരവുമായ ചിന്താഗതി സുമാർ 30 കൊല്ലംമുമ്പു് കേസരി പ്രകടിപ്പിച്ചു എന്നു് ഓർക്കേണ്ടതാണു്.]

## I

തിരുവിതാംകൂറിലെ അനന്യസാധാരണമായ ജനസംഖ്യവർദ്ധനവിനെപ്പററി പുതിയ സെൻസസ് റിപ്പോർട്ടിൽ ചേർത്തിട്ടുള്ള ഭാഗങ്ങളിൽ പൊതുജനങ്ങളുടെമാത്രമല്ല, തിരുവിതാംകൂർ ഗവൺമെന്റിന്റെയും ഗാഢമായ ശ്രദ്ധ പതിയേണ്ടതാണു്. അതിന്റെ ചുരുക്കം ചുവടെ ചേർക്കുന്നു: കഴിഞ്ഞ പത്തുകൊല്ലംകൊണ്ടു് തിരുവിതാംകൂറിലെ ജനസംഖ്യ 25 ശതമാനം വർദ്ധിച്ചിട്ടുണ്ടു്. ഇതു് ഇൻഡ്യ ആകപ്പാടെയുള്ള നിരക്കിനെയും മിക്ക പ്രവിശ്യകളുടേയും നാട്ടുരാജ്യങ്ങളുടേയും നിരക്കിനേയുംകാൾ കൂടുതലാണു്. കഴിഞ്ഞ മുപ്പതുകൊല്ലങ്ങളിലെ തിരുവിതാംകൂറിലെ ജനസംഖ്യവർദ്ധനനിരക്കു് അതേ രീതിയിൽ തുടൻനുപോകുകയാണെങ്കിൽ നാല്പതുകൊല്ലം കഴിയുമ്പോൾ ഇവിടത്തെ ജനസംഖ്യ ഒരുകോടിയായിത്തീരും. തിരുവിതാംകൂറിലെ ഭൂപ്രകൃതിയും സാമ്പത്തികസ്ഥിതിയും ക്രമാതീതമായ ജനസംഖ്യവർദ്ധനവിനു വളരെ അനുകൂലമായിട്ടുള്ളതാണു്. ഏതാനും ചില വലിയ പട്ടണങ്ങളിലല്ലാതെ വീടുകൾ തിങ്ങി സ്ഥിതിചെയ്യുന്നില്ല. ജനങ്ങളുടെ ശുചിത്വം പ്രസിദ്ധമാണു്. ഇവിടെ സാംക്രമികരോഗങ്ങൾ അധികമായി ഉണ്ടാകാറില്ല. മണ്ണു ഫലപുഷ്ടിയുള്ളതാണു്. മഴ ധാരാളമുണ്ടു്. ഇത്തരം പ്രകൃതിസ്ഥിതി ഒരു കൂടുതൽ ജനനനിരക്കിനും കുറഞ്ഞ മരണനിരക്കിനും സഹായമായിത്തീരുന്നു. സന്താനബാഹുല്യത്തെ കുറയ്ക്കുന്ന ശൈശവവിവാഹം ഇവിടെ അപൂർവ്വമായിമാത്രമേ ഉണ്ടാകാറുള്ളു. സന്താനബാഹുല്യത്തിനു മററൊരു തടസ്സമായിത്തീരുന്ന ഒരു പതിവു്, അതായതു വളരെ പ്രായം ചെന്നിട്ടു വിവാഹം കഴിക്കുന്ന പതിവു്, ഇവിടെ കാണുന്നില്ല. 15 വയസ്സിനും 20-നും മദ്ധ്യേയുള്ള പ്രായത്തിലാണു് ഇവിടത്തെ ഭൂരിപക്ഷം സ്ത്രീകളും വിവാഹം കഴിക്കുന്നതു്. ഇതു സന്താനബാഹുല്യത്തിനു സഹായമായിത്തീർന്നിരിക്കുന്നു. ജീവചരക്തി കുറയുമ്പോൾ സന്താനോല്പാദനം കൂടുന്നതാണു്. പ്രോട്ടീഡ് അംശങ്ങൾ കുറയുന്നതും മാവു്, കൊഴുപ്പു്

എന്നീ അംശങ്ങൾ കൂടുന്നതുമായ അരി, മരച്ചീനി മുതലായ ആഹാര സാധനങ്ങൾ കഴിക്കുന്നവർക്ക പ്രസൂതജീവചരക്തി കുറഞ്ഞിരിക്കുകയും തന്മൂലം സന്താനോല്പാദനശക്തി കൂടിയിരിക്കുകയും ചെയ്യും. തിരുവിതാംകൂറിൻേറതുപോലെ ചൂടും ഈൎപ്പവും കൂടിയ ശീതോഷ്ണാവസ്ഥ ജീവചരക്തി കുറയ്ക്കുന്നതാണ്. ജനസംഖ്യവർദ്ധനവ് ആഹാരസാധനവൎദ്ധനവിനെ അതിക്രമിക്കുന്നു എന്നുള്ള നവമാൽത്തുസിയൻസിദ്ധാന്തത്തിലെ സ്ഥിതിഗതികൾ ഇന്നു ലോകമാസകലം എടുത്തുനോക്കിയാൽ ശരിയല്ലെങ്കിലും രാജ്യങ്ങളെ പ്രത്യേകമായി എടുത്തുനോക്കുകയാണെങ്കിൽ ചില രാജ്യങ്ങളിൽ ഈ സിദ്ധാന്തത്തിലെ തത്വം വാസ്തവമായിത്തീൎന്നിട്ടുണ്ട്. ഈ തരത്തിലുള്ള ഒരു രാജ്യമാണ് തിരുവിതാംകൂർ. ഒരു കൃഷികരാജ്യമായ ഇവിടത്തെ ജനസംഖ്യവൎദ്ധനവിനനുസരിച്ചു കൃഷിചെയ്യുന്ന സ്ഥലം വർദ്ധിച്ചുവരുന്നില്ല. കഴിഞ്ഞ പത്തുകൊല്ലംകൊണ്ടു ജനസംഖ്യ 25 ശതമാനത്തോളം വർദ്ധിച്ചു എങ്കിലും കൃഷിസ്ഥലങ്ങളുടെ വിസ്താരം 10 ശതമാനത്തോളമേ വർദ്ധിച്ചിട്ടുള്ളു. തന്മൂലം ജനങ്ങളുടെ ജീവിതരീതിയുടെ തോതു താഴ്ന്നുതാഴ്ന്നു വരുന്നു. ഇത്തവണത്തെ സെൻസസ്സിനോടുകൂടി നടത്തിയ സാമ്പത്തികസെൻസസ് അനുസരിച്ചു തിരുവിതാംകൂറിലെ ഒരു പൗരന്റെ ഒരാണ്ടത്തെ ഇന്നത്തെ ശരാശരി വരവു് 51 രൂപയാണ്. ഇന്നത്തെ സാമ്പത്തികാധഃപതനംകൊണ്ടു സാമാനങ്ങളുടെ വില ഇടിഞ്ഞിരുന്നില്ലെങ്കിൽ ഇതു് 85 രൂപാ ആയിരുന്നേനേ. ഒരുവിധം സുഖമായി ജീവിക്കുന്നതിനു് ഒരു തിരുവിതാംകൂറുകാരനു് ആണ്ടിൽ 113 രൂപാ ചെലവാക്കേണ്ടിവരുമെന്നു് തിരുവിതാംകൂർ ബാങ്കിംഗ് അന്വേഷണക്കമ്മിററി ചൂണ്ടിക്കാണിച്ചിട്ടുണ്ട്. അൻപത്തൊന്നു രൂപാ മാത്രം ഒരാൾക്കു ശരാശരി വരവുള്ളപ്പോൾ ആവശ്യങ്ങളെപ്പോലും അയാൾക്കു നിറവേററുവാൻ സാധിക്കുന്നില്ലെന്നു വരുന്നുണ്ടല്ലോ. അമേരിക്കയിലെ ഒരു കണക്കിൽനിന്നു് ഒരു പ്രായപൂൎത്തിവന്ന അമേരിക്കനു് ആണ്ടിൽ ആയിരം റാത്തൽ ഉണക്ക ആഹാരസാധനം വേണമെന്നു് പിറ്റ്കിൻ ചൂണ്ടിക്കാണിച്ചിട്ടുണ്ട്. ഒരു തിരുവിതാംകൂർകാരനാകട്ടെ ആണ്ടിൽ 480 റാത്തൽ ഉണക്ക ആഹാരസാധനമേ ലഭിക്കുന്നുള്ളു. ഈ ആഹാരദൗർല്ലഭ്യത്തിൽനിന്നു കഷ്ടപ്പെടുന്നവർ ഇവിടത്തെ ദരിദ്രരായ ജനങ്ങളാണ്. ഉപജീവനത്തിനു വഴിയില്ലാത്തപ്പോൾ അതിൽനിന്നു വലയുന്നവരുടെ ഇടയ്ക്കു ജനസംഖ്യവൎദ്ധനവു വളരെ കൂടിയിരിക്കുമെന്നുള്ളതു് ഒരു പ്രകൃതിനിയമമാണ്. ഈ ജനസംഖ്യവർദ്ധനവും ദാരിദ്ര്യത്തെ വീണ്ടും വർദ്ധിപ്പിക്കുകയും അതു പിന്നെയും കൂടുതൽ ജനസംഖ്യവൎദ്ധനവിനു് ഇടയാക്കുകയും ചെയ്യുന്നു. ഈ ആപല്കരമായ സ്ഥിതിയുടെ ദൂഷ്യങ്ങൾ കുറയ്ക്കുന്നതിനു് അഞ്ചു മാൎഗ്ഗങ്ങളുണ്ട്. അന്യരാജ്യങ്ങളിൽ കുടിയേറിപ്പാർക്കുക, കൃഷിസ്ഥലം വൎദ്ധിപ്പിക്കുക, ഉള്ള കൃഷിസ്ഥലത്തുതന്നെ വിളവു വൎദ്ധിപ്പിക്കുക, കൃഷിയിൽനിന്നു ജനങ്ങളെ വ്യവസായത്തിലേക്കും, കച്ചവടത്തിലേക്കും തിരിച്ചുവിട്ടു വ്യവസായവും വാണിജ്യവും പോഷിപ്പിക്കുക, മനഃപൂൎവ്വമായി ജനസംഖ്യവൎദ്ധനവിനെ കുറയ്ക്കുക എന്നിവയാണ് ഈ അഞ്ചു മാൎഗ്ഗങ്ങൾ. സിലോൺ,

ബർമ്മ, എഫ്. എം. എസ്., കിഴക്കും തെക്കും ആഫ്രിക്കകൾ എന്നീ സ്ഥലങ്ങളിലെ ഭാരതീയരുടെ അനുഭവങ്ങൾ ഈ കുടിയേറിപ്പാർപ്പിനു വലുതായ തടസ്സങ്ങളുണ്ടെന്നു പ്രത്യക്ഷപ്പെടുത്തിയിട്ടുണ്ട്. കൃഷിസ്ഥലത്തിൻെറ വിസ്താരം വർദ്ധിപ്പിക്കുകയാണെങ്കിൽ ഇപ്പോൾ ശേഷിച്ചിട്ടുള്ള കൃഷിക്കു ഉപയുക്തമായ സ്ഥലംകൊണ്ടു് എട്ടുലക്ഷം ജനങ്ങൾക്കു കൂടിമാത്രമേ ഉപജീവിക്കാവൂ. ഇന്നത്തെ നിരക്കിനു ജനസംഖ്യ വർദ്ധിക്കുകയാണെങ്കിൽ അടുത്ത സെൻസസ്സിനു മുമ്പ് ഇതിലധികം ആളുകൾ ഇവിടെ ഉണ്ടാകുകയും ചെയ്യും. കൃഷിസ്ഥലം ഇതിൽക്കൂടുതലായി വർദ്ധിപ്പിക്കണമെങ്കിൽ റിസർവ്ഡ്‌വനങ്ങളിൽ കടക്കണം. വനത്തിൽ കടന്നു് അതു നശിപ്പിക്കുന്നതു് അവസാനത്തിൽ മഴ കുറയുന്നതിനും തന്മൂലം കൃഷിക്കു പൊതുവേ ദോഷമുണ്ടാകുന്നതിനും ഇടയാകുമെന്നു് വനം കൺസർവേററർ അഭിപ്രായപ്പെട്ടിരിക്കുന്നു. ശാസ്ത്രീയരീതിയിൽ കൃഷിസ്ഥലങ്ങളുടെ വിളവു വർദ്ധിപ്പിക്കുന്നതിനു് രണ്ടു തടസ്സങ്ങൾ ഇവിടെ ഉണ്ടു്. കൃഷിസ്ഥലങ്ങൾ ചെറിയ തുണ്ടുകളായി വീതിച്ചുകിടക്കുന്നതും ഈ നാട്ടിലെ ഭൂരിപക്ഷം കർഷകരുടേയും വലുതായ ഋണഭാരവുമാകുന്നു ഈ തടസ്സങ്ങൾ. കൃഷിയുപേക്ഷിച്ചു വ്യവസായത്തിലും കച്ചവടത്തിലും പോകുന്നതിനുപകരം ഇവിടെ ഓരോ സെൻസസ്സുതോറും കൃഷിയിലേക്കു കൂടുതൽ ജനങ്ങൾ വരുന്നതായിട്ടാണു കണക്കുകൾ കാണിക്കുന്നതു്. വ്യവസായത്തിൻേറയും കച്ചവടത്തിൻേറയും പുരോഗതി വളരെ സാവധാനത്തിലാണെന്നാണു കണക്കുകൾ തെളിയിക്കുന്നതും. ഇതെല്ലാംകൊണ്ടു മനഃപൂർവ്വമായി ജനസംഖ്യ കുറയ്ക്കുന്നതേ വേഗത്തിൽ ഫലവത്തായിത്തീരുന്ന മാർഗ്ഗമായി ശേഷിക്കുന്നുള്ളൂ. ഇതു ചെയ്യുന്നതിനു് രണ്ടു വഴിയേയുള്ളൂ. ഒന്നുകിൽ ജനനനിരക്കു കുറയ്ക്കുക, അല്ലെങ്കിൽ മരണനിരക്കു വർദ്ധിപ്പിക്കുക. ഒടുവിലത്തേതു ക്രൂരമാണു്. ഒരു പരിഷ്കൃത ഗവമ്മേൻ്റും ഇതിനെ അനുവദിക്കുന്നതല്ല. നേരേമറിച്ചു ഭ്രൂണഹത്യ, ശിശുഹത്യ എന്നിവയെ തടയുകയും പൊതുജനാരോഗ്യപദ്ധതികളെ പോഷിപ്പിക്കുകയുമാണു പരിഷ്കൃതഗവമ്മേൻ്റുകൾ ചെയ്തുവരുന്നതു്. ഇങ്ങനെ മരണനിരക്കു കുറയ്ക്കുകയും അതോടുകൂടി ജനനനിരക്കു കുറയ്ക്കുവാൻ ശ്രമിക്കാതെയുമിരുന്നാൽ രാജ്യത്തിനു താങ്ങാൻ പാടില്ലാത്തവിധം ജനസംഖ്യ വർദ്ധിക്കുകതന്നെ ചെയ്യും. സന്താനനിയന്ത്രണപ്രശ്നത്തെപ്പററി ഭിന്നാഭിപ്രായം ഇപ്പോഴുമുണ്ടു്. തിരുവിതാംകൂറിലെ തൊഴിലില്ലായ്മക്കമ്മെററി ഇതിനു് അനുകൂലമായി കുറെ മൊഴി വാങ്ങിച്ചിട്ടുണ്ടു് എങ്കിലും ഇവിടത്തെ പൊതുജനാഭിപ്രായം അതിനെ അനുകൂലിക്കുന്നില്ലെന്നും ഇവിടത്തെ സ്ഥിതിഗതികളെക്കുറിച്ചു പൊതുജനങ്ങൾക്കു കൂടുതൽ വിവരങ്ങൾ നല്കേണ്ടതാണെന്നും ആണു് ഈ കമ്മററിക്കാർ ഈ പ്രശ്നത്തെപ്പററി അഭിപ്രായപ്പെട്ടിട്ടുള്ളതു്. കൃത്രിമമായ മാർഗ്ഗങ്ങൾ സ്വീകരിച്ചു ചെയ്യുന്ന ജനനനിയന്ത്രണം ജനങ്ങളുടെ മതവിശ്വാസത്തിനു ജുഗുപ്സാജനകമായി തോന്നുന്നതാണു്. പക്ഷേ, ജനനം തടയുന്നതിൽ കുട്ടികളെ ജനിപ്പിച്ചു് അവരെ കഷ്ടപ്പെടുത്തി കൊല്ലുന്നതിലുള്ളതിനേക്കാൾ അധികം ഭൂതദയ അടങ്ങിയിരിക്കുന്നു. കൃത്രിമമായ ജനനനിയന്ത്രണത്തിനു

മതം തടസ്സമാകുന്നെങ്കിൽ ഭ്രതദയ ആത്മനിയന്ത്രണത്തെ സ്വീകരിക്കുവാൻ പ്രേരിപ്പിക്കേണ്ടതാണു്. കൃത്രിമസന്താനനിയന്ത്രണമാർഗ്ഗങ്ങൾ സ്വീകരിച്ചോ വിവാഹജീവിതത്തിൻെറ നിയന്ത്രണംകൊണ്ടോ കുടുംബത്തിലെ അംഗങ്ങളുടെ സംഖ്യ (തിരുവിതാംകൂറിൽ ഏഴു കുട്ടികളുള്ള കുടുംബങ്ങളാണു് അധികം പ്രചാരത്തിലിരിക്കുന്നതെന്നു റിപ്പോർട്ടിൽ മറെറാരിടത്തു പറഞ്ഞിട്ടുണ്ടു്) കുറയ്ക്കുന്ന പതിവു് തിരുവിതാംകൂർകാർ സ്വീകരിച്ചിട്ടുള്ളതിനു് ഇതുവരെ യാതൊരു ലക്ഷ്യവും കാണുന്നില്ല.

കൃത്രിമമാർഗ്ഗങ്ങൾ മുഖേനയുള്ള സന്താനനിയന്ത്രണം തിരുവിതാംകൂറിൽ ഭ്രരിപക്ഷം ജനങ്ങളും ഉടനടി സ്വീകരിക്കേണ്ടതു് അത്യാവശ്യമാണെന്നു സാമ്പത്തികകാരണങ്ങളെ ആസ്പദമാക്കി ഇത്ര പ്രത്യയജനകമായി മററാക്കും വാദിക്കുവാൻ സാധിക്കുമെന്നു തോന്നുന്നില്ല. ഇതിന്റെ അത്യാവശ്യവും ഇതിനെപ്പററിയുള്ള അറിവു് സാധാരണജനങ്ങൾക്കു നല്കുന്നതിനു വിദഗ്ദ്ധരെ ഗവമെന്റു നിയമിക്കേണ്ടതിൻെറ ആവശ്യകതയും ഞങ്ങൾ പലകുറി ഈ പംക്തികളിൽ ചൂണ്ടിക്കാണിച്ചിരുന്നല്ലോ. ഇതിൻെറ അത്യാവശ്യംകൊണ്ടു സന്താനനിയന്ത്രണം മെക്സിക്കോവിലെ വെറാക്രൂസിലെ അധികാരികൾ ചെയ്യുവാൻ തീരുമാനിച്ചിട്ടുള്ളതുപോലെ നിർബന്ധിതമാക്കണമെന്നുപോലും ഞങ്ങൾ അഭിപ്രായപ്പെടുകയും ചെയ്തിട്ടുണ്ടു്. സന്താനനിയന്ത്രണത്തിൻെറ ഗുണദോഷങ്ങളെ തമ്മിൽ താരതമ്യപ്പെടുത്തി അതിൻെറ ഗുണങ്ങൾ ഗണനീയങ്ങളും ദോഷങ്ങൾ ത്യാജ്യങ്ങളുമാണെന്നു സ്ഥാപിക്കുന്ന ഒരു പ്രസിദ്ധവിദഗ്ദ്ധനായ ഡാക്ടർ ഡ്രൈസ്ഡെയിലിൻെറ ഒരു ലേഖനവും ഞങ്ങൾ പ്രസിദ്ധപ്പെടുത്തിയിരുന്നു.

കേസരി, 1933 ഫെബ്രുവരി 8

## II

ഇവിടത്തെ ജനനനിരക്കു കുറയ്ക്കുന്നതു് അത്യാവശ്യമായിത്തീർന്നിരിക്കുന്നു എന്നു കാണിക്കുവാൻ വേണ്ട സാമ്പത്തികവാദങ്ങളെല്ലാം സെൻസസ്റിപ്പോർട്ടിൽനിന്നു ഞങ്ങൾ കഴിഞ്ഞ ലക്കത്തിൽ ഉദ്ധരിച്ചിരുന്നല്ലോ. തിരുവിതാംകൂറിലെ മാതാക്കന്മാരുടെയും ഭാവിതലമുറകളുടെയും ആരോഗ്യം സംരക്ഷിച്ചുകൊണ്ടുപോകുന്നതിനും ഇപ്പോഴത്തെ അത്യധികമായ ജനനനിരക്കു കുറയ്ക്കേണ്ടതാണു്. ഇവിടത്തെ ഒരു മാതൃകാകുടുംബത്തിനു് ഏഴു കുട്ടികൾ ഉണ്ടായിരിക്കുമെന്നു സെൻസസ്റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിട്ടുണ്ടു്. 15 വയസ്സുമുതൽ 45 വയസ്സുവരെ ഇവിടത്തെ സ്ത്രീകൾക്കു സന്താനോല്പാദനശക്തിയുള്ളതിനാൽ അവർ സാമാന്യമായി ശരാശരി നാലു വർഷംകൂടുമ്പോൾ ഓരോന്നു പ്രസവിക്കുന്നു. ശരിയായ ആഹാരം ലഭിക്കുന്ന ഒരു മാതാവിനുതന്നെ നാലുവർഷത്തിൽ ഒരിക്കലുള്ള പ്രസവം അനാരോഗ്യകരമായിത്തീരും. ശരിയായ ആഹാരംപോലും ഇവിടത്തെ ഒരു ദരിദ്രനായ പൗരനു ലഭിക്കുന്നില്ലെന്നു സെൻസസ് റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിട്ടുള്ളതു് ഓക്കുമ്പോൾ ഈ നാലുവർഷ

ത്തിലൊരിക്കലുള്ള പ്രസവം ഇത്തരക്കാരായ സ്ത്രീകളിൽ എത്രമാത്രം ആരോഗ്യഹാനി ഉണ്ടാക്കുമെന്ന് അനുമാനിക്കാവുന്നതാണല്ലൊ. തള്ളമാരുടെ ആരോഗ്യമില്ലായ്മ അവരുടെ സന്താനങ്ങളെയും ആരോഗ്യമില്ലാത്തവരാക്കിത്തീക്കുന്നു.

തിരുവിതാംകൂറിലെ ജനസംഖ്യാവർദ്ധനവുപ്രശ്നം അതിനു പരിഹാരം ഉടനടി ചെയ്യേണ്ടവിധത്തിൽ അത്ര ആപൽക്കരമായ സ്ഥിതിയിൽ എത്തിയിട്ടുണ്ടെന്നു മേൽ ഉദ്ധരിച്ച സെൻസസ്കണക്കുകളും മറ്റും സുസ്പഷ്ടമാക്കുന്നുണ്ടല്ലൊ. ഒരു തലമുറ കഴിയുമ്പോൾ ഒട്ടച്ചാണുള്ള തിരുവിതാംകൂറിലെ ജനസംഖ്യ ഇന്നത്തെ വർദ്ധനനിരക്കനുസരിച്ച് ഒരു കോടിയാകുമെന്നു സെൻസസ്കമ്മീഷണർ ചൂണ്ടിക്കാണിച്ചിട്ടുള്ളതിനെ വിഗണിച്ച് "ജനസംഖ്യ വർദ്ധിക്കുന്നതുകൊണ്ടു പേടിക്കാനൊന്നുമില്ലെന്നും ദൈവം വാ കീറിയിട്ടുണ്ടെങ്കിൽ ഇരയും കല്പിച്ചിട്ടുണ്ട്." എന്നും വാദിക്കുന്ന മതവിശ്വാസികൾ ഉണ്ടെങ്കിലും ഒരു ഗവർമ്മെന്റിനു് ഈ മനസ്ഥിതി ഒരിക്കലും യോജിച്ചിരിക്കുന്നതല്ല. ജനസംഖ്യവർദ്ധനവ് എന്ന രോഗം ഭയങ്കരമായി ഇവിടെ ബാധിച്ചിരിക്കുന്നതിനാൽ കഠിനമായ ഔഷധപ്രയോഗംതന്നെ ഇവിടെ ഗവമ്മെൻറു ചെയ്യേണ്ടിയിരിക്കുന്നു. കേവലം ആത്മനിയന്ത്രണംകൊണ്ട് ഇവിടെ ഈ പ്രശ്നത്തിനു യാതൊരു പരിഹാരവുമുണ്ടാകുന്നതല്ലെന്നു പ്രത്യേകം പറയേണ്ട ആവശ്യമില്ല. ദരിദ്രരായ ജനങ്ങളുടെ ഇടയ്ക്കാണ് ഈ ജനനനിരക്ക് അത്യധികമായി വർദ്ധിച്ചിരിക്കുന്നതു്. ഇവർ ആത്മനിയന്ത്രണം ചെയ്യണമെന്നുപദേശിക്കുന്നവക്കു മനുഷ്യസ്വഭാവത്തെപ്പററി ഒരു ഗന്ധവുമില്ലെന്നു പറഞ്ഞേതീരൂ. കൃത്രിമമാർഗ്ഗങ്ങൾ ഉപയോഗിച്ചാൽമാത്രമേ ഇവിടത്തെ ജനനനിരക്കു കുറയ്ക്കുവാൻ സാധിക്കുകയുള്ളു എന്നു നിഷ്പക്ഷപാതികൾക്കു കാണാൻ കഴിയും. ജനനനിരക്കിനെ വർദ്ധിപ്പിക്കുന്ന ഇവിടത്തെ പ്രകൃതിസ്ഥിതിയെ മാററാവുന്നതല്ല. അതുപോലെതന്നെ അരിയും മരച്ചീനിയും ഇവിടത്തെ ഭൂരിപക്ഷക്കാരെക്കൊണ്ട് ഉപേക്ഷിപ്പിച്ച് അവരെക്കൊണ്ടു ജനനനിരക്കു കുറയ്ക്കുന്നതിനു വേണ്ടതായ പ്രൊട്ടീഡ് അധികമുള്ള പയറുവർഗ്ഗങ്ങളും മാംസവും മത്സ്യവുംമാത്രം പ്രധാനമായ ആഹാരസാധനങ്ങളാക്കിക്കുവാനും സാധിക്കുന്നതല്ല. ഒട്ടധികം പ്രസവിക്കുന്നതിനു സഹായമായിട്ടുള്ള 15 വയസ്സിനും 20-നും ഇടയ്ക്കുള്ള സ്ത്രീകളുടെ വിവാഹം തടഞ്ഞാൽ ജനനനിരക്ക് അല്പമായി കുറയ്ക്കാമെന്നു ഞങ്ങൾ വിചാരിക്കുന്നു. ഇരുപതു വയസ്സു കഴിഞ്ഞുമാത്രമേ സ്ത്രീകളുടെ വിവാഹവും ഇരുപത്തിഅഞ്ചു വയസ്സു കഴിഞ്ഞുമാത്രമെ പുരുഷന്മാരുടെ വിവാഹവും സാധുവാകുകയുള്ളു എന്നു നിയമങ്ങൾ ഉണ്ടാക്കിയാൽ കൊള്ളാം. വളരെ പ്രായംചെന്നിട്ടു വിവാഹം ചെയ്യുന്നവക്കും സന്താനം കുറഞ്ഞിരിക്കുന്നവക്കും ഗവർമ്മെന്റിൽനിന്നും പ്രത്യേകസൗജന്യങ്ങൾ നൽകുകയാണെങ്കിലും ജനനനിരക്ക് അല്പം കുറയ്ക്കാവുന്നതാണ്. ജനനനിരക്കു വർദ്ധിപ്പിക്കുന്നതിനും വിവാഹം കൂട്ടതലായി ചെയ്യിപ്പിക്കുന്നതിനുമായി ഇത്തലിയിലേയും ഫ്രാൻസിലേയും ഗവമ്മെൻറുകൾ ചില പ്രത്യേകസൗജന്യങ്ങൾ ജനങ്ങൾക്കു നൽകിയിട്ടുണ്ടല്ലോ. അതുപോലെ

ജനനനിരക്ക കുറയ്ക്കുന്നതിനും വിവാഹം കുറഞ്ഞപക്ഷം നീട്ടിവയ്ക്കുന്നതിനും തിരുവിതാംകൂർഗവമ്മെന്റിനു് ചില സൗജന്യങ്ങൾ ജനങ്ങൾക്കു് അനുവദിക്കാൻപാടില്ലാതില്ല. ഇപ്പോൾ സ്ത്രീകൾക്ക ഭാര്യമാരാകുക എന്നു് ഒരു തൊഴിൽമാത്രമേ ഇവിടെ ഇടത്തരക്കാരുടെ ഇടയിൽ പ്രധാനമായിട്ടുള്ളു. ഈ സ്ഥിതി മാററി സ്ത്രീകൾക്ക പുരുഷന്മാരോടൊപ്പം വിവിധതൊഴിലുകൾ ഉണ്ടാക്കിക്കൊടുക്കുന്നതായാൽ പ്രായം ചെന്നിട്ടുള്ള വിവാഹങ്ങളുടെ സംഖ്യ വദ്ധിക്കുകയും തന്മൂലം ജനനനിരക്ക കുറയുകയും ചെയ്യും. 'ഒരു കുടുംബത്തിനു രണ്ടു സന്താനങ്ങൾ' എന്ന തലക്കെട്ടിൽ മി. ബി. ഡൺലപ് എം. ബി.യുടെ ഒരു ലേഖനം ഞങ്ങൾ കഴിഞ്ഞ മേടമാസത്തിൽ കേസരിയിൽ പ്രസിദ്ധപ്പെടുത്തിയിരുന്നല്ലൊ. ഇവിടത്തെ സാമ്പത്തികസ്ഥിതിയെക്കാൾ മെച്ചമായ സ്ഥിതിയുള്ള പാശ്ചാത്യരാജ്യങ്ങളിലെ സാധാരണദരിദ്രകുടുംബങ്ങളിൽ രണ്ടിലധികം കുട്ടികൾ ഉണ്ടായിരിക്കുവാൻ പാടില്ലെന്നു നിയമം മൂലമോ മററു വിധേനയോ നിർബന്ധിക്കേണ്ടതാണെന്നു് അദ്ദേഹം അതിൽ യുക്തിപൂർവ്വം ചൂണ്ടിക്കാണിച്ചിരുന്നല്ലൊ. അപ്പോൾ ഇവിടത്തെ സ്ഥിതിക്കു് ഒരു സാധാരണദരിദ്രകുടുംബത്തിനു് രണ്ടു കുട്ടികളെപ്പോലും ശരിയായ രീതിയിൽ പോററിക്കൊണ്ടുവരാൻ പോക്കില്ലെന്നുവേണം വിചാരിക്കേണ്ടതു്. പക്ഷേ, ഏകാപത്യകുടുംബത്തിനു പല ദൂഷ്യങ്ങളുമുള്ളതിനാൽ ഇവിടെയും രണ്ടു കുട്ടികളിൽകൂടുതൽ ഒരു ദരിദ്രകുടുംബത്തിനു പാടില്ലെന്നു ഗവമ്മെന്റ നിർബന്ധിക്കേണ്ടതാണു്. ഈ പതിവു് ഇവർ സ്വീകരിക്കുന്നതിനു സഹായമായി ഇവരുടെ ഇടയ്ക്കു കൃത്രിമജനനനിയന്ത്രണമാർഗ്ഗത്തെപ്പററിയുള്ള ജ്ഞാനം ധാരാളമായി വിതരണംചെയ്യുകയും അതിദരിദ്രന്മാക്കു് അതിനു വേണ്ട ഉപകരണങ്ങൾ ഗവമ്മെൻറുതന്നെ സൗജന്യമായി ദാനം ചെയ്യുകയും വേണം. സ്ത്രീകൾ ധരിക്കുന്ന രക്ഷകൾമാത്രമേ ഗർഭോല്പാദനത്തെ പൂർണ്ണമായി തടയുകയുള്ളു എന്നു ഡാക്ടർ മേരി സ്റ്റോപ്സ് മുതലായ വിദഗ്ദ്ധകളും വിദഗ്ദ്ധന്മാരും അഭിപ്രായപ്പെട്ടിരിക്കുന്നതിനാൽ ദരിദ്രരായ സ്ത്രീകളുടെ ഇടയ്ക്കു വേണം ഈ ജ്ഞാനം അധികമായി വിതരണം ചെയ്യേണ്ടതും. സക്കാർ ആസ്പത്രികളിൽനിന്നു ജനനനിയന്ത്രണം സംബന്ധിച്ചുള്ള ഔഷധങ്ങളും ഉപദേശങ്ങളും ജനങ്ങൾക്ക കൊടുക്കുന്നതിനു വേണ്ട ഏപ്പാട്ട ചെയ്യണമെന്നു് ഇപ്പോൾ കൂടിയിരിക്കുന്ന കൊച്ചി നിയമസഭയിൽ മി. കെ. അയ്യപ്പൻ ഒരു പ്രമേയം കൊണ്ടുവന്നതിനു് അദ്ദേഹത്തെ ഞങ്ങൾ ഹൃദയംഗമമായി അഭിനന്ദിക്കുന്നു എന്നും ഇടയ്ക്കു പറഞ്ഞുകൊള്ളട്ടെ. തിരുവിതാംകൂർ എം. എൽ. സി.കളും ഇദ്ദേഹത്തെ അനുകരിക്കേണ്ടതാണു്. ദരിദ്രരല്ലാത്തവരുടെ ഇടയ്ക്കും സംപ്ച്ചുവറിനിയമങ്ങളും കരംചുമത്തലുകളും മറ്റുംകൊണ്ടു് അവർ സ്വമനസ്സാലെ ജനനനിരക്ക കുറയ്ക്കുന്നില്ലെങ്കിൽ സന്താനനിയന്ത്രണം പ്രചാരത്തിൽ വരുത്തുകതന്നെ വേണം. ദരിദ്രന്മാർ ജനനനിയന്ത്രണസൗകര്യങ്ങൾ ഉണ്ടായിട്ടും രണ്ടു കുട്ടികളിൽ അധികം ജനിപ്പിക്കുകയാണെങ്കിൽ അവരുടെ സന്താനോല്പാദനശക്തി നശിപ്പിക്കുന്ന ശസ്ത്രക്രിയ (sterilization) അവരിൽ നിർബന്ധമായി നടത്തുവാനുള്ള അധികാരം

നിയമംമൂലം ഗവമ്മെൻറു കരസ്ഥമാക്കുകയും വേണം. സന്താനനിയന്ത്രണത്തിൻെറ ആവശ്യത്തെപ്പററി ഇവിടത്തെ ജനങ്ങളുടെ ഇടയ്ക്കു പ്രചാരവേല നടത്തേണ്ടതിൻെറ ആവശ്യം തൊഴിലില്ലായ്മക്കമ്മിററി തങ്ങളുടെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരുന്നിട്ടും ഇതിനായി ഗവമ്മെൻറ് ഇതേവരെ ഒന്നും ചെയ്യാതിരുന്നതു് അവരുടെ കത്തവ്യബോധത്തെയല്ല പ്രത്യക്ഷപ്പെടുത്തുന്നതു്. ഇപ്പോൾ സെൻസസ് കമ്മിഷണരും ഈ കാര്യത്തിൽ ഉടനടി വേണ്ടതു ചെയ്യേണ്ടതിന്റെ അത്യാവശ്യം പ്രത്യയജനകമായ വിധത്തിൽ ചൂണ്ടിക്കാണിച്ചിരിക്കുന്നു. ഇതു കണ്ടെങ്കിലും ഗവമ്മെൻറു തങ്ങളുടെ നിദ്രയിൽനിന്നു് ഉണന്നു തിരുവിതാംകൂറിനെ നശിപ്പിക്കുവാൻ തുടങ്ങിയിരിക്കുന്ന ഒരു മഹാവിപത്തിൽനിന്നു് അതിനെ രക്ഷിക്കുവാൻ സവ്വശക്തിയും ഉപയോഗിച്ചു പ്രയത്നിക്കേണ്ടതാണു്. ഈ പ്രയത്നത്തിൽ ഒരു കുടുംബത്തിനു ശരാശരി രണ്ടു സന്താനത്തിലധികം പാടില്ല എന്ന സ്ഥിരനിശ്ചയം വേണം അവർ പ്രധാനമായി മുൻനിറുത്തേണ്ടതു്. ഈ സ്ഥിതി തിരുവിതാംകൂറിൽ വരുത്തിക്കഴിഞ്ഞാൽ മററൊന്നും ചെയ്തില്ലെങ്കിലും തിരുവിതാംകൂർകാരുടെ സാമ്പത്തികസ്ഥിതി ഗവമ്മെൻറിനു് നൂറുമടങ്ങു് അഭിവൃദ്ധിപ്പെടുത്താവുന്നതാണു്.

കേസരി, 1933 ഫെബ്രുവരി 15

# നായർസമ്മേളനം

[1109-ാമാണ്ടു് (1933) തിരുവനന്തപുരത്തുവച്ചു കൂടിയ നായർ മഹാസമ്മേളനം ഇന്നോളം നടന്ന നായർസമ്മേളനങ്ങളെക്കാൾ പ്രാധാന്യമർഹിക്കുന്ന ഒന്നായിരുന്നു. ഏതാണ്ടു് ഒരു രാഷ്ട്രീയ ചായ്‌വും ആ സമ്മേളനത്തിനുണ്ടായിരുന്നു. തിരുവനന്തപുരത്തുവച്ചു ചേർന്നതായതുകൊണ്ടും അന്നു് സർവീസ്സൊസൈററി സ്വീകരിച്ചിരുന്ന നയമനുസരിച്ചും അന്നത്തെ രാഷ്ട്രീയസ്ഥിതിയനുസരിച്ചും ഉല്പതിഷ്ണുത്വപരമായ ചിന്താഗതിയെ സമ്മേളനം എതിത്തിരുന്നു. ഈ പശ്ചാത്തലത്തിലെഴുതിയ മുഖപ്രസംഗമാണിതു്.]

സമുദായത്തെ യുവജനങ്ങളും ലോകപരിചയമുള്ള വൃദ്ധന്മാരും നയിക്കുന്നതിൻെറ പ്രത്യേകഗുണങ്ങളേയും ദോഷങ്ങളേയും താരതമ്യപ്പെടുത്തി വിവരിച്ചതിനുശേഷം "പുരോഗതി എന്നതു ലോകപരിചയമുള്ളവരുടെമേൽ യുവജനങ്ങൾക്കു ലഭിക്കുന്ന വിജയമാണെന്നു്" ഒരു ലേഖകൻ അതീനിയം പത്രത്തിൽ ഒരിക്കൽ ചൂണ്ടിക്കാണിച്ചിട്ടുണ്ടായിരുന്നു. സത്യാത്മകമായ ഈ തത്വം മുൻപിൽവച്ചുകൊണ്ടു കേരളത്തിലെ ചില

വർഗ്ഗങ്ങളുടെ ഇന്നത്തെ പോക്കു പരിശോധിക്കുന്നതായാൽ നമ്പൂതിരിസമുദായവും ഈഴവസമുദായവും പുരോഗതിയിലേക്കും നായർസമുദായം അധോഗതിയിലേക്കും കാലുവച്ചിരിക്കുന്നു എന്നു കാണാവുന്നതാണ്. ഉണ്ണിനമ്പൂതിരിമാർ യോഗക്ഷേമസഭയെ പിടിച്ചടക്കി. ഈഴവയുവജനങ്ങൾ എസ്. എൻ. ഡി. പി. യോഗത്തിൻെറ നായകന്മാരായിത്തീന്നു. എന്നാൽ ഇക്കഴിഞ്ഞ ആഴ്ച്ച തിരുവനന്തപുരത്തുവച്ചുകൂടിയ നായർസമ്മേളനത്തിൽ അതുവരെയും കൂടിയിട്ടുള്ള നായർസമ്മേളനങ്ങളിലെല്ലാററിലും നായകത്വം വഹിച്ചിരുന്ന യുവജനങ്ങളിൽനിന്നു (യുവജനം എന്ന പദത്തിൽ കേവലം വയസ്സിനുമാത്രമല്ല യുവജനസഹജമായ മനസ്ഥിതിക്കും പ്രാമുഖ്യം ഇവിടെ കൊടുത്തിട്ടുണ്ടെന്നു് ഇടക്കു പറഞ്ഞുകൊള്ളട്ടെ) അതു ''ലോകപരിചയമുള്ള വൃദ്ധന്മാർ'' കൈക്കലാക്കുകയാണു ചെയ്തതു്. കടുത്ത യാഥാസ്ഥിതികത്വത്തിനു കേൾവികേട്ടിട്ടുള്ളവരാണു് ഈ നായർസമ്മേളനത്തിലും അതിനെസംബന്ധിച്ചുള്ള മിക്ക ഉപസമ്മേളനങ്ങളിലും ആദ്ധ്യക്ഷം വഹിച്ചിരുന്നതു്. ഈ സംഗതി മനസ്സിലാക്കുന്നവക്കു് ഈ സമ്മേളനത്തിലെ മിക്ക അദ്ധ്യക്ഷപ്രസംഗങ്ങളിലും പാസ്സാക്കിയ ചില പ്രധാനനിശ്ചയങ്ങളിലും പൊന്തിച്ചു നില്ക്കുന്ന യാഥാസ്ഥിതികത്വവും വർഗ്ഗീയമനസ്ഥിതിയും ആശ്ചര്യം ഉളവാക്കുന്നതല്ല. ഈ അദ്ധ്യക്ഷന്മാരിൽ മിക്കവരും ഉയന്നതരം പെൻഷൺഡ് സക്കാരുദ്യോഗസ്ഥന്മാരാണെന്നുള്ളതും ഇവിടെ സ്മരണീയമാണു്. അതിനാൽ ഉയന്ന സക്കാരുദ്യോഗസ്ഥന്മാരിൽ സാധാരണയായി കാണാറുള്ള രാഷ്ട്രീയയാഥാസ്ഥിതികത്വവും സ്വാത്ഥതയും ഇതിലും കാണാവുന്നതാണു്. അന്യത്ര ചേത്തിട്ടുള്ള മി. പി. എൻ. കൃഷ്ണപിള്ളയുടെ ഒരു പ്രമേയം സംബന്ധിച്ചുള്ള പൗരനാദലേഖനം ഞങ്ങൾ മുകളിൽ പറഞ്ഞതിനു സാക്ഷ്യം വഹിക്കുന്നുണ്ടു്. ഉദ്യോഗസ്ഥദുഷ്പ്രഭുത്വം മികച്ചിട്ടുള്ള അധഃകൃതസമ്മേളനാദ്ധ്യക്ഷൻ മി. ഗോപാലമേനവൻ ഉൽപതിഷ്ണുവായ മി. പുതുപ്പള്ളിയുടെ പ്രമേയം അവതരിപ്പിക്കാൻ അനുവദിക്കാതെയിരുന്നതും മി. ഗോപാലപ്പണിക്കരുടെ ഒരു ഭേദഗതിപ്രമേയം തള്ളിക്കളഞ്ഞതും യുവജനസമ്മേളനാദ്ധ്യക്ഷനായ മി. മള്ളൂർ ഗോവിന്ദപ്പിള്ള ഒരു ഉല്പതിഷ്ണുയുവാവായ മി. താണുപിള്ളയോടു പെരുമാറിയ രീതിയും ഉയന്ന മററു സക്കാരുദ്യോഗസ്ഥന്മാരുടെ ദൃഷിച്ച അങ്ങത്തമനസ്ഥിതി ഈ സമ്മേളനത്തിൽ പൊന്തിച്ചു നിന്നിരുന്നു എന്നു കാണിക്കുന്നതിനു് ഉദാഹരണങ്ങളായി എടുക്കാം. രാജകീയാധികാരത്തെ യഥാത്ഥത്തിൽ നാമാവശേഷമാക്കുന്ന ഉത്തരവാദഭരണസ്ഥാപനത്തിനു മുറവിളി കൂട്ടിക്കൊണ്ടിരുന്ന നായന്മാർ മേലാൽ അതിൽ പങ്കുകൊള്ളുന്നതല്ലെന്നാണു് മി. നാരായണമേനോൻ അദ്ധ്യക്ഷപീഠത്തിൽനിന്നു് ഉൽഘോഷിച്ചതു്. നാടുവാഴികളുടെ യൗവനമോ വാദ്ധക്യമോ, സ്ത്രീപുരുഷവ്യത്യാസമോ നോക്കാതെ രാഷ്ട്രീയപ്രക്ഷോഭണങ്ങളിൽ തലവന്മാരായി നിന്നിരുന്ന നായന്മാരോടു ശ്രീചിത്തിരതിരുനാൾ മഹാരാജാവിൻെറ യുവത്വത്തെ പരിഗണിച്ചു് അത്തരം പ്രക്ഷോഭങ്ങളിൽനിന്നു വിരമിക്കണമെന്നു് അദ്ദേഹം ഉപദേശിക്കുന്നുണ്ടു്. വൈക്കം സത്യാഗ്രഹകാലത്തു വൈക്ക

ത്തുവച്ചു നടന്ന സംയുക്തനായരീഴവസമ്മേളനത്തിൽ ആദ്ധ്യക്ഷംവഹിക്കാതെ മി. നാരായണമേനവൻ ഒഴിഞ്ഞുകളഞ്ഞതു് വൃദ്ധനായ ശ്രീമൂലംതിരുനാൾ മഹാരാജാവിൻെറ വാൎദ്ധക്യത്തെ മുൻനിറുത്തി അനാവശ്യപ്രക്ഷോഭണങ്ങളിൽ നായന്മാർ ചേരരുതെന്നുള്ള വിചാരംകൊണ്ടായിരുന്നിരിക്കാമെന്നു് അദ്ദേഹത്തിൻെറ ഈ വാദം കേട്ടിട്ടു ഞങ്ങൾക്കു തോന്നുന്നു. ഹിററ്ലരുടേയും മുസ്സോളിനിയുടേയും പരീക്ഷണപദ്ധതികൾ കണ്ടു പ്രജാധിപത്യഭരണം തിരുവിതാംകൂറിനു യോജിച്ചതല്ലെന്നാണു് അദ്ദേഹം വിധിക്കുന്നതു്. പാരമ്പൎയ്യമായി ഭരിക്കുന്ന നാട്ടുവാഴികളുടെ നിലയ്ക്കും സമുദായത്തിൻെറ ഏറ്റവും താഴ്ന്ന പടിയിൽനിന്നു് ഉയൎന്നുവന്ന മുസ്സോളിനിയുടേയും ഹിററ്ലരുടേയും നിലകൾക്കും തമ്മിൽ യാതൊരു വ്യത്യാസവുമില്ലല്ലൊ. ഭൂസ്വത്തുടമ പാടേ ഇല്ലായ്മ ചെയ്യണമെന്നു പുതിയ ലോകത്തെ സൃഷ്ടിക്കുന്നവർ ഇന്നു മുറവിളി കൂട്ടുമ്പോൾ ഭൂസ്വത്തുടമ കൂടുതൽ രാഷ്ട്രീയാവകാശങ്ങൾക്കുള്ള വാദമായി മി. നാരായണമേനവൻ എടുത്തു വിളമ്പുന്നു. സൎക്കാർ ഉദ്യോഗങ്ങളെ സംബന്ധിച്ചു വൎഗ്ഗീയപ്രാതിനിധ്യവാദം പുറപ്പെടുവിക്കാതെയിരുന്ന നായന്മാർ ഈ സമ്മേളനത്തിൽ അതിനും പ്രാമുഖ്യം നല്കിയിട്ടുണ്ടു്. രാജ്യസേവനത്തിൽ മുമ്പു നായന്മാർ ചെയ്തിരുന്ന ത്യാഗാത്മകമായ പ്രവൃത്തികളെ ആവൎത്തിച്ചു ശ്ലാഘിക്കുന്നതോടുകൂടി മേലാൽ വൎഗ്ഗീയകാൎയ്യംമാത്രം നോക്കിയാൽ മതിയെന്നും ഈ സമ്മേളനത്തിലെ ചില അദ്ധ്യക്ഷന്മാരും പ്രാസംഗികന്മാരും വിളിച്ചുപറയുന്നുണ്ടു്. രാജ്യസേവനം വൎഗ്ഗസേവനത്തെക്കാൾ മഹത്തരമായ പ്രവൃത്തിയാണെന്നു് ഇവർതന്നെ സമ്മതിക്കുന്ന സ്ഥിതിക്കു് ഇവരുടെ പുതിയ നയം അധോഗതിയാണെന്നു് ഇവൎക്കു സമ്മതിക്കേണ്ടതായി വരും. ഒരു യഥാൎത്ഥമായ സ്വവൎഗ്ഗസേവനമനസ്ഥിതിതന്നെ ഇവൎക്കുണ്ടോ എന്നുള്ള കാൎയ്യം വളരെ സംശയത്തിലാണു്. എന്തെന്നാൽ വൎഗ്ഗീയരക്ഷയെമാത്രം മുൻനിറുത്തുന്നവർ നായർവൎഗ്ഗത്തിലെ ഒരു വലിയഭാഗം ജനങ്ങൾക്കു് ഒരു ഉപജീവനമാൎഗ്ഗമായിത്തീൎന്നിരിക്കുന്ന താഴ്ന്നതരം സൎക്കാരുദ്യോഗങ്ങളെ വിട്ടുകൊടുക്കാമെന്നും അല്പംപേൎക്കുമാത്രം ഉപജീവനം നല്കുന്ന വലിയ ഉദ്യോഗങ്ങൾ വിടുകയില്ലെന്നും ഇവർ ഏറക്കുറെ സമ്മതിച്ചതുപോലെ സമ്മതിക്കുന്നതല്ല. ഇതരസമുദായങ്ങളുടെ ന്യായമായ അവകാശങ്ങളെ പരിഗണിച്ചാണു താഴ്ന്നതരം ഉദ്യോഗങ്ങൾ ഇവർ വിട്ടുകൊടുക്കുവാൻ തയ്യാറായതെന്നു സമ്മേളനപരിതസ്ഥിതിയിൽനിന്നു വിശ്വസിക്കുവാൻ പ്രയാസമാണു്. അതിനാൽ ശുദ്ധവൎഗ്ഗീയരക്ഷയെ കരുതിയോ ശുദ്ധരാഷ്ട്രീയതത്വങ്ങളെ കരുതിയോ അല്ല, കേവലം സ്വാൎത്ഥത്തെ—ഈ അദ്ധ്യക്ഷന്മാരിൽ ഭൂരിഭാഗവും വലിയ ഉദ്യോഗസ്ഥന്മാരാണെന്നും ഇവൎക്കു തങ്ങൾ വഹിച്ചിരുന്ന സ്ഥാനങ്ങളിൽ കയററിക്കൊണ്ടുവരാൻ അനേകം ബന്ധുക്കളും ആശ്രിതന്മാരുമുണ്ടെന്നും ഇവിടെ ഓൎക്കണം—പുരസ്കരിച്ചാണു് ഇവർ ഇങ്ങനെ പ്രവൎത്തിച്ചതെന്നും വിശ്വസിക്കുന്നതിൽ വലിയ തെറെറാന്നുമുണ്ടാവാനിടയില്ല. സൎവ്വസാഹോദൎയ്യം പ്രസംഗിച്ചുകൊണ്ടു നടന്ന നായന്മാർ നായർപ്പട്ടാളത്തിൽ മററുള്ള വൎഗ്ഗക്കാരെ കൂട്ടിക്കലൎത്തരുതെന്നു നിശ്ചയം

പാസ്സാക്കി തങ്ങളുടെ ഇന്നത്തെ അതിവിശാലമനസ്ഥിതി പ്രത്യക്ഷപ്പെടുത്തുകയും ചെയ്തിരിക്കുന്നു.

നിവർത്തനത്തോടും അതിനു കാരണമായ ഭരണപരിഷ്കാരത്തോടും ഈ സമ്മേളനം സ്വീകരിച്ച നയം പ്രത്യേകം ശ്രദ്ധാർഹമാണു്. സമ്മേളനാദ്ധ്യക്ഷൻ പൊളിഞ്ഞ ബഹു പഴഞ്ചൻ വാദങ്ങൾ ഉദ്ധരിച്ചുകൊണ്ടു നിവർത്തനത്തെ പ്രതികൂലിച്ചു സംസാരിച്ചു എങ്കിലും നിവർത്തനത്തെ ഒരു നയമെന്നനിലയിൽ ആക്ഷേപിച്ചോ, ഭരണപരിഷ്കാരത്തെ പ്രശംസിച്ചോ ഒരു നിശ്ചയവും സമ്മേളനം പാസ്സാക്കിയില്ല. നിവർത്തനസമുദായക്കാർ നായർസമുദായത്തെ ചീത്തപറയുന്നു എന്നും അതു ഗവൺമെന്റു തടുക്കണമെന്നുമേ നിവർത്തനംസംബന്ധിച്ചു സമ്മേളനം നിശ്ചയം പാസ്സാക്കിയിട്ടുള്ളു. ഗവൺമെൻറു് ഈ സമ്മേളനത്തിൽനിന്നു തങ്ങളുടെ ഭരണപരിഷ്കാരപദ്ധതിക്കു പിന്താങ്ങു പ്രതീക്ഷിച്ചിരുന്നെങ്കിൽ അതിൽ അവക്കു് ഇച്ഛാഭംഗമേ ഉണ്ടാകുവാൻ ഇടയുള്ളു. ഇങ്ങനെ നേരിട്ടു് ഒരു പിന്താങ്ങുനിശ്ചയം ഈ യാഥാസ്ഥിതികനായർസമ്മേളനംപോലും പാസ്സാക്കാതെയിരുന്നതിൻെറ ആന്തരാത്ഥം ഗവൺമെന്റു മനസ്സിലാക്കിയാൽ കൊള്ളാം. ഇതു് ഈ യാഥാസ്ഥിതികർ ചെയ്യാതെയിരുന്നതു് നായർസമുദായത്തിന്റെ ഈ ഭരണപരിഷ്കാരത്തെപ്പറ്റിയുള്ള പ്രതികൂലഅഭിപ്രായത്തെ ഭയന്നിട്ടെന്നുവേണം അനുമാനിക്കേണ്ടതു്. എന്നാൽ ഇങ്ങനെ നേരിട്ടു നിവർത്തനനയക്കാരെ എതിക്കുവാൻ ധൈര്യപ്പെടാതെ അവരെ ഗവൺമെൻറിനെക്കൊണ്ടു മർദ്ദിപ്പിക്കുവാൻ പ്രേരിപ്പിക്കുന്ന ഒരു നിശ്ചയം ഇവർ പാസ്സാക്കിയിട്ടുമുണ്ടു്. നായർസമുദായത്തിലെ ചില അംഗങ്ങളും നിവർത്തനസമുദായത്തിലെ ചില അംഗങ്ങളും പരസ്പരം ചീത്തപറഞ്ഞിട്ടുള്ളതു വാസ്തവമാണു്. ഇതു രണ്ടു കക്ഷികളും നിറുത്തേണ്ടതും തന്നെ. പക്ഷേ, ഇതു രണ്ടുകക്ഷികളിലേയും ദേശാഭിമാനികളും ഉൽപതിഷ്ണുക്കളും കൂടിച്ചേന്നുള്ള സൗഹാർദ്ദയോഗങ്ങൾകൊണ്ടുവേണം നിർവഹിക്കേണ്ടതു്. ഇതു ചെയ്യാതെ അവസാനത്തിൽ യോജിച്ചു പ്രവത്തിക്കേണ്ടിവരുന്ന ഈ വർഗ്ഗങ്ങളുടെ കലഹത്തിൽ ഗവൺമെൻറിനെ ക്ഷണിച്ചുവരുത്തുന്നതു് ഒരിക്കലും ന്യായീകരിക്കാവുന്ന ഒരു പ്രവൃത്തിയാണെന്നു ദീർഘദൃഷ്ടിയുള്ളവരാരുംതന്നെ പറയുന്നതല്ല. സകലവർഗ്ഗക്കാരും നായന്മാരുടെ വിരോധികളാണെന്നും അതിനാൽ ആസന്നമായ അവരുടെ ഒരു ആക്രമണത്തെ പ്രതീക്ഷിച്ചു നായന്മാരെല്ലാവരും സ്വയരക്ഷയ്ക്കു വേണ്ട മാർഗ്ഗങ്ങൾ എല്ലാം നേടണമെന്നു യുവജനസമ്മേളനാദ്ധ്യക്ഷൻ പ്രക്ഷോഭകരമായ രീതിയിൽ പ്രസംഗിച്ചതു വാസ്തവസ്ഥിതിക്കു യോജിച്ചതല്ലന്നേ സൂക്ഷ്മദൃക്കുകൾ പറയുകയുള്ളു. നായന്മാരിലും ക്രിസ്ത്യാനികളിലും ഈഴവരിലും മുസ്ലീമിങ്ങളിലുമുള്ള തൊഴിലാളികളും കൂലിവേലക്കാരും ചെറുകൃഷകരും ഒന്നുപോലെ രാഷ്ട്രീയവും സാമ്പത്തികവുമായ സങ്കടങ്ങളും മദ്ദനങ്ങളും അനുഭവിക്കുന്നുണ്ടു്. അവക്കുതമ്മിൽ ഒരു വൈരവുമില്ല. ഇത്തരം പ്രസംഗങ്ങൾ അടുത്തകാലത്തെങ്ങും രാജ്യത്തിൽ വർഗ്ഗീയമൈത്രി സ്ഥാപിക്കുന്നതിനു സാദ്ധ്യമല്ലാത്ത പരിതസ്ഥിതി ഉണ്ടാക്കുന്നതാണു്. വാസ്തവത്തിൽ കഴിഞ്ഞ ആഴ്ചയിൽ കൂടിയ നായർസമ്മേ

ളനം രാജ്യക്ഷേമത്തെ പുരസ്കരിച്ചു ചെയ്യേണ്ടിയിരുന്ന ഒരു പ്രധാന കാര്യം മി. അന്ത്രപ്പേർ അന്യത്രചേർത്തിട്ടുള്ള ഒരു പൗരനാദലേഖനത്തിൽ ചൂണ്ടിക്കാണിച്ചിട്ടുള്ള വർഗ്ഗീയസന്ധിസ്ഥാപനശ്രമത്തിൽ ഒന്നോ രണ്ടോ നായർനേതാക്കന്മാരെ തിരഞ്ഞെടുക്കുകയായിരുന്നു. അതു ചെയ്യാതെപോയതു കഷ്ടംതന്നെ. ഇത്തവണത്തെ നായർസമ്മേളനം പല നായർസംഘങ്ങളുടേയും സംഘടിതസമ്മേളനമാകയാൽ മുമ്പുള്ള നായർസമ്മേളനങ്ങളിൽ ഹാജരാകാറുള്ളവരെക്കാൾ കൂടുതൽ ജനങ്ങൾ ഇതിൽ ഹാജരാകേണ്ടതായിരുന്നു. വാസ്തവത്തിൽ ഈ സമ്മേളനത്തിൽ പങ്കുകൊണ്ടവരുടെ സംഖ്യ മററുള്ള നായർസമ്മേളനങ്ങളിൽ പങ്കുകൊണ്ടവരുടേതിനെക്കാൾ വളരെ അധികം കുറവായിരുന്നു. ഇതുതന്നെ ഈ നായർസമ്മേളനത്തിനു നായർസമുദായത്തിലെ ഭൂരിപക്ഷത്തിൻേറയും പ്രാതിനിധ്യം വേണ്ടുംവിധത്തിൽ ലഭിച്ചിരുന്നില്ലെന്നു കാണിക്കുന്നുണ്ടു്. ഇതും അന്യത്രചേർത്തിട്ടുള്ള പൗരനാദലേഖനകർത്താവായ മി. പി. എൻ. കൃഷ്ണപിള്ളയെപ്പോലെയുള്ള ഉൽപതിഷ്ണുക്കളായ യഥാർത്ഥനായർയുവജനങ്ങളുടെ പ്രതിഷേധവും കാണുമ്പോൾ നായർസമുദായത്തിൻെറ മുമ്പു പറഞ്ഞ അധഃപതനം താൽക്കാലികമാണെന്നു വിചാരിക്കാവുന്നതാണു്.

കേസരി, 1933 ഒക്ടോബർ 4

# പ്രസവത്തിനു ലൈസൻസ്

[സന്താനനിയന്ത്രണത്തിൻെറ ആവശ്യകതയെ ഊന്നി എഴുതിയിട്ടുള്ള രസകരവും വിജ്ഞാനപ്രദവുമായ ഒരു മുഖപ്രസംഗമാണിതു്.]

അമേരിക്കയിലെ ജനനനിയന്ത്രണപ്രസ്ഥാനത്തിൻെറ ജനയിത്രിയായ മിസ്സിസ് മാർഗററ്റ് സാംഗർ പ്രസവത്തിനു് ഓരോ സ്ത്രീയും ഓരോ ലൈസൻസു ഗവണ്മെൻറിൽനിന്നു വാങ്ങേണ്ടതാണെന്നും ഇതിന്നായി ഒരു നിയമം നിർമ്മിക്കണമെന്നും 'ദി അമേരിക്കൻ വീക്കിലി' എന്ന പത്രത്തിൽ എഴുതിയിരിക്കുന്നു. കുട്ടികളുടെ വിതരണം കൂടുതൽ ന്യായമുള്ളതാക്കിത്തീർക്കുക, കൂടുതൽ സന്താനങ്ങൾ പാടില്ലെന്നു വിചാരമുള്ള ദമ്പതിമാരെ സഹായിക്കുക, ഇങ്ങനെ നിരാശ്രയർക്കായുള്ള ധർമ്മച്ചെലവും പൊതുജനമുതലിൻെറ ചെലവും കുറയ്ക്കുക, അയോഗ്യരായ സന്താനങ്ങളുടെ ജനനവും വർദ്ധനയും നിരോധിക്കുക എന്നുള്ളവയാണു് ഈ നിയമത്തിൻെറ ഉദ്ദേശങ്ങൾ. ഗവണ്മെൻറിൻെറ മേൽനോട്ടത്തിൽ ജനനനിയന്ത്രണക്ലിനിക്കുകൾ നാട്ടിന്റെ നാനാഭാഗങ്ങളിലും സ്ഥാപിക്കണം. ഒരു സ്ത്രീക്കും പുരുഷനും തമ്മിൽ വിവാഹം ചെയ്യുന്നതിനു ലൈസൻസു കൊടുക്കുമ്പോൾ സഹവാസത്തിനുള്ള അവകാശംമാത്രമേ അതിൽ ഉൾ

പ്പെട്ടത്താവൂ. സന്താനോല്പാദനാവകാശം അതിൽ ഉൾപ്പെടുത്തുവാൻ പാടില്ല. സന്താനം വേണമെങ്കിൽ അതിനു ഭാൎയ്യയും ഭൎത്താവും ലൈസൻസുകൾ വാങ്ങിയിരിക്കണം. സന്താനോല്പാദനലൈസൻസിനായി ദമ്പതിമാർ അപേക്ഷിക്കുമ്പോൾ അവൎക്കു പ്രതീക്ഷിച്ചിരിക്കുന്ന കുട്ടിയെ പോററുവാൻ വേണ്ട സാമ്പത്തികത്രാണിയും അവൎക്കു രണ്ടുപേൎക്കും സന്താനോല്പാദനത്തിനു വേണ്ട ആരോഗ്യവും മററുമുണ്ടായാൽമാത്രമേ ഗവൎമ്മെൻറു് ലൈസൻസു നൽകാവൂ. ഒരു സന്താനത്തിൻെറ ഉല്പാദനത്തിനുമാത്രമേ ഒരു ലൈസൻസ് അനുവദിക്കുവാൻ പാടുള്ളു. രണ്ടാമതൊരു കുട്ടി വേണമെങ്കിൽ പിന്നെയും ലൈസൻസിനു് അപേക്ഷിക്കണം. ഇതെല്ലാമായിരിക്കണം പ്രസ്തുതനിയമത്തിലെ നിബന്ധനകൾ എന്നാണു് മിസ്സിസ് സാംഗർ അഭിപ്രായപ്പെടുന്നതു്. ഇതെല്ലാം അതിവിപ്ലവകരമായി പ്രഥമദൃഷ്ടിയിൽ തോന്നുമെങ്കിലും വാസ്തവം അങ്ങനെയല്ലെന്നു മിസ്സിസ് സാംഗർ ചൂണ്ടിക്കാണിക്കുന്നുണ്ടു്. ഇന്നു സമുദായപുരോഗതിക്കുള്ള പദ്ധതികൾ മുൻകൂട്ടി ആലോചിച്ചു തയ്യാറുചെയ്തിട്ടാണു് അതിനു വേണ്ടതു ചെയ്തുവരുന്നതു്. പ്രസിഡൻറു് റൂസ്‌വെൽററിൻെറ ഭരണത്തിൽ സാമ്പത്തികമോക്ഷത്തിനായി മിക്ക കാൎയ്യങ്ങളിലും ഗവൎമ്മെൻറു തലയിട്ടു നിയമങ്ങൾ നിൎമ്മിക്കുകയും ലൈസൻസ് ആവശ്യപ്പെടുകയും ചെയ്തുവരുന്ന സ്ഥിതിക്കു് മാതാക്കന്മാരുടേയും കുട്ടികളുടേയും കാൎയ്യത്തിൽമാത്രം ഇടപെടാതെയിരിക്കുന്നതിനു് അവർ ഒരു ന്യായവും കാണുന്നില്ല. യുണൈററഡ് സ്റ്റേററ്സിൽ അറുപതുലക്ഷം കുട്ടികൾക്കു് പൊതുജനസങ്കടനിവാരണത്തിനായുള്ള പബ്ലിക്കു് ഫണ്ടുകളിൽനിന്നു ധനസഹായം ലഭിക്കുന്നുണ്ടു്. ഇതു വേണ്ടതിലധികം കുട്ടികൾ ജനിക്കുന്നതുകൊണ്ടോ, കുട്ടികളെ തീററിപ്പോററുവാനുള്ള ശേഷി ഏററവും കുറഞ്ഞവൎക്കു് ഏററവും കൂടുതലായി കുട്ടികൾ ജനിക്കുന്നതുകൊണ്ടോ വന്നിട്ടുള്ളതാണെന്നു് മിസ്സിസ് സാംഗർ വാദിക്കുന്നു. യുണൈററഡ് സ്റ്റേററ്സിലെ നാഷനൽ റിക്കവറി ആക്റ്റ് എന്ന നിയമം പല നിബന്ധനകളുംമുഖേന തൊഴിലില്ലായ്മയെ കുറക്കുവാനും തന്മൂലം ജനസമൂഹത്തിൻെറ വിക്രയശേഷിയെ ഉയൎത്തുവാനും ശ്രമിക്കുമ്പോൾ ഓരോ കൂലിവേലക്കാരനും തീററിപ്പോററിവരുന്ന കുട്ടികളുടെയും പബ്ലിക്കിനു തീററിപ്പോറേറണ്ടിവരുന്നതായ കുട്ടികളുടേയും സംഖ്യ കുറക്കുവാൻ അതിൽ ഒരു നിബന്ധനയും കാണുന്നില്ലെന്നാണു് അവരുടെ ആക്ഷേപം. കുട്ടികളുടെ ബാഹുല്യംകൊണ്ടു് മുമ്പുതന്നെ സാമ്പത്തികവൈഷമ്യത്തിൽ വീണിട്ടുള്ളവരും ഇന്നത്തെ സാമ്പത്തികാധഃപതനംകൊണ്ടു് അസഹ്യമായവിധത്തിൽ ചക്രശ്വാസം ചുററുന്നവരുമായ കേരളീയർ മിസ്സിസ് സാംഗറിൻെറ മേൽവിവരിച്ച നിൎദ്ദേശങ്ങളിൽ ശ്രദ്ധപതിപ്പിക്കേണ്ടതാണെന്നു ഞങ്ങൾ വിചാരിക്കുന്നു. നിരാശ്രയരേയും തൊഴിലില്ലാത്തവരേയും തീററിപ്പോറേറണ്ടതു തങ്ങളുടെ കൎത്തവ്യമാണെന്നു കേരളത്തിലെ ഗവൎമ്മെൻറുകൾ ഇന്നുവരെയും പ്രായേണ കരുതിയിട്ടില്ല. ശ്രീ ചിത്തിരതിരുനാൾ മഹാരാജാവു് ഇപ്പോൾ അനാഥമന്ദിരസ്ഥാപനാൎത്ഥം കുറെ തുക സംഭാവനചെയ്തിട്ടുള്ളതും അതിനു വേണ്ട

പ്രവൃത്തിപദ്ധതി ഇപ്പോൾ നടപ്പിൽവരുത്തുവാൻ തുടങ്ങിയതും ഈ കർത്തവ്യബോധം കേരളത്തിലെ ഒരു ഗവൺമെൻറിനെങ്കിലും ഉണ്ടായിത്തുടങ്ങിയിരിക്കുന്നുവെന്നു കാണിക്കുന്നുവെന്നും ഇടയ്ക്കു പറഞ്ഞുകൊള്ളട്ടെ. പക്ഷെ ഇതിൽ വളരെയധികം തിരുവിതാംകൂർഗവൺമെൻറ് ഇക്കാര്യത്തിൽ ചെയ്യേണ്ടതാണെന്നും പറഞ്ഞേ തീരൂ. കേരളത്തിലെ ഗവൺമെൻറുകൾ ഇങ്ങനെ അനാഥരേയും തൊഴിലില്ലാത്തവരെയും പോററാതെയിരിക്കുന്നതിനാൽ അതിൻെറ ഭാരം പൊതുജനങ്ങളിലാണ് ഇവിടെ വന്നു വീണിരിക്കുന്നതു്. ഈ തൊഴിലില്ലാത്തവരിലും, അനാഥരിലും ഭൂരിപക്ഷം ശിശുക്കളാണെന്നു സെൻസസ് റിപ്പോർട്ടുകളിൽനിന്നു കാണാവുന്നതുമാണ്. ഇവരുടെ സംഖ്യ നിയമത്താൽ കുറച്ചില്ലെങ്കിൽ ഇന്നത്തെ സാമ്പത്തികാധഃപതനത്തോടുകൂടെ കേരളീയരുടെ സാമ്പത്തികമോക്ഷം അടുത്ത ഭാവിയിലെങ്ങും ഉണ്ടാകുന്നതല്ല. ഇതു ഗവൺമെൻറു പൊതുജനങ്ങൾക്കു ചെയ്യുന്ന ഒരു നന്മയുമായിരിക്കും. സാമ്പത്തികമായ കാര്യങ്ങളിൽ മുൻകൂട്ടി പ്ലാൻ ചെയ്തു പ്രവർത്തിക്കുന്നതിൻെറ ആവശ്യകത ഭാരതത്തിലെ പല ഗവൺമെൻറുകളും ഇപ്പോൾ മനസ്സിലാക്കിത്തുടങ്ങിയിരിക്കുന്നു. അതിനാൽ സന്താനോല്പാദനത്തെ നിയന്ത്രിക്കുന്ന കാര്യവും ഇതിനോടുകൂടി ആലോചിക്കേണ്ടതാണ്. വിദ്യാഭ്യാസത്തിൽ കേരളീയർ ഭാരതീയരുടെ മുന്നണിയിൽ നില്ക്കുന്നതിനാൽ ഇത്തരം വിപ്ലവകരമായ സമുദായപരിഷ്കാരപദ്ധതികൾ നടപ്പിൽ വരുത്താൻ സാധിക്കുമോ എന്നു പരീക്ഷിച്ചുനോക്കേണ്ടതു് കേരളഗവൺമെൻറുകളാണ്. മി. കെ. അയ്യപ്പൻെറ സൗമ്യമായ സന്താനനിയന്ത്രണപ്രമേയങ്ങൾ വിദ്യാഭ്യാസത്തിനു കേൾവികേട്ട കൊച്ചിയിലെ നിയമസഭാംഗങ്ങളുടെ ഇടയിലുണ്ടാക്കിയ സംഭ്രമം ഓർക്കുമ്പോൾ പ്രസവത്തിനു ലൈസൻസു വേണമെന്നുള്ള കാര്യം അവിടെ ഒരു ഭൂകമ്പംതന്നെ ഉണ്ടാക്കുമെന്നു വിചാരിക്കാവുന്നതാണ്. എന്നാലും വേണ്ടവിധത്തിലുള്ള പ്രചരണജോലി ചെയ്താൽ സാമ്പത്തികാധഃപതനംകൊണ്ടു ജനങ്ങൾ വലയുന്ന ഇന്നു് ഇതും അവിടെ അടുത്ത ഭാവിയിൽ അസാദ്ധ്യമാകുകയില്ല എന്നു വിശ്വസിക്കാം. അതിനാൽ കേരളത്തിലെ ഗവൺമെൻറുകളും നിയമസഭാംഗങ്ങളും കുറെ പ്രാരംഭപ്രചരണവേല നടത്തിയതിനുശേഷം മിസ്സിസ് സാംഗർ ആവശ്യപ്പെടുന്ന രീതിയിലുള്ള ഒരു വിശാലമായ ശിശുനിയമപദ്ധതി ഇവിടത്തെ സ്ഥിതിക്കനുസരിച്ചുള്ള ചില ഭേദഗതികളോടുകൂടി ഇവിടെ നടപ്പിൽ വരുത്തുവാൻ ശ്രമിക്കേണ്ടതാണെന്നു ഞങ്ങൾ അഭിപ്രായപ്പെടുന്നു. ഈ പ്രാരംഭപ്രചരണവേലയ്ക്കുള്ള ഒരു പററിയ മാർഗ്ഗം തിരുവിതാംകൂറിൽ നെയ്യാററിങ്കര സ്ഥാപിച്ചിട്ടുള്ള ഹെൽത്ത് യൂണിററിനെപ്പോലെ യൂണിററുകൾ തിരുവിതാംകൂറിൽ കുറഞ്ഞപക്ഷം ഒന്നുകൂടിയും കൊച്ചിയിലും മലബാറിലും ഓരോന്നുവീതമെങ്കിലും സ്ഥാപിക്കുകയാണ്. മററു പല കാര്യങ്ങളുംകൂടി ഈ യൂണിററുകൾകൊണ്ടു സാധിക്കാവുന്നതിനാൽ ഇതിനു വേണ്ട പണം ചെലവാക്കാൻ കേരളഗവൺമെൻറുകൾ വിമുഖരായിക്കൂടാത്തതാകുന്നു. തിരുവല്ലായിൽ തിരുവിതാംകൂറിലെ രണ്ടാമത്തെ ഹെൽത്ത്യൂണിററു് സ്ഥാപിക്കണമെന്നു

ള്ള ശ്രൂപാശ് ഗവമ്മെൻറു തല്ക്കാലം വേണ്ടെന്നുവച്ചിരിക്കുന്നതു് അത്യന്തം അനാശാസ്യമായ നയമാണെന്നു ഞങ്ങൾ ഈ അവസരത്തിൽ തിരുവിതാംകൂർ ഗവമ്മെന്റിനെ ഉൽബോധിപ്പിക്കുകയും ചെയ്തുകൊള്ളുന്നു.

കേസരി, 1934 ജൂലായ് 11

# എസ്. എൻ. ഡി. പി. യോഗം

[നിവർത്തനപ്രസ്ഥാനത്തിൻെറ—ഇതിനു പൗരസമത്വപ്രസ്ഥാനമെന്നും കേസരി പേരിട്ടിട്ടുണ്ട്—ആദ്യകാലത്തു് ആ പ്രസ്ഥാനവുമായി ഈഴവർ യോജിച്ചതിനെക്കുറിച്ചു് ഈഴവസമുദായത്തിൽ ഭിന്നിപ്പുണ്ടായിരുന്നു. ഈഴവസമുദായം പൊതുവെ അനുഭവിച്ചുകൊണ്ടിരുന്ന അവശതകളെക്കുറിച്ചു് ഈഴവക്കു തികഞ്ഞ ബോധവുമുണ്ടായിരുന്നു. കൊല്ലത്തുവച്ചു് 1110-ൽ കൂടിയ എസ്. എൻ. ഡി. പി. വാർഷികസമ്മേളനത്തിൽ പാസ്സാക്കിയ ഒരു പ്രമേയം എസ്. എൻ. ഡി. പി. യോഗത്തിലുണ്ടായ ഭിന്നതകളെ അവസാനിപ്പിക്കാൻ പ്രയോജനപ്പെട്ടു. ഇതുസംബന്ധിച്ചെഴുതിയ മുഖപ്രസംഗമാണു് താഴെ ചേക്കുന്നതു്.]

അതൃപ്തി ദിവ്യമായ ഒരു വികാരമാണു്. അതൃപ്തിയുണ്ടായാൽമാത്രമേ വേഗത്തിൽ പുരോഗതി ഉണ്ടാകുകയുമുള്ളു. ആ അതൃപ്തി ഉണ്ടായാൽ പിന്നീടുള്ള പുരോഗതിയുടെ വേഗം മാൎഗ്ഗങ്ങളുടെ സ്വഭാവത്തെ ആശ്രയിച്ചിരിക്കും. മാൎഗ്ഗങ്ങളെ ആദർശപരവും പ്രായോഗികവുമെന്നു രണ്ടായി തരംതിരിക്കാം. ആദർശപരമായ മാൎഗ്ഗങ്ങളെക്കാൾ കൂടുതൽ വേഗത്തിൽ ഫലമുണ്ടാക്കുന്നതു പ്രായോഗികമാൎഗ്ഗങ്ങളാണു്. കൊല്ലത്തുവച്ചു കൂടിയ ഇത്തവണത്തെ എസ്. എൻ. ഡി. പി. യോഗം ഈഴവസമുദായത്തിൽ ഈ ദിവ്യമായ അതൃപ്തി പാരമ്യംപ്രാപിച്ചിരിക്കുന്നു എന്നു കാണിക്കുന്നു. കൂടാതെ ഈഴവസമുദായം ഈ അതൃപ്തിയുടെ പരിഹാരാൎത്ഥം ആദർശപരമായ മാൎഗ്ഗങ്ങളെയല്ല, പ്രായോഗികമായ മാൎഗ്ഗങ്ങളെയാണു സ്വീകരിച്ചിരിക്കുന്നതു് എന്നും ഈ യോഗം സുവ്യക്തമാക്കുന്നുണ്ടു്. രാഷ്ട്രീയവും സാമുദായികവും മതപരവും സാമ്പത്തികവും സാഹിത്യപരവും ആയ ഇന്നത്തെ സ്ഥിതിയിൽ ഈഴവസമുദായം ഈ യോഗത്തിൽവച്ചു തങ്ങളുടെ ഭീമമായ അതൃപ്തി പ്രകടിപ്പിക്കുകയും ഇവയുടെ പരിഹാരാൎത്ഥം സാഹിത്യപരമായ കാൎയ്യത്തിലൊഴിച്ചു് പ്രായോഗികമാൎഗ്ഗങ്ങൾ സ്വീകരിക്കുകയുംചെയ്തു. രാഷ്ട്രീയപരമായ അതൃപ്തിയുടെ പരിഹാരത്തിനു യോഗം സ്വീകരിച്ച മാൎഗ്ഗം ആദ്യം പരിശോധിക്കാം. നിവൎത്തനംസംബന്ധിച്ചു സമുദായത്തിലുണ്ടായ ഭിന്നിപ്പു് നിവൎത്തനത്തി

ന്റെ—കുറെക്കൂടി ശരിയായി പറയുകയാണെങ്കിൽ പൗരസമത്വപ്രസ്ഥാനത്തിന്റെ—മൗലികതത്വങ്ങളെ പരിത്യജിക്കാതെ യോഗത്തിന് ഇല്ലാതാക്കുവാൻ സാധിച്ചു. യോഗം പാസാക്കിയ സന്ധിപ്രമേയങ്ങൾ ഇതിനെ വിശദീകരിക്കുന്നുണ്ടു്. നിവൎത്തനം പൗരസമത്വപ്രസ്ഥാനക്കാർ കഴിഞ്ഞ നിയമസഭാതിരഞ്ഞെടുപ്പോടുകൂടി പരിത്യജിച്ചു കേവലം ഒരു താൽക്കാലികമാൎഗ്ഗംമാത്രമാണു്. ഇതു് ഉപേക്ഷിച്ചിരിക്കുന്നു എന്നുള്ള പ്രമേയം പൗരസമത്വപ്രസ്ഥാനത്തോടുള്ള ഈഴവരുടെ ബന്ധത്തെ ഒട്ടുംതന്നെ ബാധിക്കുന്നില്ല. നിയമസഭകളിലും മററും ജനസംഖ്യാനുപാതികമായ പ്രാതിനിദ്ധ്യം വേണമെന്നുള്ള പൗരസമത്വപ്രസ്ഥാനക്കാരുടെ മൗലികതത്വം യോഗം അംഗീകരിക്കുകയും ചെയ്തു. അദ്ധ്യക്ഷൻ മി. കരുണാകരനും സംയുക്തരാഷ്ട്രീയകമ്മിററിയുടെ ഘടകമായി ഈഴവർ രാഷ്ട്രീയമായി പ്രവൎത്തിക്കണമെന്നുള്ള അഭിപ്രായം തന്റെ അദ്ധ്യക്ഷപ്രസംഗത്തിൽ പ്രകടിപ്പിക്കുകയുണ്ടായി സംയുക്തകമ്മിററിയിലെ ഒരു പ്രധാനപ്രവൎത്തകനും കഴിഞ്ഞ എസ്. എൻ. ഡി. പി. യോഗത്തിലെ സെക്രട്ടറിയുമായ മി. സി. കേശവനെ വീണ്ടും യോഗം സെക്രട്ടറിയായി തെരഞ്ഞെടുത്തതും എസ്. എൻ. ഡി. പി. യോഗം സംയുക്തകമ്മിററിയോടു ചേൎന്നു പ്രവൎത്തിച്ചതുകൊണ്ടു് ഈഴവസമുദായത്തിനു ലഭിക്കുവാൻ സാധിച്ച രാഷ്ട്രീയഗുണങ്ങൾ സുവ്യക്തമായി വിവരിക്കുന്ന മി. സി. കേശവന്റെ വാർഷികറിപ്പോർട്ടു യോഗം ഐകകണ്ഠ്യേന പാസാക്കിയതുകൊണ്ടും പൗരസമത്വപ്രസ്ഥാനത്തിൽനിന്നു് ഈഴവർ പിരിയുന്നതിനെ യോഗം അനുകൂലിക്കുന്നില്ലെന്നു സുവ്യക്തമാകുന്നുണ്ടു്. സന്ധിപ്രമേയംകൊണ്ടു് വാസ്തവത്തിൽ എസ്. എൻ. ഡി. പി. യോഗത്തിനു യാതൊരു ന്യൂനതയും പററിയിട്ടില്ലെന്നുമാത്രമല്ല, അതിനും അതു ഘടകമായിട്ടുള്ള സംയുക്തരാഷ്ട്രീയസഭയ്ക്കും ഈ സന്ധിമൂലം ശക്തി കൂടിയിട്ടുമുണ്ടെന്നുള്ള പക്ഷക്കാരാണു ഞങ്ങൾ. സംയുക്തരാഷ്ട്രീയസഭയുടെ ശത്രുക്കൾക്കു് ഇനിമേൽ അതിനു് ഈഴവസമുദായത്തിന്റെ ശരിയായ പിന്താങ്ങില്ലെന്നു പറയുവാൻ സാധിക്കുകയില്ല. ഈ സന്ധികൊണ്ടു് യഥാൎത്ഥമായി യാഥാസ്ഥിതികരായ ഈഴവൎക്കു് ഉല്പതിഷ്ണുക്കളായ ഈഴവർ കീഴടങ്ങുകയല്ല, നേരേമറിച്ചാണു സംഭവിച്ചിട്ടുള്ളതു്. ഇരയിട്ടു മീൻപിടിക്കുകയാണു് ഉല്പതിഷ്ണുക്കൾ ചെയ്തതു്. നിവർത്തനം ഉപേക്ഷിച്ചിരിക്കുന്നു എന്നു നിരൎത്ഥകമായ ഒരു പ്രമേയം പാസാക്കി യാഥാസ്ഥിതികരെ പാട്ടിലാക്കി അവരുടെ നിറഞ്ഞ പണസഞ്ചികളിൽ കൈയിടുന്നതിനൊരുങ്ങുകയാണു് ഉല്പതിഷ്ണുകൾ ഇതുകൊണ്ടു ചെയ്തിരിക്കുന്നതു്. ഈ പ്രായോഗികമനസ്ഥിതി കാണിച്ചു സമുദായത്തിലെ ഭിന്നിപ്പുതീൎത്തു പൗരസമത്വപ്രസ്ഥാനത്തിനു ശക്തികൂട്ടിയതിനു ഞങ്ങൾ ഇത്തവണത്തെ എസ്. എൻ. ഡി. പി. യോഗഭാരവാഹികളെ സൎവ്വാത്മനാ അഭിനന്ദിച്ചുകൊള്ളുന്നു. സാമുദായിക അവശതകളെ പരിഹരിക്കുന്നതിനു സമ്മേളനാദ്ധ്യക്ഷനായ മി. കരുണാകരൻ നിർദ്ദേശിച്ച നയം ഉദ്ദേശസിദ്ധിക്കു വേഗം സഹായിക്കുമെന്നാണു ഞങ്ങൾക്കു തോന്നുന്നതു്. ക്ഷേത്രപ്രവേശനപ്രസ്ഥാനത്തിൽ ഇടപെടാതെ

ഈഴവർ അവരുടെ സാമ്പത്തികവും രാഷ്ട്രീയവുമായ സ്ഥിതി നന്നാക്കു വാൻ ശ്രമിക്കണമെന്നും സവർണ്ണർ ക്ഷേത്രം തുറന്നുകൊണ്ടു് ഈഴവരെ ക്ഷണിക്കുമ്പോൾമാത്രമേ അവർ അതിൽ ശ്രദ്ധ പതിപ്പിക്കേണ്ടതുള്ളു എന്നും ഉള്ള അദ്ദേഹത്തിൻെറ ഉപദേശം ഈ പ്രായോഗികമനസ്ഥിതി കാണിക്കുന്നുണ്ടു്. തൊഴിലാളിസംഘടനയെ പററിയും നെയ്ത്തു വ്യവസായത്തിൻെറ പ്രോത്സാഹനത്തെ പററിയും സാമ്പത്തികസമ്മേളനത്തിൽ പാസാക്കിയ നിശ്ചയങ്ങളും ഈ പ്രായോഗികബുദ്ധി സുവ്യക്തമാക്കുന്നുണ്ടു്. വിദ്യാലയങ്ങളിലെ മതവിദ്യാഭ്യാസത്തിനെതിരായും പൊതുവേ മതത്തിനെതിരായും യുവജനസമ്മേളനം പാസാക്കിയ നിശ്ചയങ്ങളും ഈഴവസമുദായത്തിനും പൊതുവേ രാഷ്ട്രത്തിന്നും ഗുണകരമാണെന്നു വിചാരിക്കുന്ന പക്ഷക്കാരാണു ഞങ്ങൾ.

സാഹിത്യസമ്മേളനത്തിലാകട്ടെ അദ്ധ്യക്ഷൻ മി. പള്ളത്തു രാമൻ സമുദായത്തിലുള്ള അതൃപ്തി ശക്തിപൂർവ്വം പ്രകടിപ്പിക്കുകയല്ലാതെ പ്രായോഗികമാർഗ്ഗമൊന്നും നിർദ്ദേശിച്ചില്ല. സവർണ്ണസാഹിത്യകാരന്മാർ യഥാർത്ഥവാസനയുള്ള അവർണ്ണസാഹിത്യകാരന്മാരുടെ യോഗ്യതകളെ സമ്മതിച്ചുകൊടുക്കുന്നില്ലെന്നുള്ള അദ്ദേഹത്തിൻെറ പരാതിയിൽ കുറെ വാസ്തവമുണ്ടായിരിക്കും. ഈഴവരുടെ നാനാവിധമായ അവശതകൾകണ്ടു സഹിക്കവയ്യാതെ സാഹിത്യം സംബന്ധിച്ചും അദ്ദേഹം അവരുടെ അതൃപ്തിയെ അതിശയോക്തിപൂർവ്വം പ്രകടിപ്പിച്ചതു ഞങ്ങളെ അത്ഭുതപ്പെടുത്തുന്നില്ല. അദ്ദേഹത്തിൻെറ ഉപദേശം സ്വീകരിച്ചു ഹിന്ദുസാഹിത്യത്തെ പരിത്യജിച്ചു ബുദ്ധസാഹിത്യത്തേയും ഇംഗ്ലീഷ്സാഹിത്യത്തേയും അനുകരിക്കുന്നതുകൊണ്ടു് ഈഴവരുടെ അതൃപ്തിക്കു പരിഹാരമുണ്ടാകുന്നതല്ല. ഈഴവഗ്രന്ഥപ്രസാധകരോ സാഹിത്യപരിഷത്തുകളോ ഉണ്ടായാലും അവരുടെ അവശതകൾ നീങ്ങി അതൃപ്തി ശമിക്കുകയില്ല. കേരളസാഹിത്യത്തിൽ പല നവീനപന്ഥാവുകളും വെട്ടിത്തുറക്കുകയും അതിനു ലോകസാഹിത്യത്തിൽ ഒരു സ്ഥാനം ഉണ്ടാക്കുവാൻ ശ്രമിച്ചവരിൽ അഗ്രഗണ്യനായി പ്രവർത്തിക്കുകയും ചെയ്തു ദേഹവും ഈഴവരുടെമാത്രമല്ല ഇന്നത്തെ സകല വർഗ്ഗക്കാരുടേയും അവശതകൾ പരിഹരിക്കുവാൻ നല്ലപോലെ ഉതകുന്നതും ഇന്നത്തെ റഷ്യയിലെ സോവിയറ്റു സാഹിത്യകാരന്മാർ സ്വീകരിച്ചിരിക്കുന്നതുമായ ഒരു അതിപരിഷ്കൃതസാഹിത്യമാർഗ്ഗം സ്വീകരിച്ച മഹാനുമായ മഹാകവി കുമാരനാശാനെ മി. രാമൻ പ്രശംസിക്കുന്നുണ്ടെങ്കിലും അദ്ദേഹത്തിൻെറ പ്രസ്തുത പ്രായോഗികമാർഗ്ഗമെന്തെന്നറിയാതെ താൻ ആ പ്രസംഗത്തിൽ തന്നെ പുച്ഛിച്ച ഹിന്ദുസാഹിത്യകാരന്മാരുടെ പ്രത്യേകസ്വഭാവമായ മിസ്റ്റിസിസത്തിനു മകുടോദാഹരണമായ ടാഗോറിനെയാണു് ഏറിയകൂറും ഈഴവർ അനുകരിക്കണമെന്നു് അദ്ദേഹം പറഞ്ഞിരിക്കുന്നതു്. ടാഗോർ ഭാരതീയരുടെ സാഹിത്യത്തിൽ യഥാർത്ഥമായ ഒരു വിപ്ലവവും ഉണ്ടാക്കിയിട്ടില്ല. ഭാരതീയസാഹിത്യസ്വഭാവം നല്ലപോലെ അറിയാത്ത പാശ്ചാത്യർ അദ്ദേഹത്തിൻെറ കവിതകളെ തങ്ങളുടെ റീയലിസ്റ്റിക്സാ

ഹിത്യത്തോടു താരതമ്യപ്പെടുത്തി അദ്ദേഹത്തെ ഒരു വിപ്ലവകാരിയായി പരിഗണിച്ചു. അത്രേയുള്ളൂ. കുമാരനാശാനെ ശൃംഗാരരസത്തിന്റെ വർണ്ണനയിലും കവിതയ്ക്കു മതത്തിന്റെ പിടിയിൽനിന്നു മുക്തിനേടിക്കൊടുത്തതിലും ഈഴവകവികൾ അനുകരിക്കണമെന്നും സാഹിത്യത്തിലും അവർ ഒരു വിപ്ലവം ഉണ്ടാക്കണമെന്നും മി. രാമൻ പറയുന്നുണ്ടെന്നു ഞങ്ങൾ സമ്മതിക്കുന്നു. എന്നാലും ടാഗോറിന്റെ മിസ്റ്റിക്ക് പ്രസ്ഥാനത്തോടാണ് അദ്ദേഹത്തിന് അധികം പ്രതിപത്തി. അദ്ദേഹത്തിന്റെ കൃതികളും ഇതിനു സാക്ഷ്യംവഹിക്കുന്നുണ്ട്. മതശൃംഖലകളിൽനിന്നു മുക്തനായതിനാലല്ല കുമാരനാശാന്റെ അനന്യസാധാരണത്വവും വിപ്ലവമനസ്ഥിതിയും സ്ഥിതിചെയ്യുന്നതു്. ഇന്നത്തെ സാമുദായികപ്രശ്നങ്ങൾക്കു പരിഹാരം സാഹിത്യംമുഖേന ഉണ്ടാക്കുവാൻ ശ്രമിച്ചതിലാണ് അദ്ദേഹം വിപ്ലവകാരിയായിത്തീർന്നതു്. ചന്ദ്രനേയും ആമ്പലിനേയും ദൈവമാഹാത്മ്യത്തേയും മററും തന്റെ കവിതയ്ക്കു വിഷയമാക്കുന്നതിനു പകരം അദ്ദേഹം ഇന്നത്തെ സാമുദായിക അസമത്വങ്ങളെ അതിയായ കലാവാസനയോടു തന്റെ കൃതികളിൽ ചിത്രീകരിച്ചു് അവയിൽ സഹൃദയന്മാർക്ക് അവജ്ഞ തോന്നിക്കുകയാണു ചെയ്തിട്ടുള്ളതു്. ഇന്നത്തെ റഷ്യൻ സാഹിത്യകാരന്മാർ സ്വീകരിച്ചിരിക്കുന്ന പദ്ധതി ഇതാണെന്നു് അന്യത്ര ചേർത്തിട്ടുള്ള ഇന്നത്തെ റഷ്യൻനോവൽ എന്ന ലേഖനത്തിൽനിന്നു മനസ്സിലാക്കാവുന്നതാണ്. ഈ നവീനപന്ഥാവിൽക്കൂടി കേരളത്തിലെ സാഹിത്യകാരന്മാർ ചരിച്ചുതുടങ്ങിയാൽ ഇന്നത്തെ പല വിഷമപ്രശ്നങ്ങൾക്കും ശീഘ്രമായ പരിഹാരം അവർക്കുണ്ടാക്കാൻ കഴിയുന്നതാണ്. കല കലയ്ക്കുവേണ്ടി അഥവാ കല ലാവണ്യത്തിനുവേണ്ടി എന്ന തത്വം ഉപേക്ഷിച്ചു കല ജീവിതത്തിനുവേണ്ടി എന്ന തത്വമാണ് അവർ സ്വീകരിക്കേണ്ടതു്. ഇന്നു മൂശയിലിരിക്കുന്ന പുതിയ ലോകത്തിന്റെ സൃഷ്ടിയിൽ ഇതരതൊഴിൽകാരെപ്പോലെ സാഹിത്യകാരന്മാരും സഹായിച്ചില്ലെങ്കിൽ സാഹിത്യത്തെ ഒരു ഉടഞ്ഞ കലത്തെപോലെ അടുത്ത ഭാവിയിലെ ലോകർ വലിച്ചെറിയുകതന്നെ ചെയ്യും. ഈഴവരുടെ ഉല്പത്തിസ്ഥാനമായി വിചാരിച്ചുവരുന്ന സിംഹളദ്വീപിലെ സംസ്കാരം മഹീന്ദ്രൻ മഗധയിൽനിന്നു കൊണ്ടുവന്നു സ്ഥാപിച്ച ആര്യസംസ്കാരമാണെന്നും ആര്യസംസ്കാരത്തിന്റെ ഒരു വിഭാഗമായ ബുദ്ധസംസ്കാരത്തെ ആസ്പദമാക്കി രചിച്ച കൃതികൾ കൊണ്ടു വിപ്ലവമുണ്ടാക്കിയ മഹാകവി കുമാരനാശാൻ തന്നെപ്പോലെ രാമായണത്തിനു പകരം രാവണായണം എഴുതുവാൻ പറയുകയില്ലെങ്കിലും രാവണായണംകൊണ്ടു താൻ സാധിക്കാൻ ശ്രമിക്കുന്ന കാര്യം ആ അനുഗൃഹീതമഹാകവി രാമായണമെഴുതിത്തന്നെ സാധിക്കുമായിരുന്നു എന്നും മി. രാമൻ അറിയേണ്ടതായിരുന്നു. ഇന്നത്തെ അവർണ്ണർ കേരളീയസാഹിത്യത്തിൽ ഉണ്ടാക്കേണ്ട വിപ്ലവം ആശാന്റെ പ്രസ്തുത പദ്ധതിയുടെ സ്വീകരണമാണ്. അവശതകളുടെ ആധിക്യത്താൽ അവർക്കാണ് സവർണ്ണസാഹിത്യകാരന്മാരെക്കാൾ ഇതു് എളുപ്പത്തിൽ സാധിക്കുവാൻ കഴിയുന്നതു്. പ്രചാര ഉദ്ദേശത്തെ പൊന്തിച്ചു കാണിക്കാതെ

യഥാർത്ഥമായ കലാവാസനയോടു് ഇതു ചെയ്താലേ ഫലപ്രദമാകയുള്ളു. ഇത്തവണത്തെ എസ്. എൻ. ഡി. പി. യോഗം പൂർവ്വാധികം ഭംഗിയായി നിർവ്വഹിച്ചതിനു ഭാരവാഹികൾ അഭിനന്ദനാർഹരാണു്.

കേസരി, 1934 ഒക്ടോബർ 24

# നായർറഗുലേഷൻഭേദഗതിബിൽ

[തിരുവിതാംകൂർ നിയമസഭയിൽ നിയമസഭാംഗമായിരുന്ന ശ്രീ. എസ്. ജെ. നായർ നായർറ്റഗുലേഷനു് ഒരു ഭേദഗതി അവതരിപ്പിച്ചു. ആ ഭേദഗതിയെ പരാമർശിച്ചുകൊണ്ടു് കേസരി എഴുതിയ കുറിപ്പാണിതു്. വിവാഹം, വിവാഹമോചനം മുതലായവയെക്കുറിച്ചു കേസരിക്കുണ്ടായിരുന്ന ഏററവും പുരോഗമനപരമായ അഭിപ്രായങ്ങൾ ഈ കുറിപ്പിൽ കാണാം. സിവിൽവിവാഹനിയമം നിയമസഭയിൽ അവതരിപ്പിക്കാൻ കേസരി പ്രേരണ ചെലുത്തിയെന്നതു് ഒരു വസ്തുതയാണു്.]

ശ്രീമൂലം അസംബ്ലിയിൽ മി. എസ്. ജെ. നായർ അവതരിപ്പിക്കുന്നതായ നായർ റഗുലേഷൻ ഭേദഗതിബില്ലിന്റെ ഒരു പ്രതി ഞങ്ങൾക്കു് അഭിപ്രായത്തിനായി കിട്ടിയിരിക്കുന്നു. 1. നായന്മാരും നായരേതരന്മാരുമായുണ്ടാകുന്ന വിവാഹങ്ങൾക്കു നിയമസാധുത്വം നല്കുക, 2. ദാമ്പത്തിക അവകാശസ്ഥാപനത്തിനായിട്ടുള്ള കേസുകളെ തടയുക, 3. വിവാഹമോചനക്കേസുകളുടെ നടപടികളേയും ഭാഗത്തിനുവേണ്ടതായ ചടങ്ങുകളേയും ലഘൂകരിക്കുക, 4. അവിഭാജ്യമായ വസ്തുക്കളെ സൃഷ്ടിക്കുക, 5. ഏകഭാര്യാവിവാഹത്തെ ലംഘിക്കുന്നവരെ ശിക്ഷിക്കാതിരിക്കുക എന്നിവയാണു് ഇതിൻെറ പ്രധാനഭാഗങ്ങൾ. ഇവയിൽ ഒന്നും രണ്ടും മൂന്നും അഞ്ചും സാമാന്യമായി പറയുകയാണെങ്കിൽ ആശാസ്യമാണെന്നാണു ഞങ്ങൾ വിചാരിക്കുന്നതു്. ഒന്നിനെ സംബന്ധിച്ചിടത്തോളം ഞങ്ങൾക്കു പറയാനുള്ളതു മി. എസ്. ജെ. നായരുടെ ഭേദഗതി അനുവദിച്ച ഗവമ്മെൻറു് ഈ ആശാസ്യമായ പരിഷ്കാരത്തെ സർവ്വസമുദായങ്ങൾക്കും ഉപയോഗപ്പെടുത്തുവാൻതക്കവണ്ണം വിശാലമായ രീതിയിൽ മി. കോട്ടൂർ കുഞ്ഞുകൃഷ്ണപിള്ള രൂപവൽക്കരിച്ച ഒരു സിവിൾ വിവാഹബിൽ അസംബ്ലിയിൽ ഹാജരാക്കുവാൻ അനുവാദം നല്കാതെ ഇരുന്നതു വിചിത്രമാണെന്നും ഇങ്ങനെയുള്ള വിശാലമായ ഒരു പദ്ധതി കൂടുതൽ സ്വീകാര്യമായിരിക്കുമെന്നുമാകുന്നു. അതിലേക്കുള്ള ഒന്നാമത്തെ പടിയായി ഞങ്ങൾ ഈ ഭേദഗതിയെ സർവ്വാത്മനാ സ്വാഗതം ചെയ്യുന്നു. വിവാഹമോചനത്തിനു തുടങ്ങുന്ന ഭർത്താവു് ഭാര്യയ്ക്കു ചെലവിനു കൊടുക്കണമെന്നുവച്ചിരിക്കുന്നതു വിവാഹമോചനത്തിനു പ്രയാസമുണ്ടാക്കുന്നതി

നാൽ അതു് ആശാസ്യമല്ലെന്നാണു മൂന്നാമത്തെ ഭേദഗതിയെക്കുറിച്ച് ഞങ്ങൾക്കു പറയുവാനുള്ളതു്. അവിഭാജ്യമായ വസ്തുക്കളെ നായന്മാർക്കു മാത്രം സൃഷ്ടിക്കുന്നതിനെ ഞങ്ങൾ എതിർക്കുന്നു. കൃഷകവസ്തുക്കളെ തുണ്ടു തുണ്ടായി ഭാഗിക്കുന്നതിൻെറ സാമ്പത്തികമായ ദൂഷ്യങ്ങളെ പരിഹരിക്കുവാനായി എല്ലാസമുദായങ്ങളുടേയും കാർഷികവസ്തുക്കളെ ഒരു നിശ്ചിതഅളവിൽകുറഞ്ഞ തുണ്ടുകളായി ഭാഗിക്കുവാൻ പാടില്ലെന്നുള്ള ഒരു പൊതുനിയമമാണു് ഇന്നു വേണ്ടതു്. അവസാനത്തെ ഭേദഗതി ഇന്നത്തെ ലോകത്തിലുള്ള വിപ്ലവകാരികളായ ചിന്തകരുടെ അഭിപ്രായമനുസരിച്ചുള്ളതാണു്. ലിംഗബന്ധപരമായ ആവശ്യങ്ങളെക്കരുതിയല്ല അന്നത്തെ സാമ്പത്തികകാര്യങ്ങളെ കരുതിയാണു വിവാഹമെന്ന ഏർപ്പാടു മനുഷ്യൻ ആദ്യം സ്ഥാപിച്ചതെന്നും ഇന്നത്തെ സാമ്പത്തികസ്ഥിതി വിവാഹത്തിൻെറ സ്ഥാപനകാലത്തേതിൽനിന്നു മാറിയിരിക്കുന്നതുകൊണ്ടും വിവാഹം മനുഷ്യരുടെ ജാത്യാലുള്ള ബഹുദാമ്പത്യമോഹത്തെയും മറ്റും തൃപ്തിപ്പെടുത്താത്തതിനാലും കുട്ടികളെ വളർത്തുന്നതിനു പ്രത്യേകപരിശീലനമില്ലാത്ത മാതാപിതാക്കന്മാർ അവരെ വളർത്തുന്നതു ദോഷകരമായതിനാലും മറ്റും വിവാഹം, കുടുംബം എന്നീ പഴയ സ്ഥാപനങ്ങൾ ഇന്നത്തെ സ്ഥിതിയിൽ ത്യാജ്യങ്ങളാണെന്നു് ഈ ചിന്തകർ വിചാരിക്കുന്നു. നമുക്കു് അപരിത്യാജ്യമായി തോന്നുന്ന സ്ഥാപനങ്ങൾ സമുദായത്തിൻെറ നിലനില്പിനും അപരിത്യാജ്യമാണെന്നു വിചാരിക്കുന്നതു മൗഢ്യമാണെന്നു് ഡെടോക്കുവിൽ ചൂണ്ടിക്കാണിച്ചിട്ടുള്ളതു് ഇവിടെ നാം ഓർമ്മിക്കണം. വിവാഹത്തേയും കുടുംബത്തേയും പററി മേല്പറഞ്ഞ ചിന്തകരിൽ ചിലർ എഴുതിയിരുന്ന വിപ്ലവകരങ്ങളായ രണ്ടുലേഖനങ്ങളെ ഞങ്ങൾ ഒരുവർഷത്തിനുമുമ്പും ഈയിടയുമായി കേസരിയിൽ പ്രസിദ്ധപ്പെടുത്തിയിരുന്നതു വായനക്കാർ ഓർമ്മിക്കുമെല്ലോ. ഇന്നത്തെ വിവാഹത്തിൽ പഴയ ആനന്ദപ്രതീക്ഷയ്ക്കു സ്ഥാനമില്ലെന്നു സുപ്രസിദ്ധ ചിന്തകനായ കൗണ്ടു് കെയിസർലിങ്ങു് അഭിപ്രായപ്പെട്ടിട്ടുണ്ടു്. ജാരശങ്കയോ പരസ്ത്രീശങ്കയോ ഇന്നു് ഒരു ദുഃഖപര്യവസായിയായ നാടകത്തിൻെറ വിഷയമായി തീരുന്നതല്ലെന്നും ഒരു പ്രഹസനത്തിനേ അതു് ഇന്നു വിഷയമാകയുള്ളു എന്നും ഈ ചിന്തകർ അഭിപ്രായപ്പെടുന്നുണ്ടു്. ഏകഭാര്യാവിവാഹത്തോടുള്ള ഇന്നത്തെ പാശ്ചാത്യരുടെ അസംതൃപ്തിയുടെ ഫലമായി അവർ 'പരീക്ഷണവിവാഹം' (trial marriage), 'ഇഷ്ടവിവാഹം' (Companionate marriage), 'മൂന്നുകക്ഷികളുള്ള വിവാഹം' (three party marriage) 'നാലുകക്ഷികളുള്ള വിവാഹം' (four-party marriage), 'ഒരു ക്ലിപ്തകാലത്തേക്കുള്ള വിവാഹം' (marriage for a term), 'യൗവനവിവാഹം' (marriage in youth), അസംഖ്യം ജനങ്ങളുമായി യഥേഷ്ടം സംഭോഗം ഉണ്ടാകുവാൻ സ്ത്രീയേയും പുരുഷനേയും ഒന്നുപോലെ അനുവദിക്കുന്ന റൂഡെബുഷിൻെറ (Ruedebusch) വിവാഹപദ്ധതി എന്നിത്യാദിയായുള്ള പുതിയ വിവാഹരീതികൾ നിർമ്മിച്ച് അവയുടെ സ്വീകരണത്തിനായി പ്രചരണവേല ചെയ്യുവരുന്നു. ഭാരതത്തെ സംബന്ധിച്ചിടത്തോളം മററുപല കാര്യങ്ങളെക്കുറിച്ചും സംഭവിക്കാറുള്ളതുപോലെ

വിവാഹത്തെപ്പററിയും സംഭവിച്ചിരിക്കുന്നു. ഏകദമ്പതീവിവാഹം പാശ്ചാത്യർ പഴഞ്ചൻ ആശയമാണെന്നു പറഞ്ഞു ബഹുദമ്പതീവിവാഹത്തിനുവേണ്ടി പ്രചാരംചെയ്തുതുടങ്ങിയിരിക്കുമ്പോൾ ഭാരതീയർ (ഹിന്ദുക്കളും മുസ്ലിമീങ്ങളും) അവരുടെ പഴയ ആചാരമായ ബഹുഭാര്യാവിവാഹം കുറെമുമ്പു പാശ്ചാത്യർ അപരിഷ്കൃതമെന്നഭിപ്രായപ്പെട്ടിരുന്നതിനെ ദിവ്യമായി കരുതി അതിനെ ഉപേക്ഷിച്ചു് ഈ പാശ്ചാത്യർ കുറെക്കാലം മുമ്പുമാത്രം ആശാസ്യമായി കരുതിയിരുന്ന ഏകഭാര്യാവിവാഹത്തെ സ്വീകരിക്കുകയാണു് ഇന്നു ചെയ്തിരിക്കുന്നതു്. ഈയ്യിടെ കറാച്ചിയിൽവച്ചുകൂടിയ അഖിലേന്ത്യാ സ്ത്രീസമ്മേളനം ഏകഭാര്യാവിവാഹത്തെ പിന്താങ്ങിയിരിക്കുന്നതു നോക്കുക. തിരുവിതാംകൂറിലെ നായന്മാരിൽ പ്രത്യേകിച്ചു സ്ത്രീകളിൽ അധികംപേരുടേയും ഇന്നത്തെ നില ഇതുതന്നെയാണെന്നു തോന്നുന്നു. എന്നാൽ ഇന്നത്തെ നായർറഗുലേഷൻ പാസാക്കിയകാലത്തു് ഏകഭാര്യാവിവാഹത്തോടു നായന്മാക്കു് പ്രത്യേകിച്ചു നായർ പുരുഷന്മാക്കു് ഇന്നത്തോളം പ്രതിപത്തി ഉണ്ടായിരുന്നില്ല. ഏകഭാര്യാവിവാഹത്തെ ഉറപ്പിക്കുന്ന വകുപ്പുകൾ നായർബില്ലിൽ ചേത്തതു പരേതനായ മി. ഹ്യഗർഫു് മുതലായ ക്രിസ്ത്യൻ നിയമസഭാംഗങ്ങളുടെ ശക്തിയേറിയപിന്താങ്ങും പ്രേരണയും കൊണ്ടാണെന്നുള്ള പരമാത്ഥം ഈ അവസരത്തിൽ സ്മരണീയമാണു്. അന്നു് ഏകഭാര്യാവിവാഹത്തെ പ്രതികൂലിച്ചിരുന്ന പല നായർ നിയമസഭാംഗങ്ങളും തങ്ങളുടെ സമുദായം മരുമക്കത്തായത്തിൽനിന്നു മക്കത്തായത്തിലേക്കു കാലുവയ്ക്കുന്ന ആ അവസരത്തിൽ അതുവരെ തറവാടിന്റെ പിൻബലമുണ്ടായിരുന്ന സ്ത്രീകളെ അനന്യശരണരാക്കിത്തീക്കരുതെന്നും അവക്കു ഭത്താക്കന്മാരുടെ സ്ഥിരസഹായമെങ്കിലും ഉണ്ടാക്കിത്തീക്കണമെന്നും വാദിച്ചവരുടെ വാദത്തെ കേട്ടു തങ്ങളുടെ പ്രതികൂലനിലയെ പരിത്യജിക്കുകയാണു ചെയ്തതും. ഈ പരിവത്തനഘട്ടം ഇപ്പോൾ കഴിഞ്ഞിരിക്കുന്നതിനാൽ ഈ വാദം ഇപ്പോൾ സാധുവല്ല. ഏകദമ്പതീവിവാഹം വേണമെന്നുള്ളവർ അങ്ങനെ ചെയ്തുകൊള്ളട്ടെ. പക്ഷേ, അതു ലംഘിക്കുന്നവരെ ശിക്ഷിക്കുന്നതു് ഇന്നത്തെ പരിഷ്കൃതമനസ്ഥിതിക്കു യോജിച്ചതല്ല എന്നാണു് ഞങ്ങൾ വിചാരിക്കുന്നതു്. ബഹുഭാര്യാവിവാഹത്തെ മാത്രമല്ല, ബഹുഭത്തൃവിവാഹത്തേയും ശിക്ഷാർഹമാക്കരുതെന്നാണു ഞങ്ങളുടെ അഭിപ്രായം. പുരുഷനുള്ള സ്വാതന്ത്ര്യം സ്ത്രീക്കും അനുവദിച്ചുകൊടുക്കാതിരിക്കുന്നതിന്റെ യുക്തി ഞങ്ങൾക്കു മനസ്സിലാക്കുവാൻ വയ്യാ.

കേസരി, 1935 ജനുവരി 9

# വധശിക്ഷ

[സ്ത്രീകളെയും ബ്രാഹ്മണരെയും തൂക്കിക്കൊല്ലാൻ പാടില്ല എന്നൊരു നിയമം തിരുവിതാംകൂറിൽ നടപ്പിലുണ്ടായിരുന്നു. ആ വിവേചനത്തെ എതിർത്തുകൊണ്ടും എന്നാൽ പൊതുവെ വധശിക്ഷ പാടില്ലെന്നു വാദിച്ചുകൊണ്ടും കേസരി എഴുതിയ മുഖപ്രസംഗമാണിതു്.]

ഒന്നാംപ്രതിയായ ഒരു പരമേശ്വരൻപിള്ളയും രണ്ടാംപ്രതിയായ ഒരു ഭഗവതിയമ്മയുംകൂടി ഗൂഢാലോചന നടത്തി ഒന്നാംപ്രതിയുടെ ഭാര്യയും രണ്ടാംപ്രതിയുടെ സഹോദരിയും ആയ ഒരു പാച്ചിയമ്മയെ കൊലചെയ്തു എന്നുള്ള തിരുവനന്തപുരത്തെ സെഷൻസ് കേസ്സിലെ അപ്പീല് തിരുവിതാംകൂർ ഹൈക്കോടതിയിൽ മെ. ജസ്റ്റീസ് രാമൻതമ്പിയും ജസ്റ്റീസ് ചാക്കോയും കൂടിയ ബെഞ്ച് ഈയിടെ കേൾക്കുകയും രണ്ടുപ്രതികൾക്കും ജീവപര്യന്തം കഠിനതടവിനുള്ള കീഴ്ക്കോടതി വിധി ശരിവയ്ക്കുകയുമുണ്ടായി. ഇതിനെപ്പററിയുള്ള വിധിയിൽ മി. ജസ്റ്റീസ് ചാക്കോ പ്രസംഗവശാൽ ഇങ്ങനെ പറഞ്ഞിരിക്കുന്നു: "സ്ത്രീകളുടെ വധശിക്ഷയെപ്പററിയുള്ള നിയമം അതൃപ്തികരമാണെന്നു് എനിക്കു തോന്നിച്ചതിനെക്കുറിച്ചുകൂടി രണ്ടുവാക്കു പറഞ്ഞുകൊള്ളട്ടെ. ഒരു സ്ത്രീ ചെയ്യുന്ന കുറ്റം എത്ര ജുഗുപ്സാവഹമായിരുന്നാലും ഇപ്പോഴത്തെ നിയമമനുസരിച്ചു തിരുവിതാംകൂർ പീനൽകോഡിലെ 3-ാം വകുപ്പു് അവളെ മരണശിക്ഷയിൽനിന്നും ഒഴിവാക്കുന്നു... ഈ കേസിലെ പ്രധാന കുററക്കാരി സ്ത്രീയാണെന്നും അവളാണു മറ്റെയാളെക്കാൾ വധശിക്ഷ അർഹിക്കുന്നതെന്നും തൃപ്തികരമാംവണ്ണം ബോധ്യമായതിനാലാണു സ്ത്രീകളുടെമേൽ വധശിക്ഷ വിധിക്കുവാൻ നിയമം തനിക്കു് അധികാരം തരുന്നില്ലല്ലോ എന്ന കാര്യത്തിൽ സെഷൻസ് ജഡ്ജി ശക്തിപൂർവ്വം വ്യസനം പ്രകടിപ്പിച്ചതു്. ഇതു് ഏററവും നിർഭാഗ്യകരമാകുന്നു. വധശിക്ഷയുടെ ആവശ്യകതയേയും പ്രായോഗികതയേയും തിരുവിതാംകൂറിലെ നിയമം പരിഗണിക്കുന്നകാലത്തോളം പുരുഷനായ കൊലപാതകിയേയും സ്ത്രീയായ കൊലപാതകിയേയും വ്യത്യസ്തമായി കരുതുവാൻ യാതൊരു നിയമസിദ്ധാന്തവും ഉള്ളതായി ഞാൻ കാണുന്നില്ല... തിരുവിതാംകൂറിലൊഴികെ മറ്റു യാതൊരു രാജ്യത്തേയും നിയമത്തിൽ സ്ത്രീയേയും പുരുഷനേയും വ്യത്യസ്തമായി കരുതുന്നതായി എനിക്കറിവില്ല. തിരുവിതാംകൂറിലെ യാതൊരു പരിതസ്ഥിതിയും അതിനെ നീതീകരിക്കുന്നതായി ഞാൻ കാണുന്നില്ല. ഈ വിഷയത്തെപ്പററിയുള്ള നിയമം ഭേദഗതി ചെയ്യുവാനും വധശിക്ഷയെ സംബന്ധിച്ചിടത്തോളം പുരുഷനേയും സ്ത്രീയേയും ഒരേനിലയിൽ പരിഗണിക്കാനും കാലമായിയെന്നാണു് എൻെറ അഭിപ്രായം."

ഈ കേസിൻെറ വിധിയിലെ ന്യായാന്യായങ്ങളിൽ പ്രവേശിക്കാതെ വധശിക്ഷയെ സംബന്ധിച്ചു തിരുവിതാംകൂർ പീനൽ കോഡിലുള്ള സ്ത്രീപുരുഷവ്യത്യാസത്തെപ്പററി മി. ജസ്റ്റീസ് ചാക്കോ പുറപ്പെടുവിച്ചിട്ടുള്ള ശ്രദ്ധേയമായ സാമാന്യ അഭിപ്രായത്തെപ്പററി അല്പം പറയാനാണ ഞങ്ങൾ ഇവിടെ തുനിയുന്നതു്. വധശിക്ഷ നിറുത്തൽചെയ്യണമെന്നുള്ള പക്ഷക്കാരാണ ഞങ്ങൾ. ഇതിനുള്ള വാദങ്ങൾ സുപ്രസിദ്ധങ്ങളാണെങ്കിലും ഇവിടെ അവയെ പൊതുജനങ്ങളുടെ അറിവിനായി സംഗ്രഹിച്ചുകൊള്ളട്ടെ. എല്ലാത്തരം ശിക്ഷകളിലും മൂന്നു് അംശങ്ങളുണ്ടു്. ഇവയെ പ്രതികാര അംശം, നിവാരക അംശം, ദോഷച്ഛേദക അംശം എന്നു വിവരിക്കാവുന്നതാണ്. കുറ്റം ചെയ്തവനോടു സമുദായം അവനെ വേദനിപ്പിച്ചു പ്രതികാരം ചെയ്യുന്ന ഭാവം പ്രാചീനകാലത്തു് ഇതിൽ പൊന്തിച്ചുനിന്നിരുന്നു എങ്കിലും ഇന്നത്തെ പരിഷ്കൃതലോകത്തു് ആ കുററത്തെ സമുദായം തിരസ്കരിക്കുന്നു എന്നു കാണിക്കുന്ന ഭാവമാണ് ഈ അംശത്തിൽ പൊന്തിച്ചുനില്ക്കുന്നതു്. അങ്ങനെ തിരസ്കരിച്ചില്ലെങ്കിൽ സമുദായം അതിനെ ഉദാസീനതയോടെ വീക്ഷിക്കുന്നു എന്നു വരും. എന്നാൽ ഈ തിരസ്കരണം ആവശ്യമാണെങ്കിലും അങ്ങേയററത്തെ ശിക്ഷയായ വധശിക്ഷ കൂടാതെകണ്ടു് തടവുശിക്ഷകൊണ്ടുമാത്രം സമുദായത്തിനു് അതു പ്രത്യക്ഷപ്പെടുത്താവുന്നതാണ്. പലപ്പോഴും ഗവമ്മെൻറ് സംരക്ഷിച്ചുകൊണ്ടുപോരുന്ന സമുദായഘടനയുടെ ദൂഷ്യങ്ങൾകൊണ്ടായിരിക്കും കൊലപാതകം മുതലായ കുററങ്ങൾ ഉണ്ടാകുന്നതു്. അപ്പോൾ വധശിക്ഷ അനുഭവിപ്പിക്കുന്നതു ഗവമ്മെൻറ് യഥാൎത്ഥത്തിൽ സ്വന്തം കുററത്തിനു് അന്യനെ അതികഠിനമായി ശിക്ഷിക്കുന്നതിനു തുല്യമായിരിക്കും. വധശിക്ഷയിൽ അതിനു് അധീനനാകുന്ന ആളിനെ സംബന്ധിച്ചിടത്തോളം നിവാരക അംശമില്ല. വധശിക്ഷ പീനൽ കോഡിൽ വിധിച്ചിട്ടുണ്ടായിരുന്നിട്ടും അയാൾ കൊലപാതകം ചെയ്തതിനാലും വധശിക്ഷയോടുകൂടിത്തന്നെ അയാളുടെ കഥ കഴിയുന്നതിനാലും അയാളെ സംബന്ധിച്ചല്ല, മററുള്ളവരെ സംബന്ധിച്ചാണ് അതിനു പ്രസ്തുത നിവാരക അംശമുണ്ടെന്നു പ്രഥമദൃഷ്ടിയിൽ തോന്നുന്നതു്. വാസ്തവത്തിൽ മരണശിക്ഷ ഭയന്നു് എല്ലാവരും കൊലപാതകം ചെയ്യാതെയിരിക്കുമെന്നു പറയുന്നതു ശരിയല്ല. അങ്ങനെ സംഭവിച്ചാൽത്തന്നെയും ഒരാളെ അവൻെറ സ്വന്തം നന്മയ്ക്കായിയല്ലാതെ മററുള്ളവരുടെ നന്മയ്ക്കായി ഒരുപകരണമാക്കുന്നതു സാന്മാൎഗ്ഗികമായ ഒരു പ്രവൃത്തിയല്ല. ദോഷച്ഛേദ, അഥവാ ദോഷപരിഹാര അംശമാ(reformative)ണ് ഒരു ശിക്ഷയിൽ മുഖ്യമായി വേണ്ടതു്. മരണശിക്ഷയിൽ ഇതു് ഒട്ടുംതന്നെ ഇല്ല. കൂടാതെ കുററം ചെയ്യാത്തവനേയും അന്യായമായി വധശിക്ഷ അനുഭവിപ്പിച്ചേക്കാം. പിന്നെയും മരണശിക്ഷയ്ക്കു് എതിരായി പ്രസിദ്ധ രാഷ്ട്രീയചിന്തകനായ ജെറമി ബെന്താം പുറപ്പെടുവിച്ച ഒരു തത്വവും കൂടി പറയാവുന്നതാണ്. ഒരു രാജ്യത്തിലെ ഗവമ്മെൻറ് അവരുടെ പ്രജകളുടെ പ്രവൃത്തികളിൽ പ്രേരകശക്തി പ്രയോഗിക്കുന്നതു ശിക്ഷകൾ കൊണ്ടല്ല ആ ഗവമ്മെൻറിൻെറ സ്വന്തം പ്രവൃത്തികളിൽ അന്തർഭവി

ച്ചിട്ടുള്ള തത്ത്വങ്ങൾകൊണ്ടാണെന്നുള്ളതത്രേ പ്രസ്തുത തത്ത്വം. ജീവന്റെ പവിത്രതയെ ഗവൺമെൻറുതന്നെ ബഹുമാനിച്ചാൽമാത്രമേ അവരുടെ പ്രജകളും അതിനെ ബഹുമാനിക്കുകയുള്ളൂ. ഈ കാരണങ്ങളാൽ പരിഷ്കൃതരാജ്യങ്ങളിൽ ചിലതു മരണശിക്ഷ നിറുത്തൽചെയ്തിട്ടുണ്ട്. വധശിക്ഷയെപ്പററിയുള്ള പ്രശ്നത്തിൽ മി. ജസ്റ്റീസ് ചാക്കോ ഗവൺമെൻറിന്റേയും പൊതുജനങ്ങളുടേയും ശ്രദ്ധയെ ക്ഷണിച്ചതിന് അദ്ദേഹത്തെ ഞങ്ങൾ അഭിനന്ദിക്കുന്നു. എന്നാൽ ഈ പ്രശ്നത്തെ അദ്ദേഹം പറഞ്ഞ രീതിയിലല്ല ഞങ്ങൾ ഗവൺമെൻറിന്റേയും പൊതുജനങ്ങളുടേയും ശ്രദ്ധയിൽ കൊണ്ടുവരുന്നതു്. സ്ത്രീകളെമാത്രമല്ല, ബ്രാഹ്മണരേയും തിരുവിതാംകൂർ പീനൽ കോഡ് വധശിക്ഷയിൽനിന്നു് ഒഴിച്ചിട്ടുണ്ടെന്നും മി. ചങ്ങനാശ്ശേരി പരമേശ്വരൻപിള്ള മി. ജസ്റ്റീസ് ചാക്കോയുടെ രീതിയനുസരിച്ചു ബ്രാഹ്മണരെ ഒഴിച്ചിരിക്കുന്ന വകുപ്പിനെ റദ്ദ്ചെയ്യണമെന്നു് ഒരു ബില്ല് അസംബ്ലിയിൽ ഹാജരാക്കാൻപോകുന്നു എന്നും ഞങ്ങൾ കേട്ടിരുന്നു എന്നും ഇടയ്ക്കു പറഞ്ഞുകൊള്ളട്ടെ. ഞങ്ങളുടെ അഭിപ്രായത്തിൽ വധശിക്ഷയിൽനിന്നു് ഒഴിവാക്കിയിട്ടുള്ള വർഗ്ഗംകൂടി വധശിക്ഷ നല്ലണമെന്നല്ല, സ്ത്രീകൾക്കും ബ്രാഹ്മണർക്കും അനുവദിച്ചിട്ടുള്ള സൗജന്യം പുരുന്മാർക്കും അബ്രാഹ്മണർക്കുംകൂടി നല്ലണമെന്നാണു വാദിക്കേണ്ടതു്. ഈ വ്യത്യാസങ്ങൾ പീനൽ കോഡിൽ കൊണ്ടുവരുന്നതിനു ഗവൺമെൻറിനെ പ്രേരിപ്പിച്ച ഉദ്ദേശങ്ങൾ എത്രമാത്രം അനാശാസ്യങ്ങളായാലും ശരി, ഫലത്തിൽ അവ അപരിഷ്കൃതമായ വധശിക്ഷയെ കുറേപ്പേരെ സംബന്ധിച്ചിടത്തോളമെങ്കിലും ഇല്ലായ്മചെയ്യുന്നതിനാൽ അവ അനാശാസ്യമാണെന്നു പറയുവാൻ പാടില്ല. ഈ അതിപ്രധാനമായ പ്രശ്നത്തിൽ ശ്രീമൂലം അസംബ്ലിയും സ്റ്റേററ്കൗൺസിലും ഗവൺമെൻറും ശ്രദ്ധപതിപ്പിക്കുമെന്നു വിശ്വസിക്കുന്നു.

കേസരി, 1935 ഏപ്രിൽ 3

# സാഹിത്യചിന്തകൾ

# കേരള സാഹിത്യപരിഷത്ത്

[കൊല്ലവർഷം 106-ാമാണ്ടു കൊല്ലത്തുവച്ച് ഒരു സാഹിത്യ പരിഷത്ത്സമ്മേളനം നടന്നു. ആ സമ്മേളനത്തിൽ ഇദംപ്രഥമമായി സാഹിത്യത്തിലെ നൂതനപ്രവണതകൾ, യാഥാസ്ഥിതികത്വത്തെ വെല്ലുവിളിച്ചുകൊണ്ടു തല ഉയർത്തി. കേരളവമ്മവലിയകോയിത്തമ്പുരാനെ നിരൂപണം ചെയ്യാൻ അന്ന് ചിലർ ധൈര്യപ്പെട്ടുകയും ചില വിശ്വാസങ്ങളിൽ ആഞ്ഞടിക്കുകയും ചെയ്തു. ആ നൂതനപ്രവണതകളിൽ കേസരി ആഹ്ലാദഭരിതനായി. അദ്ദേഹം തൻെറ മുഖപ്രസംഗത്തിൽ കുറെ വിഗ്രഹങ്ങളെ ഭഞ്ജിക്കുന്നതു കാണാം.

സാഹിത്യമെന്നാൽ കവിതമാത്രമല്ലെന്നും ഗദ്യവും സാഹിത്യത്തിൽ ഉൾപ്പെടുമെന്നും ഉള്ള വാദഗതിയും ഉയന്നു. സംസ്കൃതത്തിന്റെ അതിരുകടന്ന പിടിയിൽനിന്നു മലയാളത്തെ വിമുക്തമാക്കാനുള്ള ഒരു ശ്രമവും ആ പരിഷത്തിൽ നടന്നു കൊല്ലംസമ്മേളനം ഇങ്ങനെ പല വിധത്തിൽ പ്രാധാന്യം അർഹിക്കുന്ന ഒന്നാണു്. അടുത്ത സമ്മേളനം 108-ൽ കോഴിക്കോട്ടുവച്ചാണു നടന്നതു്. രജിസ്റ്റർ ചെയ്ത പരിഷത്ത്സംഘടന ഈ സമ്മേളനത്തിൽ സഹകരിച്ചില്ല. കൊല്ലത്തുവച്ചു തല ഉയർത്തിയ പുതിയ പ്രവണതകൾ അന്നത്തെ യാഥാസ്ഥിതികത്വത്തെ പേടിപ്പിച്ചു പുതിയ ചിന്താഗതിക്കാക്കു കോഴിക്കോട്ടു പ്രാതിനിധ്യം നല്കിയില്ല. യാഥാസ്ഥിതികത്വത്തെ അരക്കിട്ടുറപ്പിക്കുവാൻ ഒരു വിഫലശ്രമവും അന്നു നടന്നു. സാഹിത്യത്തിൽ തെക്കെന്നും വടക്കെന്നുമുള്ള പ്രാദേശിക ചിന്താഗതി വ്യക്തമായ ഒരു കാലഘട്ടവുമായിരുന്നതു്. പിന്നീട് 109-ൽ നിലമ്പൂരിൽവച്ചു പരിഷത്തിൻെറ യോഗം നടന്നു. കേസരി ഈ പശ്ചാത്തലത്തിൽ സമ്മേളനത്തിനുമുമ്പു ചില നിർദ്ദേശങ്ങൾ ഭാരവാഹികളുടെ ശ്രദ്ധയിൽപ്പെടുത്തി. അതിനുശേഷം നിലമ്പൂരിൽ കണ്ടു മുരടിച്ച യാഥാസ്ഥിതികത്വത്തിനു

കടുത്ത പ്രഹരം തന്റെ മുഖപ്രസംഗത്തിൽക്കൂടി ഏല്പിച്ചു. അന്നാണ് സാഹിത്യകാരന്മാരുടെ പരസ്യമായമിശ്രഭോജനം നടന്നത്. കോഴിക്കോട്ടുസമ്മേളനത്തിൽ അരയസമുദായാംഗമായ പണ്ഡിതർ കറുപ്പന് താമസസൗകര്യം ഏർപ്പാടു ചെയ്തത് ഒരരയന്റെ വീട്ടിലായിരുന്നു എന്നും അതിനാൽ അദ്ദേഹം സമ്മേളനത്തിൽ സംബന്ധിച്ചില്ലെന്നും ഒരു കേൾവി ഉണ്ടായിരുന്നു എന്നുള്ളതും ഈ അവസരത്തിൽ സ്മരണീയമാണ്. സാഹിത്യത്തെ സംബന്ധിച്ചിടത്തോളം ഈ കാലഘട്ടത്തിന്റെ പ്രത്യേകത, ഫ്യൂഡലിസവും അതിന്റേതായ കലാസങ്കേതങ്ങളും പുരോഗമനചിന്താഗതിയും അതിന്റേതായ റീയലിസം തുടങ്ങിയ സങ്കേതങ്ങളും തമ്മിൽ തീക്ഷ്ണമായ ഏറ്റുമുട്ടൽ തുടങ്ങി എന്നതാണ്. പുരോഗമനപരമായ പ്രവണതകൾക്ക് ബോധപൂർവ്വം കേസരി പ്രേരണ നല്കിയിരുന്നു. പിന്നീടു 110-ൽ തലശ്ശേരിയിൽവച്ച് സാഹിത്യപരിഷത്തിന്റെ സമ്മേളനം കൂടി. തുടർന്ന് പുരോഗമനേച്ഛുക്കളായ യുവസാഹിത്യകാരന്മാരുടെ ഒരു സമ്മേളനവും അവിടെവച്ചു കൂടി. പിന്നീടുണ്ടായ പുരോഗമനസാഹിത്യസംഘടനയുടെ മുന്നോടിയായിരുന്നു ഈ യുവജനസമ്മേളനം എന്നു വേണമെങ്കിൽ പറയാം. യുവജനസാഹിത്യസമ്മേളനത്തിൽവച്ച് ഒരു സ്ഥിരം സംഘടന ഉണ്ടാക്കണമെന്ന് അന്ന് പ്രവർത്തകർ ഉദ്ദേശിച്ചില്ല. യുവജനസാഹിത്യസമ്മേളനപ്രവർത്തകർക്ക് ചിന്താഗതിയിലും മററും വരേണ്ട മാററങ്ങളെക്കുറിച്ച് കേസരി ഉപദേശം നല്കുന്നു. ശാസ്ത്രീയയുഗത്തിലേയ്ക്ക് അദ്ദേഹം ചൂണ്ടിക്കാണിക്കുന്നു. ഇന്നത്തെ മലയാളസാഹിത്യത്തിന്റെ അഭിവൃദ്ധിയുടെ അടിത്തറയാണ് മുപ്പതുകൊല്ലം മുമ്പെഴുതിയ ഈ മുഖപ്രസംഗങ്ങൾ. ഒന്നിലധികം സ്ഥലത്ത് പരിഷത്തു മരിച്ചു എന്ന് അദ്ദേഹം പറയുന്നുണ്ട്. തുടർന്നുവരുന്ന എട്ടു മുഖപ്രസംഗങ്ങളിലെ വിഷയം സാഹിത്യപരിഷത്ത്സമ്മേളനങ്ങൾ, യുവജനസാഹിത്യസമ്മേളനം എന്നിവയെപ്പററിയുള്ളവയാണ്.]

കൊല്ലത്തുവച്ചു കേരളസാഹിത്യപരിഷത്തിന്റെ ധനാശി പാടിയിരിക്കുന്നു. അടുത്ത കൊല്ലത്തേക്കു പരിഷത്തിനെ ഒരു സ്ഥലത്തേക്കും ഒരുത്തരും ക്ഷണിച്ചിട്ടില്ലെന്നുള്ളതും ഇതിൽ പല പണ്ഡിതന്മാരും ഉത്തരകേരളത്തിലെ ഭാഷാഭിമാനികളും ഉദാസീനത പ്രദർശിപ്പിച്ചതും പരിഷത്ശിശുവിന്റെ അകാലചരമത്തെയാണു കാണിക്കുന്നത്. പരിഷത്തിനെ പൂർവ്വാധികം കാര്യക്ഷമമാക്കുവാൻ ഒരു കമ്മിററിയെ സമ്മേ

ളനം നിശ്ചയിച്ചിട്ടുണ്ടെന്നുള്ള സംഗതി ഞങ്ങൾ വിസ്മരിക്കുന്നില്ല. പക്ഷേ, അതു കേവലം ഒരു ചടങ്ങായി മാത്രമേ ഞങ്ങൾ പരിഗണിക്കുന്നുള്ളു. പരിഷത്തിനെ കൊല്ലത്തേയ്ക്കു ക്ഷണിച്ച ഭാഷാഭിമാനിയായ മി. ഒ. എൻ. കൃഷ്ണക്കുറുപ്പ് താൻ സമ്മേളനത്തിൽ പങ്കുകൊള്ളാതെയിരുന്നതിനുള്ള കാരണം മലയാളിയിൽ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. കൊച്ചിക്കാർ സമ്മേളനത്തിൽ വേണ്ടതുപോലെ പങ്കുകൊള്ളാതെയിരുന്നതിനു കാരണം മി. പുത്തേഴത്തു രാമൻമേനോൻ സമ്മേളനപ്പന്തലിൽ വച്ചുതന്നെ വിവരിക്കുകയുമുണ്ടായി. ഈ കാരണങ്ങളെല്ലാം സ്വീകാര്യങ്ങളാണെങ്കിലും കേരളത്തിലെ ഭാഷാഭിമാനികൾ പൊതുവേ സാഹിത്യപരിഷത്തിൽ ഉദാസീനരാണെന്നുള്ള വാസ്തവം സമ്മതിച്ചേ തീരൂ. ശിശുമരണം അത്യധികമായി സംഭവിക്കുന്ന കേരളത്തിൽ അഞ്ചുവയസ്സു മാത്രം പ്രായമുള്ള പരിഷത് ശിശുവും പഞ്ചത്വം പ്രാപിച്ചതുകണ്ടു സൂക്ഷ്മദൃക്കുകൾ ആശ്ചര്യപ്പെടുകയില്ല. ശിശുമരണത്തിനു് ഒരു കാരണം മാതാപിതാക്കന്മാരെ സംബന്ധിച്ചുള്ള ദൂഷ്യങ്ങളാണു്. പരിഷത് ശിശുവിൻെറ അകാലമരണത്തിനുള്ള ഒരു കാരണം ഇതുതന്നെയാണു്. ഉദ്ദേശശുദ്ധിക്കുറവുള്ളവരായി പൊതുജനങ്ങൾ പരിഗണിക്കുന്ന അല്പം ചിലർ അതിൻെറ ഉല്പാദകരായതും അതിനു സ്വാതന്ത്ര്യം നൽകാതെ തങ്ങളുടെ കൈവശം ഇവർ വച്ചു ശ്വാസംമുട്ടിച്ചുകൊണ്ടിരിക്കുന്നതുമാണു് പരിഷത്തിനെ പരലോകം പ്രാപിപ്പിച്ചതു്. രണ്ടാമത്തെ കാരണം പരിഷത്തിനു് അതിൻെറ അഞ്ചുവർഷത്തെ ജീവിതകാലത്തിൽ ഭാഷാപോഷണാർത്ഥം ഒന്നും ചെയ്യുവാൻ സാധിച്ചിട്ടില്ലെന്നുള്ള പൊതുജനവിശ്വാസമാണു്. പൊതുജനങ്ങൾക്കു് ഒരു പ്രസ്ഥാനത്തിൻെറ ഫലം ഉടനടി പ്രത്യക്ഷപ്പെട്ടില്ലെങ്കിൽ അവർ അതിനെ അപലപിക്കുന്നതു സാഹിത്യകാര്യങ്ങളിൽ മാത്രമല്ല, രാഷ്ട്രീയാദിയായ ഇതരകാര്യങ്ങളിൽക്കൂടി നമുക്കു കാണാവുന്നതാണു്. മുമ്പോട്ടുള്ള പോക്കു് അംഗുലമംഗുലമായിട്ടാണു് ലോകത്തിൽ ഉണ്ടാകാറുള്ളതു് എന്നുള്ള യാഥാർത്ഥ്യം അവൎക്കു സുഗ്രാഹ്യമല്ല. പരിഷത്തിനു് ഒരു ഗണ്യമായ മൂലധനമില്ലാത്തതാണു് അതിന്റെ ചരമത്തിനു ഞങ്ങൾ കാണുന്ന മൂന്നാമത്തെ കാരണം. പരിഷത് അകാലചരമം പ്രാപിച്ചതിൽ ഞങ്ങൾ ഖേദിക്കുന്നുണ്ടു്. സാഹിത്യനിർമ്മാണം സ്വതന്ത്രവും വ്യക്തിപരവുമായ ഒരു വ്യവഹാരമത്രെ. അതിനാൽ പരിഷത്തിനു നേരിട്ടു് ആ വ്യവഹാരത്തെ സഹായിക്കുവാൻ സാധിക്കുകയില്ല. പരിഷത്തിലെ പണ്ഡിതന്മാരുടെ നിർദ്ദേശമനുസരിച്ചു സാഹിത്യകൃതികൾ രചിക്കപ്പെടുന്നതായാൽ അവ ഉത്തമകൃതികളായിത്തീരുന്നതുമല്ല. എന്നാൽ പരിഷത്തിനു് സാഹിത്യപോഷണത്തിനു് നേരിട്ടല്ലാതെയുള്ള സഹായം ചെയ്യുവാൻ കഴിയും. രാഷ്ട്രീയമായും മതസംബന്ധമായും ഭിന്നിച്ചുള്ള കേരളീയൎക്കു് തങ്ങൾ ഒരു ജനതയാണെന്നുള്ള ബോധം പരിഷത്സമ്മേളനങ്ങൾ ജനിപ്പിക്കുന്നതാണു്. സാധാരണജനങ്ങളിൽ കലാഭിരുചി ജനിപ്പിക്കുന്നതിനും പരിഷത് സമ്മേളനങ്ങൾക്കു സാധിക്കും. സാഹിത്യാഭിവൃദ്ധിക്കു സഹായമായിത്തീരുന്ന കേരളസർവ്വകലാശാലാസ്ഥാപനം, നിഘണ്ടു നിർമ്മാണം,

ടെക്സ്റ്റ് ബുക്കുകമ്മിറ്റികളുടെ ഏകീകരണം, ഭാഷാന്തരം ചെയ്യുക, സാഹിത്യവാസനയുള്ളവരെ സമ്മാനദാനങ്ങൾകൊണ്ടും മററും പ്രോത്സാഹിപ്പിക്കുക ഇത്യാദികാര്യങ്ങളിൽ, പരിഷത്തിനു പലതും ചെയ്യുവാൻ സാധിക്കുന്നതാണ്. പരിഷത്ശിശുവിന്റെ ചരമത്തിൽ ഞങ്ങൾ ഖേദിക്കുന്നുണ്ടെങ്കിലും അതിന്റെ പുനർജന്മത്തിൽ ഞങ്ങൾക്കു വിശ്വാസമുള്ളതുകൊണ്ട് ഈ ദുഃഖം ഒരു തീരാദുഃഖമായിത്തീർന്നിട്ടില്ല. പരിഷത്തിന്റെ മരണഗോഷ്ഠികളിൽത്തന്നെ പ്രത്യക്ഷപ്പെട്ട ചില ശുഭലക്ഷണങ്ങളാണ് ഫീനിക്സ് പക്ഷിയെപ്പോലെ അതു് അതിന്റെ ചിതയിലെ ചാരത്തിൽനിന്നുതന്നെ പുനർജ്ജീവിക്കുമെന്നു ഞങ്ങളെ വിശ്വസിപ്പിക്കുന്നതു്. മി. വേലുപ്പിള്ളശാസ്ത്രി സധൈര്യം ഇദംപ്രഥമമായി തുടങ്ങിയ സാഹിത്യവിഗ്രഹധ്വംസനം ഈ ലക്ഷണങ്ങളിൽവെച്ച് അതിപ്രധാനമായിട്ടുള്ളതാണ്. മി. ശാസ്ത്രിയുടെ പ്രക്ഷോഭകരമായ പ്രസംഗത്തിന്റെ പോക്കിനു് അനാവശ്യമായി പല തടസ്സങ്ങളുമുണ്ടാക്കിയ മെ. ഉള്ളൂർ പരമേശ്വരയ്യരും പി. കെ. നാരായണപിള്ളയും നിഷ്പക്ഷപാതികളുടെ കഠിനമായ ആക്ഷേപത്തെ അർഹിക്കുന്നുണ്ട്. പ്രതികൂലവിമർശനത്തിൽ അസഹിഷ്ണുത പ്രദർശിപ്പിക്കുന്നതു രാഷ്ട്രീയരംഗത്തിലോ സാഹിത്യരംഗത്തിലോ കച്ചകെട്ടി ഇറങ്ങിയിട്ടുള്ളവർക്ക് ഉചിതമായിട്ടുള്ളതല്ല. രാഷ്ട്രീയപ്രവൃത്തി ചെയ്യുന്നവരും സാഹിത്യകൃതി രചിക്കുന്നവരും തങ്ങളുടെ കൃത്യങ്ങളെ പൊതുജനങ്ങളുടെ വിമർശത്തിനു സമർപ്പിക്കുകയാണു ചെയ്യുന്നതു്. വിമർശം പ്രതികൂലമായാൽ കോപിക്കുന്നതോ, ഖേദിക്കുന്നതോ, അനുകൂലമായാൽ തുള്ളിച്ചാടുന്നതോ ഞെളിയുന്നതോ ഒരിക്കലും ന്യായീകരിക്കാവുന്നതല്ല. സാഹിത്യലോകത്തിലും തനിക്കു് അപ്പീൽ കേട്ട് അവസാനത്തീർപ്പു കല്പിക്കുവാൻ അധികാരമുണ്ടെന്നുള്ള തെററിദ്ധാരണ മി. പി. കെ. നാരായണപിള്ളയ്ക്കുണ്ടെന്നു് ഇതരയോഗങ്ങളിലെ അദ്ധ്യക്ഷന്മാരുടേയും പ്രാസംഗികന്മാരുടേയും അഭിപ്രായങ്ങളുടെ നിരൂപണത്തിനു് അദ്ദേഹം തന്റെ അദ്ധ്യക്ഷപ്രസംഗത്തിൽ തുനിഞ്ഞതിൽനിന്നു തോന്നിപ്പോകുന്നു. ഈ തെററിദ്ധാരണ എത്രയും വേഗത്തിൽ കളയുന്നതാണു നല്ലതു്. സാഹിത്യദ്രഷ്ടൃത്വം ഇന്നു് ഭൂരിപക്ഷം ജനങ്ങളും വകവച്ചുകൊടുക്കുകയില്ലെന്നു വീണ്ടും അദ്ദേഹത്തെ ഞങ്ങൾ ധരിപ്പിച്ചുകൊള്ളുന്നു. വേലുപ്പിള്ളശാസ്ത്രിയുടെ പ്രസംഗവേളയിൽ മി. പി. കെ. ഒരു അദ്ധ്യക്ഷനു വേണ്ടതായ നിഷ്പക്ഷപാതിത്വം പ്രദർശിപ്പിച്ചിട്ടില്ല. തനിക്കു് എല്ലാവരേയും ആക്ഷേപിക്കുവാനവകാശമുണ്ടെന്നും തന്നെ അന്യന്മാർക്ക് ആക്ഷേപിക്കുവാൻ അവകാശമില്ലെന്നും തന്നെ എല്ലാവരും സദാ സ്തുതിസുമങ്ങൾകൊണ്ട് അർച്ചിച്ചുകൊണ്ടിരിക്കണമെന്നും മി. പി കെ. നാരായണപിള്ളയ്ക്കു വിചാരമുണ്ട്. കഴിഞ്ഞ പരിഷത്തിൽവച്ച് ചെറുശ്ശേരിവാദത്തെ സംബന്ധിച്ചു തന്റെ സുരക്ഷിതമായ അദ്ധ്യക്ഷപീഠത്തിൽവച്ച് അദ്ദേഹം സധൈര്യം ഒരു വെല്ലുവിളി നടത്തിയതും, പെരിനാട്ടേ ഒരു നായർയോഗത്തിൽവച്ച് അസഹിഷ്ണുത കാണിച്ചതും, ഇത്തവണത്തെ പരിഷത്തിൽവച്ച് ദുരധികാരപ്രമത്തത പ്രദർശിപ്പിച്ചതും തന്റെ ദുരധികാരപ്രമത്തതാ

ഉളവാക്കിയ കുഴപ്പത്തിനു് പരിഷത്തുപ്രവൎത്തകർ തന്നോടു മാപ്പുചോദിച്ചാൽമാത്രമേ മേലാൽ താൻ അതിൽ പങ്കുകൊള്ളുകയുള്ളു എന്നു രഹസ്യമായി പ്രവൎത്തകരിൽ ഒരാളോടു പറഞ്ഞതും സാഹിത്യപഞ്ചാനനത്വമല്ല, സാഹിത്യജംബുകത്വത്തെയാണു കാണിക്കുന്നതെന്നു് മി. പി. കെ. മനസ്സിലാക്കേണ്ടതാണു്. ഈ പരിഷത്തിൽവച്ചു മി. വള്ളത്തോൾ നാരായണമേനവൻ തനിക്കു് യഥാൎത്ഥമനഃസംസ്കാരവും കലാവാസനയും മികച്ച ഉൽപതിഷ്ണുത്വവും ഉണ്ടെന്നു് തന്റെ പ്രസംഗങ്ങൾകൊണ്ടു് പ്രസ്പഷ്ടമാക്കുകയും മി. പി. കെ. തനിക്കു പ്രായേണ ഒരു പഴഞ്ചൻ സംസ്കൃതപണ്ഡിതന്റെ സങ്കുചിതമനസ്ഥിതിയാണുള്ളതെന്നു തെളിയിക്കുകയും ചെയ്തിട്ടുണ്ടു്. വടക്കരായ മലയാളികളെ ആക്ഷേപിച്ചതിനു മി. ചേലനാട്ടു് അച്ചുതമേനവൻ മി. പി കെ.-യ്ക്കു കണക്കിനു കൊടുത്തതു വളരെ നന്നായി. ഇത്തരം കൊട്ടുകൾ കൊണ്ടാൽമാത്രമേ മി. പി. കെ.യുടെ ദൂഷ്യങ്ങൾ മാഞ്ഞു് അദ്ദേഹത്തിന്റെ ഗുണങ്ങൾ തിളങ്ങുകയുള്ളു. വിഗ്രഹധ്വംസനവും നവീനാദർശങ്ങളും ഭാഷാഭിമാനികൾ ശ്രദ്ധിക്കേണ്ടവയായ പല നിർദ്ദേശങ്ങളും മി. കെ. ആർ. കൃഷ്ണപിള്ള, ശ്രീമതി ഭാഗീരഥിഅമ്മ, എം. ഏ. മെ. മള്ളൂർ ഗോവിന്ദപ്പിള്ള, മൂക്കോത്തു കുമാരൻ, ദാമോദരൻ, പുത്തേഴത്തു രാമൻമേനോൻ, ചേലനാട്ടു് അച്ചുതമേനവൻ, വള്ളത്തോൾ എന്നിവരുടെ പ്രസംഗങ്ങളിൽ ഞങ്ങൾ കാണുന്നുണ്ടു്. പ്രതികൂലസംഗതികളെ വിഗണിച്ചു പരിഷത്തിനെ വിജയത്തിൽ പൎയ്യവസാനിപ്പിക്കുവാൻ പണിപ്പെട്ട മെ. കെ. ജി. ശങ്കരൻ, സി. ശങ്കരമേനവൻ മുതലായവരെ ഞങ്ങൾ അഭിനന്ദിക്കുന്നു.

കേസരി, 1931 ജനുവരി 14

# കലങ്ങിമറിഞ്ഞ കൈരളി

കൊല്ലത്തുവച്ചു കൂടിയ ഇത്തവണത്തെ സാഹിത്യപരിഷത്തിൽ മലയാളസാഹിത്യത്തിന്റെ നിലയേയും വിലയേയും ഭാവിഗതിയേയും പററിയുള്ള വിമൎശനങ്ങളിൽ വളരെ അസന്ധേയങ്ങളായ അഭിപ്രായവ്യത്യാസങ്ങൾ ഉണ്ടായിരുന്നു എന്നു കാണാവുന്നതാണു്. മലയാളസാഹിത്യം ലോകത്തിലെ ഏതു സാഹിത്യത്തോടും കിടനിൽക്കുമെന്നു മി. കെ. ആർ. കൃഷ്ണപിള്ളയും, മലയാളഭാഷയ്ക്കു് വിശ്വസാഹിത്യങ്ങളുടെ കൂട്ടത്തിൽ ഒരു സ്ഥാനം ലഭിക്കുമോ എന്നുള്ള കാൎയ്യം സംശയമാണെന്നു ശ്രീമതി കോട്ടൂർ ഭാഗീരഥിഅമ്മയും പറയുകയുണ്ടായി. മലയാളസാഹിത്യം സംസ്കൃതസാഹിത്യത്തിന്റെ പിടിയിൽനിന്നു രക്ഷപ്രാപിച്ചാൽ മാത്രമേ അതിനു രക്ഷകിട്ടുകയുള്ളു എന്നു ശ്രീമതി കോട്ടൂർ ഭാഗീരഥിഅമ്മ, മി. ദാമോദരൻ മുതലായവരും, അങ്ങനെ ചെയ്യുന്നതു് പിതൃഹത്യയ്ക്കു തുല്യമാണെന്നു് തുറന്നു് മി. പി. കെ. നാരായണപിള്ളയും,

ളിച്ചു് മെ. ഉള്ളൂർ പരമേശ്വരയ്യർ, കെ. ആർ. കൃഷ്ണപിള്ള മുതലായവരും അഭിപ്രായപ്പെട്ടു. കവിത ഗദ്യത്തിലുമാകാമെന്നു മി. പുത്തേഴത്തു രാമൻമേനവനും പദ്യത്തിലായാൽമാത്രമേ കവിതയ്ക്കു് ആകർഷണശക്തിയുള്ളു എന്നു മി. പി. കെ. നാരായണപിള്ളയും വാദിക്കുകയുണ്ടായി. പച്ചമലയാളക്കാരും പച്ചസംസ്കൃതക്കാരും തമ്മിലും പരിഷത്തിൽവച്ചു് ഒരു പോരാട്ടം ഉണ്ടാകാതെയിരുന്നില്ല. സാഹിത്യവിഗ്രഹാരാധനക്കാരും സാഹിത്യവിഗ്രഹധ്വംസകരും തമ്മിൽ ഒരു മഹായുദ്ധവും പരിഷത്ത് പന്തലിൽവച്ചു നടന്നു. ഭാഷയുടെ അഭിവൃദ്ധിക്കായി അതു പാശ്ചാത്യരുടെ സാഹിത്യത്തെ ആശ്രയിക്കണമെന്നു ശ്രീമതി കോട്ടൂർ ഭാഗീരഥിഅമ്മയും പ്രാചീനകേരളസംസ്കാരത്തെ അഭയം പ്രാപിക്കണമെന്നു മി. ദാമോദരനും അഭിപ്രായപ്പെട്ടു. ഖണ്ഡകാവ്യങ്ങളും പ്രേമഗാനങ്ങളും മഹാകാവ്യങ്ങളോടു് കിടനിൽക്കുകയില്ലെന്നു മി. കെ. ആർ. കൃഷ്ണപിള്ള വാദിച്ചു. സാഹിത്യത്തിൽ സ്വതന്ത്രചിന്ത വേണമെന്നു മെ. വേലുപ്പിള്ളശാസ്ത്രി, ചേലനാട്ടു് അച്ചുതമേനവൻ മുതലായവർ പ്രസംഗവും പ്രവൃത്തിയുംകൊണ്ടും, അതു പാടില്ലെന്നു തങ്ങളുടെ പ്രവൃത്തികൊണ്ടു മെ. ഉള്ളൂർ പരമേശ്വരയ്യരും, പി. കെ. നാരായണപിള്ളയും വിശദമാക്കി. ഇങ്ങനെ വ്യക്തമായി, അസന്ദേഹമായി പ്രത്യക്ഷപ്പെട്ട അഭിപ്രായവ്യത്യാസങ്ങൾ കണ്ടു് ഞങ്ങളിൽ ഭാഷാസാഹിത്യത്തിൻെറ ഭാവിയെപ്പററി ശുഭമായ പ്രതീക്ഷയാണു ജനിച്ചിട്ടുള്ളതു്. ഒരു കാര്യത്തിൻെറ പല വശങ്ങളേയുംപററി ചിന്തിക്കുന്നവരുണ്ടെങ്കിൽ അതിനു ജീവചൈതന്യവും അഭിവൃദ്ധിയും ഉണ്ടാകുമെന്നു വേണം വിചാരിക്കുവാൻ. മലയാളത്തിനു് ഇതരമഹൽസാഹിത്യങ്ങളോടു കിടനിൽക്കുവാൻ സാധിക്കുമെന്നു നിഷ്പക്ഷപാതികൾ പറയുമെന്നു ഞങ്ങൾ വിചാരിക്കുന്നില്ല. ഭാഷാഭിമാനം വേണ്ടതുതന്നെ. പക്ഷേ, അതുമൂലം ഒട്ടകപ്പക്ഷിയുടെ നയം അനുകരിക്കുന്നതു് അബദ്ധം. സംസ്കൃതത്തെമാത്രം ആശ്രയിക്കുന്നതായാൽ മേലാൽ ഭാഷയ്ക്കു യാതൊരു മേൽഗതിയുമുണ്ടാകുന്നതല്ല. പാശ്ചാത്യസാഹിത്യങ്ങളെ ഭാഷയ്ക്കു ധാരാളമായി ഉപയോഗപ്പെടുത്തേണ്ട കടമയുണ്ടു്. അതുപോലെ പ്രാചീനകേരളീയപരിഷ്കാരത്തെ ഭാഷാസാഹിത്യത്തിൻെറ തന്മയത്വത്തെ പുരസ്കരിച്ചു വിഗണിക്കുവാൻ പാടില്ല. നാടൻപാട്ടുകൾ മുഖേനയാണു് ഒരു ജനതയുടെ കലാരചനാശക്തി അളക്കേണ്ടതെന്നു് ഈ പംക്തികളിൽ സുപ്രസിദ്ധ കലാനിരൂപകനായ ഡാക്ടർ ആനന്ദകുമാരസ്വാമിയുടെ അഭിപ്രായം ഉദ്ധരിച്ചു് ഞങ്ങൾ മുമ്പൊരു അവസരത്തിൽ ചൂണ്ടിക്കാണിച്ചിരുന്നല്ലൊ. സംസ്കൃതത്തെ ഗളഹസ്തം ചെയ്യുന്നതു് പിതൃഹത്യയ്ക്കു തുല്യമാണെങ്കിൽ, മരുമക്കത്തായികളായ മലയാളികൾ അതിലും വലിയ പാതകമായിക്കരുതുന്ന മാതൃഹത്യയാണു് നാടൻപാട്ടുകളെ പുച്ഛിക്കുകമൂലം ചെയ്യുന്നതു്. ഭാഷാപോഷണത്തിനു സംസ്കൃതവും തമിഴും പാശ്ചാത്യഭാഷകളും ഒഴിച്ചുകൂടാത്തതാണെന്നു മി. ഉള്ളൂർ പരമേശ്വരയ്യർ പറഞ്ഞതാണു് ഏററവും സ്വീകാര്യമായ അഭിപ്രായമെന്നു ഞങ്ങൾക്കു തോന്നുന്നു. പദ്യമെന്നും ഗദ്യമെന്നുമുള്ളതിനു തമ്മിൽ യാതൊരു സാങ്കേതികവ്യത്യാസവു

മില്ലെന്നും, കാവ്യവും കാവ്യമല്ലാത്തതും, അതായതു്, പ്രായോഗികവും യുക്തിയെ അടിസ്ഥാനപ്പെടുത്തിയതും എന്നുള്ള ഒരു വ്യത്യാസംമാത്രമേ താൻ അംഗീകരിക്കുന്നുള്ളു എന്നും ഇന്നത്തെ പാശ്ചാത്യനിരൂപകരുടെ മുന്നണിയിൽ നിൽക്കുന്ന പ്രസിദ്ധ ഇത്താലിയൻ ബെനെഡെറ്റോ ക്രോസെ അഭിപ്രായപ്പെട്ടിട്ടുള്ളതു് ഇതിനെ സംബന്ധിച്ചുള്ള പുത്തേഴം—പി. കെ. വാദപ്രതിവാദത്തെപ്പററി കേരളീയർ അറിഞ്ഞിരിക്കേണ്ടതാണു്. മഹാകാവ്യപ്രസ്ഥാനത്തോടുള്ള എതിർപ്പിന്നു് ഒരു കാരണം കാവ്യരസം ഒരേ ഉച്ചസ്ഥിതിയിൽ ദീർഘനേരം പ്രകടിപ്പിച്ചുകൊണ്ടു പോകുവാൻ ഒരു മനുഷ്യനും സാധിക്കുകയില്ലെന്നുള്ള പരമാത്ഥമാണെന്നാണു ഞങ്ങൾക്കു തോന്നുന്നതു്. കേരളത്തിൽമാത്രമല്ല, ഇന്നത്തെ ലോകസാഹിത്യങ്ങളിലാകപ്പാടെ മഹാകാവ്യപ്രസ്ഥാനത്തോടു സഹൃദയന്മാക്കു പ്രതിപത്തി കുറഞ്ഞിരിക്കുകയാണെന്നുള്ള സംഗതിയും ഇവിടെ സ്മരണീയമാണു്. വിഗ്രഹധ്വംസനവും സ്വതന്ത്രചിന്തയും സാഹിത്യപോഷണത്തിന്നു് അപരിത്യാജ്യമാണെന്നു പ്രത്യേകം പറയേണ്ടതില്ലല്ലോ. നൃത്തത്തിൻെറ മാഹാത്മ്യത്തെപ്പററി മി. വള്ളത്തോൾ പ്രസ്താവിച്ചതിൽ സകല കേരളീയരുടേയും ശ്രദ്ധ പതിയേണ്ടതാണു്. സംഗീതനാടകത്തെപ്പററി ടോൾസ്റ്റായിയുടെ കാലം മുതൽക്കു പാശ്ചാത്യവിമശ്കരിൽ പലരും പ്രതികൂലാഭിപ്രായം പുറപ്പെടുവിച്ചിട്ടുണ്ടെന്നുള്ളതു മി. വള്ളത്തോൾ അതിൽ ചൊരിഞ്ഞ ആക്ഷേപങ്ങൾ വായിക്കുന്നവർ ഓക്കേണ്ടതാണു്. ഗദ്യനാടകരചന മി. മൂക്കോത്തു കുമാരൻ വിചാരിക്കുന്നതുപോലെ അത്ര സുഖസാദ്ധ്യമാണെന്നോ, നോവൽരചനയെക്കാൾ എളുപ്പത്തിൽ സാധിക്കാവുന്നതെന്നോ ഞങ്ങൾ വിചാരിക്കുന്നില്ല. എന്നാൽ ഗദ്യനാടകരചനപ്രസ്ഥാനത്തിൽ കേരളീയർ പൂർവ്വാധികം ശ്രദ്ധ പതിപ്പിക്കണമെന്നുള്ള പക്ഷക്കാരാണു ഞങ്ങളെന്നും ഇവിടെ പറഞ്ഞുകൊള്ളട്ടെ. ഭാഷാസാഹിത്യത്തിൻെറ നിരൂപണശാഖ വേണ്ടതുപോലെ അഭിവൃദ്ധി പ്രാപിച്ചിട്ടില്ലെന്നു മി. വേലുപ്പിള്ള ശാസ്ത്രി ചൂണ്ടിക്കാണിച്ചതു് എത്രയും വാസ്തവമത്രെ. ഇതിന്നു പ്രാരംഭമായി ഇന്നത്തെ പേരുകേട്ട സാഹിത്യവിമശ്കരെ സംബന്ധിച്ചും ഒരു വിഗ്രഹധ്വംസനം നടത്തേണ്ടതാണെന്നാണു് ഞങ്ങൾ വിചാരിക്കുന്നതു്. മലയാളത്തിലെ നോവൽസാഹിത്യത്തെപ്പററി വിമശിച്ചപ്പോൾ പരിണാമഗുപ്തി പരിപാലിക്കുന്നതിൻെറ പ്രാധാന്യം മി മൂക്കോത്തു കുമാരൻ ചൂണ്ടിക്കാണിക്കുകയുണ്ടായി. എന്നാൽ ഇതിനേക്കാൾ അത്യാവശ്യം മലയാളനോവലുകളെ സംബന്ധിച്ചിടത്തോളം സ്വഭാവവർണ്ണന (Character) യിൽ ശ്രദ്ധ പതിപ്പിക്കേണ്ടതാണെന്നാണു് ഞങ്ങൾ വിചാരിക്കുന്നതു്. മലയാളനോവലുകളെ സംബന്ധിച്ചും ഒരു വിഗ്രഹധ്വംസനപ്രസ്ഥാനം തുടങ്ങേണ്ടതു് അത്യാവശ്യമായിത്തീന്നിരിക്കുന്നു. സാമുദായികദൂഷ്യങ്ങളെ പരിഹരിക്കുന്നതിൽ സാഹിത്യത്തിനുള്ള ഉത്തരവാദിത്വത്തെപ്പററി മി. പി. കെ. നാരായണപിള്ള ചൂണ്ടിക്കാണിച്ചതിൽ സകല ഭാഷാഭിമാനികളുടേയും ശ്രദ്ധ പതിയേണ്ടതാണു്. പാശ്ചാത്യഭാഷകളിൽനിന്നു ഭാഷാന്തരം ചെയ്യുമ്പോൾ ദേശാചാരനാമാ

ദികൾ മാററാതെകണ്ടു തൎജ്ജമ ചെയ്യുകയാണു വേണ്ടതെന്നുള്ള മെ. കെ. ആർ. കൃഷ്ണപിള്ള, ഉള്ളൂർ പരമേശ്വരയ്യർ, ശ്രീമതി കോട്ടൂർ ഭാഗീരഥിഅമ്മ എന്നിവരുടെ പരിഷ്കൃത അഭിപ്രായത്തോടു ഞങ്ങൾ പൂൎണ്ണമായി യോജിക്കുന്നു. ജനപ്രഭുത്വരുചി സാഹിത്യത്തിലും കടന്നുകൂടി അതിനെ ദൂഷിപ്പിക്കുന്നു എന്നുള്ള ഒരു ആക്ഷേപം മി. പി. കെ. നാരായണപിള്ള തന്റെ അദ്ധ്യക്ഷപ്രസംഗത്തിൽ പുറപ്പെടുവിക്കുകയുണ്ടായി. ഈ വാദത്തിൽ കഴമ്പില്ല. ഇതിലെ ന്യൂനത ഒരു ജനസമൂഹത്തിനു നിരൂപണം ചെയ്യുവാൻ സാധിക്കുകയില്ലെന്നുള്ളതല്ല; ഒരു കലാസൃഷ്ടി ഒരു സമൂഹത്തെ ലക്ഷ്യമാക്കിയാണു് രചിച്ചിട്ടുള്ളതെന്നുള്ളതാണു് മി. പി. കെ. നാരായണപിള്ളയുടെ വാദത്തിലുള്ള ഹേത്വാഭാസം. വ്യക്തിയെ നേരിട്ടു ലക്ഷ്യമാക്കി ജനിക്കുന്നു എന്ന കാൎയ്യത്തിൽ കലയ്ക്കും മതത്തിനും തമ്മിൽ സാമ്യമുണ്ടു്. അനേകം വ്യക്തികളേയോ സമൂഹങ്ങളേയോ ഒരു സൂത്രത്തിന്റെയോ ഒരു സിദ്ധാന്തത്തിന്റെയോ പരിധിക്കുള്ളിൽ ഉൾപ്പെടുത്തുവാൻ ശ്രമിച്ചു വ്യക്തിയെ നേരിട്ടു ലക്ഷ്യമാക്കാതെയിരിക്കുമ്പോൾ അതു കലാസൃഷ്ടിയായിട്ടല്ല, കേവലം യന്ത്രനിൎമ്മിതമായ ചരക്കായിട്ടാണു പരിണമിക്കുന്നതും.

കേസരി, 1931, ജനുവരി 21

# സാഹിത്യപരിഷത്തു്

കോഴിക്കോട്ടുവച്ചു് ഈയിടെ കൂടിയ സമസ്തകേരള സാഹിത്യപരിഷത്തിന്റെ സപ്തമസമ്മേളനം അതിഥിസല്ക്കാരം മുതലായ സമ്മേളനചടങ്ങുകളിലൊഴിച്ചു മററു കാൎയ്യമായ എല്ലാറ്റിലും പരാജയത്തിൽ കലാശിച്ചു എന്നാണു ഞങ്ങൾക്കു തോന്നുന്നതു്. ചില കാൎയ്യങ്ങളിൽ പൂൎവ്വ പരിഷൽസമ്മേളനങ്ങളെ അപേക്ഷിച്ചു് അതു പിന്നോട്ടു കാലുവയ്ക്കുകയും ചെയ്തിട്ടുണ്ടു്. പിന്നോട്ടു കാലുവച്ചതിനു് ഉദാഹരണങ്ങളായി കലാമണ്ഡലപ്രമേയത്തേയും, പരിഷത്സമ്മേളനത്തിൽ പങ്കുകൊണ്ടവരുടെ സംഖ്യക്കുറവിനേയും, മി. ടി. കെ. കൃഷ്ണമേനവന്റെ അദ്ധ്യക്ഷതയിൽ രജിസ്റ്റർചെയ്തിട്ടുള്ള സാഹിത്യപരിഷത്തു് ഈ സമ്മേളനത്തിൽ സഹകരിക്കാതെയിരുന്നതിനേയും, പതിവുള്ള കേരളസൎവ്വകലാശാല പ്രമേയം പാസാക്കാതെയിരുന്നതിനേയും അദ്ധ്യക്ഷന്റെ പ്രസംഗത്തിന്റെ പോക്കിനേയും എടുക്കാവുന്നതാണു്. ഈ പരാജയത്തിനും പിന്നോക്കമുള്ള പോക്കിനും കാരണം പരിഷത്തു് ഒരു യാഥാസ്ഥിതികശിരോമണിയും സാഹിത്യസമ്രാട്ടുപദം യഥാൎത്ഥത്തിൽ അർഹിക്കാത്ത ദേഹവുമായ ഒരാളുടെ—അതായതു് അപ്പൻതമ്പുരാൻ അവർകളുടെ—കളിപ്പാവയും തമ്പേറുമായിത്തീൎന്നതുകൊണ്ടാണെന്നാണു ഞങ്ങൾ വിചാരിക്കുന്നതു്. മുപ്പത്തിമൂന്നു കൊല്ലത്തെ സാഹിത്യപരിശ്രമംകൊണ്ടു് അംഗുലീപരിമിതമായ മൂന്നാംതരം കൃതികൾ രചിച്ചു് രാജകുടുംബത്തി

ല്പുള്ള ജനനം മുതലായ സാഹിത്യസംബന്ധമില്ലാത്തതായ ചില കാരണങ്ങളാൽ സാഹിത്യസമ്രാട്പദം കരസ്ഥമാക്കിയ ഒരു മഹാനുഭാവനാണ് അപ്പൻതമ്പുരാൻ അവർകൾ. ഒരു സഹൃദയനായ അദ്ദേഹത്തിന് നല്ല ഭാഷാരീതി ഉണ്ടെന്നുള്ള ഒരു ഗുണംമാത്രമേ ഞങ്ങൾ കാണുന്നുള്ളു. എന്നാൽ ഭാഷാരീതിയുടെ മെച്ചത്തിനും ഒന്നാംതരം സാഹിത്യകൃതികൾക്കും തമ്മിലുള്ള ബന്ധത്തെപ്പററി ഭാഷാരീതിക്ക് അനന്യസദൃശനെന്നു പേരെടുത്തിരുന്ന ദേഹവും ഒരു ഉചിതമായ വാക്കു തോന്നുന്നതിനുവേണ്ടി പല മാസങ്ങൾപോലും തൻെറ കൃതിയുടെ രചന നിറുത്തിവച്ചിട്ടുള്ള സാഹിത്യകാരനുമായ പ്രസിദ്ധ ഫ്രഞ്ച് നോവലെഴുത്തുകാരൻ ഫ്ലാബർട്ട് തൻെറ അന്ത്യകാലത്തെ ഒരു എഴുത്തിൽ അഭിപ്രായപ്പെട്ടിരിക്കുന്നതു കാണുമ്പോൾ അപ്പൻതമ്പുരാനവർകളുടെ സമ്രാട്സ്ഥാനത്തിനുള്ള അർഹത നല്ലപോലെ തെളിയുന്നതാണ്. ഫ്ലാബർട്ട് പറഞ്ഞിട്ടുള്ളതു് ഇങ്ങനെയാണ്: "അസാധാരണമായ പ്രതിഭയുള്ള മഹാസാഹിത്യകാരന്മാരെ ഇതരമനുഷ്യരിൽനിന്നു വേർതിരിക്കുന്നതു് അവരുടെ സാമാന്യീകരണ (Generalisation) ശക്തിയും നിർമ്മാണശക്തിയുമാകുന്നു. ഇങ്ങനെയുള്ള മനുഷ്യർക്കു ഭാഷാരീതിയിൽ ശ്രദ്ധിക്കേണ്ട ആവശ്യമില്ല. ഇവർക്കു കുററങ്ങളും കുറവുകളുമുണ്ടെങ്കിലും, ഈ കുററങ്ങളിലും കുറവുകളിലുമാണ് അവരുടെ മഹത്വം സ്ഥിതിചെയ്യുന്നതു്. അല്പപ്രാണികളായ നമുക്കു സാഹിത്യത്തിൽ വല്ല സ്ഥാനവുമുണ്ടെങ്കിൽ അതു നമ്മുടെ ഭാഷാരീതികൊണ്ടുമാത്രം ഉണ്ടാകുന്നതായിരിക്കും." ഇങ്ങനെയുള്ള ഒരു അല്പപ്രാണിക്കു സാഹിത്യസമ്രാട്പദം ലഭിച്ചതു് പ്രധാനമായി അദ്ദേഹം ലിബിയാക്കാരനായ അപ്സേത്തസ്സിന്റെ വിദ്യ പ്രയോഗിച്ചതുകൊണ്ടായിരിക്കണമെന്നേ വിചാരിക്കാവൂ. അപ്സേത്തസ്സിന് ഒരു ദേവനാകുവാൻ മോഹമുണ്ടായിരുന്നു എങ്കിലും അതിനായുള്ള അയാളുടെ ഭഗീരഥപ്രയത്നങ്ങളെല്ലാം പരാജയപ്പെടുകയാണു ചെയ്തതു്. അപ്പോൾ അയാൾ മററൊരു വിദ്യ പ്രയോഗിച്ചു ജനങ്ങളെക്കൊണ്ടു താൻ ഒരു ദേവനാണെന്നു വിശ്വസിപ്പിച്ചു. കുറെ അധികം തത്തകളെ പിടിച്ച് അയാൾ അവയെ ഒരു കൂട്ടിലടച്ചു. അനന്തരം "അപ്സേത്തസ്സ് ഒരു ദേവനാണ്" എന്നു പറയുവാൻ അയാൾ ആ തത്തകളെ പഠിപ്പിച്ചു. ഈ പഠിത്തം പൂർത്തിയായപ്പോൾ അയാൾ അവയെ തുറന്നുവിടുകയും അവ ലിബിയാരാജ്യത്തിൻെറ നാനാഭാഗങ്ങളിലും പറന്നുചെന്ന് "അപ്സേത്തസ്സ് ഒരു ദേവനാണ്" എന്നു പറയുകയും ചെയ്തു. ഈ വിദ്യ ഗ്രഹിക്കാതെ ഇതു് അശരീരിവാക്കായി പരിഗണിച്ചു ലിബിയാക്കാർ അയാൾ ഒരു ദേവനാണെന്നു വിശ്വസിക്കുകയും ചെയ്തു. ഇപ്പോൾ സാഹിത്യപരിഷത്തു് തൻെറ സ്തുതിഗീതങ്ങൾ പാടുന്ന പക്ഷികളുടെ ഒരു കൂടായി അപ്പൻതമ്പുരാനവർകളുടെ കൈവശം വന്നിട്ടുണ്ടു്. ഈ ഏകഛത്രാധിപത്യം സാഹിത്യാഭിമാനികൾക്കു രസിക്കാത്തതിനാലാണ് പരിഷത്തു് എറണാകുളത്തുവച്ചുള്ള രജിസ്ട്രേഷനു ശേഷം കിളിർത്തു തഴച്ചുവരുന്നതിനു പകരം പൂർവ്വസ്ഥിതിയിൽതന്നെ നില്ക്കുന്നതു്.

ഈ സമ്രാട്സ്ഥാനത്തെ ശരിയായ രീതിയിൽ സാഹിത്യപോഷ

ണത്തിനു് യഥാത്ഥമായി ഉതകത്തക്കവണ്ണം അദ്ദേഹം ഉപയോഗിച്ചിട്ടില്ല. യാഥാസ്ഥിതികത്വവും അവിവേകവും പക്ഷപാതവും കുത്സിതമായ മത്സരബുദ്ധിയും സവ്വജ്ഞമ്മന്യത്വവും അദ്ദേഹത്തിൻെറയും പാശ്വവത്തികളുടേയും പരിഷൽഭരണത്തെ ദൂഷിപ്പിക്കുന്നുമുണ്ടു്. ഇതിനു് ആദ്യത്തെ ഉദാഹരണമായി ഇക്കഴിഞ്ഞ പരിഷത്തിൽവച്ചു നടന്ന അക്ഷരശ്ലോകപരീക്ഷയെ എടുക്കാം. ഈ പരീക്ഷയിൽ നടന്ന ചില സംഗതികൾ 'കെ.' എന്ന ഒരു ലേഖകൻ ''കേരളസാഹിത്യപരിഷത്തു്—ഒരു സന്ദശ്കൻെറ അഭിപ്രായങ്ങൾ'' എന്ന ഒരു ലേഖനപരമ്പരയിൽ മാതൃഭൂമിയിൽ വിവരിച്ചിരിക്കുന്നു. അക്ഷരശ്ലോകജഡ്ജിമാരിൽ കട്ടത്ത യാഥാസ്ഥിതികത്വവും പക്ഷപാതവും ഈ ലേഖകൻ ആരോപിക്കുന്നുണ്ടു്. 'കുചം' എന്ന വാക്കുള്ള ഒന്നുരണ്ടു ശ്ലോകങ്ങൾ പരീക്ഷ്യന്മാരിൽ ഒരാൾ ചൊല്ലിയപ്പോൾ 'അശ്ലീല'ശ്ലോകങ്ങൾ പാടില്ലെന്നു് ജഡ്ജിമാർ വിധിച്ചുപോലും! ഇതിൽകവിഞ്ഞ യാഥാസ്ഥിതികത്വത്തിനും, സാഹിത്യസ്വാതന്ത്ര്യഭഞ്ജനത്തിനും മററുവല്ല ഉദാഹരണവും വേണോ? ഇതു വായിച്ചപ്പോൾ കെമാൽപാഷയെ തുക്കിയിലെ സവ്വാധിപതിയാക്കിയ വിപ്ലവത്തിനുമുമ്പു് സുൽത്താൻെറ ഭരണത്തിൻകീഴിൽ അവിടെ നടന്നിരുന്ന ഗുണദോഷനിരൂപണരീതി(Censorship)യെപ്പററി ഡെ പെരിഞ്ഞ്യാക്ക്പ്രഭു 'La Revue' എന്ന ഫ്രഞ്ചുമാസികയിൽ എഴുതിയിരുന്ന ഒരു ലേഖനത്തിൽ വിവരിച്ചിട്ടുള്ള ഒരു സംഭവം ഞങ്ങളുടെ ഓമ്മയിൽ വരുകയുണ്ടായി. അന്നു തുക്കിയുടെ അധികാരത്തിൽനിന്നു സ്വാതന്ത്ര്യം നേടുവാൻ ശ്രമിച്ചുകൊണ്ടിരുന്ന മാസിഡോണിയാ, അർമേനിയ എന്നീ ചെറിയ രാജ്യങ്ങളുടെ പേരുപോലും പ്രസിദ്ധപ്പെടുത്തുവാൻ തുക്കിയിലെ ഗുണദോഷനിരൂപകൻ അനുവദിച്ചിരുന്നില്ല. തുക്കിയിലെ 'ലെസ്റ്റാംബൂൾ' എന്ന ഫ്രഞ്ചുപത്രം ചുവടെചേക്കുന്ന ഒരു വാത്തക്കുറിപ്പിനെ പ്രസിദ്ധപ്പെടുത്തുന്നതിനു മുമ്പു് അതിനെ ഗുണദോഷനിരൂപകൻെറ പരിശോധനക്കു സമപ്പിക്കുകയുണ്ടായി. ''ഇന്നലെ അർമേനിയാ എന്ന ആവിക്കപ്പൽ നൈജർ എന്ന ഫ്രഞ്ചുകപ്പലുമായി കൂട്ടിമുട്ടുകയുണ്ടായി. തൻമൂലം അർമേനിയാ മുങ്ങിപ്പോയി.' ഉടനെ ഗുണദോഷനിരൂപകൻ അർമേനിയാ എന്ന വാക്കു വെട്ടിക്കളഞ്ഞു Harmony (യോജിപ്പു്) എന്ന പദം അതിനുപകരം കൂട്ടിച്ചേക്കുകയും ചെയ്തു. ഇതുപോലെ 'കുച'ത്തിനു പകരം അശ്ലീലമല്ലാത്ത വല്ല അവയവങ്ങളുടെ പേരും പരിഷത്തിലെ അക്ഷരശ്ലോകജഡ്ജിമാർ കൂട്ടിച്ചേത്തു ശ്ലോകം ചൊല്ലുവാൻ അനുവദിക്കാൻ തുനിയാഞ്ഞതു ഭാഗ്യംതന്നെ! അദ്ധ്യക്ഷൻെറ സവ്വജ്ഞമ്മന്യത്വത്തിനും അവിവേകത്തിനും അദ്ധ്യക്ഷപ്രസംഗത്തിൽ ധാരാളം ഉദാഹരണങ്ങൾ കാണുന്നുണ്ടു്. സവ്വജ്ഞപീഠത്തിൽ നിന്നുകൊണ്ടു പത്രക്കാരേയും വിമശ്കരേയും അദ്ദേഹം അതിൽ ആക്ഷേപിക്കുകയുണ്ടായി. പത്രപ്രവത്തനം സാഹിത്യത്തിൻെറ ഒരു ശാഖയാണെന്നുള്ള അതിപഴഞ്ചൻ വാദമാണു് അതിൽ അന്തഭവിച്ചിരിക്കുന്നതു്. ഇതു പത്രപ്രവത്തനത്തിലും സാഹിത്യത്തിലും ഒന്നുപോലെയുള്ള അദ്ദേഹത്തിൻെറ ഭീമമായ അജ്ഞതമാത്രമേ കാണിക്കുന്നുള്ളു. പത്രപ്രവത്തനം സാഹിത്യ

ത്തിനെ ആശ്രയിക്കുന്നതിനു പകരം ഇന്നത്തെ പരിഷ്കൃതലോകത്തിന്റെ പോക്കു് സാഹിത്യം പത്രപ്രവൎത്തനത്തെ ആശ്രയിക്കുന്നതാകുന്നു. എങ്കിൽമാത്രമേ സാഹിത്യകാരന്മാൎക്കു പട്ടിണികൂടാതെ കഴിച്ചുകൂട്ടുവാൻ സാധിക്കുകയുള്ളു. കൂടാതെ സാഹിത്യപ്രവൎത്തനത്തിനു പ്രാരംഭമായി പത്രപ്രവൎത്തനത്തിൽ ഏൎപ്പെടുന്നതു നല്ല സാഹിത്യകൃതികളുടെ രചനക്കു സഹായമായിത്തീരുമെന്നും ഗർട്രൂഡ് എതെർട്ടൺ മുതലായവർ അഭിപ്രായപ്പെട്ടിട്ടുമുണ്ടു്. ഒരു നല്ല എഴുത്തുകാരൻ ഒരു നല്ല പത്രപ്രവൎത്തകനായിത്തീരണമെന്നില്ല. പത്രപ്രവൎത്തകനു വേണ്ടതു സകല വിഷയങ്ങളേയുംകുറിച്ചുള്ള ഒരു സ്ഥൂലജ്ഞാനവും മനുഷ്യഹൃദയജ്ഞാനവും മാനസികഉണർച്ചയും സമഭാവനയും അതിപരിശ്രമശീലവും ക്ഷണഭംഗുരവും നിസ്സാരവുമായ കാര്യങ്ങളിൽപോലും ശ്രദ്ധപതിപ്പിക്കലും മററുമാകുന്നു. പത്രങ്ങൾ ഭാഷയെ ചീത്തയാക്കുന്നുപോൽ! പത്രങ്ങൾക്കു പത്രധൎമ്മമില്ല, അധൎമ്മമേ ഉള്ളുപോൽ! കൊച്ചീ ഷഷ്ട്യബ്ദപൂൎത്തി സ്മാരകനിഘണ്ടു നിൎമ്മാണം സംബന്ധിച്ചുള്ള സാഹിത്യകാരകധൎമ്മവും പുരുഷധൎമ്മവും വെടിപ്പായി നിറവേററിയ അപ്പൻതമ്പുരാനവർകൾതന്നെ വേണം പത്രധൎമ്മത്തെപ്പററി പ്രസംഗിക്കേണ്ടതു്! കേരളത്തിലെ പത്രലോകത്തിനു് എന്തെല്ലാം കുററങ്ങളും കുറവുകളും ഉണ്ടായിരുന്നാലും ശരി, അവ ചെപ്പടിവിദ്യകൊണ്ടു മഹാത്മാക്കളായിത്തീരുന്നവരുടെ ചെമ്പു തെളിയിക്കുവാൻ തയ്യാറായിരിക്കുന്നതുകൊണ്ടാണു് അദ്ധ്യക്ഷൻ അവരുടെ നേൎക്കു പല്ലിളിച്ചുകാണിച്ചതെന്നേ ഞങ്ങൾ വിചാരിക്കുന്നുള്ളു. സാങ്കേതികപദങ്ങളുടെ ദാരിദ്ര്യം തീൎക്കുവാൻ, പൊതുജനങ്ങൾ നട്ടെല്ലു വിയൎപ്പിച്ചുണ്ടാക്കുന്ന പണം വേണ്ട വേലചെയ്യാതെ ജന്മനാ കിട്ടിയ അവകാശംകൊണ്ടുമാത്രം വാരിച്ചെലവാക്കുന്ന അപ്പൻതമ്പുരാനെപ്പോലെ മററു ജോലിയില്ലാത്തവർ ശ്രമിക്കാതെയിരിക്കുമ്പോൾ മററു പല ജോലികൾക്കിടയിൽ വയറിനെ മുറുക്കിക്കെട്ടിക്കൊണ്ടു സാങ്കേതിക പദനിൎമ്മാണവുംകൂടി ചെയ്യുന്ന പത്രക്കാരുടെനേൎക്കു് ചന്ദ്രഹാസവുമെടുത്തുകൊണ്ടു ചാടിവരുന്ന അപ്പൻതമ്പുരാൻ പ്രഭൃതികൾക്കു കൃതഘ്നരെന്ന ഒരു സംജ്ഞമാത്രമേ ഞങ്ങൾ കാണുന്നുള്ളു. സാഹിത്യസമ്രാട് പദവികൊണ്ടു തൃപ്തിപ്പെടാതെ പത്രപ്രവൎത്തനത്തിൽകൂടി അധികാരം ചെലുത്തുവാൻ മോഹിക്കുന്നതു് ആശാസ്യമല്ലെന്നു് അപ്പൻതമ്പുരാനവർകൾ അറിഞ്ഞാൽകൊള്ളാം. വിമൎശകന്മാർ വിമൎശിച്ചാൽമാത്രം പോരാ പ്രവൎത്തിക്കണമെന്നുള്ള അദ്ധ്യക്ഷന്റെ മറെറാരു പഴഞ്ചൻ അഭിപ്രായം വിമൎശകനും സ്രഷ്ടാവിനും രണ്ടുതരത്തിലുള്ള ശക്തികളാണു വേണ്ടതെന്നുള്ള പ്രാഥമികസാഹിത്യതത്വം അറിയാതെയാണു് അദ്ദേഹം ജല്പിച്ചിട്ടുള്ളതു്. ഈ ജല്പനപോലെതന്നെ അദ്ദേഹവും പ്രവൎത്തിക്കുന്നില്ല.

കലാമണ്ഡലത്തെപ്പററിയുള്ള പ്രമേയം സമ്മേളനത്തിലെ അംഗങ്ങളിൽ ഭൂരിപക്ഷക്കാരുടേയും അഭിപ്രായത്തെ തൃണവൽഗണിച്ചു് അടുത്ത പരിഷൽസമ്മേളനത്തിലേക്കു നീക്കിവച്ചതു് അദ്ധ്യക്ഷന്റെ സ്വേച്ഛാപ്രമത്തതക്കു മകുടോദാഹരണമായി എടുക്കാവുന്നതാണു്. കലാമ

ണ്ഡലത്തിനും അതിന്റെ ഏകച്ഛത്രാധിപതിയായ വള്ളത്തോൾ നാരായണമേനവൻ അവർകൾക്കുംവേണ്ടി ഞങ്ങൾ വക്കാലത്തു പിടിച്ചിട്ടില്ല. അതിന്റെ പ്രവൎത്തനം വേണ്ടതുപോലെ ആണെന്നു ഞങ്ങൾക്കു ലേശവും അഭിപ്രായവുമില്ല. ഒരാളുടെ തോന്ന്യാസഭരണത്തിൽനിന്നു കലാമണ്ഡലത്തെ സഹൃദയരായ പൊതുജനങ്ങളുടെ പ്രാതിനിധ്യമുള്ള ഒരു ഭരണത്തിൻകീഴിൽ ആക്കേണ്ടതാണെന്നും ഞങ്ങൾ വിചാരിക്കുന്നുണ്ടു്. പരിഷത്തു് അപ്പൻതമ്പുരാനവർകളുടെ സാഹിത്യസമ്രാട്പദവിയെ മറയ്ക്കുന്ന ഒരു സ്ഥാപനമാണു്. വള്ളത്തോളിന്റെ തുറന്ന സ്വേച്ഛാധികാരത്തിൻകീഴിൽ വൎത്തിക്കുന്ന ഒരു സ്ഥാപനമത്രെ കലാമണ്ഡലവും. പരിഷത്തിനു സാരമായ സാഹിത്യപ്രവൃത്തികൾ ചെയ്യുവാൻ വേണ്ട പണം അതിന്റെ നായകന്റെ ദൂഷ്യങ്ങൾകൊണ്ടു് ഇതുവരെ ഉണ്ടാക്കുവാൻ കഴിഞ്ഞിട്ടില്ല. വള്ളത്തോളവർകൾക്കു തന്റെ യഥാൎത്ഥവും ഉന്നതവുമായ സാഹിത്യപ്രവൎത്തനംമുഖേന ജനസ്വാധീനവും തന്മൂലം കലാമണ്ഡലത്തിനു വേണ്ട പണവും ലഭിച്ചിട്ടുണ്ടു്. കലാമണ്ഡലത്തിന്റെ സാഹിത്യപരിഷത്തിനെക്കാൾ വിസ്തൃതമായ പ്രവൎത്തനപരിധിയും അതിനുള്ള മൂലധനവുംകൂടി വച്ചുനോക്കുമ്പോൾ സാഹിത്യപരിഷത്തു് കലാമണ്ഡലത്തിൽ ലയിക്കണമെന്നു വാദിക്കുന്നതാണു കുറേക്കൂടി സ്വാഭാവികമായിട്ടുള്ളതു്. പക്ഷെ ഇങ്ങനെ ഒന്നു മറ്റൊന്നിൽ ലയിച്ചാൽ അല്പം ചില സ്വാൎത്ഥലോലുപന്മാരുടെ കൈവശത്തു കേരളത്തിലെ ഈ പുതിയ ഏകകലാസ്ഥാപനം വന്നുചേരാൻ വളരെ ഇടയുള്ളതിനാൽ രണ്ടും രണ്ടു സ്ഥാപനങ്ങളായിരിക്കുകയാണു കലാഭിവൃദ്ധിക്കും സാഹിത്യാഭിവൃദ്ധിക്കും അധികമായി ഉപകരിക്കുന്നതു്. രണ്ടിലുമുള്ള ഏകഛത്രാധിപത്യവും മറ്റു കുറവുകളും പരിഹരിച്ചു ശരിയായവിധത്തിൽ നടത്തിയാൽ അവ തമ്മിലുള്ള നിസ്വാൎത്ഥമായ മത്സരംനിമിത്തം ഒരു ഒററ സ്ഥാപനത്തിൽനിന്നുണ്ടാകുന്നതിലധികം ഗുണങ്ങൾ കേരളകലകൾക്കും സാഹിത്യത്തിനും ലഭ്യമാകുന്നതാണു്, പരിഷത്തിന്റെ പ്രസ്തുത കലാമണ്ഡലപ്രമേയം ഇരിക്കുന്നതിനുമുമ്പു കാലുനീട്ടുന്നതിനു തുല്യമായ ഒരു പ്രവൃത്തിയാണെന്നേ നിഷ്പക്ഷപാതികൾ വിചാരിക്കുകയുള്ളു. സ്ഥിരപരിഷത്തിലെ അംഗങ്ങളുടെ സംഖ്യക്കുറവിനെപ്പററി വിലപിച്ചവർ അതിന്റെ യഥാൎത്ഥകാരണം അതിന്റെ ദുർഭരണവും പ്രഭുത്വമനസ്ഥിതിയുമാണെന്നു മനസ്സിലാക്കാതെപോയതു കഷ്ടംതന്നെ. ഒന്നും ചെയ്യാൻ സാധിക്കാത്തതായ കുണ്ടുകിണററിലെ തവളക്കുഞ്ഞു്, അതായതു സാഹിത്യപരിഷത്തിലെ അപ്പൻതമ്പുരാനവർകൾ യഥാൎത്ഥമായ ഉത്തമസാഹിത്യപ്രവൎത്തനവും വേണ്ട പണവും കഥകളിപരിഷ്കരണപ്രസ്ഥാനത്തെപ്പോലെ തെററായവയാണെന്നുവരുകിലും കലാപോഷണാർത്ഥം നേത്രഗോചരമായി അല്പമെങ്കിലും പ്രാരംഭവേലകളും കാണിക്കുവാൻ സാധിച്ചിട്ടുള്ള കലാമണ്ഡലത്തിലെ വള്ളത്തോൾ കുന്നിന്റെ മീതെ പറക്കാൻ മോഹിക്കുന്നതു് സ്വാർത്ഥതയും അസൂയയും അത്യാഗ്രഹവുംകൊണ്ടല്ലെങ്കിൽ മറെറന്തുകൊണ്ടാണെന്നു ഞങ്ങൾക്കു മനസ്സിലാകുന്നില്ല. കലാമണ്ഡലത്തിലുള്ള ദൂഷ്യങ്ങൾക്കു പരിഹാരമായി

അതിനെ പരിഷത്തിൻെറ കീഴിൽ കൊണ്ടുവരാൻ ശ്രമിക്കുന്നവർ തങ്ങൾ മഴനനയാതെയിരിക്കുവാനായി ആററിൽ ചാടുന്നവനെപ്പോലെ പ്രവൎത്തിക്കുന്നുവെന്നു് ആലോചിക്കാതെയിരുന്നതു കഷ്ടംതന്നെ. പരിഷത്തു് ഇനി ഏററ തെക്കോട്ടു പോകരുതെന്നു തൻെറ ചെമ്പുതെളിയുമെന്നു ഭയന്നു് അപ്പൻതമ്പുരാനവർകൾ അദ്ധ്യക്ഷപ്രസംഗത്തിൽ പറയുകയുണ്ടായി. ഞങ്ങൾക്കും അദ്ധ്യക്ഷനോടു് ഒന്നു പറയാനുണ്ടു്. ഏററ കിഴക്കോട്ടുപോയാൽ കല്ലും മുള്ളും ചവിട്ടുമെന്നാണു് അതു്.

കേസരി, 1933 മേയ് 3

# സാഹിത്യപരിഷത്തു്

സമസ്തകേരളസാഹിത്യപരിഷത്തിൻെറ ഇക്കൊല്ലത്തെ സമ്മേളനം മേടം 16, 17 എന്നീ തീയതികളിൽ മലബാറിൽ നിലമ്പൂർവച്ചു കൂടുന്നതാണെന്നുള്ള വിവരം കഴിഞ്ഞ ലക്കത്തിൽ ഞങ്ങൾ പ്രസ്താവിച്ചിട്ടുണ്ടായിരുന്നല്ലോ. പരിഷത്തിൻെറ നിൎവ്വാഹകക്കമ്മെററിയോഗം ഈയിടെ നിലമ്പൂർവച്ചു കൂടി ഇന്നത്തെ ജീവിതരീതിയെ പരാമൎശിക്കേണ്ടവയും പരിഷ്കരിക്കേണ്ടവയുമായ മലയാളസാഹിത്യശാഖകളെ (നാടകം, ചെറുകഥ, ഖണ്ഡകൃതി, ഫലിതസാഹിത്യം) സംസ്കരിക്കേണ്ടുന്ന മാൎഗ്ഗങ്ങളെ നിർദ്ദേശിക്കത്തക്കവണ്ണമുള്ള വിഷയങ്ങൾക്കു പ്രാധാന്യം കല്പിക്കേണ്ടതാണെന്നു് ഒരു നിശ്ചയം പാസ്സാക്കിയിരിക്കുന്നതായി കാണുന്നു. ഇതു വേണ്ടതുതന്നെ. പക്ഷേ, സാഹിത്യലോകത്തിലെ യാഥാസ്ഥിതികരുടെ പിടിയിൽനിന്നു മോചനം ലഭിക്കുവാൻ പരിഷത്തിനു സാധിക്കുമോ എന്നു ഞങ്ങൾ ബലമായി സംശയിക്കുന്നു. ഉദാഹരണമായി നാടകപരിഷ്കാരത്തെ എടുക്കാം. ചരിത്രനാടകങ്ങളുടെ പിടിയിൽനിന്നു ഭാഷാനാടകലോകത്തിനു മോചനം നേടിക്കൊടുക്കുവാൻ ഇന്നത്തെ മലയാളികളുടെ സംസ്കാരരഹിതമായ മനസ്ഥിതി പരിഷത്തിനു സഹായമായിത്തീരുന്നതല്ല. ഇത്തരം പരിഷ്കാരങ്ങൾക്കു പ്രാരംഭമായി കുറെക്കാലത്തേക്കു നിൎദ്ദയമായ ഖണ്ഡനവിമർശനം ഉണ്ടായിരിക്കേണ്ടതാണു്. ഈ പ്രാരംഭപ്രവൃത്തിയിൽ പരിഷത്തിൻെറ ശ്രദ്ധ പതിഞ്ഞാൽ കൊള്ളാം. നോവൽ എഴുത്തിലും ജീവചരിത്രം, ആത്മചരിത്രം എന്നിവയുടെ രചനയിലും പരിഷ്കാരങ്ങൾ ധാരാളമായി വേണ്ടതാണു്. ഈ പരിഷ്കാരങ്ങളെല്ലാം നടപ്പിൽവരുത്തുന്നതിനു സഹായിക്കുന്നതായ ഒരു മാൎഗ്ഗം ഓരോ സാഹിത്യരൂപത്തെസംബന്ധിച്ചും പരിഷ്കൃതരീതിയിലുള്ള ഉത്തമകൃതികൾക്കു സമ്മാനങ്ങൾ കൊടുക്കാമെന്നു പ്രഖ്യാപനം ചെയ്യുന്നതാകുന്നു. കലാമണ്ഡലക്കാർ ഇങ്ങനെ ചെയ്യുന്നുണ്ടു്. കലാമണ്ഡലത്തിനുള്ള പണം പരിഷത്തിനില്ലെന്നുള്ള ഒരു വാദം ഇതിനെതിരായി കൊണ്ടുവന്നേക്കാം. എന്നാൽ ഇതിനു് ഒരു പ്രതിവിധിയുണ്ടെന്നു ഞങ്ങൾക്കു തോന്നുന്നു. ഭാഷാഭിമാനികളായ ഏതെങ്കിലും

പുസ്തകപ്രസിദ്ധീകരണക്കാരെക്കൊണ്ടു് ഈ സമ്മാനങ്ങൾ കൊടുപ്പിക്കുവാൻ ശ്രമിക്കുകയാണു് പരിഷത്തു ചെയ്യേണ്ടതു്. ഇതിനു് ഒരു ഉദാഹരണമായി ഒരു ഇംഗ്ലീഷുപുസ്തകപ്രസിദ്ധീകരണക്കമ്പനിയായ മെ. ഹോഡർ ആൻഡ് സ്റ്റൗട്ടൺ ഈയിടെ ചെയ്തിട്ടുള്ള ഒരു പ്രഖ്യാപനം എടുക്കാം. ഇതിനെപ്പററിയുള്ള വിവരങ്ങൾ ഉത്തമകൃതികളുടെ സൃഷ്ടിയെപ്പററി ചില പുതിയ സംഗതികൾ പ്രത്യക്ഷപ്പെടുത്തുന്നതുമാണു്. ഇതിനെപ്പററി അബ്സർവർപത്രത്തിൽ ഒരു ലേഖകൻ ചുവടെ ചേർക്കുന്നപ്രകാരം എഴുതിയിരിക്കുന്നു: "ഒരു മാസത്തിനുമുമ്പു് മെസ്സേർസ് ഹോഡർ ആൻഡ് സ്റ്റൗട്ടൺ എന്ന പുസ്തകപ്രസിദ്ധീകരണക്കമ്പനിയുടെ ഡയറക്ടർമാരിലൊരാൾക്കു് ഒരു വിചാരം തോന്നി. ലോകത്തിലെ അജ്ഞാതരായ ഗ്രന്ഥകർത്താക്കന്മാരുടെ ഇടയ്ക്കു് തൻെറ സ്വന്തം ആത്മചരിത്രം ഒരു ഉത്തമകൃതിയായി രചിക്കുവാൻ കെല്പുള്ള ഒരാൾ ഉണ്ടായിരിക്കുമെന്നും ഈയ്യാളുടെ കൃതി ധാരാളം വിലപ്പോകുമെന്നുമായിരുന്നു ഈ വിചാരം. ഈയ്യിടെ പ്രസിദ്ധീകരിച്ചിട്ടുള്ള ബാർബല്ലിയൻെറ 'നിരാശപ്പെട്ട ഒരുവന്റെ ഡയറി', ഡബ്ലിയൂ. എച്ച്. ഡേവിയുടെ 'ഒരു മഹാ തെണ്ടിയുടെ ആത്മചരിത്രം', ഡാക്ടർ ആക്സൽ മന്തേയുടെ 'സാൻമിക്കേലിൻെറ കഥ' എന്നീ ഗ്രന്ഥങ്ങളുടെ സ്മരണീയമായ വിജയമാണു് അദ്ദേഹത്തിൽ ഈ വിചാരം ജനിക്കുന്നതിനു പ്രേരകമായിത്തീർന്നതു്. ഈ ജീവചരിത്രകൃതികൾ എല്ലാംതന്നെ അവയുടെ പ്രസിദ്ധീകരണംവരെ അജ്ഞാതരായിരുന്ന ഗ്രന്ഥകാരന്മാരിൽനിന്നാണുണ്ടായിട്ടുള്ളതു്. ഇങ്ങനെയുള്ള കൃതികൾ സാഹിത്യം തൊഴിലാക്കിയിട്ടുള്ളവരിൽനിന്നു ജനിച്ചതല്ലെന്നുള്ളതാണു് ഇവിടെ പ്രത്യേകം സ്മരണീയമായിട്ടുള്ളതു്. ഇതിൻെറ ഫലമായി ഈ (ഇംഗ്ലീഷ്) വർഷാവസാനത്തിനുമുമ്പു് തങ്ങളെ എഴുതി ഏല്പിക്കുന്ന ഉത്തമ ആത്മചരിത്രത്തിനു് ആയിരം പവൻ സമ്മാനം കൊടുക്കുന്നതാണെന്നു് മെ. ഹോഡർ ആൻഡ് സ്റ്റൗട്ടൺ പ്രഖ്യാപനം ചെയ്തിരിക്കുന്നു." ഇങ്ങനെ സാഹിത്യാഭിമാനവും പണവുമുള്ള പുസ്തകപ്രസിദ്ധീകരണക്കാരെ കണ്ടുപിടിച്ചു് അവരെക്കൊണ്ടു് ഇത്തരം സമ്മാനങ്ങൾ നല്കിക്കുവാൻ പരിഷത്തിനു ശ്രമിക്കാവുന്നതാണു്. പരിഷത്തിൻെറ പ്രബലമായ പിന്താങ്ങു് സമ്മാനത്തിനു് അർഹമായ പുസ്തകത്തിൻെറ വില്പനയെ സഹായിച്ചു പുസ്തകകച്ചവടക്കാരനു ലാഭവും ഉണ്ടാക്കിക്കൊടുക്കുന്നതായിരിക്കും. ഒരു കാര്യംകൂടി ഇത്തവണത്തെ പരിഷത്ഭാരവാഹികളോടു ഞങ്ങൾക്കു പറയുവാനുണ്ടു്. പണ്ടത്തെ കക്ഷിമത്സരങ്ങളും സാഹിത്യസമ്രാട്ടുകളുടെ തോന്ന്യാസങ്ങളും ഇത്തവണത്തെ സമ്മേളനത്തിൽ ഉണ്ടാകാതെയിരിക്കുവാൻ സൂക്ഷിക്കണമെന്നുള്ളതത്രെ അതു്.

കേസരി, 1934 ഫെബ്രുവരി 14

# സാഹിത്യപരിഷത്തു്

## I

സാമാന്യമായി പറയുകയാണെങ്കിൽ നിലമ്പൂർവച്ചുനടന്ന സമസ്തകേരളസാഹിത്യപരിഷൽസമ്മേളനം ഒരു കാൎയ്യത്തിലൊഴിച്ചു മറ്റെല്ലാററിലും മുമ്പുള്ള പരിഷൽസമ്മേളനങ്ങളെപ്പോലെ നിഷ്പ്രയോജനമായിട്ടാണു കലാശിച്ചതെന്നു ഞങ്ങൾ വിചാരിക്കുന്നു. പ്രസ്തുത കാൎയ്യം സാഹിത്യകാരന്മാൎക്കു ഭോജനത്തെ സംബന്ധിച്ചിടത്തോളം ജാതിയില്ലെന്നു പ്രായോഗികമായവിധത്തിൽ സ്ഥാപിച്ചതാകുന്നു. നമ്പൂരിയും നായരും തീയനും ക്രിസ്ത്യാനിയും മുസ്ലീമും ഇങ്ങനെ പന്തിഭോജനം നടത്തുവാൻ ഇടയാക്കിയതിനു് നിലമ്പൂർ രാജാവവർകളെ എത്രമാത്രം അഭിനന്ദിച്ചാലും അതു മതിയാകുന്നതല്ല. അതിഥിസല്ക്കാരകാൎയ്യത്തിൽ നിലമ്പൂർ രാജാവവർകൾ കാണിച്ച അനിതരസാധാരണമായ ഔദാൎയ്യം ഒരു ഭാവത്തിൽ പ്രശംസനീയമാണെങ്കിലും ഇന്നത്തെ ലോകഗതിയെ അനുസരിച്ചു പ്രഭുക്കന്മാരേയും മുതലാളികളേയും അവരുടെ സ്ഥാനങ്ങളിൽനിന്നു മറിച്ചിട്ടു തൊഴിലാളികളെ ആ സ്ഥാനങ്ങളിൽ സ്ഥാപിക്കുവാൻ സഹായിക്കേണ്ടവരായ സാഹിത്യകാരന്മാൎക്കു് നിലമ്പൂർ രാജാവിന്റെ ഔദാൎയ്യം അദ്ദേഹം പ്രതിനിധീകരിക്കുന്ന പ്രഭുലോകത്തോടും മുതലാളിലോകത്തോടും ഒരു കടപ്പാടുണ്ടാക്കി തീൎക്കുന്നതിനാൽ മറെറാരു ഭാവത്തിൽ അതു് ആക്ഷേപാർഹമാണെന്നു പറയാതെ ഗത്യന്തരമില്ല. പരിഷത്തു വടക്കോട്ടു വടക്കോട്ടു പോകുന്തോറും ഈ കടപ്പാടു കൂടിവരികയും തെക്കോട്ടു തെക്കോട്ടു പോകുന്തോറും ഇതു കുറഞ്ഞുവരുകയും ചെയ്യുന്നതായിട്ടാണു കാണുന്നതു്. സ്വവൎഗ്ഗരക്ഷയെ കരുതിയായിരിക്കാം കഴിഞ്ഞ ആണ്ടിലെ പരിഷൽസമ്മേളനത്തിൽവച്ചു് അതു് ഏറെ തെക്കോട്ടു പോകരുതെന്നു് അപ്പൻതമ്പുരാനവർകൾ ഉപദേശിച്ചതെന്നു് ഇതു കണ്ടിട്ടു തോന്നിപ്പോകുന്നു. പരിഷത്തിന്റെ പ്രധാന ഉദ്ദേശത്തെ സംബന്ധിച്ചിടത്തോളം മുൻ പരിഷൽസമ്മേളനങ്ങളിൽ നടന്ന ചടങ്ങുകൾമാത്രമേ—അതായതു്, അപ്രായോഗികങ്ങളും നിഷ്പ്രയോജനങ്ങളുമായ നിശ്ചയങ്ങൾ പാസാക്കുക, നിഘണ്ടുനിൎമ്മാണവും സൎവ്വകലാശാലയും തമ്മിലുള്ള ബന്ധത്തെ സംബന്ധിച്ചുള്ളതുപോലെ വല്ല പ്രായോഗികനിശ്ചയങ്ങളും വല്ലവരും കൊണ്ടുവന്നാൽ അതിനെ ഇത്തവണ ചെയ്തതുപോലെ സൂത്രത്തിൽ ഒഴിഞ്ഞുകളക, സാഹിത്യസമ്രാട്ടുകളും യുവസാഹിത്യകാരന്മാരും തമ്മിൽ പോരാടുക, തമാശയ്ക്കായി കലാപരമായ പ്രദൎശനങ്ങളും പ്രകടനങ്ങളും നടത്തുക മുതലായവമാത്രമേ—ഇത്തവണയും നടത്തീട്ടുള്ളു. മുൻ പരിഷൽസമ്മേളനങ്ങളിലെ അദ്ധ്യക്ഷപ്രസംഗങ്ങളിലും മറ്റു പ്രസംഗങ്ങളിലും അപൂൎവ്വമായിമാത്രം കാണാറുണ്ടായിരുന്ന സ്വന്തം കൃതികളുടേയോ ബന്ധുക്കളുടേയും ആശ്രിതന്മാരുടേയും കൃതികളുടേയോ പ്രശംസയും എതിർപക്ഷക്കാരോടും നിരൂപകരോടും പ്രസാധകരോടുമുള്ള പകവീട്ടലും ഈ സമ്മേളനത്തിൽ കുറെ അധികമായി കാണാമെ

ന്നുള്ളതാണു് ഇതിൻെറ ഒരു പ്രത്യേകത. സാഹിത്യസമ്രാട്ടുകളും യുവസാഹിത്യകാരന്മാരും തമ്മിൽ കീരിയും പാമ്പും പോലെയാണു മിക്ക അവസരങ്ങളിലും പ്രവൎത്തിക്കാറുള്ളതെങ്കിലും നശിച്ച നിരൂപകരെ സംബന്ധിച്ചിടത്തോളം തങ്ങൾ ഒരു കക്ഷിയാണെന്നു് ഇവർ ഇത്തവണത്തെ സമ്മേളനത്തിൽവച്ചു പ്രത്യക്ഷപ്പെടുത്തിയിരിക്കുന്നു. സാഹിത്യസമ്രാട്ടുകളെ എതിൎക്കുന്നതിലും നിരൂപകരെ എതിൎക്കുന്നതിലും യുവസാഹിത്യകാരന്മാരുടെ നായകനായിരുന്നതു സുപ്രസിദ്ധനായ ശ്രീ ജി. ശങ്കരക്കുറുപ്പവർകളാണു്. നിരൂപകരെ എതിൎക്കുന്നതിൽ സാഹിത്യസമ്രാട്ടുകളെ ഇത്തവണ നയിച്ചതു മി. വള്ളത്തോളും പുസ്തകപ്രസാധകരേയും യുവസാഹിത്യകാരന്മാരേയും എതിൎക്കുന്നതിൽ സാഹിത്യസമ്രാട്ടുകളുടെ പടത്തലവനായിരുന്നതു് മി. മൂക്കോത്തു കുമാരനുമായിരുന്നു. സാഹിത്യസമ്രാട്ടുകളേയും നിരൂപകരേയും ഒന്നുപോലെ സൎവ്വശക്തിയുമുപയോഗിച്ചു് എതിൎത്ത ഇന്നത്തെ സർ ഗാലഹാഡായ മി. ശങ്കരക്കുറുപ്പിനു് "സ്വതന്ത്രചിന്തയില്ലാത്ത," "അന്യകാവ്യോപജീവികളായ" "ഒരുമാതിരി ഇത്തിൾക്കണ്ണികളായ" നിരൂപകവൎഗ്ഗത്തെ "ഒട്ടുംതന്നെ പേടിയില്ല." "നിരൂപകർ വിചാരിക്കുന്നു ലോകത്തിലെ സാഹിത്യം മുഴുവൻ അവരുടെ കുത്തകയാണെന്നു്. കാശുകൊടുത്താൽ മറ്റുള്ളവൎക്കും ആ പുസ്തകങ്ങൾ വാങ്ങാമെന്നും സ്വന്തം അഭിപ്രായങ്ങൾ രൂപീകരിക്കാമെന്നും അവരോൎക്കുന്നില്ല. കൈയിലൊരു പത്രമുണ്ടെങ്കിൽ അവൎക്കു് എന്തും എഴുതാം" എന്നും അദ്ദേഹം തട്ടിമൂളിച്ചു. നിരൂപകരോടു കലാകാരന്മാൎക്കുള്ള എതിൎപ്പു സാഹിത്യത്തിൻെറ ആവിൎഭാവം മുതൽക്കു ലോകത്തിൽ കാണാവുന്നതാണു്. ഇതിനെസ്സംബന്ധിച്ചും സാമാന്യമായി നിരൂപണത്തെസ്സംബന്ധിച്ചും പ്രസിദ്ധ ഇംഗ്ലീഷ് നിരൂപകനായ എഡ്മണ്ടു് ഗോസ്സ് എഴുതിയിരുന്ന ഒരു ലേഖനം അന്യത്ര ചേൎത്തിട്ടുള്ളതിൽ ഞങ്ങൾ വായനക്കാരുടെ ശ്രദ്ധയെ ക്ഷണിച്ചുകൊള്ളുന്നു. കേസരിയുടെ മുൻലക്കങ്ങളിൽ ഒന്നിൽ പ്രസിദ്ധ ഗ്രന്ഥകാരന്മാർ നിരൂപകന്മാരെ ചീത്ത പറഞ്ഞിട്ടുള്ളതിൽ പലതിനേയും പ്രസിദ്ധ ഗ്രന്ഥകാരന്മാരുടെ നിരൂപണം പിൽക്കാലങ്ങളിൽ സൎവ്വാബദ്ധമായി പരിണമിച്ചിട്ടുള്ളതിനു പല ഉദാഹരണങ്ങളേയും ഉദ്ധരിക്കുന്ന ഒരു ലേഖനം ചേൎത്തിരുന്നതും ഈ സന്ദൎഭത്തിൽ വായനക്കാർ ഓൎക്കേണ്ടതാണു്. നിരൂപകന്മാരോടുള്ള എതിൎപ്പിനു കാരണങ്ങൾ ഗോസ്സ് പ്രസ്തുത ലേഖനത്തിൽ ചൂണ്ടിക്കാണിക്കുന്നുണ്ടു്. നിരൂപണത്തിന്റെ കൊള്ളരുതായ്മയും നിരൂപണത്തിനു പാത്രമായ കൃതിയുടെ കൊള്ളരുതായ്മയും ആണു് അവ. മലയാളത്തിലെ സാഹിത്യനിരൂപണകല മുമ്പുള്ള സ്ഥിതിയിൽത്തന്നെ ഇരിക്കുന്നുവെന്നോ അല്പം മുന്നോട്ടു പോയിട്ടുണ്ടെന്നോ പറയുകയല്ലാതെ അതു പണ്ടത്തേതിനേക്കാൾ അധികം വഷളായിട്ടുണ്ടെന്നു നിഷ്പക്ഷപാതികൾ അഭിപ്രായപ്പെടുകയില്ല. എന്നാൽ പണ്ടുള്ളതിനേക്കാൾ അധികം നിരൂപകരോടുള്ള പോരാട്ടം സാഹിത്യകാരന്മാരുടെ ഇടയിൽ വൎദ്ധിച്ചിരിക്കുകയും ചെയ്യുന്നു. ഇതിൽനിന്നുള്ള ന്യായമായ അനുമാനം ഇതിനു കാരണം സാഹിത്യകൃതികളുടെ വൎദ്ധമാനമായ കൊള്ളരുതായ്മ

യാണെന്നാണ്. നിരൂപകൻെറ തൊഴിൽ മറ്റൊരു സാഹിത്യകാരന്റെ കൃതികളെ വിമശിക്കുന്നതാകയാൽ അയാൾ ഒരു അന്യകാവ്യോപജീവിയും ഇത്തിൾക്കണ്ണിയും ആണെന്നു മി. കുറുപ്പു പറഞ്ഞതു പരമാത്ഥം തന്നെ. അന്യനായ ഒരു കലാകാരൻെറ കൃതിയെ നിരൂപണം ചെയ്യുന്നതുകൊണ്ടു് ഒരു അത്ഥത്തിൽ ഒരു നിരൂപകൻ സ്വതന്ത്രചിന്തയില്ലാത്തവനെന്നു പറയുന്നതും ശരിതന്നെ. പക്ഷേ, ഒരു നല്ല നിരൂപകനു മററൊരു അത്ഥത്തിൽ സ്വതന്ത്രചിന്ത കൂടിയേ കഴിയൂ. ഇല്ലെങ്കിൽ ഈ ലോകത്തിൽ കവികൾമാത്രം മതിയാവും. കവി പറയുന്നതെല്ലാററിനും എസ് മൂളുവാനായിമാത്രം നിരൂപകവഗ്ഗത്തിൻെറ ആവശ്യമില്ല. കവിയുടേതിൽനിന്നു ഭിന്നമായ സ്വതന്ത്രമായ ഒരു വീക്ഷണകോണമുണ്ടെങ്കിൽ മാത്രമേ കവിയുടെ കുററങ്ങളും കുറവുകളും വായനക്കാരെ പറഞ്ഞു മനസ്സിലാക്കുന്ന പ്രഥമകത്തവ്യം ഒരു നിരൂപകനു നിവ്വഹിക്കുവാൻ സാധിക്കുകയുള്ളൂ. കുററമററ മനുഷ്യർ ലോകത്തിൽ ഉണ്ടെങ്കിൽ അവക്കു മാത്രം നിരൂപകരെ പേടിക്കേണ്ടതായിവരുന്നതല്ല. നിർഭാഗ്യവശാൽ മി. ജി. ശങ്കരക്കുറുപ്പിനെ ഒഴിച്ചു് ഇങ്ങനെയുള്ള മനുഷ്യർ ലോകത്തിലില്ലെന്നു പറഞ്ഞേതീരൂ. നിരൂപകനിലും മററു മനുഷ്യരിലുമുള്ളതുപോലെ കുററങ്ങളും കുറവുകളും കാണും. അയാളുടെ തൊഴിൽ മററുള്ളവരുടെ ഗുണദോഷങ്ങളെ ചൂണ്ടിക്കാണിക്കുന്നതായതുകൊണ്ടാണ് അയാൾ അങ്ങനെ ചെയ്യുന്നതു്. നിരൂപകന്റെ കുറ്റങ്ങളും കുറവുകളും ചൂണ്ടിക്കാണിക്കുന്ന തൊഴിലുള്ള ഒരു വഗ്ഗത്തെ ലോകർ ഇതുവരെ സൃഷ്ടിച്ചിട്ടില്ല. മി. കുറുപ്പിൻെറ ശ്രമംകൊണ്ടു് ലോകത്തിൽ അങ്ങനെ ഒരു പുതിയ തൊഴിലുണ്ടാകുന്നതായാൽ നിരൂപകക്കും ധാരാളം കുററങ്ങളും കുറവുകളും ഉണ്ടെന്നു പ്രത്യക്ഷമാകുന്നതാണ്. കുറെ പുസ്തകങ്ങളും ഒരു പത്രവും കയ്യിലുണ്ടെങ്കിൽ ആക്കും നിരൂപകനാകാമെന്നു മി. കുറുപ്പു വാദിക്കുന്നു. ഇതു നിരൂപണത്തിൻെറ മൗലികസ്വഭാവത്തെപ്പററിയുള്ള ഒരു തെററിദ്ധാരണയുടെ ഫലമാണ്. ഒരു ഒന്നാന്തരം കവിക്കു വേണ്ടതായ ജന്മവാസനപോലെയുള്ള ഒന്നു് ഒരു ഒന്നാന്തരം നിരൂപകനും വേണ്ടതാണ്. ഒരു ഒന്നാന്തരം സാഹിത്യകാരനു് മാത്യൂ ആർണോൾഡിനെപ്പോലെയുള്ള ഒരു സാഹിത്യനിരൂപണപ്രചാരകനോ, അനട്ടൊളെ ഫ്രാൻസിനേയോ, ആർതർ സിമൺഡ്സിനേയോ, മിഡിൽട്ടൺ മുറേയോ പോലെയുള്ള ഇമ്പ്രഷണിസ്റ്റ് നിരൂപകരെന്നു പേരുള്ള രണ്ടാന്തരം നിരൂപകനോ ആകാൻ (വ്യക്തിപരമായ പക്ഷപാതങ്ങളുള്ള നിരൂപകരെന്നു് ഇവരെ ചുരുക്കി വിവരിക്കാം) കഴിഞ്ഞേക്കുമെങ്കിലും വ്യക്തിപരമായ പക്ഷപാതങ്ങളിൽനിന്നും പ്രതിക്രിയ(reactions)കളിൽനിന്നും ജനിക്കുന്ന അഭിപ്രായങ്ങളെ ഒരു യഥാത്ഥനിരൂപകൻ, ഒരു മാതൃകാവായനക്കാരൻ എന്ന നിലയിൽനിന്നുകൊണ്ടു ഭേദപ്പെടുത്തുന്നതിൽ അതിസാമത്ഥ്യം കാണിക്കുന്നവനായ ഒരു ഒന്നാന്തരം നിരൂപകനായിത്തീരുവാൻ അയാൾക്കു വളരെവളരെ അപൂവ്വമായേ സാധിക്കുകയുള്ളൂ. എന്തെന്നാൽ ഒരു ഒന്നാന്തരം നിരൂപകനും ഒരു ഒന്നാന്തരം കവിക്കും വേണ്ടതായ പരസ്പരവിരുദ്ധങ്ങളായ ശക്തികൾ ഒരു മനുഷ്യനിൽ ഒന്നിച്ചു

കൂടികൊള്ളുന്നതു വളരെവളരെ അസാധാരണമായ ഒരു സംഭവമാണ്. ഒരു ഒന്നാന്തരം കവിക്കു വേണ്ടതു് ഒന്നാന്തരം സങ്കലനശക്തിയും (synthetic power) ഒരു ഒന്നാന്തരം നിരൂപകനു വേണ്ടതു് ഒന്നാന്തരം അപഗ്രഥനശക്തിയും (analytic power) ആകുന്നു. കവിയിലും നിരൂപകനിലും ഒന്നുപോലെ ഈ രണ്ടുതരം ശക്തികളും കാണേണ്ടതാണെങ്കിലും ഒരു കവിയിൽ സങ്കലനശക്തി കൂടിയിരിക്കുകയും ഒരു നിരൂപകനിൽ അപഗ്രഥനശക്തി കൂടിയിരിക്കുകയും ചെയ്യുന്നതാണ്. ഒരു ഉദാഹരണമെടുക്കുകതന്നെ. ഒരു സുന്ദരിയായ സ്ത്രീയുടെ ചിത്രം ഒരു കവി വരയ്ക്കുന്നു എന്നു വിചാരിക്കുക. അപ്പോൾ ആദ്യമായി അയാൾക്കു ചെയ്യുവാനുള്ളതു് അവൾ പുറമേ കാണിക്കുന്ന അവളുടെ വ്യക്തിത്വത്തെ (Personality) അപഗ്രഥനം ചെയ്യുന്നതാണ്. അനന്തരം അയാൾക്ക് ആ വ്യക്തിത്വത്തിന്റെ അംശങ്ങളെ കൂട്ടിച്ചേർത്തു തന്റെ പ്രത്യേകരീതിയിൽ അവയെ സംഘടിപ്പിക്കേണ്ടതായ കർത്തവ്യമുണ്ട്. ഈ സങ്കലനത്തിന്റെ മഹത്വത്തിലാണ് അപഗ്രഥനത്തിന്റേതിലല്ല ഒരു കവിയുടെ മഹത്വം സ്ഥിതിചെയ്യുന്നതു്. നേരേമറിച്ചു് ഒരു നിരൂപകൻ ആദ്യമായി ചെയ്യുന്നതു് കവിയുടെ സങ്കലനത്തെ അപഗ്രഥിക്കുകയാണ്. ഈ അപഗ്രഥനം കഴിഞ്ഞാൽ കവിയുടെ സങ്കലനംമാത്രമേ അതിൽനിന്നുണ്ടാകുകയുള്ളുവോ എന്നും മററുതരം സങ്കലനങ്ങൾ സാദ്ധ്യമെങ്കിൽ ഏതാണ് മനുഷ്യസ്വഭാവത്തിനും പരിതസ്ഥിതിക്കും മററും കൂറേക്കൂടി യോജിക്കുന്നതെന്നും കവിയുടെ സങ്കലനത്തിനു കാരണമെന്തെന്നും മററും ചർച്ചചെയ്യുകയാണ് അയാൾ ചെയ്യുന്നതു്. സംഭവ്യമായ സങ്കലനങ്ങളെപ്പററി ചർച്ച ചെയ്യുന്നതിൽ അയാൾക്കു തന്റെ അല്പമായ സങ്കലനശക്തി ഉപയോഗിക്കേണ്ടതായിവരും. ഇവിടെ ഈ സങ്കലനശക്തിയുടെ മഹത്വത്തിലല്ല, ആദ്യത്തെ അപഗ്രഥനശക്തിയുടെ മഹത്വത്തിലാണ് നിരൂപകന്റെ മഹത്വം സ്ഥിതിചെയ്യുന്നതു്. ഒന്നാന്തരം കവിതാശക്തിയും ഒന്നാന്തരം നിരൂപണശക്തിയും ഒന്നിച്ചുചേർന്നിട്ടുള്ള ഒരാളെമാത്രമേ ഞങ്ങൾ ഓർമ്മിക്കുന്നുള്ളു. ഇതു് ഇംഗ്ലീഷ്കവിയായ കോളറിഡ്ജാണ്. നിരൂപണശക്തിയിൽ കോളറിഡ്ജിനോടു കുറഞ്ഞപക്ഷം കിടനില്ക്കുന്നവരായ അരിസ്റ്റാട്ടിൽ എന്ന പ്രാചീനയവനൻ, സിങ്ബോവ്, റെമിഡെ ഗ്ലർമാങ്ങ് എന്നീ ഫ്രെഞ്ചുകാർ, ബെനെഡെറെറാ ക്രോസെ എന്ന ഇററലിയൻ—ഇവർ കവികളായിരുന്നില്ല. അരിസ്റ്റാട്ടിൽ ഒരു ശാസ്ത്രജ്ഞനും തത്വജ്ഞാനിയും, സിങ്ബോവും ഡെ ഗ്ലർമാങ്ങും ശരീരശാസ്ത്രജ്ഞന്മാരും, ക്രോസെ ഒരു തത്വജ്ഞാനിയുമായിരുന്നതു്—അതായതു് ഇവക്ക് അപഗ്രഥനപരിശീലനം തങ്ങളുടെ ആദ്യതൊഴിലുകളായ ശാസ്ത്രത്തിൽനിന്നും തത്വജ്ഞാനത്തിൽനിന്നും ലഭിച്ചതു്—ഈ സന്ദർഭത്തിൽ പ്രത്യേകം സ്മരണീയമത്രെ. ഒരുപക്ഷേ, വാസനാനുഗൃഹീതനായ മി. ശങ്കരക്കുറുപ്പ് കേരളത്തിലെ കോളറിഡ്ജാണെന്നു വന്നേക്കാം. ഇതു വാസ്തവമാണെങ്കിൽ ഈ അപൂർവ്വസംഭവത്തിൽ ആഹ്ലാദിക്കുന്നവരുടെ മുന്നണിയിൽ ഞങ്ങളും ഉണ്ടായിരിക്കുമെന്നും ഇവിടെ പറഞ്ഞുകൊള്ളുന്നു. മി. കുറുപ്പിന്റെ നിലയെ സംബന്ധിച്ചു് രണ്ടു വാക്കു

കൂടി പറയേണ്ടിയിരിക്കുന്നു. കലാവാസനയില്ലാത്തവരും കലയുടെ കാര്യത്തിൽ കടുത്ത യാഥാസ്ഥിതികരുമായ കേരളീയരുടെ ഇടയ്ക്കുവച്ച് അവരുടെമേൽ പിടിയുള്ള സാഹിത്യസമ്രാട്ടുകളോടു പൊരുതുന്നതിനു യുവസാഹിത്യകാരന്മാരെ നയിക്കുമ്പോൾ ഈ പോരിൽ തങ്ങളെ സഹായിക്കുന്നവരായ ഭൂരിപക്ഷം നിരൂപകരേയും അധിഃക്ഷേപിക്കുന്നതു തങ്ങളുടെ ഉദ്ദേശസിദ്ധിക്ക് ഉപകരിക്കുമോ എന്നു മി. കുറുപ്പും അദ്ദേഹത്തിനു കീഴിലുള്ള യുവസാഹിത്യകാരന്മാരും ഗാഢമായി ആലോചിക്കേണ്ടതാണ്. ഒരു പ്രസ്ഥാനത്തിന്റെ വിജയത്തിനു നായകന്റെ വ്യക്തിപരമായ പക്ഷപാതങ്ങളും പകവീട്ടലുകളും ആപല്ക്കരമായിരിക്കുമെന്നും ഇവർ അറിഞ്ഞാൽകൊള്ളാം. എതിർകക്ഷിത്തലവനായ മി. വള്ളത്തോളിന്റെ നയശീലം മി. കുറുപ്പ് ഈ നായകത്വത്തെ സംബന്ധിച്ചു മാതൃകയാക്കി അനുകരിക്കേണ്ടതായിരുന്നു. യുവസാഹിത്യകാരന്മാരെ ചവിട്ടുപടിയായി ഉപയോഗിച്ച് അവരെ നിരാശ്രയരായി വിട്ടുംവച്ചു സാഹിത്യസമ്രാട്പദം പ്രാപിക്കുവാനുള്ള കോലാഹലങ്ങളാണ് മി. കുറുപ്പിന്റെ ഈ കോലംതുള്ളലെങ്കിൽ ഞങ്ങൾ അതു ലോകസഹജമായ ഒരു പ്രവൃത്തിയെന്നു കരുതി തത്വജ്ഞാനികളെപ്പോലെ പുഞ്ചിരിയിടുകയേ ചെയ്യുകയുള്ളു. പരിഷത്തിനെ ഒരു അല്പപക്ഷക്കാരുടെ കൈവശത്തുനിന്നു ഭൂരിപക്ഷക്കാരായ സാധാരണസാഹിത്യരസികന്മാരുടെ കൈവശം കൊണ്ടുവരാൻ മി. കുറുപ്പ് ഇത്തവണത്തെ പരിഷത്തിൽ വച്ചുചെയ്ത പ്രയത്നങ്ങൾക്ക് ഞങ്ങൾ അദ്ദേഹത്തെ സർവ്വാത്മനാ അഭിനന്ദിച്ചുകൊള്ളുന്നു.

കേസരി, 1934 മേയ് 16

## II

ഇക്കഴിഞ്ഞ സാഹിത്യപരിഷത്സമ്മേളനത്തിൽവച്ച് നിരൂപകരെ എതിർക്കുന്നതിൽ സാഹിത്യസമ്രാട്ടുകളെ നയിച്ചതു വള്ളത്തോൾ നാരായണമേനവൻ അവർകൾ ആണെന്നു ഞങ്ങൾ കഴിഞ്ഞ ലക്കത്തിൽ ചൂണ്ടിക്കാണിച്ചിരുന്നല്ലൊ. പക്ഷേ, ഈ പോരാട്ടത്തിൽ യുവസാഹിത്യകാരന്മാരുടെ നായകനായ മി. ശങ്കരക്കുറുപ്പു ചെയ്തതുപോലെ നിരൂപകവർഗ്ഗത്തെ ആകമാനം വെല്ലുവിളിക്കുകയല്ല വള്ളത്തോൾ ചെയ്തത്. തർജ്ജിമ, ചരിത്രനാടകവും സമകാലീനനാടകവും, സന്മാർഗ്ഗവും കലയും, ശബ്ദഭംഗി എന്നീ വിഷയങ്ങളെപ്പററി അദ്ദേഹം ചില നിരൂപകരുടെ നിലകളെ ഖണ്ഡിക്കുവാൻ ശ്രമിക്കുകമാത്രമേ ചെയ്തിട്ടുള്ളു. സ്വതന്ത്രതർജ്ജിമ അനാശാസ്യമാണെന്നും "മൂലത്തിലെ ആശയം മുഴുക്കെ വെളിപ്പെടുത്തുന്നതിൽ ശൈലീപരിപാലനം പ്രതിബന്ധമായി വരുന്നതെവിടെയോ, അവിടെ ശൈലിയെപ്പോലും പരിത്യജിപ്പാൻ വിവർത്തകനു് അധൈര്യം ഉണ്ടായിക്കൂടാ" എന്നുമാണ് വള്ളത്തോൾ വാദിക്കുന്നത്. ഇതിനെപ്പററി നിരൂപകരിൽത്തന്നെ ഭിന്നാഭിപ്രായങ്ങളുണ്ട്. അനുകരണം പാടില്ലെന്നും തർജ്ജിമ മൂലത്തോടു കഴിയുന്നിടത്തോളം അടു

ത്തിരിക്കണമെന്നും ഞങ്ങൾക്കും അഭിപ്രായമുണ്ടെങ്കിലും ഭാഷാശൈലിയെ ലംഘിച്ചും ആശയസംരക്ഷണം വരുത്തണമെന്നു പറയുന്നതു കുറെ കടുത്ത കൈയല്ലയോ എന്നു ഞങ്ങൾക്കു ശങ്കയുണ്ട്. ഹിലെയർ ബെല്ലോക്ക് എന്ന പ്രസിദ്ധ ഇംഗ്ലീഷ് സാഹിത്യകാരൻ 1924-ലെ ഒരുലക്കം ലണ്ടൺ മെർക്കുറിയിൽ വള്ളത്തോളിൻെറ ഈ നിലയെ പ്രതികൂലിച്ചിട്ടുണ്ട്. പദാനുപദതർജ്ജിമ വേണമെന്നു ശഠിച്ചാൽ തർജ്ജിമക്കാരൻ ഒരു നിർമ്മാതാവായിരിക്കുകയില്ലെന്നാണ് ബെല്ലോക്കിൻെറ വാദം. എന്നാൽ ജയിംസ് ഒന്നാമൻെറ കാലത്തു ബൈബിളിലെ പഴയ നിയമത്തെ പദാനുപദമായി ഇംഗ്ലീഷിൽ തർജ്ജിമചെയ്തിട്ടുള്ളതു് ഒരു ഉത്തമതർജ്ജിമയാണെന്നു ലോകർ സമ്മതിച്ചിട്ടുള്ളതു് ബെല്ലോക്കുതന്നെ തൻ്റെ വാദത്തിനു പ്രതികൂലമായി ചൂണ്ടിക്കാണിച്ചിട്ടുള്ള സംഗതിയും വള്ളത്തോളിൻെറ വാദത്തിനനുകൂലമായി ഇവിടെ പ്രസ്താവിച്ചേ മതിയാവൂ. ചരിത്രനാടകങ്ങളോടു ചില നിരൂപകർ കാണിക്കുന്ന പ്രതികൂലമനസ്ഥിതി തനിക്കു സുഗ്രഹമല്ലെന്നും എന്തിനെക്കുറിച്ചെഴുതിയാലും അതിൽ കാവ്യമുണ്ടോ എന്നു നോക്കിയാൽ മതിയെന്നും സമകാലീനസ്ഥിതിയെ അവലംബിച്ചുണ്ടാക്കപ്പെടുന്ന കാവ്യം സ്ഥിതിക്കു മാററം വരുന്നതോടുകൂടി മങ്ങിമറഞ്ഞുപോകാൻ ഇടയുള്ളതിനാൽ അനശ്വരങ്ങളായ നാടകങ്ങളെയാണു യുവകവികൾ വിരചിക്കേണ്ടതെന്നും വള്ളത്തോൾ അഭിപ്രായപ്പെടുന്നു. സമകാലീനനാടകങ്ങളെക്കാൾ താൻ ചരിത്രനാടകങ്ങളെ ഇഷ്ടപ്പെടുന്നു എന്നും ഇവയെല്ലാററിനേയുംകാൾ തനിക്കു പിടിച്ചതു കാലഭേദമെന്യേ മനുഷ്യരിൽ ശാശ്വതമായി നില്ക്കുന്ന വികാരങ്ങളെപ്പററിയുള്ള നാടകങ്ങളാണെന്നുമാണ് ഇതുകൊണ്ടു വള്ളത്തോൾ ഉദ്ദേശിച്ചിരിക്കുന്നതു് എന്നുവേണം വിചാരിക്കേണ്ടതു്. ഈ വാദം പ്രസിദ്ധ ഫ്രെഞ്ചുനിരൂപകനായ റെമി ഡെ ഗ്ഗർമാങ്ങിൻെറ ഒരു വാദത്തെ ഞങ്ങളുടെ സ്മരണയിൽ കൊണ്ടുവരുന്നു. തൻ്റെ "Lettres a l'Amazone" എന്ന ലേഖനപരമ്പരകളിൽ ഒന്നിൽ മനുഷ്യരും സമുദായപതിവുകളും തമ്മിലുള്ള ബന്ധത്തിൽ വികാരപരമായ രസം സ്ഥിതിചെയ്യുന്ന ഒരു നോവലോ കഥയോ താൻ ഒരിക്കലും എഴുതാതെയിരുന്നതിന് അദ്ദേഹം സ്വയം അഭിനന്ദിക്കുന്നു. തനിക്കു താല്പര്യമുള്ളതു കേവലം വികാരങ്ങളിൽമാത്രമാണെന്നാണ്, അതായതു ശൂന്യത്തിലുള്ള വികാരങ്ങളിലാണെന്നാണ് അദ്ദേഹം പറയുന്നതു്. ഇന്നത്തെ പ്രസിദ്ധ നാടകകർത്താക്കന്മാരായ ബർണാഡ്ഷാ, ഗാൽസ്‌വർത്തി മുതലായവർ തങ്ങൾ തങ്ങളുടെ കഥാപുരുഷന്മാരും അവരെ ചുററിയിരിക്കുന്ന പരിതസ്ഥിതിയും തമ്മിലുള്ള ബന്ധത്തിലാണു തങ്ങളുടെ കൃതികളുടെ വികാരപരമായ രസം സ്ഥാപിച്ചിട്ടുള്ളതെന്നു് ഇതുപോലെ അഭിമാനിക്കേണ്ടതായിവരും. ഇതിൽ ഏതു വാദമാണ്—അതായതു കാവ്യത്തിൻെറ വിഷയം കാലത്തിൻെറ അഥവാ പരിതസ്ഥിതിയുടെ പ്രേരകശക്തിയെ വിഗണിച്ചുള്ള കേവലം വികാരങ്ങളാണോ, അല്ല, കാലസ്ഥിതിക്കും വികാരങ്ങൾക്കും തമ്മിലുള്ള ബന്ധമാണോ ആയിരിക്കേണ്ടതു് എന്നുള്ള വാദങ്ങളിൽ ഏതാണ്—ശരിയായിട്ടുള്ളതു്? ബിഹേവിയറിസം അഥവാ

പ്രവൃത്തിശീലനം എന്ന ആധുനികമനശ്ശാസ്ത്രവാദം അറിയാവുന്നവർ ഇതിനുത്തരം പറയാൻ ഒട്ടുംതന്നെ സംശയിക്കുകയില്ല. മനുഷ്യൻെറ സ്വഭാവവും അവൻെറ മനസ്സെന്നുള്ള കൃത്രിമസാധനവും എല്ലാംതന്നെ പരിതസ്ഥിതിയുടെ സൃഷ്ടിമാത്രമാണെന്നും പരിതസ്ഥിതിയെ ഭേദപ്പെടുത്തി ഇവയിൽ യഥേഷ്ടം വേണ്ട പരിവത്തനങ്ങൾ ഉണ്ടാക്കാമെന്നുമാണ് ബിഹേവിയറിസം സ്ഥാപിക്കുന്നത്. അതിനാൽ പരിതസ്ഥിതിയെ അഥവാ കാലത്തെ ആശ്രയിച്ചല്ലാതെ മനുഷ്യൻെറ വികാരത്തിനും സ്വഭാവത്തിനും നിൽക്കാൻ കാലില്ലെന്നു വരുന്നു. അതീതകാലങ്ങളിലെ പരിതസ്ഥിതി സൂക്ഷ്മമായി ഒരാൾക്കു മനസ്സിലാകണമെങ്കിൽ അയാൾ ആ കാലത്തോടു സമകാലീനനായിരിക്കണം. ഇല്ലെങ്കിൽ സജീവമായ ഒരു കൃതിയല്ല ഒരു കൃത്രിമസാധനത്തെയാണ് ഒരു ആധുനികഗ്രന്ഥകാരൻ ചരിത്രപുരുഷന്മാരെക്കൊണ്ടു സൃഷ്ടിക്കുന്നത്. ചരിത്രം അതീതസംഭവങ്ങളല്ലെന്നും ഇന്നത്തെ യാഥാർത്ഥ്യമാണെന്നും ഭൂതകാലവും ഭാവിയും വത്തമാനകാലത്തിൽ അന്തർഭവിച്ചിട്ടുണ്ടെന്നും ഒരു സമകാലീനനാടകമോ നോവലോ ചരിത്രനാടകമെന്നോ നോവലെന്നോ പറയപ്പെടുന്ന ഒരു കൃതിയെക്കാൾ അധികം ചരിത്രപരമായതാണെന്നും സുപ്രസിദ്ധനിരൂപകനായ ബെനഡെറ്റോ ക്രോസെ അഭിപ്രായപ്പെട്ടിരിക്കുന്നതിനു കാരണവും ഇതാണ്. ഈ പരമാത്ഥവും, ലാവണ്യത്തെ ബലികഴിക്കാതെ നേരിട്ടല്ലെങ്കിലും വിദൂരമായും വ്യംഗ്യമായും ഒരു കലാസൃഷ്ടി ഇന്നത്തെ കാലസ്ഥിതിക്കനുസരിച്ച് ഒരു പുതിയ ലോകം സൃഷ്ടിക്കുവാൻ പ്രചാരവേലചെയ്തു സഹായിക്കണമെന്നും ഈ ഉദ്ദേശത്തെ ചരിത്രനാടകങ്ങളും ചരിത്രനോവലുകളും പ്രതിബന്ധപ്പെടുത്തുന്നുണ്ടെന്നുമുള്ള അഭിപ്രായവും നിമിത്തമാണു ഞങ്ങളെപ്പോലെയുള്ള വിമശ്കർ ചരിത്രനാടകങ്ങളേയും നോവലുകളേയും പ്രതികൂലിക്കുന്നത്. വള്ളത്തോൾ ബഹുമാനപുരസ്സരം മാതൃകയായി ഉദ്ധരിക്കുന്ന ഇബ്സനും തൻെറ ബാല്യത്തിലാണ് ചരിത്രനാടകങ്ങളെഴുതിയതെന്നും വിവേകം വന്നതിനുശേഷം അദ്ദേഹം സമകാലീനനാടകങ്ങളാണു രചിച്ചിട്ടുള്ളതെന്നും ഇവിടെ സ്മരണീയമാണ്. വള്ളത്തോൾ ബഹുമാനിക്കുന്ന മറെറാരു നാടകകത്താവായ ദ്വിജേന്ദ്രലാൽ ചിത്രമെഴുത്തു രവിവമ്മകോയിത്തമ്പുരാനെപ്പോലെ നൈസർഗ്ഗികമായ വാസനയെ ദൂഷിച്ച മാർഗ്ഗത്തിൽക്കൂടി (ചരിത്രനാടകങ്ങൾ) പ്രകടിപ്പിച്ച് അതിന്റെ പരിപൂർണ്ണവും ഫലവത്തുമായ വികാസത്തെ തടസ്സപ്പെടുത്തിയ ദേഹമാണ്. കലാവാസന വ്യക്തമായി കാണുന്ന അപൂവ്വം ചില ആധുനികചരിത്രനാടകങ്ങൾ ലോകത്തിൽ ഇല്ലാതില്ല. പക്ഷേ, മററു വിശ്വസാഹിത്യങ്ങളിലെങ്ങും ചരിത്രനാടകങ്ങളും ചരിത്രനോവലുകളും സാമുദായികനോവലുകളുടെ വളച്ച്ക്ക് ഇന്നു പ്രതിബന്ധമായിരിക്കുന്നില്ല. ചരിത്രനാടകങ്ങൾക്കും നോവലുകൾക്കും ഒരു പ്രധാനസ്ഥാനം ഇന്ന് ആ സാഹിത്യങ്ങളിൽ അനുവദിച്ചുകൊടുത്തിട്ടുമില്ല. എന്നാൽ മലയാളഭാഷയിൽ പ്രവേശിച്ചു കാടായി വളന്നിരിക്കുന്ന ചരിത്രനോവലുകളേയും ചരിത്രനാടകങ്ങളേയും പരിഗണിക്കുമ്പോൾ അവയെ ഉൻമൂലനംചെയ്തു സാമുദായികകൃതികൾക്കു വള

രുവാൻ സ്ഥലംകൊടുക്കേണ്ടതാണെന്നും പ്രത്യക്ഷമാകുന്നതാണു്. ഇതിനുവേണ്ട പ്രചാരകവേല ചെയ്യുന്നതിനുള്ള ഒരുത്തമമാർഗ്ഗം ചരിത്രനോവലുകളേയും നാടകങ്ങളേയും സൗകര്യം കിട്ടുമ്പോഴെല്ലാം ആക്ഷേപിക്കുന്നതാണു്. സ്ത്രീകൾ നടികളായി രംഗത്തിൽ പ്രവേശിക്കണമെന്നു പറഞ്ഞു സന്മാർഗ്ഗഭ്രാന്തു കലശ്ശു വിഘാതമായി നില്ക്കരുതെന്നു വള്ളത്തോൾ അഭിപ്രായപ്പെട്ടിരിക്കുന്നതിനോടു ഞങ്ങൾ പൂർണ്ണമായി യോജിക്കുന്നു. പക്ഷേ, യുവകവികളുടെ ശൃംഗാരകവിതകളിൽ കാണാറുള്ള 'അസഭ്യത'യോടും തനിക്കു പ്രാതികൂല്യമുണ്ടെന്നുള്ള സൂചനയിൽ സന്മാർഗ്ഗഭ്രാന്തിന്റെ പിടിയിൽനിന്നു പൂർണ്ണമായ മോചനം തനിക്കു ലഭിച്ചിട്ടില്ലെന്നു് അദ്ദേഹം പ്രത്യക്ഷപ്പെടുത്തുന്നുണ്ടു്. ശബ്ദഭംഗിയെ വേണ്ടതിലധികം വള്ളത്തോൾ ബലപ്പെടുത്തിയെന്നാണു ഞങ്ങൾ വിചാരിക്കുന്നതു്.

മി. മൂർക്കോത്തു കുമാരൻ കാരണക്കാരനും മി. കേശവൻനമ്പൂതിരിപ്പാടു് അവതാരകനും ആയതും പരിഷൽസമ്മേളനത്തിൽ വലുതായ ബഹളത്തിനു കാരണമാക്കിയതുമായ യുവസാഹിത്യകാരന്മാരുടെ കൃതികളെ പരിഷത്തിനയയ്ക്കണമെന്നുള്ള പ്രമേയത്തെപ്പററിയും രണ്ടുവാക്കു പറയേണ്ടിയിരിക്കുന്നു. യുവസാഹിത്യകാരന്മാരെ 'ചോരകുടിയന്മാ'രായ പുസ്തകപ്രസാധകരുടെ ദംഷ്ട്രങ്ങളിൽനിന്നു രക്ഷിക്കണമെന്നുള്ള സദുദ്ദേശത്തോടുകൂടിയാണു് ഈ പ്രമേയം അവതരിപ്പിച്ചതു്. പക്ഷേ, പരിഷത്‌ഭാരവാഹികളിൽ യുവസാഹിത്യകാരന്മാർക്കു വിശ്വാസമില്ലായ്കയാൽ ഇതു ബഹളത്തിനു കാരണമായിത്തീന്നു. പരിഷത്തു് ഏതാനും സാഹിത്യസമ്രാട്ടുകളുടെ സ്വകാര്യസ്വത്തായിരിക്കുന്നിടത്തോളംകാലം യുവജനങ്ങളുടെ സംശയങ്ങൾക്കു് അടിസ്ഥാനമുണ്ടെന്നാണു ഞങ്ങളുടെ അഭിപ്രായം. പരിഷത്തിൽ ഏറെക്കുറെ ഡെമോക്രസിയുടെ തത്വങ്ങൾ കൊണ്ടുവരാനുള്ള മി. ശങ്കരക്കുറുപ്പിന്റെ ഉദ്യമം പരാജയപ്പെട്ടതു് ഈ സംശയങ്ങളെ പ്രബലപ്പെടുത്തുന്നു. യുവഗ്രന്ഥകാരന്മാരുടെ പട്ടിണിക്കു പുസ്തകപ്രസിദ്ധീകരണശാലക്കാരെമാത്രം കുററപ്പെടുത്തിയാൽ പോരാ. കേരളത്തിലെ പൊതുജനങ്ങളേയും അതിനു കുററപ്പെടുത്തേണ്ടിയിരിക്കുന്നു. വക്കീലിനും വൈദ്യനും ധാരാളം പണം കൊടുക്കാൻ അവർക്കു മടിയില്ല. വസ്തുക്കളെയും ശരീരത്തെയുംപോലെ മനുഷ്യന്റെ മനസ്സിന്റെ വളച്ചയ്ക്കു വേണ്ടതായ കലാവാസനയെ പോഷിപ്പിക്കുന്നതു വക്കീലിന്റേയും വൈദ്യന്റേയും കാര്യത്തെപ്പോലെ ഒരു അത്യാവശ്യകാര്യമായിട്ടല്ല, കേവലം ഒരു സുഖസാധനമായിട്ടാണു കേരളത്തിലെ പൊതുജനങ്ങൾ കരുതിയിട്ടുള്ളതു്. നല്ല കലാവാസനയുള്ള ഫ്രാൻസിനെപ്പോലെയുള്ള രാജ്യങ്ങളിൽ വ്യക്തികൾ ധാരാളമായി സാഹിത്യകൃതികൾ വിലയ്ക്കുവാങ്ങിക്കുന്നു. കുറെ കുറഞ്ഞ കലാവാസനയുള്ളവർ അധിവസിക്കുന്ന ഇംഗ്ലണ്ടിൽ നോവലുകളെങ്കിലും സർക്കുലേററിങ്ങ് ലൈബ്രറികൾ ധാരാളമായി വാങ്ങിക്കുന്നു. കലാവാസന തൊട്ടുതെറിച്ചിട്ടുപോലുമില്ലാത്ത കേരളത്തിൽ ലൈബ്രറികൾപോലും പുതിയ സാഹിത്യകൃതികളെ വാങ്ങാറില്ല. ഈ സ്ഥിതിക്കു പുസ്തകപ്രസാധകന്മാരെ കേവലം ചോരകുടിയന്മാരെന്നു് അധിക്ഷേപിച്ചതുകൊണ്ടു ഫലമില്ല. പരിഷത്തു് അവരോടു

ശ്രൂപാർശചെയ്താൽ—പരിഷത്ത് നിഷ്പക്ഷമായി അഭിപ്രായം പറഞ്ഞാൽത്തന്നെയും—നഷ്ടപ്പെട്ട പുസ്തകപ്രസാധകർ അവയെ സാധാരണയായി പ്രസിദ്ധീകരിക്കുമെന്നും വിചാരിക്കുവാൻ പാടില്ല. ഗ്രാമീണ പുനരുദ്ധാരണപദ്ധതിയോട്ട് അനുബന്ധിച്ചുള്ള സാർവ്വത്രികമായ ലൈബ്രറിപ്രസ്ഥാനവും ന്യൂയോക്കിൽ കുറെമുമ്പ് നടത്തിയതുപോലെയുള്ള പുസ്തകപ്രസാധകന്മാരുടെ പരിശീലനവിദ്യാലയത്തിന്റെ സ്ഥാപനവും ബെൽജിയൻ ഗവമ്മെൻറു ഫ്ളെമിഷ് സാഹിത്യത്തെ പ്രോത്സാഹിപ്പിക്കുവാനായി ആണ്ടുതോറും ഉത്തമസാഹിത്യകൃതികൾക്കു നല്കുന്ന സമ്മാനങ്ങൾപോലെയുള്ള സമ്മാനങ്ങളും മററുംകൊണ്ടേ കാലക്രമത്തിൽ യുവസാഹിത്യകാരന്മാക്കു മുഴപ്പട്ടിണികൂടാതെ കഴിച്ചുകൂട്ടുവാൻ സാധിക്കുകയുള്ളു. നമ്മുടെ പുസ്തകവില്പനക്കാക്കു പരസ്യത്തിന്റെ പ്രാധാന്യവും വില്പനശാസ്ത്രവും (Salesmanship) അറിയാൻപാടില്ല. ഇതു പുസ്തകങ്ങൾ വിറ്റഴിയുന്നതിനു വലിയ പ്രതിബന്ധമായിത്തീന്നിട്ടുണ്ട്. കേരള സവ്വകലാശാലയുടെ സ്ഥാപനവും യുവസാഹിത്യകാരന്മാക്കു സഹായമായിത്തീന്നേക്കും.

കേസരി, 1934 മേയ് 23

# യുവജനസാഹിത്യസമ്മേളനം

തലശ്ശേരിയിൽവച്ചു കഴിഞ്ഞ ആഴ്ച കൂടിയ യുവജനസാഹിത്യസമ്മേളനവിവരങ്ങൾ സംക്ഷേപിച്ചു് അന്യത്ര ചേത്തിട്ടുണ്ട്. യുവജനസാഹിത്യസമ്മേളനപ്രസ്ഥാനം ഇദംപ്രഥമമായി തുടങ്ങിയിട്ടുള്ള ഒന്നാകയാൽ അതിനെ നേർവഴിക്കു നയിക്കേണ്ടതായ ശ്രമകരവും ഭാരമേറിയതുമായ കത്തവ്യം അതിലെ അദ്ധ്യക്ഷക്കുണ്ടായിരുന്നു. അതിനാൽ അതിലെ രണ്ടു് അദ്ധ്യക്ഷരുടേയും പ്രസംഗങ്ങൾ സൂക്ഷ്മമായി പഠിച്ചു് ഈ കത്തവ്യം അവർ വേണ്ടവിധത്തിൽ നിവ്വഹിച്ചിട്ടുണ്ടോ എന്നു പരിശോധിക്കേണ്ടതു് അത്യാവശ്യമാണെന്നു ഞങ്ങൾ വിചാരിക്കുന്നു. അദ്ധ്യക്ഷർ രണ്ടുപേരും ഈ കൃത്യം വേണ്ടപോലെ നിവ്വഹിച്ചില്ലെന്നു പറയേണ്ടിവരുന്നതിൽ ഞങ്ങൾക്കു വ്യസനമുണ്ട്. യുവജനസാഹിത്യസമ്മേളനപ്രസ്ഥാനം തുടങ്ങുന്നതിനു കാരണമായ മനസ്ഥിതി അദ്ധ്യക്ഷരായ രണ്ടുപേരും നല്ലപോലെ മനസ്സിലാക്കാത്തതിനാലാണു് അവക്ക് അതിനെ വേണ്ടവിധത്തിൽ നയിക്കുവാൻ സാധിക്കാതെ വന്നതെന്നു തോന്നുന്നു. സമസ്തകേരള സാഹിത്യപരിഷത്തിന്റെ കമ്മമാന്ദ്യം, ഇന്നത്തെ സാഹിത്യത്തിന്റെ പ്രഭുത്വമനസ്ഥിതി, തന്നിമിത്തം ഇന്നത്തെ ആവശ്യങ്ങളെ നിറവേററുവാൻ അതിനുള്ള കെല്പില്ലായ്മ, ഇന്നുള്ള സാഹിത്യത്തിൽ വിപ്ലവമനസ്ഥിതിക്കും സാദൃശ്യാത്മകത്വത്തിനും (Realism) സ്ഥാനമില്ലാത്തതു്, ശാശ്വത തത്വങ്ങളെന്നു ധാരണയിൽ ആ പഴയ സാഹിത്യം കീത്തിച്ചിരുന്ന സകല ആശയങ്ങളുടേയും അടിസ്ഥാനം ഇന്ന

ത്തെ ശാസ്ത്രീയകണ്ടുപിടിത്തങ്ങൾ തട്ടിത്തകത്തിരിക്കുന്നതിനെ പററിയുള്ള അതിന്റെ ഭീമമായ അജ്ഞാനം മുതലായവയാണു് യുവാക്കന്മാർ വിപ്ലവക്കൊടി നാട്ടിയതിനുള്ള കാരണങ്ങൾ. പഴയസാഹിത്യത്തിൽ വിപ്ലവകരങ്ങളായ പരിവത്തനങ്ങൾ വരുത്തിയാലേ പ്രസ്തുത ന്യൂനതകളെ മാററുവാൻ സാധിക്കുകയുള്ളു. അതായതു് രാഷ്ട്രീയപ്രവത്തനത്തിലെ അരാജകതവാദത്തോടു സാദൃശ്യമുള്ള ഒരുതരം ഫ്യൂച്ചറിസം തൽക്കാലത്തേക്കു സ്വീകരിച്ചാൽമാത്രമേ ഈ ന്യൂനതകളെ മാററുവാൻ സാദ്ധ്യമാകുകയുള്ളു. ഇതു മനസ്സിലാക്കാതെ രണ്ടദ്ധ്യക്ഷരും പൊളിഞ്ഞ 'സനാതന'കലാതത്വങ്ങളെ പശ്ചാത്താപപൂവ്വം വീക്ഷിച്ചുകൊണ്ടു് പഴയതിനെ തീരെ നശിപ്പിക്കാതെകണ്ടു് ക്രമേണയുള്ള പരിണാമം(Evolution) കൊണ്ടു് ഇന്നത്തെ സാഹിത്യത്തിൽ പരിവത്തനം വരുത്തിയാൽ മതിയെന്നാണു് സാമാന്യമായി പറയുകയാണെങ്കിൽ ഉപദേശിച്ചതു്. പഴയതിനെ നശിപ്പിക്കുന്നതിനായി യുവജനങ്ങൾക്കു തൽക്കാലം പൂണ്ണസ്വാതന്ത്ര്യം അനുവദിച്ചുകൊടുത്തു് ആ നശീകരണവേല തീരാറാകുമ്പോൾ മുതൽക്കു് അവർ നിയന്ത്രണത്തിനധീനരായി നിമ്മാണപരമായ വേല തുടങ്ങണമെന്നുപദേശിക്കുകയായിരുന്നു പ്രസ്തുത അദ്ധ്യക്ഷർ ചെയ്യേണ്ടിയിരുന്നതു്. എയിൻസ്റ്റന്റെ സാപേക്ഷണവാദവും(Theory of relativity) ഫ്രൂഡിന്റെ (Freud) ഉപബോധമനസ്സിന്റെ (Sub-conscious mind) കണ്ടുപിടുത്തവും ഈ ഒട്ടക്കം പറഞ്ഞതിന്റെ ഫലമായിട്ടുണ്ടായിട്ടുള്ള പണ്ടത്തെ വ്യക്തിത്വമെന്ന ആശയത്തിന്റെ വിച്ഛേദവും (Disintegration of personality), കുടുംബം, മതം, വിവാഹം, സന്മാഗ്ഗം മുതലായ ശാശ്വതമെന്നു കരുതപ്പെട്ടുവന്ന സ്ഥാപനങ്ങളെ പററിയുള്ള നരശാസ്ത്രപരമായ (Anthropological researches) പയ്യവേക്ഷണങ്ങളും മററും നിമിത്തം പഴയ ആശയങ്ങൾ സകലതും തവിടുപൊടിയായിരിക്കുന്ന കാലമാണിന്നു്. ഇങ്ങനെയിരിക്കുമ്പോൾ ഈ പഴയ ആശയങ്ങൾ സനാതനങ്ങളാണെന്നുള്ള അശാസ്ത്രീയമായ ധാരണയിന്മേൽ സൃഷ്ടിക്കപ്പെട്ടിട്ടുള്ള കലാതത്വങ്ങൾ എങ്ങനെ ശാശ്വതങ്ങളായിരിക്കുമെന്നാണു ഞങ്ങൾ ചോദിക്കുന്നതു്. ഈ സ്ഥിതി വന്നിട്ടുള്ളതുകൊണ്ടു് ഈ സനാതനകലാതത്വങ്ങളെ വിപ്ലവകരമായ ഒരു മനസ്ഥിതിയോടെ വീണ്ടും പരിശോധിച്ചു നവീന കണ്ടുപിടിത്തങ്ങളുടെ പ്രകാശത്തിൻകീഴിൽ നിലനിൽക്കുമെന്നു കാണുന്നവയേതെല്ലാമെന്നു് അറിയേണ്ടതു് ഇന്നത്തെ ഒഴിച്ചുകൂടാത്ത കത്തവ്യമല്ലേ? ഒന്നു രണ്ടുദാഹരണങ്ങളെടുക്കാം: എയിൻസ്റ്റൻെറ സാപേക്ഷണവാദത്തിൻെറ സാഹിത്യപരമായ ഫലം സാർവത്രികമായ കാവ്യസങ്കേതങ്ങൾ അഥവാ ചിഹ്നങ്ങൾ ഇല്ലെന്നും സ്ഥലം, അഥവാ, പരിതസ്ഥിതി, കാലം എന്നീ പ്രാപഞ്ചികകക്ഷ്യകളും വ്യക്തിപരമായ അനുഭവങ്ങളും ആസ്പദമാക്കിയുള്ള വ്യക്തിപരമായ കാവ്യസങ്കേതങ്ങൾ അഥവാ ചിഹ്നങ്ങൾ മാത്രമേ ഉള്ളു എന്നും വരുന്നു. ശ്രീമതി ദ്രൗപദിഅമ്മ കാണുന്ന നൈരന്തയ്യധമ്മത്തിൻെറയും സാർവത്രികമായ മൗലികതത്വങ്ങളുടെയും അടിത്തട്ടു് ഇതു പൊളിച്ചുകളയുന്നു. വ്യക്തിത്വം (Personality) എന്ന ഒന്നില്ലെന്നും, പല മുഖീയമായ ജന്മവാ

സനകളുടേയും വികാരങ്ങളുടെയും സുഘടിതമല്ലാത്ത ഒരു കെട്ടുമാത്രമാണു മനുഷ്യനെന്നും ഫ്രൂഡിൻെറ കണ്ടുപിടിത്തങ്ങൾ സ്ഥാപിക്കുന്നതിനാൽ പഴയ സാഹിത്യത്തിലെ കഥാപാത്രസൃഷ്ടിരീതിയും സംഭവവിവരണരീതിയും മാർസെൽ പ്രൂസ്ററും ജെയിംസ് ജോയ്സും ചെയ്തതുപോലെ വിപ്ലവകരമായ രീതിയിൽ ഇന്നു മാറേറണ്ടിവന്നിരിക്കുന്നു. ദൈവം മനുഷ്യസൃഷ്ടിയാണെന്നും പിതൃവാത്സല്യം കൃത്രിമമാണെന്നും ഈഡിപ്പസ് കാംപ്ലക്സ് നിമിത്തം പിതൃപുത്രവൈരം ജനിക്കുന്നു എന്നും കുടുംബജീവിതവും വിവാഹവും മർദ്ദിതലക്ഷങ്ങളെ അടക്കിവച്ചുകൊണ്ടുപോകുവാൻമാത്രം ഉപകരിക്കുന്നതും സന്താനങ്ങളെ കൊള്ളരുതാത്തവരാക്കാൻ സഹായിക്കുന്നതുംമാത്രമാണെന്നും മററുമുള്ള നരശാസ്ത്രത്തിൻെറയും മനശ്ശാസ്ത്രത്തിൻെറയും കണ്ടുപിടിത്തങ്ങൾ ഇന്നുണ്ടായിരിക്കുന്ന സ്ഥിതിക്കു് പിതൃഭക്തനും ഏകഭാര്യാവ്രതം അനുഷ്ഠിച്ചവനും വൈദികരുടെ അടിമയും ഭാര്യയെ മോഷ്ടിച്ചുകൊണ്ടുപോയ രാജാവിൻെറ നിരപരാധികളായ പ്രജകളെ നിഹനിച്ചു നശിപ്പിച്ചവനുമായ രാമനെ ശ്രീ വള്ളത്തോൾ എന്തു പറഞ്ഞാലും അടുത്ത ഭാവിയിലെ കേരളീയയുവാക്കന്മാർ മാതൃകാപുരുഷനും മാർഗ്ഗദർശിയുമായി സ്വീകരിക്കുകയില്ലതന്നെ. തൻെറ ഭാര്യയുടെ ബഹുഭർത്തൃത്വത്തിനു സമ്മതിച്ചവനായി അവർ യുധിഷ്ഠിരനെ മാർഗ്ഗദർശിയായി വിചാരിക്കുമെങ്കിലും പുരുഷത്വമില്ലായ്മയും മതഭക്തിയും നിമിത്തം മറെറാന്നിനും അവർ അദ്ദേഹത്തെ ആദർശമാക്കുകയില്ല. ഗദ്യവും പദ്യവും എന്ന പഴയ വിഭജനം അടിസ്ഥാനരഹിതമെന്നു സുപ്രസിദ്ധ ആധുനികനിരൂപകനായ ബെനഡെറെറാ ക്രോസെ സ്ഥാപിച്ചിരിക്കുന്നതു് അറിയാവുന്നവരും ഇന്നത്തെ സാഹിത്യത്തിൽ സമ്പൂർണ്ണമായ വിപ്ലവം ഉണ്ടാകേണ്ടതിൻെറ ആവശ്യകത മേൽവിവരിച്ച കാരണങ്ങളിൽനിന്നും മനസ്സിലാക്കിയിട്ടുള്ളവരും ശ്രീമതി ദ്രൗപദിഅമ്മയുടെ പ്രസംഗത്തിലെ ആശയങ്ങളോടു യോജിക്കുകയില്ല. മലയാളത്തിലെ പദ്യസാഹിത്യത്തിൽ വേണ്ട പരിവർത്തനങ്ങൾ ഇപ്പോൾതന്നെ ഉണ്ടായിത്തുടങ്ങിയിട്ടുള്ളതിനാൽ ഗദ്യസാഹിത്യത്തിൽമാത്രം പാശ്ചാത്യസാഹിത്യങ്ങളെ അനുകരിച്ചാൽ മതിയെന്നാണു് ആ മഹതി പറഞ്ഞിരിക്കുന്നതു്! വർത്തമാനകാലത്തിൽ തലയിടുന്ന ഇബ്സൻെറ ഡാൾസ് ഹൗസ് എന്ന പ്രാബല്യം നാടകം യുവജനങ്ങൾ അനുകരിക്കണമെന്നു പറയുന്ന ശ്രീമതി ദ്രൗപദി അമ്മ തന്നെ വർത്തമാനകാലത്തിൽ തലയിട്ടതുകൊണ്ടു കുമാരനാശാൻെറ ദുരവസ്ഥ അധഃപതിച്ചുപോയി എന്നു വിധിയെഴുതിയിരിക്കുന്നു. മഹാകവി കുമാരനാശാൻെറ നളിനിയാണു് അദ്ദേഹത്തിൻെറ ദുരവസ്ഥയെക്കാൾ ശ്രേഷ്ഠമെന്നും ദുരവസ്ഥയ്ക്കു പററിയ അധഃപതനത്തിനു കാരണം വർത്തമാനകാലത്തിൽ തലയിട്ടതുകൊണ്ടാണെന്നും തട്ടിമൂളിച്ചിരിക്കുന്ന ആ മഹതി യൂറോപ്പിലെ ഫ്യൂച്ചൂറിസ്റ്റു് പ്രസ്ഥാനക്കാരും മോഡേണിസ്റ്റു് പ്രസ്ഥാനക്കാരും പുറപ്പെടുവിച്ചിട്ടുള്ള വാദങ്ങൾ ഇനിയെങ്കിലും ഒന്നു പഠിക്കുകയും ഡാക്ടർ വാട്ട്സൻെറ ബിഹേവിയറിസം എന്ന മനശ്ശാസ്ത്രവാദത്തിൻെറ സാഹിത്യഫലങ്ങളെപ്പററി ഒന്നു ചിന്തിച്ചു

നോക്കുകയും ചെയ്യേണ്ടതാണ്. ഗ്രാമങ്ങൾ യുവജനസാഹിത്യപ്രസ്ഥാനക്കാർ കർമ്മരംഗങ്ങളാക്കണമെന്നുള്ള മി. വള്ളത്തോളിൻെറ നിർദ്ദേശവും സർവ്വകലാശാലവിദ്യാഭ്യാസം മലയാളംമുഖേന നടത്തണമെന്നും കേരളസർവ്വകലാശാല സ്ഥാപിക്കണമെന്നുമുള്ള ശ്രീമതി ദ്രൗപദി അമ്മയുടെ നിർദ്ദേശങ്ങളും സ്വീകാര്യങ്ങളാണ്. എന്നാൽ തുഞ്ചൻെറ ഛായാമുദ്രയും കാവിഖദർവസ്ത്രവും ധരിച്ചുകൊണ്ടു സാധാരണജനങ്ങളിൽനിന്നു പണംപിരിക്കാൻ പോകണമെന്നുള്ള മി. വള്ളത്തോളിൻെറ നിർദ്ദേശത്തിൽ തുഞ്ചൻെറ മുദ്ര ധരിക്കുന്നതും കാവിഖദർ ധരിക്കുന്നതുമായ ഭാഗത്തോടു ഞങ്ങൾ യോജിക്കുന്നില്ല. ഒരു കാര്യത്തിനു പണം സംഭാവനചെയ്യുവനു് ആ കാര്യത്തിൽ അല്പമെങ്കിലും താല്പര്യം ജനിക്കുമെന്നുള്ള മനശ്ശാസ്ത്രതത്വം അറിഞ്ഞു് ഈ സംഭാവനപ്പിരിവു നിർദ്ദേശം ചെയ്തതു് ആശാസ്യമാണ്. പക്ഷേ മർദ്ദിതലക്ഷങ്ങളെ മുതലാളികളുടെ സാമ്പത്തികചൂഷണങ്ങൾ സഹിച്ചുകൊണ്ടുപോകുന്നതിന് ഉപദേശിക്കുന്ന ദൈവവിധിക്കു കീഴടങ്ങണമെന്നുള്ള മതതത്വം ഉൽഘോഷിച്ചിട്ടുള്ള തുഞ്ചൻെറ മുദ്ര ധരിച്ചുകൊണ്ടു് ആ മർദ്ദിതലക്ഷങ്ങളോടു സഹായമപേക്ഷിക്കുന്നതിൻെറ അനൗചിത്യം ശ്രീ വള്ളത്തോൾ കാണാത്തതു കഷ്ടമായിപ്പോയി. അതുപോലെതന്നെ കാവി പ്രസ്തുത ചൂഷണത്തെ സഹായിക്കുന്ന മതത്തിൻെറ ലക്ഷണമായതുകൊണ്ടു് അതും പാടില്ല. യുവജനങ്ങൾ തുടങ്ങുന്ന നവസാഹിത്യത്തിനു ദേശീയതത്വം ഉണ്ടായിരിക്കുവാൻ പാടില്ലാത്തതിനാൽ ദേശീയമനസ്ഥിതിയുടെ അടയാളമായിത്തീർന്നിട്ടുള്ള ഖദറും വർജ്ജ്യമാണ്. ഇങ്ങനെ രണ്ടു് അദ്ധ്യക്ഷരുടെയും പ്രസംഗങ്ങളിൽ പല കുററങ്ങളും കുറവുകളും ഞങ്ങൾ കാണുന്നുണ്ടെങ്കിലും, പുതുതായി തുടങ്ങിയ യുവജനസാഹിത്യപ്രസ്ഥാനത്തെ യഥാശക്തി സഹായിക്കാൻ വന്നതിന് ഞങ്ങൾ അവർ രണ്ടുപേരേയും, പ്രത്യേകിച്ചു ശ്രീ വള്ളത്തോളിനേയും, സർവാത്മനാ അഭിനന്ദിച്ചുകൊള്ളുന്നു. പല തടസ്സങ്ങളേയും വിഗണിച്ചു സമ്മേളനം ഭംഗിയായി നടത്തിയതിനു സമ്മേളനഭാരവാഹികളെ അഭിനന്ദിക്കുകയും ഈ പ്രസ്ഥാനത്തിനു സകലമംഗളങ്ങളും ആശംസിക്കുകയും ചെയ്യുന്നു.

കേസരി, 1935 മേയ് 15

# സമസ്തകേരളസാഹിത്യപരിഷത്തു്

യുവജനസാഹിത്യസമ്മേളനം എന്ന ശിശുവിനെ തലശ്ശേരിയിൽ വച്ചു പ്രസവിച്ചയുടനെ സാധുമാതാവായ സമസ്തകേരളസാഹിത്യപരിഷത്തു്—രജിസ്റ്റർചെയ്ത പരിഷത്തല്ല—മൃതി അടഞ്ഞിരിക്കുന്നു എന്നാണ് ഞങ്ങൾക്കു കണ്ടിടത്തോളം സംഗതികളിൽനിന്നു തോന്നുന്നതു്. മുൻപതിവനുസരിച്ചു പരിഷത്തിനെ അടുത്ത കൊല്ലം ഒരു സ്ഥലത്തേക്കു ക്ഷണിക്കുവാൻ പരിഷൽസമ്മേളനത്തിൽ ആരും ഉണ്ടായിരുന്നില്ല.

പരിഷൽസമ്മേളനത്തിലെ പ്രതിനിധികൾ രജിസ്റ്റർ ചെയ്ത പരിഷത്തിലെ അംഗങ്ങളായിരിക്കണമെന്നും പരിഷൽസമ്മേളനം രജിസ്റ്റർചെയ്ത പരിഷത്തിൻെറ വാർഷികസമ്മേളനമായിരിക്കണമെന്നുമുള്ള പരിഷൽസമ്മേളനത്തിലെ നിശ്ചയങ്ങൾ രജിസ്റ്റർചെയ്ത പരിഷത്തു സ്വീകരിക്കുന്നതായാൽ ഇന്നത്തെ രീതിയിലുള്ള പരിഷൽസമ്മേളനം ഇപ്പോഴത്തേതിനോട്ടുകൂടി നിന്നുപോകുന്നതാണ്. രജിസ്റ്റർചെയ്ത പരിഷത്തിനും സ. കേ. സാഹിത്യപരിഷത്തിനും തമ്മിൽ നിയമദൃഷ്ട്യാ യാതൊരു ബന്ധവുമില്ലായ്കയാൽ ഈ നിശ്ചയങ്ങൾ അതു സ്വീകരിക്കണമെന്നില്ല. പക്ഷേ, ഈ നിശ്ചയങ്ങളും മൂന്നുറുപ്പികക്കാരും ഒരുറുപ്പികക്കാരുമായ രണ്ടുതരം പരിഷൽ അംഗങ്ങളുണ്ടായിരിക്കണമെന്നുള്ള നിശ്ചയവും ശാഖകൾ സ്ഥാപിക്കുന്നതിനു കമ്മിഷനോട്ടുകൂടി ഒരു പ്രചാരകനെ നിയമിക്കണമെന്നുള്ള നിശ്ചയവും ക്ഷയിച്ചുതുടങ്ങിയിരിക്കുന്ന രജിസ്റ്റേർഡ് പരിഷത്തിനെ തല്ക്കാലത്തേക്കെങ്കിലും ബലപ്പെടുത്തുവാൻ പര്യാപ്തമായതിനാൽ അവയെ അതു ബുദ്ധിയുണ്ടെങ്കിൽ സ്വീകരിച്ചേക്കാം. ഈ സംഗതികളാലാണ് യുവജനസാഹിത്യസമ്മേളനത്തെ പ്രസവിച്ചതോട്ടുകൂടി സ. കേ. സാ. പരിഷത്തു മരിച്ചുപോയി എന്നു ഞങ്ങൾ പറഞ്ഞതു്. പുതുതായി ഭൂജാതനായ ശിശുവിൻെറ ജനനത്തിൽ സഹായിച്ച ഡാക്ടരായ ശ്രീമാൻ വള്ളത്തോളും മിഡ്വൈഫായ ശ്രീമതി ദ്രൗപദി അമ്മയും കാണിച്ച സൂക്ഷ്മക്കുറവുനിമിത്തം ശിശുവിനു ചില തകരാറുകൾ ഞങ്ങൾ കഴിഞ്ഞലക്കത്തിൽ ചൂണ്ടിക്കാണിച്ചതുപോലെ പററിപ്പോയിട്ടുണ്ടെങ്കിലും അതിനെ ജനിപ്പിച്ച ബീജത്തിൻെറ ഉറപ്പും മേന്മയും കൊണ്ടു് അതിനു ശാശ്വതമായ തരക്കേടൊന്നും പററുകയില്ലെന്നാണു ഞങ്ങളുടെ വിശ്വാസം. യുവജനസമ്മേളനത്തിലെ രണ്ടു് അദ്ധ്യക്ഷപ്രസംഗങ്ങളോടു പരിഷത്തിന്റെ മൂന്നാം സമ്മേളനാദ്ധ്യക്ഷയായ ശ്രീമതി മിസ്സിസ് കുട്ടൻനായരുടെ പ്രസംഗം താരതമ്യപ്പെടുത്തിനോക്കിയാൽ ശ്രീമതി മിസ്സിസ് കുട്ടൻനായർ യുവജനസമ്മേളനത്തിലും ശ്രീമാൻ വള്ളത്തോളും ശ്രീമതി ദ്രൗപദി അമ്മയും പരിഷൽസമ്മേളനത്തിലും ആദ്ധ്യക്ഷംവഹിക്കേണ്ടതായിരുന്നു എന്നു തോന്നിപ്പോകും. എന്തെന്നാൽ യുവജനസമ്മേളനപ്രവൎത്തകന്മാരുടെ ആദർശങ്ങളോടു് കൂടുതലായി യോജിക്കുന്നതു് ശ്രീമതി മിസ്സിസ് കുട്ടൻനായരാണ്. രജിസ്റ്റേർഡ് പരിഷത്തിൽ ചേരാനുള്ള ഫീസ് ഒരു ഉറുപ്പികയാക്കിക്കുറച്ചതുകൊണ്ടു യുവജനങ്ങൾക്കു് അനായാസേന അതിലെ അംഗങ്ങളായി ചേൎന്നു് അതിനെ പിടിച്ചടക്കാമെന്നും തന്മൂലം ഭാഷാസാഹിത്യലോകത്തിലുള്ള ഈ ഭിന്നിപ്പു തീൎക്കാമെന്നും പ്രഥമദൃഷ്ടിയിൽ തോന്നിപ്പോകും. തലശ്ശേരിയിലെ യുവജനസമ്മേളനം പരിഷത്തിൻെറ ഏറെക്കുറെ ഒരു ആവൎത്തനംപോലെ കലാശിച്ചതും ഈ പ്രഥമാഭിപ്രായത്തെ പിന്താങ്ങുന്നതുപോലെ തോന്നും. എന്നാൽ ഗാഢമായി ആലോചിച്ചാൽ വിശ്വസാഹിത്യലോകത്തിൽ കണ്ടുവരുന്ന ഒരു അസന്ധേയമായ ഭിന്നിപ്പിൻെറ പ്രതിബിംബനമാണു സാഹിത്യപരിഷത്തും യുവജനസാഹിത്യസമ്മേളനപ്രസ്ഥാനവും തമ്മിലുള്ള ഭിന്നിപ്പ് എന്നു മനസ്സിലാക്കാൻ കഴിയും. കലാകാര

ന്മാരെ അർച്ചകരെന്നും (Priests), പ്രവാചകരെന്നും (Prophets), ഉപകാരികളെന്നും (Purveyors), തരംതിരിക്കാമെന്ന മി. ഡെസ്മണ്ട് മക്കാത്തി എന്ന നിരൂപകൻ ചൂണ്ടിക്കാണിച്ചിട്ടുണ്ട്. കല കലയ്ക്കുവേണ്ടി എന്നു വാദിച്ചുകൊണ്ടു കലയ്ക്കായി തങ്ങളുടെ ജീവനെ ഉഴിഞ്ഞുവിട്ടിട്ടുള്ളവരാണ് അർച്ചകർ. വത്തമാനകാലത്തിൽ തലയിട്ട സാഹിത്യം അശുദ്ധപ്പെട്ടുത്തരുതെന്നു പരിഷൽസമ്മേളനത്തിൽവച്ചു തുറന്നു് ഉൽഘോഷിച്ചു് മി. ഉള്ളൂർ പരമേശ്വരയ്യരും ഈ പോക്കിനെയാണു തങ്ങൾ ഇഷ്ടപ്പെടുന്നതെന്നു യുവജനസാഹിത്യസമ്മേളനത്തിൽവച്ചു പറയാതെ പറഞ്ഞ ശ്രീമാൻ വള്ളത്തോളും ശ്രീമതി ദ്രൗപദി അമ്മയും ഈ അർച്ചകരിൽ ഉൾപ്പെടുന്നതാണു്. ഹെൻറി ജെയിംസ്, ഫ്ലാബർട്ട്, കീറ്റ്സ് മുതലായ പാശ്ചാത്യസാഹിത്യകാരന്മാരും ഈ ഇനത്തിൽ പെടുന്നവരത്രെ. കലയെ സംബന്ധിച്ചുള്ള സകല സാങ്കേതികപ്രശ്നങ്ങളിലും ഇവക്ക് അതിയായ കൗതുകം തോന്നുന്നതാണു്. പ്രവാചകരും ഉപകാരികളുമായ സാഹിത്യകാരന്മാർ, അവരുടെ കൃതികളെ കലാസൃഷ്ടികളായി പ്രസ്തുത ആഢ്യന്മാരായ അർച്ചകർ പരിഗണിക്കുകയാണെങ്കിൽ, കലാപരമായ സങ്കേതികപ്രശ്നങ്ങളോടു പ്രസംഗവശാൽമാത്രമേ കൗതുകം കാണിക്കാറുള്ളു. ഇവരുടെ ശ്രദ്ധ പതിഞ്ഞിരിക്കുന്നതു് അർച്ചകരെപ്പോലെ ജീവിതത്തിലല്ല, ജീവിതംകൊണ്ടു് എന്തുചെയ്യാമെന്നുള്ളതിലാകുന്നു. പ്രവാചകർക്കുദാഹരണങ്ങളായി ടോൾസ്റ്റായിയേയും ഡോസ്റ്റോവ്സ്കിയേയും ഒരു വിധത്തിൽ എച്ച്. ജി. വെൽസിനേയും എടുക്കാവുന്നതാണു്. ഈ പ്രവാചകർ അവക്ക ലോകത്തിനു നല്കുവാനുള്ള സന്ദേശത്തിൽ മുഴുകിയിരിക്കും. ഉപകാരികളാകട്ടെ, ലോകരെ രസിപ്പിക്കാനോ, അവരുടെ സ്ഥിതി നന്നാക്കാനോ ഒരുമ്പെടുന്നതാണു്. ശ്രീമതി മിസ്സിസ് കുട്ടൻനായരും, തലശ്ശേരിയിലെ യുവജനസാഹിത്യപ്രസ്ഥാനം തുടങ്ങിയവരും ഈ ഉപകാരികളുടെ കൂട്ടത്തിൽ ഉൾപ്പെടും. ഒരു വിധത്തിൽ എച്ച്. ജി. വെൽസും ഇതിൽ ഉൾപ്പെടുന്നതാണു്. ബോൾഷെവിക്ക് റഷ്യയിലെ ഭൂരിപക്ഷം സാഹിത്യകാരന്മാരും ഈ വിഭാഗത്തിൽ പെട്ടവരാണു്. വോൾട്ടെയർ, സ്വിഫ്റ്റ്, റൂസ്സോ, പ്ലേറ്റോ എന്നീ മഹാസാഹിത്യകാരന്മാരും ഈ പിരിവിൽ ഉൾപ്പെടുന്നു. ഷേക്സ്പീയർ, മോളിയർ, കെർവാൻറീസ് എന്നിവരും ഈ ഉപകാരികളുടെ കൂട്ടത്തിൽ ഏറിയകൂറും ചേരുന്നതാണു്. അർച്ചകർ കൂട്ടതലായി കലാസൃഷ്ടികൾ സൃഷ്ടിച്ചിട്ടുണ്ടെങ്കിലും, (മി. മക്കാത്തിയുടെ അഭിപ്രായത്തിൽ മിക്ക കവികളും അർച്ചകരാണെന്നും ഇടയ്ക്കു പറഞ്ഞുകൊള്ളട്ടെ.) ലോകത്തിലെ അതിവിശിഷ്ടങ്ങളായ കൃതികളിൽ പലതും പ്രവാചകരുടേയും ഉപകാരികളുടേയും ആണെന്നും മി. മാക്കാത്തി ചൂണ്ടിക്കാണിക്കുന്നുണ്ടു്. സാഹിത്യകാരന്മാരിൽ മിക്കവരും ശുദ്ധ അർച്ചകരോ, ശുദ്ധ പ്രവാചകരോ, ശുദ്ധ ഉപകാരികളോ ആയിരിക്കുന്നതല്ല. ഈ വിഭാഗങ്ങളുടെ ഗുണങ്ങൾ അവരിൽ കലർന്നിരിക്കും. ഈ ഗുണങ്ങളിൽവച്ചു് പൊന്തിച്ചുനില്ക്കുന്നതിനെ ആസ്പദമാക്കിയാണു് ഈ വിഭജനം ഉണ്ടാക്കാവുന്നതും. പ്രവാചകനായ എച്ച്. ജി. വെൽസും അർച്ചകനായ

ഹെൻറി ജെയിംസും തമ്മിൽ തങ്ങളുടെ വിരുദ്ധനിലകളെപ്പററി ഒരു പ്രസിദ്ധവാദം നടത്തിയതും ഇവിടെ പ്രസ്താവയോഗ്യമാണു്. ഈ ഭിന്നിപ്പു സാഹിത്യമുള്ളകാലം നിലനില്ക്കുവാനാണു് ഇടകാണുന്നതു്. എന്നാൽ ഞങ്ങളുടെ അഭിപ്രായം ചില പരിവർത്തനകാലഘട്ടങ്ങളിൽ പ്രവാചകരും ഉപകാരികളുമാണു വേണ്ടതു് എന്നാകുന്നു. റഷ്യയിലെ ബോൾഷെവിക്കു് വിപ്ലവകാലം ഇങ്ങനെയുള്ള ഒരു കാലഘട്ടമാണു്. അതുപോലെയുള്ള ഒന്നാണു് ഇന്നു ഭാരതത്തേയും കേരളത്തേയും അഭിമുഖീകരിച്ചിരിക്കുന്നതു്. ഈ സ്ഥിതി ഇന്നത്തെ റഷ്യയിലേതുപോലെ ഭാവിയിൽ മാറിയേക്കാം. കമ്മ്യൂണിസ്റ്റു് ഘടന സുസ്ഥാപിതമായതുകൊണ്ടു് അല്പം മുമ്പു് മോസ്കോയിൽവച്ചുകൂടിയ ബോൾഷെവിക്കു് സാഹിത്യസമ്മേളനത്തിൽവച്ചു പ്രവാചകരുടേയും ഉപകാരികളുടേയും സാഹിത്യോദ്യമങ്ങളോടു പലരും മുഷിവു പ്രകടിപ്പിക്കുകയുണ്ടായി. സോവിയററു് റഷ്യയിലെ മുഖ്യ ഉപകാരികവികൾ ഡൊമിയൻ ബെഡ്നിയും ഫ്യൂച്ചൂറിസ്റ്റായ വ്ളാഡിമീർ മയക്കൗസ്കിയുമാണു്. ഇവരെപ്പററി മോസ്കോയിലെ പ്രധാന പത്രമായ 'പ്രവ്ദ'യുടെ പത്രാധിപരായ ബുക്കാറിൻ ഇങ്ങനെ പറഞ്ഞിരിക്കുന്നു. "മയക്കൗസ്കിയുടെ പ്രചാരകഗാനങ്ങളുടെ കാലം കഴിഞ്ഞിരിക്കുന്നു. നമ്മുടെ കവിതയുടെ സാമഗ്രികൾ നമ്മുടെ വീര്യപൂർണ്ണമായ ജീവിതത്തോടു് താരതമ്യപ്പെടുത്തിനോക്കിയാൽ ദുർബ്ബലവും നിസ്സാരവുമാണു്." ഭാരതത്തിലും കേരളത്തിലും പുതിയ സമുദായഘടന ആരംഭിക്കുകമാത്രമേ ചെയ്തിട്ടുള്ളു. അതിനാൽ ഇവിടെ അർച്ചകരായ സ. കേ. സാ. പരിഷത്തുകാരെയല്ല, ഉപകാരികളും പ്രവാചകരുമായ യുവജനസാഹിത്യസമ്മേളനക്കാരെയാണു കുറേക്കാലത്തേക്കു വേണ്ടതു്. ഇവരുടെ ജോലി തീരുമ്പോൾ ഇവരുടെ പ്രസ്ഥാനം വഴിപിഴച്ചുപോകാതെ ഇരിക്കുവാനായി അർച്ചകരെ തൽക്കാലം നിരായുധരായി വച്ചുകൊണ്ടിരിക്കേണ്ട ആവശ്യമുണ്ടു്. ഇതുകൊണ്ടാണു് പരിഷത്തും യുവജനസാഹിത്യസമ്മേളനവും ഒന്നായി ലയിക്കുന്നതു് ആശാസ്യമല്ലെന്നു ഞങ്ങൾ മുകളിൽ അഭിപ്രായപ്പെട്ടതു്. മതാചാര്യന്മാരെപ്പററി സാഹിത്യത്തിൽ പ്രതിവാദിക്കുവാൻ പാടില്ലെന്നുള്ള പരിഷൽനിശ്ചയം അതിന്റെ ഇപ്പോഴത്തെ രൂപത്തിൽ മികച്ച യാഥാസ്ഥിതികത്വത്തിനു മകുടോദാഹരണമാണെങ്കിലും ചരിത്രസംഭവങ്ങളെപ്പററി ഒരു സാഹിത്യകൃതിയും പാടില്ലെന്നു വിശാലമായ രീതിയിൽ അതു നിശ്ചയം പാസാക്കിയിരുന്നെങ്കിൽ ചരിത്രനോവലുകളേയും ചരിത്രനാടകങ്ങളേയും ചരിത്രകാവ്യങ്ങളേയും വെറുക്കുന്ന ഞങ്ങൾ അതിനെ പിന്താങ്ങുമായിരുന്നു എന്നും അവസാനമായി പറഞ്ഞുകൊള്ളട്ടെ.

കേസരി, 1935 മേയ് 22

# നാടകനിർമ്മാണപരീക്ഷ

[കേരളകലാമണ്ഡലം ഒരു നാടകമത്സരം നടത്തി. നൂറ്റിഅമ്പതു രൂപ സമ്മാനം. അന്നു് ഇബ്സൻ തുടങ്ങിയ പാശ്ചാത്യനാടകകൃത്തുക്കളെ തർജ്ജമമൂലം കേരളീയർക്കു് കേസരി പരിചയപ്പെടുത്തിക്കൊടുക്കുന്ന കാലമായിരുന്നു. ആധുനിക നാടകസങ്കേതങ്ങളെക്കുറിച്ചു് നിരവധി ലേഖനങ്ങളും അന്നു കേസരിയിൽ പ്രസിദ്ധപ്പെടുത്താറുണ്ടായിരുന്നു. സമ്മാനം നിശ്ചയിക്കുന്നതിനുള്ള മാനദണ്ഡങ്ങളെക്കുറിച്ചു കേസരി എഴുതിയ കുറിപ്പാണിതു്. ഈ മത്സരത്തിൽ ഒന്നാംസമ്മാനം കെ. രാമകൃഷ്ണപിള്ള(കുട്ടനാട്ടു്)യുടെ തപ്തബാഷ്പത്തിനാണു കിട്ടിയതു്.]

കേരളകലാമണ്ഡലത്തിന്റെ പ്രവൎത്തകർ കലാപോഷണത്തിനായി മനഃപൂർവ്വം പ്രവൎത്തിക്കുന്നതായി അറിയുന്നതിൽ ഞങ്ങൾ അത്യധികം സന്തോഷിക്കുന്നു. കലാമണ്ഡലം കാൎയ്യദർശി അയച്ചുതന്ന നാടകനിൎമ്മാണപരീക്ഷയുടെ വിവരങ്ങൾ അന്യത്ര ചേൎത്തിട്ടുണ്ടു്. സാഹിത്യവാസനയും ഭാഷാഭിമാനവുമുള്ള സകലകേരളീയരുടെയും ശ്രദ്ധ ഇതിലേക്കു ഞങ്ങൾ ക്ഷണിച്ചുകൊള്ളുന്നു. ഗദ്യനാടകമാണു് കലാമണ്ഡലക്കാൎക്കു വേണ്ടതു്. ഇതാണു് ഭാഷയ്ക്കു് ഇന്നു് അത്യാവശ്യമായിത്തീൎന്നിരിക്കുന്നതും. അധികം ദീർഘമായിരിക്കരുതെന്നുള്ള നിബന്ധനയും കൊള്ളാം. പശ്ചാത്യരുടെ ഇടയിൽ പ്രചാരമുള്ള പ്രയാസമേറിയ ഒറ്റ അങ്കം നാടകം മലയാളഭാഷയിൽ വേണ്ടതാണു്. കഥാവസ്തു പ്രസിദ്ധമോ കല്പിതമോ ആവാമെന്നുവച്ചിട്ടുണ്ടു്. നാടകം പൊതുജനങ്ങളെ ഒരു ഉത്തമജീവിതമാൎഗ്ഗത്തിലേക്കു നയിക്കുവാൻ മതിയാകത്തക്കതായിരിക്കണമെന്നു് അതിൽ പറഞ്ഞിരിക്കുന്നു. ഇതിന്റെ അൎത്ഥം നാടകം സന്മാൎഗ്ഗപാഠം പഠിപ്പിക്കുന്ന ഒരു നീതികഥയായിരിക്കണമെന്നാണു് കലാമണ്ഡലപ്രവൎത്തകർ ഉദ്ദേശിച്ചിട്ടുള്ളതെങ്കിൽ ഈ നിയന്ത്രണം കലയെ പോഷിപ്പിക്കുന്നതിനുപകരം അതിനെ നശിപ്പിക്കുമെന്നേ ഞങ്ങൾ അഭിപ്രായപ്പെടുന്നുള്ളു. കലയ്ക്കും സന്മാൎഗ്ഗത്തിനും തമ്മിൽ ബന്ധമില്ലെന്നും കലയുടെ പരമമായ ഉദ്ദേശം ലാവണ്യനിൎമ്മാണമാണെന്നുമുള്ള പക്ഷക്കാരാണു ഞങ്ങൾ. ഇതുകൊണ്ടു് ഒരു കലാസൃഷ്ടിയിൽ സന്മാൎഗ്ഗം പാടില്ലെന്നല്ല, ഞങ്ങൾ പറയുന്നതു്. സന്മാൎഗ്ഗതത്വങ്ങളോ, അതിനുവിരുദ്ധമായ തത്വങ്ങളോ അതിൽ ഉണ്ടായിരിക്കാം. അതല്ല, ലാവണ്യനിൎമ്മാണമാണു് അതിൽ അവശ്യമായി വേണ്ടതെന്നേ ഞങ്ങൾ പറയുന്നുള്ളൂ. 'ഉത്തമ'മെന്ന പദപ്രയോഗത്തിൽ ഒരുപക്ഷേ കലാമണ്ഡലപ്രവൎത്തകർ 'സന്മാൎഗ്ഗ'മെന്ന ധ്വനി ഉദ്ദേശിച്ചിട്ടില്ലെന്നും വന്നേക്കാം. ഏറ്റവും നവീനരീതിയിലായിരിക്കണം ഈ ഗദ്യനാടകമെന്നു് പ്രസ്തുത വിജ്ഞാപനത്തിൽ പറഞ്ഞുകാണുന്നു. ആധുനികപാശ്ചാത്യനാടകകലയുടെ ജനയി

താക്കളായി ഗണിക്കാവുന്ന നോർവേക്കാരനായ ഇബ്സനും സ്വീഡൻകാരൻ സ്റ്റ്രിൻഡ്ബെർഗിനും ശേഷം രീതികൾ മാറിമാറിവരുന്നുണ്ട്. ഈ പരീക്ഷയിൽ ചേരണമെന്നു വിചാരിക്കുന്നവർക്ക് ചില ആധുനിക പാശ്ചാത്യനാടകങ്ങൾ വായിച്ച് അവയുടെ രീതി അപഗ്രഥിച്ചു പഠിക്കുന്നതു് ഒരു സ്വതന്ത്രമലയാളഗദ്യനാടകനിർമ്മാണത്തിൽ വലിയ സഹായമായിത്തീരും. ഞങ്ങൾ ഇബ്സൻെറ രീതിയെ വിശദീകരിക്കുന്ന അദ്ദേഹത്തിൻെറ ഒരു ഉത്തമനാടകമായ 'പ്രേതങ്ങൾ' ഖണ്ഡശഃ പ്രസിദ്ധീകരിച്ചുവരുന്നുണ്ട്. ഇബ്സൻെറയും സ്റ്റ്രിൻഡ്ബർഗ്ഗിന്റെയും നാടകങ്ങൾ വായിച്ചതിനുശേഷം ഇവർ പല ആധുനികരീതികളും ഗ്രഹിക്കുവാനായി റഷ്യൻ നാടകകർത്താക്കളായ ചെക്കോവ്, ആൻഡ്രേയ്വ്, ജർമ്മൻ നാടകകർത്താക്കളായ ഹാപ്ട്മാൻ, വെഡെക്കിൻഡ്, കെയിസർ, ആസ്ത്രിയൻ നാടകകർത്താവായ ഷ്നിറ്റ്സ്ലർ, ഫ്രഞ്ചുകാരായ ഹെർവിയു, ഡോണെ, ബെൽജിയൻ നാടകകർത്താവായ മേറ്റർലിങ്ക്, ഇത്താലിയൻ നാടകകർത്താവായ ലൂജി പിറാൻഡെല്ലോ, സ്പാനിഷ് നാടകകർത്താവായ ബെനെവെൻെറ, ഇംഗ്ലീഷ് നാടകകർത്താക്കളായ ബർണാഡ്ഷാ, ഗാൽസ്‌വർത്തി, എലിസബത്ത് ബേക്കർ, ബാരി, ഐറിഷ് നാടകകർത്താവായ സിൻജ്, അമേരിക്കൻ നാടകകർത്താവായ ഓനെയിൽ എന്നിവരുടെ നാടകങ്ങളും വായിച്ചിരുന്നാൽക്കൊള്ളാം. മേൽപറഞ്ഞ മിക്ക നാടകങ്ങളും ഇംഗ്ലീഷിലേക്കു തർജ്ജമ ചെയ്തിട്ടുണ്ടെന്നുള്ള വിവരവും ഇവർ അറിഞ്ഞിരിക്കേണ്ടതാണ്. ഈ രീതികൾ മനസ്സിലാക്കി ഒരു നാടകം ''ഒരു ചിത്രവും, ഒരു ആദർശവും ഒരു വിധി(judgment)യും'' ആയിരിക്കണമെന്നുള്ള ഇബ്സനുതന്നെ ഒരു പ്രേരകശക്തിയായിത്തീർന്നിട്ടുള്ള ഫ്രഞ്ചുനാടകകർത്താവായ ഇളയ ഡൂമായുടെ പ്രഖ്യാപനം ശരിയാണോ എന്നു് ഇവർ ആലോചിച്ചു നാടകരചനയ്ക്കു തുനിയുകയും വേണം.

കേസരി, 1931 സെപ്ടംബർ 9

# ലൈബ്രറിപ്രസ്ഥാനവും തിരുവിതാംകൂർ ഗവർമ്മെൻറും

[ഇന്നു നമ്മുടെ നാട്ടിൽ സാർവ്വത്രികമായി വികാസം പ്രാപിച്ചു കഴിഞ്ഞ ഒരു പ്രസ്ഥാനമാണ് ലൈബ്രറിപ്രസ്ഥാനം. എല്ലാ കരകളിലുംതന്നെ ഇന്നു വായനശാലകളുണ്ട്. ഒരു ലൈബ്രറിനിയമം ഉടലെടുത്തുകഴിഞ്ഞിരിക്കുകയുമാണ്. കാൽശതാബ്ദത്തിനുമുമ്പ് കേസരി ഒരു ലൈബ്രറിനിയമം, ലൈബ്രറിടാക്സ്, ലൈബ്രറി ഗ്രാൻറ് തുടങ്ങിയവയുടെ ആവശ്യകതയെക്കുറിച്ചു വാദിച്ചിരി

കുന്നു. ഇന്നു് ഈ മുഖപ്രസംഗം ലൈബ്രറിപ്രസ്ഥാനത്തിൽ പ്രവർത്തിക്കുന്നവർക്കു് പ്രയോജനകരമായിരിക്കും. ഇതിന്റെ ആദ്യഭാഗത്തു പരാമർശിക്കപ്പെടുന്ന അദ്ധ്യാപകൻ പാലാ സെൻറ്തോമസ് ഹൈസ്ക്കൂൾ അദ്ധ്യാപകനും നിയമസഭാമെമ്പറുമായിരുന്ന ശ്രീ ഏ. സി. കുര്യാക്കോസാണു്.]

തിരുവിതാംകൂർ ഒരു പരിഷ്കൃതരാജ്യമാണെന്നുള്ള അഭിമാനം വച്ചുകൊണ്ടിരിക്കുന്നവരെ ലജ്ജകൊണ്ടു തല താഴ്ത്തിപ്പിക്കുന്ന ചില പ്രവൃത്തികൾ ഈയിടെ തിരുവിതാംകൂർഗവൺമെൻറ് ചെയ്തുതുടങ്ങിയിരിക്കുന്നു. കോൺഗ്രസ്സ് പ്രവർത്തനങ്ങളെ ഇവിടെ നിരോധിച്ചുകൊണ്ടു് അവർ പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവു് ഇത്തരം ഒരു പ്രവൃത്തിയാണു്. താൻ ഉൾപ്പെട്ട ഒരു സമുദായത്തിൻെറ എത്രയും ന്യായമായ രാഷ്ട്രീയാവകാശങ്ങളെ വ്യവസ്ഥിതമാർഗ്ഗങ്ങളിലൂടെ സ്ഥാപിക്കുവാൻ ശ്രമിക്കുന്ന പൗരസമത്വപ്രസ്ഥാനത്തിൽ പങ്കുകൊണ്ടതിനു് ഒരു പ്രൈവററ് സ്കൂൾ അദ്ധ്യാപകൻെറ അദ്ധ്യാപകലൈസൻസ് ഗവൺമെൻറ് റദ്ദ് ചെയ്യുവാൻ മുതിർന്നതും അതിൽ പങ്കുകൊണ്ട പ്രൈവറ്റ് സ്കൂൾ മാനേജർമാരുടെനേരെ ചന്ദ്രഹാസം വീശിക്കൊണ്ടു് അവർ പാഞ്ഞതും ഇത്തരം കൃത്യങ്ങൾക്കു മറ്റൊരു ഉദാഹരണമാണു്. ഇപ്പോഴിത്തരത്തിലുള്ള മൂന്നാമതൊരു പ്രവൃത്തിയും അവർ ചെയ്തിരിക്കുന്നു. ഒരു ലൈബ്രറിപ്രസ്ഥാനം തുടങ്ങണമെന്നുള്ള പൊതുജനാപേക്ഷകളെപ്പററി ഗവൺമെൻറ് ഇപ്പോൾ പുറപ്പെടുവിച്ചിരിക്കുന്നതും അവരുടെ പഴപഴഞ്ചൻ മനസ്ഥിതിയും ഹ്രസ്വദൃഷ്ടിയും സുവ്യക്തമാകുന്നതും ആയ ഉത്തരവിനെപ്പററിയാണു ഞങ്ങൾ പറയുന്നതു്. "സാക്ഷരത്വത്തെ വർദ്ധിപ്പിക്കുന്നതിന്നും പ്രായംചെന്നവരുടെ വിദ്യാഭ്യാസത്തെ പോഷിപ്പിക്കുന്നതിനുമായി സംസ്ഥാനത്തെ ലൈബ്രറിപ്രസ്ഥാനത്തെ പരിഷ്കരിക്കുന്നതിനുള്ള നടപടികൾ തുടങ്ങേണ്ടതാണു്" എന്നു പ്രസ്തുത ഉത്തരവിൽ പറഞ്ഞിരിക്കുന്നതുകൊണ്ടു് ഇങ്ങനെ ഒരു പ്രശ്നം ഉണ്ടെന്നു തിരുവിതാംകൂർ ഗവൺമെൻറിനു ബോധമുള്ളതായി തെളിയുന്നു. എന്നാൽ ഇതിനു് അവർ സ്വീകരിച്ചിട്ടുള്ള പരിഹാരമാർഗ്ഗങ്ങൾ ഗ്രാമീണലൈബ്രറിവകുപ്പിനെ വിദ്യാഭ്യാസഡയറക്ടരുടെ ആഫീസുമായി ഘടിപ്പിക്കുക, എഡ്യൂക്കേഷൻ ബ്യൂറോ ഡയറക്ടരാഫീസിലേക്കു മാററുക, പബ്ലിക്ക് ലൈബ്രറിയിലുള്ള ആവശ്യമില്ലാത്ത പുസ്തകങ്ങളും പഴയ മാസികകളും ഗ്രാമീണലൈബ്രറികളുടെ ഉപയോഗത്തിനായി ഡയറക്ടരാഫീസ്സിലേക്കു മാററുക മുതലായവയാകുന്നു. ഒരു ലൈബ്രറി നിയമനിർമ്മാണം ആവശ്യമില്ലെന്നും അവർ ഈ ഉത്തരവിൽ വിധിയെഴുതിയിട്ടുണ്ടു്. ലൈബ്രറിപ്രസ്ഥാനത്തിൻെറ മൗലികതത്വങ്ങളുമായി തങ്ങൾക്കു് അകന്ന പരിചയംപോലുമില്ലെന്നു ഗവൺമെൻറ് ഇതുകൊണ്ടു സുവ്യക്തമാക്കിയിരിക്കുന്നു. ഒരു ലൈബ്രറീനിയമവും ലൈബ്രറികളുടെ സ്ഥാപനാർത്ഥം കരംചുമത്തലും സഹായധനം നല്കലും ഒരു പ്രത്യേക ലൈബ്രറി

വകുപ്പിന്റെ സ്ഥാപനവും കൂടാതെ ലൈബ്രറിപ്രസ്ഥാനത്തിനു് ഒരടി മുന്നോട്ടു പോകുവാൻ സാധിക്കുന്നതല്ല. ഒരു കാര്യത്തെക്കുറിച്ചു വിവരമില്ലെങ്കിൽ അതിൽ തലയിടാൻ പോകരുതെന്നുള്ള തത്ത്വം ഗവമ്മെന്റ് അറിയേണ്ടതാണു്. തിരുവിതാംകൂർകാരെ സംസ്കൃതചിത്തരായ ലോകരുടെ പരിഹാസത്തിനു പാത്രമാക്കുന്ന ഇത്തരം ഉത്തരവുകൾ ഗവമ്മെൻറ് പുറപ്പെടുവിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ട കാലം വൈകിയിരിക്കുന്നു. പരിഷ്കൃതരാജ്യമെന്നു സ്വയം തമ്പേറടിക്കാതെ യഥാത്ഥമായ പരിഷ്കൃതമനസ്ഥിതി പ്രവൃത്തികൊണ്ടു കാണിച്ചിട്ടുള്ള ബറോഡാ എവിടെ കിടക്കുന്നു, തിരുവിതാംകൂർ എവിടെ കിടക്കുന്നു!

കേസരി, 1935 മാർച്ച് 13

# സമസ്തകേരള പുസ്തകാലയസമിതി

[തൃശ്ശിവപേരൂരിൽ സ്ഥാപിക്കാനുദ്ദേശിച്ചിരുന്ന സമസ്തകേരള പുസ്തകാലയസമിതിയുടെ ഉദ്ദേശങ്ങളെപ്പററി—അവ നവീന ലൈബ്രറിപ്രസ്ഥാനത്തിന്റെ ഉദ്ദേശത്തോടു യോജിക്കുന്നതാണെന്നു് എടുത്തുപറഞ്ഞുകൊണ്ടു്—1931 മാർച്ചു് 4-ാം തീയതി ബാലകൃഷ്ണപിള്ള എഴുതിയ ഉപമുഖപ്രസംഗം.]

പുസ്തകങ്ങൾ ശേഖരിച്ചു സംരക്ഷിക്കുന്നതാണു് ഗ്രന്ഥശാലകളുടെ ഉദ്ദേശമെന്നുള്ളതിനെ അവയെ ഉപയോഗപ്പെടുത്തുന്നതാണു് ഗ്രന്ഥശാലകളുടെ ഉദ്ദേശമെന്നു് ഇന്നത്തെ ലൈബ്രറിപ്രസ്ഥാനം ഭേദപ്പെടുത്തിയിരിക്കുന്നു. എല്ലാവക്കും ഉപയോഗപ്പെടുത്താവുന്ന പുസ്തകങ്ങൾ ഉള്ള അസംഖ്യം ചെറുഗ്രന്ഥശാലകൾ സ്ഥാപിക്കുന്നതാണു് പണ്ടത്തെ പതിവുപോലെ ചിലക്കുമാത്രം ഉപയോഗയോഗ്യമായ ഭീമഗ്രന്ഥശാലകൾ സ്ഥാപിക്കുന്നതിലല്ല ആധുനിക ലൈബ്രറിപ്രസ്ഥാനക്കാർ ഏർപ്പെട്ടിരിക്കുന്നതു്. ഈ പ്രസ്ഥാനം ജനങ്ങളുടെ അഭ്യുന്നതിക്കു് എത്രമാത്രം ഉപകരിച്ചിട്ടുണ്ടെന്നുള്ളതു് അറിയുന്നതിനു പാശ്ചാത്യരാജ്യങ്ങളിൽ ഒന്നു കണ്ണുപതിച്ചാൽ മതിയാകും. തൃശ്ശിവപേരൂരിൽ സ്ഥാപിക്കുവാൻ ഉദ്ദേശിച്ചിട്ടുള്ളതും ഞങ്ങൾക്കു് അഭിപ്രായത്തിനു് അയച്ചുതന്നിട്ടുള്ളതുമായ സമസ്തകേരള പുസ്തകാലയസമിതിയുടെ വിജ്ഞാപനത്തിൽ നിന്നു് ഈ സമിതിയുടെ ഉദ്ദേശവും ഏറെക്കുറെ മേൽപ്പറഞ്ഞ നവീന ലൈബ്രറിപ്രസ്ഥാനത്തിന്റെ ഉദ്ദേശത്തോടു യോജിച്ചിരിക്കുന്നു എന്നു കാണുന്നതിൽ ഞങ്ങൾക്കു സന്തോഷമുണ്ടു്. പ്രസ്തുത സമിതിയുടെ ഉദ്ദേശങ്ങൾ കേരളത്തിലെ അറുപതിനായിരത്തിൽപ്പരം ഗ്രാമങ്ങളിൽ ഓരോന്നിലും ഓരോ ലൈബ്രറികൾ സ്ഥാപിക്കുന്നതിന്റെ ആവശ്യകതയെപ്പററി പ്രചരണവേല ചെയ്യുന്നതിനായി കൊല്ലത്തിൽ നാലുതവണ

പ്രസിദ്ധപ്പെടുത്തുന്നതും ഒരു രൂപാ വരിസംഖ്യയുള്ളതുമായ ഗ്രന്ഥവിഹാരം എന്ന പത്രഗ്രന്ഥം പ്രസിദ്ധീകരിക്കുക, ഗവമ്മെൻറുകളേയും തദ്ദേശസ്വയംഭരണസഭകളേയും ധനികരേയും ലൈബ്രറിസ്ഥാപനവിഷയത്തിൽ ശ്രദ്ധാലുക്കളാക്കിത്തീക്കുക, ത്യാജ്യങ്ങളും സ്വീകാർയ്യങ്ങളുമായ പ്രസിദ്ധീകരണങ്ങളെ വിദഗ്ദ്ധന്മാരെക്കൊണ്ടു പരിശോധിപ്പിച്ചു തിച്ചപ്പെടുത്തുക, പല പ്രദേശങ്ങളിലുമുള്ള പല പ്രസാധകന്മാരും പ്രസിദ്ധംചെയ്യുന്ന പുസ്തകങ്ങൾ ഒരിടത്തു ശേഖരിച്ചു് ലൈബ്രറിക്കാക്ക് ആവശ്യംപോലെ കൊടുപ്പാൻ, സവ്വകലാശാല ബുക്ക്ഡിപ്പോ എന്ന പേരിൽ ഒരു ബുക്ക്ഡിപ്പോ സ്ഥാപിക്കുക, കുടുംബജീവിതം ഇന്നും സ്വീകരിച്ചുപോരുന്ന ഗൃഹങ്ങളിൽ കുടുംബലൈബ്രറികൾ സ്ഥാപിക്കേണ്ടതിനുള്ള പ്രചരണവേല ചെയ്യുക, ലൈബ്രറികൾ നടത്തുന്നതിനുള്ള അറിവുണ്ടാക്കിക്കൊടുക്കുക എന്നിവയാകുന്നു. ഈ സമിതിയിൽ അംഗങ്ങളായിരിക്കുന്നവർ ഗ്രന്ഥവിഹാരത്തിൻെറ വരിക്കാരായിരുന്നാൽ മതിയാകുന്നതാണു്. തിരുവനന്തപുരത്തും കോഴിക്കോട്ടും ഈ സമിതിയുടെ ശാഖകൾ സ്ഥാപിക്കുന്നതിനു വേണ്ട ആലോചനകൾ ഒട്ടുമുക്കാലും പൂർത്തിയായിട്ടുള്ളതായിക്കാണുന്നു. ഈ പ്രസ്ഥാനം അഭിനന്ദനീയം തന്നെ. ഇതിനെ ദേശാഭിമാനികളായ സകല കേരളീയരും പ്രോത്സാഹിപ്പിക്കുമെന്നു വിശ്വസിക്കുന്നു.

**കേസരി, 1931 മാച്ച് 4**

# പത്രപ്രവർത്തനം

# പ്രബോധകൻ

[1930 ജൂൺ 4-ാം തീയതിയാണു് 'പ്രബോധക'ന്റെ ഒന്നാംലക്കം 'തിരുവനന്തപുരം ശാരദാ പ്രിൻറിങ്ങ് വർക്സിൽനിന്നു് ഉടമസ്ഥനും പത്രാധിപരുമായ ഏ. ബാലകൃഷ്ണപിള്ള അച്ചടിച്ചു പ്രസിദ്ധപ്പെടുത്തുന്നതു്'' എന്ന അടിക്കുറിപ്പോടുകൂടി പുറത്തു വന്നതു്. അതിൽ മുഖപ്രസംഗമായി ചേർത്തിരുന്ന പ്രസ്താവനയും, 'ഉദാരമതികളായ പൊതുജനങ്ങളുടെ സഹായംനിമിത്തം മൂന്നരവർഷത്തെ ശ്രമംകൊണ്ടു സ്വന്തം ഒരു പ്രസ്സോടുകൂടി ഒരു പത്രം തുടങ്ങുവാൻ സാധിച്ചു എന്നു മഹാജനങ്ങളെ' അറിയിച്ചുകൊണ്ടു് പത്രത്തിന്റെ അവസാനഭാഗത്തു ചേർത്തിരുന്ന അറിയിപ്പുമാണു് ചുവടെ ചേർക്കുന്നതു്.]

## പ്രസ്താവന

പത്രങ്ങളുടെ സംഖ്യ വർദ്ധിക്കുന്നതിനെപ്പററി വിലപിക്കുന്നവർ കേരളീയരുടെ ഇടയ്ക്കു പലരുമുണ്ടു്. എന്നാൽ ഈ അഭിപ്രായത്തോടു ഞങ്ങൾ യോജിക്കുന്നില്ലെന്നു് ഉത്തമവിശ്വാസപൂർവ്വം ഇവിടെ പറഞ്ഞുകൊള്ളട്ടെ. പത്രങ്ങൾ വർദ്ധിക്കുന്നതു് ഏതു ജനതാമദ്ധ്യത്തിലാണോ, അവരുടെ രാഷ്ട്രീയപ്രബുദ്ധതയാണു് ആ വർദ്ധന സൂചിപ്പിക്കുന്നതു്. ഒരു ജനതയുടെ പുരോഗതി അവരുടെ രാഷ്ട്രീയപ്രബുദ്ധതയിലാണല്ലോ സ്ഥിതിചെയ്യുന്നതു്. പ്രസ്തുത അസംതൃപ്തിക്കു പല കാരണങ്ങളുമുണ്ടു്. ചില പത്രങ്ങളുടെ നയത്തോടുള്ള നീരസം, പത്രപ്രവർത്തനത്തിൻെറ വ്യവസായഭാവത്തിനുണ്ടാകുന്ന പുരോഗതിയില്ലായ്മ, പത്രത്തിനു വരിപ്പണം കൊടുക്കുവാനുള്ള ബുദ്ധിമുട്ടു്, അവ വരുത്താതെയിരുന്നാലുള്ള അസൗകര്യങ്ങളെപ്പററിയുള്ള ചിന്ത മുതലായവയാണു് ഇവയിൽ പ്രധാനമായിട്ടുള്ളതു്. ഈ വിഷയത്തിൽ കേരളീയർക്കും പാശ്ചാത്യർക്കുംതമ്മിൽ ഒരു വ്യത്യാസം കാണാവുന്നതാണു്. പാശ്ചാത്യലോകത്തിലെ പത്രപ്രവർത്തനത്തിൽ ദേശാഭിമാനികളായ നിരൂപകർ കാണുന്ന മൗലികന്യൂനത, പത്രപ്രവർത്തനം—അതായതു് പൊതുജനാഭിപ്രായപ്രകടനവും അതിന്റെ രൂപവല്ക്കരണവും സാധിച്ചുകൊടുക്കുന്ന യന്ത്രം—അല്പം ചില കോടീശ്വരന്മാരുടെ കൈവശം വന്നു കേന്ദ്രീകരിക്കുന്നതാകുന്നു. ഇതിൽനിന്നു പത്രപ്രവർത്തനത്തിൻെറ വ്യവസായഭാവത്തിനു ചില ഗുണങ്ങൾ

ലഭിക്കുന്നുണ്ടെങ്കിലും ഗൗരവതരങ്ങളായ ദൂഷ്യങ്ങളും ഇതിൽനിന്നു ജനിക്കാതെയിരിക്കുന്നില്ല. തങ്ങൾക്കു ലഭിച്ചിരിക്കുന്ന ഉഗ്രശക്തിയെ ഇവ സ്വകാര്യസാദ്ധ്യത്തിനായി വിനിയോഗിച്ചു നാടിനും നാട്ടാക്കും അപരിഹാര്യങ്ങളായ ദോഷങ്ങൾ ഉണ്ടാക്കിത്തീർക്കുന്നു. ഇതിനാൽ സ്വതന്ത്ര പത്രങ്ങളുടെ സംഖ്യ വദ്ധിക്കുന്നതു കണ്ടാൽ പ്രസ്തുത പാശ്ചാത്യവിമർകർ സന്തോഷിക്കുകതന്നെ ചെയ്യും. നേരെ മറിച്ചാണ് ഇവിടത്തെ കഥ. ഭാരതത്തിലാകട്ടെ ഈ പോക്ക് അധികമായി കാണാറില്ല. സ്വതന്ത്രപത്രങ്ങളുടെ സംഖ്യാവർദ്ധനയാണു കേരളത്തിലെ വിശേഷ സ്ഥിതി. നാനാജാതിമതസ്ഥരും രാഷ്ട്രീയാദികാര്യങ്ങളിൽ അത്യധികം പ്രബുദ്ധരും ആയ കേരളീയരുടെ ഇടയിൽ ഇതു കാണുന്നതിൽ ആശ്ചര്യപ്പെടുവാനൊന്നുമില്ല. ലോകത്തിലുള്ള മറ്റെല്ലാ സംഗതികളിലും ഭവിക്കാറുള്ളതുപോലെ ഇതിൽനിന്നു ഗുണവും ദോഷവും ഉണ്ടാകുന്നുണ്ട്. പല ജനതാസഞ്ചയങ്ങളുടെയും വിഭിന്നാഭിപ്രായപ്രകടനം എന്ന കൂടുതൽ സൗകര്യം ഇതു നല്കുന്നതിനാൽ ശരിയായ പൊതുജനാഭിപ്രായം അറിയുന്നതിനുള്ള മാർഗ്ഗങ്ങൾ ഇതു കൂട്ടുകയാണു ചെയ്യുന്നതു്. പത്രപ്രവർത്തനത്തിൻെറ സാമ്പത്തികപുരോഗതിക്കു് ഇതു ഹാനികരമായിത്തീരുന്നതാണ് ഇതിനുള്ള ഒരു പ്രധാന ദൂഷ്യം. ഗുണദോഷങ്ങളെ സൂക്ഷ്മമായി താരതമ്യപ്പെടുത്തിനോക്കിയതിനുശേഷമാണു ഞങ്ങൾ മേല്പറഞ്ഞ അഭിപ്രായം പുറപ്പെടുവിച്ചിട്ടുള്ളതു്. പ്രബോധകൻെറ പുറപ്പാടിനു മേല്പറഞ്ഞ സമാധാനമേ ഞങ്ങൾക്കു പറയുവാനുള്ളു.

പ്രബോധകന്റെ നയത്തെപ്പററി രണ്ടുവാക്കു പറയുവാനുണ്ടു്. കഴിയുന്നിടത്തോളം നിഷ്പക്ഷമായും മുഖം നോക്കാതെയും രാഷ്ട്രീയസാഹിത്യാദികാര്യങ്ങളെ വിമർശിക്കണമെന്നാണു ഞങ്ങൾ ഉദ്ദേശിച്ചിരിക്കുന്നതു്. എന്നാൽ "ഒരു ജഡ്ജിയുടെ നിലയാണ് ഒരു സാഹിത്യകാരനു വേണ്ടതു്. സജീവപ്രശ്നങ്ങൾ വിഷയമായി സ്വീകരിക്കുന്ന ഒരു പത്രപ്രവർത്തകനാകട്ടെ ഒരു വക്കീലിൻെറ നില ഏറെക്കുറെ സ്വീകരിക്കാതെ നിവൃത്തിയില്ല" എന്നു ലോർഡ്മോർലി പറഞ്ഞിട്ടുള്ളതു് ഇവിടെ സ്മരണീയമാണ്. ഞങ്ങൾ വക്കീലായിപ്പോകുന്നതു സദാ പൊതുജനങ്ങൾക്കു വേണ്ടിയാണെന്നു സധൈര്യം പറയുവാൻ യാതൊരു മടിയുമില്ല. മററുള്ളവരെക്കാൾ അധികമായി പൊതുജനങ്ങളുടെ വക്കാലത്തു സദാ പിടിക്കേണ്ട കർത്തവ്യം ഞങ്ങൾക്കുണ്ടെന്നു് അന്യത്ര ചേർത്തിരിക്കുന്ന അറിയിപ്പു വായിക്കുന്നവക്കു മനസ്സിലാക്കാവുന്നതാണുതാനും.

പ്രബോധകൻെറ ആകൃതിയേയും പ്രകൃതിയേയുംപററി അല്പം പറഞ്ഞുകൊള്ളട്ടെ. പത്രങ്ങളുടെ വലിപ്പം ചെറുതാകുന്നതാണു വായനക്കാക്കു കൂടുതൽ സൗകര്യം എന്നുള്ള ബോധമാണു പ്രബോധകനെ ഡെമി സൈസിൽ പുറപ്പെടുവിക്കാൻ ഞങ്ങളെ പ്രേരിപ്പിച്ച ഒരു പ്രധാനകാരണം. പ്രബോധകൻെറ പ്രകൃതിക്കും ചെറിയ സൈസാണ് അധികം യോജിച്ചതെന്നും ഞങ്ങൾ വിചാരിക്കുന്നു.

പാശ്ചാത്യലോകത്തിൽ മാസികകൾക്കു പുറമേ പ്രതിദിനപ്പത്രങ്ങളും പ്രതിവാരപ്പത്രങ്ങളും ആണ് അധികമായി കാണാറുള്ളതു്. പ്രതി

ദിനപ്പത്രങ്ങളെ പ്രധാനമായി വാൎത്താവിതരണത്തിനും പ്രതിവാരപ്പത്രങ്ങളെ വാൎത്താവിമൎശനത്തിനുമാണു് അവർ സാധാരണമായി ഉപയോഗപ്പെടുത്താറുള്ളതു്. ഈ പ്രതിദിനപ്പത്രങ്ങൾക്കു പ്രതിവാരപ്പത്രങ്ങളുടെ സ്വഭാവം സ്വീകരിക്കുവാനും പ്രതിവാരപ്പത്രങ്ങൾക്കു പ്രതിദിനപ്പത്രങ്ങളുടെ ഛായ പൂണ്ടുവാനും മോഹമുള്ളതുപോലെ തോന്നുന്നു എന്നുള്ള വസ്തുതയും ഇവിടെ പറയേണ്ടിയിരിക്കുന്നു. ഇതു വിജയത്തിൽ കലാശിക്കുമോ എന്നു കണ്ടുതന്നെ അറിയണം. പാശ്ചാത്യലോകത്തിലെ പ്രതിവാരപ്പത്രങ്ങളെ—അഥവാ ഞായറാഴ്ചപ്പത്രങ്ങളെ—തന്നെ രണ്ടായി തരംതിരിക്കാവുന്നതാണു്. ഒന്നു് വാൎത്താവിതരണത്തിൽ കൂടുതൽ ശ്രദ്ധ പതിപ്പിക്കുകയും മറേറതു രാഷ്ട്രീയസാഹിത്യാദി വിമർശങ്ങൾക്കു് അധികം പ്രാധാന്യം നല്കുകയും ചെയ്യുന്നു. കേരളത്തിലെ പ്രതിവാരികകളിൽ ഭൂരിപക്ഷവും ആദ്യത്തെ തരത്തിലുള്ള പാശ്ചാത്യ ഞായറാഴ്ചപത്രങ്ങളെ അനുകരിക്കുകയാണു ചെയ്യുന്നതു്. പ്രബോധകനാകട്ടെ കഴിയുന്നിടത്തോളം മേല്പറഞ്ഞ പാശ്ചാത്യ ഞായറാഴ്ചപ്പത്രങ്ങളിൽ രണ്ടാം തരത്തിന്റെ പ്രകൃതിയാണു സ്വീകരിക്കുവാൻ ശ്രമിക്കുന്നതു്. നിരൂപണത്തിനു ധാരാളമായി സമയംവേണം. അതിനു പ്രതിദിനപ്പത്രങ്ങൾക്കും ത്രൈവാരികകൾക്കും വേണ്ട സമയം ലഭിക്കുകയില്ല. വാൎത്തയിൽ കൗതുകം കേരളീയരിൽ പൂൎവ്വാധികം വൎദ്ധിച്ചുവരുന്ന ഈ കാലത്തു ഞങ്ങളുടെ പ്രവൃത്തി സാഹസമായിപ്പോയി എന്നു പലരും പറഞ്ഞേക്കും. പച്ചവെള്ളത്തെക്കാളധികം നിറം കലൎത്തിയ പാനീയമാണു ജനങ്ങൾ ഇഷ്ടപ്പെടുന്നതു്. അതുപോലെ വാൎത്തകൾക്കു വിമൎശമാകുന്ന ഛായം തേക്കാതെ പൊതുജനങ്ങൾ അതു് ആസ്വദിക്കുന്ന കാൎയ്യം സംശയസമ്പൂൎണ്ണമായ ഒരു സംഗതിയത്രെ. പ്രസ്സ്ജോലിക്കാരുടെ ഒരു പണിമുടക്കിൽ അമേരിക്കയിലെ പത്രങ്ങൾ വിമൎശനമെന്യേ കേവലം വാൎത്തകൾമാത്രം ഒരിക്കൽ പ്രസിദ്ധീകരിക്കുകയുണ്ടായി. ഇതുമൂലം ഉണ്ടാകുന്ന ദൂഷ്യം അവർ താമസിയാതെ അറിയുകയും ചെയ്തു. ഈ അനുഭവം ഞങ്ങളുടെ പുതിയ പ്രസ്ഥാനത്തിൽ ഞങ്ങളെ ധൈൎയ്യപ്പെടുത്തുന്നുണ്ടു്. രാഷ്ട്രീയവിമൎശം, സാഹിത്യസുന്ദരകലാനിരൂപണം, നവീനശാസ്ത്രവിജ്ഞാനപ്രചരണം, വിശ്വസാഹിത്യവിജ്ഞാനപ്രചരണം, ചെറുകഥാപോഷണം മുതലായവയിലായിരിക്കും പ്രബോധകൻ കൂടുതൽ ശ്രദ്ധ പതിപ്പിക്കുന്നതു്. പ്രാദേശികവാൎത്തകൾ വരിക്കാരെ ഉണ്ടാക്കുവാനുതകുമെങ്കിലും ഞങ്ങളുടെ പ്രഖ്യാപിതനയം അവ പ്രത്യേകമായി പ്രസിദ്ധപ്പെടുത്തുവാൻ ഞങ്ങളെ അനുവദിക്കുന്നില്ല. വാരവാൎത്താസംഗ്രഹമേ ഞങ്ങൾ പ്രസിദ്ധപ്പെടുത്തുവാൻ നിശ്ചയിച്ചിട്ടുള്ളു. ഒടുവിൽ കിട്ടിയ വാൎത്തകൾമാത്രം ഞങ്ങൾ അല്പം വിവരിക്കുന്നതാണു്. അതിനാൽ വാൎത്താവിതരണത്തിൽ ഞങ്ങളെത്തന്നെ ആശ്രയിക്കുന്നവൎക്കു് ഇച്ഛാഭംഗം പററിയേക്കുമെന്നും മുൻകൂട്ടി പറഞ്ഞുകൊള്ളട്ടെ. കേരളീയരുടെ ഏകീകരണവും പ്രബോധകന്റെ ഒരു പ്രധാന ഉദ്ദേശമായിരിക്കും.

പത്രങ്ങളിൽ ചെറിയ അക്ഷരങ്ങൾ അധികമായി കാണുമ്പോൾ കേരളീയരിൽ പലരും മുഖം കറുപ്പിക്കുമെന്നു ഞങ്ങൾക്കു് അറിഞ്ഞുകൂ

ടാസ്സയില്ല. ഈ പദ്ധതി സ്വീകരിക്കുന്നതിനാൽ കൂടുതൽ മാററർ ചേക്കാവുന്നതാണ്. കൂടാതെ പരിഷ്കൃതപത്രപ്രവൎത്തനത്തിൻെറ ഒരു പ്രധാനസ്വഭാവം ഇതാണെന്നും കേരളീയർ അറിഞ്ഞിരിക്കേണ്ടതാണ്. ഈ കാരണങ്ങളാലാണ ഞങ്ങൾ ഇതിനു ധൈര്യപ്പെട്ടതു്. ആകൃതിയിലും പ്രകൃതിയിലും കൂടുതൽ പരിഷ്കാരങ്ങൾ വരുത്തുവാൻ ഞങ്ങൾക്കു് ആഗ്രഹമുണ്ടു്. അതു സാധിപ്പിച്ചുതരുന്ന ഭാരം ഞങ്ങൾ ഉദാരമതികളായ പൊതുജനങ്ങളിൽ സമൎപ്പിച്ചുകൊണ്ടു പ്രബോധകനെ ഇതാ ബഹുജനസമക്ഷം അവതരിപ്പിച്ചുകൊള്ളുന്നു.

## അറിയിപ്പ്

ഉദാരമതികളായ പൊതുജനങ്ങളുടെ സഹായം നിമിത്തം മൂന്നരവൎഷത്തെ ശ്രമംകൊണ്ടു സ്വന്തം ഒരു പ്രസ്സോടുകൂടി ഒരു പത്രം തുടങ്ങുവാൻ സാധിച്ചു എന്നു മഹാജനങ്ങളെ ആദ്യമായി ഞാൻ അറിയിച്ചുകൊള്ളട്ടെ. ഇതിനു് എനിക്കു് അവരോടുള്ള അളവററ കൃതജ്ഞതയും ഇവിടെ ഇതാ രേഖപ്പെടുത്തിക്കൊള്ളുന്നു. തിരുവിതാംകൂറിലും കൊച്ചിയുടെ ഒരു ഭാഗത്തും എഫ്. എം. എസ്സിലുംനിന്നു പ്രസ്സ് സ്ഥാപനാൎത്ഥം എനിക്കു സംഭാവനകൾ കിട്ടിയിട്ടുണ്ടു്. നാനാജാതിമതസ്ഥരുൾപ്പെട്ട ഒരു ജനതതിയാണ് എനിക്കു് ഈ വിലയേറിയ സഹായം ചെയ്തതും. ഒരു ചക്രംമുതൽക്കു് 275ക. വരെ ഓരോ ഉദാരമതികൾ എനിക്കു സംഭാവന ചെയ്തിട്ടുണ്ടു്. രണ്ടായിരത്തോളം വരുന്ന ഇവരുടെ പേർവിവരവും സംഭാവനത്തുകയും പത്രങ്ങളിൽ പ്രസിദ്ധം ചെയ്യുന്നതു് അസാദ്ധ്യമാകയാൽ അവൎക്കു ഞാൻ അച്ചടിച്ച രസീതുകാർഡുകൾ അയയ്ക്കുകമാത്രമേ ചെയ്തിട്ടുള്ളു. മൊത്തത്തിൽ പിരിച്ച തുകയും പിരിക്കുന്നതിനുള്ള മൊത്തച്ചെലവും മാത്രമേ ഇവിടെ കുറിക്കുന്നുള്ളു. തിരുവിതാംകൂറിൽനിന്നും കൊച്ചിയിൽനിന്നും എനിക്കു ക. 1740 ണ. 4 കിട്ടി. എഫ്. എം. എസ്സിൽനിന്നു ലഭിച്ച തുക 2192 ഡോളർ (100 ഡോളറിനു 153ക. ശരാശരി എക്സ്ചേഞ്ച് റേറ്റുവച്ചു കണക്കാക്കി) അഥവാ, ക. 3353 ആണ്. ഇങ്ങനെ ലഭിച്ച ക. 8093 ണ. 4–ൽ പണപ്പിരിവു നടത്തുന്ന ചെലവിലേക്കു് ക. 1917 ണ. 4. പോയിട്ടു ബാക്കിയുള്ള സംഖ്യയായ ക. 6176 കൊണ്ടാണ് എനിക്കു പ്രസ്സു സ്ഥാപിക്കുവാൻ സാധിച്ചിട്ടുള്ളതു്. പത്രത്തിൽ പണം മുടക്കുന്നതിനേക്കാൾ നല്ലതു പ്രസ്സിലാണെന്നുള്ളതുകൊണ്ടും ശാശ്വതമായ പത്രപ്രവൎത്തനത്തിനു വ്യവസായസംബന്ധമായ അടിസ്ഥാനം കൂടിയേതീരു എന്നുള്ളതുകൊണ്ടുമാണ് ഈ സംഖ്യ മുഴുവനും ഞാൻ പ്രസ്സിൻെറ സ്ഥാപനത്തിൽ വിനിയോഗിച്ചിരിക്കുന്നതു്. അതിനാൽ പത്രത്തിന്റെ നിത്യച്ചെലവിലേയ്ക്കായി ഉദാരമതികളായ മഹാജനങ്ങൾ വരിപ്പണം തന്നു് എന്നെ സഹായിക്കണമെന്നു് അപേക്ഷിച്ചുകൊള്ളുന്നു. പ്രബോധകനു പത്രസഹജമായ ബാല്യാരിഷ്ടം കഴിഞ്ഞു പുരുഷപ്രാപ്തി ലഭിക്കുവാൻ ഭാഗ്യമുണ്ടാകുകയാണെങ്കിൽ സംഭാവനകൾ നിവൃത്തിയുള്ളിടത്തോളം അതിനുമേലാലുള്ള

വരിസംഖ്യയിൽനിന്നു ക്രമേണ ഇളച്ചുകൊടുക്കണമെന്നാണു് എന്റെ വിചാരം. ഒരു കാര്യംകൂടി എനിക്കു വ്യക്തിപരമായ നിലയിൽ പറയാനുണ്ടു്. ഇന്നത്തെ സ്ഥിതിക്കു് ഒന്നുകിൽ പ്രതിവാരപ്പത്രമോ അല്ലെങ്കിൽ പ്രതിദിനപ്പത്രമോ മാത്രമേ പൊതുജനങ്ങൾക്കു് ഓരോവിധത്തിൽ ഉപകരിക്കുകയുള്ളു എന്നാണു് എന്റെ അഭിപ്രായം. അതിനാലും പണത്തിന്റെ ഞെരുക്കത്താലുമാണു് ആദ്യം പ്രഖ്യാപനം ചെയ്തതുപോലെ ദ്വൈവാരികയായി പത്രം പുറപ്പെടുവിക്കുവാൻ ഞാൻ ഒരുമ്പെടാത്തതു്. തങ്കച്ചേരിയിൽനിന്നു പത്രം പുറപ്പെടുവിക്കുവാൻ ഞാൻ ആദ്യം നിശ്ചയിച്ചിരുന്നു. എങ്കിലും ശ്രീവാഴുംകോടിന്റെയും വീരകേരളന്റെയും അനുഭവംകണ്ടു് അങ്ങനെ ചെയ്താൽ എന്റെ പത്രം പൊതുജനസേവനത്തിനു് ഉതകുന്നതല്ലെന്നു് എനിക്കു മനസ്സിലായി. ഇതുനിമിത്തമാണു് തിരുവനന്തപുരത്തുവച്ചുതന്നെ, ആ നശിച്ച പത്രറഗുലേഷൻ ആവശ്യപ്പെടുന്ന തുക കെട്ടിവച്ചുതന്നെ, പത്രം പ്രസിദ്ധപ്പെടുത്തുവാൻ ഞാൻ അവസാനത്തിൽ തീരുമാനിച്ചതു്. അഭിമാനത്തെക്കാൾ, പ്രഖ്യാപിതനിശ്ചയത്തിൽനിന്നു വ്യതിചലിക്കുന്നതിനേക്കാൾ പൊതുജനസേവനമാണു് ഞാൻ അധികം വിലവെച്ചിട്ടുള്ളതു്. ഇല്ലെങ്കിൽ, "തൃണാദപി കൃശസ്തൂലസ്തൂലാദപി ച യാചകഃ വായുനാ കിം ന നീതോസൗ മാമയം പ്രാത്ഥയേദിതി" എന്ന തത്വത്തെ പുരസ്കരിച്ചു മററുവല്ലതിലും എനിക്കു് ഏപ്പെടാമായിരുന്നു. സ്വന്തം പ്രസ്സുള്ളതിനാൽ എനിക്കു പൂവ്വാധികം സ്വാതന്ത്ര്യമായ പത്രപ്രവത്തനത്തിനുള്ള സൗകര്യം—തലനാരിൽ തലയ്ക്കുമീതെ തൂങ്ങുന്ന പത്രനിയമഖഡ്ഗത്തിനു കീഴിലാണെങ്കിലും—ഉണ്ടെന്നുള്ള വിശ്വാസത്താലാണു് ഞാൻ വീണ്ടും പത്രലോകത്തിൽ പ്രത്യക്ഷപ്പെട്ടതു്. ഈ നിഷ്ഠുരഖഡ്ഗം വീണാലും തരക്കേടില്ല എന്റെ കത്തവ്യം യഥാശക്തി നിറവേറ്റുവാൻ ഞാൻ ശ്രമിക്കുകതന്നെചെയ്യും. അതിനു പൊതുജനങ്ങളുടെ സഹായംമാത്രം എനിക്കു് ഉണ്ടായിരിക്കണം.

എന്നു്,

എ. ബാലകൃഷ്ണപിള്ള

പ്രബോധകൻ, 1930 ജൂൺ 4

# പത്രപ്രവത്തനസ്വാതന്ത്ര്യം

[പത്രപ്രവത്തനസ്വാതന്ത്ര്യം സംരക്ഷിക്കപ്പെടേണ്ടതിന്റെ ആവശ്യകതയെ ഊന്നിപ്പറഞ്ഞുകൊണ്ടും കോർട്ടലക്ഷ്യക്കേസുകളിലും മററും വാദിയും ജഡ്ജിയും ഒരാളാകുന്ന അന്യായമായ നില ഇല്ലാതാക്കുന്നതിനു നിയമമുണ്ടാക്കേണ്ടതാണെന്നു നിർദ്ദേശിച്ചുകൊണ്ടും കേസരിയിൽ ബാലകൃഷ്ണപിള്ള എഴുതിയ മുഖപ്രസംഗം.]

ബ്രിട്ടണിലെ പല പ്രസിദ്ധപത്രാധിപന്മാർകൂടി ഈയിടെ പ്രസിദ്ധപ്പെടുത്തിയ ഒരു വിജ്ഞാപനത്തിൽ "ഇന്നത്തെ വത്തമാനപ്പത്ര

ങ്ങൾ പാർലമെൻററിനെക്കാൾ അധികം സ്വാധീനശക്തി ഓരോ പൗര ൻെറയും ജീവിതത്തിൽ പ്രയോഗിക്കുന്നുണ്ടെന്നും എല്ലാ സമയത്തും അ വയുടെ പ്രേരകശക്തി രാഷ്ട്രീയനായകന്മാരുടേതിനെക്കാൾ അധികം പ്രബലമായിട്ടുള്ളതാണെ''ന്നും പ്രസ്താവിച്ചിരിക്കുന്നു. പ്രജാപ്രഭുത്വഭര ണമുള്ള പാശ്ചാത്യരാജ്യങ്ങളിൽ ഈ വിപുലമായ സ്വാതന്ത്ര്യം പത്ര ങ്ങൾക്ക് അനുവദിച്ചുകൊടുത്തിരിക്കുന്ന സ്ഥിതിക്ക് ഉദ്യോഗസ്ഥദുഷ്പ്ര ഭുക്കളുടെ സ്വേച്ഛാപ്രഭുത്വം നഗ്നമായി കളിയാടുന്ന ബ്രിട്ടീഷ് ഇന്ത്യയി ലും നാട്ടുരാജ്യങ്ങളിലും പത്രപ്രവത്തനം പൊതുജനസേവനാത്ഥം അനി യന്ത്രിതമായിരിക്കേണ്ടതാണെന്നു പ്രത്യേകം പറയേണ്ടതല്ലല്ലൊ. എ ന്നാൽ പരിഷ്കൃതരാജ്യങ്ങളിൽ ഇല്ലാത്തതായ പല നിയന്ത്രണങ്ങളും ഗ വമ്മെൻറും കോടതികളും മററു് അധികാരസ്ഥാനങ്ങളും ബ്രിട്ടീഷ് ഇൻ ഡ്യയിലും നാട്ടുരാജ്യങ്ങളിലും ഉണ്ടാക്കിയിട്ടുമുണ്ട്, ഇന്നും ഉണ്ടാക്കുന്നു മുണ്ട്. ഈയിടെ കൂടിയ ഉത്തര ഇന്ത്യയിലെ പത്രപ്രവത്തകരുടെ ഒരു യോഗത്തിൽവച്ചു് അതിൻെറ അദ്ധ്യക്ഷനായ മി. കെ. സി. റായി ഇന്ത്യ യിലെ പത്രസ്വാതന്ത്ര്യത്തെ ഹനിക്കുന്ന പല കാൎയ്യങ്ങളേയും ചൂണ്ടിക്കാ ണിക്കുകയുണ്ടായി. രാജദ്രോഹനിയമം, അപകീത്തിനിയമം, കോർട്ടല ക്ഷ്യനിയമം, നാട്ടുരാജാസംരക്ഷണനിയമം, ഉദ്യോഗമൊഴിഞ്ഞുപോകു ന്നതിനു് അല്പം മുമ്പു വൈസ്രായി ഇർവിൻപ്രഭു സ്വയാധികാരമുപ യോഗിച്ചു നിമ്മിച്ചതും വിദേശഗവമ്മെൻറുകളും ബ്രി. ഇന്ത്യൻ ഗവ മ്മെൻറും തമ്മിലുള്ള സ്നേഹബന്ധത്തെ അപകടപ്പെടുത്തുന്നതിനു പയ്യാ പ്തമായ വാത്താവിതരണത്തേയും മററും തടയുന്ന അസാധാരണ നിയമം മുതലായവയെയാണു് അദ്ദേഹം ചൂണ്ടിക്കാണിച്ചതു്. സിവിൽനിയമ ലംഘനകാലത്തു വൈസ്രായിയുടെ അസാധാരണനിയമങ്ങൾ ഉണ്ടായ പ്പോൾ കോൺഗ്രസ്സ് വക്കിംഗ്കമ്മിററി പത്രങ്ങളുടെ പ്രസിദ്ധീകരണം നിറുത്തണമെന്നാജ്ഞാപിച്ചതിനെ ചില പത്രങ്ങൾ അനുസരിക്കാതെ യിരുന്നതിനെപ്പററി കമ്മിററിക്കാർ കറാച്ചി കാൺഗ്രസ്കാലത്തു് ആ ക്ഷേപിച്ചതും ഇവിടെ സ്മരണീയമാണു്. കാൺഗ്രസ്സിനെക്കാൾ വലുതും പ്രാബല്യമേറിയതും അതിനെക്കാൾ അധികം പൊതുജനസേവനം ചെ യ്യുന്നതുമാണു് ഇന്ത്യൻപത്രങ്ങളെന്നുള്ള വാസ്തവം മറന്നു സ്വേച്ഛാപ്രഭു ത്വം കാണിച്ച ഈ കമ്മിററിയെ മി. സത്യമൂത്തി ഒരു പാഠം പഠിപ്പിച്ച തു് ദേശാഭിമാനികൾ അഭിനന്ദിക്കുകതന്നെ ചെയ്യും. ഇതരരാജ്യങ്ങളി ലുള്ള നിയന്ത്രണങ്ങൾ ഇൻഡ്യയിൽ സംഭവിച്ചിട്ടുള്ളതുപോലെ പത്ര പ്രവത്തനത്തിനു വലിയ വിഘാതമായിത്തീന്നിട്ടില്ല. ജൂറികൾമുഖേന കേസുകൾ പാശ്ചാത്യരാജ്യങ്ങളിൽ വിസ്തരിച്ചു തീരുമാനിക്കുന്നതുകൊ ണ്ടു പത്രപ്രവത്തകക്കു് അവിടെ വലിയ രക്ഷയുണ്ടു്. ഭാരതത്തിലെ പൊ തുജനങ്ങളേക്കാൾ അധികമായി അവിടത്തെ പൊതുജനങ്ങൾ പത്രങ്ങ ളെ സഹായിക്കുന്നുമുണ്ടു്. പത്രങ്ങളുടെ സ്വാതന്ത്ര്യത്തെ തടയുവാൻ അ മേരിക്കയിലെ യുണൈറ്റഡ് സ്റ്റേറ്റ്സിലെ ചില രാജ്യങ്ങളിൽ മറ്റൊരു പുതിയ സമ്പ്രദായം തുടങ്ങിയിരിക്കുന്നതും ഇവിടെ പ്രസ്താവിക്കേണ്ടി യിരിക്കുന്നു. പത്രങ്ങളിൽ ചില വാത്തകളും ചിത്രങ്ങളും മററും പ്രസി

ഢപ്പെടുത്തുവാൻ പാടില്ലെന്നു കോടതികളിൽ മുൻകൂട്ടി അപേക്ഷിച്ചു നിരോധനാജ്ഞ വാങ്ങുന്നതാണു് പ്രസ്തുത പുതിയ സമ്പ്രദായം. ഈ സമ്പ്രദായത്തെ അവിടത്തെ പത്രപ്രവത്തകർ ശക്തിയായി എതിക്കുകയും ആ സമ്പ്രദായത്തെ ഇല്ലായ്മ ചെയ്യുവാൻ അപ്പീൽകോടതികളും നിയമസഭകളും മുഖേന അവർ ശ്രമിക്കുകയും അവക്കു മിക്കവാറും വിജയം ലഭിക്കുകയും ചെയ്തിരിക്കുന്നു. ഇൻഡിയാനാ എന്ന യുണൈറ്റഡ് സ്റ്റേറ്റ്സിലെ ഒരു ഉപരാജ്യത്തിൽ കോർട്ടലക്ഷ്യത്തെപ്പററി ഒരു പുതിയ നിയമം പാസ്സാക്കിയിരിക്കുന്നു. ഇതിൽ ഭാരതീയരുടേയും പ്രത്യേകിച്ചു്, പണ്ടേ ദുർബല അതിലും ഗർഭിണി എന്ന ചൊല്ലുപോലെ ഈയ്യിടെ ഉണ്ടായിട്ടുള്ള രാജദ്രോഹനിയമത്തിൻെറ കോടതിവ്യാഖ്യാനങ്ങൾകൊണ്ടും കോർട്ടലക്ഷ്യക്കററം സംബന്ധിച്ചുള്ള അധികാരപ്രയോഗത്തിന്റെ വർദ്ധിച്ചുവരുന്ന വ്യാപ്തികൊണ്ടും മററും പത്രപ്രവത്തനസ്വാതന്ത്ര്യം പാടേ നശിക്കാറായിരിക്കുന്ന തിരുവിതാംകൂർകാരുടേയും ശ്രദ്ധ പതിയേണ്ടതാണു്. സുപ്രീംകോടതിയല്ലാത്തതായ കീഴ്ക്കോടതികളെ സംബന്ധിച്ചു കോടതിക്കു പുറമേവച്ചുണ്ടാകുന്ന കോർട്ടലക്ഷ്യക്കററത്തിനു് ഒരാളുടെപേരിൽ കേസെടുക്കുമ്പോൾ, ആ കോടതികളിലെ മൂന്നു വക്കീലന്മാരേയോ, കേസെടുത്ത ജഡ്ജിയല്ലാത്ത മൂന്നു ജഡ്ജിമാരേയോ ആ കേസുകേട്ടു തീരുമാനിക്കുന്നതിനു് അധികാരപ്പെടുത്തണമെന്നും, പരാതിക്കാരനായ ജഡ്ജിക്കും പ്രതിക്കും ഈ മൂന്നു പേരിൽനിന്നു് ഒരാളുടെ പേർ വീതം നീക്കിക്കളയുവാൻ അവകാശമുണ്ടെന്നും, ഇങ്ങനെ നീക്കിക്കളഞ്ഞതിൽ പിന്നീടു ശേഷിച്ച ഒരാൾവേണം കേസുകേട്ടു തീരുമാനിക്കേണ്ടതെന്നും, സുപ്രീംകോടതിയെ സംബന്ധിച്ചുള്ള കോർട്ടലക്ഷ്യക്കേസുകളിൽ കേസുകേട്ടു പരാതിപ്പെടുന്ന ജഡ്ജിയോടു തീരുമാനമറിയിക്കുവാനായി ഒരു പ്രത്യേകകമ്മിററിയെ നിയമിക്കേണ്ടതാണെന്നുമാണു് ഇൻഡിയാനയിലെ പുതിയ നിയമം. ഇതുനിമിത്തം വാദിയും ജഡ്ജിയും ഒരാളാകുന്ന അന്യായമായ നില ഇല്ലാതാകുന്നതാണു്. തിരുവിതാംകൂറിലെ ഹൈക്കോടതിയുടെ കോർട്ടലക്ഷ്യക്കററത്തെ സംബന്ധിച്ചുള്ള വ്യാപ്തിയേറിവരുന്ന അധികാരത്തെ നിയന്ത്രിക്കുവാൻ മി. കെ. പി. നീലകണ്ഠപ്പിള്ള ഒരു ബില്ലു് ഹാജരാക്കുവാൻ തിരുവിതാംകൂർ ഗവമ്മെൻറിന്റെ അനുവാദം ചോദിച്ചിരുന്നല്ലോ. നിയമസഭയെ ഇപ്പോൾ പിരിച്ചുവിട്ടുന്നതുകൊണ്ടു് ഇതിനു തടസ്സമുണ്ടാകും. പുതിയ നിയമസഭയിൽ അനുദ്യോഗസ്ഥന്മാരാരെങ്കിലും ഇൻഡിയാനയിലെ നിയമമനുസരിച്ചു് ഒരു കോർട്ടലക്ഷ്യനിയമം തിരുവിതാംകൂറിലും ഉണ്ടാക്കുവാൻ ശ്രമിക്കേണ്ടതാണു്. കൂടാതെ തിരുവിതാംകൂറിലെ കുപ്രസിദ്ധമായ വത്തമാനപ്പത്രനിയമത്തെ റദ്ദുചെയ്യിപ്പിക്കുവാനും ഇവിടത്തെ രാജദ്രോഹവകുപ്പുകളെ പരിഷ്കൃതരാജ്യങ്ങളിൽ നടപ്പുള്ള രീതിയിൽ സങ്കുചിതമാക്കുവാനുള്ള ഒരു ബില്ലു് അവതരിപ്പിച്ചു നടപ്പിൽ വരുത്തുവാനും അവരിൽ ആരെങ്കിലും ഭഗീരഥപ്രയത്നം ചെയ്യുമെന്നു വിശ്വസിക്കുന്നു.

കേസരി, 1931 ഏപ്രിൽ 22

# ദിവാൻജിയും പത്രപ്രവത്തകരും

[സർ മഹമ്മദ് ഹബിബുള്ള പത്രപ്രവത്തകരെ ഭക്തിവിലാസത്തു വിളിച്ചുകൂട്ടി പത്രധമ്മത്തെപ്പററി ഒരു ഗിരിപ്രസംഗം നടത്തുകയും പത്രങ്ങളിൽനിന്നു ഗവമ്മെൻറു പ്രതീക്ഷിക്കുന്ന പ്രവത്തനരീതി എന്താണെന്നു് ഉൽബോധിപ്പിക്കുകയും ചെയ്തു. ഈ പ്രസംഗത്തിനും ഉൽബോധനത്തിനും ബാലകൃഷ്ണപിള്ള നല്കിയ മറുപടിയാണു് താഴെ ചേക്കുന്നതു്.]

ഭക്തിവിലാസത്തുവച്ചുനടന്ന പ്രസ്സ്സമ്മേളനത്തിൻെറ വിവരങ്ങൾ ഞങ്ങൾ അന്യത്ര ചുരുക്കി ചേത്തിട്ടുണ്ടു്. ദിവാൻജി ചെയ്ത പ്രസംഗത്തിൽ അദ്ദേഹം ബ്രി.ഇൻഡ്യൻപത്രങ്ങളേയും തിരുവിതാംകൂർ പത്രങ്ങളേയും തമ്മിൽ താരതമ്യപ്പെടുത്തി തിരുവിതാംകൂർപത്രങ്ങൾ വ്യക്തികളായ ഉദ്യോഗസ്ഥന്മാരുടെ വക്കാലത്തു പിടിക്കുന്നതിനേയും വഗ്ഗീയകലഹത്തെ പ്രോത്സാഹിപ്പിക്കുന്നതിനേയും അധിക്ഷേപിക്കുകയും തിരുവിതാംകൂറിലെ പത്രപ്രവത്തകരിൽനിന്നു വിശാലമായ പ്രശ്നങ്ങളെപ്പററിയുള്ള നിമ്മാണപരമായ നിർദ്ദേശങ്ങളും വിമർശനങ്ങളും ക്ഷണിക്കുകയും ഇപ്പോഴത്തെ രീതി തുടന്നുകൊണ്ടുപോയാൽ ഗത്യന്തരമില്ലാതെ പത്രങ്ങളോടു രൗദ്രമായ നയം തുടങ്ങേണ്ടതായി വരുമെന്നു താക്കീതു നല്കുകയും ചെയ്യുകയുണ്ടായി. പത്രപ്രവത്തകക്കു് രാഷ്ട്രത്തിൽ ഒരു പ്രധാന സ്ഥാനമുണ്ടെന്നും അവരുടെ സഹകരണം രാജ്യാഭിവൃദ്ധിക്കു് അത്യാവശ്യമാണെന്നും തങ്ങൾക്കു ബോധമുള്ളതായി യാതൊരു ദിവാൻജിയും ഇതുവരെയും പ്രവൃത്തിമുഖേന പ്രത്യക്ഷപ്പെടുത്തിയിട്ടില്ല. ഭക്തിവിലാസത്തിൽ സർ മഹമ്മദ് ഹബിബുള്ള വിളിച്ചുകൂട്ടിയ പത്രപ്രവത്തകസമ്മേളനം ഈ ബോധം തനിക്കുണ്ടെന്നു് അദ്ദേഹം പ്രത്യക്ഷപ്പെടുത്തിയിരിക്കുന്നു. ഇതിനു് അദ്ദേഹത്തെ ഞങ്ങൾ അഭിനന്ദിക്കുന്നു. പക്ഷേ, ഈ സമ്മേളനത്തിനു പ്രാരംഭമായി അദ്ദേഹം ഒരു കാര്യം ചെയ്യേണ്ടതായിരുന്നു എന്നും, ഈ സമ്മേളനത്തിൽവച്ചു് അദ്ദേഹം ചെയ്ത പ്രസംഗം പത്രപ്രവത്തനത്തെക്കുറിച്ചു സാമാന്യമായോ, ഇവിടത്തെ സ്ഥിതിഗതികളെക്കുറിച്ചു പ്രത്യേകമായോ തനിക്കു വേണ്ടപോലെയുള്ള പരിജ്ഞാനമില്ലെന്നു കാണിക്കുകയാണു ചെയ്യുന്നതെന്നും അദ്ദേഹത്തിന്റെ പ്രസംഗത്തിലുള്ള ഭീഷണി അദ്ദേഹത്തിന്റെ സുപ്രസിദ്ധമായ നയശീലത്തിനോ, പത്രപ്രവത്തകരുടെ അഭിമാനബോധത്തിനോ യോജിച്ചതല്ലെന്നും ഞങ്ങൾക്കു ചൂണ്ടിക്കാണിക്കേണ്ടിയിരിക്കുന്നു. പത്രപ്രവത്തകസമ്മേളനം വിളിച്ചുകൂട്ടുന്നതിനുമുമ്പു് അദ്ദേഹം ചെയ്യേണ്ടതായിരുന്ന കാര്യം ഇപ്പോൾ നടപ്പിലിരിക്കുന്ന കുപ്രസിദ്ധമായ പത്രറഗുലേഷനെ റദ്ദുചെയ്യുകയായിരുന്നു. വായ് മൂടിക്കെട്ടിയിരിക്കുന്ന ഒരാളുടെ വീക്ഷണകോടി പിഴച്ചുപോയേക്കാം. തങ്ങളുടെ തലയ്ക്കുമീതെ തലനാ

രിൽ കെട്ടിത്തൂക്കിയിരിക്കുന്ന നിശിതഖഡ്ഗത്തെപ്പററിയുള്ള ചിന്തനിമിത്തം ഇവിടത്തെ പത്രക്കാരുടെ മനോഗതി വക്രിച്ചുപോകുന്നുവെങ്കിൽ അവരെയല്ല പഴിപറയേണ്ടതു്. ശൃംഖലകൊണ്ടു ബന്ധിച്ചിരിക്കുന്ന ഒരാളിനു മററൊരാളിനെ വേണ്ടതുപോലെ സഹായിക്കുവാനും സാധിക്കുകയില്ലല്ലോ. ഇന്നത്തെ തിരുവിതാംകൂറിലെ പത്രപ്രവൎത്തനം അനാശാസ്യമായ ഒരു സ്ഥിതിയിൽ എത്തിയിട്ടുണ്ടെങ്കിൽ, അതിനു് ഒരു പ്രധാനകാരണം പ്രസ്തുത പത്രറഗുലേഷനാണു്. സ്വാതന്ത്ര്യകാഹളത്തിനോടു് അന്യായമായി ഗവൺമെന്റു പെരുമാറിയതിനെ റദ്ദുചെയ്തുകൊണ്ടുമാത്രം സർ മഹമ്മദിനു് ഇവിടത്തെ പത്രലോകത്തിൻെറ ഹൃദയംഗമമായ സഹകരണം ലഭിക്കുന്നതല്ല. പത്രക്കാരെ താൻ പൂൎണ്ണമായി വിശ്വസിക്കുന്നു എന്നു കാണിക്കുവാനായി അദ്ദേഹം പത്രറഗുലേഷനെ റദ്ദുചെയ്തിട്ടു സമ്മേളനത്തിൽവച്ചു താൻ ചെയ്ത ഭീഷണികൂടാതെ അവരുടെ സഹകരണം അഭ്യൎത്ഥിക്കേണ്ടതായിരുന്നു. പത്രറഗുലേഷൻ ഇവിടെ നടപ്പിലിരിക്കുന്ന കാലത്തോളം ഗവൺമെൻറിനോടുള്ള അവിശ്വാസം പത്രക്കാരിൽ നശിക്കുന്നതല്ല. ഇവിടത്തെ പത്രപ്രവൎത്തനത്തിനും ബ്രി. ഇൻഡ്യയിലെ പത്രപ്രവൎത്തനത്തിനുമുള്ള വ്യത്യാസം ചൂണ്ടിക്കാണിച്ചു് അതിനുള്ള കാരണങ്ങൾ മനസ്സിലാക്കാതെ അതിൻെറ ഉത്തരവാദിത്വം ഇവിടത്തെ പത്രപ്രവൎത്തകരുടെ ചുമലിൽ അദ്ദേഹം കയററിയിരിക്കുന്നു. പത്രങ്ങൾക്കു് രണ്ടു പ്രധാനകൎത്തവ്യങ്ങളുണ്ടു്. പൊതുജനാഭിപ്രായത്തെ പ്രതിബിംബിപ്പിക്കുന്നതും അതിൽ പരിവൎത്തനമുണ്ടാക്കുന്നതും ആകുന്നു ഈ കൎത്തവ്യങ്ങൾ. ബ്രി. ഇൻഡ്യയിലെ പബ്ലിക്‌സൎവ്വീസിൽ തിരുവിതാംകൂറിലുള്ള വൎഗ്ഗീയകുത്തകകൾ കുറവാകയാലും അവിടത്തെ അധികാരികൾ പബ്ലിക്‌സൎവ്വീസിലെ നിയമനങ്ങളിൽ വൎഗ്ഗീയപക്ഷപാതം വരുത്താതെ ഇരിക്കുവാനുള്ള ഉപായങ്ങൾ സ്വീകരിച്ചിട്ടുള്ളതിനാലും അവിടത്തെ ജനങ്ങൾക്കു തിരുവിതാംകൂറിലെ ജനങ്ങളെക്കാൾ കൂടുതൽ രാഷ്ട്രീയാവകാശങ്ങൾ ഉള്ളതുകൊണ്ടും ബ്രി. ഇൻഡ്യയിലെ പൊതുജനങ്ങൾക്കു പബ്ലിക്‌സൎവ്വീസിലെ നിയമനങ്ങളെപ്പററി സങ്കടമില്ല. തന്മൂലം അവിടത്തെ പൊതുജനാഭിപ്രായത്തെ പ്രതിബിംബിപ്പിക്കുന്ന ബ്രി. ഇൻഡ്യൻ പത്രങ്ങൾ ഉദ്യോഗസ്ഥന്മാരുടെ നിയമനകാൎയ്യങ്ങളെപ്പററി ഒന്നും പറയുന്നില്ല. നേരേ മറിച്ചാണു് ഇവിടത്തെ സ്ഥിതി. ഇവിടത്തെ ഇന്നത്തെ പ്രധാന രാഷ്ട്രീയകാൎയ്യമായി ഭൂരിപക്ഷം ജനങ്ങളും കരുതിയിരിക്കുന്നതു് ഉദ്യോഗങ്ങളിൽ കയറുക എന്നുള്ള കാൎയ്യമാകുന്നു. ഇവിടത്തെ പബ്ലിക്‌സൎവ്വീസിൽ ചില വൎഗ്ഗക്കാൎക്കു ക്രമത്തിലധികം പ്രാതിനിധ്യമുള്ളതിനാൽ പ്രാതിനിധ്യമില്ലാത്ത സമുദായക്കാർ സമത്വം സ്ഥാപിക്കുന്നതിലും അധികം പ്രാതിനിധ്യം ലഭിച്ച സമുദായക്കാർ തങ്ങളുടെ പ്രാമാണ്യം സംരക്ഷിച്ചുകൊണ്ടുപോകുന്നതിലും ബദ്ധശ്രദ്ധരായിരിക്കുന്നു. ഇതിനെപ്പററിയുള്ള പൊതുജനമനസ്ഥിതി തിരുവിതാംകൂറിലെ പത്രങ്ങളിൽ പ്രതിബിംബിക്കുന്നതു സ്വാഭാവികമാണു്. അതുപോലെതന്നെ ഇവിടത്തെ നിയമസഭകളിലും വൎഗ്ഗീയസമത്വം ഇതുവരെ സ്ഥാപിച്ചിട്ടില്ലായ്കയാൽ അതിനെപ്പററിയുള്ള ഇരുകക്ഷികളുടേയും ഭിന്നാഭിപ്രായ

ങ്ങളും ഇവിടത്തെ പത്രങ്ങളിൽ കാണുകതന്നെ ചെയ്യും. മാറിമാറിവരുന്ന തിരുവിതാംകൂറിലെ നാട്ടുവാഴികളുടെ ഗവമ്മെൻറുകൾക്കു ചില സമുദായക്കാരോട്ട് ഒരു പ്രത്യേക മമത ഉണ്ടെന്നു പൊതുജനങ്ങളുടെ ഇടയ്ക്കു പതിവായി തെറ്റായോ ശരിയായോ ഒരു ധാരണ ഉണ്ടാകാറുണ്ട്. അതു് ഇതരസമുദായക്കാരിൽ വിദ്വേഷം ജനിപ്പിക്കുന്നുണ്ട്. ഈ വിദ്വേഷവും തങ്ങളുടെ കത്തവ്യനിവ്വഹണത്തിൽ പത്രക്കാക്കു പ്രതിബിംബിപ്പിക്കാതെയിരിക്കുവാൻ നിവൃത്തിയില്ല. പ്രക്ഷോഭകരമായ പത്രപ്രവത്തനം സവ്വസാധാരണമായിത്തീന്നിരിക്കുന്ന ഇന്നു് അതിൻെറ ഒരു ഒഴിച്ചുകൂടാത്ത ഉപകരണമായ അതിശയോക്തിനിമിത്തം ഈ അഭിപ്രായവ്യത്യാസപ്രകടനങ്ങൾ അനഭിജ്ഞരായവക്ക് കിൽകെനി പൂച്ചകളുടെ ശണ്ഠപോലെ അതിഭയങ്കരം ആണെന്നു തോന്നിപ്പോകും. വാസ്തവത്തിൽ പൊതുജനങ്ങൾ ഇതു് അതിശയോക്തിയാണെന്നു മനസ്സിലാക്കിയിട്ടുമുണ്ട്. ഇവിടത്തെ നിയമസഭകൾക്കു സാരമായ രാഷ്ട്രീയാവകാശങ്ങൾ ഒന്നുംതന്നെ ഇല്ലാായ്കയാൽ വിശാലമായ പ്രശ്നങ്ങളിൽ അപൂവ്വമായിട്ടേ പൊതുജനങ്ങൾ ശ്രദ്ധ പതിപ്പിക്കാറുള്ളു. ഈ സ്ഥിതിഗതിയും ഇവിടത്തെ പല പത്രങ്ങളും പ്രതിബിംബിപ്പിക്കുന്നുണ്ട്. ഈ സ്ഥിതിക്കു സർ മഹമ്മദ് ആവശ്യപ്പെട്ടതുപോലെയുള്ള ഒരു മാറ്റം വരണമെങ്കിൽ ഇവിടെ വഗ്ഗീയസമത്വം പബ്ലിക്സവ്വീസിലും നിയമസഭകളിലും സ്ഥാപിച്ചേ മതിയാവൂ. ഇതു് ഇവിടത്തെ പത്രക്കാർ വിചാരിച്ചാൽ സാധിക്കുന്ന കാര്യമല്ല. ഗവമ്മെൻറുതന്നെ ഇതിൽ പ്രവത്തിച്ചേ തീരൂ. അതിനാൽ ഈ സ്ഥിതിക്ക് ഇവിടത്തെ പത്രപ്രവത്തകരെ കുററപ്പെടുത്തുന്നതു് അന്യായമാണു്. അവർ പൊതുജനങ്ങളുടെ മനസ്ഥിതിയെ പ്രതിബിംബിപ്പിക്കുക മാത്രമേ ചെയ്യുന്നുള്ളു. ഈ പൊതുജനമനസ്ഥിതി മാററുവാൻ ഗവമ്മെന്റിനു മാത്രമേ സമത്വസ്ഥാപനവും ഭരണപരിഷ്കാരങ്ങളും മൂലം സാധിക്കുകയുള്ളു. അതിനാൽ ഇന്നത്തെ തിരുവിതാംകൂറിലെ പത്രപ്രവത്തനം അധഃപതിച്ചിട്ടുണ്ടെങ്കിൽ അതിനു കാരണം പത്രക്കാരല്ല ഗവമ്മെൻറുതന്നെയാണെന്നു സുവ്യക്തമാകുന്നുണ്ടല്ലോ. ഇങ്ങനെ ഗവമ്മെൻറിന്റെ വീഴ്ചയ്ക്കു പത്രപ്രവത്തകരോടു മർദ്ദനനയം തുടങ്ങുമെന്നു് സർ മഹമ്മദ് ഭീഷണിപ്പെടുത്തിയതു് എത്രയും അന്യായവും അനുചിതവുമാണെന്നു പ്രത്യേകം പറയേണ്ടതില്ലല്ലോ. ഈ ഭീഷണി അദ്ദേഹം ഉദ്ദേശിച്ചിട്ടുള്ളതിനു നേരെ വിപരീതഫലമാണു് ഇവിടത്തെ പത്രലോകത്തിൽ ഉണ്ടാക്കിയിരിക്കുന്നതെന്നും അദ്ദേഹം അറിയേണ്ടതാണു്. വഗ്ഗീയപ്രശ്നത്തിനു പരിഹാരമുണ്ടാക്കുവാൻ താൻ ശ്രമിച്ചുവരുന്നുണ്ടെന്നു് സർ മഹമ്മദ് പ്രസ്തുത സമ്മേളനത്തിൽവച്ചു പ്രസംഗിക്കുകയുണ്ടായി. ഇതാണു് അത്യാവശ്യമായി അദ്ദേഹം ചെയ്യേണ്ടതു്. അതു് എത്ര വേഗത്തിൽ അദ്ദേഹത്തിനു പരിഹരിക്കുവാൻ കഴിയുന്നുവോ അത്ര വേഗത്തിൽ ഇവിടത്തെ പത്രപ്രവത്തനത്തിന്റെ രീതിയും മാറുന്നതാണു്. പൊതുജനാഭിപ്രായത്തെ ഭേദപ്പെടുത്തുവാൻ ശ്രമിക്കുന്നതാണു പത്രങ്ങളുടെ മറെറാരു കത്തവ്യം. ലോകത്തുള്ള പത്രങ്ങളെല്ലാം ഈ രണ്ടു കത്തവ്യങ്ങളും നിവ്വഹിച്ചുവരുന്നുണ്ട്. എന്നാൽ ഈ രണ്ടു കത്തവ്യങ്ങൾക്കും

കൊട്ടക്കുന്ന പ്രാമുഖ്യത്തെ സംബന്ധിച്ചു പത്രപ്രവൎത്തനത്തെ രണ്ടായി തരംതിരിക്കാവുന്നതാണു്. ചില പത്രങ്ങൾ പൊതുജനാഭിപ്രായപ്രതിബിംബനത്തിനു കൂടുതൽ പ്രാമുഖ്യം നല്കുന്നു. മററുള്ളവ പൊതുജനാഭിപ്രായപരിവൎത്തനത്തിലാണു കൂടുതൽ ശ്രദ്ധപതിപ്പിക്കുന്നതു്. ഈ രണ്ടു തരം പത്രപ്രവൎത്തനവും മറെറല്ലാ രാജ്യങ്ങളിലുമുള്ളതുപോലെ തിരുവിതാംകൂറിലുമുണ്ടു്. സർ മഹമ്മദിന്റെ പ്രസംഗത്തിൽനിന്നു് ഇവിടെ പൊതുജനാഭിപ്രായപ്രതിബിംബനം നിൎവ്വഹിക്കുന്ന പത്രങ്ങൾ മാത്രമേ ഉള്ളുവെന്നു് അദ്ദേഹം വിചാരിക്കുന്നതായി തെളിയുന്നുണ്ടു്. ഇതു് ഇവിടത്തെ ഭാഷ അറിയാത്തതുകൊണ്ടും ഇവിടത്തെ ഉദ്യോഗസ്ഥന്മാർ അദ്ദേഹത്തെ തെററിദ്ധരിപ്പിച്ചതുകൊണ്ടും അദ്ദേഹത്തിനു പററിപ്പോയ പ്രമാദമെന്നേ വിചാരിക്കാവൂ. പൊതുജനാഭിപ്രായപരിവൎത്തനത്തിൽ കൂടുതൽ ശ്രദ്ധപതിപ്പിക്കുന്ന പത്രങ്ങൾക്കു് അവരുടെ കൎത്തവ്യനിൎവ്വഹണത്തിൽ ഗവമ്മെൻറിന്റെ സഹായം കൂടിയേ തീരൂ. ഇതിനുവേണ്ടി ഗവമ്മെൻറു് ഇവിടത്തെ അസമത്വങ്ങളെ മാററുവാൻ ശ്രമിക്കണം. ഈ ഉദ്ദേശം അവൎക്കു മനഃപൂൎവ്വമായുണ്ടെന്നു ജനങ്ങളെ മനസ്സിലാക്കിയാൽ ഇത്തരം പത്രങ്ങൾക്കു് അതൊരു വലിയ സഹായമായിത്തീരും. ഇതിനു താൻ ശ്രമിക്കുന്നുണ്ടെന്നു സർ ഹബിബുള്ള പ്രസ്തുത സമ്മേളനത്തിൽവച്ചു പറഞ്ഞതു് ഇത്തരം പത്രക്കാരുടെ ജോലിയെ കുറെ സഹായിക്കാതെയിരിക്കുകയില്ല. അതിനാൽ ഞങ്ങൾ സർ മഹമ്മദിനോടു് ഉപദേശിക്കുന്നതു പുതിയ പത്രമൎദ്ദനനിയമങ്ങൾ രൂപവല്ക്കരിക്കുന്നതിനാലോചിക്കാതെ, എത്രയും വേഗത്തിൽ പത്രറഗുലേഷനെ റദ്ദ്ചെയ്യുകയും പബ്ലിക്സൎവ്വീസിലും നിയമസഭകളിലും വൎഗ്ഗീയസമത്വം സ്ഥാപിക്കുകയും കൂടുതൽ രാഷ്ട്രീയാവകാശങ്ങൾ ജനങ്ങൾക്കു നല്കുന്ന ഒരു ഭരണപരിഷ്കാരപദ്ധതി രൂപവൽക്കരിക്കുകയും ചെയ്യണമെന്നാണു്. കൂടാതെ ഇവിടത്തെ സകല പത്രങ്ങളുടേയും വിമർശനങ്ങളുടെ ശരിതൎജ്ജിമ (സംക്ഷിപ്തതൎജ്ജിമയല്ല) ആഴ്ചതോറും വിശ്വസ്തരായ ഉദ്യോഗസ്ഥന്മാരെക്കൊണ്ടു ചെയ്യിപ്പിച്ചു് അതിനെ നല്ലപോലെ പഠിക്കണമെന്നും ഞങ്ങൾ അദ്ദേഹത്തോടു് ഉപദേശിക്കുന്നു. അദ്ദേഹത്തിനു് ഇവിടത്തെ പൊതുജനാഭിപ്രായം നേരിട്ടും ശരിയായും മനസ്സിലാക്കുന്നതിനും തന്മൂലം തൻെറ കൎത്തവ്യം കാൎയ്യക്ഷമമായി നിൎവ്വഹിക്കുന്നതിനും ഇതു വലിയ സഹായമായിത്തീരുന്നതാണു്.

കേസരി, 1934 ജൂലായ് 4

# പുതിയ പത്രറഗുലേഷൻ

[1935-ൽ ഗവമ്മെൻറു പുറപ്പെടുവിച്ച പത്രറഗുലേഷൻ ഭേദഗതിയെ വിമർശിച്ചുകൊണ്ടു് കേസരി 1935 ജൂൺ 12-ാം തീയതി പ്രസിദ്ധപ്പെടുത്തിയ അതിഗംഭീരമായ മുഖപ്രസംഗമാണു

ചുവടെ ചേക്കുന്നതു്. പുതിയ റഗ്ഗുലേഷനനുസരിച്ചു് ലൈസൻസ് സംഖ്യ 1000 രൂപയായി വർദ്ധിപ്പിക്കയും ലൈസൻസുകാം കൈമാറുന്നതിനെ നിരോധിക്കയും ചെയ്യതോടുകൂടി ബാലകൃഷ്ണപിള്ളയുടെ പത്രപ്രവത്തനം കേസരിയുടെ ലൈസൻസ് കണ്ടുകെട്ടുന്നതോടുകൂടി നിശ്ശേഷം അവസാനിപ്പിക്കേണ്ടി വരുമെന്ന നില വന്നുചേൻ. ഈ ഭേദഗതിനിയമം മി. ബാലകൃഷ്ണപിള്ളയെ നിശ്ശബ്ദനാക്കുവാൻവേണ്ടി ഗവമ്മെൻറു കരുതിക്കൂട്ടി തയാറാക്കിയതായിരുന്നു. ഗവമ്മെൻറിൻെറ ഉദ്ദേശം താമസംവിനാ സഫലമാകുകയും ചെയ്തു.]

കഴിഞ്ഞ ലക്കത്തിൽ ഞങ്ങൾ പ്രതിപാദിച്ചിരുന്ന ഇരട്ടത്തലയൻനയം ഗവമ്മെൻറു സ്വീകരിച്ചിട്ടുണ്ടെന്നുള്ള സംഗതി ഇപ്പോൾ സംശയരഹിതമായിത്തീക്കുന്ന രണ്ടു സംഭവങ്ങൾ അതിനുശേഷം ഉണ്ടായിരിക്കുന്നു. ഗവമ്മെൻറിൻെറ പേരിൽ കോഴഞ്ചേരിപ്രസംഗംമൂലം അതൃപ്തി ജനിപ്പിച്ചു എന്നു പറഞ്ഞു് മി. സി. കേശവനെ അറസ്ററുചെയ്തിരിക്കുന്നു. ഇപ്പോഴുള്ള നാമമാത്രമായ പ്രവത്തനസ്വാതന്ത്ര്യത്തെപ്പോലും ഇല്ലായ്മചെയ്യുവാൻ പയ്യാപ്തമായ ഒരു പത്രറഗ്ഗുലേഷൻഭേദഗതി റഗ്ഗുലേഷൻ നിയമസഭകളുടെ തലയ്ക്കുമീതേ തിരുവെഴുത്തുവിളംബരംമുഖേന ഗവമ്മെൻറു നിമ്മിച്ചിരിക്കുന്നു. ഈ രണ്ടു സംഭവങ്ങളിൽവച്ചു് ധീരനായ മി. സി. കേശവൻെറ അറസ്റ്റിൽ അന്തർഭവിച്ചിട്ടുള്ള നയത്തെപ്പററി ഈ നാട്ടിലെ ഭൂരിപക്ഷം ജനങ്ങളും പുറപ്പെടുവിച്ചിട്ടുള്ള ശക്തിയേറിയ പ്രതിഷേധം ഞങ്ങളും പുറപ്പെടുവിക്കുന്നുണ്ടെങ്കിലും ഈ കേസ് കോടതിയിൽ വിചാരണയ്ക്കു വച്ചിരിക്കുന്നതിനാൽ ഇതിനെപ്പററി കൂടുതലായി ഒന്നും പറയുന്നില്ല. പുതിയ പത്രറഗ്ഗുലേഷനെ നിരൂപണം ചെയ്യുവാൻ മാത്രമേ ഞങ്ങൾ ഇപ്പോൾ തുനിയുന്നുള്ളു. വത്തമാനപ്പത്രങ്ങളുടെ പ്രിൻററും പബ്ലിഷറും അയാളുടെ പേരിൽത്തന്നെ ലൈസൻസ് എടുത്തിരിക്കണമെന്നും, ആദ്യമായി ലൈസൻസിനു് അപേക്ഷിക്കുന്ന ഒരാൾ കെട്ടിവയ്ക്കേണ്ട പണ്ടത്തെ ഏററവും കൂടുതൽ തുകയായ 500 ക. യെ 1000 ക. യാക്കി വർദ്ധിപ്പിക്കുന്നു എന്നും, ഇതു് 1110 മുതൽ പുറകോട്ടു നടപ്പിൽ വരുത്തുന്നുണ്ടെന്നും, ഒരു വർഷത്തിനുമുമ്പു് ലൈസൻസ് റദ്ദ്ചെയ്ത ഒരാൾ വീണ്ടും ലൈസൻസിനു് അപേക്ഷിക്കുമ്പോൾ ഗവമ്മെൻറിനു് അതു കൊടുക്കാതെയിരിക്കാനും കൊടുക്കുന്നതായാൽ 2500 ക. വരെ തുക വർദ്ധിപ്പിക്കാനും അധികാരമുണ്ടായിരിക്കുമെന്നും, ലൈസൻസ് റദ്ദ്ചെയ്യുന്നതിനു് 1101-ലെ റഗ്ഗുലേഷനിൽ ചേത്തിട്ടുള്ള കാരണങ്ങളോടുകൂടി അശ്ലീലസംഗതികളുടെ പ്രസിദ്ധീകരണംകൂടി ഉൾപ്പെടുത്തണമെന്നും, സ്വന്തം പേരിൽ ലൈസൻസ് എടുക്കാതെ ഇപ്പോൾ പത്രങ്ങളുടെ പ്രിൻറർമാരും പബ്ലിഷർമാരും ആയിരിക്കുന്നവർ അവരുടെ പേരിൽ ഗവമ്മെൻറു കേസെടുക്കാതെയിരിക്കണമെങ്കിൽ പുതിയ റഗ്ഗുലേഷൻ നടപ്പിൽവന്ന ഇടവം 20-ാം തീയതി

മുതൽ മുപ്പതു ദിവസത്തിനകം സ്വന്തം പേരിൽ ലൈസൻസ് എടുത്തുകൊള്ളണമെന്നുമാണ് പുതിയ ഭേദഗതിറഗുലേഷനിൽ പറഞ്ഞിരിക്കുന്നതു്. 1101-ലെ കുപ്രസിദ്ധമായ പത്രറഗുലേഷൻതന്നെ റദ്ദ്ചെയ്യണമെന്ന് പൊതുജനങ്ങൾ ജാതിമതഭേദമെന്യെ നിയമസഭകളിലും പത്രപംക്തികളിലുംകൂടി ആവശ്യപ്പെട്ടുകൊണ്ടിരിക്കുന്ന ഇന്നു് ഈ ഭേദഗതിറഗുലേഷൻ പുറപ്പെടുവിച്ചതു് ഇന്നത്തെ ഗവമ്മെൻറിൻെറ പൊതുജനാഭിപ്രായധിക്കാരത്തിനും ധാർഷ്ട്യത്തിനും മകുടോദാഹരണമായിരിക്കുന്നതാണു്. പുതിയ നിയമസഭാറഗുലേഷൻകൊണ്ടു രാഷ്ട്രീയമായി തിരുവിതാംകൂർകാൎക്കു് അതിവിപുലമായ അധികാരം കിട്ടിയിരിക്കുന്നു എന്നു് ലോകരെ ധരിപ്പിക്കുവാൻ ശ്രമിക്കുന്ന തിരുവിതാംകൂർ ഗവമ്മെൻറിൻെറ ആത്മാൎത്ഥത, ആ നിയമസഭകളെ അവഗണിച്ചു തിരുവെഴുത്തുവിളംബരംമുഖേന ഇങ്ങനെ നിയമനിൎമ്മാണം ചെയ്തുകൊണ്ടു് എത്രമാത്രമുണ്ടെന്നു് ഇപ്പോൾ ലോകർ നല്ലപോലെ അറിഞ്ഞിരിക്കുന്നു. ദ്വിമണ്ഡലനിയമസഭ സൃഷ്ടിച്ച പുതിയ ഭരണപരിഷ്കാരം മുഖേന ഗവമ്മെൻറു് നിയമസഭക്കു പണ്ടുണ്ടായിരുന്ന അധികാരംപോലും കുറക്കുകയാണു ചെയ്തതു്. ഈ പുതിയ നിയമസഭയുടെ തലക്കുമീതെ തിരുവെഴുത്തുവിളംബരംകൊണ്ടു നിയമനിൎമ്മാണംചെയ്തു് അതിൻെറ കുറഞ്ഞ അധികാരംപോലും ഇപ്പോൾ നശിപ്പിച്ചിരിക്കുന്നു. പത്രപ്രവൎത്തനത്തിനു ലൈസൻസ് എടുക്കണമെന്നുള്ള പഴയ വ്യവസ്ഥതന്നെ സ്വാതന്ത്ര്യവും തന്മൂലം ആരോഗ്യകരവുമായ പത്രപ്രവൎത്തനത്തിനു് കണ്ടകോടാലിയായിത്തീൎന്നിരുന്നു. ആ നിയമത്തിൽ ഒരു പഴുതുണ്ടായിരുന്നതു് ലൈസൻസ് കൈമാററത്തിനെ അതു നിരോധിച്ചിട്ടില്ലെന്നുള്ളതാണു്. ഇപ്പോൾ അതും പ്രിന്ററും പബ്ലിഷറും സ്വന്തം പേരിൽ ലൈസൻസ് എടുക്കണമെന്നുള്ള നിർബന്ധംനിമിത്തം അടഞ്ഞിരിക്കുന്നു. ലൈസൻസ് എടുക്കുന്നതിനു കെട്ടിവക്കേണ്ട കൂടുതൽ തുക 500-ൽനിന്നു് 1000 ക. യാക്കിയതും നിത്യദരിദ്രരായ ഈ നാട്ടുകാരുടെ ഇടക്കു സ്വാതന്ത്ര്യവും ആരോഗ്യകരവുമായ പത്രപ്രവൎത്തനം പാടേ നശിപ്പിക്കുവാൻ പൎയ്യാപ്തമാണു്. ഇന്നത്തെ ലോകത്തിലുള്ള പത്രപ്രവൎത്തനത്തിൻെറ ഒരു പ്രധാനദൂഷ്യം അതു മുതലാളിമാരുടെ ഒരു ആയുധമായിത്തീൎന്നിരിക്കുന്നു എന്നതാണു്. ഈ ദൂഷ്യമാണു് ഈ ജാമ്യത്തുക വർദ്ധിപ്പിക്കൽ തിരുവിതാംകൂറിലും കൊണ്ടുവന്നിരിക്കുന്നതു്. ഈ ജാമ്യത്തുകയുടെ വർദ്ധനവു് 1101 വരെ പുറകോട്ടു കൊണ്ടുപോയിരിക്കുന്നതു സകല പരിഷ്കൃതനിയമനിൎമ്മാണതത്വങ്ങൾക്കും നേരേ വിപരീതമാണു്. ഒരു പരിഷ്കൃതഗവമ്മെൻറിനു് ഒരിക്കലും ഒരു ഭൂഷണമായിരിക്കാത്തതായ പ്രതികാരബുദ്ധിയാണു് ഇതിൽ പൊന്തിച്ചുകാണുന്നതു്. പണ്ടു ചെയ്ത കുററമല്ലാത്ത ഒരു പ്രവൃത്തിയെ പിന്നീടു കുററമാക്കി ശിക്ഷിക്കണമെന്നുള്ള ഒരു നിന്ദ്യമായ മനസ്ഥിതി ഇതിൽ സ്ഫുരിക്കുന്നുണ്ടു്. ഇതും ഒരു വർഷത്തിനുമുമ്പു് ലൈസൻസ് റദ്ദുചെയ്ത പത്രങ്ങൾക്കു ലൈസൻസ് കൊടുക്കാതെയിരിക്കാനുള്ള അധികാരവും കൊടുക്കുകയാണെങ്കിൽ 2500 ക. വരെ ജാമ്യം ചോദിക്കാമെന്നുള്ളതും പ്രത്യക്ഷത്തിൽ പൗരസമത്വക്കാരു

ടെ പ്രവൎത്തനത്തെ നശിപ്പിക്കുന്നതിനുള്ള കൗശലമാണെന്നേ ആൎക്കും തോന്നുകയുള്ളൂ. ഈ തോന്നൽ ശരിയാണെങ്കിൽ, ഒരു രാഷ്ട്രീയകക്ഷിയെ അവരുടെ ന്യായമായ സങ്കടപരിഹാരത്തിനുള്ള പ്രക്ഷോഭണത്തിനായി ഹിംസിക്കുവാനുദ്ദേശിച്ചുള്ള നിയമനിൎമ്മാണം അത്യന്തം അനാശാസ്യമാണെന്നുവേണം പറയുവാൻ. ക്ഷേത്രങ്ങൾ ഗവൎമ്മെൻറു വിട്ടുകൊടുക്കണമെന്നുള്ള പ്രക്ഷോഭം തുടങ്ങിയിട്ടുള്ള പ്രവൎത്തകകക്ഷിക്കാർ നിവൎത്തനകക്ഷിക്ക് ഇങ്ങനെ ഒരു ശൃംഖലകൂടി ഉണ്ടാകുന്നതുകണ്ടു ചിരിക്കുകയാണെങ്കിൽ, അതു പഴുത്ത പ്ലാവില കൊഴിയുന്നതു കണ്ടു പച്ചപ്ലാവില ചിരിക്കുന്നതുപോലെ ആയിരിക്കും.

ഇനി ലൈസൻസ് റദ്ദുചെയ്യുന്നതിനു പുതുതായി കൂട്ടിച്ചേൎത്തിട്ടുള്ള കാരണത്തെ പരിശോധിക്കാം. 1101-ലെ പത്രറഗുലേഷൻെറ മൗലികമായ ദൂഷ്യം അതു് എക്സിക്യൂട്ടിവിനെ വാദിയും ജഡ്ജിയുമാക്കുന്നു എന്നുള്ളതാണു്. ഇന്നത്തെ സ്ഥിതിക്കു വാദിയും ജഡ്ജിയുമായ എക്സിക്യൂട്ടിവിനും പ്രതിയായ പൊതുജനങ്ങൾക്കും തമ്മിൽ വളരെ അധികം വിഷയങ്ങളിൽ തൎക്കത്തിനു കാരണമുണ്ടു്. സ്വയംഭരണം, രാഷ്ട്രീയസമത്വം, സാമുദായികസമത്വം, സാമ്പത്തികസമത്വം, അഥവാ, സ്ഥിതിസമത്വം, ഒരു പുതിയ ലോകത്തിൻെറ സൃഷ്ടിയെ ഉദ്ദേശിച്ചു സകലതിനേയും—ഏറ്റവും പരിപാവനമായി കരുതപ്പെട്ടിരുന്നവയെപ്പോലും—ചോദ്യം ചെയ്യുന്ന മനസ്ഥിതി എന്നിവയെല്ലാം ഇന്നു പൊന്തിച്ചുനിൽക്കുന്ന കാൎയ്യങ്ങളാണു്. ഇവയെ സംബന്ധിച്ചു ഗവൎമ്മെൻറും പൊതുജനങ്ങളും ആണു് യഥാൎത്ഥത്തിൽ മത്സരകക്ഷികൾ. അങ്ങനെയിരിക്കുമ്പോൾ ഗവൎമ്മെൻറിനു വാദിയുടേയും ജഡ്ജിയുടേയും നില ഈ കാൎയ്യങ്ങളിൽ കിട്ടുകയാണെങ്കിൽ അതിൽനിന്നു് ഉണ്ടാകുന്ന മഹാദൂഷ്യങ്ങൾ പ്രത്യേകം ചൂണ്ടിക്കാണിക്കേണ്ടതില്ലല്ലോ. ഉത്തരവാദഭരണത്തിനുവേണ്ടി ശക്തിയായി വാദിക്കുന്ന പത്രത്തിൻെറ ലൈസൻസ് 1101-ലെ റഗുലേഷനിലെ ഗവൎമ്മെൻറിൽ അതൃപ്തി ജനിപ്പിക്കുന്ന വകുപ്പു പ്രയോഗിച്ചു് ഗവൎമ്മെൻറിനു റദ്ദുചെയ്യാം. രാഷ്ട്രീയസമത്വവും സാമുദായികസമത്വവും സാമ്പത്തികസമത്വവും സ്ഥാപിക്കണമെന്നും അധമന്മാർ ഉത്തമന്മാരിൽനിന്നും തൊഴിലാളികൾ മുതലാളിമാരിൽനിന്നും അനുഭവിക്കുന്ന സങ്കടങ്ങൾ മാററണമെന്നും ശക്തിയായി വാദിക്കുന്ന പത്രത്തെ 1101-ലെ റഗുലേഷനിലെ വൎഗ്ഗങ്ങൾ തമ്മിൽ വൈരം ജനിപ്പിക്കുന്നു എന്നുള്ള വകുപ്പു പ്രയോഗിച്ചു് ഗവൎമ്മെൻറിനു നിഹനിക്കാം. ഇതുകൊണ്ടു തൊഴിലാളിപ്രസ്ഥാനത്തേയും ഋണവിമോചനപ്രസ്ഥാനത്തേയും ക്ഷേത്രപ്രവേശനപ്രസ്ഥാനത്തേയും പൗരസമത്വപ്രസ്ഥാനത്തേയും ഗവൎമ്മെൻറിനു ദ്രോഹിക്കാം. ഉദ്യോഗസ്ഥദുഷ്പ്രഭുക്കളുടെ വിക്രിയകളെ വ്യക്തിപരമായി ചൂണ്ടിക്കാണിച്ചു പരിഹാരം നേടുവാനുള്ള പത്രങ്ങളുടെ ശ്രമങ്ങളെ അപകീൎത്തിവകുപ്പും അടിസ്ഥാനരഹിതമായ വാൎത്തകളുടെ പ്രസിദ്ധീകരണവകുപ്പുംകൊണ്ടു് ഗവൎമ്മെൻറിനു തടയാം. ഇപ്പോൾ ഇതാ പുതിയതും അതിശക്തിമത്തുമായ ഒരു ശൃംഖലകൂടി ജനതയെ ബന്ധിക്കാൻ ഗവൎമ്മെൻറു നിൎമ്മിച്ചിരിക്കുന്നു. പുതിയ റഗുലേഷൻമുഖേന

അവർ അശ്ലീലപ്രസിദ്ധീകരണവകുപ്പുംകൂടി കൂട്ടിച്ചേർത്തിരിക്കുന്നതുകൊണ്ടു് കലാസൃഷ്ടിനിർമ്മാണസ്വാതന്ത്ര്യവും, സകലതരം സ്വാതന്ത്ര്യങ്ങളിലും വച്ചു് ഏററവും വിലയേറിയ ചിന്താസ്വാതന്ത്ര്യവും, സന്താനനിയന്ത്രണം, രോഗികളുടേയും ദുർബ്ബലരുടേയും സന്താനോല്പാദനശക്തിയുടെ നശീകരണം, ഗുഹ്യരോഗനിവാരണം മുതലായ മനുഷ്യവംശോദ്ധാരണപദ്ധതികളുടെ പ്രചരണവും, ഹാസ്യം അഥവാ, വിനോദശരം മുഖേന ഗവർമ്മെൻറുദ്യോഗസ്ഥന്മാരെ നന്നാക്കുവാനുള്ള മാർഗ്ഗത്തേയും ഗവർമ്മെൻറു് ഇല്ലായ്മചെയ്തിരിക്കുന്നു. ഇന്നത്തെ കലാസൃഷ്ടികളിൽ അധികവും പത്രങ്ങൾമുഖേനയാണു് ആദ്യമായി സൂര്യപ്രകാശം കാണുന്നതു്. "ഒരാൾക്കു് അശ്ലീലമായി തോന്നുന്നതു് മറെറാരുവനു് അതിയായ പ്രതിഭാവിലാസത്തിൻെറ മന്ദഹാസമായി തോന്നിയേക്കും" എന്നും, "ലോകത്തിലെ ഉത്തമകാവ്യങ്ങളിലും, ഉത്തമചിത്രങ്ങളിലും ഉത്തമഗാനങ്ങളിലും ഉത്തമകഥകളിലുംവച്ചു് അർദ്ധഭാഗത്തിനും അവയുടെ മേന്മ ലഭിച്ചിരിക്കുന്നതു് അവയുടെ ലിംഗബന്ധപരമായ പ്രേരണയുടെ ലാവണ്യംനിമിത്തമാണു്" എന്നും സുപ്രസിദ്ധ ഇംഗ്ലീഷ്കാരനായ ഡി. എച്ച്. ലാറൻസ് തൻെറ 'Pornography and Obscenity' എന്ന ലേഖയിൽ പറഞ്ഞിട്ടുള്ളതു് ഇവിടെ സ്മരണീയമാണു്. ഫലിതത്തിലും ലിംഗബന്ധപരമായ ഒരു അംശമുണ്ടെന്നു് മി. ജി. കെ. ചെസ്റ്റർട്ടൺ മുതലായ ഗ്രന്ഥകാരന്മാർ ചൂണ്ടിക്കാണിച്ചിട്ടുണ്ടു്. അശ്ലീലകാര്യങ്ങളുടെ പ്രസിദ്ധീകരണം നിരോധിച്ചാൽ കലാ, ഫലിതം, ശാസ്ത്രീയമായ നരവംശോദ്ധാരണപ്രവർത്തനങ്ങൾ മുതലായ, പല അതിപ്രധാനമായ മാനുഷികപ്രവർത്തനപന്ഥാവുകളും ഇങ്ങനെ അടഞ്ഞുപോകുന്നതാണു്. അശ്ലീലമെന്ന പദത്തെ നിർവ്വചിക്കുവാൻ വളരെ പ്രയാസമാണു്. അതിനു് ഈ പുതിയ റഗുലേഷൻ ബുദ്ധിപൂർവ്വം ഉദ്യമിച്ചിട്ടുമില്ല. തന്നിമിത്തം ഗവർമ്മെൻറിനു ലഭിക്കുന്ന അധികാരം സീമാതീതമായിരിക്കുന്നതുമാണു്. സന്മാർഗ്ഗവിഷയത്തിൽ പരിഷ്കൃതലോകരിൽവച്ചു് അത്യധികം യാഥാസ്ഥിതികരായിട്ടുള്ള ഇംഗ്ലീഷുകാരുടെ ഇടയ്ക്കു് അശ്ലീലപ്രസിദ്ധീകരണനിരോധനനിയമം നടപ്പിൽ വരുത്തേണ്ട ചുമതല ഇംഗ്ലണ്ടിലെ ഹോം സെക്രട്ടറിക്കാണുള്ളതു്. ഈ ഹോം സെക്രട്ടറിമാരിൽ ഒരാളായ വൈക്കൗണ്ടു് ബ്രെന്റ്ഫോർഡ് താൻ ണയൻറീന്തു് സെഞ്ച്വറി എന്ന മാസികയിൽ എഴുതിയിരുന്ന ഒരു ലേഖനത്തിൽ സാന്മാർഗ്ഗികഗുണദോഷവിവേചനനിയമത്തിൻെറ ദൂഷ്യഫലങ്ങളെ ചുവടെ ചേർക്കുന്ന വാക്കുകളിൽ സമ്മതിച്ചിരിക്കുന്നു. അദ്ദേഹം ഇങ്ങനെ പറയുന്നു: "ഈ നിയമത്തെ അതിൻെറ യുക്തിപരമായ പര്യവസാനംവരെ കൊണ്ടുപോകുവാൻ ശ്രമിക്കുകയാണെങ്കിൽ, 'ഡെക്കാമിറോൺ,' ബെൻവെനുട്ടോ സെല്ലിനിയുടെ 'ജീവിതം' ബർട്ടൻെറ 'അറേബ്യൻ നൈറ്റ്സ്' എന്നീ ഗ്രന്ഥങ്ങളുടെ പ്രസിദ്ധീകരണത്തിനു് പ്രസാധകന്മാരുടെ പേരിൽ കേസെടുക്കാവുന്നതാണു്." ഈ സാന്മാർഗ്ഗികഗുണദോഷവിവേചനത്തെ (Censorship) ഇല്ലായ്മ ചെയ്യുവാൻ ഇംഗ്ലണ്ടിൽ ഭഗീരഥപ്രയത്നം തുടങ്ങിയിട്ടുമുണ്ടു്.

ഇങ്ങനെ ഇവിടത്തെ ജനതതിയുടെ സർവ്വതോമുഖമായ അഭിവൃദ്ധിയെ തടയുന്നതും തങ്ങളെത്തന്നെ ലോകരുടെ ഇടയ്ക്കു നാററിക്കുന്നതുമായ ഈ അക്രമപരമായ നിയമനിർമ്മാണത്തിനു് മർദ്ദനപരമായ മററു നടപടികളോടുകൂടി ഗവമ്മേൻറു ധൈര്യപ്പെട്ടതിനു കാരണം ഇവിടത്തെ ജനതയുടെ ഇടയ്ക്കുള്ള മല്ലുപിടിത്തവും ഭിന്നിപ്പുമാണെന്നു പ്രത്യക്ഷത്തിൽ കാണാവുന്നതാണു്. പൊതുവേയുള്ള ഈ അത്യാപത്തു കണ്ടിട്ടും ഈ ആഭ്യന്തരസമരം അവക്കു പറഞ്ഞൊതുക്കുവാൻ സാധിക്കുകയില്ലെന്നു വരുമോ? വർഗ്ഗീയകുത്തകകൾ ഉപേക്ഷിക്കുകയും പരസ്പരം വിട്ടുവീഴ്ചകൾ ചെയ്യുകയും ചെയ്താൽ ഇതു സാധിക്കാമെന്നു ഞങ്ങൾ വിചാരിക്കുന്നു. സാർവ്വത്രികമായ മർദ്ദനം നടക്കുന്ന ഇന്നത്തെപ്പോലെ ജനതതിയുടെ യോജിപ്പിനു പററിയ മുഹൂർത്തം മേലാൽ ഉണ്ടാകുവാൻ പ്രയാസമാണു്. ഈ അവസരം ഉപയോഗപ്പെടുത്താൻ അവർ തയ്യാറില്ലെങ്കിൽ അവരുടെ വിദ്യാഭ്യാസത്തിനുവേണ്ടി ചെലവാക്കിയ വൻതുക പാഴായ്ക്കളഞ്ഞു എന്നുവേണം വിചാരിക്കുവാൻ. അതിനു് അവർ സന്നദ്ധരല്ലെങ്കിൽ അവരും അവരുടെ സന്തതികളും എന്നും കേവലം മൃഗങ്ങളായി അടിമതചത്തിൽ കിടന്നു നരകിക്കുന്നതാണു്. അഭൂതപൂർവ്വമായ സാമ്പത്തികവൈഷമ്യം നിമിത്തവും ഗവമ്മേൻറിൻെറ മർദ്ദനനയം നിമിത്തവും പൊട്ടിത്തെറിക്കുവാൻ ഒരു തീപ്പൊരിമാത്രം വേണ്ടിയിരിക്കുന്ന ഒരു വെടിമരുന്നുകുമ്പാരംപോലെ ആയിരിക്കുന്നു തിരുവിതാംകൂറിൻെറ സ്ഥിതി. മനുഷ്യരുടെ ക്ഷമയ്ക്കു് ഒരു അതിരുണ്ടെന്നു് ഗവമ്മേൻറു് അറിഞ്ഞു പ്രവർത്തിച്ചാൽക്കൊള്ളാം. ഈ ആപൽമുഹൂർത്തത്തിൽ യഥാർത്ഥ രാജ്യതന്ത്രജ്ഞനായ ഒരാൾ (a statesman) ഇവിടത്തെ ഉദ്യോഗസ്ഥലോകത്തിലോ, അനുദ്യോഗസ്ഥലോകത്തിലോ ഇല്ലാതെപോയതു് വഞ്ചിരാജ്യത്തിൻെറ കടുത്ത നിർഭാഗ്യമെന്നേ പറയേണ്ടു. ഇവിടത്തെ ഉദ്യോഗസ്ഥലോകത്തിലും അനുദ്യോഗസ്ഥലോകത്തിലും സ്വാധീനശക്തിയുള്ളവർ വെറും രാഷ്ട്രീയപ്രവർത്തകർ (Politicians) മാത്രമാണു്. ഒരു രാജ്യതന്ത്രജ്ഞനും ഒരു രാഷ്ട്രീയപ്രവർത്തകനും തമ്മിൽ അജഗജാന്തരമുണ്ടു്. ഒരു പരിതസ്ഥിതിയുടെ സകലവശങ്ങളും കാണുന്നവനും താല്ക്കാലികഭാവത്തെ വിഗണിച്ചു് സ്ഥായിയായ ഭാവത്തെ അറിഞ്ഞു പ്രവർത്തിക്കുവാൻ കെല്പുള്ളവനുമാണു് ഒരു രാജ്യതന്ത്രജ്ഞൻ. നിർഭാഗ്യവശാൽ ഇവിടത്തെ മന്ത്രിപദവും ഉപദേഷ്ടാവുപദവും കരസ്ഥമാക്കിയിട്ടുള്ള ദേഹങ്ങൾ ഇന്ദ്രജാലംകൊണ്ടു് വാക്കുകളെ പ്രവൃത്തികളായി ഘനീകരിച്ചു തോന്നിപ്പിക്കുന്നവരും ഘനീകൃതങ്ങളായ പ്രവൃത്തികളെ വാക്കുകളായി ദ്രവിപ്പിക്കുന്നവരുമായ വെറും മൂന്നാംതരം രാഷ്ട്രീയപ്രവർത്തകർ മാത്രമാണു്. അനുദ്യോഗസ്ഥപ്രമാണികളുടേയും കഥ ഏറെക്കുറെ ഇതുതന്നെ. പൊട്ടാറായ ഈ അഗ്നിപർവ്വതത്തിൻെറ മുകളിൽനിന്നു് വഞ്ചിയെ മാററുവാൻ ഒരാൾ കാലവിളംബമെന്യേ ഇവിടെ ഉണ്ടാകുകയില്ലെന്നു വരുമോ?

കേസരി, 1935 ജൂൺ 12

## അനുബന്ധം

# പ്രബോധകൻെറ ലൈസൻസ് റദ്ദ്ചെയ്ത ഗവമ്മെൻറുത്തരവ്

[ബാലകൃഷ്ണപിള്ള 'സമദർശി' വിട്ടതിനുശേഷം 'കേസരി'പ്പത്രമാരംഭിക്കുന്നതിനുമുൻപ് 'പ്രബോധകൻ' എന്നൊരു വാരികവഴിയാണ് അദ്ദേഹത്തിന്റെ സ്വാതന്ത്ര്യപത്രപ്രവത്തനമാരംഭിച്ചത്. 1930 ജൂൺമാസം 4-ാം തീയതി ആരംഭിച്ച പ്രബോധകൻെറ ലൈസൻസ് മൂന്നുമാസം കഴിഞ്ഞു് സെപ്റ്റംബർ 10-ാം തീയതി ഗവമ്മെൻറ് ക്യാൻസൽ ചെയ്തു. അടുത്ത ആഴ്ച പതിവുപോലെയും കൃത്യസമയത്തിനും പ്രബോധകനു പകരം കേസരി എന്ന വാരിക അദ്ദേഹത്തിൻെറ പത്രാധിപത്യത്തിൽതന്നെ പുറത്തുവന്നു. പ്രബോധകൻെറ ലൈസൻസ് റദ്ദുചെയ്തതിനെപ്പററി ഗവമ്മെൻറുമായുള്ള കത്തിടപാടുകളാണ് താഴെ ചേക്കുന്നത്.]

നമ്പർ എ. എൽ. 1. 1101-ലെ 5-ാം റഗുലേഷനായ വത്തമാനപ്പത്രറഗുലേഷൻ അനുസരിച്ചു് അയയ്ക്കുന്ന നോട്ടീസ്.

എ. ബാലകൃഷ്ണപിള്ള, എസ്ക്വയാർ, ബി. എ., ബി. എൽ.,<br>
പ്രിൻറർ & പബ്ലിഷർ,<br>
'പ്രബോധകൻ'<br>
തിരുവനന്തപുരം

1101-ലെ 5-ാം റഗുലേഷനായ വത്തമാനപ്പത്രറഗുലേഷനിലെ 3-ാം വകുപ്പിലെ താല്പയ്യപ്രകാരം നിങ്ങൾ 25 രൂപാ ലൈസൻസ്ഫീസ് നൽകിയതനുസരിച്ചു് 1930 ഏപ്രിൽ 4-ാം തീയതി 233-ാം നമ്പറായി 'പ്രബോധകൻ' എന്ന പേരിൽ ഒരു പത്രം അച്ചടിച്ചു പ്രസിദ്ധപ്പെടുത്തുവാൻ നിങ്ങൾക്കനുവാദം നൽകിയതും, എന്നാൽ ടി. പത്രത്തിൽ പ്രസിദ്ധം ചെയ്തവയും 1 മുതൽ 5 വരെ അക്കങ്ങളായി ഇതിനു താഴെ ഉദ്ധരിച്ചിട്ടുള്ളവയുമായ ഭാഗങ്ങൾ പ്രസ്തുത 1101-ലെ 5-ാം റഗുലേഷനിലെ 5-ാം വകുപ്പ് 1 (എ) ഖണ്ഡികയിലും, ടി. പത്രത്തിൽ പ്രസിദ്ധം ചെയ്തവയും 6 മുതൽ 9 വരെ അക്കങ്ങളായി താഴെ ഉദ്ധരിച്ചിട്ടുള്ളവയുമായ ഭാഗങ്ങൾ പ്രസ്തുത 1101-ലെ 5-ാം റഗുലേഷനിലെ 5-ാം വകുപ്പ 3-ാം ഖണ്ഡികയിലും പറഞ്ഞിട്ടുള്ള മാതിരി പ്രസിദ്ധീകരണങ്ങളാണെന്നു ഗവമ്മെൻറിന് അറിവു കിട്ടുകയും വിശ്വാസം വരികയും ചെയ്തിട്ടുള്ളതിനാൽ പ്രസ്തുത 1101-ലെ 5-ാം വകുപ്പനുസരിച്ചു്

ടി. ലൈസൻസ് റദ്ദു ചെയ്യുകയും ലൈസൻസ് ഫീസായ 25 രൂപാ ഗവമ്മെൻറിലേക്കു കണ്ടുകെട്ടുകയും ചെയ്തിരിക്കുന്നതായി ഇതിനാൽ തെര്യപ്പെടുത്തിക്കൊള്ളുന്നു.

ഹജൂർക്കച്ചേരി
തിരുവനന്തപുരം
1930 സെപ്റ്റംബർ 10

(ഒപ്പ്)
കെ. ജോർജ്ജ്
ഗവമ്മെൻറ് ചീഫ്സിക്രട്ടറി

## Extract 1

### സ്വർഗ്ഗമൊ നരകമൊ?

രണ്ടു വൃദ്ധകൾ ഒരിടത്തിരുന്ന് 'ദി ലേഡി' എന്നു പേരുള്ള ചിത്രങ്ങളോടുകൂടിയ ഒരു പത്രം വായിച്ചുകൊണ്ടിരിക്കുന്നതായും അവരിൽ ഒരുത്തി "സാലിസ്ബറി പ്രഭ്വിയുടെ ഒരു ഫോട്ടോഗ്രാഫാണ് ഇതെന്നു വിചാരിക്കണം, പക്ഷെ, വാസ്തവത്തിൽ അവരോട് ഒരു സാദൃശ്യവും ഈ ചിത്രത്തിനില്ല" എന്നു പറയുന്നതായുമുള്ള ഒരു വിനോദചിത്രം സുപ്രസിദ്ധനായ ഫിൽമേ വരച്ചിട്ടുള്ളതു് റീജൻസിഭരണത്തെപ്പററി ചിന്തിക്കുമ്പോൾ ഞങ്ങളുടെ സ്മരണയിൽവരുന്നു. റീജൻസിഗവമ്മെൻറിൻെറ ലാളനത്തിനു പാത്രീഭവിച്ചിട്ടുള്ള വിദേശപത്രങ്ങൾ റീജൻസിഭരണകാലത്തു വഞ്ചിരാജ്യം സ്വർഗ്ഗസമമായിത്തീന്നിട്ടുണ്ടെന്നു കൊട്ടിഘോഷിക്കുന്നു. ഈ കാലത്തു മൃഗബലി നിറുത്തൽചെയ്തില്ലെ? വൈക്കത്തെ സത്യാഗ്രഹത്തിനു കാരണമാക്കിയ സഞ്ചാരസ്വാതന്ത്ര്യം സ്ഥാപിച്ചുകൊടുത്തില്ലെ? നെർക്കരം നിറുത്തിയില്ലെ? റോഡുകൾ ധാരാളമായി തീർത്തില്ലെ? നികുതി ക്രമാതീതമായി വർദ്ധിച്ചില്ലെ? ഒരു അഹിന്ദുവിനെ ദിവാൻജിയാക്കി അന്യമതക്കാരുടെ ഒരു പ്രാഥമിക പൗരാവകാശം സ്ഥാപിച്ചില്ലെ? അതിനാൽ തിരുവിതാംകൂർ റീജൻസിഭരണകാലത്തു് ദേവലോകമായിത്തീന്നു എന്നു പറയുന്നതിൽ അതിശയോക്തിയുണ്ടോ എന്നാണ് പുറമേയുള്ളവരുടെ ചോദ്യം. എന്നാൽ ചെരിപ്പ് ഇടുന്നവനെ അതു് എവിടെയാണു കടിക്കുന്നതു് എന്നു് അറിയാവൂ എന്നുള്ള പാശ്ചാത്യപഴഞ്ചൊല്ലനുസരിച്ച് വഞ്ചിരാജ്യത്തിൽ നിവസിക്കുന്നവക്കു മാത്രമെ റീജൻസിഭരണത്തിൻകീഴിൽ അതു നരകമായിത്തീന്നിട്ടുണ്ടെന്നു് ഉള്ള വസ്തുത ഗ്രഹിക്കുവാൻ കഴികയുള്ളു. റീജൻസി തുടങ്ങിയതു സഞ്ചാരസ്വാതന്ത്ര്യത്തിനായിട്ടുള്ള സഹനസമരം വൈക്കത്തു നടന്നുകൊണ്ടിരിക്കുമ്പോഴാണ്. ആ ഭരണം അവസാനിക്കാൻപോകുന്ന ഇന്നും ആ പ്രശ്നത്തിനു് യാതൊരു പരിഹാരവും ഗവർമ്മെൻറു ചെയ്തിട്ടില്ലെന്നു് ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്ന ശുചീന്ദ്രം സത്യാഗ്രഹം വിളിച്ചുപറയുന്നു. പൗരാവലിയുടെ ഒരു അതിപ്രധാന ജന്മാവകാശമായ അഭിപ്രായപ്രകടനസ്വാതന്ത്ര്യത്തിൻെറ കണ്ഠകോടാലിയായ വർത്തമാനപ്പത്രറഗുലേഷൻെറ നിമ്മാണവും റീജൻസിഭരണ

കാലത്താണു നടന്നതു്. അഭൂതപൂർവ്വമായ വിധത്തിൽ ദക്ഷിണതിരുവിതാംകൂറിൽ വിഷൂചിക എന്ന മഹാമാരി അനേകായിരം ജനങ്ങളെ കാലന്നൂർക്കു് അയച്ചതു പ്രജാവത്സലരായ റീജൻസിഭരണാധികാരികളുടെ പൊതുജനാരോഗ്യപാലനതൃഷ്ണയുടെ ആധിക്യംകൊണ്ടായിരിക്കാം. സംശയമില്ല. അജ്ഞാതപൂർവ്വമായ വിധത്തിൽ ഈ നാട്ടിലെ സാധാരണജനങ്ങൾ ഇവിടെ ഉണ്ടാകുന്ന കച്ചവടച്ചരക്കുകളുടെ വിലക്കുറവിനാൽ ഇന്നു പട്ടിണി കിടക്കുമ്പോൾ അതിന്റെ മൗലികകാരണം ആരാഞ്ഞു കണ്ടുപിടിച്ചു് അവരെ സംരക്ഷിക്കാതെ ശാസ്ത്രീയരീതിയില്ലുള്ള കൃഷിയുടെ പോഷണമാണു് ഇതിനു പരിഹാരമാർഗ്ഗമെന്നുള്ള സാമാന്യതത്വം മഹാമേരുപർവ്വതത്തിൽനിന്നു പ്രഖ്യാപനം ചെയ്തും ആ പാവങ്ങളുടെ നട്ടെല്ലു മുറിഞ്ഞുണ്ടാകുന്ന പണം ഖജനാവിൽ കെട്ടിവച്ചു പലേ സുഖസാധനങ്ങൾക്കുമായി കണ്ടമാനം വ്യയം ചെയ്തും സംതൃപ്തിയടയുന്ന നിഷ്ഠുരഹൃദയരായ റീജൻസിഭരണാധികാരികളെ ഹൃദയം ചുട്ടു ശപിക്കുകയല്ലാതെ പൊതുജനങ്ങൾ മറ്റൊന്നും ചെയ്യുകയില്ല. നിത്യഭരണകാര്യത്തിലുള്ള അലസതയും അമാന്തവും അഴിമതിയും രാജവല്ലഭരുടെ അജ്ഞാതപൂർവ്വമായ സർവ്വാധിപത്യം നിമിത്തം റീജൻസിഭരണകാലത്തിൽ അദൃഷ്ടപൂർവ്വമായി വർദ്ധിച്ചിരിക്കുന്നു എന്നുള്ള സാർവ്വത്രികമായ ആക്ഷേപത്തെ ഛർദ്ദിച്ച പൊതുജനങ്ങളെ അവരുടെ പ്രതിനിധികളെന്നു പറയപ്പെട്ടുവരുന്ന നിയമസഭാസാമാജികന്മാർ വഴിയായി ഇക്കഴിഞ്ഞ നിയമസഭായോഗത്തിൽവച്ചു് ഗ്രാമീണപഞ്ചായത്തുകോടതിറഗുലേഷൻഭേദഗതിബിൽമുഖേന തീററിച്ച നിന്ദ്യമായ ചാണക്യതന്ത്രത്തിനു് റീജൻസിഭരണാധികാരികളെ വാഴ്ത്തുകതന്നെ വേണം! ജനങ്ങളുടെ ആത്മാവിനെ റീജൻസിഗവമെൻറ് പത്രറഗുലേഷൻമൂലം ഇല്ലായ്മചെയ്തു. സഞ്ചാരസ്വാതന്ത്ര്യം തടഞ്ഞു് അവർ പൊതുജനങ്ങളുടെ ആത്മാഭിമാനം ഹനിച്ചു. കോശപോഷണാർത്ഥം തെങ്ങിൻചരക്കുകൾക്കും കുരുമുളകിനും നികുതി കൂട്ടി അവർ പൊതുജനങ്ങളെ പട്ടിണിയിട്ടു; മൃഗബലി നിറുത്തിയ റീജൻസിഭരണാധികാരികൾ പൊതുജനാരോഗ്യപാലനവിഷയത്തിലുള്ള തങ്ങളുടെ കുററകരമായ ഉദാസീനതനിമിത്തം പൊതുജനനരബലി കഴിക്കുകയും ചെയ്തു. ഇങ്ങനെയുള്ള ഒരു ഗവമെന്റിന്റെ ഭരണകാലത്തു് വഞ്ചിനാട്ടു് നരകതുല്യമായിത്തീർന്നിട്ടുണ്ടെന്നു പറയുന്നതിൽ തെല്ലും അതിശയോക്തിയില്ല. ഈ ഗവമെന്റിൻെറ അവസാനം കാണാറായല്ലൊ എന്നു മാത്രമെ സമാധാനം പൊതുജനങ്ങൾക്കു് ഇപ്പോഴുള്ളു.

The Prabodhakan,
4-6-1930/22-10-1105

This article offends Section 5 (i) (a)

* *

UNIVERSITY LIBRARY
27 NOV 1984
MADRAS

## Extract 2

The following passage in the article under:

അന്യായമായ വിധി

...അന്യായത്തിൽ നീരാട്ടുന്ന ഇന്നത്തെ ഗവമ്മെന്റിനു് അനുയോജ്യരായ ഉദ്യോഗസ്ഥന്മാർ ഉണ്ടെങ്കിൽ അവരെക്കാൾ അധികം ഗവർമ്മെൻറിനെയാണു് കുററം പറയേണ്ടതു്.

The Prabodhakan,
18-6-1930/4-11-1105

This offends Section 5 (i) (a)

* * *

## Extract 3

The following passage in the article under:

പഞ്ചസാരക്കമ്പനി

ജനങ്ങളെ ഞെക്കിപ്പിഴിഞ്ഞു പണം പിടിച്ചുപറിച്ചു കൊശം നിറച്ചു് തങ്ങൾ ഭരണസാമർത്ഥ്യത്തിൻെറ ഇരിപ്പിടമാണെന്നു് ലോകരെ തെററിദ്ധരിപ്പിക്കുന്നതിനു തയ്യാറുള്ള റീജൻസിഗവമ്മെന്റ് ആ പണം കണ്ടമാനം കളയാതെ സൂക്ഷിച്ചു വച്ചിരുന്നാൽ അവരുടെ അക്രമം അല്പം ക്ഷന്തവ്യമായിരുന്നേനെ.

The Prabodhakan,
2-7-1930/18-11-1105

This offends Section 5 (i) (a)

* * *

## Extract 4

The following sentence in the article under:

കണ്ടുകൃഷിക്കുടിയാന്മാരുടെ സങ്കടം

മിരട്ടുവിദ്യകൾ കാണിച്ചു് ലോകരുടെ കണ്ണിൽ മണ്ണിട്ടു കീർത്തി നേടുന്നതിനു് റീജൻസിഗവമ്മെൻറിനു് ഒരു പ്രത്യേകവാസനയുണ്ടു്.

The Prabodhakan,
23-7-1930/8-12-1105

This offends Section 5 (i) (a)

* * *

## Extract 5

The following sentence in the article under:

ഇരട്ടടോൾ

...കോടീശ്വരനായ മി. ഫോർഡിനു് അനായാസേന നല്ലവാൻ കഴിയുന്ന തുക കണ്ടു മയങ്ങി ടോൾസമ്പ്രദായം തങ്ങളുടെ കീർത്തിക്കുവേ

ണ്ടി പൊതുജനാവകാശങ്ങളും പൊതുജനസൗകര്യങ്ങളും ബലികഴിക്കു വാൻ സദാ സന്നദ്ധരായ ഇന്നത്തെ ഗവൺമെൻറ് ടോൾ കൂടുതൽ സ്ഥല ങ്ങളിൽ ഏർപ്പെടുത്തുവാനാണ് അധികം ഇട കാണുന്നതു്...

The Prabodhakan,
23-7-1930/8-12-1105

This offends Section 5 (i) (a)

*   *   *

## Extract 6

The following sentence in the article under:

### മർദ്ദനമെ മർദ്ദനം

സമാധാനപരമായി ഒതുങ്ങി നിന്നിരുന്ന ജനതതിയുടെ നേരെ ഈ ചാണ്ടരൻ നിറച്ച തോക്കെടുത്തു നീട്ടിയതു് ഇന്നത്തെ ഭരണത്തി ൻെറ ഒരു നല്ല ചിത്രീകരണമായി പരിഗണിക്കാവുന്നതാണ്.

The Prabodhakan,
25-6-1930/11-11-1105

This offends Section 5 (iii)

*   *   *

## Extract 7

The following sentence in the article under:

### ഇരട്ടടോൾ

കോടീശ്വരനായ മി. ഫോർഡിനു് അനായാസേന നൽകുവാൻ കഴിയുന്ന തുക കണ്ടു മയങ്ങി ടോൾസമ്പ്രദായം തങ്ങളുടെ കീർത്തിക്കുവേ ണ്ടി പൊതുജനാവകാശങ്ങളും പൊതുജനസൗകര്യങ്ങളും ബലികഴി ക്കാൻ സദാ സന്നദ്ധരായ ഇന്നത്തെ ഗവൺമെൻറ് ടോൾ കൂടുതൽ സ്ഥല ങ്ങളിൽ ഏർപ്പെടുത്തുവാനാണ് അധികം ഇട കാണുന്നതു്.

The Prabodhakan,
23-7-1930/8-12-1105

This offends Section 5 (iii)

*   *   *

## Extract 8

(ഒടുവിൽ കിട്ടിയ വാർത്തകൾ)

### റീജൻസിഭരണം

(രാഷ്ട്രീയലേഖകൻ, ബുധൻ 22)

റീജൻസിഭരണം നീട്ടിയോ ഇല്ലയോ എന്നുള്ള പ്രശ്നം ആണ് ഇന്നു തിരുവിതാംകൂറിൽ എവിടെയുമുള്ള പ്രധാന രാഷ്ട്രീയവാദം. സൂ ക്ഷ്മവും ഖണ്ഡിതവുമായ അറിവുകളെ ആസ്പദമാക്കി ലഭിച്ചിട്ടുള്ള വിവ രങ്ങളാണ് ഇപ്പോൾ കുറിക്കുന്നതു്. ഈ കാര്യം സംബന്ധിച്ചു് ഇൻഡ്യാ ഗവൺമെൻറും തിരുവിതാംകൂർ ഡർബാറും തമ്മിലുള്ള എഴുത്തുകുത്തു

കൾ ഇനിയും അവസാനിച്ചിട്ടില്ല. ഈ അടുത്തകാലത്തുണ്ടായിട്ടുള്ള ഇൻഡ്യാ ഗവമ്മെൻറിൻെറ ഒരു സാധനത്തിൽ ഇപ്രകാരം പറഞ്ഞിരിക്കുന്നു. തിരുവിതാംകൂറിലെ ജനങ്ങൾ പരിഷ്കാരത്തിൽ മുന്നണിയിൽ നിൽക്കുന്നവരും സംസ്കാരത്തിൽ പുരോഗമനം ചെയ്തുകൊണ്ടിരിക്കുന്നവരുമാകുന്നു. രാഷ്ട്രീയകാര്യബോധത്തിൽ അവക്ക് ഒരു ഉന്നതസ്ഥാനമാണുള്ളതു്. ഇങ്ങനെയുള്ള ഒരു രാജ്യത്തിലെ ഭരണകത്താവായി വരേണ്ട മഹാരാജാവു സകലവിധത്തിലും കാര്യബോധക്കൂടുതലുള്ള ഒരു ഭരണതന്ത്രജ്ഞനായിരിക്കേണ്ടതു് അത്യാവശ്യമാണു്. കൂടാതെ ജനങ്ങളുടെ ഇന്നത്തെ ഭരണലക്ഷ്യം പ്രജാപ്രഭുത്വമാണു്. ബ്രിട്ടീഷിൻഡ്യയിൽ അടിക്കടി ഉണ്ടായിക്കൊണ്ടിരിക്കുന്ന പ്രജാപ്രഭുത്വപരമായുള്ള ഭരണാദർശങ്ങളുടെ മാററൊലി നിശ്ചയമായും നാട്ടുരാജ്യങ്ങളിൽ കേൾക്കാതെയും തദനുസരണമായുള്ള പ്രവൃത്തികൾ അവിടങ്ങളിൽ തുടരാതെയുമിരിക്കയില്ല. അങ്ങനെയിരിക്കുന്ന സ്ഥിതിക്കു് തിരുവിതാംകൂറിനെപ്പോലെയുള്ള ഒരു രാജ്യത്തിലെ മഹാരാജാവു് സംസ്കാരചിത്തനും നയകോവിദനുമായ ഒരു രാജ്യതന്ത്രജ്ഞനല്ലാത്തപക്ഷം അവിടെ ഇരുകൂട്ടരും തമ്മിൽ ഇടച്ചിലിനു്—Collision—ഇടയായേക്കും. യൗവനദശയിലേക്കു പ്രവേശിച്ചിട്ടുള്ള ഇന്നത്തെ തിരുവിതാംകൂർമഹാരാജാവിനു് ഈ വക കാര്യങ്ങളെപ്പററി ആലോചിച്ചുനോക്കുമ്പോൾ വേണ്ട പക്വത—Maturity—ഉണ്ടോ എന്നാണു നോക്കാനുള്ളതു്. റീജൻസിഭരണം നടന്നുപോരുന്ന രാജ്യങ്ങളിൽ മൈനർഭരണാധികാരികളെ ഭരണം ഏല്പിക്കേണ്ടതു് അവക്കു് 21-ഓ, 25-ഓ വയസ്സു് ആയിട്ടുവേണം എന്നാണു് നരേന്ദ്രമണ്ഡലത്തിൻെറ അഭിപ്രായവും. എന്നാൽ 21-ം 25-ം മദ്ധ്യേ ഭരണമേല്പിക്കുന്നതു വൈസ്രോയിയുടെ യുക്തത്തിനും അവർ വിട്ടുകൊടുത്തിരിക്കുന്നു.

ഈ എഴുത്തുകുത്തുകളിൽനിന്നു സ്പഷ്ടമാകുന്നതു് റീജൻസിഭരണം നീട്ടുകയോ നീട്ടാതിരിക്കുകയോ ചെയ്തിട്ടില്ലെന്നാണല്ലോ. നീട്ടിയെന്നും നീട്ടിയില്ലെന്നും ഖണ്ഡിച്ചു് ആക്കും പറയുവാൻ പാടില്ല. ഇന്നത്തെ ഭരണം ഇങ്ങനെ തുടൻപോകും. അതു് എത്രകാലത്തേക്കാണെന്നു വൈസ്രോയിക്കല്ലാതെ ആക്കും നിശ്ചയിക്കാൻ തരമില്ല. അടുത്തകാലത്തു തന്നെ നിയമസഭ സംബന്ധമായും ചില പരിഷ്കാരങ്ങൾ ഉണ്ടായേക്കാനിടയുണ്ടെന്നുള്ള സൂചനകളും ഇൻഡ്യാഗവമ്മെൻറിൻെറ എഴുത്തുകുത്തുകളിൽനിന്നും ലഭിക്കാതിരിക്കുന്നില്ല. എക്സിക്യൂട്ടീവ്കൗൺസിൽ ഉണ്ടാകുന്നപക്ഷം ആ സമിതിയിലേക്കു നിയമസഭയിൽനിന്നും ഒരനുദ്യോഗസ്ഥാംഗത്തെ തിരഞ്ഞെടുക്കാൻ തക്കവണ്ണം നിയമസഭക്കു പ്രാപ്തിവന്നിട്ടുണ്ടോ എന്നുള്ളതിനെപ്പററിയും ഇൻഡ്യാഗവമ്മെൻറു് അന്വേഷിക്കാതിരിക്കുന്നില്ല.

The Prabodhakan,
6-8-1930/22-12-1105

This article offends Section 5 (iii)

* * *

## Extract 9

The following sentence in the article under:

രാജ്യദ്രോഹത്തിനപ്പുറമേ രാജദ്രോഹവും

റൗണ്ടുടേബിൾ കാൺഫ്രൻസിൽ തിരുവിതാംകൂറിനു പ്രത്യേകം പ്രാതിനിധ്യം അനുവദിക്കാമെന്നു വൈസ്രായി പറഞ്ഞുവെന്നും തിരുവിതാംകൂർ ദിവാൻജി അതു വേണ്ടെന്നുപറഞ്ഞുപേക്ഷിച്ചു എന്നും ഞങ്ങൾ അറിയുന്നു.

The Prabodhakan,
13-8-1930/29-12-1105

This offends Section 5 (iii)

## പ്രസാധകൻെറ അപേക്ഷ

പ്രബോധകൻപത്രത്തിൻെറ പ്രസാധകൻ തിരുവിതാംകൂർ ഗവൺമെൻറു ചീഫ്സെക്രട്ടറിക്കു താഴെ കാണുന്ന ഒരു കത്തയച്ചിരിക്കുന്നു.

സർ,

1101-ലെ അഞ്ചാം റഗുലേഷനായ തിരുവിതാംകൂർ വർത്തമാനപ്പത്രറഗുലേഷൻ അഞ്ചാം വകുപ്പനുസരിച്ച് പ്രബോധകൻപത്രത്തിന്റെ ലൈസൻസ് റദ്ദുചെയ്തിരിക്കുന്നതായി 1930 സെപ്റ്റംബർ 10-ാം തീയതിയിലെ എ. 1 എൽ. 1 എന്ന നമ്പരിൽ ഗവൺമെൻറിൽനിന്നും എനിക്കയച്ചിട്ടുള്ള നോട്ടീസ് സംബന്ധിച്ചു മേല്പറഞ്ഞ റഗുലേഷൻ 9-ാം വകുപ്പുപ്രകാരം ഞാൻ താഴെക്കാണുന്ന അപേക്ഷ ഗവൺമെൻറിലേക്കു സമർപ്പിച്ചുകൊള്ളുന്നു.

പ്രബോധകനിൽ പരസ്യം ചെയ്തിരുന്നതും മേല്പറഞ്ഞ നോട്ടീസിൽ 1 മുതൽ 5 വരെ അക്കങ്ങളായി ഉദ്ധരിച്ചിട്ടുള്ളതുമായ ഭാഗങ്ങളിൽ പ്രത്യക്ഷമായോ പരോക്ഷമായോ മഹാറാണി റീജൻറു തിരുമനസ്സിലേയോ തിരുവിതാംകൂർഗവൺമെൻറിന്റെയോ ബ്രിട്ടീഷ്ഗവൺമെന്റിൻെറയോ പേരിൽ ദ്രോഹമോ വെറുപ്പോ ഉളവാക്കത്തക്കവണ്ണമുള്ള യാതൊന്നുംതന്നെ വാസ്തവത്തിൽ അന്തർഭവിച്ചിട്ടില്ല. പൊതുജനനന്മക്കു ബാധകമാകുന്ന ഗവൺമെൻറിൻെറയും ഗവൺമെന്റുദ്യോഗസ്ഥന്മാരുടേയും ചില നയങ്ങളെപ്പററിയും പ്രവൃത്തികളെക്കുറിച്ചും, ന്യായവും ഉത്തമവിശ്വാസത്തോടുകൂടിയുള്ളതുമായ ചില നിരൂപണങ്ങൾ മാത്രമേ അവയിൽ അടങ്ങിയിട്ടുള്ളു. കൂടാതെ, ടി നോട്ടീസിൽ 6 മുതൽ 9 വരെ അക്കങ്ങളായി ഉദ്ധരിച്ചിട്ടുള്ള ഭാഗങ്ങളിൽ പതിവായി വ്യാജവൃത്താന്തങ്ങൾ പരത്തുന്നതു് ഒന്നുംതന്നെയില്ലാത്തതുകൊണ്ടു് അവ വർത്തമാനപ്പത്രറഗുലേഷൻെറ 5-ാം വകുപ്പു് മൂന്നാംവകുപ്പിൻെറ പരിധിയിൽ ഉൾപ്പെടുന്നതുമല്ല.

ആകയാൽ പ്രസ്തുത നോട്ടീസിനെപ്പറ്റി ഒന്നുകൂടി പര്യാലോചിച്ചു പ്രബോധകൻെറ ലൈസൻസു റദ്ദുചെയ്തിരിക്കുന്നതായുള്ള തീരുമാനത്തെ അസ്ഥിരപ്പെടുത്തുകയോ, അല്ലാത്തപക്ഷം പത്രറഗുലേഷൻ 9-ാം വകുപ്പിലെ വ്യവസ്ഥയനുസരിച്ചു് ഈ അപേക്ഷയെ ബഹുമാനപ്പെട്ട തിരുവിതാംകൂർ ഹൈക്കോടതിയുടെ തീരുമാനത്തിനു വിട്ടുകൊടുക്കുകയോ ചെയ്യണമെന്നു് അപേക്ഷിച്ചുകൊള്ളുന്നു.

തിരുവനന്തപുരം
26-1-106

എന്നു്
ഏ. ബാലകൃഷ്ണപിള്ള (ഒപ്പ്)

★

UNIVERSITY LIBRARY
27 NOV 1984
MADRAS

221880
032;3M88ω
K1

MUL
221880

20 JAN 1967